# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### 2018 ഫെബ്രുവരി 7, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ഫെബ്രുവരി 7, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

426/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 68

**II. അടിയന്തരപ്രമേയം**

ലൈഫ് പദ്ധതിയിലെ പാളിച്ചകൾ
(അവതരണാനുമതി നിഷേധിച്ചു) .. 422

**III ശ്രദ്ധ ക്ഷണിക്കൽ**

1. കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

- ശ്രീ. ബി. സത്യൻ .. 449

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

- ശ്രീ. അനിൽ അക്കര .. 452

**IV. സബ്മിഷൻ**

1. അക്ഷയ കേന്ദ്രങ്ങൾ

- ശ്രീ. കെ. ആൻസലൻ .. 456

2. വളർത്തുനായ്ക്കളുടെ കടിയേറ്റ് വീട്ടമ്മ മരിച്ച സംഭവം

- ശ്രീ. സി. കെ. ശശീന്ദ്രൻ .. 457

3. കയർ മേഖലയിലെ പ്രശ്നങ്ങൾ

- ശ്രീ. വി. ജോയി .. 458

4. ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

- ശ്രീ. കെ. സുരേഷ് കുറുപ്പ് .. 459

പേജ്

5. പട്ടയ വിതരണം

- ശ്രീ. എസ്. രാജേന്ദ്രൻ .. 461

6. കോതമംഗലത്തെ റീസർവ്വേ നടപടികൾ

- ശ്രീ. ആന്റണി ജോൺ .. 462

7. ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ

- ശ്രീ. കെ. ബാബു .. 463

8. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

- ശ്രീ. ജി. എസ്. ജയലാൽ .. 465

9. ബേപ്പൂർ തുറമുഖ വികസനം

- ശ്രീ. വി. കെ. സി. മമ്മത് കോയ .. 467

10. പുളിക്കൽ സബ് ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച്

- ശ്രീ. ടി. വി. ഇബ്രാഹിം .. 469

11. സിദ്ധ വിഭാഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

- ശ്രീ. എ. എൻ. ഷംസീർ .. 469

12. വെളിച്ചെണ്ണയിൽ മായം കലർത്തൽ

- ശ്രീ. പി. ടി. തോമസ് .. 471

13. മാലിന്യ സംസ്കരണ പ്ലാന്റ്

- ശ്രീ. ഡി. കെ. മുരളി .. 473

14. കാൻസർ രോഗികളുടെ വർദ്ധനവും അവരുടെ ആനുകൂല്യങ്ങളും

- ശ്രീ. കെ. ബി. ഗണേഷ് കുമാർ .. 476

15. അഴിക്കോട് -മുനമ്പം പാലം

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ .. 479

| | | | പേജ് |
|---|---|---|---|
| 16. | പുതിയ പാലം | | |
| | - ശ്രീ. കെ. എം. ഷാജി | .. | 481 |
| 17. | വടകര ജില്ലാ ആശുപത്രി നിർമ്മാണം | | |
| | - ശ്രീ. സി. കെ. നാണു | .. | 482 |
| 18. | പാലം നിർമ്മാണം | | |
| | - ശ്രീ. പി. കെ. ബഷീർ | .. | 483 |
| 19. | മേൽപ്പാലം നിർമ്മാണം | | |
| | - ശ്രീ. ഹൈബി ഈഡൻ | .. | 484 |
| 20. | കലോൽസവത്തിന് കൂടുതൽ തുക | | |
| | - ശ്രീമതി യു. പ്രതിഭ ഹരി | .. | 487 |
| 21. | സ്കൂളുകൾ ഹൈടെക് ആക്കുന്ന നടപടി | | |
| | -ശ്രീ. മോൻസ് ജോസഫ് | .. | 488 |
| 22. | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം | | |
| | - ശ്രീ. എം. സ്വരാജ് | .. | 491 |
| 23. | തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ | | |
| | - ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | .. | 492 |
| 24. | അജൈവ മാലിന്യങ്ങൾ കത്തിക്കൽ | | |
| | - അൻവർ സാദത്ത് | .. | 495 |
| 25. | അമിനിറ്റീസ് സെന്ററിന് കെട്ടിട നമ്പർ | | |
| | - ശ്രീ. സി. മമ്മൂട്ടി | .. | 496 |
| 26. | സി. ആർ. ഇസഡ്. പരിധിയിലെ വാസഗൃഹങ്ങളുടെ വസ്തു നികുതി | | |
| | - ശ്രീ. എ. എം. ആരിഫ് | .. | 497 |

*പേജ്*


**V. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള ലിസ്റ്റ് 1, 2 പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു .. 498

**VI. റിപ്പോർട്ട് സമർപ്പണം**

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു .. 501
2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു .. 502

**VII. ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന**

(1) ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2017-

- ശ്രീ. കെ. സി. ജോസഫ് .. 502

(2) ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കന്റ് അമന്റ്മെന്റ്) റൂൾസ്, 2017

- ശ്രീ. എം. ഉമ്മർ .. 508

(3) ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഫസ്റ്റ് അമന്റ്മെന്റ്) റൂൾസ്, 2017

- ശ്രീ. എം. ഉമ്മർ .. 509

**VIII. ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച .. 514

*പേജ്*

**IX. അവകാശലംഘന പ്രശ്നങ്ങൾ**

(1) അനുമതി നിഷേധിച്ചവ .. 577

(2) പരിഗണനയിലിരിക്കുന്നവ .. 579

**X. പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് .. 579
—മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**അനുബന്ധം**

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി' .. 582

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ഫെബ്രുവരി 7, ബുധൻ*

| വാല്യം 170] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|

നിയമസഭ 2018 ഫെബ്രുവരി മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *241

### ഓൺലൈൻ ബിരുദങ്ങൾക്ക് അംഗീകാരം

1(*241) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വിവിധ വിഷയങ്ങളിൽ ഓൺലൈൻ ബിരുദങ്ങൾക്ക് അംഗീകാരം നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തീരുമാനം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനം യൂണിവേഴ്സിറ്റികൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളെ സാരമായി ബാധിക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ തീരുമാനം വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിനും വിദ്യാഭ്യാസ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും മാത്രമേ സഹായകരമാകൂ എന്നതിനാൽ ഈ നിർദ്ദേശത്തെ സർക്കാർ എതിർക്കുമോ; വിശദാംശം നല്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. രാജ്യത്ത് ഓൺലൈൻ ബിരുദ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. (ഓൺലൈൻ എഡ്യൂക്കേഷൻ) റെഗുലേഷൻ 2017-ന്റെ കരട് രൂപം 19-7-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സാങ്കേതികവിദ്യയിൽ മാത്രം അധിഷ്ഠിതമായതും അദ്ധ്യാപകരെ മാറ്റിനിർത്തിക്കൊണ്ടുള്ളതുമായ പഠനപ്രക്രിയ വിദ്യാഭ്യാസത്തിന്റെ ഗുണത്തെ ബാധിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

(ഡി) കരട് റെഗുലേഷൻ സർക്കാർ പരിശോധിച്ചുവരികയാണ്. വിദ്യാഭ്യാസ വാണിജ്യവത്കരണം ലക്ഷ്യമിട്ടുള്ള ഏത് ശ്രമത്തേയും എതിർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, യു.ജി.സി. ഇത് സംബന്ധിച്ചുള്ള റെഗുലേഷന്റെ ഡ്രാഫ്റ്റ് മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പക്ഷെ ഇപ്പോൾ എല്ലാ വെബ്സൈറ്റുകളിലും യു.ജി.സി. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന Degree in one year, Fast Track Degree, Degree in one sitting തുടങ്ങിയ കോഴ്സുകൾ സംബന്ധിച്ച പരസ്യങ്ങൾ രാജ്യത്തെ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ വ്യാപകമായി പ്രചരിപ്പിക്കുകയാണ്. അവർ പറയുന്ന ഫീസ് അടച്ചാൽ ഒറ്റ സിറ്റിംഗിൽ ഡിഗ്രി ലഭിക്കുകയാണ്. മൂന്നുവർഷം പഠിക്കേണ്ട ഡിഗ്രി ഒറ്റ സിറ്റിംഗിൽ ഒരൊറ്റ പരീക്ഷകൊണ്ട് ലഭിക്കുന്ന ലെവലിലേയ്ക്ക് മാറുകയാണ്. ശ്രീലങ്കയിൽ അയ്യായിരം ഡോളർ നൽകിയാൽ ഡോക്ടറേറ്റ് ലഭിക്കും. നമ്മുടെ നാട്ടിൽ ധാരാളംപേർ അയ്യായിരം ഡോളറിന്റെ ഡോക്ടറേറ്റ് വാങ്ങിയിട്ടുണ്ട്. അതുപോലെ ഇന്ത്യയിലെ ഡിഗ്രി വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് പ്രേരകമാകുന്ന ഈ ഡ്രാഫ്റ്റ് റെഗുലേഷനെ ശക്തിയായി എതിർക്കാൻ കേരള സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ അതാണ് ഉത്തരത്തിൽ സൂചിപ്പിച്ചത്, കരട് റൂൾ സർക്കാർ പരിശോധിച്ചുവരികയാണ് എന്ന്. അതിൽ വിദ്യാഭ്യാസ കച്ചവടത്തിന്റെ എലമെന്റുണ്ടെന്ന് ആദ്യംതന്നെ മനസ്സിലാകും. വിദ്യാഭ്യാസ രംഗത്തെ ഏത് കച്ചവടവത്കരണത്തെയും ശക്തമായി എതിർക്കുക എന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രധാനപ്പെട്ട കടമയും ചുമതലയുമാണ്. അത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. കുറഞ്ഞ കാലാവധിക്കുള്ളിൽ ഡിഗ്രി എടുക്കുക അല്ലെങ്കിൽ മൗലികമായിട്ടുള്ള വിദ്യാഭ്യാസ സങ്കല്പങ്ങളെ മറികടന്നുകൊണ്ട് ഡിഗ്രി നൽകുക എന്നത് തീർച്ചയായും വിദ്യാഭ്യാസത്തിന്റെ ആധുനികവത്കരണത്തിനും പഠനമികവിന്റെ വളർച്ചയ്ക്കും കടകവിരുദ്ധമാണ്.

കേരളത്തിൽ അത്തരം കോഴ്സുകൾ വരുന്നതിനെ സംബന്ധിച്ച് വളരെ വിശദമായും വ്യാപകമായും ജനകീയമായും ചർച്ച ചെയ്യുകതന്നെ ചെയ്യും. അതിനുശേഷം ഈ കച്ചവടവത്കരണത്തെ തീർച്ചയായും എതിർക്കും.

ശ്രീ. വി. ഡി. സതീശൻ : സർ, 'അക്കാദമിക്' എന്ന വാക്കിന്റെ അർത്ഥത്തെ തന്നെ തകർക്കുന്ന രീതിയിലാണ് ഈ ഡ്രാഫ്റ്റ് റെഗുലേഷൻ വന്നിരിക്കുന്നത്. ഇത് വളരെ വിശദമായി വായിച്ചുനോക്കിയാൽ ഒരു വിദ്യാർത്ഥിയും കോളേജിലോ യൂണിവേഴ്സിറ്റിയിലോ പോയി പഠിക്കാൻ തയ്യാറാകില്ല. ഒരു ബുദ്ധിമുട്ടും കൂടാതെ പരീക്ഷയുടെ ടെൻഷനില്ലാതെ വളരെ എളുപ്പത്തിൽ പരീക്ഷ പാസ്സാകാവുന്ന സംവിധാനമാണ് ഇതിലുള്ളത്. അതേ അവസരത്തിൽ യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റികൾ കോഴ്സുകൾ നടത്തുന്നതിനെതിരായിട്ടുള്ള ഉത്തരവുകൾ നിരന്തരമായി ഇറക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ തകർച്ചയ്ക്ക് ഹേതുവാകുന്ന തരത്തിലുള്ള ഈ ഡ്രാഫ്റ്റ് റെഗുലേഷൻ ഉൾപ്പെടെയുള്ള യു.ജി.സി. നിർദ്ദേശങ്ങൾ പഠിക്കുന്നതിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കുകയും ഇതിലെ അപാകതകൾ കേന്ദ്രസർക്കാരിന്റെയും യു.ജി.സി.യുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ഇതിനോടുള്ള കേരളത്തിന്റെ എതിർപ്പ് ശക്തമായി പ്രകടിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുകയും വേണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യത്തിൽ ഒരു പ്രാഥമിക ചർച്ച നടത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാഥമിക നിഗമനത്തിലൂടെയുള്ള കാര്യങ്ങളാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ഒരു ക്ലാസ്സിനുള്ളിൽ സർഗ്ഗാത്മക സംവാദങ്ങളാണ് നടക്കേണ്ടത്. അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രകൃതിയും അതുപോലെയുള്ള സമൂഹത്തിന്റെ മറ്റ് ഘടകങ്ങളുമായുള്ള പരസ്പര ബന്ധവും അവ തമ്മിലുള്ള സംവാദാത്മകമായ ഇടപെടലിലൂടെയും മാത്രമേ ഒരു കുട്ടിയുടെ അറിവിനെ വിജ്ഞാനത്തിലേയ്ക്ക് വളർത്താൻ കഴിയുകയുള്ളൂ. കേവലം അറിവ് സമ്പാദിക്കുക മാത്രമല്ല വിദ്യാഭ്യാസം. ഓൺലൈൻ കോഴ്സുകളിലൂടെ ചില അറിവുകൾ നൽകിക്കൊണ്ട് പരീക്ഷണത്തിലൂടെ കുട്ടിക്ക് ഡിഗ്രി നൽകുന്നത് വളരെ സാമ്പ്രദായികമായ വിദ്യാഭ്യാസ രീതിയാണ്. ജനകീയ വിദ്യാഭ്യാസത്തിലൂടെ ക്ലാസ്സുകളിലെ സർഗ്ഗാത്മക സംവാദങ്ങളെ വർദ്ധിപ്പിച്ച് കുട്ടിയുടെ ശേഖരിക്കപ്പെടുന്ന അറിവിനെ വിജ്ഞാനത്തിന്റെ തലത്തിലേയ്ക്കുയർത്തുന്ന ഇടപെടലുകൾ നടത്തുക എന്നതാണ് കേരളത്തിലെ വിദ്യാഭ്യാസ സങ്കല്പം. ആ സങ്കല്പം വളർത്തിയെടുത്തുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വിദ്യാഭ്യാസക്കച്ചവടത്തെ എതിർക്കുവാനുള്ള ജനകീയ ആശയം വികസിപ്പിച്ചെടുക്കും. അതേ സമയം വർഗ്ഗീയവത്കരണത്തെയും കച്ചവടവത്കരണത്തെയും സർക്കാർ എതിർക്കുകയും ചെയ്യും.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ലോകത്തെമ്പാടുമുള്ള വിദ്യാഭ്യാസ പ്രക്രിയയ്ക്ക് മാറ്റമുണ്ടായിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത കോഴ്സുകളിൽനിന്നും വ്യത്യസ്തമായി കുട്ടികൾ കൂടുതൽ ഇന്നൊവേറ്റീവായ കോഴ്സുകൾ പഠിക്കാനാഗ്രഹിക്കുന്ന കാലഘട്ടമാണിത്. അതുകൊണ്ട് അത്തരം ഓപ്ഷൻസ് കുറവുള്ള നമ്മുടെ സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകളുമായി ടൈഅപ് ചെയ്തുകൊണ്ട് അവരുടെ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി ഇത്തരം അംഗീകൃത ഓൺലൈൻ കോഴ്സുകൾക്ക് ആരംഭംകുറിക്കണം. ഈ തട്ടിപ്പിന് വിധേയരാകാതെ കുട്ടികൾക്ക് കൂടുതൽ ഇന്നൊവേറ്റീവായ കോഴ്സുകൾ പഠിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും നമ്മുടെ സംസ്ഥാനത്തുതന്നെ ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇപ്പോൾ അത്തരത്തിലുള്ള ശ്രമമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നടത്തിവരുന്നത്. ലോകം മുഴുവനും ഇന്ന് വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെടുകയും വർഗ്ഗീയവത്കരിക്കപ്പെടുകയും ചെയ്യുകയാണ്. അതിന് എന്താണ് മറുപടിയെന്ന് ലോകം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണം കേരളത്തിൽ വന്നെത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിനുള്ള മറുപടി ജനകീയവും സർഗ്ഗാത്മകവുമായ വിദ്യാഭ്യാസവും വിദ്യാഭ്യാസത്തിന്റെ സർവ്വതലങ്ങളെയും ആധുനികവത്കരിക്കലുമാണ്. ഓൺലൈൻ കോഴ്സുകളിലൂടെയല്ല, മറിച്ച് ക്ലാസ്സുകളിലൂടെയുള്ള സംവാദത്തിലൂടെ കുട്ടി ചോദ്യം ചോദിക്കുന്ന അവസ്ഥയിലേയ്ക്ക് വളർന്നുവരണം. അതാണ് കുട്ടിയുടെ യഥാർത്ഥ വളർച്ച. ഓൺലൈൻ സമ്പ്രദായങ്ങളും മറ്റ് പലതരം വിദ്യാഭ്യാസ സമ്പ്രദായങ്ങളും വിദ്യാഭ്യാസത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. മൗലികമായി വിദ്യാഭ്യാസം എന്താണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കാൻ കേരളം ശ്രമിക്കുകയാണ്. അതുകൊണ്ട് എല്ലാവരും ചേർന്ന് കാലത്തിനനുസരിച്ചുള്ള പുതിയ കോഴ്സുകൾ ഡിസൈൻ ചെയ്ത്, അതിനെ പുഷ്കലമാക്കിക്കൊണ്ട്, ക്ലാസ്സുകളുടെ സംവാദാത്മകത വർദ്ധിപ്പിച്ചുകൊണ്ട് യഥാർത്ഥ വിദ്യാഭ്യാസം നടപ്പിലാക്കണം. അതിന് വിപുലമായതും ആഴത്തിലുമുള്ള ശ്രമമാണ് കേരളത്തിൽ നടക്കുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കേരളത്തിലെ സർവ്വകലാശാലകൾ ഓൺലൈനായി ബിരുദാനന്തരബിരുദ കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇല്ല എന്ന് സൂചിപ്പിച്ചല്ലോ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ഉയരത്തിലേയ്ക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. അതായത് പ്രാഥമികതലത്തിൽ അറിവുകൾ സമ്പാദിക്കുകയും ഉന്നത വിദ്യാഭ്യാസതലത്തിൽ അറിവിനെ ചിന്തയുടെ തലത്തിലേയ്ക്ക് എത്തിക്കുകയും അവിടെ നിന്ന് അതിനെ അന്വേഷണത്തിന്റെ

തലത്തിലേയ്ക്കും ഗവേഷണതലത്തിലേയ്ക്കും എത്തിക്കുകയും ചെയ്യുന്നതാണ് ഉന്നത വിദ്യാഭ്യാസം. അത്തരത്തിലുള്ള സ്വാഭാവികമായ പ്രക്രിയ നടക്കണമെങ്കിൽ ക്ലാസ്സിനകത്തും പുറത്തും സമൂഹവുമായി നിരവധി ഇന്ററാക്ഷൻസ് ആവശ്യമുണ്ട്. അങ്ങനെ മാത്രമേ അറിവിനെ ഗവേഷണത്തിന്റെ തലത്തിലേയ്ക്ക് എത്തിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കേരളത്തിൽ ഇന്ന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലോകത്തിന് മാതൃകയായി ഈ തലത്തിലുള്ള ഒരു പ്രക്രിയയാണ് ക്രമേണ നാം ഉണ്ടാക്കിക്കൊണ്ടുവരുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള കോഴ്സുകളല്ല, മറിച്ച് സ്വാഭാവികമായ, സമ്പ്രദായകരമായ കോഴ്സുകളുടെ ആധുനികവത്കരണത്തിലൂടെ ഈ തലത്തിലേയ്ക്ക് ഉന്നതവിദ്യാഭ്യാസം എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രശ്നങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾ പൊതുസമൂഹത്തിൽ ഗൗരവതരമായി നടക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ പരിധി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ, ഓഫ് കാമ്പസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ, അതുപോലെ പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതുതന്നെ നിയമസഭയിൽ ശ്രദ്ധ ക്ഷണിക്കലായി വന്നിട്ടുണ്ട്. പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അതത് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാർ ഇറക്കുന്ന ഉത്തരവുകൾ, സ്വാതന്ത്ര്യ യൂണിവേഴ്സിറ്റികൾ എന്നുപറഞ്ഞ് നമ്മൾ കോളേജുകൾക്ക് കൊടുത്ത അംഗീകാരങ്ങളുമായി ബന്ധപ്പെട്ടും അവർ നടത്തുന്ന കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം കൊടുക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള പ്രശ്നങ്ങളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു ഉന്നതതലയോഗം വിളിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വളരെ വിശദമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചത് തന്നെയാണ് വാസ്തവത്തിൽ ഇതിനുള്ള ഉത്തരം. ഓൺലൈൻ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷന്റെ പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസം എങ്ങനെ യഥാർത്ഥത്തിൽ പരിണമിക്കണമായിരുന്നോ ആ രീതിയിൽ പരിണമിച്ചില്ല എന്നുള്ളതാണ് അടിസ്ഥാന പ്രശ്നം. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസം പ്രാഥമിക തലത്തിൽ നിന്ന് ആധുനികതലത്തിലേയ്ക്ക് ഏത് രീതിയിൽ പരിണമിക്കണ മായിരുന്നുവോ ആ രീതിയിൽ പരിണമിപ്പിക്കുവാനുള്ള ശാസ്ത്രീയമായ സ്റ്റെപ്പുകൾ സാവധാനം എടുത്തേ മതിയാകൂ. ആ മാറ്റങ്ങൾ പലതും സംഭവിച്ചിട്ടുണ്ട്. ചില കുറവുകളും ചില പ്രശ്നങ്ങളും ചില അപകടങ്ങളുമുണ്ട്. ഇതെല്ലാം ജനകീയമായി പരിഹരിച്ച് ഒന്നാം ജനറേഷനിൽ നാം നേടിയ നേട്ടങ്ങളെ പരസ്പര പൂരകമായി

രണ്ടാം ജനറേഷനിലേയ്ക്ക് എത്തിക്കുക എന്ന യഥാർത്ഥ പ്രക്രിയയാണ് ഇവിടെ നടക്കേണ്ടത്. അതിന്റെ പഠനങ്ങൾ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടക്കുമ്പോൾ, അതിനിടയിൽ ഏത് തലത്തിലുമുള്ള ജനകീയ ചർച്ചകൾ നടത്താൻ വിദ്യാഭ്യാസ വകുപ്പും സർക്കാരും തയ്യാറാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഓൺലൈൻ ബിരുദങ്ങൾ പോലെ ചില യൂണിവേഴ്സിറ്റികളുടെ പേരുപറഞ്ഞ് പല വ്യാജന്മാരും ഗ്രാമീണ മേഖലയിൽ കറങ്ങുന്നുണ്ട്. അടുത്തകാലത്ത് നെടുമങ്ങാട് ടാറ്റാ യൂണിവേഴ്സിറ്റിയുടെ ഡിഗ്രിയുണ്ടെന്ന് പറഞ്ഞ് എന്റെ മണ്ഡലത്തിലെ കുറേ കുട്ടികൾ അവിടെ ചേർന്നു. അവസാനം മുപ്പതിനായിരം രൂപ കൊടുത്തത് പ്രശ്നമായപ്പോൾ ഞാനും ശ്രീ. സി. ദിവാകരനും ബന്ധപ്പെട്ടാണ് കാര്യങ്ങൾ ശരിയാക്കിയത്. ഗ്രാമീണ മേഖലയിലെ ഇതുപോലുള്ള വ്യാജന്മാരെ പിടിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് പ്രാഥമികതലം മുതൽ സർവ്വകലാശാലാതലം വരെ നടക്കുന്ന വ്യാജ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുക എന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും ലക്ഷ്യം. ഇത്തരത്തിൽ പലതുമുണ്ടെന്ന് നമുക്കറിയാം. സർവ്വകലാശാല ഏതെല്ലാം കോഴ്സുകൾ നടത്തുന്നു; അതിന്റെ കണ്ടന്റ് എന്താണ്; അതിന്റെ നൈസർഗ്ഗിക സ്വഭാവങ്ങൾ എന്തൊക്കെയാണ്; അതല്ലാതെയുള്ള കോഴ്സുകൾ ഏതൊക്കെയാണ് തുടങ്ങിയവ സംബന്ധിച്ച് കൃത്യമായി അറിവുകൾ ക്രോഡീകരിച്ച് സമൂഹത്തിന് നൽകാനുള്ള ശ്രമം കൂടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. അതുകൊണ്ട് നല്ല കോഴ്സ് ഏതാണ്; അല്ലാത്ത കോഴ്സ് ഏതാണ്; ഏത് കോഴ്സിലാണ് ചേരേണ്ടത്; ഏത് കോഴ്സിൽ ചേർന്നാലാണ് ഏത് തലത്തിൽ എത്താൻ കഴിയുന്നത്; ശാസ്ത്രജ്ഞന്മാരെ എങ്ങനെ ഡെവലപ് ചെയ്യാൻ കഴിയും തുടങ്ങി വളരെ മനോഹരവും സമഗ്രവുമായ ചിത്രം സമീപത്തുതന്നെ കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, യു.ജി.സി. ഇപ്പോൾതന്നെ MOOC (Massive Open Online Courses) സിസ്റ്റത്തിനകത്തുനിന്നുകൊണ്ട് ഏകദേശം 600-ൽ അധികം സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ കൂട്ടുന്നതിനുവേണ്ടി ക്വാണ്ടിറ്റേറ്റീവ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കുന്നത് നല്ലതാണ്. കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഇതുപോലെ ഓപ്പൺ യൂണിവേഴ്സിറ്റിക്കകത്തു നിന്നുകൊണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നു എന്ന് പത്രവാർത്തകൾ കണ്ടിരുന്നു. അങ്ങനെ

വരുമ്പോൾ കേരള യൂണിവേഴ്സിറ്റിക്കകത്തുള്ള ഫേസ് ടു ഫേസ് എഡ്യൂക്കേഷനെ ബാധിക്കുകയും നിലവിലുള്ള അദ്ധ്യാപകരെ പ്രയാസപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. അക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണ് അത്തരം പ്രയാസങ്ങൾ ദൂരീകരിക്കാനുള്ള പ്രവർത്തനം നടത്താൻ ആഗ്രഹിക്കുന്നത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്തരം സംവാദാത്മകമല്ലാത്ത ക്ലാസ്സുകളിലൂടെയല്ല കേരളത്തിന്റെ വിദ്യാഭ്യാസത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നതെന്ന് മൂന്നുനാല് തവണയായി പറയുന്നു. പ്രാഥമിക തലത്തിലുണ്ടായിരുന്ന പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്ന് ജനങ്ങൾക്ക് തോന്നിയതുകൊണ്ടും യഥാർത്ഥ വിദ്യാഭ്യാസം പ്രാഥമിക തലത്തിൽ കേരളത്തിൽ സംജാതമായി എന്ന് മനസ്സിലാക്കിയതുകൊണ്ടുമാണ് ഈ വർഷം 1,45,000 കുട്ടികൾ പുതിയതായി സ്വകാര്യ മേഖലയിൽ നിന്ന് പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വന്നിട്ടുള്ളത്. ഇത് ചെറിയ മാറ്റമല്ല. എന്തുകൊണ്ട് ഇപ്പോൾ വന്നു; ഇതിനുമുമ്പ് വന്നില്ല. ഇപ്പോൾ വന്നത് അവിടെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുവെന്ന് ബോദ്ധ്യപ്പെട്ടതു കൊണ്ടാണ്. അതുകൊണ്ട് പ്രാഥമിക തലത്തിലെ ആ ഇടപെടലിന് പരസ്പര പൂരകമായി ഉന്നത വിദ്യാഭ്യാസ മേഖലയിലും ഇതേ രീതിയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുമ്പോൾ അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള പരസ്പര ബന്ധം, സമൂഹവും പരിസ്ഥിതിയുമായുള്ള ബന്ധം, ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ ഗവേഷണ ചിന്തയിലേയ്ക്ക് നയിക്കത്തക്ക രീതിയിൽ വികസിപ്പിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. ആ ശ്രമം പൂർത്തിയാകുമ്പോൾ നേരത്തെ ഇവിടെ പറഞ്ഞതല്ലാത്ത കോഴ്സുകൾ സ്വാഭാവികമായും സമൂഹത്തിൽ നിന്ന് ഇല്ലാതാകും. ഏത് കോഴ്സ് ഇവിടെ വേണമോ ആ കോഴ്സ് നിലനിൽക്കുകയും അല്ലാത്ത കോഴ്സുകൾ സ്വാഭാവികമായും ജനങ്ങളുടെ മനസ്സിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യും.

മി. സ്പീക്കർ: ഓൺലൈൻ ബിരുദങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ശരിയാണ്. ആധുനിക കാലത്ത് ഓൺലൈൻ ഇന്ററാക്ഷനെ നിഷേധിക്കാൻ സാധിക്കുമോ? കേംബ്രിഡ്ജ് സർവ്വകലാശാലയിലെ പ്രൊഫസറുടെ പ്രഭാഷണങ്ങൾ ലോകത്ത് എല്ലാ കുട്ടികൾക്കും കേൾക്കാൻ സൗകര്യമുണ്ടാക്കുന്ന തരത്തിലേയ്ക്ക് ഡെവലപ് ചെയ്തുകൊണ്ടിരിക്കുകയാണ്. അത്തരം സാഹചര്യങ്ങളോട് നമുക്ക് തിരിഞ്ഞു നിൽക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ ഓൺലൈൻ കോഴ്സുകളെക്കുറിച്ചാണ് പറഞ്ഞത്. രവീന്ദ്രനാഥ ടാഗോർ അദ്ദേഹത്തിന്റെ

വീടിനെക്കുറിച്ച് പറഞ്ഞത്, എന്റെ വീടിന്റെ കിളിവാതിലുകൾ ലോക സംസ്കൃതിയിലേയ്ക്ക് തുറന്നിട്ടിരിക്കുകയാണെന്നും ആ തുറന്നിട്ട കിളിവാതിലിലൂടെ ലോകസംസ്കൃതിവന്ന് നിറയുന്ന ഇടമാണ് എന്റെ വീടെന്നുമാണ്. ക്ലാസ് മുറികൾ ഹൈടെക് സംവിധാനത്തിലൂടെ ലോകത്തിന്റെ അറിവിന്റെ സ്രോതസ്സിലേയ്ക്ക് തുറന്നിട്ടിരിക്കുകയാണ്. ആ കിളിവാതിലുകളിലൂടെ ലോകത്ത് എവിടെയുമുള്ള അറിവുകൾ വന്നുനിറയുന്ന ഇടമായി ക്ലാസ് മുറികൾ മാറുകയാണ്. സംവാദാത്മകത വർദ്ധിക്കുകയാണ്. അത്തരത്തിൽ ഓൺലൈൻ സംവിധാനത്തെ പോസിറ്റീവായി ഉപയോഗിക്കുന്നതാണ്. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയെ ആരും തള്ളിപ്പറയില്ല. സാങ്കേതികവിദ്യ വളരണം. പക്ഷെ, അത് എങ്ങനെ പ്രയോജനപ്പെടുത്തണം. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പഠനനിലവാരം ഉയരത്തക്കരീതിയിൽ അത് ഉപയോഗിക്കണം. ആൽബർട്ട് ഐൻസ്റ്റീൻ യുറേനിയത്തെ മുറിച്ച് (E= mc2) ഇലക്ട്രിസിറ്റി ഉണ്ടാക്കാനാണ് ഉപയോഗിക്കേണ്ടതെന്ന് പറഞ്ഞു. പക്ഷെ ബോംബ് നിർമ്മിക്കാൻ ഉപയോഗിച്ചതുപോലെ വലുതാകാം. സംവാദാത്മകമല്ലാത്ത വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥി സമൂഹത്തിന്റെ സ്പന്ദനങ്ങൾ അറിയാതെയാണ് സാങ്കേതികവിദ്യ വളരുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് പറഞ്ഞതും അങ്ങയുടെ ആശയങ്ങളുമെല്ലാം അഭിനന്ദനാർഹമാണ്. പക്ഷെ, നമ്മുടെ സമൂഹത്തിൽ നിരവധി തരത്തിലുള്ള അറിവുകളുണ്ട്. ഇതിൽ പലതും നമ്മെ നന്നാക്കാനുള്ള അറിവല്ല. നല്ല അറിവ് കുറവും മോശപ്പെട്ട അറിവ് കൂടുതലുമായി വരുമ്പോൾ നമ്മുടെ കുട്ടികൾക്ക് മനംകൊണ്ട് അരിച്ചെടുത്ത് തെറ്റും ശരിയും ഏതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉദ്ദേശിക്കുന്ന പുതിയ യൗവ്വനത്തെ സൃഷ്ടിക്കാൻ പ്രയാസമാകും. പഠിക്കുന്ന കുട്ടികൾക്കല്ല, പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് ഏറ്റവും കൂടുതൽ പരിശീലനം വേണ്ടിവരുന്നത്. പരിശീലനം നൽകുന്ന സംവിധാനങ്ങളെ മെച്ചപ്പെടുത്തുന്നതിൽ കൃത്യതയുണ്ടാക്കിയില്ലെങ്കിൽ ഇതെല്ലാം പരാജയപ്പെടും. അതിനനുസരിച്ചുള്ള നടപടിക്രമങ്ങൾ സൃഷ്ടിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ ശരിയാണ്. നിയമസഭ യഥാർത്ഥത്തിൽ ഓൺലൈൻ പഠനത്തിലേയ്ക്ക് കടന്നുവരുന്നു എന്നുള്ളതിൽ സന്തോഷമുണ്ട്. ടാഗോറിന്റെ വീട്ടിലേയ്ക്ക് സംസ്കൃതി കടന്നുവരുന്നതുപോലെ നമ്മുടെ ക്ലാസ്സിലേയ്ക്ക് ലോകത്തിന്റെ ഏതറിവും വരികയാണ്. ആ അറിവിനെ അരിച്ചെടുക്കുന്നത് പരസ്പരമുള്ള സംവാദങ്ങളിലൂടെയും ഇടപെടലുകളിലൂടെയുമാണ്. അല്ലാതെ ആ അറിവുകൾ കുട്ടികൾക്ക് നേരിട്ട് ലഭിച്ചാൽ എല്ലാ അറിവും ശരിയാണെന്നുള്ള തോന്നലുണ്ടാകാം. അറിവുകൾ എങ്ങനെ പ്രയോഗിക്കണമെന്ന്

പരസ്പര സംവാദത്തിലൂടെയും ചർച്ചകളിലൂടെയും കുട്ടിക്ക് മനസ്സിലാകണം. ആ സർഗ്ഗാത്മകത ക്ലാസ്സിനകത്തുനിന്നുണ്ടാകണം. അതാണ് യഥാർത്ഥ വിദ്യാഭ്യാസം. അതിന് അദ്ധ്യാപകരെക്കൂടി പരിശീലിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ഞാൻ അദ്ധ്യാപകനായിരുന്നു. ടീച്ചർ സെന്റേർഡ് എഡ്യുക്കേഷനിൽ വളർന്നതും പഠിപ്പിച്ചതുമായ അദ്ധ്യാപകനാണ്. ഇന്ന്, ചൈൽഡ് സെന്റേർഡ് എഡ്യുക്കേഷനിലേയ്ക്ക് മാറുമ്പോൾ, ഹൈടെക് സംവിധാനം വരുമ്പോൾ ഇത് എങ്ങനെ ഉപയോഗിക്കണമെന്ന് അദ്ധ്യാപകരെ മാത്രമല്ല കേരളത്തിലെ രക്ഷിതാക്കളെക്കൂടി പഠിപ്പിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടികൾ ആസൂത്രണം ചെയ്ത് തുടങ്ങിയിരിക്കുകയാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പി.എച്ച്.ഡി. ബിരുദം നേടിയ ആളാണ്. ശ്രീലങ്കൻ സർവ്വകലാശാലയിൽ രണ്ടരലക്ഷം രൂപ കൊടുത്താൽ ഡോക്ടറേറ്റ് കിട്ടുന്ന അവസ്ഥയുണ്ട്. അവിടെ മാത്രമല്ല, ലോകത്തെ പല സർവ്വകലാശാലകളിലും പണം കൊടുത്ത് പലയാളുകളും ഡോക്ടറേറ്റ് വാങ്ങുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് വ്യാജനാണോ ഒറിജിനലാണോ എന്ന് അറിയാൻ കഴിയില്ല. ഏത് സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബിരുദമാണെന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. സർഗ്ഗാത്മക ഗവേഷണം യഥാർത്ഥത്തിൽ സർവ്വകലാശാലയിൽ നടക്കുന്നില്ലെന്നുള്ളത് സത്യമാണ്. പ്രൊമോഷനും മറ്റ് കാര്യങ്ങളുമായി നടക്കുന്നതിനപ്പുറത്തേയ്ക്ക് വളരെ ഗൗരവമായി കേരളീയ സമൂഹവുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്. സാമൂഹ്യ - സാമ്പത്തിക ചുറ്റുപാടുകളോട് ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയുന്ന തരത്തിൽ നമ്മുടെ സർവ്വകലാശാലകളിലെ ഗവേഷണ സ്വഭാവത്തെ മാറ്റിയെടുക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നത്; ഗവൺമെന്റിന്റെ മുന്നിൽ അത്തരം ആശയങ്ങളുണ്ടോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും ഉണ്ട്. കേരള വിദ്യാഭ്യാസത്തെ ഒന്നാം ക്ലാസ് മുതൽ സർവ്വകലാശാലവരെ പരസ്പരപൂരകമായാണ് കണ്ടതെന്നുള്ളത് ഞാൻ നേരത്തെ പറഞ്ഞ ഉത്തരത്തിൽ നിന്ന് വ്യക്തമായിട്ടുണ്ടാകും. ഈ പ്രശ്നം പരിഹരിക്കാൻ പ്രധാനപ്പെട്ട വഴിയും അതുതന്നെയാണ്. ഇതൊന്നുമില്ലാതെ ഓൺലൈൻ കോഴ്സുകളിലൂടെ സമ്പാദിച്ച അറിവുവച്ച് പി.എച്ച്.ഡി. ഗവേഷണത്തിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഡോ. എൻ. ജയരാജ് സൂചിപ്പിച്ചത്. താഴെത്തട്ടിൽ നിന്നും സമാഹരിക്കുന്ന അറിവുകൾ ഗവേഷണതലത്തിലേയ്ക്ക് എത്തിക്കുമ്പോൾ ആ സാമൂഹിക പരസ്പരപൂരകത ഉണ്ടാകും. വിദ്യാഭ്യാസ വകുപ്പെടുത്തിരിക്കുന്ന പ്രധാനപ്പെട്ട പദ്ധതിയാണ് ശാസ്ത്രയാൻ. ഈ മാസം 15-ാം തീയതി കേരളത്തിലെ അറുപത് കോളേജുകളിൽ ശാസ്ത്രയാൻ പദ്ധതി നടപ്പാക്കാൻ പോവുകയാണ്. കൊച്ചിൻ സാങ്കേതിക സർവ്വകലാശാല നടത്തിക്കഴിഞ്ഞു.

എം.ജി. സർവ്വകലാശാലപോലെ മറ്റ് സർവ്വകലാശാലകളും നടത്താൻ പോവുകയാണ്. അതത് സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണം സമൂഹവുമായി പങ്കുവയ്ക്കുകയാണ്. സമൂഹത്തിലെ അക്കാഡമിഷൻസുമായി, വ്യവസായികളുമായി, കർഷകരുമായി, ജനങ്ങളുമായി ഓരോ റിസർച്ച് റിസൾട്ടുകളും പങ്കുവയ്ക്കാൻ പോവുകയാണ്. അങ്ങനെ പങ്കുവയ്ക്കുമ്പോൾ ഇതിൽ ഏതാണ് സമൂഹത്തിന് ഗുണപ്രദമെന്നും അല്ലാത്തതെന്നും ജനങ്ങൾക്ക് മനസ്സിലാകും. അത്തരത്തിലുള്ള ജനകീയ തെരഞ്ഞെടുപ്പ് ഗവേഷണതലത്തിൽക്കൂടി ഉണ്ടാകുമ്പോൾ കേരളത്തിലെ ഗവേഷണതലം നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ ഉയരത്തിൽ എത്തുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

പ്രൊഫ. കെ. യു. അരുണൻ: സർ, വിദ്യാഭ്യാസ രംഗത്തെ വാണിജ്യ വൽക്കരണത്തെക്കുറിച്ചൊക്കെ സൂചിപ്പിക്കുമ്പോഴും അതിനേക്കാൾ കൂടുതലായി നമ്മുടെ നാട്ടിൽ കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന വിദ്യാഭ്യാസത്തിന്റെ സിലബസ്സിലെ അല്ലെങ്കിൽ കരിക്കുലത്തിലെ കണ്ടന്റിനെ സംബന്ധിച്ച് വളരെ ഗൗരവതരമായ ഒരു ചർച്ച നടത്തേണ്ടതുണ്ട്. സംശുദ്ധമായൊരു വിദ്യാഭ്യാസ പദ്ധതിക്കുള്ള പ്രാഥമിക പഠനങ്ങൾ നാം ആർജ്ജിക്കേണ്ടതുണ്ട്. ഓരോ ദേശത്തിനും കാലത്തിനും യൂണിഫോമിറ്റി വേണം. യൂണിഫോമും യൂണിഫോമിറ്റിയും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾക്കെതിരാണ്. പക്ഷേ നമ്മെ സംബന്ധിച്ചിടത്തോളം നിത്യജീവിതവുമായി ബന്ധപ്പെടുത്തേണ്ടിവരുന്നത്, ഹാന്റ്ലൂം വീവേഴ്സിന് ജോലി കൊടുക്കാൻ, അവിടെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിൽക്കാൻ ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം കൊടുക്കേണ്ടിവരും. ഈ ഗതികേടുകളിൽനിന്ന് എങ്ങനെ മോചനം നേടാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് സജീവമായ ചർച്ച നടക്കണമെന്ന് വിനയപൂർവ്വം നിർദ്ദേശിക്കുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു നിർദ്ദേശമാണ്. അതെല്ലാം നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന വർഗ്ഗീയ വത്കരണത്തിന്റെയും കച്ചവടവത്കരണത്തിന്റെയും ചില ഘടകങ്ങളാണ്. അതിനെയെല്ലാം എതിർക്കാനും യഥാർത്ഥ വിദ്യാഭ്യാസത്തെ ഉയർത്തിപ്പിടിക്കാനുമുള്ള വഴി വിദ്യാഭ്യാസത്തെ ജനകീയമാക്കുക എന്നുള്ളതാണ്. ജനകീയ വിദ്യാഭ്യാസത്തിന്റെ തലത്തിലേയ്ക്ക് കരിക്കുലത്തെ മാറ്റാനുള്ള ശ്രമമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനം ആരംഭിച്ചിട്ട് ഒന്നേകാൽ വർഷമേ ആയിട്ടുള്ളൂ. ഈ ദിശയിൽ വളരെ ശാസ്ത്രീയമായി ആർക്കും മാതൃകയാക്കാവുന്ന രീതിയിൽ കേരളത്തിന്റെ വിദ്യാഭ്യാസം മാറിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *242 ഒഴിവാക്കിയിരിക്കുന്നു....... (*243)

## സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തൽ

2 (*243) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വകുപ്പിന്റെ നിയന്ത്രണത്തിൽ വിവിധ വിഭാഗങ്ങളിൽ ഓരോന്നിലുമുള്ള സ്ഥാപനങ്ങളുടെ എണ്ണം അറിയിക്കാമോ;

(ബി) പോളിടെക്നിക് കോളേജുകളെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിന്ന് മാറ്റുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ തൊഴിൽ പരിശീലന സ്ഥാപനങ്ങളാക്കി പരിണമിപ്പിക്കാനാണോ നൈപുണ്യ വികസന വകുപ്പിന് കീഴിലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും സംരംഭക പ്രോത്സാഹനത്തിനുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന് സഹായിക്കുന്ന തരത്തിൽ വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, സാങ്കേതികവിദ്യയിൽ ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് ലാബ്/വർക്ക് ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണം എന്നീ അവശ്യ പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു.

സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ അപ്പോൾത്തന്നെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് അറിയുവാൻ കഴിയുന്ന തരത്തിൽ കോഴ്സുകൾ ക്രമീകരിക്കുന്നു. അതിനാൽ ലോകത്തെവിടെയുമുള്ള സാങ്കേതിക മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ അവർക്ക് കഴിയുന്നു. കരിക്കുലം പരിഷ്കരണമുൾപ്പെടെ

അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കും വകുപ്പുതലത്തിൽ ശ്രദ്ധ നൽകുന്നുണ്ട്.

പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ/അന്തർദ്ദേശീയ സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക് കോളേജുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയാണുള്ളത്.

(ബി & സി) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) 1. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ലക്ഷ്യമിടുന്നു.

2. ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, സെന്റർ ഫോർ ബാംബൂ ടെക്നോളജി, റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നീ പ്രധാനപ്പെട്ട ഗവേഷണ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാം എന്നിവ നടത്തിവരുന്നു.

4. വിവിധ സ്ഥാപനങ്ങളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു.

5. ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നു.

6. സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നു.

7. എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ "പുനർജ്ജനി" പദ്ധതി നടപ്പാക്കിവരുന്നു.

8. പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

9. ദേശീയതലത്തിൽ നടപ്പാക്കിവരുന്ന NVEQF-ലേയ്ക്ക് സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സമന്വയിപ്പിക്കാനുള്ള നടപടികളും നടന്നുവരുന്നു.

10. സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

11. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ/അന്തർദ്ദേശീയ അംഗീകാരം നേടുക എന്ന ലക്ഷ്യം നേടുന്നതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡന്റ് സാറ്റലൈറ്റ് ' രൂപകല്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

12. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയതലത്തിൽ അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

13. എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

14. എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പോളിടെക്നിക്കുകളിൽ ആവശ്യമായ ലക്ചറർ തസ്തികകൾ 3 ഘട്ടങ്ങളിലായി സൃഷ്ടിക്കുന്നതിന് തീരുമാനമെടുക്കുകയും ഒന്നാംഘട്ടമായി 91 ലക്ചറർ തസ്തികകളും ഒരു ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയും Adjunct faculty-യായി 107 തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, അടുത്തിടെ പുറത്തിറങ്ങിയ NASSCOM (The National Association of Software and Services Companies), ASSOCHAM (The Associated Chambers of Commerce and

Industry of India) റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽനിന്ന് പഠിച്ചിറങ്ങുന്ന എഞ്ചിനീയറിംഗ് ബിരുദധാരികളിൽ 25 ശതമാനം മാത്രമാണ് തൊഴിൽ ലഭ്യതാ മികവുള്ളതായി കണ്ടെത്തിയിട്ടുള്ളത്. തൊഴിൽ വൈദഗ്ദ്ധ്യം, അറിവ്, ഇംഗ്ലീഷ് പ്രാവീണ്യം, ആശയവിനിമയം, പൊതുവിജ്ഞാനം എന്നിവയിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾ ഏറെ പുറകിലാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചിട്ടുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്താമാക്കാമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഈ കണക്കുകൾ പൂർണ്ണമായും ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ചില വിലയിരുത്തലുകൾ അങ്ങനെയാണ്. ഒരു സാറ്റലൈറ്റ് വിക്ഷേപിക്കത്തക്ക രീതിയിലുള്ള സാങ്കേതികജ്ഞാനം കേരളത്തിലെ വിദ്യാർത്ഥികൾക്കുണ്ട്. അതുകൊണ്ട് കേരളത്തിലെ എഞ്ചിനീയറിംഗ് രംഗത്ത് വളരെ പ്രഗത്ഭരായ എഞ്ചിനീയേഴ്സ് ഉണ്ടാകുന്നുണ്ടെന്ന വസ്തുത മറക്കരുത്. അതേസമയം എഞ്ചിനീയറിംഗ് രംഗത്ത് ഇനിയും പ്രാഗത്ഭ്യം വികസിപ്പിക്കേണ്ടതുണ്ടെന്നുള്ളത് ശരിയാണ്. അത്തരത്തിൽ പ്രാഗത്ഭ്യം വികസിപ്പിക്കണമെന്നുണ്ടെങ്കിൽ കേവലം ക്ലാസ്സുകളിൽ മാത്രം എഞ്ചിനീയറിംഗ് പഠിപ്പിച്ചാൽ പോരാ. സമൂഹത്തിലും ഇൻഡസ്ട്രിയിലും കൃഷിയിലുമെല്ലാം അത് എങ്ങനെ പ്രാവർത്തികമാക്കാമെന്നുള്ള social exposure ഉണ്ടാകണം. അത്തരത്തിലുള്ളവർക്കാണ് പഠനത്തിൽ മികവുണ്ടായിട്ടുള്ളത്. അത്തരത്തിൽ മികവുണ്ടാക്കാനുള്ള ശ്രമം കേരളത്തിൽ നടന്നുവരികയാണ്. ഏതായാലും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും മൂന്നോ നാലോ വർഷത്തിനുള്ളിൽ പുറത്തുവരുന്ന വിദ്യാർത്ഥികൾ തീർച്ചയായും കോമ്പീറ്റന്റായ എഞ്ചിനീയേഴ്സ് ആകുമെന്നുള്ളത് ഉറപ്പാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ലോകത്തെ സാങ്കേതികവിദ്യകളും അതിന്റെ സംവിധാനങ്ങളും ഓരോ വർഷവും നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ നിലവിലുള്ള പോളിടെക്നിക്കുകളിൽ കാലഹരണപ്പെട്ട ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നവീന കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, 2017-18-ൽ ചില പുതിയ സങ്കേതങ്ങൾ ആരംഭിക്കുന്നതിനും കേടുവന്ന പലതും റിപ്പയർചെയ്യുന്നതിനുമായി 12 കോടി 66 ലക്ഷം രൂപ 45 പോളിടെക്നിക്കുകൾക്കായി നൽകിയിട്ടുണ്ട്. ഇന്നലെ

ശ്രീ. എം. ഉമ്മർ ഉന്നയിച്ച ഒരു സബ്മിഷന് മറുപടിയായി മഞ്ചേരി പോളിടെക്നിക്കിൽ 1338 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പറഞ്ഞു. ഓരോന്നും വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ലബോറട്ടറി, ലൈബ്രറി ഇവയെല്ലാം അപ്ഡേറ്റ് ചെയ്യത്തക്ക രീതിയിലുള്ള സംവിധാനങ്ങളുണ്ടാക്കാനുള്ള സാമ്പത്തിക സഹായം സർക്കാർ കൊടുക്കുന്നു. ടെക്നിക്കൽ സംവിധാനം നേരത്തെ ഇവിടെ സൂചിപ്പിച്ചു. 'പുനർജനി' എന്ന പരിപാടി വ്യാപിപ്പിക്കാൻ സാധിക്കും. എഞ്ചിനീയറിംഗ് കോളേജുകളിലെ സാങ്കേതിക വിദഗ്ധരായ വിദ്യാർത്ഥികളെ ഉപയോഗിച്ചുകൊണ്ട് ഇപ്പോൾ ആശുപത്രികളിലൊക്കെ ചില യന്ത്രങ്ങൾ റിപ്പയർചെയ്യുന്നതുപോലെ പോളിടെക്നിക്കുകളിലും അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ അത് നേരെയാക്കാനുള്ള ശ്രമം നടത്തും. ഏതായാലും എല്ലാ പോളിടെക്നിക്കുകളും അപ്ഡേറ്റ് ചെയ്യും.

ശ്രീ. റ്റി. വി. രാജേഷ് : സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. കേരളത്തിൽ 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. അതിലൊന്നാണ് കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്. അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ ഈ കോളേജ് വളരെ മെച്ചപ്പെട്ടതാണ്. അവിടെ നല്ല അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആവശ്യത്തിന് അദ്ധ്യാപകരില്ലെന്നതാണ് പ്രധാന പ്രശ്നം. തിരുവനന്തപുരത്ത് ഒക്കെയുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപകരുടെ എണ്ണം കൂടുതലാണ്. അവരെ അവിടേയ്ക്ക് ട്രാൻസ്ഫർ ചെയ്താൽ ജോയിൻ ചെയ്യാതെ ലീവെടുത്ത് പോവുകയാണ്. ഇത് എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം അവതാളത്തിലാക്കുകയാണ്. ഈ കാര്യത്തിലുള്ള ഡിസ്പാരിറ്റി അവസാനിപ്പിക്കാൻ കർശനനിലപാട് സ്വീകരിക്കണം. എഞ്ചിനീയറിംഗ് കോളേജിൽ മാത്രമല്ല, ഒട്ടുമിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തെക്കൻ കേരളത്തിലെ ആളുകൾ വടക്കൻ കേരളത്തിൽ ജോലി ചെയ്യാൻ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ഗവൺമെന്റ് മാറിവരുമ്പോൾ രാഷ്ട്രീയസ്വാധീനവും മറ്റും ഉപയോഗിച്ച് അവർ ഇവിടെതന്നെ നിൽക്കാൻ ശ്രമിക്കുകയാണ്. ഇത് ശരിയല്ല; ഇക്കാര്യത്തിൽ കർശന നിലപാടുണ്ടാകണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതിനെ വളരെ കർശനമായിത്തന്നെ കാണും. തസ്തികകൾ സൃഷ്ടിക്കേണ്ട കോളേജുകളിൽ അതിനുള്ള ശ്രമം നടന്നുവരികയാണ്. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞ കാര്യം ഗൗരവമായി എടുക്കുന്നതാണ്.

ശ്രീ. ജോർജ് എം. തോമസ് : സർ, കേരളത്തിന്റെ ദീർഘകാലമായ ആവശ്യമാണ് ഐ.ഐ.ടി. അത് ലഭ്യമാക്കാൻ പുതിയ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കണം. അതുപോലെതന്നെയാണ് കോഴിക്കോട്ടുള്ള എൻ.ഐ.റ്റി., സി.ഇ.ഡി.റ്റി. എന്നിവയുടെ കാര്യം. അവിടെ ഇൻകുബേഷൻ സെന്ററുണ്ടെങ്കിലും അതുകൊണ്ട് നാട്ടുകാർക്ക് കാര്യമായ പ്രയോജനമൊന്നുമില്ല. എൻ.ഐ.റ്റി.യുടെ ഭരണം ജനാധിപത്യവൽക്കരിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രിക്ക് വ്യക്തിപരമായി ഇടപെടാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വ്യക്തിപരമായിട്ടല്ല, വകുപ്പ് എന്ന രീതിയിൽ എല്ലാ കോളേജുകളിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിന് നേരിട്ട് ഇടപെടാവുന്നതും കേന്ദ്രസർക്കാരിന്റെ ഇടപെടലുള്ള സ്ഥലങ്ങളിൽ ഇടപെടുന്നതും രണ്ടും വ്യത്യസ്തമാണ്. ആ രീതിയിൽ കേരളത്തിലെ എല്ലാ എഞ്ചിനീയറിംഗ് മേഖലയിലെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എങ്ങനെ ഇടപെടണമെന്നത് സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള ശ്രമം നടക്കുകയാണ്. സാങ്കേതിക രംഗത്ത് ഐ.ഐ.റ്റി. പോലുള്ള പുതിയ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. അതിനുവേണ്ടി ശ്രമം തുടരും.

ശ്രീ. പി. ഉണ്ണി : സർ, സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരം, പഠന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധിച്ച് വിലയിരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; സമയബന്ധിതമായി പരിശോധനകൾ നടത്താറുണ്ടോ; ഇക്കാര്യം വിശദമാക്കുക?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, മാനദണ്ഡമനുസരിച്ചുള്ള പരിശോധന നടത്താറുള്ളതിലെ ചില കുറവുകളെക്കുറിച്ച് പത്രങ്ങളിലൊക്കെ വായിച്ചിട്ടുള്ളതാണ്. അത്തരം പ്രശ്നങ്ങൾ, കെ.ടി.യു.-വിന്റെ പ്രശ്നങ്ങൾ ഇതെല്ലാം സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഉണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണ്. ആ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്ന് പഠിക്കുന്നതിനുവേണ്ടിയാണ് ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയമിച്ചതും റിപ്പോർട്ട് നൽകിയതും. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതിയ 5 പോളിടെക്നിക്കുകൾ സംസ്ഥാനത്ത് അനുവദിക്കാൻ തീരുമാനിച്ചു. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട്,

തിരൂരങ്ങാടി ഉൾപ്പെടെ അഞ്ചെണ്ണമായിരുന്നു. കേന്ദ്ര ടെക്നിക്കൽ മന്ത്രാലയം പരിശോധന നടത്തിയതാണ്. ആവശ്യാനുസരണമുള്ള എല്ലാ സൗകര്യങ്ങളുണ്ടായിട്ടും 5 പോളിടെക്നിക്കുകൾ ഇതുവരെ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. അതിന്റെ നിലവിലെ സ്ഥിതി എന്താണ്; സംസ്ഥാനത്ത് ചെയ്യേണ്ട എല്ലാ കാര്യങ്ങളും പൂർത്തിയായിട്ടുണ്ടെന്നുള്ളതാണ് എനിക്ക് ലഭിച്ച വിവരം. ആവശ്യത്തിനുള്ള സ്ഥലവും സൗകര്യവും കെട്ടിടവുമൊക്കെ നൽകിയതാണ്. അത് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ശ്രീ. മോൻസ് ജോസഫിന്റെ മണ്ഡലത്തിലും ഇതുപോലൊരു പ്രശ്നമുണ്ട്. പുതിയതായി ആരംഭിച്ച പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും നിരവധി പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളെല്ലാം സമഗ്രമായി പഠിച്ചതാണ്. ആരംഭിച്ച സ്ഥലങ്ങളിലുള്ള പ്രശ്നങ്ങളും ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങളും സംബന്ധിച്ച് കൃത്യമായ ഒരു വിലയിരുത്തൽപഠനം നടക്കുകയാണ്. അതിനുവേണ്ടി പോസിറ്റീവായ നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് കുറേയധികം ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. പോളിടെക്നിക്കിനും എഞ്ചിനീയറിംഗ് കോളേജിനും കൊടുക്കുന്ന പരിഗണനയോ ശ്രദ്ധയോ പലപ്പോഴും ആ സ്കൂളുകളുടെ വികസനത്തിന് കാലാകാലങ്ങളായി കൊടുക്കാറില്ല. ധാരാളം പരിമിതികൾക്കിടയിലും അവിടെ സീറ്റിന് നല്ല ഡിമാന്റാണ്. പ്രിൻസിപ്പലും എച്ച്.എം.-ഉം അല്ല, സൂപ്രണ്ടാണ് അതിന്റെ ഹെഡ്ഡ്. അങ്ങനെയുള്ള ധാരാളം വൈകല്യങ്ങളുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടക്കുന്നത് പോലെയുള്ള പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ സ്കൂളുകളിൽ നടക്കുന്നതായി കാണുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മറ്റ് സ്കൂളുകളെപ്പോലെതന്നെ ഇവയെയും മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എങ്ങനെയാണ് നടപ്പാക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. 12-ാം ക്ലാസ്സുവരെ, വൊക്കേഷണൽ ഹയർ സെക്കണ്ടറി അടങ്ങുന്ന ഒരു ഫോക്കസാണ് ആദ്യത്തെ ഒന്നരവർഷം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളത്. അതിലൂടെ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ നമുക്കെല്ലാമറിയാം. അതുകൊണ്ടുതന്നെ അത്തരം മാറ്റങ്ങൾ മറ്റെല്ലാ മേഖലയിലേയ്ക്കും കൊണ്ടുവരണമെന്നുതന്നെയാണ് സർക്കാരിന്റെ ആഗ്രഹം. അതിന്റെ ഭാഗമായി ടെക്നിക്കൽ ഹൈസ്കൂളിലും ഈ മാറ്റങ്ങൾ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, സംസ്ഥാനത്ത് ഇനി പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങേണ്ടതില്ലെന്നും സംസ്ഥാന സർക്കാർ എ.ഐ.സി.റ്റി.ഇ.-ക്ക് റിപ്പോർട്ട് നൽകിയെന്നുള്ള പത്രവാർത്തയുണ്ടായിരുന്നു. ഇന്നലത്തെ മാധ്യമത്തിന്റെ ഫ്രണ്ട് പേജിൽ 'എഞ്ചിനീയറിംഗ് കോളേജുകൾ ഇനി വേണ്ടെന്ന് കേരളം' എന്നുള്ള വാർത്തയുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു റിപ്പോർട്ട് എ.ഐ.സി.റ്റി.ഇ.-ക്ക് ഗവൺമെന്റ് നൽകിയെന്നാണ് പറയുന്നത്. ഇങ്ങനെയൊരു റിപ്പോർട്ട് നൽകുവാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിൽ കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി ഇരുപതിനായിരത്തിലധികം എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഓരോവർഷം കഴിയുമ്പോഴും അടുത്തവർഷം അത് നികത്തപ്പെടുമെന്നുള്ള ധാരണയുണ്ടായിരുന്നു. തുടർച്ചയായി എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന അവസ്ഥയും, ഇനിയും എഞ്ചിനീയറിംഗ് കോളേജുകൾ കേരളത്തിൽ വരികയും ചെയ്താൽ എഞ്ചിനീയറിംഗ് രംഗമാകെ താറുമാറാകും. അതുകൊണ്ടുതന്നെയാണ് വളരെ ബോധപൂർവ്വം കേരളത്തിലെ എഞ്ചിനീയറിംഗ് രംഗം മെച്ചപ്പെടുത്തുന്നതിനായി തൽക്കാലം കേരളത്തിൽ സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് വേണ്ടെന്നുള്ള നിലപാട് സർക്കാർ സ്വീകരിച്ചത്.

ശ്രീ. കെ. ബാബു : സർ, സാങ്കേതിക കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ പിന്നീട് അവർക്ക് താൽപ്പര്യമുള്ള കോഴ്സിന് നിലവാരമുള്ള കോളേജുകളിൽ ചേരണമെങ്കിൽ ആദ്യം ചേർന്ന കോളേജിൽ നിന്ന് അവരുടെ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതുണ്ട്. എന്നാൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ ഫീസെങ്കിലും അടയ്ക്കണമെന്നാണ്. ഈ കൊള്ള അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് അവസാനിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അത് അവസാനിപ്പിച്ച് ഓർഡർ ഇറക്കി കഴിഞ്ഞു. ഈ വർഷം മുതൽ കേരളത്തിൽ ലിക്വിഡേറ്റഡ് ഡാമേജസില്ല. മുൻകാലങ്ങളിൽ അങ്ങനെയൊരു അവകാശം സ്വാശ്രയ കോളേജുകൾക്ക് നൽകിയിരുന്നു. മറ്റ് കോളേജുകളും അത് നടപ്പാക്കിയിരുന്നു. ഒരു കോളേജിൽ നിന്നും വിട്ടുപോകണമെങ്കിൽ അടയ്ക്കേണ്ട മൊത്തം തുകയും അടച്ചാലേ ടി.സി. കൊടുക്കൂ എന്നതാണ് മുമ്പത്തെ നിലപാട്. ഒരു കുട്ടി ഏത് കോളേജിൽ ചേർന്നാലും പഠനം നിർത്തുകയോ അല്ലെങ്കിൽ മറ്റ് കോളേജുകളിലേയ്ക്ക് മാറിപ്പോകേണ്ട സാഹചര്യമുണ്ടാവുകയോ ചെയ്താൽ ബാക്കിത്തുക അടയ്ക്കേണ്ടതില്ല എന്ന നിലപാടെടുത്തുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു.

## മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം

3 (*244) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ മുന്നേറ്റം ലക്ഷ്യമാക്കിക്കൊണ്ടുള്ള മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) കടൽ മത്സ്യസമ്പത്തിന്റെ ശോഷണം തടയാനായി നടത്തുന്ന ഇടപെടൽ എന്തെല്ലാമാണ്; ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളുടേയും പങ്കാളിത്തത്തോടെ വിഭവ മാനേജ്മെന്റ് നയം രൂപീകരിക്കാൻ പദ്ധതിയുണ്ടോ എന്ന് വിശദമാക്കാമോ;

(സി) മത്സ്യ മാർക്കറ്റ് ആധുനികവത്കരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ മത്സ്യസമ്പത്തിനെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കടൽ, കായൽ മത്സ്യവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും അവിടങ്ങളിലേയ്ക്കുള്ള പ്രവേശനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും അവരുടെ പരമ്പരാഗതമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമം ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മൺസൂൺകാല ട്രോളിംഗ് നിരോധനം, വലകളുടെ കണ്ണിവലിപ്പ നിയന്ത്രണം, ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കൽ, യാനങ്ങളുടെ കുതിരശക്തി പരിമിതപ്പെടുത്തൽ, കടൽ പട്രോളിംഗ് ശക്തിപ്പെടുത്തൽ എന്നിങ്ങനെ വിവിധ ഇടപെടലുകൾ കടൽ മത്സ്യബന്ധനത്തിന്റെ ശോഷണം തടയുന്നതിന് നടത്തിവരുന്നു.

മത്സ്യമേഖലാ വിഭവ മാനേജ്മെന്റ് കൗൺസിലിൽ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി പ്രാദേശികതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കാൻ KMFR Act ഭേദഗതി ചെയ്തിട്ടുണ്ട്. നിയമ ഭേദഗതികൾ കണക്കിലെടുത്ത് ആവശ്യമായ ചട്ടഭേദഗതി നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) മത്സ്യമാർക്കറ്റുകളുടെ ആധുനികവത്കരണത്തിനായി ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കിവരുന്നു. 34 ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും സഹായകമായ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് നടപ്പാക്കുന്നതാണ്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ് എന്നിവയുടെ നേതൃത്വത്തിൽ മത്സ്യത്തെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനവും നടത്തിവരുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u> : സർ, കടലിന്റെ മക്കളോടൊപ്പമാണ് ഈ സർക്കാർ എന്ന് തെളിയിച്ചുകൊണ്ട് അവരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും സർക്കാരും നടത്തിവരുന്നത്. ഇവിടെ ലഭ്യമായിട്ടുള്ള ഉത്തരം സമഗ്രമാണ്. മത്സ്യബന്ധന കേന്ദ്രങ്ങളിലെ, ഫിഷിംഗ് ഹാർബറുകളിലെ കൊടിയ ഇടത്തട്ട് ചൂഷണം ഒഴിവാക്കി മത്സ്യത്തൊഴിലാളികളുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ഹാർബറുകളുടെ നടത്തിപ്പും നിയന്ത്രണവും ഏല്പിച്ച് അതുവഴി തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങൾക്ക് ന്യായവില ലഭിക്കാനും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മത്സ്യം ലഭ്യമാക്കാനും സഹായകരമായ നടപടി സ്വീകരിക്കുമോ; മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും കുടുംബശ്രീ വഴിയും ഇവ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വില്പന നടത്താനുതകുന്ന പ്രോൽസാഹനജനകമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, എല്ലാ ഹാർബറുകളിലും മാനേജിംഗ് കമ്മിറ്റി ഉണ്ടാക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കേരളത്തിലുള്ള 24 ഹാർബറുകളിൽ മൂന്നോ നാലോ ഹാർബറുകൾ മാത്രമാണ് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. മുനമ്പം ഹാർബറിൽ മാത്രമാണ് മാനേജിംഗ് സൊസൈറ്റിയുള്ളത്. അവിടെയും നിയമവിരുദ്ധമായ ചില സംഗതികളുണ്ടെന്ന് പത്രങ്ങളിൽ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ഹാർബറുകളിലും

മാനേജിംഗ് കമ്മിറ്റി വരണമെങ്കിൽ ഹാർബറിന്റെ പണി പൂർത്തീകരിക്കണം. നിർഭാഗ്യവശാൽ ഹാർബറുകളുടെ നിർമ്മാണം സ്ഥാപിത താല്പര്യക്കാർ ഇടപെട്ട് പലതരം തർക്കങ്ങൾ ഉന്നയിച്ച് പൂർത്തിയാക്കാൻ സമ്മതിക്കാതെ തടസ്സം സൃഷ്ടിക്കുന്ന വളരെ ആസൂത്രിതമായ നിലപാടാണ് കേരളത്തിൽ നടക്കുന്നത്. അക്കാര്യത്തിൽ ശക്തമായി ഇടപെടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങനെ മാത്രമേ ഈ രംഗത്ത് ഹാർബർ ബേസ്ഡായി മാനേജിംഗ് സൊസൈറ്റി വരികയുള്ളൂ. മത്സ്യഫെഡ്ഡാണ് സഹകരണ സംഘങ്ങളെ കൺട്രോൾ ചെയ്യുന്നത്. തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി ആനുകൂല്യം നല്കാനും അവരെ നേരിട്ട് ലേലത്തിൽ പങ്കാളികളാക്കാനുമാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതും അത്ര വേഗത്തിൽ ചെയ്യാൻ സാധിക്കുകയില്ല. ശക്തമായ എതിർപ്പുകൾ അതിജീവിച്ച് മാത്രമേ സഹകരണ സംഘങ്ങൾ വഴിയുള്ള ലേലം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. മത്സ്യഫെഡ് തന്നെ ബൈ പ്രോഡക്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. കുടുംബശ്രീ യൂണിറ്റുകൾക്ക് തത്തുല്യമാണ് 'സാഫ്'. അതുകൊണ്ട് 'സാഫ്' യൂണിറ്റുകൾ വഴി ഇത് കൃത്യമായി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u> : സർ, ഉൾനാടൻ മത്സ്യസമ്പത്തിന്റെ കുറവിന് കാരണമാകുന്ന വിധത്തിൽ അനിയന്ത്രിതമായി പുഴമണൽ ചൂഷണം നടക്കുകയാണ്. മൺസൂൺകാല ട്രോളിംഗ് നിരോധനംപോലെ മത്സ്യങ്ങളുടെ പ്രജനനകാലത്ത് മണലൂറ്റുകാരെ നിയന്ത്രിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, ഇപ്പോൾ കായലുകളിൽ നിന്നും മണൽവാരുന്നത് നിരോധിച്ചിരിക്കുകയാണ്. കായലുകളിലാണ് മത്സ്യ പ്രജനനത്തിന് തടസ്സമാകുന്ന മണൽവാരൽ നടന്നിരുന്നത്. ഇപ്പോൾ പുഴകളിൽ നിന്നാണ് മണൽവാരുന്നത്. പുഴകളിലല്ല മത്സ്യത്തിന്റെ പ്രജനനം നടക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിതമായി നടക്കേണ്ടതുണ്ട്. അക്കാര്യങ്ങളെല്ലാം കൺട്രോൾ ചെയ്ത് പോകുകയെന്നതാണ് പ്രശ്നം. മത്സ്യത്തൊഴിലാളികൾക്കും ജീവിക്കണം, നിർമ്മാണ പ്രവർത്തനവും നടക്കണം. പാരിസ്ഥിതിക സംരക്ഷണത്തിന്റെ അടിത്തറയിൽ കാര്യങ്ങൾ നടക്കാനുള്ള അവെയർനെസ്സാണ് വേണ്ടത്.

<u>ശ്രീ. കെ. ആൻസലൻ</u> : സർ, മത്സ്യത്തൊഴിലാളികളുടെ ജീവിതം അപകടകരമാണ്. 'ഓഖി' കൊടുങ്കാറ്റിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. പല ഘട്ടങ്ങളിലും മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നു. പലപ്പോഴും അത് വാർത്തയാകാതെ ഒറ്റപ്പെട്ട സംഭവമായി അവസാനിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സാങ്കേതിക

സഹായങ്ങളും മത്സ്യബന്ധത്തിനുപയോഗിക്കുന്ന പഴയ രൂപത്തിലുള്ള യാനങ്ങളും ഒഴിവാക്കിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട തൊഴിലിലേയ്ക്ക് അവരെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, ഓഖിയുടെ പശ്ചാത്തലത്തിൽ കൂടുതൽ സൗകര്യപ്രദവും ആധുനികവുമായ മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്നതിന് തൊഴിലാളികളെ സഹായിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. രണ്ട് ദിവസം മുമ്പ് തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരിതബാധിതരായ തൊഴിലാളികളുടെ യോഗം ചേർന്നിരുന്നു. കരയിലുള്ളവരുടേതാണ് മത്സ്യബന്ധന ഉപകരണം എന്നതാണ് അവിടെ കണ്ടത്. തൊഴിലാളികൾ കൂലിക്കാണ് കടലിൽ പോകുന്നത്. തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണം നഷ്ടപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് വള്ളം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ശക്തമായ എതിർപ്പുണ്ടായി. എന്തുകൊണ്ട് ഇങ്ങനെ എതിർക്കുന്നുവെന്ന് അന്വേഷിച്ചപ്പോഴാണ് വള്ളം നഷ്ടപ്പെട്ട 43 ആളുകളും കടലിൽ പോകാത്ത വരാണെന്നും അവർ മത്സ്യത്തൊഴിലാളികളുടെ പട്ടികയിലാണ് പേര് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും മനസ്സിലായത്. അവർ കടലിൽ ഇറങ്ങുകയോ മത്സ്യം പിടിക്കുകയോ ചെയ്യുന്നില്ല. 'വള്ളം ഞങ്ങളുടേതാണ്, ഞങ്ങൾക്കാണ് മുഴുവൻ ആനുകൂല്യവും കിട്ടേണ്ടത്' എന്നാണ് അവരുടെ വാദം. കടലിൽ പോയ മുഴുവൻ തൊഴിലാളികളുടെയും, സഹകരണാടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പിന്റെയും ഓണർഷിപ്പിൽ വള്ളം കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ വാദം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, വളരെ ശക്തമായ എതിർപ്പുകളാണ് സ്ഥാപിത താല്പര്യക്കാരുടെ മേഖലയിൽ നിന്നും, തിരുവനന്തപുരം കോസ്റ്റൽ ഏരിയയിൽ നിന്നും വരുന്നത്. അക്കാര്യത്തിൽ അങ്ങയുടെ അടക്കം സഹായം വേണം. എല്ലാ ട്രേഡ് യൂണിയനുകളുടെയും രാഷ്ട്രീയപാർട്ടികളുടെയും സഹകരണത്തോടുകൂടി മാത്രമേ തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം നൽകാൻ കഴിയൂ. ഗവൺമെന്റ് ആ തലത്തിലാണ് ചിന്തിക്കുന്നത്. തീർച്ചയായും അത്തരമൊരു പിന്തുണയാണ് ഞാൻ എല്ലാവരോടും ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, നഷ്ടപ്പെട്ട യാനം ഉണ്ടെങ്കിൽ അതിനുള്ള നഷ്ടപരിഹാരം നൽകും. അതോടൊപ്പം മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എങ്ങനെ അവരുടെ ശാക്തീകരണം നടത്താൻ പറ്റും എന്നത് സംബന്ധിച്ച് പ്രത്യേകം ആലോചിക്കാം.

ശ്രീ. എ. എം. ആരിഫ് : സർ, ഇന്ത്യയിൽ ഏറ്റവുമധികം മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന മേഖലയാണ് അരൂർ. ഈ വസ്തുത കണക്കിലെടുത്താണ്

2004-ൽ കേന്ദ്രസർക്കാരിന്റെ ഫോറിൻ ട്രേഡ് പോളിസി പ്രകാരം അരൂരിനെ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചത്. കയറ്റുമതിക്കാവശ്യമായ മത്സ്യവിഭവങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇവിടെ ഇറക്കുമതി ചെയ്യുന്ന മത്സ്യ വിഭവങ്ങൾ സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിലൂടെ രാജ്യത്തിന്റെ വിദേശനാണ്യ നിക്ഷേപം വർദ്ധിക്കുകയും അനേകായിരംപേർക്ക് തൊഴിൽ ലഭ്യമാവുകയും ചെയ്യുന്നു. അവിടത്തെ മത്സ്യവിഭവങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ ധാരാളം സാധ്യതകളുണ്ട്. മത്സ്യകൃഷിക്ക് അനുയോജ്യമായ അനേകം ഹെക്ടർ ജലാശയങ്ങളും സ്ഥലവും ഉപയോഗപ്പെടുത്താതെ കിടക്കുകയാണ്. ഈരംഗത്ത് ഇടപെടാനുള്ള ഒരു ഏജൻസിയാണ് അഡാക്ക് (Agency for Development of Aquaculture, Kerala). മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി അഡാക്ക് ഇപ്പോൾ നല്ല നിലയിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. അഡാക്കിന്റെ ആലപ്പുഴയിലുള്ള റീജിയണൽ സെന്റർ കൊല്ലത്തേയ്ക്ക് മാറ്റാനുള്ള ചില തീരുമാനങ്ങൾ ഫിഷറീസ് വകുപ്പിന്റെ അണിയറയിൽ നടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരളത്തിൽ ഏറ്റവുമധികം കടൽതീരമുള്ളതും ഏറ്റവും കൂടുതൽ ഉൾനാടൻ മത്സ്യബന്ധന മേഖലയുമുള്ള ആലപ്പുഴയിൽത്തന്നെ അഡാക്കിന്റെ റീജിയണൽ ഓഫീസ് നിലനിർത്താനുള്ള ശക്തമായ ഇടപെടൽ നടത്തുമോ; മത്സ്യത്തൊഴിലാളികളുടെ ജീവിതംപോലെ പ്രയാസം നിറഞ്ഞതാണ് അനുബന്ധ തൊഴിലാളികളുടെ ജീവിതവും. എന്തെങ്കിലും ആനുകൂല്യം വല്ലപ്പോഴും കിട്ടുന്നതുകൊണ്ടാണ് ഈ മേഖലയിൽ അവർ നിലനിൽക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന അത്രയും പരിഗണന നൽകിയില്ലെങ്കിലും അനുബന്ധത്തൊഴിലാളികൾക്ക് ആവശ്യമായ പരിഗണന നൽകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, രണ്ടുമൂന്ന് ചോദ്യങ്ങൾ ഒരുമിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്, ഉൾനാടൻ ജലസമ്പത്തിന്റെ ഉത്പാദന വർദ്ധനവിനായി ബൃഹത്തായ പദ്ധതികളാണ് ഗവൺമെന്റ് ഇപ്പോൾ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ആലപ്പുഴയിലുള്ള അഡാക്കിന്റെ ഓഫീസ് കുട്ടനാടൻ വികസന പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ആ പ്രോജക്ട് തീർന്നതോടുകൂടി അവിടെ പ്രസ്തുത ഓഫീസിന്റെ ആവശ്യമില്ല. ആ ഓഫീസ് ഷിഫ്റ്റ് ചെയ്ത്, കേന്ദ്രീകൃതമായി മാറ്റുകയാണ്. സ്റ്റേറ്റിനുടനീളമുള്ള ഒരു സിസ്റ്റത്തിലേയ്ക്ക് അത് വരികയാണ്. അഡാക്കിനെ പുനഃസംഘടിപ്പിച്ച് ഫലപ്രദമായി കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ ആകെ മത്സ്യസമ്പത്ത് ഉത്പാദിപ്പിക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിന്റെ പ്രാഥമിക നടപടികളിലേയ്ക്ക് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അനുബന്ധത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം കൊടുക്കാൻ സാധിക്കില്ല. അനുബന്ധത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും

വെവ്വേറെ വിഭാഗങ്ങളാണ്. ഇന്ന് അനുബന്ധത്തൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ അതേ ആനുകൂല്യം വേണമെന്ന ആവശ്യം ഉയരുന്നുണ്ട്. അത് പ്രായോഗികമായി ശരിയല്ല.

<u>ശ്രീ. കെ. ദാസൻ</u> : സർ, ശുദ്ധജല മത്സ്യോത്പാദന മേഖലയിൽ ലോകത്ത് ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്. ജലത്തിന്റെ കുറവ്, അനധികൃത മണലൂറ്റ്, എക്കൽ അടിഞ്ഞ് ഒഴുക്കില്ലാതാകുന്ന അവസ്ഥ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അതിപ്രസരം, കായൽ കയ്യേറ്റം, തോട്ടപൊട്ടിക്കൽ, കണ്ടൽകാടിന്റെ നശീകരണം തുടങ്ങി വിവിധ കാരണങ്ങളാൽ കേരളത്തിലെ ഉൾനാടൻ മത്സ്യോല്പാദനം ഗണ്യമായി കുറഞ്ഞു വരികയാണ്. കായലുകളിൽ സുലഭമായിരുന്ന കരിമീൻ, കൊഞ്ച്, പൂമീൻ തുടങ്ങിയ മത്സ്യങ്ങളുടെ ലഭ്യത വളരെ കുറവാണെന്നത് സർക്കാരിന്റെ ശ്രദ്ധയിലുള്ള വിഷയമാണ്. ഈ മത്സ്യസമ്പത്ത് ഇരട്ടിയാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ വിഭാവന ചെയ്യുന്നത്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബൃഹത്തായ പദ്ധതികൾ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അശാസ്ത്രീയമായ മത്സ്യബന്ധന രീതികളായ തോട്ടപൊട്ടിക്കൽ നിയന്ത്രിക്കുന്നതിന് ശക്തമായ നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നമ്മുടെ നാട്ടിലെ വിവിധയിനം മത്സ്യങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ഹാച്ചറികൾ വികസിപ്പിക്കുകയാണ്. ഉദാഹരണമായി, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു ലക്ഷം കരിമീൻ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയുന്നതരത്തിലുള്ള ഹാച്ചറിയാണ് ആയിരംതെങ്ങിലുണ്ടായിരുന്നത്. ഒന്നരവർഷം പിന്നിടുമ്പോൾ അത് ആറുലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിക്കാൻ സാധിക്കുന്നതരത്തിൽ വികസിപ്പിച്ചു. ഇത്തരത്തിൽ നമ്മുടെ നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ, പൂമീൻ തുടങ്ങിയ മത്സ്യങ്ങളുടെ കൃത്രിമ പ്രജനനം നടത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇവിടെ പരിമിതമായ അളവിൽ മാത്രമേ മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചിരുന്നുള്ളൂ. ഇപ്പോൾ ആവശ്യത്തിനനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ കഴിയുന്ന തരത്തിൽ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, നിരവധി വർഷങ്ങളായി കടലോരത്ത് താമസിക്കുന്ന കടലിന്റെ മക്കൾക്ക് പട്ടയം ലഭ്യമാകാത്ത പ്രശ്നങ്ങൾ ധാരാളമുണ്ട്. അവർക്ക് ലോണിന് അപേക്ഷിക്കുന്നതിനും ബാങ്കിൽ നിന്നും മറ്റ് ആനുകൂല്യങ്ങൾ

ലഭ്യമാക്കുന്നതിനും പ്രയാസം നേരിടുന്നുണ്ട്. ഇപ്പോൾ അവർ താമസിക്കുന്ന കുടിലുകൾ പൊളിച്ചുമാറ്റി നല്ല വീട് നിർമ്മിക്കണമെങ്കിൽ ചില നിയമത്തിന്റെ പ്രശ്നങ്ങളുണ്ട്. ഈ രണ്ട് പ്രശ്നങ്ങളും പരിഹരിക്കാൻ നടപടിയുണ്ടാകണം. വനത്തിൽ താമസിക്കുന്ന ആദിവാസികളെ മറ്റ് ഒരിടത്തും പുനരധിവസിപ്പിക്കാൻ സാധിക്കില്ല. അതുപോലെ കടലോരത്തെ സംസ്കാരവുമായും നിത്യ തൊഴിലുമായും ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് എത്ര നല്ല സ്ഥലം കൊടുത്താലും അവർ മറ്റൊരിടത്തും പോകാൻ തയ്യാറാകില്ല. ഈ രണ്ട് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, ഇപ്പോൾ കോസ്റ്റൽ റെഗുലേഷൻ ആക്ടാണ് പ്രശ്നമായിട്ടുള്ളത്. മത്സ്യത്തൊഴിലാളികളാണെങ്കിലും കടലിൽ നിന്ന് 200 മീറ്റർ വിട്ട് മാത്രമേ പുതിയ വീട് നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്നതാണ് വ്യവസ്ഥ. കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി മത്സ്യത്തൊഴിലാളികൾക്ക് എക്സംപ്ഷൻ കൊടുക്കുന്നുണ്ട്. അങ്ങനെ എക്സംപ്ഷൻ കൊടുക്കണമെങ്കിൽ ഒരു മാസ്റ്റർപ്ലാൻ ഉണ്ടായിരിക്കണമെന്നതാണ് ഇന്ത്യാ ഗവൺമെന്റിന്റെ നിലപാട്. പല സംസ്ഥാനങ്ങളും അങ്ങനെയൊരു മാസ്റ്റർപ്ലാൻ ഉണ്ടാക്കുകയും അതിനാവശ്യമായ നടപടിയിലേയ്ക്ക് പോകുകയും ചെയ്തിട്ടുണ്ട്. കേരളാ ഗവൺമെന്റ് നാളിതുവരെ അങ്ങനെയൊരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയിരുന്നില്ല. അതുകൊണ്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് കോസ്റ്റൽ റെഗുലേഷൻ ആക്ടിൽ അത്യാവശ്യം ചില ഭേദഗതികൾ വരുത്താൻ പോകുന്നുവെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. അത് വരുന്നമുറയ്ക്ക് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാം. കടൽകയറി വീട് നഷ്ടപ്പെടുന്നത് തുടർച്ചയായ സംഭവമാണ്. അതുകൊണ്ടാണ് 50 മീറ്റർ വരെയുള്ള തീരത്തുനിന്നും മത്സ്യത്തൊഴിലാളികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. കഴിഞ്ഞവർഷം ഇങ്ങനെ മാറിപ്പോകുന്നവർക്ക് 10 ലക്ഷം രൂപ വരെ നൽകുകയുണ്ടായി. ആദ്യമായിട്ടാണ് അത്തരത്തിലൊരു പദ്ധതി നടപ്പിലാക്കിയത്. ഇതിനായി ഈ വർഷത്തെ ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ക്രമേണ ഇവരെ ഇത്തരത്തിൽ മാറ്റിപ്പാർപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി : പട്ടയം നൽകുന്നത് സംബന്ധിച്ച് മറുപടി പറഞ്ഞില്ല.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : കോസ്റ്റൽ റെഗുലേഷൻ ആക്ടിൽ 200 എന്ന് നിശ്ചയിച്ചിരിക്കുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാകാതെ പ്രസ്തുത വിഷയത്തിൽ മറുപടി പറയാൻ സാധിക്കില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, നമ്മുടെ കടൽ മത്സ്യസമ്പത്ത് കാലക്രമേണ കുറഞ്ഞുവരികയാണ്. കേരളത്തിലെ 44 നദികളും പതിനായിരക്കണക്കിന് കുളങ്ങളും ശാസ്താംകോട്ട തടാകവും നിരവധി ഡാമുകളും ഉൾപ്പെടെ സംസ്ഥാനത്ത് ധാരാളം ജലാശയങ്ങളുണ്ട്.

മി. സ്പീക്കർ : ശാസ്താംകോട്ട തടാകത്തിനെക്കുറിച്ച് മാത്രം പറയരുത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : അത് വളരെ പ്രധാനപ്പെട്ട തടാകമല്ലേ; അത് പറയണം.

മി. സ്പീക്കർ : ആ തടാകത്തെക്കുറിച്ച് പറയണമെങ്കിൽ സഭയിൽ ചില നിബന്ധനകളുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : ആ കണ്ടീഷൻ ശരിയാകും. അവിടെ മത്സ്യസമ്പത്ത് വളർത്തിയെടുക്കുന്നതിനുവേണ്ടി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഒരു ബൃഹത് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അത്തരം പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, ശാസ്താംകോട്ട കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചാൽ അതിനെ പിടിക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട എം.എൽ.എ.-ക്കും അറിയാവുന്നതാണ്. കായലിൽ ശാസ്താവിന് ഏട്ടയിട്ടാൽ അത് പിടിക്കാൻ പാടില്ലെന്നാണ്. അത്തരത്തിൽ ചില നിയന്ത്രണങ്ങളുള്ളതുകൊണ്ട് ശാസ്താംകോട്ട കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുക എന്നത് നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. എന്നാൽ കേരളത്തിലെ ജലാശയങ്ങളും പുഴകളുമെല്ലാം അതിനായി ഉപയോഗിക്കാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുവഴി ഈ വർഷത്തെ ടാർജറ്റ് ഇരട്ടിയാക്കി കായൽ മത്സ്യസമ്പത്തിനെ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ദുരിതങ്ങൾ മനസ്സിലാക്കുന്നതിന് കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു. അതിനുശേഷം കേന്ദ്രസർക്കാരിന് അവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം; ഈ റിപ്പോർട്ട് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് അവ്യക്തതയുള്ളതുകൊണ്ട് കേന്ദ്രസർക്കാർ ഈ റിപ്പോർട്ട് അംഗീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ അവ്യക്തത മാറ്റി കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

പത്ര-മാധ്യമങ്ങളിൽ ഈ വാർത്തകൾ വളരെ പ്രാധാന്യത്തോടുകൂടി വന്നതാണ്. കൂടാതെ ഈ പാക്കേജിൽ കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിന് സാഹചര്യമൊരുക്കുമെന്ന് പറഞ്ഞിരുന്നു. അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇപ്പോൾ ഫീസ് അടയ്ക്കാനുള്ള സമയമാണ്. കുട്ടികൾക്ക് ഫീസടക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പാക്കേജിലെ 22 ലക്ഷം രൂപ അഞ്ചുവർഷം കഴിഞ്ഞാൽ മാത്രമേ ലഭിക്കുകയുള്ളൂ. തീരദേശ മേഖലയിലെ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, ആദ്യം അങ്ങ് മരിച്ചവരുടെ എണ്ണത്തിൽ അവ്യക്തതയുണ്ടെന്ന് പറഞ്ഞു. ഒരു അവ്യക്തതയുമില്ല. ബോധപൂർവ്വം അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. കേന്ദ്രസർക്കാരിനും ഇത് സംബന്ധിച്ച് അവ്യക്തതയില്ല. കേന്ദ്രസർക്കാർ മറുപടി പറഞ്ഞത് ഓഖി ദുരന്തം നടന്ന തൊട്ടടുത്ത തീയതിയിലാണ്. പിന്നീട് എത്രയോപേർ തിരിച്ചുവന്നു. എത്രയോ പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഇന്നത്തെ സ്ഥിതിയിൽ മരിച്ചവരുടെ എണ്ണം സംബന്ധിച്ച് യാതൊരു അവ്യക്തതയുമില്ല. കടലിൽ പോയി മരണപ്പെട്ടവരിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 49 പേരുടെ മൃതദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിന്നുള്ള ഒരാളെയും കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഓരാളെയും തിരിച്ചറിഞ്ഞു. അങ്ങനെ 51 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. 101 പേരെ ഇനിയും കണ്ടെത്താനുണ്ട്. കാണാനില്ലാത്തവരെ ഇനി കിട്ടാനിടയില്ലാത്തവരുടെ പട്ടികയിൽ ഉൾപ്പെടുത്തും. മരിച്ചവരെക്കുറിച്ചും കാണാതായവരെക്കുറിച്ചും വ്യക്തതയില്ലെന്ന് പറയുന്നത് ബോധപൂർവ്വം നടത്തുന്ന പ്രചാരവേലയാണ്. അങ്ങനെ ഒരു അവ്യക്തതയുമില്ല. പറയുന്നവർക്ക് വ്യക്തതയില്ലെന്ന് ഞാൻ പറയുന്നില്ല. ആസൂത്രിതമായി നടത്തുന്ന പ്രചരണമാണ്. 152 പേരാണ് മരിച്ചതും കാണാതായതുമായി ഇപ്പോഴുള്ളത്. അവരുടെ ആശ്രിതർക്കുള്ള സഹായം ഇപ്പോൾ കൊടുത്തിട്ടുണ്ട്. അവരുടെ മക്കളുടെ പഠനം ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇന്നലെയും അതിനെക്കുറിച്ച് ചർച്ച ചെയ്തു. എൽ.കെ.ജി. തുടങ്ങി ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്ന 158 കുട്ടികളാണ് ഇപ്പോഴുള്ളത്. അവർക്ക് ബോർഡിംഗ് സൗകര്യം ഉൾപ്പെടെ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ ഈ ഗവൺമെന്റ് ആലോചിക്കുകയാണ്. അതിൽ ആശങ്ക വേണ്ട. ഹയർ സ്റ്റഡീസിന് പഠിക്കുന്ന ഒരു കുട്ടിയുടെ ഫീസ് അടച്ചുകഴിഞ്ഞു. ഹയർ സ്റ്റഡീസിന് പഠിക്കുന്ന മൂന്ന് കുട്ടികളെയുള്ളൂ. ഒരു കുട്ടി എം.ബി.എ.-ക്ക് പഠിക്കുകയാണ്. കൃത്യമായ കണക്കനുസരിച്ച് ആനുകൂല്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരുവിധ ആശങ്കയും ഉണ്ടാകേണ്ടതില്ല. ഞാൻ മനസ്സിലാക്കുന്നത്, കേന്ദ്രസർക്കാർ തുടർ നടപടിയിലേയ്ക്ക് പോയിട്ടില്ല. ഞങ്ങൾ ഫോളോ അപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, വനസംരക്ഷണത്തിനായി ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരെ ഗാർഡുകളായി നിയമിക്കുന്നതുപോലെ തീരദേശ സംരക്ഷണത്തിനുവേണ്ടി പ്രഗത്ഭരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളെ നിയമിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് പ്ലാൻ ചെയ്യുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മറൈൻ എൻഫോഴ്സ്മെന്റിൽ വിദഗ്ധരായ മത്സ്യത്തൊഴിലാളികളെത്തന്നെയാണ് താൽക്കാലികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇന്നും ആ സിസ്റ്റമുണ്ട്. ഓഖിയുടെ പശ്ചാത്തലത്തിൽ കോസ്റ്റ് ഗാർഡിലും മറൈൻ എൻഫോഴ്സ്മെന്റിലേയ്ക്കുമുള്ള പോലീസുകാരുടെ നിയമനത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള 200 പേർക്ക് മുൻഗണന നൽകി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

4 (*245) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എയ്ഡഡ് പദവി നല്കപ്പെട്ട സ്പെഷ്യൽ സ്കൂളുകളിൽ നിലവിലെ മാനദണ്ഡപ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇതിനോടകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ&ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016

വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളെയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

**സ്വയംഭരണ കോളേജ് നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം**

5 (*246) ശ്രീ. പി. കെ. ബഷീർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. കെ. എം. ഷാജി
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ജനാധിപത്യ അവകാശങ്ങൾ ഹനിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നതിനാൽ, സ്വയംഭരണ കോളേജ് നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) കേരളത്തിലെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാനാകു.

**സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും**

6 (*247) ശ്രീ. പി. കെ. ശശി :
ശ്രീ. എം. സ്വരാജ് :
പ്രൊഫ. കെ. യു. അരുണൻ : :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ആശയസംഹിതക്ക് അനുസരിച്ച് തിരുത്തുന്ന പ്രവണത സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിഫലിക്കാതിരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും നവീകരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പാഠ്യക്രമത്തിലുള്ള അപാകതയും അദ്ധ്യാപന രംഗത്തെ നിലവാര മില്ലായ്മയും അമിത കരാർവൽക്കരണവും ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) പാഠ്യപദ്ധതിയുടെ പരിഷ്കരണം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെയും അക്കാദമിക് കൗൺസിലിന്റെയും അംഗീകാരത്തോടെയാണ് നടപ്പാക്കി വരുന്നത്.

(ബി&സി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകി തുടങ്ങിയത് 2008-2009 കാലത്താണ്. ഡോ. കെ. എൻ. പണിക്കർ ഉപാദ്ധ്യക്ഷനായുള്ള ആദ്യകൗൺസിലിന്റെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിലാണ് ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ബിരുദതല പ്രോഗ്രാമുകൾക്ക് സംസ്ഥാനത്ത് സ്വീകരിക്കപ്പെട്ടത്.

23-1-2018-ൽ കൂടിയ ഉന്നത വിദ്യഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡി യോഗം പി.ജി. വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന വിഷയം പഠിക്കാൻ വിദ്യാഭ്യാസ വിചക്ഷണരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധനവ് മുഖ്യ ലക്ഷ്യമായിക്കണ്ട് പ്രവർത്തിക്കുന്ന കൗൺസിൽ 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ യൂണിവേഴ്സിറ്റി ലെവൽ ക്വാളിറ്റി സ്റ്റാൻഡർഡൈസേഷൻ, ഗ്രാഡ്യുവേറ്റ് ആട്രിബ്യൂട്ട്സ്, കോഴ്സ് ഡിസൈൻ ആന്റ് കരിക്കുലം സ്ട്രക്ചർ സ്റ്റാൻഡർഡൈസേഷൻ, കോഴ്സ് ഔട്ട് കംസ് എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

അന്താരാഷ്ട്ര തലത്തിൽ സർവ്വകലാശാലകൾ സ്വീകരിച്ചിരിക്കുന്ന മാതൃകയിൽ അക്കാദമിക് പ്രോഗ്രാമുകളുടെയും കോഴ്സുകളുടെയും ഫലങ്ങൾ (outcomes) എന്തായിരിക്കുമെന്നും ഓരോ വിഷയത്തിലും ബിരുദം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന നൈപുണ്യങ്ങൾ എന്തൊക്കെയായിരിക്കുമെന്നും (graduates attributes) മുമ്പേ നിശ്ചയിച്ച് പ്രസ്താവിക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകളെയും പ്രാപ്തമാക്കുകയാണ് ലക്ഷ്യം. കൗൺസിലിന്റെ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ് സെന്ററിനു കീഴിൽ വിവിധ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

## ഭൂപതിവ് ചട്ടത്തിലെ ഭേദഗതി

7 (*248) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമി, ഉടമയ്ക്ക് വീട് വയ്ക്കുവാനും കൃഷി ചെയ്യുവാനുമല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്ന ഭേദഗതി ഭൂപതിവ് (ലാൻഡ് അസൈൻമെന്റ്) ചട്ടത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരിസ്ഥിതി പ്രാധാന്യമുള്ളതും മലയോരപ്രദേശത്തുള്ളതുമായ പട്ടയഭൂമി, ഖനനങ്ങൾക്കും മറ്റും ഉപയോഗിച്ച് ദുരുപയോഗപ്പെടുത്തുകയില്ലായെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഈ ഇളവ് നൽകുമ്പോൾ ഉൾക്കൊള്ളിക്കുമോ എന്നറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ.ചന്ദ്രശേഖരൻ</u>) :

(എ) പട്ടയഭൂമി ഉടമയ്ക്ക് വീടുവയ്ക്കുന്നതിനും കൃഷി ആവശ്യത്തിനുമല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ള കേസ്സുകളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് നമ്പർ 17724/A2/2017/RD എന്ന ഫയലിൽ പരിശോധിച്ചു വരുന്നുണ്ട്.

(ബി) പരിസ്ഥിതി പ്രാധാന്യമുള്ളതും മലയോര പ്രദേശത്തുള്ളതുമായ പട്ടയ ഭൂമി ഖനനങ്ങൾക്കും മറ്റും ഉപയോഗിച്ച് ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്നത് ഇപ്പോൾ ജില്ലാ കളക്ടർ മുഖാന്തരം ഉറപ്പുവരുത്തുന്നുണ്ട്.

## റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

8 (*249) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉൾപ്പെട്ട സംയുക്ത സംരംഭമായ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; സെമി ഹൈസ്പീഡ് റെയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് പ്രതികരണം ഉണ്ടായിട്ടുണ്ടോ;

(ബി) പാതയിരട്ടിപ്പ്, പുതിയ പാതകളുടെ വൈദ്യുതീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ റെയിൽവേ സോൺ എന്ന ദീർഘകാല ആവശ്യം പരിഗണിക്കാതിരിക്കുകയും നിക്ഷിപ്തതാല്പര്യത്തോടെ റെയിൽവേ ഡിവിഷനുകൾ പോലും വിഭജിക്കുകയും ചെയ്യുന്നതിൽ നിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ( ശ്രീ. ജി. സുധാകരൻ) :

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെ പറയുന്ന പദ്ധതികൾ ഡിസംബർ അവസാനവാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്:

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ് ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച നാല് പദ്ധതികളുടെയും പ്രാഥമിക സാധ്യതാപഠന റിപ്പോർട്ടുകൾ റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല.

(ബി) കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം - തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപ്പെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്തയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. സോണൽ ഓഫീസ് ചെന്നൈ ആസ്ഥാനമായി മാത്രമുള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘ കാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ്

സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം-തിരുനെൽവേലി പാതയും, നാഗർകോവിൽ- കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടിയായി തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിലില്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി 27-11-2017-ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്.

## കുറിഞ്ഞി ഉദ്യാനം

9 (*250) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജപട്ടയങ്ങളുടെ പിൻബലത്തിൽ സർക്കാർഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്ന വസ്തുകച്ചവടക്കാരും, കോർപ്പറേറ്റുകളും അടങ്ങുന്ന വൻകിട കയ്യേറ്റ സംഘത്തിന്റെ സാന്നിധ്യം മൂന്നാറിലെ കുറിഞ്ഞി ഉദ്യാനത്തിന് ഭീഷണിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യാനത്തിന്റെ സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വേ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി അതിർത്തി തിരിച്ച് കയ്യേറ്റരഹിത മേഖലയായി കുറിഞ്ഞി ഉദ്യാനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ജി.ഒ. (എംഎസ്.) 69/2015/റവ. തീയതി 16-2-2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേർ പരിശോധന നടത്തേണ്ട വില്ലേജുകളിൽ കുറുഞ്ഞി ദേശീയോദ്യാനം ഉൾപ്പെട്ടുവരുന്നു. ടി പ്രദേശങ്ങളിൽ നിലവിലെ സ്ഥിതി തിട്ടപ്പെടുത്തുന്നതിന് പുനഃപരിശോധന നടന്നുവരുന്നു. ആയതിനുശേഷം അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയ ഭൂമി എത്രയുണ്ട്, കയ്യേറ്റഭൂമി എത്രയുണ്ട്, കൈവശ സ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങളുണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തരമായി തീർപ്പാക്കുവാനും ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റവന്യൂ, വനം, പോലീസ് വകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ ദേവികുളം സബ് കളക്ടർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23-11-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതും ആയതനുസരിച്ച് ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ നടപടി

10 (*251) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്ന തിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്ന് നല്കുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഓരോ ആവശ്യത്തിനും അതത് സമയത്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനു പകരം ഒരേ സർട്ടിഫിക്കറ്റ് തന്നെ വീണ്ടും ഉപയോഗിക്കുന്നതിനും അനുമതി നല്കുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പറുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും

(Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ബന്ധം സുദൃഢമാക്കുന്നതിനും പരാതി രഹിതമാക്കുന്നതിനും സഹായകരമായ നിലയിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നേരിട്ട് നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പെരുമാറ്റം കൂടുതൽ ജനസൗഹൃദമാക്കുന്നതിന് അവരെ പര്യാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും 24-4-2017-ന് എൽ.ആർ.ബി8-31482/2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ടി സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം-I* ആയി ചേർക്കുന്നു.

(സി) അഗതി, ഫാമിലി മെമ്പർഷിപ്പ് എന്നീ സർട്ടിഫിക്കറ്റുകൾ മൂന്ന് വർഷത്തേയ്ക്കും തിരിച്ചറിയൽ സർട്ടിഫിക്കറ്റ് 10 വർഷവും നേറ്റിവിറ്റി, റിലേഷൻഷിപ്പ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ ആജീവനാന്തവും ഉപയോഗിക്കുന്നതിന് 27-1-2007-ലെ ജി.ഒ.(എംഎസ്.) നമ്പർ 136/2007/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു.

കൂടാതെ റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലാവധി മൂന്ന് വർഷമാക്കിക്കൊണ്ട് 4-8-2017-ലെ സ.ഉ.(കൈ) നമ്പർ 264/2017/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ആവശ്യത്തിനും അതത് സമയത്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം ഒരേ സർട്ടിഫിക്കറ്റ് തന്നെ വീണ്ടും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതരത്തിലുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്. 30-10-2017-ലെ 35735/എ 2/2015/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പറുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം-II* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ പരിഷ്കാരങ്ങൾ

11 (*252) ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. വി. എസ്. ശിവകുമാർ
ശ്രീ. എം. വിൻസെന്റ്
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയകാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ മുദ്രാവാക്യം കൊണ്ടുവന്നിട്ടും റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പാക്കാത്തതുമൂലം സംസ്ഥാനത്തെ റോഡുകൾ അതീവ ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചീഫ് എഞ്ചിനീയറുടെ കീഴിൽ റോഡ് മെയിന്റനൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; പാലങ്ങളുടെ നിർമ്മിതിക്കും അറ്റകുറ്റപ്പണികൾക്കുമായി എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) വിദേശരാജ്യങ്ങളിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവലംബിക്കുന്ന നൂതന സാങ്കേതിക വിദ്യ നമ്മുടെ നാട്ടിലും പ്രാവർത്തികമാക്കുന്നതിനും അതിന് സഹായകമായ രീതിയിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിനും ആലോചിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) "പുതിയ കാലം പുതിയ നിർമ്മാണം" എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി വകുപ്പിലെ പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ എൻ.ആർ.എം.ബി.(Natural Rubberised Modified Bitumen), ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തുക എന്നീ രീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യകളും ആധുനിക യന്ത്രങ്ങളും ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി ഓഡിറ്റിംഗ് ശക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും

ഭാഗമായി വകുപ്പിന്റെ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ എഞ്ചിനീയേഴ്സിനുമായി മീറ്റിംഗ് സംഘടിപ്പിച്ച് 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാൻമാരാക്കി. ഈ ചടങ്ങിൽ വച്ച് മികവുറ്റ പ്രവർത്തനം കാഴ്ചവച്ച എഞ്ചിനീയർമാർക്ക് അവാർഡുകൾ നൽകി. ജീവനക്കാർക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള പ്രചോദനം നൽകി വകുപ്പിനെ അഴിമതി മുക്തമാക്കുവാനായി കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചു. റീജിയണൽ ഡിസൈൻ ഓഫീസുകൾ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി പുതിയതായി ആരംഭിച്ചും സമയബന്ധിതമായി പ്രവൃത്തികൾ തീർക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചും വരുന്നു.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ സമയബന്ധിതമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീർപ്പാക്കി വരുന്നുണ്ട്. എന്നാൽ ചില കാലയളവിലെ തുടർച്ചയായുള്ള മഴ കാരണം റോഡിന്റെ അറ്റകുറ്റപ്പണികൾ തക്കസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി വളരെ മെച്ചപ്പെട്ടു. ഈ സർക്കാർ വന്നതിനുശേഷം ബജറ്റിലും അറ്റകുറ്റപ്പണികൾക്കുമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ 1173 ലക്ഷം രൂപയും തിരുവനന്തപുരം മണ്ഡലത്തിൽ 1047 ലക്ഷം രൂപയും കോവളം മണ്ഡലത്തിൽ 980.20 ലക്ഷം രൂപയും പാലക്കാട് മണ്ഡലത്തിൽ 1240 ലക്ഷം രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ റോഡുകളുടെ പരിപാലനത്തിനായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ.)/39/2017/പി.ഡബ്ല്യു.ഡി. തീയതി 29-6-2017 പ്രകാരം റോഡ് പരിപാലന വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിലാദ്യമാണ്. യൂറോപ്പിലും USA-യിലുമാണ് ഇത്തരത്തിൽ അറ്റകുറ്റപ്പണികൾക്ക് മാത്രമായി വിഭാഗമുള്ളത്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, ഡി.പി.ആർ. തയ്യാറാക്കൽ, നിർമ്മാണം എന്നിവയുടെ മോണിറ്ററിംഗിനുമായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 1-2-2017-ലെ സ.ഉ.(സാധാ.) നമ്പർ 1806/2017/പൊ.മ.വ. പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രത്യേക ഫണ്ട് ബജറ്റിൽ ഉൾക്കൊള്ളിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണം

12 (*253) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ജില്ലാതല വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) നദികളുടെ സുഗമമായ ഒഴുക്കും ശുദ്ധതയും ഉറപ്പാക്കുന്നതിനും അവയുടെ ജൈവ, ഭൗതിക, പാരിസ്ഥിതിക വ്യവസ്ഥ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പ്രസ്തുത സമിതികൾ സ്വീകരിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) നദി-നദീതീര സംരക്ഷണം സംബന്ധിച്ച് മേഖലാ ശില്പശാലകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2001-ൽ നിയമസഭ പാസ്സാക്കിയ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായ നടപടികളാണ് നദികളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായി സർക്കാർ സംസ്ഥാന-ജില്ലാതലങ്ങളിൽ സ്വീകരിച്ചുവരുന്നത്.

- സംസ്ഥാനതലത്തിൽ നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാതല വിദഗ്ദ്ധ സമിതികൾ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുമായി 2017 ഫെബ്രുവരി 23-ലെ സ.ഉ.(പി) നമ്പർ 14/2017/റവന്യൂ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചു.

- ജില്ലാതലത്തിൽ നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലേക്കായി 14 ജില്ലകളിലും ജില്ലാതല വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചു.

- റിവർ ബാങ്ക് മാപ്പിംഗും സാന്റ് ആഡിറ്റിംഗും നടത്തിയിട്ടില്ലാത്ത 15 നദികളിൽക്കൂടി അത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു.
- സംസ്ഥാനത്തെ നദീസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി റിവർ മാനേജ്മെന്റ് സെൽ എന്ന സ്ഥാപനത്തെ ഐ.എൽ.ഡി.എം.-നോട് ചേർത്ത് ഒരു സ്ഥിരം റിസർച്ച് സെന്ററായി ഉയർത്തി.
- നദികളെ സജീവമാക്കാൻ നദീതീരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ചും ജില്ലാതല വിദഗ്ദ്ധ സമിതി മുഖേന ശിപാർശകൾ സമർപ്പിക്കുമ്പോൾ കർശനമായി പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- നദീതീര സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾക്ക് പഠനവിധേയമായി മാത്രം ഭരണാനുമതി നൽകുന്നു.

(ബി) ജില്ലാതല വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

- ജില്ലാതല വിദഗ്ദ്ധസമിതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. നദികളുടെ ജൈവ-ഭൗതിക പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ സർക്കാരിനു വേണ്ട ശിപാർശകൾ നൽകുക, സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ കാലാനുസൃതമായി നടപ്പിലാക്കുക ഇവയാണ് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ പ്രധാന ചുമതലകൾ

(സി) നദികളുടെ ജൈവ-ഭൗതിക പരിസ്ഥിതിയെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിലേയ്ക്ക് ശിപാർശകൾ സമർപ്പിക്കുവാനും സർക്കാർ അംഗീകരിച്ച പദ്ധതികൾ മാത്രം നടപ്പിലാക്കുവാനുമുള്ള അധികാരം മാത്രമേ നിലവിൽ ജില്ലാതല വിദഗ്ദ്ധ സമിതികൾക്കുമുള്ളൂ. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പദ്ധതികളാണ് ജില്ലാതല വിദഗ്ദ്ധ സമിതികൾ നടപ്പിലാക്കുന്നത്. ഇതിൽ നദീതീര വികസന പദ്ധതികൾ വെജിറ്റേറ്റീവ് പ്രൊട്ടക്ഷൻ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

(ഡി) നദീ-നദീതീര സംരക്ഷണ വിഷയത്തിൽ മൂന്ന് മേഖലാ ശിൽപ്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മേഖലാ ശിൽപ്പശാലകൾ വീണ്ടും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാന ഉന്നതതല സമിതിയുടെ 29-8-2017-ലെ യോഗ തീരുമാന പ്രകാരം 2017 സെപ്തംബർ 25, 28, ഒക്ടോബർ 3 തീയതികളിൽ യഥാക്രമം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി "നദീ-നദീതീരസംരക്ഷണവും പരിപാലനവും" എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് മേഖലാ ശില്പശാലകൾ സംഘടിപ്പിച്ചു. ജില്ലാതല വിദഗ്ദ്ധ സമിതി അംഗങ്ങളെ ബോധവത്ക്കരിക്കുന്നതിലും റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി നദീ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കുന്നതിനുമായുള്ള ആശയ-നിർദ്ദേശ രൂപീകരണമായിരുന്നു ശിൽപ്പശാലകളുടെ ലക്ഷ്യം. 14 ജില്ലകളിൽ നിന്നുമായി 258 ജില്ലാതല വിദഗ്ദ്ധ സമിതി അംഗങ്ങൾ ശിൽപ്പശാലകളിൽ പങ്കെടുത്തു. നദീസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തംകൂടി ഉറപ്പാക്കാൻ നദീസംരക്ഷണ പ്രവർത്തനങ്ങളിൽ തൽപ്പരരായ ജനങ്ങളെയും സന്നദ്ധ സംഘടനകളെയും പരിസ്ഥിതി പ്രവർത്തകരെയും എൻ.എസ്.എസ്., എൻ.സി.സി., തുടങ്ങിയ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് മേഖലാ ശിൽപ്പശാലകൾ വീണ്ടും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## സമഗ്ര മത്സ്യകൃഷി പദ്ധതി

13 (*254) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി, നവീകരിച്ച ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സമഗ്ര മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രാരംഭച്ചെലവും മേൽനോട്ടവും നടത്തിപ്പും നിർവ്വഹിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജനകീയ മത്സ്യകൃഷി വികസന പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നവീകരിച്ച ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സമഗ്ര മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്തി വരുന്നു. 2016-17 സാമ്പത്തിക വർഷം ആവിഷ്കരിച്ച് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന ബ്ലൂ റെവല്യൂഷൻ പദ്ധതിയിലും 2017-18 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി II-ാം ഘട്ട പദ്ധതിയിലുമായി കുളം നവീകരണം, കുളം നിർമ്മാണം, കുളങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കർഷകർക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

2016-17-ലെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുളം നവീകരണം, പുതിയ കുളം നിർമ്മാണം എന്നീ ഘടക പദ്ധതികൾ ഭൗതിക ലക്ഷ്യം പൂർണ്ണമായും നേടിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയിലെ ഘടക പദ്ധതിയായ മാതൃകാ മത്സ്യകൃഷിയിടങ്ങൾ എന്ന പദ്ധതി നാളിതുവരെ 64 ശതമാനത്തോളം ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടിയുള്ള അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രാരംഭച്ചെലവും മേൽനോട്ടവും നടത്തിപ്പും നിർവ്വഹിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വിപുലങ്ങളായ ഭരണപരവും സാങ്കേതികപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന തലത്തിൽ 'ജനകീയ മത്സ്യകൃഷി പദ്ധതി രണ്ടാം ഘട്ടം' പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നയപരമായ തീരുമാനം എടുക്കുക, പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുക, വ്യത്യസ്ത വകുപ്പുകളെയും സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിക്കുക, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക തുടങ്ങിയവ നിർവ്വഹിക്കുന്നതിനായി ഫിഷറീസ് വകുപ്പുമന്ത്രി ചെയർമാനായും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി കോ-ചെയർമാനുമായും സംസ്ഥാനതല ഗൈഡൻസ് കൗൺസിൽ പ്രവർത്തിച്ചുവരുന്നു.

പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണം നടത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായും ഫിഷറീസ് അഡീഷണൽ ഡയറക്ടർ വൈസ് ചെയർമാനുമായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായും ക്രിയാത്മകമായും നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റിൽ ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് (അക്വാകൾച്ചർ)-ന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നുണ്ട്.

ജില്ലാതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ എക്സിക്യൂട്ടീവ് ഡയറക്ടറായും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറായും ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി സംഘടിപ്പിക്കുക, അവലോകനം നടത്തുക, വിപണനകാര്യം ഏർപ്പെടുത്തുക തുടങ്ങിയവ നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർമാനായും ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ കൺവീനറായും തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്റ്റിയറിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ജനകീയ മത്സ്യകൃഷി പദ്ധതി രണ്ടാംഘട്ടം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം കൂടുതൽ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ വ്യത്യസ്തതരത്തിലുമുള്ള ജലാശയങ്ങളിലും നടപ്പിലാക്കാൻ സാധിക്കുമാറുള്ള വൈവിധ്യങ്ങളായ പദ്ധതികളും ജലാശയങ്ങളൊന്നും തന്നെയില്ലാത്തവർക്ക് പുനഃപര്യയന മത്സ്യ കൃഷി (ആർ.എ.എസ്.) പോലുള്ള കൃഷി രീതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും വലിയ നഗര പ്രദേശങ്ങളിലും വസിക്കുന്നവർക്ക് ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി കഴിയുന്നതാണ്. ജല പുനഃചംക്രമണ സംവിധാനം വഴിയുള്ള ഗിഫ്റ്റ് കൃഷി, പടുതക്കുളങ്ങളിലെ മത്സ്യകൃഷി, ലൈവ് ഫിഷ് മാർക്കറ്റ്, മത്സ്യവിത്ത് പരിപാലനം, അലങ്കാര മത്സ്യകൃഷി തുടങ്ങിയ പദ്ധതികൾ ഉദാഹരണങ്ങളാണ്.

## മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

14(*255) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര മേഖലയിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാനായി, നശിച്ചുപോയ ജലാശയ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയുടെ നിലവിലുള്ള മത്സ്യോല്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്ന ബൃഹത് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 48.88 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ ജലകൃഷി വികസന പ്രവർത്തനങ്ങൾ എന്നതിൽ ഉൾപ്പെടുത്തിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കിവരുന്നത്. കടലിലെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂട്ടകൃഷി എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ആഭ്യന്തര മേഖലയിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനായി 2017-18 സാമ്പത്തികവർഷം മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി

350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നശിച്ചുപോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി മത്സ്യ സങ്കേതങ്ങൾ നിർമ്മിക്കുന്നതിനും കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുമായി അഷ്ടമുടിക്കായൽ, വേമ്പനാട് കായൽ, ബാക്ക് വാട്ടേഴ്സ് ഓഫ് കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലേക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം മത്സ്യസമ്പത്ത് സംരക്ഷണവും പരിപാലനവും ഘടകത്തിൽ ഉൾപ്പെടുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്കായി 253 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

15 (*256) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളെ അക്കാദമിക ഗവേഷണ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ;

(ബി) സർവ്വകലാശാലകളിൽ പ്രത്യേകിച്ച് കേരള സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും യഥാസമയം നടത്താത്തതിനാൽ പഠിതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് പരിഹാരത്തിനാവശ്യമായ ഇടപെടൽ നടത്താൻ സാധിക്കുമോ;

(സി) വിദ്യാർത്ഥി താത്പര്യം മുൻനിർത്തി സർവ്വകലാശാലകളുടെ ഭരണ നിർവ്വഹണവും അക്കാദമിക പ്രവർത്തനവും ഏകോപിപ്പിക്കാനുള്ള പദ്ധതി സത്വരമായി യാഥാർത്ഥ്യമാക്കുമോ; വിശദാംശം നല്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സർവ്വകലാശാലകളിലെ അക്കാദമിക ഗവേഷണ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ച് കൃത്യമായി ക്ലാസ്സുകളും പരീക്ഷകളും നടന്നുവരുന്നു.

2. പ്രസിദ്ധീകരണവിഭാഗവും റഫറൻസിനും വായനയ്ക്കുമായി ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറിയും പ്രവർത്തിക്കുന്നു.

3. നൂതന സാങ്കേതികവിദ്യയുപയോഗിച്ച് പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മികവുറ്റ അഭിഭാഷകരെ സൃഷ്ടിക്കുന്നതിന് കഴിയുന്നു.

4. അന്താരാഷ്ട്ര നിലവാരത്തിലുള്ള കോൺഫറൻസ്, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ മുതലായവ സംഘടിപ്പിച്ചുവരുന്നു.

5. കേരളത്തിലെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കിഫ്ബി മുഖേന 240 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ സമർപ്പിച്ച വിശദമായ പദ്ധതിരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കേരള സർവ്വകലാശാലയിൽ മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇക്കാര്യത്തിലുള്ള കാലതാമസവും അദ്ധ്യാപകരുടെ കുറവും ഫലപ്രഖ്യാപനം വൈകുവാൻ കാരണമാകുന്നു. ഇത് പരിഹരിക്കുവാൻ കേരള സർവ്വകലാശാല നടപടി സ്വീകരിച്ചുവരുന്നു. മറ്റ് സർവ്വകലാശാലകൾ പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ കൃത്യമായി പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

(സി) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കുസാറ്റ്, കണ്ണൂർ, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. 21-11-2017-ലെ ജി.ഒ. (സാധാ.) 2107/2017/ഉവിവ. പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സർവ്വകലാശാലകളിൽ നിന്നുള്ള ഉദ്യോഗസ്ഥരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2018 ജൂലൈയിലെ അഡ്മിഷൻ എല്ലാ സർവ്വകലാശാലകളിലും ഒരുമിച്ച് നടത്താൻ ഉദ്ദേശിക്കുന്നു.

## ഓപ്പൺ സർവ്വകലാശാല

16 (*257) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോളേജുകളിൽ ഇപ്പോൾ നൽകിവരുന്ന രണ്ടുമാസ മധ്യവേനൽ അവധി നവംബർ, മേയ് മാസങ്ങളിലായി ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയതായി എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുകൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മധ്യവേനൽ അവധി നവംബർ, മേയ് മാസങ്ങളിലായി ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ പ്രോവൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിനോടൊപ്പം വിഭാവന ചെയ്യുന്നു.

1. ഔട്ട്-കം-ബെയിസ്ഡ് എഡ്യൂക്കേഷൻ ആന്റ് ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സ്
2. ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗയിൻ കൺസെപ്റ്റ്-ടു-എറുഡൈറ്റ് സ്കീം
3. അക്കാദമിക് വോളന്റിയർ ബാങ്ക്
4. ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി

5. അദ്ധ്യാപക ഒഴിവുകൾ നികത്തുന്നത് പഠിക്കാൻ കമ്മിറ്റി
6. സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിന് കമ്മിറ്റി
7. ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയുടെ പുനഃസംഘാടനം
8. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി
9. അഖിലകേരള ഉന്നത വിദ്യാഭ്യാസ സർവ്വേ
10. സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും
11. പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)
12. ലേണർ എക്കോസിസ്റ്റം കാമ്പസുകൾ

സംസ്ഥാനത്തെ ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ മേൽ കർമ്മപദ്ധതികൾക്കാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായുള്ള പ്രവർത്തനങ്ങൾ

17 (*258) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതി പ്രകാരം നടത്തി വരുന്ന അധ്യാപക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നവകേരള മിഷന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ആർ.എം.എസ്.എ. വഴി നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണയ്ക്കായി ആർ.എം.എസ്.എ.

നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- 5 കിലോമീറ്റർ ചുറ്റളവിൽ ഹൈസ്കൂളുകളില്ലാത്തയിടങ്ങളിൽ പുതിയ സ്കൂളുകൾ ലഭ്യമാക്കുക.
- സ്കൂൾ പ്രവേശനം ഉറപ്പുവരുത്തൽ
- ലിംഗപരവും സാമൂഹ്യവും സാമ്പത്തികവുമായ വിവേചനം കൂടാതെ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാലയത്തിൽ തടസ്സരഹിത അന്തരീക്ഷം ഒരുക്കുക
- ഗേൾസ് ഹോസ്റ്റൽ, വൊക്കേഷണൽ എഡ്യൂക്കേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾകൂടി ആർ.എം.എസ്.എ.-യോട് യോജിപ്പിച്ച് ഇന്റഗ്രേറ്റഡ് ആർ.എം.എസ്.എ. ആയി പ്രവർത്തിച്ചുവരുന്നു.

സെക്കണ്ടറി തലത്തിൽ ആർ.എം.എസ്.എ. നടപ്പാക്കുന്ന ഐഡിയൽ ലാബ് പൊതുവിദ്യാഭ്യാസ യജ്ഞം സംരംഭത്തിന് ഊർജ്ജം പകരുന്ന ഒരു ഹൈടെക് പ്രോജക്ടാണ്. ഇത് ഓരോ കുട്ടിയുടെയും അറിവുകളും കഴിവുകളും ലോക നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിടുന്നു.

ആർ.എം.എസ്.എ. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകൾക്കും സ്കൂൾ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ഹരിതവിദ്യാലയം രൂപപ്പെടുത്തൽ, ക്ലാസ്മുറികളുടെ നവീകരണം, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, അദ്ധ്യാപക പരിശീലനം, തദ്ദേശ സ്വയംഭരണ മേധാവികൾക്കുള്ള പരിശീലനം, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മാനേജ്മെന്റ് പരിശീലനം, പ്രഥമാദ്ധ്യാപകർക്ക് നേതൃത്വ പരിശീലനം, കുട്ടികളിൽ മാനസികവും ശാരീരികവുമായ പിരിമുറുക്കം കൂടിവരികയാണ് എന്ന് മനസ്സിലാക്കി ആരോഗ്യ-കായിക വിദ്യാഭ്യാസത്തിൽ യോഗപരിശീലനം, ഡിജിറ്റൽ പാഠപുസ്തക നിർമ്മാണം, ഓൺലൈൻ അദ്ധ്യാപക പരിശീലനവും റിസോഴ്സ് പൂളും, നവപ്രഭ-പരിഹാര ബോധനം, ശാസ്ത്രാഭിരുചി വളർത്തുന്നതിനും പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനുമുള്ള പദ്ധതിയായ ടാലന്റ് ഹണ്ട്, ശാസ്ത്രമേള, കുട്ടികളിൽ സ്വയംസംരംഭകത്വശേഷി വികസനം, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം, എസ്.എം.ഡി.സി. പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) പാഠ്യപദ്ധതി സമീപനങ്ങൾക്ക് അനുസൃതമായി പാഠ്യപദ്ധതി വിനിമയം സാധ്യമാക്കുന്നതിൽ സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയാനും പഠന പരിമിതികൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കാനും യോജിച്ച വിധത്തിലുള്ള അനുഭവങ്ങൾ ലഭ്യമാക്കൽ, ദൈനംദിന ആസൂത്രണം, സൂക്ഷ്മവും കാര്യക്ഷമവുമാകത്തക്കവിധം വിനിമയ തന്ത്രങ്ങൾ, പഠന സാമഗ്രികളുടെ സൂചനകളോടെ ടീച്ചിംഗ് മാനുവൽ വികസിപ്പിക്കൽ, സമഗ്രവും തുടർച്ചയായതുമായ മൂല്യനിർണ്ണയം വ്യക്തമായി ബോധ്യപ്പെടുന്നതിനുള്ള അവസരമൊരുക്കൽ, ക്ലാസ്റൂം വിനിമയത്തിന് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം ബോധ്യമാക്കൽ, വിവിധ വിഷയങ്ങളിലെ കാഠിന്യ മേഖലകളും അവയുടെ വിനിമയ തന്ത്രങ്ങളും പരിചയപ്പെടുത്തൽ, കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഇടപെടാനുള്ള കഴിവ് വളർത്തൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പഠനാനുഭവങ്ങൾ ഒരുക്കുന്നതിന് അദ്ധ്യാപകരെ സജ്ജരാക്കൽ എന്നിവയാണ് ലക്ഷ്യങ്ങൾ

(സി) സെക്കണ്ടറിതലത്തിൽ ആർ.എം.എസ്.എ. മുന്നോട്ടുവച്ചിട്ടുള്ള പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക വർഷം നടപ്പിലാക്കുന്നത്. ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾക്ക് പഠന പിന്നോക്കാവസ്ഥ മറികടക്കുന്നതിനുള്ള 'നവപ്രഭ' പരിഹാര ബോധന പരിപാടി 'എന്റെ മലയാളം' ഭാഷാപോഷണ പദ്ധതി സ്കൂൾ ഗ്രാന്റ് വഴി നടപ്പാക്കുന്ന നാല് ക്ലാസ്റൂം ലൈബ്രറി, ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള സയൻബഡീസ് (ടാലന്റ്ഹണ്ട്) ശാസ്ത്ര പ്രതിഭ പോഷണ പരിപാടി, ഐ.ഇ.ഡി. വിദ്യാർത്ഥികൾക്ക് ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവ നടപ്പിലാക്കിവരുന്നു.

(ഡി) ആർ.എം.എസ്.എ.-യുടെ ഐ.ഇ.ഡി.എസ്.എസ്. (Inclusive Education of the disabled at Secondary State) പദ്ധതിയിൻ കീഴിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ ഉള്ള 849 റിസോഴ്സ് അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ റിസോഴ്സ് അദ്ധ്യാപകർക്കും മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന റഗുലർ അദ്ധ്യാപകർക്കും കരിക്കുലം അനുരൂപീകരണം, പഠനോപകരണ അനുരൂപീകരണം, പാഠാസൂത്രണം, വിനിമയ മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 40 ശതമാനത്തിലധികം വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി ഈ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക സഹായങ്ങൾ നൽകിവരുന്നു. ഗവ./എയ്ഡഡ് സ്കൂളുകളിലായി 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 19,096 കുട്ടികൾക്കാണ് ആർ.എം.

എസ്.എ.-യിലൂടെ വ്യക്തിഗത സഹായം ലഭ്യമാക്കുന്നത്. ഐ.ഇ.ഡി.എസ്.എസ്.-ന്റെ ഭാഗമായി സംസ്ഥാനത്ത് 23 റിസോഴ്സ് സെന്ററുകളും 209 റിസോഴ്സ് റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളുടെ ശാക്തീകരണം

18 (*259) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി., സീമാറ്റ്, ഐ.ടി@സ്കൂൾ എന്നിവയെ പുനഃസംഘടിപ്പിച്ച് ശാക്തീകരിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പഠന-ബോധന സാമഗ്രികൾ വികസിപ്പിക്കൽ, അധ്യാപക വിദ്യാഭ്യാസം, ഐ.സി.റ്റി. മെറ്റീരിയലുകൾ വികസിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ എസ്.സി.ഇ.ആർ.ടി. നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഐ.ടി@സ്കൂളിനെ കൈറ്റ് എന്ന പേരിൽ സർക്കാർ കമ്പനിയായി പുനഃസംഘടിപ്പിച്ചതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഐ.ടി.@സ്കൂൾ പ്രോജക്ടിനെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒരു സർക്കാർ കമ്പനിയായി മാറ്റിയിട്ടുണ്ട്. 2013-ലെ കമ്പനിസ് ആക്ട് സെക്ഷൻ 8 അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കമ്പനിയാണ് കൈറ്റ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി എന്നിവ കൈറ്റിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്.

എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പരിപാടികൾ സംഘടിപ്പിച്ച് വരുന്നതോടൊപ്പം ഉയർന്ന വിദ്യാഭ്യാസ

യോഗ്യതയുടെയും അനുഭവപരിചയത്തിന്റെയും അടിസ്ഥാനത്തിൽ അവശ്യംവേണ്ട ഫാക്കൽറ്റി അംഗങ്ങളെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ഗസ്റ്റ് ഹൗസിന്റെയും പരിശീലന കേന്ദ്രത്തിന്റെയും പ്രവർത്തനങ്ങൾ മികവുറ്റതാക്കുകയും ചെയ്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിന് സഹായകമാകുംവിധം മാനേജ്മെന്റ് പരിശീലനം നൽകൽ, മികച്ച അനുഭവങ്ങൾ പങ്കിടുന്നതിനുള്ള വേദിയൊരുക്കൽ, ഡോക്യുമെന്റേഷൻ അവലോകനം നടത്തൽ, നിർവ്വഹണ ഫലപ്രാപ്തി പഠനം എന്നിവ സീമാറ്റ് കേരളയുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്.

(ബി) ഐ.സി.റ്റി. അധിഷ്ഠിതമായ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് കൈറ്റ്-ന്റെ സഹകരണത്തോടെ 'സമഗ്ര' എന്ന ലേണിംഗ് റിസോഴ്സ് വെബ് പോർട്ടലിന് രൂപം നൽകി. ഡിജിറ്റൽ റിസോഴ്സുകൾ തയ്യാറാക്കി സേവനം നൽകിവരുന്നത് എസ്.സി.ഇ.ആർ.ടി. മുഖാന്തരമാണ്. അതോടൊപ്പം നിലവിലെ പാഠപുസ്തകങ്ങൾ സമഗ്രമായി വിശകലനം നടത്തി പിഴവുകൾ പരിഹരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ നടത്തിപ്പിനായി മാർഗ്ഗ രേഖകൾ വികസിപ്പിച്ചതോടൊപ്പം ഇതിനായി വിവിധ ശില്പശാലകൾ സംഘടിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടികൾക്കും എസ്.സി.ഇ.ആർ.ടി. നേതൃത്വം നൽകിവരുന്നു. അതോടൊപ്പം സംസ്ഥാന വ്യാപകമായി രക്ഷാകർത്തൃ ബോധവൽക്കരണം സംഘടിപ്പിക്കുന്നതിന് മൊഡ്യൂൾ വികസിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നത് എസ്.സി.ഇ.ആർ.ടി. മുഖാന്തരമാണ്.

(സി) വിദ്യാഭ്യാസ മേഖലയിൽ വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം നടപ്പിലാക്കുക, ഇതിനായി ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ ഐ.സി.ടി. പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-ക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുക, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കൈറ്റ്-ന്റെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

## നഗരപാത നവീകരണ പദ്ധതി

19 (*260) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നഗരപാത നവീകരണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതികളിൽ ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ടൈൽ പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(സി) കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യപദ്ധതിയായ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ 42.537 കി.മീ. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ ചേർന്നുള്ള 22.251 കി.മീ. നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കണ്ണൂർ നഗര റോഡുവികസന പദ്ധതിക്കാവശ്യമായ ഭരണാനുമതി നൽകി. കൊല്ലം, കോട്ടയം, മലപ്പുറം നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പരിഗണനയിലാണ്. കൂടാതെ കാസർഗോഡ്, കൽപ്പറ്റ, മൂന്നാർ, പത്തനംതിട്ട, പയ്യന്നൂർ, മാനന്തവാടി എന്നീ നഗരങ്ങളിൽക്കൂടി നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യൂ.ഡി. വഴി പുനർനിർമ്മിക്കുന്ന പദ്ധതി**

20 (*261) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് റോഡുകൾ പി.ഡബ്ള്യു.ഡി. വഴി പുനർനിർമ്മിക്കുന്ന പദ്ധതി പുനരാരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ, വലിയ തുക വേണ്ടിവരുന്ന ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാം എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ-സി) പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത്/നഗര റോഡുകൾ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ലെന്നാണ് ക്യാബിനറ്റ് തീരുമാനം. ഏറ്റെടുക്കണമെന്ന തീരുമാനം പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് ഇവ പരിഗണിക്കുന്നതാണ്.

**കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്കായി നടപടികൾ**

21 (*262) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. നൗഷാദ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ മേലുള്ള ഇറക്കുമതി ചുങ്കവും റീജിയണൽ കോംപ്രെഹെൻസീവ് ഇക്കോണമിക് പാർട്ണർഷിപ്പ് പദ്ധതി പ്രകാരം വിയറ്റ്നാമുമായുള്ള സ്വതന്ത്ര വ്യാപാര കരാറും കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാക്കുമെന്നതിനാൽ ഇത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) കശുവണ്ടി കയറ്റുമതിക്കായി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ മേലുള്ള ജി.എസ്.ടി. പ്രസ്തുത വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാന സർക്കാർ പുതിയതായി ആരംഭിച്ച കേരള കാഷ്യു ബോർഡ് ലിമിറ്റഡ് കശുവണ്ടി വ്യവസായത്തിന് എപ്രകാരം പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ;

(ഡി) പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കാൻ ആവശ്യമായ ശ്രമം നടക്കുന്നുണ്ടോ; കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) നിലവിലുള്ള അഞ്ച് ശതമാനം ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണെന്നതിനാൽ അത് ഒഴിവാക്കണ മെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നേരിട്ട് കേന്ദ്രമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ സ്വതന്ത്രവ്യാപാര കരാർ പ്രകാരം വിയറ്റ്നാമിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യാനുള്ള റീജിയണൽ കോംപ്രിഹെൻസീവ് ഇക്കോണമിക് പാർട്ണർഷിപ്പ് പദ്ധതി (RCEP) കേരളത്തിലെ കശുവണ്ടി വ്യവസായത്തെ തകർക്കുമെന്നതിനാൽ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പുമന്ത്രിക്ക് കേരള കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് കത്ത് നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാർ 2018-ൽ അവതരിപ്പിച്ച ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായി ടാക്സ് ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.

(ബി) തോട്ടണ്ടിയുടെമേലുള്ള ജി.എസ്.ടി. സാധാരണഗതിയിൽ തിരിച്ച് കിട്ടുന്നതായതിനാൽ വ്യവസായത്തെ ബാധിക്കില്ല. എന്നാൽ ഇതുസംബന്ധിച്ച് ചില സാങ്കേതിക പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ സംസ്കരണ മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത കശുവണ്ടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുള്ളത്. കശുവണ്ടി വ്യവസായമേഖലയ്ക്ക് മിതമായ

നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകും. കൂടാതെ കശുവണ്ടി പരിപ്പ് വിപണനം നടത്തുന്ന കാര്യത്തിലും ബോർഡിന് വ്യവസായ മേഖലയെ സഹായിക്കാവുന്നതാണ്.

(ഡി) പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഈ വിഷയം ധനകാര്യ സ്ഥാപനങ്ങളുമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് തീരുമാനത്തിലെത്തിയെങ്കിലും ബാങ്കുകൾ അത് പ്രയോഗത്തിൽ വരുത്തിയിട്ടില്ല. മുഖ്യമന്ത്രി വീണ്ടും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് മീറ്റീംഗ് വിളിക്കാനിരിക്കുകയാണ്.

കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിപ്പിക്കുകയും 2018 ജനുവരി 30 വരെ 214 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാപ്പെക്സ് 2017-18 കാലയളവിൽ 2017 ഡിസംബർ മാസം വരെ 178 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാപ്പെക്സിലും കോർപ്പറേഷനിലും തോട്ടണ്ടി ലഭ്യമാക്കി കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ പുതുതായി രൂപീകരിച്ച കേരളാ കാഷ്യൂ ബോർഡ് മുഖാന്തരം സർക്കാർ സ്വീകരിച്ചുവരികയാണ്.

## മത്സ്യത്തൊഴിലാളികൾക്കുള്ള അപകട സാധ്യത ഒഴിവാക്കാൻ നടപടി

22 (*263) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ, തീരപ്രദേശങ്ങളിലെ അപകട സാധ്യതകൾ വിശകലനം ചെയ്യുന്നതിനും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തുന്നതിനും ത്രിമാന ഭൂപടം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര തയ്യാറെടുപ്പുകൾ നടത്തുന്നതിന് പ്രസ്തുത ഭൂപടം ഏപ്രകാരമെല്ലാം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(സി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാനായി ഐ.എസ്.ആർ.ഒ.-യുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത കാലാവസ്ഥാ പ്രവചന സംവിധാനം ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) കടലിൽ പോകുന്ന മത്സ്യബന്ധനയാനങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും സജ്ജീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) ത്രിമാന ഭൂപടത്തിൽ ഭൂമിയുടെ ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കും. INCOIS വഴി ലഭ്യമാകുന്ന തിരമാലകളുടെ ഉയർച്ചയും കടലിന്റെ ഒഴുക്കും കാറ്റിന്റെ ദിശയും പോലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര സാഹചര്യങ്ങളിൽ കടൽ കയറാൻ സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങൾ, കടലിന്റെ അടിത്തട്ടിന്റെ സ്വഭാവം എന്നിവ മനസ്സിലാക്കി മുൻകൂട്ടിയുള്ള രക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ത്രിമാന ഭൂപടം സഹായകമാകും.

(സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതിക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ ഉപഗ്രഹങ്ങളുടെ സഹായത്താൽ കരയിൽനിന്നും 1500 കിലോമീറ്റർ അകലെവരെ മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് 'നാവിക്' എന്ന ഉപകരണത്തിന് കഴിയും. ആദ്യഘട്ടത്തിൽ ഐ.എസ്.ആർ.ഒ. 500 ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കും. ഇത് ആഴക്കടലിൽ മത്സ്യബന്ധത്തിന് പോകുന്ന വള്ളങ്ങളിലും യന്ത്രവത്കൃതയാനങ്ങളിലും ഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഐ.എസ്.ആർ.ഒ. ഈ സാങ്കേതികവിദ്യ കെൽട്രോണിന് നൽകുകയും കെൽട്രോൺ 'നാവിക്' വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുന്ന മുറയ്ക്ക് കടലിൽ പോകുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഘടിപ്പിക്കുന്നതാണ്.

(ഡി) കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ കർശനമായും സജ്ജീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾ യാനങ്ങളിൽ സജ്ജീകരിക്കുന്നതിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽ പ്പെട്ടാൽ കരയിൽ ഉടൻ വിവരം എത്തിക്കാനുതകുന്നവിധത്തിലുള്ള റേഡിയോ

ബീക്കണുകൾ, മുമ്പ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്നു. ഇത്തരം റേഡിയോ ബീക്കണുകളുടെ ധർമ്മം കൂടി നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ 'നാവിക്' മെച്ചപ്പെടുത്തുന്നതുമാണ്.

**തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം**

23(*264) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിന് നീക്കമുള്ളതായി അറിവുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദക്ഷിണ റെയിൽവെ ആസ്ഥാനത്തെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് വിഭജന സാധ്യത ആരാഞ്ഞുകൊണ്ട് തിരുവനന്തപുരം, മധുര ഡിവിഷൻ ഓഫീസുകളിലേക്ക് കത്ത് നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നേമം റെയിൽവെ ടെർമിനൽ, നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ റെയിൽ പദ്ധതി തുടങ്ങിയവ പ്രസ്തുത വിഭജനത്തിനു ശേഷം മധുര ഡിവിഷന്റെ ഭാഗമാകുകയാണെങ്കിൽ സംസ്ഥാനത്തിന് ഏതൊക്കെ തരത്തിലുള്ള നഷ്ടം സംഭവിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ്സ് ട്രെയിനുകളുടെ വൈകിയോട്ടവും ആവശ്യത്തിന് ജനറൽ കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്രസർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്ന തിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്രസർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേസ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിപ്പിച്ച് വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടിയായി തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർനിർണ്ണയിക്കു ന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണന യിലില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി 27-11-2017-ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്.

(ബി&സി) ദക്ഷിണ റെയിൽവെ ആസ്ഥാനത്തെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് വിഭജന സാധ്യത ആരാഞ്ഞുകൊണ്ട് തിരുവനന്തപുരം, മധുരൈ ഡിവിഷൻ ഓഫീസുകളിലേക്ക് കത്ത് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു വിഭജന സാധ്യത നിലവിലില്ലാത്തതിനാൽ വരുമാന നഷ്ടം സംബന്ധിച്ച സാധ്യതാപഠനം ഇതുവരെ നടത്തിയിട്ടില്ല.

(ഡി) സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ് ട്രെയിനുകളുടെ വൈകിയോട്ടവും ആവശ്യത്തിന് ജനറൽ

കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കു ന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുന്ന താണ്. രാജധാനി എക്സ്പ്രസ് ആഴ്ചയിൽ അഞ്ച് ദിവസം ഓടിക്കുവാനും എൽ.ബി.എച്ച്. കോച്ചുകൾ ഉൾപ്പെടെ പുതിയ കോച്ചുകൾ ട്രെയിനുകളിൽ ഏർപ്പെടുത്തുവാനും തിരുവനന്തപുരത്തിനും കൊച്ചിക്കും ഇടയിൽ ശതാബ്ദി എക്സ്പ്രസ് ഏർപ്പെടുത്തുവാനും റെയിൽവേ ബോർഡ് ചെയർമാനുമായി നടത്തിയ മീറ്റിംഗിൽ ആവശ്യപ്പെട്ടിരുന്നു. 23 കോച്ചുകൾ വീതമുള്ള അഞ്ച് ജോഡി ട്രെയിനുകളിൽ അധിക കോച്ചുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുവാനും റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സർക്കാർ/എയ്ഡഡ് മേഖലയിലെ സ്വയംഭരണ കോളേജുകൾ**

24(*265) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ നിലവിൽ എത്ര സ്വയംഭരണ കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വയംഭരണാവകാശം ലഭ്യമാക്കിയതിനെ തുടർന്ന് പ്രസ്തുത കോളേജുകളുടെ അക്കാദമിക നിലവാരത്തിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വിലയിരുത്തുമോ;

(സി) സ്വയംഭരണാവകാശം ലഭിച്ചതിനെ തുടർന്ന് കോളേജുകൾക്ക് അക്കാദമിക മുന്നേറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ കൂടുതൽ കോളേജുകൾക്ക് ആയത് നൽകുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിൽ സർക്കാർ മേഖലയിൽ ഒരു കോളേജിനും എയ്ഡഡ് മേഖലയിൽ 18 കോളേജുകൾക്കും സ്വയംഭരണാവകാശം നൽകിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സ്വയം ഭരണാവകാശ പദവി കിട്ടിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയരുകയും തൽഫലമായി അവർക്ക് വളരെ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസിദ്ധമായ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് നേടാൻ അവസരവുമുണ്ടായിട്ടുണ്ട്. അക്കാദമിക് കാര്യങ്ങളിൽ യൂണിവേഴ്സിറ്റി ചെയ്തുവരുന്ന കാര്യങ്ങൾ സ്വയം ചെയ്യുവാനുള്ള അവകാശം സ്വയംഭരണാവകാശ പദവിയുള്ള കോളേജുകൾ ഒരു പരിധിവരെ സ്വായത്തമാക്കിയിട്ടുണ്ട്. സ്വയംഭരണാവകാശ പദവി നൽകിയ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഭൂമി രജിസ്ട്രേഷൻ രംഗത്തെ പ്രശ്നങ്ങൾ**

25 (*266) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം ആധാരം രജിസ്ട്രേഷനുകൾ കുറഞ്ഞതും ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തീകരിക്കാത്തതും ഭൂമിയുടെ ക്രയവിക്രയത്തെ ബാധിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിലെ സെർവറിന്റെ പരിമിതി കൊണ്ടും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന നിസ്സഹകരണം കൊണ്ടും ആധാരം സ്വയം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്ന പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ വകുപ്പിൽ വ്യാപകമായിരിക്കുന്ന അഴിമതി അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) നോട്ട് നിരോധനംമൂലം ആധാരം രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധനം മാറ്റിയ സാഹചര്യത്തിൽ ഇക്കാര്യം സ്വയം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാക്കാത്തത് ഭൂമിയുടെ ക്രയവിക്രയത്തെ ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുമുള്ള സൗകര്യവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതിലൂടെ അപേക്ഷകർക്ക് നേരിട്ട് ഓഫീസുകളിൽ ഹാജരാകാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി, സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് വകുപ്പിൽനിന്ന് നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്ക് സംവിധാനവും വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സബ്രജിസ്ട്രാർ ഓഫീസുകളിൽനിന്നും നൽകുന്ന സേവനപ്രദാനങ്ങൾക്ക് വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമാവധി സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെതന്നെ ബാധ്യതാസർട്ടിഫിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. അതിലേയ്ക്കായി വകുപ്പിലെ ആയിരത്തോളം ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനം**

26(*267) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനത്തിനായി കാഷ്യൂ ബോർഡ് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതു, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കാഷ്യൂ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ ഇടനിലക്കാരെയും അനധികൃത കച്ചവടക്കാരെയും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) സംസ്ഥാനത്ത് പരമ്പരാഗത കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് മുഖ്യമായ കാരണം തോട്ടണ്ടി ക്ഷാമമാണ്. തോട്ടണ്ടി ക്ഷാമം പരിഹരിച്ചുകൊണ്ട് മിതമായ വിലയ്ക്ക് കശുവണ്ടി വ്യവസായ മേഖലയ്ക്ക് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തോട്ടണ്ടി ഉല്പാദകരാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

(ബി) 2017 ഒക്ടോബർ മാസം കേരള കാഷ്യൂ ബോർഡ് ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികളുടെ പ്രാരംഭ ഘട്ടത്തിലാണ് കാഷ്യൂ ബോർഡ് ഉദ്യോഗസ്ഥർ താൻസാനിയ, മൊസാംബിക്, കോർട്ട് ഡി ഐവറി എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ അതത് രാജ്യങ്ങളിലെ അംബാസിഡർമാരുടെ സഹായ സഹകരണത്തോടെ ഈ മൂന്ന് രാജ്യങ്ങളിലുമുള്ള സഹകരണ മേഖല, ചേംബർ ഓഫ് കോമേഴ്സ് തുടങ്ങി മറ്റ് ഏജൻസികളുമായും ചർച്ച നടത്തിക്കഴിഞ്ഞു.

താൻസാനിയായിലുള്ള കാഷ്യൂനട്ട് ബോർഡ് ഓഫ് താൻസാനിയ കശുവണ്ടി ലേലം ചെയ്യുന്ന അതോറിറ്റിയാണ്. പ്രസ്തുത അതോറിറ്റിയിൽ കേരള കാഷ്യൂ ബോർഡ് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കുവാനുള്ള നടപടിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മൊസാംബിക്കിൽ പ്രവർത്തിക്കുന്ന ഇൻകാജു എന്ന അതോറിറ്റി കശുവണ്ടി വിപണനത്തിൽ നിയന്ത്രണമുള്ള സ്ഥാപനമാണ്. കോർട്ട് ഡി ഐവറിയിലെ കോട്ടൺ ആന്റ് കാഷ്യൂ കൗൺസിൽ കശുവണ്ടി കയറ്റുമതി ലൈസൻസും ഫാം ഗേറ്റ് പ്രൈസും നിശ്ചയിക്കുന്ന ഒരു സ്വതന്ത്ര സ്ഥാപനമാണ്. കേരള കാഷ്യൂ ബോർഡിന് ഓഹരി മൂലധനം ലഭിക്കുന്ന മുറയ്ക്ക് ലേലം വഴിയോ ടെണ്ടർ മുഖേനയോ കശുവണ്ടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കേരള കാഷ്യൂ ബോർഡ് താൻസാനിയായിൽ ലേലത്തിൽ പങ്കെടുത്ത് തോട്ടണ്ടി വാങ്ങാനും മറ്റ് രാജ്യങ്ങളിൽ നിന്നും ടെണ്ടർ മുഖേന കശുവണ്ടി വാങ്ങാനും വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**അഴിമതിരഹിത റവന്യൂഭരണം**

27(*268) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓൺലൈനായി കരമടയ്ക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

റവന്യൂവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റവന്യൂ ഭരണം കാര്യക്ഷമവും അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിലേക്കായി സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് വില്ലേജ്, താലൂക്ക് ആഫീസുകളിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും ജില്ലാ കളക്ടറേറ്റുകളിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തിയും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അഴിമതിക്കാരായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കിയും അർഹിക്കുന്ന ശിക്ഷകൾ നൽകിയും കർശന നിലപാട് സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന എല്ലാ പരാതികളിലും സമയപരിധിക്കുള്ളിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ യാതൊരു കാരണവശാലും പുറമേനിന്ന് ഇടപെടലുകൾ ഉണ്ടാകരുതെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. അഴിമതി ആരോപണം, വിജിലൻസ് കേസ്സുകൾ എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാരെ പൊതുജന സമ്പർക്കം കുറഞ്ഞ തസ്തികകളിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. ഫയലുകളിലെ നടപടിരാഹിത്യം, കാലതാമസം എന്നിവ ഒഴിവാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും ജാഗ്രതാ നിർദ്ദേശം നൽകി റവന്യൂ ഭരണം അഴിമതി രഹിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ, 1440 വില്ലേജുകളിൽ പോക്കുവരവ്, ഭൂനികുതി എന്നിവ ഓൺലൈൻ ആക്കിയിട്ടുണ്ട്. സമഗ്രമായ ഒരു ഇ-പേമെന്റ് സംവിധാനം വയനാട്, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

## റവന്യൂ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികൾ

28 (*269) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളായ ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പെയ്മെന്റ്, ഇ-ട്രഷറി, ഇ-പ്രൊക്യൂർമെന്റ്, ഡിജിറ്റൽ ഇന്ത്യ, ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം തുടങ്ങിയവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതിയും പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഇനി എത്ര കാലയളവ് വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇ-പെയ്മെന്റ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ, അക്ഷയ സെന്ററുകളും സർവ്വീസ് സെന്ററുകളും വഴി ലാന്റ് ടാക്സും മറ്റും അടയ്ക്കുന്നതിന് ഫീസ് ചുമത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ)

ഇന്റഗ്രറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം: ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നത്. നിലവിൽ 1440 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്.

ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP): ഇ-ഗവേണൻസിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത ഭൂരേഖ കമ്പ്യൂട്ടർവത്കരണ പദ്ധതി, റവന്യൂ ഭരണ ശാക്തീകരണം, ഭൂരേഖ നാളതീകരണം എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ദേശീയതലത്തിൽ ഡി.ഐ.എൽ.ആർ.എം.പി. നടപ്പിലാക്കുന്നത്. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ രജിസ്ട്രേഷൻ സർവ്വേ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഇതിന്റെ ഭാഗമായി ReLIS പദ്ധതി 15-9-2011-ന് പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചു. ഡി.ഐ.എൽ. ആർ.എം.പി.-യുടെ ഭാഗമായി ആവിഷ്കരിച്ച വിവിധ ഓൺലൈൻ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും പുതിയ സാങ്കേതങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും സംസ്ഥാനത്തുടനീളം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കിവരുന്നു.

റവന്യൂ ഇ-പേമെന്റ്: സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേമെന്റ് സംവിധാനം വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റിതര പേമെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്.

ഇ-ട്രഷറി: റവന്യൂ ഇ-പേമെന്റ് സിസ്റ്റത്തെ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ റവന്യൂ വകുപ്പുവഴിയുള്ള നികുതികൾ ഓൺലൈനായി അടയ്ക്കാൻ നികുതിദായകർക്ക് കഴിയും.

ഇ-പ്രൊക്യൂർമെന്റ്: നിലവിൽ റവന്യൂ വകുപ്പിനു കീഴിലുള്ള 33 സ്ഥാപനങ്ങളിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം (1)* ആയി ചേർക്കുന്നു.

വിശദീകരണക്കുറിപ്പ് അനുബന്ധം (2)* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതികൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(സി) ഫീസ് ചുമത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുകയാണ്.

## പൊതു ആവശ്യത്തിനായി നടത്തുന്ന വസ്തുവില്പന

29 (*270) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെഗോഷിയേറ്റ് ചെയ്ത് വസ്തു പൊതു ആവശ്യത്തിനായി വിൽക്കുന്ന അവസരത്തിൽ വസ്തു ഉടമകൾക്ക് കോമ്പൻസേഷനായി അനുവദിക്കുന്ന തുകയിൽ നിന്നും ഇൻകംടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബാലകൃഷ്ണൻ vs യൂണിയൻ ഓഫ് ഇൻഡ്യ എന്ന കേസിലെ 1-1-2017-ലെ സുപ്രീംകോടതി വിധിക്ക് ശേഷം ഇപ്രകാരം വസ്തു നൽകിയ ഭൂവുടമകൾക്ക് ഇളവ് ലഭിക്കുന്നതിന് അർഹതയുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റവന്യൂവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2013-ലെ RFCTLARR Act-ലെ സെക്ഷൻ 96 പ്രകാരം (സെക്ഷൻ 46 ഒഴികെ) പാസ്സാക്കുന്ന ഏതെങ്കിലും അവാർഡിനോ ഉടമ്പടിക്കോ ഏതൊരു ആദായ നികുതിയോ സ്റ്റാമ്പ് ഡ്യൂട്ടിയോ ചുമത്താൻ പാടില്ലെന്ന് പ്രസ്തുത നിയമം അനുശാസിക്കുന്നു.

എൽ.എ.ആർ.ആർ. നിയമപ്രകാരം കണക്കാക്കുന്ന തുകയെക്കാൾ കൂടുതൽ തുക ഭൂവുടമകൾക്ക് നൽകേണ്ട അവസരങ്ങളിൽ പ്രസ്തുത നിയമത്തിലെ സെക്ഷൻ 108 പ്രകാരം സ്റ്റേറ്റ് പോളിസി രൂപീകരിച്ച് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഈ അധികാരത്തിന്റെ ചുവടുപിടിച്ച് 23-9-2015-ലെ സ.ഉ.(കൈ.) 485/2015/റവ. നമ്പർ ഉത്തരവ് പ്രകാരം നെഗോസിയേഷൻ നടത്തി കൂടുതൽ തുക ഭൂവുടമകൾക്ക് നൽകുന്നതിലേക്കായി സ്റ്റേറ്റ് പോളിസി രൂപീകരിക്കുകയുണ്ടായി. സ്റ്റേറ്റ്

പോളിസിപ്രകാരം ഭൂവുടമകളുമായി നെഗോഷ്യേറ്റ് ചെയ്യേണ്ട അവസരങ്ങളിൽ എൽ.എ.ആർ.ആർ. ആക്ടിലെ 11-ാം വകുപ്പുപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും ജില്ലാതല പർച്ചേസ് കമ്മിറ്റി (ഡി.എൽ.എഫ്.സി.) കൂടി സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ഒരു സമയവായത്തിലെത്തേണ്ടതുണ്ട്. ഡി.എൽ.എഫ്.സി. അംഗീകരിച്ച സ്ഥലവില ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് വില നിശ്ചയിച്ച ഇത്തരം കേസ്സുകളിൽ ആദായനികുതിയും സ്റ്റാമ്പ് ഡ്യൂട്ടിയും ഈടാക്കേണ്ടതില്ല.

(ബി&സി) ബാലകൃഷ്ണൻ Vs. യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 11-1-2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിനു കീഴിൽ നെഗോഷ്യേറ്റ് ചെയ്ത വസ്തു പൊതു ആവശ്യത്തിനായി വിൽക്കുന്ന അവസരത്തിൽ വസ്തു ഉടമകൾക്ക് കോമ്പൻസേഷനായി അനുവദിക്കുന്ന തുകയിൽ നിന്നും ഇൻകം ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഈടാക്കേണ്ടതില്ല എന്ന് വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുഴയിൽ ഇടുന്ന മണ്ണ് നീക്കംചെയ്യുന്നതിന് നടപടി

1 (2847) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വലിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ പുഴനികത്തുന്നതിന് ഉപയോഗിക്കുന്ന മണ്ണ് പ്രവൃത്തി പൂർത്തിയായാലും നീക്കം ചെയ്യാത്തതിനാൽ മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാവുന്നതും മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതും കണക്കിലെടുത്ത് നിക്ഷേപിച്ച മണ്ണ് യഥാസമയം നീക്കം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വലിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ പുഴ നികത്തുന്നതിന് ഉപയോഗിക്കുന്ന മണ്ണ് പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

2 (2848) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ട് എന്നറിയിക്കാമോ; പ്രസ്തുത റോഡുകളുടെ വിവരം ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഏറ്റെടുത്തിട്ടില്ലെങ്കിൽ റോഡ് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡം രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പാലങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതി

3 (2849) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം നിയോജക മണ്ഡലത്തിൽ ചുവടെ പറയുന്ന ഏഴ് പാലങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെചേർക്കുന്നു.

കല്ലുപാലം-പ്രസ്തുത പാലത്തിന്റെ 148 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

കന്നീസ്സക്കടവ് പാലം:- പാലത്തിന്റെ ഡിസൈൻ ലഭിച്ചതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പാർക്ക് ജംഗ്ഷൻ പാലം നിർമ്മാണത്തിനുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കായംകുളം മാർക്കറ്റ് പാലം നിർമ്മാണത്തിനുള്ള 551 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കോയിക്കൽപ്പടി പാലം നിർമ്മാണത്തിനുള്ള 394 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഭരണാനുമതിക്കായി 5-2-2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

മുട്ടേൽ പാലം ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി ആയത് ചീഫ് എഞ്ചിനീയർ ഡിസൈന് കൈമാറേണ്ടതുണ്ട്. മുനമേൽ സൊസൈറ്റി പാലം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പാലത്തിന്റെ മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയായാലുടൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഡിസൈന് കൈമാറേണ്ടതുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

## പി.ഡബ്ല്യൂ.ഡി. റോഡുകൾ വെട്ടിപ്പൊളിച്ച് ചെയ്യുന്ന പ്രവൃത്തികൾ

4 (2850) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉയർന്ന നിലവാരത്തിൽ രൂപപ്പെടുത്തിയ പി.ഡബ്ളിയു.ഡി. റോഡുകൾ മിക്ക സ്ഥലങ്ങളിലും ജല അതോറിറ്റിയുടെ കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈനുകൾ പോകുന്നതിനായും മറ്റും വെട്ടിപ്പൊളിച്ച് പ്രവൃത്തികൾ ചെയ്യുന്നത് കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) ഇങ്ങനെ റോഡുകൾ വെട്ടിപ്പൊളിയ്ക്കുന്നതിന് പി.ഡബ്ളിയു.ഡി. മുൻകൂർ അനുവാദം നൽകിയാണോ പ്രവൃത്തികൾ ചെയ്യുന്നത്; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം വെട്ടിപ്പൊളിയ്ക്കുന്ന റോഡുകൾ പിന്നീട് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ ഉത്തരവാദിത്വം ആരുടെതാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റോഡുകൾ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പോകുന്നതിനും മറ്റും വെട്ടിപ്പൊളിച്ച്

പ്രവൃത്തികൾ ചെയ്യുന്നത് കുറ്റമറ്റതാക്കുവാൻ 5-1-2018-ലെ സ.ഉ. (സാധാ.) നമ്പർ 30/2018/പൊ.മ.വ. പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/ 2015/S&R(R) തീയതി 22-11-2016 നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്.

(ബി) ഇങ്ങനെ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ മുൻകൂർ അനുവാദം വാങ്ങിയാണ് പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്. റോഡിലെ ടാറിംഗ് പൂർത്തിയാക്കിയതിനുശേഷം കുടിവെള്ള പദ്ധതിക്കായി പൈപ്പ്ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ നൽകിയാൽ അത് പരിഗണിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ഇത്തരം സാഹചര്യത്തിൽ റസ്റ്റൊറേഷൻ ചാർജ് വാങ്ങി, കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഏകോപന സമിതിയുടെ അനുമതി ലഭിക്കുന്ന തനുസരിച്ച് പൈപ്പ്ലൈൻ ഇടുന്നതിനുള്ള അനുവാദം നൽകുകയും പൈപ്പ് ലൈൻ ഇടുന്നതനുസരിച്ച് റസ്റ്റൊറേഷൻ പ്രവൃത്തികൾ നടത്തുകയുമാണ് ചെയ്യുന്നത്.

(സി) ഇപ്രകാരം വെട്ടിപ്പൊളിക്കുന്ന റോഡുകളിൽ പൈപ്പ്ലൈനുകൾ ഇട്ടുകഴിഞ്ഞശേഷം താൽക്കാലികമായി കുഴികൾ മൂടുന്നതിനുള്ള ചുമതല കുഴികൾ എടുക്കുന്നവരുടെ ഉത്തരവാദിത്വത്തിലാണ്. പൈപ്പ്ലൈനുകളുടെ പ്രവൃത്തി പൂർത്തീകരണത്തിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനഃസ്ഥാപിക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) തീയതി 22-11-2016 നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം അഞ്ച് വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

**റോഡ് നവീകരണം**

5 (2851) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ റോഡിന്റെ നവീകരണ പ്രവൃത്തിയുടെ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി ഇതിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി പ്രൊസീഡിംഗ്സ് നമ്പർ APR-2/330/2017/KIIFB dt 21-12-2017 പ്രകാരം 88.92 കോടി രൂപയ്ക്ക് അപ്രൂവ് ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കരമന - വെള്ളറട റോഡ് നവീകരണം

6 (2852) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്) വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കരമന-വെള്ളറട റോഡിന്റെ നവീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 21.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി നടന്നുവരുന്നു. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള സർവ്വേ നടപടികൾ നടന്നുവരുന്നു. റവന്യൂ അധികൃതരും ചേർന്നുള്ള സംയുക്ത പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് പുറമ്പോക്ക് കഴിച്ച് സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. ആ സന്ദർഭത്തിൽ മാത്രമേ എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നതിൽ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

(സി) ടി പ്രവൃത്തിക്ക് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി പൂർത്തിയാക്കിയശേഷം മാത്രമേ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് മൂല്യനിർണ്ണയ നടപടി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## കരമന-കളിയിക്കാവിള എൻ.എച്ച്. വികസനം

7 (2853) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള എൻ.എച്ച്. പാതയിലെ വഴിമുക്ക് മുതൽ കളിയിക്കാവിള വരെ റോഡ് വീതികൂട്ടുന്നതിന് നിലവിൽ എടുത്ത നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രാവച്ചമ്പലം-വഴിമുക്ക് ടെണ്ടർ നടപടി സ്വീകരിച്ചോ; അതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കാമോ;

(സി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പുതിയ പാതയുടെ അലൈൻമെന്റ് പൂർത്തീകരിച്ചോ; ഈ പാതയ്ക്ക് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്;

(ഡി) വഴിമുക്ക്-കളിയിക്കാവിള എൻ.എച്ച്. പാതയുടെ വികസനത്തിന് എത്ര കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) വഴിമുക്ക്-കളിയിക്കാവിള പാത വികസനം 2018-19-ൽ പൂർത്തീകരിക്കാൻ കഴിയുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിലെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റ് പ്ലാൻ പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഈ അലൈൻമെന്റിനെ സംബന്ധിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത അലൈൻമെന്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി പൊതുമരാമത്ത് പി.പി.യു. വിഭാഗത്തിൽ പുരോഗമിക്കുന്നു.

(ബി) കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കിലോമീറ്റർ ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കിലോമീറ്റർ ഭാഗത്തിന്റെ ടെണ്ടർ നടപടി 2018 ഫെബ്രുവരി മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ ഒരു വർഷം കൊണ്ടുമാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മി. ഭാഗം റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി കൈമാറുന്ന മുറയ്ക്ക് മാത്രമേ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പാതയുടെ അലൈൻമെന്റിന് അനുമതി ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

(ഡി&ഇ) നിലവിൽ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടില്ല. അലൈൻമെന്റ് അംഗീകരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ പദ്ധതി ചെലവ് അറിയുവാൻ കഴിയുകയുള്ളൂ. പദ്ധതി തുകയ്ക്ക് ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചാൽ മാത്രമേ ഈ ഭാഗത്തെ പാത വികസനം ആരംഭിക്കുകയുള്ളൂ.

**ഒരോടം പാലം പുനരുദ്ധാരണം**

8 (2854) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതി കൂട്ടി പുനരുദ്ധാരണം നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിയെന്തെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി സി.ഇ. (എൻ.എച്ച്.) മുഖേന തുക അനുവദിച്ചിട്ടുണ്ടോ; ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റിന്റെ റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിലെ ഒരോടം പാലം പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശമാണ് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. പ്രസ്തുത പാലത്തിന്റെ വീതി കൂട്ടുന്ന നടപടി ദേശീയപാത 966-ന്റെ വീതി കൂട്ടലിനോടനുബന്ധിച്ച് മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ.

## പിറവം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി

9 (2855) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ, മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി. ഡിവിഷന് കീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി എന്നത്തേക്ക് പൂർത്തിയാക്കണ മെന്നായിരുന്നു നിർദ്ദേശിച്ചിരുന്നത്; പ്രസ്തുത നിർദ്ദേശ പ്രകാരം പണി പൂർത്തിയാക്കി യിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ; ഇതിന് ഉത്തരവാദി കളായവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2016-17-ൽ 16 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 93.08 ലക്ഷം രൂപയും 2017-18-ൽ 19 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 156 ലക്ഷം രൂപയും മൂവാറ്റുപുഴ റോഡ്സ് ഡിവിഷനു കീഴിൽ നീക്കിവച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി 28-2-2018-ന് മുമ്പായി പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2016-17-ലെ മൂന്ന് പ്രവൃത്തികൾക്കും 2017-18-ലെ നാല് പ്രവൃത്തികൾക്കും ഇതുവരെ കരാറുകാരിൽനിന്നും പ്രതികരണം ലഭിച്ചിട്ടില്ല.

## റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം

10 (2856) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൻ കീഴിലെ റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ വരുന്ന അപാകതകളുടെ ഉത്തരവാദിത്വം പ്രസ്തുത കരാറുകാരന്റെ ബാധ്യത ആക്കുവാനും അത് അവരെക്കൊണ്ടു തന്നെ പരിഹരിപ്പിക്കുവാനും ഉതകുന്ന തരത്തിലേക്ക് നിയമ നിർമ്മാണം നടത്തുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധതരം പ്രവൃത്തികൾക്കായി 13-8-2013-ലെ സ.ഉ.(കൈ.) നമ്പർ 73/2013/പൊ.മ.വ. പ്രകാരം defect liability period നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം ടി ഉത്തരവിൽ പറയുന്ന കാലയളവിൽ പ്രവൃത്തികൾക്കുണ്ടാകുന്ന അപാകതകൾ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന്റെ ചെലവിൽത്തന്നെ പരിഹരിച്ചുവരുന്നുണ്ട്.

## തീരദേശ ഹൈവേയുടെ നിർമ്മാണം

11 (2857) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; ഇത് സംബന്ധിച്ച നാറ്റ്പാക്കിന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഹൈവേ നിർമ്മാണത്തിന് ഇതിനകം കിഫ്ബിയിൽ നിന്നും ലഭിച്ച തുക എത്രയെന്നും അതിൽ എന്ത് തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തീരദേശ ഹൈവേയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചിട്ടില്ല.

**വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക്**

12 (2858) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ചുരത്തിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് അടിയന്തരമായി ആവശ്യപ്പെടുമോ?

ഉത്തരം

വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് മാറ്റുന്നതിനായി ദേശീയപാതാ വിഭാഗം താൽക്കാലികമായി കുഴിയടയ്ക്കുകയും സ്ഥായിയായ പ്രവൃത്തികൾക്കായി വളവുകൾ വീതി കൂട്ടുന്നതിനായി സ്ഥലം ലഭ്യമാക്കുവാനുള്ള നടപടിക്രമം അന്തിമഘട്ടത്തിലുമാണ്. വീതി കൂട്ടുന്നതിലൂടെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയും.

**കിഫ്ബി പദ്ധതികൾ**

13 (2859) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് പൊതുമരാമത്ത് വകുപ്പ് കിഫ്ബി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ നിലമ്പൂർ-നായാടുംപൊയിൽ-വള്ളംതോട് റോഡ് കിഫ്ബി അപ്രൈസലിൽ എത്തിയിട്ടുണ്ടോ; എങ്കിൽ ആയത് അപ്രൂവ് ചെയ്ത് ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയത് ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. നാലുവരിപ്പാതയുടെ നിർമ്മാണം-കരമന- കളിയിക്കാവിള-പ്രാവചമ്പലം-വഴിമുക്ക് (കി.മി. 575/500-582/000) - 162.46 കോടി രൂപ

2. തീരദേശ ഹൈവേയുടെ നിർമ്മാണം - 6500 കോടി രൂപ

3. എറണാകുളം ജില്ലയിലെ വൈറ്റില ഫ്ലൈഓവറിന്റെ നിർമ്മാണം - 113 കോടി രൂപ

4. കോഴിക്കോട് ജില്ലയിലെ ദേശീയപാത 66-ലെ ഏലത്തൂർ-കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം - 20.00 കോടി രൂപ

5. എറണാകുളം ജില്ലയിലെ കുണ്ടന്നൂർ ഫ്ലൈഓവറിന്റെ നിർമ്മാണം- 88.77 കോടി രൂപ

6. ശ്രീകാര്യം, ഉള്ളൂർ, പട്ടം, ഫ്ലൈഓവറുകളുടെ നിർമ്മാണം- 272.84 കോടി രൂപ

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളുടെ കീഴിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I, II* ആയി ചേർത്തിരിക്കുന്നു.

(ബി) ഏറനാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം III* ആയി ചേർത്തിരിക്കുന്നു.

(സി) നായാട്ടുംപൊയിൽ-വള്ളംതോട് റോഡ് കിഫ്ബി അപ്രൈസലിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**മാതൃകാ നടപ്പാതകൾ**

14 (2860) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിരക്കേറിയ റോഡുകളുടെ വശങ്ങളിൽ കാൽനട യാത്രക്കാർക്കുള്ള പാതയിൽ വാഹനങ്ങൾ പാർക്ക് ചെയ്തും വഴിയോരക്കച്ചവടം നടത്തിയും തടസ്സങ്ങൾ സൃഷ്ടിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ അനധികൃത പാർക്കിങ്ങും മറ്റു തടസ്സങ്ങളും ഒഴിവാക്കി കാൽനടയാത്ര സുഗമമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാഹനം, തടി, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ റോഡ് സൈഡിൽ കൂട്ടിയിട്ട് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ തിരക്കേറിയ റോഡുകൾക്ക് ഇരുവശവും മാതൃകാ നടപ്പാതകൾ നിർമ്മിക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പാർക്കിംഗ് ഉണ്ടാകാതിരിക്കാൻ അനിവാര്യമായ സൂചനാ (നോ പാർക്കിംഗ്) ബോർഡുകളും മറ്റ് റോഡ് മാർക്കിംഗുകളും നൽകിവരുന്നു. പ്രസ്തുത സന്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി പോലീസ് വകുപ്പാണ് അനന്തര നടപടി സ്വീകരിക്കേണ്ടത്. അനധികൃത വഴിയോര കച്ചവടം, മറ്റ് തടസ്സങ്ങൾ മുതലായവ പോലീസ് സഹായത്തോടെ നീക്കം ചെയ്യുന്നു.

(സി) വാഹനം, തടി, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ റോഡ് സൈഡിൽ കൂട്ടിയിട്ട് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ നിലവിൽ 3-9-2016-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 63/16/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം റോഡുകൾ കയ്യേറി തടസ്സം സൃഷ്ടിച്ചാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രോട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതുമാണ്.

(ഡി) ഫണ്ട് ലഭ്യത, സ്ഥലം ലഭ്യത എന്നിവ അനുസരിച്ച് കാൽനട യാത്രക്കാർക്ക് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള തിരക്കേറിയ റോഡുകൾക്ക് ഇരുവശവും നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.റ്റി.പി. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പോലുള്ള വൻകിട പദ്ധതികളിൽ നടപ്പാത

ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതികളിൽ കാൽനട യാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ടൈൽ പാകിയ നടപ്പാതകൾ നിർമ്മിക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

## കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളും പാലങ്ങളും

15 (2861) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്ലാനും സ്കെച്ചും തയ്യാറാക്കുന്നത് കേന്ദ്ര സർക്കാർ ഏജൻസികൾ ഏകപക്ഷീയമായിട്ടാണോ; വ്യക്തമാക്കാമോ;

(ബി) ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ജനവാസ കേന്ദ്രങ്ങളുടെ നിലനിൽപ്പിനും ദോഷകരമായ നിലയിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ സംസ്ഥാന സർക്കാർ ഇടപെട്ട് ശാസ്ത്രീയമായ നിലയിൽ മാറ്റം വരുത്താൻ കഴിയുമോ ;

(സി) വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമ്പോൾത്തന്നെ ജനവാസ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വരുന്ന പരാതികൾ കൂടി പരിഹരിക്കേണ്ടതല്ലേ; വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ എൻ. എച്ച്. ബൈപ്പാസ് റോഡിന്റെ സർവ്വീസ് റോഡിന്റെയും ഓടയുടെയും നിർമ്മാണത്തെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്ലാനും സ്കെച്ചും തയ്യാറാക്കുന്നത് കേന്ദ്ര സർക്കാർ ഏജൻസികൾ ഏകപക്ഷീയമായിട്ടല്ല. പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്നത് ഐ.ആർ.സി. മാനദണ്ഡങ്ങളും മറ്റ് ബാധകമായിട്ടുള്ള കോഡുകളും പ്രകാരമാണ്. കേരള പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിക്കാറുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്.

(ബി) ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ജനവാസ കേന്ദ്രങ്ങളുടെ നിലനിൽപ്പിന് ദോഷകരമായ നിലയിൽ ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നുംതന്നെ നടക്കുന്നില്ല. പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചും സോഷ്യൽ ഇംപാക്ടുകളെക്കുറിച്ചും പ്രത്യേക പഠനം നടത്താറുണ്ട്.

(സി) വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമ്പോൾ കാര്യപ്രസക്തമായ പരാതികൾ ലഭിക്കുകയാണെങ്കിൽ ആയവ കൂടി പരിഗണിക്കാറുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ച വിഷയത്തിൽ ബന്ധപ്പെട്ട കരാറുകാരനോട് അംഗീകാരം ലഭിച്ച രൂപരേഖ പ്രകാരമുള്ള പണികൾ യഥാവിധി ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## തലസ്ഥാന നഗരിയിലെ എം.എൽ.എ. റോഡിന്റെ വീതികൂട്ടൽ

16 (2862) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ മണക്കാട് ജംഗ്ഷനിൽ നിന്നും എൻ. എച്ച്. ലേക്ക് പോകുന്ന എം.എൽ.എ. റോഡ് വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ട് നാളിതുവരെ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമായി തീയതി സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് അടിയന്തരമായി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. നിർദ്ദേശം വരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കും.

## ബലക്ഷയം സംഭവിച്ച പാലങ്ങൾ

17 (2863) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര പാലങ്ങൾ (ഗ്രേഡ് തിരിച്ച്) നിലവിലുണ്ട് എന്നും ഇവയുടെ ബലവും/ബലക്ഷയവും പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഇവ പരിശോധിക്കാൻ നിയോഗിപ്പെടുന്നവർ ആരൊക്കെയാണ്; ഇവരുടെ പ്രവർത്തനം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത്

ഫലപ്രദമാണോ; ഇല്ലെങ്കിൽ യോഗ്യരായ അന്വേഷകരേയും അന്വേഷണ സംവിധാനത്തെയും ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ പരിശോധന നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പാലങ്ങളിൽ ബലക്ഷയം സംഭവിച്ചവയും അവയിൽ ഗതാഗതത്തിന് ഉപയോഗിക്കുന്നതുമായ പാലങ്ങൾ എത്രയെന്നും അവ ഏതെല്ലാ മെന്നും വ്യക്തമാക്കുമോ;

(ഡി) ഉദ്യോഗസ്ഥ അലംഭാവവും അഴിമതിയും മൂലം ബലക്ഷയം സംഭവിച്ച പാലങ്ങൾ ഏതെല്ലാം എന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ, നിർമ്മാതാക്കൾ, കരാറുകാർ എന്നിവർക്കെതിരെ സ്വീകരിച്ചനടപടികൾ എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 2445 പാലങ്ങൾ നിലവിലുണ്ട്. ഇവയുടെ ബലവും/ബലക്ഷയവും പരിശോധിച്ചതിൽ 693 പാലങ്ങൾക്ക് യാതൊരു കുഴപ്പവുമില്ലെന്നും 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾക്ക് പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധാരണമോ ആവശ്യമുള്ളതാണെന്നും 1473 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) പാലങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കുവാനായി വകുപ്പിലെ ഉദ്യോഗസ്ഥരും കൂടാതെ ബ്രിഡ്ജ് നിർമ്മാണത്തിൽ പരിചയമുള്ള വിരമിച്ച ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള ഒരു ബ്രിഡ്ജ് ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ* ഉള്ളടക്കം ചെയ്യുന്നു. ഇവരുടെ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. അതുകൊണ്ടുതന്നെ ഈ സർക്കാർ ഇവരുടെ പ്രവർത്തനം പരിശോധിച്ചിട്ടില്ല. പുതിയ അന്വേഷകരെയും അന്വേഷണ സംവിധാനത്തെയും ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ പരിശോധന നടത്തുന്നതിനെ സംബന്ധിച്ച് നിലവിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(സി) സംസ്ഥാനത്തെ പാലങ്ങളിൽ ബലക്ഷയം സംഭവിച്ചവയും അവയിൽ ഗതാഗതത്തിന് ഉപയോഗിക്കുന്നതുമായ പാലങ്ങൾ 162 എണ്ണമാണുള്ളത്. അവയുടെ വിശദാംശം അനുബന്ധം 2*-ൽ ഉള്ളടക്കം ചെയ്യുന്നു. നിലവിൽ ടി പാലങ്ങളിൽ കൂടി ഗതാഗതം അനുവദിക്കുന്നുണ്ട്. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിലുള്ള പുല്ലുവഴി-പി.കെ.വി. റോഡിലെ പോണേക്കാവ് പാലം-പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ റയോൺപുരം പാലം, പിറവം നിയോജകമണ്ഡലത്തിലെ പടവെട്ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പാലം എന്നിവയിൽ നിയന്ത്രിത രീതിയിൽ ലഘുവാഹനം കടത്തി വിടുന്നുണ്ട്. കോട്ടയം 26-ാം മൈൽ പാലം, പാണമ്പാടി പാലം ഇവ താൽക്കാലികമായി അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(ഡി) ഉദ്യോഗസ്ഥ അലംഭാവവും അഴിമതിയുംമൂലം പാലങ്ങൾക്ക് ബലക്ഷയം സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

## ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി

18 (2864) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 3-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 59/2015 പ്രകാരം ഹരിപ്പാട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിരുന്ന റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത റോഡുകളിൽ എത്ര റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായി; ഇനി എത്ര റോഡുകൾ പൂർത്തീകരിക്കുവാനുണ്ട്; ഇതിന്റെ നിർവ്വഹണം തടസ്സപ്പെടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർവ്വഹണതടസ്സം നേരിടുന്ന റോഡുകൾക്ക് പകരമായി, അതേ പഞ്ചായത്തിൽ മറ്റ് റോഡുകളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഹരിപ്പാട് മണ്ഡലത്തിൽ നിർദ്ദേശിച്ചിരുന്ന ആറാട്ടുപുഴ പഞ്ചായത്തിലെ നല്ലാണിക്കൽ കാവിൽ-ഒട്ടുപ്പത്ത് കായൽ വാരം റോഡ് (വാർഡ് നമ്പർ 12), ചിങ്ങോലി പഞ്ചായത്തിലെ വായനശാല-ചൂരവിള റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 3-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 59/2015 പ്രകാരം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 24 റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായി. മൂന്ന് റോഡുകൾ പൂർത്തീകരിക്കുവാനുണ്ട്. പ്രാദേശികമായ ഭൂമി തർക്കങ്ങളാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പകരം നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അതിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## നിയോജകമണ്ഡലത്തിലെ റോഡുകൾ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിധിയിൽ കൊണ്ടുവരാൻ നടപടി

19 (2865) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരമായ സൗകര്യം കൂടുതൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിലെ റോഡുകൾ മുഴുവൻ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ നിയോജകമണ്ഡലത്തിലും ഉൾപ്പെട്ടുവരുന്ന റോഡുകളുടെ ദൈർഘ്യം വ്യത്യസ്തമായതിനാൽ ചില മണ്ഡലങ്ങളിലെ റോഡുകൾ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിധിയിൽ വരുന്നത് ആ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധിക ഭാരം ഉണ്ടാക്കും. നിലവിൽ എഞ്ചിനീയർമാർക്ക് അധികഭാരമുള്ളതിനാൽ കൂടുതൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഫിനാൻസ് വകുപ്പിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

## കല്ലട്ക-ചെർക്കള റോഡ്

20 (T*2866) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയെ കർണ്ണാടകയുമായി ബന്ധിപ്പിക്കുന്ന ഇന്റർസ്റ്റേറ്റ് റോഡായ കല്ലട്ക്ക-ചെർക്കള റോഡ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി ഏത് ഘട്ടത്തിലായെന്നും, എപ്പോൾ പ്രവൃത്തി ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കല്ലട്ക - ചെർക്കള റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള രണ്ട് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 1-11-2016-ലെ സ.ഉ.(സാധാ.) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. 7-12-2017-ൽ കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ച് സാങ്കേതികാനുമതിയും നൽകിയശേഷം മാത്രമേ ടെണ്ടർ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

## എകരൂർ-കാപ്പിയിൽ പൂവമ്പായ് റോഡിന്റെ നവീകരണം

21 (2867) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ എകരൂർ-കാപ്പിയിൽ പൂവ്വമ്പായ് റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് റ്റി.എസ് ലഭിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിലെ എകരൂർ കാപ്പിയിൽ പൂവമ്പായ് റോഡിന് 8-12-2017-ൽ സ.ഉ. (സാധാ.) നമ്പർ 1850/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## റോഡരിക് ഉയർന്നുനിൽക്കുന്നതിനാൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ നടപടി

22 (2868) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കോഴിക്കോട്-കണ്ണൂർ റോഡിൽ കോരപ്പുഴ പാലത്തിനും മൂരാട് പാലത്തിനും ഇടയിൽ പലഭാഗത്തും റീ ടാർ ചെയ്ത റോഡിന്റെ അരിക് വളരെ ഉയർന്ന് നിൽക്കുന്നതിനാൽ വാഹനങ്ങൾ റോഡരികിൽ നിന്ന് സ്കിഡ് ചെയ്യുന്നതിന് ഇടയാകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡരികിൽ മണ്ണിട്ട് നികത്താത്തതുമൂലം ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ളവ അപകടത്തിൽപെടുന്ന സ്ഥിതി ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ വിമാനത്താവള അനുബന്ധ റോഡ് വികസനം

23 (2869) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവള അനുബന്ധ റോഡുകൾ ഏതെല്ലാം; ആയതിന്റെ നിർമാണ പുരോഗതി വ്യക്തമാക്കാമോ; റോഡിന്റെ വീതി എത്രയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ കണക്ടിവിറ്റി പാക്കേജായി 6 റോഡുകൾ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരമായിട്ടുണ്ട്.

1. തലശ്ശേരി-കൊടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മീ.)-ന്റെ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നടപടി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അംഗീകരിച്ച പാതയുടെ സബ്സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്നുവരുന്നു.

2. കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്- കൂത്തുപറമ്പ് -മട്ടന്നൂർ (53.15 കീ.മി)- റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ (63.50 കീ.മി.) റോഡിന്റെ വനഭൂമി ഒഴികെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് അംഗീകാരം നൽകിയത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. കൂട്ടുപുഴപാലം-ഇരിട്ടി-മട്ടന്നൂർ-വായന്തോട് റോഡ് (32.00 കീ.മി) നിർദ്ദിഷ്ട ദേശീയപാതയായതിനാൽ ദേശീയപാതാ വിഭാഗത്തിന് കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരുന്നുണ്ട്.

5. മേലെ ചൊവ്വചലോട്-വായന്തോട്-മട്ടന്നൂർ-എയർപോർട്ട് റോഡ് (26.30 കീ.മി) നിർദ്ദിഷ്ട ദേശീയപാത ആയതിനാൽ ദേശീയപാതാ വിഭാഗത്തിനു കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി വരുന്നുണ്ട്.

6. തളിപ്പറമ്പ് - ചെറക്കള - നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ് (27.20 കീ.മി)-പ്രസ്തുത റോഡ് രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ അംഗീകാരമായിട്ടുണ്ട്.

നിർദ്ദിഷ്ട ദേശീയപാതകളായ ക്രമനമ്പർ 4, 5 എന്നീ റോഡുകൾ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ട വിദഗ്ധ പഠനമാണ് പുരോഗമിച്ചു വരുന്നത്. പ്രസ്തുത പാതകൾ നാല് വരിയിൽ വികസിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിന് ശിപാർശ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

## തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

24 (2870) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ&ബി) പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ധർമ്മടം പാലം മുതൽ മാഹി പാലംവരെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ചുള്ള റീ-സർഫസിംഗും റോഡ് സുരക്ഷാ പ്രവൃത്തിയും അവസാനഘട്ടത്തിലാണ്. കൂടാതെ കയ്യാലി-കൊളശ്ശേരി-ചോനാടം-തോട്ടുമക്കമൽ - കതിരൂർ റോഡ് സി.ആർ.എഫ് 2016-17-ൽ ഉൾപ്പെടുത്തി റോഡിന്റെ ഓവുചാലുകളുടെയും കലുങ്കുകളുടെയും റോഡ് ഉയർത്തുന്ന പ്രവൃത്തികളും നടന്നുവരുന്നു.

നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I, II ആയി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചുള്ളിമട പാലത്തിന്റെ നിർമ്മാണ പ്രവൃത്തി

25 (2871) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ കിഫ്ബി മുഖേന ചെയ്തുതീർക്കുവാൻ പ്രഖ്യാപിച്ച ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇൻവെസ്റ്റിഗേഷൻ സമയബന്ധിതമായി പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും, പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഊർജ്ജിതനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുള്ളിമട പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. തയ്യാറാക്കുകയും സാമ്പത്തികാനുമതിക്കുവേണ്ടി കേരള റോഡ് ഫണ്ട് ബോർഡിൽ 10.03 കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തികാനുമതി ലഭ്യമായി, സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയായെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഭരണാനുമതി ലഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

26 (2872) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിലേക്ക് എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകളുടെ അറ്റകുറ്റ പണിക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളിലാണ് നിർവഹിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച എത്ര റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 491 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചു. ഇതിന്റെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.

## കോരപ്പുഴ, മൂരാട് പാലങ്ങളുടെ പുനർനിർമ്മാണം

27 (2873) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി ഏലത്തൂർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട കോരപ്പുഴ പാലത്തിന്റെയും കൊയിലാണ്ടി വടകര മണ്ഡലങ്ങളുമായി ബന്ധപ്പെട്ട മൂരാട് പാലത്തിന്റെയും പുനർനിർമ്മാണ നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കാമോ?

ഉത്തരം

കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനായുള്ള ഡി.പി.ആർ. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ പരിശോധിച്ചുവരികയാണ്.

മൂരാട് പാലം എൻ.എച്ച്.-66-ൽ വരുന്നതാണ്. ഈ പാലം വരുന്നഭാഗം ഉൾപ്പെടെ വെങ്ങളം മുതൽ കർണ്ണാടക ബോർഡർ വരെ (17/000 മുതൽ 230/000 കി.മി.) വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് NHAI തീരുമാനിച്ചിട്ടുണ്ട്. ആയതിന് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ നിലവിലെ സാഹചര്യത്തിൽ ഈ ഭാഗത്തുവരുന്ന മൂരാട് പാലം മാത്രം പ്രത്യേകം പരിഗണിച്ച് ഒറ്റപ്പെട്ട പ്രവൃത്തിയായി നടപ്പിലാക്കുന്നതിന് MoRTH-നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന് ഭരണാനുമതി

28 (2874) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം പഞ്ചായത്തിലെ പൂനൂർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന് ഭരണാനുമതി നൽകാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നേരത്തെ ഒരു കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്ന കരുവാറ്റ പാലനിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിനെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 14-8-2009-ലെ സ.ഉ. (സാധാ.) നമ്പർ 1185/09/പൊ.മ.വ. ഉത്തരവുപ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തി നടത്തുന്നതിന് 210 ലക്ഷം രൂപ ആവശ്യമായി വരികയും അതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊപ്പോസലിന്മേലുള്ള പരിശോധനയുടെ ഭാഗമായി ചില വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള നടപടി**

29 (2875) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പി.ഡബ്ല്യു.ഡി. സെക്ഷനിലെ ഏണിച്ചാൽ പാലം, പോത്താംകണ്ടം-പാടിച്ചാൽ റോഡിലെ പോത്താംകണ്ടം പാലം, നാഷണൽ ഹൈവേയിൽ മയ്യിച്ച പാലം, മുണ്ടേമ്മാട് പാലം എന്നിവ അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏണിച്ചാൽ പാലം പുതുക്കിപ്പണിയുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പോത്താംകണ്ടം പാലം പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. മുണ്ടേമ്മാട് പാലം അപകടാവസ്ഥയിലാണ്. ഇതുസംബന്ധിച്ച് ഒരു ഇൻസ്പെഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് പുതിയ പാലം നിർമ്മിക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യേണ്ടതുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിലുള്ള മയ്യിച്ച പാലം നിലവിൽ അപകടാവസ്ഥയിലല്ല.

## റോഡുകളുടെ വളവുകൾ നിവർത്തിയെടുക്കാൻ പദ്ധതി

30 (2876) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടസാധ്യത കുറയ്ക്കുവാനായി സംസ്ഥാനത്തെ ചെറുതും വലുതുമായ പി.ഡബ്ള്യു.ഡി. റോഡുകളുടെ കൊടും വളവുകൾ നിവർത്തിയെടുക്കാൻ ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്യുമോ;

(ബി) പദ്ധതിക്കാവശ്യമുള്ള ഭൂമി അതത് പ്രദേശത്തെ ഭൂമി ഉടമകളുമായി ചർച്ച നടത്തി വാങ്ങുകയും പകരമായി ഭൂഉടമകൾക്ക് വളവ് നിവർക്കുമ്പോൾ ഉണ്ടാകുന്ന പഴയ ഭൂമി (മുമ്പ് വളവായി കിടന്ന സ്ഥലം) വിട്ടുകൊടുക്കണമെന്ന വ്യവസ്ഥയിൽ കരാറുണ്ടാക്കുവാൻ തയ്യാറാകുമോ;

(സി) ഇതിനായി പി.ഡബ്ള്യു.ഡി. ഡിവിഷനുകൾ തോറും ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപകട സാധ്യതയുള്ള വളവുകൾ നിവർത്തിയെടുക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. ഇതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം നിർദ്ദേശങ്ങൾ വരുന്ന മുറയ്ക്ക് പരിഗണിക്കും.

(ബി&സി) അപ്പോൾ പരിഗണിക്കും.

## റോഡുകളുടെ ഗുണനിലവാരം

31 (2877) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത വകുപ്പിനു കീഴിൽ (എൻ.എച്ച്.ഉൾപ്പെടെ) നിർമ്മിയ്ക്കപ്പെടുന്ന റോഡുകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്സ്, ബലം എന്നിവ പരിശോധിക്കുകയും റിപ്പോർട്ട് നല്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകളും അഴിമതിയും കാരണം റോഡുകളുടെ ആയുസ്സ് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിന് കാരണക്കാരായ കരാറുകാരേയും ഉദ്യോഗസ്ഥരെയും കണ്ടെത്തി ശിക്ഷണ നടപടി ഉറപ്പുവരുത്താനും ഉണ്ടായ നഷ്ടം കണക്കാക്കി അവരിൽ നിന്നും ഈടാക്കാനും ആയതു വഴി വകുപ്പിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന അഴിമതികൾ ഇല്ലാതാക്കാനും, സർക്കാർ ഖജനാവിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും അതുവഴി ഗുണനിലവാരമുള്ള റോഡും യാത്രികരുടെ ആയുസ്സും ഉറപ്പുവരുത്താനുമായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ നിർമ്മാണ പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പിലാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തിവരുന്നു. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 1/2018/പൊ.മ.വ. തീയതി 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കാനായി ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ടു-ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം (two tier quality control system) നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നു. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിച്ച്, ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി

കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ആയതിന്റെ പരിശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(ബി&സി) നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്, ബലം എന്നിവ പരിശോധിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകളും അഴിമതിയും കാരണം റോഡുകളുടെ ആയുസ് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വരുന്ന പരാതികൾ അന്വേഷിച്ച് വീഴ്ചകൾ തെളിയുന്നപക്ഷം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയും കരാറുകാർക്ക് പ്രസ്തുത കരാറിലെ എഗ്രിമെന്റ് നിബന്ധനകളും പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ശിക്ഷാനടപടികളും നടപ്പാക്കിവരുന്നുണ്ട്.

## ചിറ്റൂർ മണ്ഡലത്തിലെ റോഡുകളുടെ വികസനം

32 (2878) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഈ റോഡുകളുടെ പേരും അവയുടെ നിർമ്മാണ ഘട്ടവും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ പെടുത്തി ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന അഞ്ച് റോഡുകളുടെയും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നാല് റോഡുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി

33 (2879) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ , പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം റോഡുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഈ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ട റോഡുകൾ ഉണ്ടെങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പട്ടാമ്പി മണ്ഡലത്തിൽ റോഡുകളുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം റോഡുകളാണ് റിപ്പയർ ചെയ്തത്; ടി പ്രവൃത്തികൾ എപ്പോഴാണ് നടത്തിയത്; അതിന് ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളും പ്രസ്തുത റോഡുകളുടെ നിലവിലെ അവസ്ഥയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി* ചേർത്തിരിക്കുന്നു. ഇവയിൽ രണ്ട് റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടവയാണ്.

(ബി&സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പട്ടാമ്പി മണ്ഡലത്തിൽ റോഡുകളുമായി ബന്ധപ്പെട്ട് 9 ബജറ്റ് പ്രവൃത്തികളും 7 ഒറ്റത്തവണ നവീകരണ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി* ചേർത്തിരിക്കുന്നു. പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ റിപ്പെയർ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി* ചേർത്തിരിക്കുന്നു.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊതുമരാമത്ത് പദ്ധതികൾ

34 (2880) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊതുമരാമത്ത് പദ്ധതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. നാലുവരിപ്പാതയുടെ നിർമ്മാണം - കരമന-കളിയിക്കാവിള - പ്രാവച്ചമ്പലം - വഴിമുക്ക് (കി.മീ. 575/500-582/000)- 162.46 കോടി രൂപ
2. തീരദേശ ഹൈവേ നിർമ്മാണം - 6500 കോടി രൂപ
3. എറണാകുളം ജില്ലയിലെ വൈറ്റില ഫ്ലൈ ഓവർ നിർമ്മാണം - 113 കോടി രൂപ
4. കോഴിക്കോട് ജില്ലയിലെ ദേശീയപാത 66-ലെ ഏലത്തൂർ-കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം - 20.00 കോടി രൂപ
5. എറണാകുളം ജില്ലയിലെ കുണ്ടന്നൂർ ഫ്ലൈഓവർ നിർമ്മാണം - 88.77 കോടി രൂപ
6. ശ്രീകാര്യം, ഉള്ളൂർ, പട്ടം ഫ്ലൈഓവറുകളുടെ നിർമ്മാണം 272.84 കോടി രൂപ

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളുടെ കീഴിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I , II ആയി* ചേർത്തിരിക്കുന്നു.

(ബി) ദേശീയപാത വിഭാഗത്തിൽ 6 പദ്ധതികൾക്കും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 107 പദ്ധതികൾക്കും കെട്ടിട വിഭാഗത്തിൽ 15 പദ്ധതികൾക്കുമാണ് കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

35 (2881) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാന പാതയുടെ റീ ടാറിംഗ് പ്രവൃത്തികൾ

36 (2882) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ റീ ടാറിംഗ് പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും കരാർ നൽകിയ തീയതി എന്നെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി തീർപ്പാക്കുന്നതിനുള്ള സമയപരിധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാന പാതയുടെ റീ ടാറിംഗ് പ്രവൃത്തിക്ക് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. 29-12-2017-ന് കരാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി തീർപ്പാക്കുന്നതിനുള്ള സമയപരിധി 5-3-2018 വരെയാണ്.

## കഴക്കൂട്ടം - അടൂർ റോഡ് പുനർനിർമ്മാണം

37 (2883) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ടി.പി.യുടെ കീഴിൽ കഴക്കൂട്ടം- അടൂർ റോഡ് പുനർനിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ ;എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെട്ട റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽപ്പെടുത്തി കഴക്കൂട്ടം - അടൂർ റോഡ് മാതൃകാ സുരക്ഷാ റോഡായി വികസിപ്പിക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. എം.സി. റോഡിന്റെ ഉപരിതലം പുതുക്കൽ, പ്രധാനപ്പെട്ട 18 ജംഗ്ഷനുകളുടെ വികസനം, ഓടകളുടെ നിർമ്മാണവും പുനരുദ്ധാരണവും മൂന്ന് പാലങ്ങളുടെ പുനരധിവാസം (ചടയമംഗലം, ആയൂർ, ഏനാത്ത്) എന്നിവയും കലുങ്കുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതി റോഡ് സുരക്ഷയ്ക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്.

പദ്ധതിയുടെ അടങ്കൽ തുക, അഞ്ച് വർഷത്തെ മെയിന്റനൻസ് ഉൾപ്പെടെ 146.67 കോടി രൂപയാണ്. ഇതിൽ റോഡ് സുരക്ഷയ്ക്ക് 67 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. റോഡ് സുരക്ഷയ്ക്കുള്ള ക്രമീകരണങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് ആസ്ട്രേലിയൻ കമ്പനിയായ M/s. Vicroads-നെ ഏൽപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി സെല്ലും കെ.എസ്.ടി.പി.-യും സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി ഇ.കെ.കെ. എന്ന കരാർ കമ്പനിയാണ് പിടിച്ചിരിക്കുന്നത്. അവർ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തി വരുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ പ്രവൃത്തിയുടെ അവലോകനം നടന്നിരുന്നു. റോഡ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച അന്തിമരൂപം ലോക ബാങ്കിന്റെ കൺസൾട്ടന്റ് നൽകുന്നതിന് താമസമുണ്ടായതിന്റെ ഭാഗമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ച് ഈ പദ്ധതി കൂടുതൽ ജാഗ്രതയോടെ നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

### കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ വികസനം

38 (2885) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലയോര ഹൈവേ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കി. മീ. റോഡാണ് അഭിവൃദ്ധിപ്പെടുത്തുന്നത്;

(ബി) നിലവിൽ എത്ര കി. മീ. അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടെന്നും എത്ര കി. മീ. അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഇനി അനുമതി ലഭിക്കാനുള്ള ഭാഗങ്ങൾ ഏതാണെന്നും ആയത് ലഭിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്നും വിശദമാക്കാമോ;

(ഡി) ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 125.952 കി.മീ.

(ബി) നിലവിൽ ഒന്നും അഭിവൃദ്ധിപ്പെടുത്തിയിട്ടില്ല. നന്ദാരപ്പടവ് മുതൽ ചേവാർ വരെയുള്ള 23 കി.മീ., കോളിച്ചാൽ മുതൽ ഇടപ്പറമ്പ് വരെയുള്ള 24.44 കി.മീറ്ററും റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി)

1. ചേവാർ - ഇടപ്പറമ്പ്

2. കോളിച്ചാൽ - ചെറുപുഴ

(ഡി) ഇല്ല. ഉടൻതന്നെ ടെക്നിക്കൽ സാംഗ്ഷൻ നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ പുരോഗതി

39 (2886) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;സ്ഥലം ഏറ്റെടുക്കുന്നത് പൂർത്തിയായിട്ടുണ്ടോ;

(ബി) ഹൈവേകളുടെയും മറ്റ് റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണിയും കാര്യക്ഷമമായി നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പരാതി പരിഹാരസെല്ലിലൂടെ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പാലങ്ങളിൽ 73 ശതമാനം പുനർനിർമ്മാണമോ അറ്റകുറ്റപ്പണികളോ ബലപ്പെടുത്തലോ ആവശ്യമായുള്ളതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളിവരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത 45 മീറ്റർ ROW-യിൽ 4/6 വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല NHAI-യ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ല.

(ബി) കേരളത്തിലെ ദേശീയപാതയുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികളും കേന്ദ്രറോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. അതനുസരിച്ച് അറ്റകുറ്റപ്പണി/റീസർഫസിംഗ് ആവശ്യമായ റോഡുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം

ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പാക്കി റോഡ് ഗതാഗത യോഗ്യമായി നിലനിർത്തിവരുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാത, കെ.എസ്.ടി.പി., കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനാണ് പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നത്. അതത് സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പരാതിയുടെ വിശദവിവരങ്ങൾ നൽകുകയും തുടർന്ന് പരാതിയിന്മേൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിക്കുന്ന നടപടി പരാതിക്കാരെ ബോധിപ്പിക്കുകയും ചെയ്യുന്നു. ഓരോ ആഴ്ചയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് പരാതി പരിഹാരസെല്ലിൽ നിർബന്ധമായി നൽകുകയും മന്ത്രിതലത്തിൽ ഇത് പരിശോധിക്കുകയും ചെയ്യുന്നു.

(സി) കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടെയും സർവ്വേ നടത്താൻ കേന്ദ്ര ഗതാഗത മന്ത്രാലയം M/s. TPF Engineering Pvt. Ltd.-ഉം (പഴയ പേര് M/s. SN Bhobe & Associate Pvt. Ltd) ആയി കരാറിൽ ഏർപ്പെട്ടുത്തിയിട്ടുണ്ട്. M/s. TPF Engineering Pvt. Ltd-ന്റെ ആദ്യഘട്ട സർവ്വേയുടെ കണക്ക് പ്രകാരം അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ 14 പാലങ്ങളുണ്ട്. 14 പാലങ്ങളിൽ 11 പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലാണ്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾക്ക് ആവശ്യമായ തുകയും പ്രവൃത്തി ആരംഭിക്കാനുള്ള സമയവും അറിയാൻ കഴിയുകയുള്ളൂ.

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന പുനർനിർമ്മാണം, പുനരുദ്ധാരണം എന്നിവ ആവശ്യമുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന നടത്തി, ഡി.പി.ആർ. തയ്യാറാക്കി, ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## നിർമ്മാണ പ്രവർത്തനത്തിലെ സ്തംഭനാവസ്ഥ

40 (2887) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക ലഭിക്കാത്തതുമൂലം കോൺട്രാക്ടർമാർ പുതിയ ജോലികളൊന്നും ഏറ്റെടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; കുടിശ്ശിക ലഭിക്കാത്തതുമൂലം പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നുള്ളത് വസ്തുതയാണോ;

(ബി) കുടിശ്ശികയായി എന്ത് തുകയാണ് കോൺട്രാക്ടർ മാർക്ക് വിതരണം ചെയ്യുവാനുള്ളത്;

(സി) നിരത്ത് വിഭാഗത്തിലെയും കെട്ടിട വിഭാഗത്തിലെയും ദേശീയപാത വിഭാഗത്തിലെയും കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണ് നൽകുവാനുള്ളത് ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ ബിൽ ഡിസ്കൗണ്ട് സമ്പ്രദായം നിലവിലുണ്ടോ;

(ഇ) കുടിശ്ശിക അടിയന്തിരമായി നൽകി നിർമ്മാണ പ്രവർത്തനത്തിലെ സ്തംഭനാവസ്ഥ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ കെട്ടിട വിഭാഗത്തിൽ ഏതാനും ഡിവിഷനുകളിൽ കുടിശ്ശിക ലഭിക്കാത്തതുമൂലം സ്തംഭനാവസ്ഥയുണ്ടായിട്ടുണ്ട്. എന്നാൽ ഇതുമൂലം കോൺട്രാക്ടർമാർ പുതിയ ജോലികൾ ഏറ്റെടുക്കാത്ത സാഹചര്യം നിലനിൽക്കുന്നില്ല.

(ബി) കെട്ടിട വിഭാഗത്തിൽ 2,58,94,79,470 രൂപയും ദേശീയപാതാ വിഭാഗത്തിൽ ആലപ്പുഴ ബൈപ്പാസിനുൾപ്പെടെ 31,33,77,832 രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-6-2017 മുതൽ 31-10-2017 വരെ കുടിശ്ശികയായി 433.67 കോടി രൂപയും കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്.

(സി) കെട്ടിട വിഭാഗത്തിൽ 6/2017 മുതൽ 9/2017 വരെ മൂന്ന് മാസത്തെ കുടിശ്ശികയും ദേശീയപാതാ വിഭാഗത്തിൽ കൊല്ലം ഡിവിഷനിൽ നവംബർ മുതൽ ജനുവരി വരെയും കണ്ണൂർ ഡിവിഷനിൽ ആറുമാസത്തെയും ആലപ്പുഴ ബൈപ്പാസിന് 15-11-2017 മുതൽ 3-1-2018 വരെയും മറ്റ് പ്രവൃത്തികൾക്ക് 3/2017 മുതൽ നാളിതുവരെയും കൊടുങ്ങല്ലൂർ ഡിവിഷനിൽ 9/2017 മുതൽ 1/2018 വരെയും മൂവാറ്റുപുഴ, കോഴിക്കോട് ഡിവിഷനുകളിൽ ഒരു മാസത്തെ കുടിശ്ശികയും കൂടാതെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അഞ്ചുമാസത്തെ കുടിശ്ശികയും നൽകുവാനുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ ദേശീയപാത വിഭാഗത്തിലൊഴികെ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നിലവിലുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

## സംസ്ഥാനത്ത് പുതിയ പാലം നിർമ്മാണം

41 (2888) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും എവിടെയെല്ലാമാണ് പ്രസ്തുത പാലങ്ങളെന്നും അവയ്ക്കോരോന്നിനും എത്ര തുകയാണ് എസ്റ്റിമേറ്റ് എന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറനാട് മണ്ഡലത്തിലെ ആര്യൻതൊടിക എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് 4-3-2016-ന് G.O. (Rt.) No.571/2016/PWD നമ്പരായി ഭരണാനുമതി നൽകിയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്നും, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ഡി) മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ആര്യൻതൊടിക പാലത്തിന് 4-3-2016-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 571/2016/പൊ.മ.വ. ഉത്തരവ് പ്രകാരം തത്വത്തിൽ 17,42,89,321 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തിക്കുള്ള പ്രത്യേകാനുമതിക്കുവേണ്ടി സർക്കാരിലേക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നെങ്കിലും ഈ വർഷം ആവശ്യമായ ബജറ്റ് പ്രൊവിഷനോടുകൂടി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകി മടക്കി നൽകിയിരുന്നു. അതനുസരിച്ചുള്ള പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ സ്ഥലം വിട്ടുതരുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡ് നവീകരണം**

42 (2889) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ കുടശ്ശനാട്-പടനിലം തെരുവിൽമുക്ക്-ഭരണിക്കാവ് റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2018-19-ലെ സി.ആർ.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകളൊന്നും സംസ്ഥാന സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. പ്രൊപ്പോസൽ വരുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**റബ്ബറൈസ്ഡ് ടാറിംഗ്**

43 (2890) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സ്വഭാവിക റബ്ബർ ഉപയോഗിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ റബ്ബർ കർഷകർക്ക് സഹായകരവും റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കപ്പെടുന്ന വിധത്തിലും റബ്ബർ ഉപയോഗം ഫലപ്രദമാക്കുന്നതിന് പി.ഡബ്ല്യു.ഡി. നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളുമായി ചേർന്ന് റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് വിതരണം നടത്തുന്ന ബിറ്റുമിനാണ് ഉപയോഗിച്ചുവരുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറാണ് ഉപയോഗിക്കുന്നതെന്ന് മനസ്സിലാക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷവും 2017-18 സാമ്പത്തിക വർഷവും നടപ്പിലാക്കുന്ന പ്രവൃത്തികളിൽ NRMB (നാച്ചറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ ടാറിംഗിന് നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിൻ മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവയിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

44 (2891) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളുടെ ദൈർഘ്യവും നിർമ്മിച്ച വർഷവും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ തിരെ ഗതാഗതയോഗ്യമല്ലാത്തതും ജനങ്ങൾക്കും വാഹനങ്ങൾക്കും സഞ്ചരിക്കാൻ ഏറെ പ്രയാസമുള്ളതുമായ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഇ) പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത റോഡുകളുണ്ടോ;എങ്കിൽ പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുകൾ, നീളം, അവസാനമായി ടാർ ചെയ്ത വർഷം എന്നിവ അനുബന്ധം-I* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബദിയടുക്ക-ഏത്തടുക്ക-സൂളപ്പതവ് റോഡ് കി.മീ 0/000 മുതൽ 20/000 വരെ.

(ഡി) ടി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി കി.മി. 2/000 മുതൽ 13/000 വരെ 3-2-2018-ലെ ഉത്തരവ് നമ്പർ CE/R&B/SLTF/KSD-5/2017-18 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്ത റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II* ആയി ചേർത്തിരിക്കുന്നു.

**കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണം**

45 (2892) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസി നാളിതു വരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി 27-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ ലാൻഡ് സർവ്വേയും ട്രാഫിക് സർവ്വേയും മറ്റ് പരിശോധനകളും കിറ്റ്കോ എന്ന കൺസൾട്ടന്റ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്.

**കോട്ടയ്ക്കൽ ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

46 (2893) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള ഫയലിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്;ഇനി എത്ര ഹെക്ടർ സ്ഥലം ആവശ്യമുണ്ടെന്നറിയിക്കാമോ; അതിന്റെ പ്രൊപ്പോസൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവായിട്ടുള്ള, സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഫണ്ട് സംബന്ധിച്ച് സർക്കാരിൽ നിന്നും നാളിതുവരെയായി ലഭിച്ച ഉത്തരവിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജി3/697/2017-പൊ.മ.വ. നമ്പർ ഫയൽ ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 2.3276 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 14-7-2015-ലെ സ.ഉ. (സാധാ.) നമ്പർ 1002/2015/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ഏറ്റെടുക്കൽ പ്രക്രിയ റവന്യൂ വകുപ്പ് പൂർത്തീകരിച്ചുകഴിഞ്ഞാൽ കൂടുതൽ ഭൂമി ആവശ്യമായി വരില്ല.

(സി) ഭൂമി ഏറ്റെടുക്കുന്നതിന് എസ്.എൽ.ഇ.സി. & എച്ച്.എൽ.സി.-യുടെ അനുമതിക്കായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ഡി) 14-7-2015-ലെ സ.ഉ. (സാധാ.) നമ്പർ 1002/2015/പൊ.മ.വ. പ്രകാരം 2175 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

## ഞാറയ്ക്കൽ വലിയവട്ടം ദ്വീപിലെ റോഡ് - പാലം നിർമ്മാണം

47 (2894) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ വലിയവട്ടം ദ്വീപിലെ റോഡ് - പാലം നിർമ്മാണ പ്രവൃത്തികൾക്ക് ജിഡ (GIDA) ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന്റെ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 23-3-2013-ലെ സ.ഉ. (സാധാ.) നമ്പർ 764/2013/ത.സ്വ.ഭ.വ. പ്രകാരം ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടറുടെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടത്. കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയതിനെത്തുടർന്ന് പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിംഗ്

48 (2895) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്; മറ്റ് ടാറിംഗ് രീതിയുമായി താരതമ്യം ചെയ്യുമ്പോൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന്റെ ചെലവ് എത്രയാണ്; എത്ര നാൾ ഈട് നില്ക്കും; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കമ്പനികൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ നിർമ്മിക്കുന്നുണ്ട് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 41 റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. സാധാരണയായി ബിറ്റുമിനസ് കോൺക്രീറ്റ് (BC) ഉപരിതലത്തിന്റെ നിർമ്മാണത്തിലാണ് ഉപയോഗശൂന്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് മിശ്രണം ചെയ്ത് ഉപയോഗിക്കുന്നത്. സാധാരണ രീതിയിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപരിതലം നിർമ്മിക്കുന്നതിൽ നിന്നും പ്ലാസ്റ്റിക് ചേർത്ത് ഉപയോഗിക്കുമ്പോൾ ചെലവിൽ ക്യൂബിക് മീറ്ററിന് 106.90 രൂപയുടെ കുറവ് വരുന്നുണ്ട്. പ്ലാസ്റ്റിക് ചേർത്ത് നിർമ്മിക്കുന്ന റോഡുകൾ മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ കാലം ഈട് നിൽക്കും. ഇത് ഇപ്പോൾ നടപ്പിലാക്കി വരുന്നതിനാൽ ടി കാലയളവ് നിർണ്ണയിക്കുന്നതിന് ഒരു നിശ്ചിത കാലയളവ് വേണ്ടിവരും.

(ബി) വിവരം സർക്കാരിൽ ലഭ്യമല്ല.

**വെങ്കിടങ്ങ് പഞ്ചായത്തിലെ റോഡ് നിർമ്മാണം**

49 (2896) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് റോഡിൽ ക്രിസ്ത്യൻ പള്ളിക്ക് സമീപത്തെ ഇടുങ്ങിയ ഭാഗം ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ബി) വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിൽ വെങ്കിടങ്ങ് പഞ്ചായത്ത് അതിർത്തി കഴിഞ്ഞ് പൂർത്തിയാക്കാൻ അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത ഭാഗം ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനായി 23-2-2015-ലെ സ.ഉ. (സാധാ.) നമ്പർ 278/2015/പൊ.മ.വ. പ്രകാരം 130 ലക്ഷം രൂപയ്ക്കും 19-11-2015-ലെ സ.ഉ. (സാധാ.) നമ്പർ 1693/2015/പൊ.മ.വ. പ്രകാരം 52.50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റ് പ്രകാരമുള്ള ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുത്ത് കൈമാറുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ രണ്ടാം റീച്ചിന്റെ (6/500 മുതൽ 10/000 വരെ) 1360 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ ഫണ്ടിന്റെ അപര്യാപ്തതമൂലം 27-2-2016-ലെ 3973/ജി2/2016/പൊ.മ.വ. കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിട്ടുണ്ട്.

## ചങ്ങനാശ്ശേരി - കവിയൂർ റോഡിന്റെ നിർമ്മാണം

50 (2897) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സംസ്ഥാന ബജറ്റിൽ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ചങ്ങനാശ്ശേരി കവിയൂർ റോഡിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുകയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത്; എന്നത്തേക്ക് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത റോഡിന് ആവശ്യമായ നിർദ്ദിഷ്ട വീതി റോഡിന്റെ എല്ലാ ഭാഗത്തും ഉണ്ടോ; ഇല്ലെങ്കിൽ ഭൂമി ഏറ്റെടുത്ത് പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുമോ?

### ഉത്തരം

(എ) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഡി.പി.ആർ. അംഗീകരിച്ച് അനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

(ബി) 32.77 കോടി രൂപയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത്. ഒരു വർഷത്തെ കാലാവധിയാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്.

(സി) ഇല്ല. 2.83 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിന്റെ അതിർത്തി പുനർനിർണ്ണയം നടത്തിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയുകയുള്ളൂ.

## കുറ്റിപ്പുറം പഴയ ദേശീയപാത നവീകരണം

51 (2898) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ, താലൂക്ക് ആശുപത്രിക്ക് സമീപം ആരംഭിച്ച് മിനി സിവിൽ സ്റ്റേഷനു സമീപം അവസാനിക്കുന്ന, പഴയ ദേശീയ പാത നവീകരണം സംബന്ധിച്ച് ജനകീയ കൂട്ടായ്മ നൽകിയ നിവേദനം പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഈ റോഡിന്റെ നവീകരണം സംബന്ധിച്ച കാര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത റോഡ് പഴയ ദേശീയപാത (എൻ.എച്ച്.-17) ആണ്. എന്നാൽ കുറ്റിപ്പുറം ആർ.ഒ.ബി. നിർമ്മിച്ചതിനുശേഷം ഈ റോഡ് ഇതുവരെ നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടില്ല.

(ബി) അറിയിച്ചിട്ടുണ്ട്.

(സി) ടി റോഡിന്റെ നവീകരണത്തിനായി 2017-18 ബജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷനുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**നിർദ്ദിഷ്ട തീരദേശ പാത**

52 (T* 2899) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തീരദേശ പാതയുടെ അന്തിമ രൂപരേഖ തയ്യാറായി കഴിഞ്ഞിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയിൽ ഈ പാതകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) എത്ര വർഷം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ബേപ്പൂർ ഉൾപ്പെടെയുള്ള തുറമുഖങ്ങളെ ബന്ധപ്പെടുത്തിയാണോ പാത കടന്നുപോകുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/പൊ.മ.വ. പ്രകാരം അംഗീകാരവും പ്രസ്തുത പാതയുടെ നിർമ്മാണം KIIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

942/ 2017/പൊ.മ.വ. പ്രകാരം 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരവും നൽകിയിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ. നീളത്തിൽ പുനരുദ്ധരിക്കുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക വഴി വിനോദ സഞ്ചാരികൾക്ക് സമയനഷ്ടം കൂടാതെ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ അതിവേഗം എത്തിച്ചേരാൻ സാധിക്കും. നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്കായി കടലിന് സമീപത്തുകൂടി കടന്നുപോകുന്ന റോഡുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ വിനോദ സഞ്ചാരികൾ കടലോര ടൂറിസത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കപ്പെടും, പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കുവാൻ സാധിക്കും, തീരദേശ മേഖലയുടെ സർവ്വതോന്മുഖ പുരോഗതിക്ക് വഴിതുറക്കുന്ന ചെറുതും വലുതുമായ പോർട്ടുകളെ ലിങ്ക് റോഡുകൾ വഴി തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുന്നത് കാരണം വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകും.

(സി) തീരദേശ പാതയുടെ ആദ്യ ഘട്ടം 2019 സെപ്തംബറിലും രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ബേപ്പൂർ ഉൾപ്പെടെയുള്ള തുറമുഖങ്ങളിലേക്ക് ലിങ്ക് റോഡുകൾ നിർമ്മിക്കുന്ന വിഷയത്തിൽ സാധ്യതാപഠനം നടത്തി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തുറമുഖ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ റോഡുകളുടെ പുനരുദ്ധാരണം

53 (T* 2900) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകളുടെ വികസനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകളുടെ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന വിനോദസഞ്ചാര മേഖലകളിലേക്കുള്ള റോഡുകളിൽ പുനരുദ്ധാരണം ആവശ്യമുള്ളവയും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കി വരുന്നുണ്ട്. ടൂറിസം വകുപ്പിന് ഇതിനായി പ്രത്യേകം ഫണ്ട് ഏർപ്പെടുത്താവുന്നതാണ്.

## കോട്ടിക്കുളം സ്റ്റേഷന സമീപം റെയിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് സാമ്പത്തികാനുമതി

54 (2901) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം സ്റ്റേഷന സമീപം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആർ.ബി.ഡി.സി.കെ. ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ടെൻണ്ടർ ചെയ്യാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോട്ടിക്കുളം ആർ.ഒ.ബി.-യുടെ നിർമ്മാണത്തിന് ജി.ഒ. (ആർ.ടി.) നമ്പർ 132/2017/പി.ഡബ്ല്യു.ഡി. തീയതി 4-2-2017 പ്രകാരം 23.97 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 16-5-2017-ലെ ഉത്തരവ് നമ്പർ APRI/76/2017/KIIFB പ്രകാരം കിഫ്ബി ഈ പദ്ധതിക്ക് 19.60 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ.

(സി) പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ ഭൂരിഭാഗവും റെയിൽവേ നേരത്തെ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ

ആർ.ബി.ഡി.സി.കെ. 6-7-2017-ന് കാസർഗോഡ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കളക്ടർ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) റെയിൽവേയുടെ അംഗീകാരത്തിനായി 16-2-2017-ന് സമർപ്പിക്കുകയും റെയിൽവേ 2-1-2018-ൽ അംഗീകാരം നൽകിയിട്ടുമുണ്ട്. ഈ പദ്ധതി റെയിൽവേയുടെ കോസ്റ്റ് ഷെയറിംഗ് സ്കീമിൽ ഉൾപ്പെട്ടതായതിനാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 7-6-2017-ന് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണം നടത്തുന്നതിനുള്ള എൻ.ഒ.സി. നൽകാൻ 30-1-2018-ൽ എറണാകുളത്ത് നടന്ന കോ-ഓർഡിനേഷൻ മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയുടെ എൻ.ഒ.സി. ലഭിച്ചുകഴിഞ്ഞാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പൊതുമരാമത്ത് വകുപ്പിലെ അച്ചടക്ക നടപടി

55 (2902) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ എത്ര ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ 237 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) 13 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു*.

167 ഫയലുകൾ പോലീസ് വിജിലൻസിന് അയച്ചിട്ടുണ്ടായിരുന്നു. പൊതുമരാമത്ത് വകുപ്പ് വിജിലൻസ് 200-ൽപ്പരം കേസുകളിൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിന്മേൽ കർശന നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് വിജിലൻസിന്റെ പക്കൽ ഇപ്പോൾ 12 കേസുകൾ അന്വേഷണത്തിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചങ്ങനാശ്ശേരി റെയിൽവേ ജംഗ്ഷൻ ഫ്ലൈഓവറിന്റെ നിർമ്മാണ നടപടികൾ

56 (2903) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ കിഫ്ബിയുടെ ധനസഹായത്തിൽ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച ചങ്ങനാശ്ശേരി റെയിൽവേ ജംഗ്ഷൻ ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസിയെയാണ് ഏർപ്പിച്ചിരിക്കുന്നത് ;

(സി) നിർമ്മാണ പ്രവൃത്തികൾ ഏത്രനാൾ കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി റെയിൽവേ ജംഗ്ഷൻ ഫ്ലൈഓവർ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ചിരിക്കുന്നത്.

(സി) ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്കുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുവാൻ കഴിയും. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

## പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ

57 (2904) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജമാക്കിയത് എന്നതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) രൂപീകരിച്ചിട്ടുണ്ട്. 29-6-2017-ലെ സ.ഉ. (കൈ.) നമ്പർ 39/2017/ പൊ.മ.വ. പ്രകാരം റോഡ് പരിപാലന വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിൽ ആദ്യമായാണ്, ചില പാശ്ചാത്യ രാജ്യങ്ങളിലും യു.എസ്.എ.-യിലും ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽനിന്നും SLTF, ശബരിമല വർക്കുകൾ എന്നിവ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ അറ്റകുറ്റപ്പണികൾ, ഭൂമി ക്രമീകരിക്കൽ, ത്വരിതഗതിയിൽ നടപ്പിലാക്കൽ, പൂർത്തീകരിക്കൽ എന്നിവ വിലയിരുത്തുന്നതിന് റോഡ് പരിപാലന വിഭാഗത്തിൽനിന്നും തുടർച്ചയായി ടി റോഡുകൾ പരിശോധിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം യഥാസമയം അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാറിലെ മൂന്ന് ജില്ലകളുടെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് മേൽനടപടി സ്വീകരിച്ചുവരുന്നു.

**അശാസ്ത്രീയമായ റോഡ് റീ ടാറിംഗ്**

58 (2905) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ കോഴിക്കോട്-കണ്ണൂർ റൂട്ടിൽ വിയ്യൂർ വില്ലേജ് ഓഫീസ് പരിസരത്ത് അശാസ്ത്രീയമായി റോഡ് റീ ടാർ ചെയ്തതിന്റെ ഫലമായി അവിടെ സ്ഥാപിച്ചിരുന്ന ഡിവൈഡർ പകുതിയിലേറെ റോഡിൽ അമർന്ന് പോയതിനാൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകുതി മാത്രമുള്ള ഡിവൈഡർ തിരിച്ചറിയാതെ, വാഹനങ്ങൾ ഡിവൈഡറിൽ കയറിപ്പോകുന്നതും അപകടത്തിൽപ്പെടുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) താൽക്കാലിക നടപടിക്കായി നിലവിലുള്ള ഡിവൈഡർ പെയിന്റ് ചെയ്യുകയും റിഫ്ലക്ടർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡിവൈഡർ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും

59 (2906) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) എൽ.എ.ആർ.ആർ. ആക്ട് 2013 നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി, പുതിയ അർത്ഥനാപത്രം, അലൈൻമെന്റ് സ്കെച്ച് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലേക്കായി പുതിയ അർത്ഥനാപത്രം, ലാൻഡ് ഷെഡ്യൂൾ, അലൈൻമെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

(ബി) പുതിയ അർത്ഥനാപത്രവും അലൈൻമെന്റ് സ്കെച്ചും തയ്യാറാക്കി വരുന്നു.

(സി) നെഗോഷ്യബിൾ പർച്ചേസ് വഴി ഏറ്റെടുക്കുന്നതിനുള്ള സമ്മതപത്രം ഭൂവുടമകളിൽനിന്ന് ലഭിക്കേണ്ടതുണ്ട്. പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ, റീ ഡിസൈൻ ചെയ്യേണ്ടതുണ്ട്. പാലത്തിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1185/09/പൊ.മ.വ. തീയതി 14-8-2009 പ്രകാരമാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ആയതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുണ്ട്.

## അപകടാവസ്ഥയിലായ പാലങ്ങൾ ബലപ്പെടുത്താൻ നടപടി

60 (2907) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപകടാവസ്ഥയിലായ പാലങ്ങളെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പാലങ്ങൾ അപകടാവസ്ഥയിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര പാലങ്ങൾ അപകടാവസ്ഥയിലാണ്; അവ ഏതെല്ലാം; അപകടാവസ്ഥയിലായ പാലങ്ങൾ ബലപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് ബലക്ഷയം കാരണം പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിലുള്ള 19 പാലങ്ങളും ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഒരു പാലവും ഉൾപ്പെടെ ആകെ 20 പാലങ്ങൾ അപകടാവസ്ഥയിലാണ്. അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനോ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടാവസ്ഥയിലുള്ള പാലങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പാലത്തിന്റെ പേര് |
|---|---|
| 1 | 2 |
| 1 | കൊല്ലുങ്കൽ പാലം |
| 2 | തട്ടാരി പാലം |
| 3 | പഴയങ്ങാടി പാലം |
| 4 | അരവഞ്ചാൽ പാലം |
| 5 | കയ്യാരി പാലം |
| 6 | കുറുവ പാലം |

| 1 | 2 |
|---|---|
| 7 | മരുതായി പാലം |
| 8 | അയ്യപ്പൻതോട് പാലം |
| 9 | അഞ്ചരക്കി പാലം |
| 10 | കാഞ്ഞിരോട് പാലം |
| 11 | ഒളവറ പാലം |
| 12 | കൗവ്വായി പാലം |
| 13 | ഇരിണാവ് പാലം |
| 14 | പാലപ്പുഴ പാലം |
| 15 | ആനപ്പന്തി പാലം |
| 16 | വെള്ളാട് പാലം |
| 17 | കാവുമ്പായി പാലം |
| 18 | വെങ്കുന്ന് പാലം (ഒട്ടുവള്ളിത്തട്ട് - നടുവിൽ - കിടുയാൻമല റോഡ്) |
| 19 | മണിയറ പാലം |
| 20 | ചൊവ്വ പാലം |

(ഡി) പിലാത്തറ -പാപ്പിനിശ്ശേരി റോഡിലെ നിലവിലുള്ള പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

## അപകടാവസ്ഥയിലുള്ള പാലങ്ങൾ

61 (2908) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിൽ നിലനിൽക്കുന്ന പാലങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 2017-ൽ സംസ്ഥാനത്താകെ പുതുക്കിപ്പണിഞ്ഞ പാലങ്ങൾ ആകെ എത്രയാണ്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) അപകടാവസ്ഥയിലുള്ള മുഴുവൻ പാലങ്ങളും കാലതാമസം കൂടാതെ പുതുക്കിപ്പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിൽ നിലനിൽക്കുന്ന പാലങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതിവിവരങ്ങൾ പരിശോധിച്ചതിൽ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധീകരണമോ ആവശ്യമുള്ളതാണെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) 2017-ൽ സംസ്ഥാനത്താകെ 11 പാലങ്ങൾ പുതുക്കിപ്പണിതു. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം</u>

1. കുവക്കുടി പാലം

<u>ആലപ്പുഴ</u>

2. ഓൾഡ് പൂച്ചാക്കൽ മാർക്കറ്റ് പാലം

<u>ഇടുക്കി</u>

3. കല്ലാർ ബ്രിഡ്ജ്

4. വണ്ടിപ്പെരിയാർ പാലം

<u>തൃശ്ശൂർ</u>

5. പഴവിൽ പാലം

<u>പാലക്കാട്</u>

6. അത്തിപ്പെറ്റ പാലം

<u>മഞ്ചേരി</u>

7. മമ്പുറം പാലം

8. കോട്ടപ്പാടി പാലം

<u>വയനാട്</u>

9. മാനന്തവാടി ചെറുപുഴ പാലം

10. പനന്തറ പാലം

<u>കാസർഗോഡ്</u>

11. പൈനിക്കര പാലം

(സി) അപകടാവസ്ഥയിലുള്ള മുഴുവൻ പാലങ്ങളും കാലതാമസം കൂടാതെ പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ, വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## കെ.എസ്.ടി.പി. പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് ലോകബാങ്ക് നിർദ്ദേശങ്ങൾ

62 (2909) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതികളുടെ ധനവിനിയോഗം, ഗുണനിലവാരം, തൊഴിലാളി ക്ഷേമം, സ്ഥലമെടുപ്പ് എന്നീ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പദ്ധതികളുടെ ഭാഗമായ പാക്കേജ് I, II, IVA എന്നിവയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടോ;

(ഡി) അടൂർ-കഴക്കൂട്ടം മോഡൽ സുരക്ഷാ പദ്ധതി, പൂർത്തീകരണ കാലാവധിയായ 27-4-2018-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) കെ.എസ്.റ്റി.പി. പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ലോകബാങ്ക് ധനസഹായത്തോടുകൂടിയുള്ള കെ.എസ്.ടി.പി. പദ്ധതികൾക്ക് 2017-18-ൽ ബജറ്റ് വിഹിതമായി 580 കോടി രൂപ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 215 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ 30-1-2018-ൽ 70 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കെ.എസ്.ടി.പി. പദ്ധതികളെല്ലാംതന്നെ അന്താരാഷ്ട്ര നിലവാരത്തിൽ MoRTH SPECIFICATION അനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സൈറ്റുകളിൽത്തന്നെ ലബോറട്ടറികൾ സ്ഥാപിച്ച് ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ ദർഘാസുകൾ വിളിച്ച് പരിചയമുള്ള കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റുകളാണ് പദ്ധതികളുടെ സൂപ്പർവിഷൻ നടത്തുന്നത്. കൂടാതെ അതത് പദ്ധതികളുടെ പരിധിയിലുള്ള കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പദ്ധതികളുടെ മേൽനോട്ടം നടത്തുന്നുണ്ട്.

തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി കരാർ പ്രകാരം Health/ Safety/Environmental Engineer-നെ നിയമിച്ചിട്ടുണ്ട്. എല്ലാ മാസവും കെ.എസ്. ടി.പി. പ്രോജക്ട് ഡയറക്ടർ ഓഫീസിൽനിന്നും Environmental Safety Engineer പദ്ധതികൾ സൈറ്റ് പരിശോധന നടത്തി കർശന നടപടികളും നിർദ്ദേശങ്ങളും പാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എത്രയും പെട്ടെന്ന് ഇൻഷ്വറൻസ് അനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക് പ്രതിനിധികൾ മൂന്നുമാസം കൂടുമ്പോൾ ലേബർ ക്യാമ്പ് ഉൾപ്പെടെയുള്ള സൈറ്റ് ഓഫീസുകൾ പരിശോധിച്ച് തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നുണ്ട്.

സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള പ്രശ്നങ്ങളും തർക്കങ്ങളും ത്വരിതഗതിയിലാക്കുന്നതിന് കെ.എസ്.ടി.പി. ഡിവിഷൻ തലത്തിലും പ്രോജക്ട് ഡയറക്ടർ ഓഫീസിലും സോഷ്യോളജിസ്റ്റിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കെ.എസ്.ടി.പി. IV A തിരുവല്ല ബൈപ്പാസ് പദ്ധതിക്ക് 8 പേരുടെ സ്ഥലമെടുപ്പിനുള്ള അവാർഡ് ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. എങ്കിലും 5 പേരുടെ സ്ഥലമെടുപ്പ് നേരിട്ടുവാങ്ങൽ രീതിപ്രകാരം ഏറ്റെടുക്കുകയുണ്ടായി. ബാക്കി സ്ഥലം പൊന്നുവില പ്രകാരം ഏറ്റെടുക്കുന്നതിന് പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് ലോകബാങ്ക് പ്രതിനിധികൾക്ക് അവലോകന യോഗങ്ങളിൽ റിപ്പോർട്ടുകളും നൽകുന്നുണ്ട്.

(സി) നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയം സംഭവിച്ചിട്ടില്ല. കെ.എസ്.ടി.പി. നടപ്പിലാക്കുന്നത് ബൃഹത്തായ പദ്ധതികൾ ആയതിനാൽ ചിലപ്പോൾ വീഴ്ചകൾ സംഭവിക്കാറുണ്ട്. ഇവ പരിഹരിക്കുന്നതിനു വേണ്ടി കർശന നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് നടപടി സ്വീകരിക്കുന്നുമുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ ഒന്നുംതന്നെ പദ്ധതികളുടെ പുരോഗതിയെ ബാധിച്ചിട്ടില്ല. കെ.എസ്.ടി.പി. IVA

തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിന് നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഡിസൈൻ മാറ്റേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നു. ആയത് സ്റ്റിയറിംഗ് കമ്മിറ്റി കരാർ റദ്ദാക്കാനും റീടെണ്ടർ ചെയ്യുന്നതിനും തീരുമാനിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രമംവിട്ട നടപടികൾ ഉണ്ടായതാണ് റദ്ദാക്കാൻ കാരണം. അതനുസരിച്ച് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അടൂർ-കഴക്കൂട്ടം മോഡൽ സുരക്ഷാ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്കും കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊട്ടാരക്കരയ്ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കെ.എസ്.ടി.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം തന്നെ അന്തിമഘട്ടത്തിലാണ്. ലോകബാങ്കിന്റെ ലോൺ കാലാവധി തീരുന്ന 2019 ഏപ്രിൽ 30-ന് മുൻപ് തീർക്കത്തക്ക വിധത്തിലാണ് എല്ലാ പദ്ധതികളും ക്രമീകരിച്ചിട്ടുള്ളത്. പദ്ധതികളുടെ നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു*. പുനലൂർ-പൊൻകുന്നം പദ്ധതി വേൾഡ് ബാങ്ക് പ്രത്യേക പദ്ധതിയായി മാറ്റുന്നതിന് സമ്മതിച്ചിട്ടുണ്ട്. അത് താമസിയാതെ അംഗീകരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.

## തലശ്ശേരി-വളവുപാറ റോഡിന്റെ നവീകരണം

63 (2910) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.റ്റി.പി രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി പ്രവൃത്തി നടക്കുന്ന തലശ്ശേരി-വളവുപാറ റോഡിന്റെ നവീകരണം എത്ര റീച്ചുകളായിട്ടാണെന്ന് വ്യക്തമാക്കുമോ; ഓരോ റീച്ചിലെയും പ്രവൃത്തികൾ എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കാലതാമസം ഒഴിവാക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

കരാർ റദ്ദാക്കിയതിനെത്തുടർന്ന് റീടെണ്ടർ ചെയ്ത കണ്ണൂർ ജില്ലയിലെ തലശ്ശേരി-വളവുപാറ റോഡ് രണ്ട് റീച്ചുകളിലായിട്ടാണ് നടപ്പിലാക്കിയത്.

UG III A തലശ്ശേരി -കളറോഡ്-28.80 കി.മീ.

UG III B കളറോഡ്-വളവുപാറ റോഡ് 25.20 കി.മീ.

തലശ്ശേരി-കളറോഡ് റോഡ് നിർമ്മാണം 31.25%-ഉം കളറോഡ്-വളവുപാറ റോഡ് നിർമ്മാണം 38.65%-ഉം പൂർത്തിയായി. കരാർ പ്രകാരം പൂർത്തീകരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാവധി തലശ്ശേരി-കളറോഡ് റോഡ് 26-6-2018-ഉം കളറോഡ്-വളവുപാറ റോഡ് 25-9-2018-ഉം ആണ്.

പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സൈറ്റ് പരിശോധനയും അവലോകന യോഗങ്ങളുംകൂടി കോൺട്രാക്ടർക്കും കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## റസ്റ്റ് ഹൗസുകളുടെ നവീകരണം

64 (2911) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ റസ്റ്റ്ഹൗസുകളിലും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരികയുമാണ്. പഴയ ഫർണിച്ചറുകൾ, കർട്ടനുകൾ, ബെഡ് ഷീറ്റുകൾ എന്നിവ മാറ്റി പുതിയവ വാങ്ങുന്നതിനും ചുറ്റുമതിൽ ഇല്ലാത്ത വിശ്രമമന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ജല ദൗർലഭ്യമുള്ള റസ്റ്റ് ഹൗസുകളിൽ കുഴൽക്കിണർ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. MLA/ MP/ Ex.MLA/ Ex.MP എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലേതുപോലെയുള്ള സൗകര്യങ്ങൾ റസ്റ്റ് ഹൗസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസ് പരിസരവും അകവും വൃത്തിയായി പരിപാലിച്ചു വരുന്നതോടൊപ്പംതന്നെ ഇലക്ട്രിക്കൽ അറ്റകുറ്റ പണികളും കൃത്യമായി നിർവ്വഹിച്ചുവരുന്നു. എല്ലാ റസ്റ്റ് ഹൗസുകളിലും യൂണിഫോം ഏർപ്പെടുത്തുകയും വാടകക്കുടി അനധികൃത താമസം ഒഴിവാക്കിയിട്ടുമുണ്ട്. നെടുമങ്ങാട്, വെഞ്ഞാറമൂട് റസ്റ്റ് ഹൗസുകളുടെ പുതിയ കെട്ടിട നിർമ്മാണം, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം, കായംകുളം റസ്റ്റ് ഹൗസിന്റെ നവീകരണ പ്രവർത്തനം, കോട്ടയം റസ്റ്റ് ഹൗസിലെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം, മലപ്പുറം ജില്ലയിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം,

പത്തനംതിട്ട ജില്ലയിലെ പുതിയ വി.ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ പുതിയതായി 11 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള ശിപാർശകൾ പരിശോധിച്ചുവരുന്നു. കൂടാതെ അടുത്ത വർഷത്തെ ബജറ്റിൽ (2018-19) ഉൾപ്പെടുന്ന നവീകരണ പ്രവൃത്തികളുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരികയുമാണ്.

(ബി) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് നവീകരണ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 1080.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശബരിമല പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

65 (2912) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം എങ്ങനെയാണ് സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിൽ ആയതെന്ന് വ്യക്തമാക്കാമോ; എന്നുമുതലാണ് ഈ കെട്ടിടം സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നത്; ഇവർക്ക് കെട്ടിടം നൽകിയത് സംബന്ധിച്ച് എന്തെങ്കിലും സർക്കാർ രേഖയുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം സ്വകാര്യ വ്യക്തിയിൽ നിന്നും ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കിയിരുന്നോ; എങ്കിൽ എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് വീണ്ടും സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലാകാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച കേസിൽ ഹാജരായിരുന്നത് ഏത് സർക്കാർ അഭിഭാഷകനാണ്; കേസ് നടത്തിപ്പിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്:

(ഇ) സർക്കാർ കെട്ടിടം അനധികൃതമായി കൈയടക്കുകയും വാടക പിരിക്കുകയും ചെയ്തത് സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള വിവരങ്ങൾ എന്തൊക്കെയാണ്;

അനധികൃതമായി പിരിച്ചെടുത്ത തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശബരിമലയിൽ അനധികൃതമായി പൊതുമരാമത്ത് വകുപ്പിന്റെ 25 സെന്റ് സ്ഥലം കയ്യേറി നിർമ്മാണം നടത്തിയ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പൊളിച്ചു മാറ്റാൻ അതിന്റെ സെക്രട്ടറിക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഇവ പൊളിച്ചുമാറ്റുകയോ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ നോട്ടീസ് നൽകി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച് കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാക്കിയിരുന്നുവെങ്കിലും ഷെൽട്ടറുമായി ബന്ധപ്പെട്ടവർ സീൽ പൊളിച്ചുമാറ്റുകയായിരുന്നു. ഇതിനെതിരെ മരാമത്ത് വകുപ്പ് പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും പിന്നീട് കെട്ടിടം വകുപ്പ് താഴിട്ട് പൂട്ടി പോലീസിന്റെ സാന്നിധ്യത്തിൽ കാവൽ ഏർപ്പെടുത്തി. ഇതിനെത്തുടർന്ന് പിൽഗ്രിം സെന്ററുകാർ കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 35830/2016 ആയി കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ സെക്രട്ടറിക്ക് നോട്ടീസ് നൽകിയതിന് മറുപടിയായി 1964 മുതൽ ഇത് ഇവരുടെ കൈവശമാണെന്നും ആയതിന് അവരുടെ കയ്യിൽ ദേവസ്വം വക രേഖകളുണ്ടെന്നുമാണ് എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ സെക്രട്ടറി അവകാശപ്പെടുന്നത്. ടി രേഖ വ്യാജമാണ്. അത്തരത്തിലുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ശബരിമല പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സംബന്ധിച്ച ദേവസ്വം വക രേഖകൾ എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ സെക്രട്ടറിയുടെ പക്കലുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ടി രേഖകൾ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ടി രേഖകളുടെ ആധികാരികതയും നിജസ്ഥിതിയും ആയത് പരിശോധിച്ചശേഷമേ അറിയാൻ കഴിയുകയുള്ളൂ.

(സി) 31-10-2016-ന് ടി ക്യാമ്പ് ഷെഡ്ഡ് കയ്യേറ്റക്കാരിൽ നിന്ന് ഒഴിപ്പിച്ച് കെട്ടിടം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാക്കി താഴിട്ട് പൂട്ടുകയുണ്ടായി. എന്നാൽ 13-11-2016-ന് പിൽഗ്രിം സെന്റർ ഭാരവാഹികൾ സീൽ തകർക്കുകയും തിരികെപ്പിടിക്കുകയുമായിരുന്നു. ആയതിനെതിരെ പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ക്രൈം നമ്പർ 334/16 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പിന്നീട് കെട്ടിടം വകുപ്പ് താഴിട്ട് പൂട്ടി പോലീസിന്റെ സാന്നിധ്യത്തിൽ കാവൽ ഏർപ്പെടുത്തി എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്കുവേണ്ടി

സെക്രട്ടറിയായ ശ്രീ. അരവിന്ദാക്ഷൻ എ.കെ.-യും കൂട്ടാളികളും കെട്ടിടം ഒഴിപ്പിക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും കേരള ഹൈക്കോടതിയുടെ 30-11-2016-ലെ ഇടക്കാല ഉത്തരവിലൂടെ ശ്രീ. എ. കെ. അരവിന്ദാക്ഷൻ എന്ന വ്യക്തിയെ (രണ്ടാം പരാതിക്കാരൻ) റിസീവറായി നിയമിക്കുകയും ഇതുമായി ബന്ധപ്പെട്ട വരുവുചെലവ് കണക്കുകൾ കോടതിയിൽ ഹാജരാക്കുവാൻ വിധിക്കുകയുമാണുണ്ടായത്. 3-4-2017-ൽ കേസ് വീണ്ടും വന്നെങ്കിലും 30-11-2016-ലെ തൽസ്ഥിതി തുടരുവാൻ ഉത്തരവിട്ടുകൊണ്ട് കയ്യേറ്റക്കാരനെത്തന്നെ റിസീവർ ആയി നിയമിച്ചുകൊണ്ട് ഉടമയായ സർക്കാരിനെ ഒഴിപ്പിക്കുന്ന വിചിത്രമായ വിധി കോടതി പുറപ്പെടുവിച്ചതു കൊണ്ടാണ് ഇത് വീണ്ടും സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലായത്.

(ഡി) കെ. വി. മനോജ്കുമാർ എന്ന സീനിയർ ഗവൺമെന്റ് പ്ലീഡറും അഡ്വക്കേറ്റ് ജനറലും തന്നെയാണ് ഇതുസംബന്ധിച്ച് കോടതിയിൽ ഹാജരായി വരുന്നത്. കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പൊതുമരാമത്ത് വകുപ്പ് ഈ ക്യാമ്പ് ഷെഡ്ഡിന്റെ അതിർത്തി നിർണ്ണയിച്ച് നൽകാനായി റാന്നി തഹസിൽദാർക്കും ജില്ലാ ഫോറസ്റ്റ് ഓഫീസർക്കും നിർദ്ദേശം നൽകിയെങ്കിലും ഫോറസ്റ്റിൽ നിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ള 50 ഏക്കർ സ്ഥലത്തിനുള്ളിലായതുകൊണ്ട് ഡീ മാർക്കേറ്റ് ചെയ്യുവാൻ കഴിയുകയില്ലെന്ന് അറിയിക്കുകയുണ്ടായി. അനധികൃതമായി വാടക പിരിച്ചത് സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ കേസ് ഹൈക്കോടതിയുടെ പരിഗണന യിലായതിനാൽ മറ്റ് അന്വേഷണങ്ങളൊന്നും നടക്കുന്നില്ല. മാപ്പർഹിക്കാത്ത പൊതുമുതൽ കൊള്ളയാണ് കയ്യേറ്റക്കാരനായ അരവിന്ദനും സംഘവും നടത്തിക്കൊണ്ടിരിക്കുന്നത്. ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നുണ്ട് എന്ന തോന്നലാണ് ശബരിമല റസ്റ്റ് ഹൗസിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. ഹൈക്കോടതിയുടെ അന്തിമവിധി അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കട റസ്റ്റ് ഹൗസ് നിർമ്മാണം

66 (2913) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ പൊതുമരാമത്ത് റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; പ്രസ്തുത നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

ഉണ്ട്. കാട്ടാക്കട കുളത്തോട്ടുമലയിൽ റസ്റ്റ് ഹൗസ് പണിയുന്നതിനുവേണ്ട

സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ്**

67 (2914) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്ന ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് മുൻഗണന ഉണ്ടോ; അതുപ്രകാരം ഈ സർക്കാർ നിലവിൽ വന്നശേഷം മുഖ്യമന്ത്രിയുടെയും വിവിധ മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിൽ എത്ര പേർക്ക് വീതം പുതുതായി ക്വാർട്ടേഴ്സ് അനുവദിച്ചു;

(സി) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട എത്ര പേർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിൽ എത്ര പേർക്ക് പുതുതായി ക്വാർട്ടേഴ്സ് അനുവദിച്ചു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2006-ലെ റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ ഓഫ് ഗവൺമെന്റ് സർവന്റ്സ് ക്വാർട്ടേഴ്സിൽ ഭേദഗതി വരുത്തിക്കൊണ്ട് 7-9-2016-ലെ GO.(Ms.) No.65/2016/PWD പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. അനുവദിച്ച ക്വാർട്ടേഴ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 13
2. വനം വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 12
3. വ്യവസായ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 7
4. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 7

5. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 5
6. ധനകാര്യ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 8
7. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 7
8. ഫിഷറീസ് വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 6
9. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 5
10. തുറമുഖം, മ്യൂസിയം വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 4
11. ആരോഗ്യ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 6
12. റവന്യൂ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 6
13. ഗതാഗത വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 2
14. സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 7
15. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 7
16. തൊഴിൽ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 9
17. കൃഷി വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് - 3
18. സ്പീക്കറുടെ പേഴ്സണൽ സ്റ്റാഫ് - 3
19. ഡെപ്യൂട്ടി സ്പീക്കറുടെ പേഴ്സണൽ സ്റ്റാഫ് - 3

(സി&ഡി) ഒന്ന്.

## കോട്ടയ്ക്കൽ, കുറ്റിപ്പുറം റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം

68 (2915) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ റസ്റ്റ് ഹൗസ്, കുറ്റിപ്പുറം റസ്റ്റ് ഹൗസ് എന്നിവയുടെ പുനരുദ്ധാരണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുകയോ, നടപടി സ്വീകരിയ്ക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മന്ത്രിമാരും ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും തങ്ങുവാൻ ഉപയോഗിക്കുന്ന ദേശീയ പാതയിലെ പ്രധാനസ്ഥലമായ കോട്ടക്കൽ റസ്റ്റ് ഹൗസ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണത്തിനായി 27-1-2018-ലെ സ.ഉ.(സാധാ.) നമ്പർ 161/2018/പൊ.മ.വ. ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ വാർഷിക അറ്റകുറ്റപ്പണി കൾക്കായുള്ള കരാർ ഉടമ്പടി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനുള്ള കെട്ടിട രൂപരേഖയ്ക്കായി ചീഫ് ആർക്കിടെക്റ്റിന് നിർദ്ദേശം നൽകുകയും സൈറ്റ് പ്ലാൻ കൈമാറുകയും ചെയ്തിട്ടുണ്ട്. രൂപകൽപ്പന അംഗീകരിച്ചശേഷം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ തീരദേശപാത നിർമ്മാണം

69 (2916) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദീകരിക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശപാത നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) നിലവിലെ ദേശീയപാതയിൽ നിന്ന് മലപ്പുറം ജില്ലയിൽ അലൈൻമെന്റ് മാറ്റം വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ മാറ്റം വരുന്ന ഭാഗങ്ങളുടെ മാപ്പ് സഹിതം വ്യക്തമാക്കാമോ?

## ഉത്തരം

(എ) തീരദേശ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര-ഉണ്ണിയാൽ എന്ന പ്രവൃത്തി കിഫ്ബിയുടെ പരിഗണനയിലാണ്. മറ്റുള്ള ഭാഗങ്ങളിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശപാത നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി)ഇല്ല. സർവ്വേ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ഇടിമുഴക്കൽ, കോളപ്പുറം, കാക്കാട്, കാച്ചാടി, പുത്തനത്താണി എന്നീ ഭാഗങ്ങളിൽ അലൈൻമെന്റിൽ ചെറിയ മാറ്റങ്ങളും കോട്ടപ്പുറം, വളാഞ്ചേരി എന്നിവിടങ്ങളിൽ പുതിയ ബൈപ്പാസും പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അലൈൻമെന്റിൽ മാറ്റം വരുത്തുന്ന ഭാഗങ്ങളുടെ മാപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**തിരുവനന്തപുരം കാസർഗോഡ് തീരദേശ ഹൈവേ**

70 (2917) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശേ ഹൈവേക്ക് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഹൈവേ ആകെ എത്ര കിലോമീറ്റർ ആണെന്നും മറ്റേതെങ്കിലും അയൽസംസ്ഥാനത്തിലെ തീരദേശഹൈവേയുമായി ബന്ധിപ്പിക്കുമോ എന്നും എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളുമായി എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹൈവേയ്ക്ക് എത്ര വീതിയാണ് ഉദ്ദേശിക്കുന്നത്; ഇതിന് ഏറ്റക്കുറച്ചിലിന് സാധ്യത കാണുന്നുണ്ടോ; പ്രസ്തുത ഹൈവേ നിർമാണത്തിനുള്ള ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു; എത്രകാലം കൊണ്ട് ഇതിന്റെ പണി ആരംഭിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(സി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഇതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡം എന്തൊക്കെയാണ്; ഇതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഹൈവേ യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള തീരദേശ റോഡുകളുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ഉദ്ദേശം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവരുടെ പുനരധിവാസം സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നിർദ്ദിഷ്ട തീരദേശ പാതയുടെ നീളം 641.79 കി.മീ. ആണ്. പൂവാർ ജംഗ്ഷൻ മുതൽ പൊഴിയൂർ വരെ ഏകദേശം 6.5 കി.മീ. നീളത്തിൽ അയൽസംസ്ഥാനമായ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിലവിലുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായ കുഞ്ചത്തൂർ എന്ന ജംഗ്ഷൻ എൻ.എച്ച്.-66-ൽ ആണ്. അപ്രകാരം എൻ.എച്ച്- 66 വഴി തീരദേശ ഹൈവേയെ കർണ്ണാടകവുമായി ബന്ധിപ്പിക്കുന്നു.

(ബി) കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനുവേണ്ടി നാറ്റ്പാക് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ഹൈവേ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട തീരദേശ ഹൈവേ 12 മീറ്റർ വീതിയിൽ നിർമ്മാണം നടത്തുമ്പോൾ 282 ഹെക്ടറോളം സ്ഥലം ഏറ്റെടുക്കേണ്ടതായും 7725 കോടി രൂപയോളം ചെലവുമാണ് പ്രതീക്ഷിക്കുന്നത്. തീരദേശപാതയുടെ ആദ്യഘട്ടം 2019 സെപ്റ്റംബറിലും രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തരം കിഫ്ബിയുടെ ധനസഹായത്തോടുകൂടി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട തീരദേശ ഹൈവേ വിവിധ റീച്ചുകളിലായി മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കെ.ആർ. എഫ്.ബി. വഴി നടത്തുകയും അതിനുശേഷം പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ മേൽനോട്ടത്തിലായിരിക്കും നടത്തുന്നത്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകൾ 238.5 കി.മീ. നീളത്തിൽ പുനരുദ്ധരിക്കുന്നതിനായുള്ള വിശദമായ പദ്ധതി

രൂപരേഖ കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്. നിലവിലുള്ള തീരദേശ റോഡ് ശൃംഖലയെ സംയോജിപ്പിച്ചുകൊണ്ടായിരിക്കും ഈ സംസ്ഥാന പാത രൂപംകൊള്ളുക.

(ഡി) വിശദമായ പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുനരധിവാസവും നഷ്ടപരിഹാര പദ്ധതിയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. എന്നാൽ കാര്യമായ ഒഴിപ്പിക്കൽ ഉദ്ദേശിക്കുന്നില്ല.

## റോഡുകളുടെ വശങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുകൾ

71 (2918) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ളിയു.ഡി. റോഡുകളുടെ അരികിലായി, യാത്രയ്ക്ക് തടസ്സവും അപകടവും സൃഷ്ടിക്കുന്ന തരത്തിൽ, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ളിയു.ഡി. റോഡുകളുടെ വശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഹൈവേ പ്രൊട്ടക്ഷൻ ആക്ടുപ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഹൈമാസ്റ്റ് ലൈറ്റ്, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവയെല്ലാം ഗതാഗത തടസ്സവും അപകടവും ഒഴിവാക്കി സ്ഥാപിക്കുന്നതിന് കൂടുതൽ ശക്തവും വ്യക്തവുമായ വ്യവസ്ഥകൾ രൂപീകരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡിന്റെ പരിപാലകനായ (ഹൈവേ അതോറിറ്റി) എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി സ്ഥാനം നിർണ്ണയിച്ച് അനുമതി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് റോഡുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത്. ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ F.No.RW/NH-33044/29/2015/S&R(R) dated 22-11-2016

സർക്കുലർ പ്രകാരമുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും ഈടാക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചാൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് അവ നീക്കം ചെയ്യാവുന്നതാണ്.

(ഡി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ 5-1-2018-ലെ സ.ഉ.(സാധാ) നമ്പർ 30/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ കെ.എസ്.ഇ.ബി. പോസ്റ്റുകളും കേബിളുകളും മറ്റ് യൂട്ടിലിറ്റീസും സ്ഥാപിക്കുന്നതിനുമുമ്പ് അത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ ഓരോ ഇനം റോഡിലും നിശ്ചയിക്കുന്ന റസ്റ്റോറേഷൻ ചാർജ്ജുകൾ അടയ്ക്കേണ്ടതാണ്. കൂടാതെ റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന മൺഭാഗത്ത് മാത്രം കേബിളും പോസ്റ്റും സ്ഥാപിക്കേണ്ടതുമാകുന്നു.

## CAPE എഞ്ചിനീയറിംഗ് കോളേജിന് ആഡിറ്റോറിയം

72 (T*2919) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചതും ഭരണാനുമതി ലഭിച്ചതുമായ തലശ്ശേരി കേപ് എഞ്ചിനീയറിംഗ് കോളേജ് ആഡിറ്റോറിയം നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തലശ്ശേരി CAPE എഞ്ചിനീയറിംഗ് കോളേജ് ആഡിറ്റോറിയം നിർമ്മിക്കുന്നതിന് 135 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അതിനുശേഷം ടെണ്ടർ നടപടി പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കും.

## റാന്നി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

73 (2920) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്; ഓരോ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവൃത്തിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള ഓരോ ഫയലും ആരുടെ പക്കലാണെന്ന് അറിയിക്കുമോ;

(സി) എന്തൊക്കെ നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയും എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും സൂക്ഷ്മപരിശോധന നടന്നുവരുന്നു. പ്രവൃത്തികളുടെ പേര്, തുക, ഫയൽ ആരുടെ പക്കലാണ് എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കണ്ണാറകുളഞ്ഞി-പമ്പ റോഡിൽ കല്ലാർ നദിക്കുകുറുകെ വടശ്ശേരിക്കര പുതിയ പാലം നിർമ്മാണം - 14.06 കോടി രൂപ – അസിസ്റ്റന്റ് എഞ്ചിനീയർ, ളാഹ
2. റാന്നി വലിയ പാലം - 26.76 കോടി രൂപ – ചീഫ് എഞ്ചിനീയർ, നിരത്തുവിഭാഗം, തിരുവനന്തപുരം
3. മടത്തുംച്ചാൽ - മുക്കൂട്ടുതറ റോഡ് നവീകരണം - 42.18 കോടി രൂപ – ചീഫ് എഞ്ചിനീയർ നിരത്തുവിഭാഗം, തിരുവനന്തപുരം
4. വാലാങ്കര – അയിരൂർ റോഡ് നവീകരണം - 19.59 കോടി രൂപ – അസിസ്റ്റന്റ് എഞ്ചിനീയർ, മല്ലപ്പള്ളി
5. ജേക്കബ്സ് റോഡ് നവീകരണം - 36.90 കോടി രൂപ – അസിസ്റ്റന്റ് എഞ്ചിനീയർ, മല്ലപ്പള്ളി

(സി) സാങ്കേതികാനുമതിയും ലാന്റ് അക്വിസിഷനും ടെണ്ടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ടെണ്ടർ നടപടി വേഗത്തിലാക്കാൻ സംവിധാനം**

74 (2921) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ജി.എസ്.ടി.മൂലമുള്ള അധിക നികുതി ബാധ്യതയുംമൂലം സംസ്ഥാനത്ത് കരാറുകാർ ടെണ്ടർ നടപടികളിൽ നിന്ന്

മാറിനിൽക്കുന്ന സാഹചര്യമുണ്ടോ;

(ബി) മണൽ, മെറ്റൽ, കരിങ്കല്ല് എന്നിവയുടെ നികുതി വാറ്റിൽ നിന്ന് ജി.എസ്.ടി.യിലേയ്ക്ക് വന്നപ്പോൾ ഒമ്പത് ശതമാനം കുറഞ്ഞെങ്കിലും ഇവയുടെ വിലയിൽ നാൽപ്പത് ശതമാനത്തിന്റെ വർധനവുണ്ടായതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ ഈ പ്രതിസന്ധി മറികടന്ന് ടെണ്ടർ നടപടി വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ജി.എസ്.ടി.മൂലമുള്ള അധിക നികുതി ബാധ്യതയുംമൂലം സംസ്ഥാനത്ത് കരാറുകാർ ടെണ്ടർ നടപടികളിൽനിന്ന് ഇപ്പോൾ മാറിനിൽക്കുന്ന സാഹചര്യമില്ല.

(ബി&സി) മണൽ, മെറ്റൽ, കരിങ്കല്ല് എന്നിവയുടെ വിലയിൽ നാൽപ്പത് ശതമാനത്തിന്റെ വർദ്ധനവുണ്ടായതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. പൊതുമരാമത്ത് കരാർ പണികൾക്ക് ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപ് 4% VAT ബില്ലിൽനിന്നും ഈടാക്കുമായിരുന്നു. എന്നാൽ 1-7-2017-നുശേഷം കരാറുകാർ 12% ജി.എസ്.ടി. സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ട്. 4% VAT ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഫിനാൻസ് വിഭാഗം സർക്കുലർ നമ്പർ 90/2017/fin dated 14/12/2017 പ്രകാരം കരാറുകാരന് അടയ്ക്കേണ്ടതായിട്ടുള്ള ജി.എസ്.ടി. തുക സർക്കാർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സോഷ്യൽ ഓഡിറ്റിംഗ്

75 (2922) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം നല്കുമോ?

ഉത്തരം

5-1-2018-ലെ G.O. (MS.) No.01/2018/PWD പ്രകാരം സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് 14 സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമിതികളുടെ പ്രവർത്തനം പ്രാരംഭദശയിലാണ്. ആലപ്പുഴ ജില്ലയിലെ പരാതിയിന്മേൽ മൂന്ന് പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെ വിവിധ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിരുന്നു. മറ്റ് ജില്ലകളിൽനിന്ന് കമ്മിറ്റി വഴി പരാതികളുടെ റിപ്പോർട്ടുകൾ വന്നിട്ടില്ല.

**ചെർക്കള ടൗൺ വികസനത്തിന്റെ ഭാഗമായുളള സർക്കിൾ നിർമ്മാണം**

76(2924) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചെർക്കള ടൗണിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ടൗൺ വികസനത്തിന്റെ ഭാഗമായി നിർമ്മിച്ച സർക്കിൾ പൊളിച്ചുമാറ്റാൻ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർക്കിൾ നിർമ്മിക്കാൻ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) അശാസ്ത്രീയമായും ജനങ്ങൾക്ക് ഉപകാരമില്ലാത്തതുമായ രീതിയിൽ നിർമ്മിച്ചതാണ് സർക്കിൾ പൊളിക്കാനുള്ള കാരണമെങ്കിൽ ആയത് നിർമ്മിക്കാനും പൊളിച്ചുമാറ്റാനും ചെലവായ തുക ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ സർക്കിൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇതിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ എന്നും ആരാണ് ഡിസൈൻ ചെയ്തതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ; ഡിസൈന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) സർക്കിൾ നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും എത്ര സമയത്തിനകം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 21970 രൂപ.

(ബി&സി) ബന്ധപ്പെട്ട ഫയലുകൾ നിലവിൽ വിജിലൻസിന്റെ കൈവശമാണ്. പ്രസ്തുത വിഷയത്തിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി&ഇ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പി.പി.യു.ഡി. ആർ.ഐ.ക്യു ബോർഡ് തയ്യാറാക്കിയ രൂപകൽപ്പനയ്ക്ക് അനുസരിച്ചുള്ള 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 31-01-2018-ലെ സ.ഉ. (സാധാ.) നമ്പർ 173/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ നൽകി രണ്ട് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഡിസൈനിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കുടിവെള്ള വിതരണ ലൈനുകൾക്കായി റോഡുകളിൽ ട്രഞ്ച് സ്ഥാപിക്കുന്നതിന് നടപടി

77 (T*2925) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിനായി പുതുതായി നിർമ്മിക്കുന്ന റോഡുകളിലെങ്കിലും ട്രഞ്ച് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ കുടിവെള്ള വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിനായി ട്രഞ്ച് സ്ഥാപിക്കുന്നത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. ഇതുസംബന്ധിച്ച് ജല അതോറിറ്റിയുടെ ആവശ്യം ഒന്നുംതന്നെ നിലവിലില്ല. എന്നാൽ റോഡിന് കുറുകെ റോഡ് മുറിക്കാതെ ഡക്റ്റ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിച്ചുവരുന്നുണ്ട്. ദേശീയപാത വിഭാഗത്തിൽ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്.

## പട്ടാമ്പി റസ്റ്റ് ഹൗസിൽ ജീവനക്കാരുടെ കുറവ് നികത്താൻ നടപടി

78 (2926) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ് ഹൗസിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; അവരിൽ സ്ഥിരം ജീവനക്കാർ, താത്കാലിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ കുറവു നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പട്ടാമ്പി റസ്റ്റ് ഹൗസിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥലത്തിനു ചുറ്റുമതിൽ ഇല്ലാത്തതിനാൽ അവിടം സാമൂഹ്യവിരുദ്ധരുടെ താവളമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവിടം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടാമ്പി റസ്റ്റ് ഹൗസിൽ ഇപ്പോൾ മൂന്ന് ജീവനക്കാരുണ്ട്. അതിൽ ഒരാൾ സ്ഥിരം ജീവനക്കാരനും രണ്ട് പേർ താൽക്കാലിക ജീവനക്കാരുമാണ്.

(ബി) അന്വേഷിച്ച് നടപടി സ്വീകരിക്കും.

## കുട്ടനാട് മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച്

79 (T* 2927) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലം 1.5 മീറ്റർ മുതൽ 3 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്നും താഴെ ആയതുകൊണ്ട് നിർമ്മാണങ്ങൾ നടക്കേണ്ടത് രണ്ടും മൂന്നും മീറ്റർ ഉയരത്തിലായതിനാലും, ഇതിനുള്ള നിർമ്മാണ സാമഗ്രികൾ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്ന് ലഭ്യമാക്കേണ്ടതിനാലും നിർമ്മാണ സാമഗ്രികൾ സുഗമമായി ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## നെടുങ്കാട് യു.പി. സ്കൂളിലെ ടോയ്‌ലെറ്റ് നിർമ്മാണം

80 (2928) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2017 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2128/2017/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച നേമം നിയോജക മണ്ഡലത്തിലെ നെടുങ്കാട് യു.പി. സ്കൂളിലെ ടോയ്ലെറ്റ് നിർമ്മാണത്തിന്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പൊതുമരാമത്ത് (ബിൽഡിങ്) വകുപ്പിൽ നിന്ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടി സ്ഥല ലഭ്യത ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലലഭ്യതയും പ്ലാനും അംഗീകരിച്ച ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കട സബ് ഡിവിഷൻ ഓഫീസ്

81 (2929) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി പൊതുമരാമത്ത് വകുപ്പിന്റെ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) താലൂക്കാസ്ഥാനമായ കാട്ടാക്കടയിൽ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കൊടുവള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

82 (T* 2930) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്-ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലം മുൻ എം. എൽ. എ. യുടെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചതും ഭരണാനുമതി ലഭിച്ചതുമായ കൊടുവള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ടെണ്ടർ നടപടി സ്വീകരിച്ച് ടെണ്ടർ ലഭ്യമായത് പ്രകാരം കരാർ അംഗീകാരത്തിനായി നഗരസഭാ കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ട്. കരാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കരാർ ഉടമ്പടി ഒപ്പു വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിൽ ബസ് കാത്തിരിപ്പ് കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി

83 (2931) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതും ധനകാര്യ വകുപ്പിൽ നിന്ന് റഫർ ചെയ്തതുമായ കൊയിലാണ്ടി മണ്ഡലത്തിലെ പാതയോരങ്ങളിൽ പ്രധാന സ്ഥലങ്ങളിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-2017 വർഷത്തെ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലപരിധി 31-12-2017 ആയി നിശ്ചയിച്ചിരുന്ന സാഹചര്യത്തിൽ, പദ്ധതി നടപ്പിലാവാതെ പെൻഡിംഗിലായത് പി.ഡബ്ല്യു.ഡി. യിലെ ഏത് സെക്ഷനിലാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന നടപടികൾ, കുത്തിടപാടുകൾ എന്നിവ കലണ്ടർ ഓഫ് കറസ്പോണ്ടൻസിലൂടെ വിശദമാക്കാമോ;

(ഡി) പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കാനുള്ള എസ്റ്റിമേറ്റ് എത്ര ദിവസത്തിനകം ധനകാര്യ വകുപ്പിൽ സമർപ്പിക്കുമെന്നും ഇതിന്റെ ഭരണാനുമതി എപ്പോൾ ലഭ്യമാക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പാതയോരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശങ്ങളൊന്നും പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിനോ പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനോ ലഭിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## പൊതുമരാമത്ത് വകുപ്പ് അഴിമതി മുക്തമാക്കാൻ നടപടി

84 (2932) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിൻ കീഴിൽ നടത്തുന്ന പ്രവൃത്തികൾ കരാറുകാർ കുറ്റമറ്റരീതിയിലും യഥാസമയവും പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് കരാറുകാരന്റെ കേസ്സ് വിജയിപ്പിക്കുന്നതുൾപ്പെടെയുള്ള അഴിമതിക്കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ എത്ര എണ്ണം കണ്ടെത്തി; ഇതിൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരടക്കം എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത നാളിതുവരെയുള്ള പ്രവൃത്തികൾ എത്ര; ഇവയുടെ കാരണങ്ങൾ എന്ത്; ഇതിൽ ഉദ്യോഗസ്ഥ-കരാറുകാർ തമ്മിലുള്ള അവിശുദ്ധബന്ധം ഉണ്ടോ; എന്നിവ വ്യക്തമാക്കുമോ;

(ഡി) വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും അതു വഴി നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാനുമായി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

(1) പൊതുമരാമത്ത് വകുപ്പിൻകീഴിൽ നടത്തുന്ന പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ സാങ്കേതിക വിഭാഗം ഫീൽഡ് ജീവനക്കാർ എന്നിവരുടെ ഉത്തരവാദിത്വത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പൂർണ്ണ മേൽനോട്ടത്തിലുമാണ് പ്രവൃത്തികൾ നടത്തിവരുന്നത്.

(2) വകുപ്പിനുകീഴിൽ നടത്തുന്ന പ്രവൃത്തികൾ കുറ്റമറ്റതാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡിസൈൻ ചീഫ്

എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ വിംഗ് രൂപീകരിക്കുകയും തുതല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ക്വാളിറ്റി ഉറപ്പാക്കിയതിനുശേഷം മാത്രമേ കരാറുകാരന് പേമെന്റ് നൽകുന്നുള്ളൂ.

(3) ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(4) കരാറുകാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചമൂലം യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കാതെ വരുന്ന സാഹചര്യത്തിൽ അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യാവുന്ന വ്യവസ്ഥയിലാണ് കരാർ ഉടമ്പടി ഒപ്പു വയ്ക്കുന്നത്.

(5) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്ക് പിഴ ചുമത്തി മാത്രമേ സമയപരിധി ദീർഘിപ്പിച്ച് നൽകാറുള്ളൂ.

(6) വകുപ്പിൽ ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ സോഷ്യൽ ഓഡിറ്റിന്റെ ജില്ലാ സമിതി മുൻപാകെ പരാതികൾ സമർപ്പിക്കാവുന്നതാണ്.

(ബി) തൃപ്പൂണ്ണിത്തുറ ആയുർവേദ ആശുപത്രിയിൽ 350 കിടക്കകളുള്ള കെട്ടിടം നിർമ്മിക്കുവാൻ കരാർ നൽകിയിരുന്ന കരാറുകാരൻ ശ്രീ. പി. കെ. രാമചന്ദ്രനിൽ നിന്നും ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി ഒത്തുകളിച്ച് 7 കോടി 67 ലക്ഷം രൂപ കരാറിൽനിന്നും കൂടുതൽ കൈപ്പറ്റി സർക്കാരിനെ വഞ്ചിക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കും കരാറുകാരനുമെതിരെ അന്വേഷണം നടത്തണമെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് 13 വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്. ഈ കേസ്സുകളിൽ 34 ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് - 9 പ്രവൃത്തികൾ

തിരുവനന്തപുരം കെട്ടിട വിഭാഗം - 32 പ്രവൃത്തികൾ

കൊല്ലം -3 പ്രവൃത്തികൾ

ആലപ്പുഴ - 2 പ്രവൃത്തികൾ

1. പി.എച്ച്.സി. കലവൂരിന് കെട്ടിട നിർമ്മാണം - സമയപരിധി കഴിഞ്ഞതിനാൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് 29-1-2018-ൽ നോട്ടീസ് നൽകി.

2. സബ് ട്രഷറി, ഇടത്വാ - കോടതിയിൽ കേസ് നിലനിൽക്കുന്നു.

കോട്ടയം - 56 പ്രവൃത്തികൾ

എറണാകുളം 2016-17 കാലയളവിൽ 89 പ്രവൃത്തികളിൽ മൂന്ന് പ്രവൃത്തികൾക്ക് സമയപരിധി നീട്ടി.

2017-18 കാലയളവിൽ 63 പ്രവൃത്തികളിൽ ഒരു പ്രവൃത്തിക്ക് സമയപരിധി നീട്ടി.

തൃശ്ശൂർ - 7 പ്രവൃത്തികൾ

(1) രണ്ട് പ്രവൃത്തികൾ നിർമ്മാണ സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ലഭിക്കാത്തതിനാൽ

(2) ഒരു പ്രവൃത്തി നിർമ്മാണസ്ഥലം സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പുമൂലം

(3) ഒരു പ്രവൃത്തി നിർമ്മാണം നടക്കുന്ന മൈതാനത്തുനിന്നും പോലീസ് വാഹനങ്ങൾ നീക്കം ചെയ്യാൻ വൈകിയതിനാൽ.

മലപ്പുറം - 32 പ്രവൃത്തികൾ

കണ്ണൂർ - 16 പ്രവൃത്തികൾ

| | |
|---|---|
| തിരുവനന്തപുരം നിർമ്മാണ വിഭാഗം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് | ഈ ഡിവിഷനുകൾക്ക് കീഴിൽ സമയപരിധിയിൽ നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഒന്നുമില്ല. |

സൈറ്റ് കൈമാറി ക്ലിയറായി കിട്ടുന്നതിനുള്ള കാലതാമസം, ഇലക്ട്രിക്കൽ പണികൾക്കുള്ള കാലതാമസം, ട്രഷറി നിയന്ത്രണം കാരണം കരാറുകാർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട്, സൈറ്റിലുണ്ടാകുന്ന മറ്റ് തടസ്സങ്ങൾ, നിർമ്മാണ സമയത്ത് നടപ്പാക്കേണ്ടിവരുന്ന അത്യാവശ്യ മാറ്റങ്ങൾ, ഡെപ്പോസിറ്റ് പ്രവൃത്തികളിൽ അധികമായി ഫണ്ട് ആവശ്യമായി വരുന്നത്, മെറ്റീരിയൽ ദൗർലഭ്യം/ക്വാറി സമരം/സ്കൂൾ/ഓഫീസ് സമയത്ത് പ്രവൃത്തി നടത്താൻ കഴിയില്ല എന്നിവ.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നാളിതുവരെ നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 275 പ്രവൃത്തികളുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളിൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. മുതലായവയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുക, പ്രതികൂലമായ കാലാവസ്ഥ, മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ്, റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും സ്ഥലമളന്ന് കിട്ടാനുള്ള കാലതാമസം, കരാറുകാരുടെ അലംഭാവം, സ്വകാര്യ വ്യക്തികളുടെ അതിർത്തി തർക്കങ്ങളുമായി ബന്ധപ്പെട്ട കോടതിനടപടി മുതലായവയാണ് പ്രധാന കാരണങ്ങൾ.

ഉദ്യോഗസ്ഥ-കരാറുകാർ തമ്മിലുള്ള അവിശുദ്ധ ബന്ധം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും അതുവഴി നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനുമായി നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി സ്വീകരിച്ചുവരുന്ന എല്ലാ നടപടികളും യഥാസമയം കൈക്കൊണ്ട് ടെണ്ടറിംഗ് സമ്പ്രദായം, ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് വിവിധ തലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ സസ്പെൻഷൻ, സ്ഥലംമാറ്റം എന്നിവയുൾപ്പെടുന്ന കർശന ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധനകൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനായി സർക്കാർ ഉത്തരവ് G.O. (Ms.) No.1/2018/PWD dated 5-1-2018 പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന് സോഷ്യൽ ഓഡിറ്റിംഗ് നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കരാർ വ്യവസ്ഥകൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി

85 (2933) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കൊപ്പം, വല്ലപ്പുഴ പഞ്ചായത്തുകളിലായി ഉപയോഗിക്കാതെ കിടക്കുന്ന വകുപ്പിനു കീഴിലുള്ള സ്ഥലങ്ങളിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ പുതുതായി അനുവദിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ, പോലിസ് സ്റ്റേഷൻ തുടങ്ങിയവയ്ക്ക് പ്രസ്തുത ഭൂമി വിട്ടു നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ കൊപ്പം - വളാഞ്ചേരി റോഡരികിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഉദ്ദേശം ഒരേക്കർ സ്ഥലമുണ്ട്. ഈ സ്ഥലത്തിന് ശരാശരി 10 മീറ്റർ മാത്രമാണ് വീതിയുള്ളത്. ആയതിനാൽ ഇവിടെ മറ്റ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സ്ഥലം ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ തുടങ്ങിയവയ്ക്ക് നൽകുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പൊതുമരാമത്ത് വകുപ്പിൽ നടന്നിട്ടുള്ള അഴിമതികൾ

86(2934) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്നിട്ടുള്ള ചില അഴിമതികളെക്കുറിച്ച് അന്നത്തെ വിജിലൻസ് ഡയറക്ടറായിരുന്ന

ശ്രീ. വിൻസന്റ്. എം. പോൾ, ഐ.പി.എസ്. തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേലുള്ള കേസ്സുകളുടെ വിശദവിവരങ്ങളും അന്വേഷണ പുരോഗതിയുടെ വിവരങ്ങളും നൽകുമോ;

(സി) ഇക്കാര്യത്തിൽ കണ്ടെത്തിയിട്ടുള്ള അഴിമതികളുടേയും ബന്ധപ്പെട്ട ആളുകളുടെയും വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരു ഉദ്യോഗസ്ഥനും പരാമർശിക്കപ്പെട്ടിട്ടില്ല. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിവിധങ്ങളായ ഉദ്യോഗസ്ഥർ എന്നാണ്. പേരുകളില്ല. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ല. അതിനാൽ മേൽ നടപടി ഇതുവരെ ഉണ്ടായിട്ടില്ല.

## പൊതുമരാമത്ത് പ്രവൃത്തികൾ

87(2935) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനമായ പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ വികസന പ്രവൃത്തികൾക്കാവശ്യമായ സ്ഥലം ഉറപ്പാക്കിയതിനുശേഷം മാത്രം പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന രീതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിനായി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെയും കൂടി ഭാഗമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ചുവടെചേർക്കുന്നു.

1. എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകിവരുന്നു.
2. വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.
3. പുതിയകാലം പുതിയ നിർമ്മാണം എന്ന ആശയം പ്രാബല്യത്തിൽ കൊണ്ടുവന്നു.
4. സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിൽ വരുത്തി.
5. വകുപ്പിൽ നിലനിന്നിരുന്ന ഒഴിവുകൾ പി.എസ്.സി. നിയമനം വഴി നികത്തിവരുന്നു.
6. ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ വിംഗുകൾ ശക്തിപ്പെടുത്തി.
7. ക്വാളിറ്റി ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി.
8. ആധുനിക, സാങ്കേതികവിദ്യകളിലും നിർമ്മാണ രീതികളിലും വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകിവരുന്നു.
9. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്.
10. കരാറുകാരുടെ ബിൽ തുക നൽകുന്നതിനായി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
11. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടുതല ക്വാളിറ്റി സംവിധാനവും അഞ്ച് കോടിയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും നടത്തിവരുന്നു.

12. പ്രൈസ് സോഫ്റ്റ്‌വെയർ വഴി എസ്റ്റിമേറ്റുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

13. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ടാറിൽ ചേർത്തു കൊണ്ടുള്ള റോഡ് നിർമ്മാണം, കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം എന്നിവ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

14. ടോൾഫ്രീ പരാതി പരിഹാര സെൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

15. മരാമത്ത് പ്രവൃത്തികൾ ആധുനിക മെഷീനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

## കരുനാഗപ്പള്ളി മിനി സിവിൽസ്റ്റേഷൻ

88 (2936) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ബി) ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ;

(സി) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തീകരിച്ച് അപകടരഹിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കെട്ടിടങ്ങളുടെ കോൺക്രീറ്റ് തൂണുകൾ, ബീമുകൾ, ഭിത്തികൾ, ഷേഡ് ഇവയിൽ നേരിയ പൊട്ടലുകളുണ്ട്. മുകൾ നിലയിലെ റൂഫ് സീലിംഗിന്റെ പ്ലാസ്റ്ററിംഗ് പലയിടത്തും അടർന്നുവീഴുന്നുണ്ട്. പെയിന്റിംഗ് ചെയ്തിട്ട് വളരെ വർഷങ്ങളായതുകൊണ്ട് എല്ലാ മെയിന്റനൻസ് പ്രവൃത്തികളും ആവശ്യമുണ്ട്. ജലസംഭരണി അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കാവുന്ന അവസ്ഥയിലല്ലാത്ത തിനാൽ പുതിയ ജലസംഭരണി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ പല സ്ഥലങ്ങളിലും ഫ്ലോറിംഗ് ഇളകിയിട്ടുമുണ്ട്.

(ബി&സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 68.22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ടി പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ കെട്ടിടങ്ങൾ ശോചനീയാവസ്ഥ മാറി അപകടരഹിതമായിത്തീരുന്നതാണ്.

**റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള ഓട നിർമ്മാണം**

89 (2937) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിർമ്മാണത്തോടനുബന്ധിച്ചുള്ള ഓടകളിൽ. മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിന് സഹായകരമാകുന്നതും ഗ്രില്ല് മൂടിയുള്ളതുമായ മഴക്കുഴികൾ അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നത് ഭൂഗർഭജല നിരപ്പുയർത്തുന്നതിന് സഹായകരമാണെന്ന നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാവിയിൽ റോഡുനിർമ്മാണത്തിന്റെ ഭാഗമായുള്ള ഓട നിർമ്മാണം അത്തരത്തിലാക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

90(2938) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട EA2/13813/2017 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തസ്തിക സൃഷ്ടിച്ചാൽ അതിലേക്ക് ബൈട്രാൻസ്ഫർ വഴി നിയമനം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒഴിവുകൾ എന്നത്തേക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ EA2/13813/2017-ാം നമ്പർ കത്ത് പ്രകാരം ലഭ്യമായ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത കത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിട്ടില്ല.

(ബി&സി) ബാധകമല്ല.

**ഇ-ചെലാൻ**

91 (2939) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ടോ; ഇതുമൂലമുള്ള നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ അടച്ചിരുന്ന രജിസ്ട്രേഷൻ ഫീസുകൾ ഇ-ചെലാൻ വഴി ട്രഷറിയിൽ അടയ്ക്കേണ്ടതുമൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണമിടപാടുകൾക്ക് ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ട്. ഇതുമൂലമുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

1. രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകേണ്ട തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കുവാനുള്ള സൗകര്യം ലഭ്യമാണ്.

2. ഒരു ആധാരം സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ ഇന്റർനെറ്റിലൂടെ അറിയുന്നതിനുള്ള സൗകര്യം.

3. ഇ-പേമെന്റ് സൗകര്യം പ്രയോജനപ്പെടുത്തി ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷകന് ഓൺലൈനായിത്തന്നെ ലഭ്യമാക്കാവുന്നതാണ്.

4. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിലൂടെ കൂടുതൽ സുതാര്യത ഉണ്ടായിട്ടുണ്ട്.

5. ട്രഷറിയിൽനിന്നും സ്റ്റാമ്പ് പേപ്പർ ഇഷ്യൂ ചെയ്യുന്നത് ഓൺലൈൻ വഴി ആയതിനാൽ സ്റ്റാമ്പിന്റെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ നിരീക്ഷിക്കാൻ കഴിയും.

6. രജിസ്റ്റർ ചെയ്യേണ്ട ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി സ്വമേധയാ കണക്കാക്കുന്നതിനുള്ള സൗകര്യം.

7. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സെൽഫോണിൽ എസ്.എം.എസ്. ആയി ലഭ്യമാകുന്നതിനുള്ള സൗകര്യം.

8. സംസ്ഥാനത്തെ ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്നു.

9. രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാകുന്നു.

10. രജിസ്ട്രേഷൻ സംബന്ധമായ എല്ലാ പണമിടപാടുകളും ഓൺലൈൻ സംവിധാനത്തിലൂടെ ഇടനിലക്കാരില്ലാതെ ഇടപാടുകാരന് നേരിട്ട് നടത്തുവാൻ കഴിയുന്നു.

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ അടച്ചിരുന്ന രജിസ്ട്രേഷൻ ഫീസുകൾ ഇ-ചെലാൻ വഴി ട്രഷറിയിൽ അടയ്ക്കുന്നത് ഇടപാടുകാർക്ക് കൂടുതൽ സൗകര്യപ്രദമാണ്.

(സി) ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേന പണമൊടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി**

92 (2940) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂമിയുടെ ന്യായവിലയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ന്യായവിലയിലെ അപാകതകൾ മൂലം പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 1-10-2016-ന് ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർമാർ, തിരുവനന്തപുരം/കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളകളർമാരെ ചുമതലപ്പെടുത്തുകയും 14 ജില്ലകളിൽനിന്നും കുറച്ച് ഭൂമി തെരഞ്ഞെടുത്ത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തി ന്യായവില പുനഃനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കി മൂന്ന് മാസത്തിനകം സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ന്യായവില നിശ്ചയിക്കാത്ത എല്ലാ സർവ്വേ നമ്പരുകളിലും ന്യായവില നിശ്ചയിക്കുന്നതിന് സബ് രജിസ്ട്രാർമാർ അവരുടെ അധികാര പരിധിയിൽ ന്യായവില നിശ്ചയിക്കാത്ത സർവ്വെ നമ്പരുകൾ പട്ടികയാക്കി അതത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യായവില നിർണ്ണയിച്ചതിൽ അപാകതയുള്ള പക്ഷം കക്ഷികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ നൽകുവാനും അപ്പീൽ തീരുമാനത്തിന്മേൽ ആക്ഷേപം ഉണ്ടെങ്കിൽ വീണ്ടും ജില്ലാ കളക്ടർക്ക് റിവ്യൂ പെറ്റീഷൻ നൽകി പരാതി പരിഹരിക്കാവുന്നതുമാണ്. ന്യായവില പുനഃനിർണ്ണയം സംബന്ധിച്ച പൈലറ്റ് സ്റ്റഡി ജില്ലകളിൽ നടന്നുവരുന്നുണ്ട്. ആയതിന് അന്തിമ തീരുമാനമായിട്ടില്ല.

**സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചാർജ്**

93 (2941) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമി, സർക്കാർ സ്ഥാപനങ്ങളുടെ പേരിലോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പേരിലോ രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ചാർജ്ജ് ഒഴിവാക്കി കൊടുക്കുന്നതിന് നിലവിൽ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്വകാര്യ ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി സർക്കാരിന്റെ പേരിൽ വാങ്ങുമ്പോൾ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 3 (1) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ ആവശ്യങ്ങൾക്കായി സർക്കാരിന്റെ പേരിൽ വാങ്ങുന്ന വിലയാധാരങ്ങൾക്ക് SRO No. 755/2015 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള G.O. (P) No. 201/2015/TD dated 17-11-2015 നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസും അടയ്ക്കേണ്ടതില്ല. സ്വകാര്യ വ്യക്തികൾ സർക്കാരിന് സ്വമേധയാ നൽകുന്ന ദാനാധാരങ്ങൾക്ക് SRO No. 248/65 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള G.O. (Ms.) No. 510/65/RD, dated 4-6-1965 നമ്പർ ഉത്തരവിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ദാനാധാരങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി പൊതുവായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. രജിസ്ട്രേഷൻ ആക്ട്, 1908 വകുപ്പ് 78 (2) പ്രകാരം സർക്കാർ പ്രത്യേകം പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. സ്വകാര്യ ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവുകൾ അനുവദിച്ച് പൊതുവായി ഉത്തരവുകൾ ഒന്നും നിലവിൽ പുറപ്പെടുവിച്ചിട്ടില്ല. കേരള മുദ്രപ്പത്ര നിയമം വകുപ്പ് 9 (1) (a) പ്രകാരവും രജിസ്ട്രേഷൻ ആക്ട് 1908 വകുപ്പ് 78 (2) പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കിക്കൊണ്ട് സർക്കാർ പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. സർക്കാർ സ്ഥാപനങ്ങൾക്ക് ദാനമായി ലഭിക്കുന്ന വസ്തുവിന്റെ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. G.O. (P) No. 201/2015/TD dated 17-11-2015, G.O. (Ms.) No. 510/65/RD dated 4-6-1965 എന്നീ ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

### വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾ

94 (2942) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഷൻ ഓഫീസുകൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ചുവടെപറയുന്ന 106 സബ് രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 17 |
| 2. | കൊല്ലം | - | 9 |
| 3. | പത്തനംതിട്ട | - | 7 |
| 4. | ആലപ്പുഴ | - | 7 |
| 5. | കോട്ടയം | - | 14 |
| 6. | ഇടുക്കി | - | 4 |
| 7. | എറണാകുളം | - | 3 |
| 8. | തൃശ്ശൂർ | - | 6 |
| 9. | പാലക്കാട് | - | 7 |
| 10. | മലപ്പുറം | - | 13 |
| 11. | കോഴിക്കോട് | - | 12 |
| 12. | വയനാട് | - | 3 |
| 13. | കണ്ണൂർ | - | 3 |
| 14. | കാസർഗോഡ് | - | 1 |

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ 17 ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കന്യാകുളങ്ങര, മലയിൻകീഴ്, വെങ്ങാനൂർ, വിതുര എന്നീ നാല് ഓഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ട്. വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ പണി പുരോഗമിക്കുന്നുണ്ട്. വിതുര സബ് രജിസ്ട്രാർ ഓഫീസിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കന്യാകുളങ്ങര, മലയിൻകീഴ് എന്നീ ഓഫീസുകൾ കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ ചിതറ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനത്തിന് സ്ഥലം ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ തോപ്രാംകുടി സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയത് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി, അന്തിക്കാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പണി നടന്നുവരുന്നു.

പാലക്കാട് ജില്ലയിലെ കുഴൽമന്ദം, കുമരനല്ലൂർ, വടക്കാഞ്ചേരി എന്നീ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. അതിൽ കുമരനല്ലൂർ ഓഫീസിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വടക്കാഞ്ചേരി, കുഴൽമന്ദം ഓഫീസുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മേലാറ്റൂർ, മൂർക്കനാട് എന്നീ രണ്ട് ഓഫീസുകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്. മക്കരപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലവും കെട്ടിടവും സ്വകാര്യവ്യക്തി ദാനമായി നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കക്കോടി, ഉള്ളേരി, വെസ്റ്റ് ഹിൽ എന്നീ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. അതിൽ കക്കോടി, ഉള്ളേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണ പണി ആരംഭിച്ചിട്ടുണ്ട്. വെസ്റ്റ് ഹിൽ സബ് രജിസ്ട്രാർ ഓഫീസ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഉദുമ ഓഫീസിന് സ്ഥലം ലഭിച്ചിട്ടുണ്ട്. ആയത് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

**മുക്കം സബ് രജിസ്ട്രാർ ഓഫീസ് മാറ്റം**

95(2943) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം സബ് രജിസ്ട്രാർ ഓഫീസ്, മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റുന്നതിന് നേരിടുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) അടിയന്തരമായി ഈ ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മുക്കം സബ് രജിസ്ട്രാർ ഓഫീസിനായി മുക്കം മിനി സിവിൽ സ്റ്റേഷനിൽ അനുവദിക്കപ്പെട്ട സ്ഥലത്തെ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾകൂടി പൂർത്തിയാക്കിയാൽ മാത്രമേ ഓഫീസ് പ്രവർത്തനം മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ കഴിയുകയുള്ളൂ.

**റെയിൽവേ വികസനം**

96 (2944) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) എറണാകുളം ടെർമിനലിന്റെ വികസനം സംബന്ധിച്ച് ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; ഇതിന്മേൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്റ്റംബർ ഒന്നിന് ഡൽഹിയിൽവച്ച് ഒപ്പു വയ്ക്കുകയും കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്. 2016-ൽ റെയിൽ മന്ത്രാലയമെടുത്ത തീരുമാനമനുസരിച്ച് അതത് സംസ്ഥാനത്തിന്റെ എല്ലാ പുതിയ പ്രൊപ്പോസലുകളും രൂപകൽപ്പന ചെയ്യുന്നതും നടപ്പാക്കുന്നതും സംസ്ഥാന സംയുക്ത സംരംഭക കമ്പനി മുഖേനയായിരിക്കണം.

സംയുക്ത സംരംഭക കമ്പനിക്ക് ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ

പ്രത്യേക ദൗത്യ വിഭാഗം (SPV) പദ്ധതി നടപ്പിലാക്കാനായി രൂപീകരിക്കാവുന്നതാണ്.

സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും‌നാലും ലൈനുകൾ
3. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
4. എരുമേലി-പുനലൂർ ബ്രോഡ്ഗേജ് പാത
5. ഏറ്റുമാനൂർ-പാലാ-ശബരി ലിങ്ക് ലൈൻ
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ്ഗേജ് ലൈൻ
7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെപ്പറയുന്ന നാല് പദ്ധതികളുടെ സാധ്യതാപഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി - മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ്ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(ബി) രാജ്യത്തെ 400 റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന ഒരു പദ്ധതി റെയിൽവേ ആവിഷ്കരിച്ചിട്ടുണ്ട്.

ആയതിലേക്ക് കേരളത്തിൽനിന്ന് തെരഞ്ഞെടുത്ത 21 സ്റ്റേഷനുകളിൽ എറണാകുളം ജംഗ്ഷൻ സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്. 3-10-2016-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 380/2016/ഗതാ. ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട് നല്ലിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൊച്ചിൻ എയർപോർട്ടിലേക്ക് ഒരു റെയിൽ കണ്ടെയ്നർ ട്രാക്ക് നിർമ്മിക്കാനുള്ള പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുവാൻ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

97 (2945) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 27-9-2016-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള എറണാകുളത്തെ അറ്റ് ലാന്റീസ് റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ പാലം ഫോർ ലൈനായാണോ ടു ലൈനായാണോ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) എറണാകുളത്തെ അറ്റ്ലാന്റിസ് മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പൂർത്തിയാക്കുകയും അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുവേണ്ടി കൊച്ചി കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലത്തിന്റെ കോമ്പൻസേഷൻ മുഴുവനായി ലഭിക്കാത്തതിനാൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള മണ്ണ് പരിശോധന നാട്ടുകാർ

തടസ്സപ്പെടുത്തി. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം ഉടനടി വിളിച്ചുകൂട്ടാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആർ.ബി.ഡി.സി.കെ. ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലം കഴിച്ചുള്ള ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിന് ഡി.പി.ആർ-ന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചശേഷം മാത്രമേ റിക്വിസിഷൻ നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പാലത്തിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയുടെയും റെയിൽവേയുടെയും അംഗീകാരം ലഭിക്കാനുണ്ട്.

(ഡി) ഈ പാലം നാലുവരിയായി നിർമ്മിക്കുന്നതിനുള്ള പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്.

(ഇ) പദ്ധതിക്കുവേണ്ടി കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലത്തിന്റെ വിശദ വിവരങ്ങൾ (ഏരിയ, സർവ്വേ നമ്പർ, സ്കെച്ച്) നൽകുവാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടില്ല. ഈ വിവരങ്ങൾ കിഫ്ബിക്ക് നൽകിയാലേ അംഗീകാരം നേടാൻ കഴിയൂ. അതിനുശേഷം മാത്രമേ ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കാൻ കഴിയുകയുള്ളൂ.

**ചന്തേര റെയിൽ അണ്ടർപ്പാസിൽ ഗതാഗതം നടത്താൻ സൗകര്യം**

98 (2946) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 1 1/2 കോടി രൂപ റെയിൽചെക്ക് ഡെപ്പോസിറ്റ് ചെയ്ത് പണി തീർത്ത ചന്തേര റെയിൽ അണ്ടർ പാസിൽ ഗതാഗതം നടത്താൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി,ഡബ്ള്യു.ഡി. അധികൃതരും റെയിൽവേ ഉദ്യോഗസ്ഥരും പരിശോധിച്ച് സമയബന്ധിതമായി പണി തീർത്ത ഈ റെയിൽ അണ്ടർ പാസിലൂടെ ഗതാഗതം നടത്താൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റെയിൽവേയാണ് ഈ പ്രവൃത്തി പൂർണ്ണമായും ഡിസൈൻ ചെയ്ത് നടപ്പിലാക്കിയത്. ആയതിനാൽ ഈ പ്രവൃത്തിയുടെ പോരായ്മകൾ കാസർഗോഡ് ജില്ലാ വികസന സമിതിയുടെ ആവശ്യപ്രകാരം

റെയിൽവേയുമായി സംയുക്ത പരിശോധന നടത്തുന്നതിന്, കാസർഗോഡ് റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, റെയിൽവേ അധികൃതരുമായി ബന്ധപ്പെടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലിക്കര ബുദ്ധ ജംഗ്ഷൻ - കല്ലുമല റോഡിൽ റെയിൽവേ മേൽപ്പാലം

99 (2947) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര റെയിൽവേ സ്റ്റേഷനു സമീപം ബുദ്ധ ജംഗ്ഷൻ - കല്ലുമല റോഡിൽ റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ സർവ്വേ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കല്ലുമല ഗേറ്റിൽ (എൽ.സി.28) ആർ.ഒ.ബി. നിർമ്മാണം 2017-18-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ള കല്ലുമല റെയിൽവേ മേൽപ്പാലം ഉൾപ്പെടെ 42 പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള തുക കിഫ്ബിയിൽനിന്നും അനുവദിക്കുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭരണാനുമതി

100 (2948) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൽ.പി.-യു.പി. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി എത്ര സ്കൂളുകൾക്കാണ്

നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ സ്കൂളുകൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ പ്രവർത്തനം എന്നു മുതൽ തുടങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 139 സ്കൂളുകളുടെ പ്രൊപ്പോസലുകൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയും ഇതിൽ 10 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(ബി) പാലക്കാട് ജില്ലയിലെ തരൂർ, നെന്മാറ, ആലത്തൂർ നിയോജക മണ്ഡലങ്ങളിലെ സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളുടെ പ്രൊപ്പോസലുകൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

(സി) ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## പി.ടി.എ. നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകൾ

101 (2950) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുമായി ബന്ധപ്പെട്ട് പി.ടി.എ. നേരിട്ട് നടത്തുന്ന എത്ര പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ സേവനമനുഷ്ഠിച്ചു വരുന്ന അദ്ധ്യാപികമാർക്കും ആയമാർക്കും നൽകി വരുന്ന ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രീ-പ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന 2159 പ്രീ-പ്രൈമറി സ്കൂളുകൾ നിലവിലുണ്ട്.

(ബി) അദ്ധ്യാപകർക്ക് 9500-ഉം ആയമാർക്ക് 6000-ഉം നിലവിൽ നൽകിവരുന്നു.

(സി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു സമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തി 23-3-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രീ-സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം

102 (2951) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രീ-സ്കൂൾ വിദ്യാഭ്യാസം കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ വളരെയധികം സ്വാധീനം ചെലുത്തുമെന്നതിനാൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള സമർത്ഥരായ അദ്ധ്യാപകരെ പ്രീ-സ്കൂൾ തലത്തിൽ നിയമിക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) തദനുസൃതമായി പ്രീ-സ്കൂൾ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരി ച്ചിട്ടുണ്ട്.

- ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- പ്രീ-സ്കൂൾ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനും നിയമനിർമ്മാണത്തിനും സഹായകരമായ രീതിയിൽ ദേശീയ ആശയ രൂപീകരണ ശിൽപ്പശാല വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംഘടിപ്പിച്ചു.
- പ്രീ-സ്കൂൾ കുട്ടികൾക്ക് (3+, 4+) വർക്ക് ബുക്കുകൾ തയ്യാറാകുന്നുണ്ട്.
- പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നിജസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ട്.
- പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(സി) എസ്.എസ്.എൽ.സി.-യും സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള പരിശീലനവും അടിസ്ഥാന യോഗ്യതയായുള്ളവരെയാണ് പ്രീ-സ്കൂൾ അദ്ധ്യാപകരായി നിയമിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ

103 (2952) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചതിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്ത് ഏകീകൃത നിയമങ്ങൾ നിലവിലുണ്ടോ;

(സി) അതാത് പഞ്ചായത്തുകൾ പ്രസ്തുത ജീവനക്കാർക്ക് നൽകുന്ന ആനുകല്യങ്ങൾ അപര്യാപ്തമായതിനാൽ ഏകീകൃത ശമ്പളം നൽകാൻ മുൻകൈ എടുക്കുമോ;

(ഡി) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗവ. സ്കൂളിൽ പി.ടി.എ. നിയന്ത്രണത്തിൽ ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് 2012 മുതൽ സർക്കാർ വർദ്ധിപ്പിച്ച ഓണറേറിയം നൽകിവരുന്നു.

1-8-2012-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി ജീവനക്കാർക്കും നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 7-9-2017-ലെ സ.ഉ.(കൈ.) നമ്പർ 110/2017/പൊ.വി.വ. പ്രകാരം സർക്കാർ സ്കൂളുകളിലെ പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപിക/ആയ എന്നിവർക്ക് ആകസ്മികാവധിയും ഓണറേറിയത്തോടുകൂടി ആറ് മാസം പ്രസവാവധിയും കൂടാതെ കാൻസർ പോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയ അവധിയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി

104 (2953) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളോടും ചേർന്ന് പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, സർക്കാർ സ്കൂളുകളിൽ ഇവ ആരംഭിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## പ്രീ-പ്രൈമറി വിദ്യാഭ്യാസം

105 (2954) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ അവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനും, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും കമ്മീഷനെ നിയോഗിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ

വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു സമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തി 23-3-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

## ഹിന്ദി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

106 (2955) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 5-ാം ക്ലാസ്സുവരെയുള്ള എൽ. പി. സ്കൂളുകളിൽ ഹിന്ദി പഠിപ്പിക്കുന്നതിന് അധ്യാപകരില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 5-ാം ക്ലാസ്സുവരെ എൽ. പി. വിഭാഗം പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങളിൽ ഹിന്ദി ഭാഷ പഠിപ്പിക്കുന്നതിന് അധ്യാപകരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി നിലവിൽ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള സ്കൂളുകൾ പൂൾ ചെയ്ത് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച പരാതികൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

(ബി-ഡി) പരിശോധിക്കാവുന്നതാണ്.

**സ്കൂൾ പാചകത്തൊഴിലാളികൾ**

107 (2956) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളായി ജോലി ചെയ്യുന്ന അറുപത് വയസ്സ് കഴിഞ്ഞ ജീവനക്കാരെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് കാരണമെന്താണ്; വിശദമാക്കുമോ;

(ബി) ഇവരെ ഒഴിവാക്കി പുതിയ ജീവനക്കാരെ നിയമിക്കാനുള്ള നീക്കം ഉപേക്ഷിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഹൈടെക് നിലവാരത്തിലേക്കുയർത്തുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

108(2957) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്കുയർത്തുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി സ്കൂൾ സംരക്ഷണ സമിതി/ സ്കൂൾ വികസന സമിതി സമാഹരിക്കുന്ന തുകയുടെ നിക്ഷേപത്തിനും വിനിയോഗത്തിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കുമോ;

(ബി) ഹൈടെക് നിലവാരത്തിലേക്കുയർത്തുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി എം.പി., എം.എൽ.എ. ഫണ്ടിൽ നിന്നും തുക ചെലവഴിക്കുമ്പോൾ ആയതിന് എന്തെങ്കിലും പ്രത്യേക നിബന്ധനകളുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഗൈഡ് ലൈനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സ്കൂളുകളെ ഹൈടെക് നിലവാരത്തിലേക്കുയർത്തുന്നതുമായി ബന്ധപ്പെട്ട ഫണ്ടുകൾ നിക്ഷേപിക്കുന്നതിനായി 141 മികവിന്റെ കേന്ദ്രങ്ങൾക്കും അടിസ്ഥാന സൗകര്യ

വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകൾക്കും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിക്കായി ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 1-2-2017-ലെ സ.ഉ. (അച്ചടി) 153/17/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## റിസോഴ്സ് അദ്ധ്യാപകരുടെ സേവനം

109 (2958) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്ന രീതിയിൽ ഭിന്നശേഷിയുള്ളവർക്ക് അവസരസമത്വവും സാമൂഹ്യനീതിയും നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) പ്രൈമറി വിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സ്ഥിരം സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) നിലവിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇപ്പോൾ ഏത് രീതിയിലാണ് വിദ്യാലങ്ങളിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന നിലയിൽ 6 മുതൽ 18 വയസ്സുവരെ പ്രായമുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തെ സഹായിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്താൽ പഠന പ്രവർത്തനത്തെ സഹായകരമാക്കുന്നതിനായി അനുരൂപീകരണ പ്രവർത്തനങ്ങൾ, സ്വതന്ത്ര സഞ്ചാരത്തിനായി ഭൗതിക സാഹചര്യങ്ങളെ അനുരൂപീകരിക്കുക, പഠനത്തെ സഹായിക്കുന്നതിനായി അനുരൂപീകരിച്ച പഠനബോധന സാമഗ്രികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ നൽകുക എന്നിവവഴി ഭിന്നശേഷിയുള്ളവർക്ക് അവസര സമത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ ഐ.ഇ.ഡി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള 1203 റിസോഴ്സ് അദ്ധ്യാപകരേയും ബി.ആർ.സി. കേന്ദ്രീകരിച്ചാണ് നിയമിച്ചിട്ടുള്ളത്. ഒന്നിലധികം വിദ്യാലയങ്ങൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിലാണ് ഇവരുടെ സേവനം നൽകിവരുന്നത്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട 865 റിസോഴ്സ് അദ്ധ്യാപകർ ഒരു അദ്ധ്യാപകന് രണ്ട് വിദ്യാലയങ്ങൾ എന്ന രീതിയിലാണ് നിയമിക്കപ്പെട്ടിട്ടുള്ളത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ. മുഖേന പ്രൈമറി വിദ്യാലയങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ.

(സി) നിലവിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ സേവനം പ്രൈമറിതലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലാണുള്ളത്. കൂടാതെ ഗുരുതരമായി അംഗവൈകല്യം ബാധിച്ച് കിടപ്പിലായ രണ്ട് കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നു. പ്രൈമറി സ്കൂൾ തലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂൾ സന്ദർശിക്കുകയും അദ്ധ്യാപകർക്ക് ആവശ്യമായ തത്സമയ പിൻതുണയും നൽകുന്നു. എല്ലാ ശനിയാഴ്ചയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധനം നൽകിവരുന്നു.

## സ്കൂളിൽ ദേശീയ പതാക ഉയർത്തിയ സംഭവം

110 (2959) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എസ്.എസ്. തലവൻ മോഹൻ ഭഗവത് സ്കൂളിൽ ദേശീയ പതാക ഉയർത്തിയതായ പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്കൂളിലാണ് സംഭവം നടന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടാത്തതും സി.ബി.എസ്.ഇ. അഫിലിയേഷനോടുകൂടി പ്രവർത്തിച്ചുവരുന്നതുമായ പാലക്കാട് ജില്ലയിലുള്ള കല്ലേക്കാട് വ്യാസ വിദ്യാപീഠത്തിലാണ് സംഭവം നടന്നതായി അറിയുന്നത്.

(സി) റിപബ്ലിക് ദിനത്തിൽ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ദേശീയ പതാക ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 17-1-2018-ലെ 7/Pol.5/2018/GAD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

(ഡി) സർക്കാർ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങളിൽ, നിലവിലുള്ള ഫ്ലാഗ് കോഡിന് വിരുദ്ധമായി ദേശീയപതാക ഉയർത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## ഹരിപ്പാട് നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസ്.-ന് ശതാബ്ദി സ്മാരകം

111 (2960) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസി.-ന് ശതാബ്ദി സ്മാരകമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 14-3-2016-ലെ സി.ഇ/ ബി.എൽ/പി.എൽ.ഐ/എ.എൽ.പി.വൈ./3463/15 നമ്പർ കത്ത് പ്രകാരം പി.ഡബ്ള്യു.ഡി. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുള്ള എസ്റ്റിമേറ്റിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 23-3-2016-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ടി എസ്റ്റിമേറ്റ് ലഭിച്ചു. വിശദമായ ഡി.പി.ആർ. തയ്യാറാക്കി ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിക്കുവാൻ 28-3-2016-ൽ ടി ഉപഡയറക്ടർക്ക് കത്ത്

നൽകിയിരിക്കുകയാണ്. 4-12-2017-ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ടെങ്കിലും ശിപാർശ സമർപ്പിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി എൽ.പി. സ്കൂൾ

112 (2961) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എയ്ഡഡ് സ്കൂളായിരിക്കെ ഈ സ്ഥാപനത്തിൽ എത്ര അധ്യാപകരാണുണ്ടായിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇവരെ സർക്കാർ സ്കൂൾ അധ്യാപകരായി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത സ്കൂളിലെ അധ്യാപകരെ സർക്കാർ ജീവനക്കാരായി ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2-2-2011-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 22/2011/പൊ.വി.വ. ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി എൽ.പി. സകൂൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളായിരിക്കെ ഈ സ്ഥാപനത്തിൽ ആറ് അദ്ധ്യാപകരാണുണ്ടായിരുന്നത്.

1. കെ. കുഞ്ഞിക്കേളു നായർ (എച്ച്.എം.)
2. ശ്രീ. കെ. അഹമ്മദ് (അറബിക്)
3. ശ്രീമതി കെ. ശ്യാമള (എൽ.പി.എസ്.എ.)
4. ശ്രീമതി ഇ. കെ. പുഷ്പലത (എൽ.പി.എസ്.എ.)
5. ശ്രീമതി എം. ശോഭന (എൽ.പി.എസ്.എ.)
6. ശ്രീമതി ഇ. പ്രിയങ്ക (എൽ.പി.എസ്.എ.)

ഇവരിൽ കുഞ്ഞിക്കേളു നായർ, അദ്ധ്യാപകരെ സർവ്വീസിൽ ഉൾപ്പെടുത്തുന്ന

നടപടി പൂർത്തിയാകുന്നതിനുമുമ്പ് മരണപ്പെട്ടു.

(സി&ഡി) വിവരം ലഭ്യമാക്കുന്നതാണ്.

**വട്ടേക്കാട് യു.പി. സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്താൻ നടപടി**

113 (2962) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ യു.പി സ്കൂളുകളെ ഹൈസ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു.പി.സ്കൂളിനെ ഹൈസ്കൂളായി ഉയർത്തേണ്ട ആവശ്യകത സംബന്ധിച്ച വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി സ്കൂളുകൾ അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 എ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്.

(ബി&സി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും ആയത് വിശദമായി പരിശോധിച്ച് ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ നാല് പ്രദേശങ്ങൾ 20-5-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനമായിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 9-6-2017-ലെ സ.ഉ. (സാധാ.) നമ്പർ 1813/2017/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് പ്രദേശം ഉൾപ്പെട്ടിട്ടില്ല.

വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വട്ടേക്കാട് ഗവ. യു. പി. സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലില്ല.

## സർക്കാർ ഏറ്റെടുത്ത സ്കൂളുകൾ

114 (2963) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലാപ്പറമ്പ് യു.പി. സ്കൂൾ പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നതിനായി ഇതിനകം എന്ത് തുക ചെലവഴിച്ചു; മുൻ സ്കൂൾ മാനേജർക്ക് പ്രസ്തുത തുക കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ നിലവിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികളുടെ എണ്ണം നൽകുമോ;

(സി) എ.യു.പി. സ്കൂൾ, പാലാട്ട്, കോഴിക്കോട്, എ.എം.എൽ.പി. സ്കൂൾ, മരങ്ങാട്ടുമുറി, മലപ്പുറം, പി.എം.എൽ.പി. സ്കൂൾ, കീരാലൂർ, തൃശ്ശൂർ എന്നീ സ്കൂളുകൾ പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓരോ സ്കൂളും ഏറ്റെടുക്കുന്നതിന് എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ഓരോ സ്കൂളിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നറിയിക്കുമോ;

(ഇ) അൺ എക്കണോമിക് സ്കൂളുകൾ ഏറ്റെടുക്കുക എന്നത് സർക്കാരിന്റെ നയമാണോ; ഇനി എത്ര സ്കൂളുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5,85,86,710 രൂപ (അഞ്ച് കോടി എൺപത്തിഅഞ്ച് ലക്ഷത്തി എൺപത്തിയാറായിരത്തി എഴുന്നൂറ്റി പത്തുരൂപ മാത്രം) നഷ്ടപരിഹാരമായി സർക്കാർ അനുവദിച്ചുനൽകുകയും ടി തുക മുൻ മാനേജർക്ക് കൈമാറിയിട്ടുമുണ്ട്.

(ബി)

| | | |
|---|---|---|
| Std I | - | 11 |
| Std II | - | 10 |
| Std III | - | 7 |
| Std IV | - | 10 |

| | | |
|---|---|---|
| Std V | - | 16 |
| Std VI | - | 7 |
| Std VII | - | 9 |
| ആകെ | | 70 |

(സി) ഉണ്ട്.

<u>കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ</u>

11-7-2017-ലെ സ.ഉ. (സാധാ.) 2289/2017/പൊ.വി.വ. പ്രകാരം ആകെ 56,09,947 രൂപ (അൻപത്തിയാറ് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

<u>മലപ്പുറം, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ</u>

63,89,645 രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിട്ടുണ്ട്. ശിപാർശ പരിഗണിച്ച് തുക അനുവദിക്കുന്നതിലേക്കായി നിശ്ചിത ഫോറത്തിൽ ലഭ്യമാക്കു ന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ, കിരാലൂർ പി.എം.എൽ.പി. സ്കൂൾ</u>

11-7-2017-ലെ സ.ഉ. (സാധാ.) 2289/2017/പൊ.വി.വ. പ്രകാരം ആകെ 79,54,550 രൂപ (എഴുപത്തിഒൻപത് ലക്ഷത്തി അൻപത്തി നാലായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ മാത്രം) നഷ്ടപരിഹാരമായി സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മലാപ്പറമ്പ് ഒഴികെയുള്ള മറ്റ് സ്കൂളുകളുടെ മുൻ മാനേജർമാർ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുള്ളതിനാൽ അന്തിമ വിധി വരാത്തതുമൂലം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല.

(ഡി) 1. പാലാട്ട് എ.യു.പി.എസ്.-13

2. മലാപ്പറമ്പ് എ.യു.പി.എസ്. - 70

3. മങ്ങാട്ടുമുറി എ.എം.എൽ.പി.എസ്. - 61

4. കിരാലൂർ പി.എം.എൽ.പി.എസ്.-44

(ഇ) കൂടുതൽ സ്കൂളുകൾ ഏറ്റെടുക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കള്ളിക്കാട് പഞ്ചായത്തിലെ വാവോട് സ്കൂളിൽ യു.പി. വിഭാഗം**

## അനുവദിക്കുന്നതിന് നടപടി

115 (2964) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ഡി.ഇ.ഒ.-യുടെ കീഴിൽ കള്ളിക്കാട് പഞ്ചായത്തിൽ വാവോട് യു.പി. വിഭാഗം ഇല്ലാതെ ഹൈസ്കൂളും എൽ.പി.സ്കൂളും മാത്രം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) നെയ്യാറ്റിൻകര ഡി.ഇ.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9-5-2006-ൽ പുറപ്പെടുവിച്ച സ.ഉ. (സാധാ.) 1903/06/പൊ.വി.വ ഉത്തരവിൽ, വാവോട് ഒരു മലയോര ഗ്രാമമാണെന്നും നല്ല റോഡുകളും പൊതു ഗതാഗത സൗകര്യവും കുറവായ പ്രദേശമായതിനാൽ 3 കി.മീ. അധികം ദൂരത്തുള്ള മൈലക്കര യു.പി. സ്കൂളിൽ ഇവിടെ നിന്നും കുട്ടികൾക്ക് എത്തിച്ചേരുവാൻ ബുദ്ധിമുട്ടാണെന്നും വ്യക്തമാക്കിയിട്ടുണ്ടോ;

(സി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 -ലെ സെക്ഷൻ 6 -ഉം 8 (ബി) യും കേരള ചട്ടങ്ങളിലെ ചട്ടം 2 (ഒ), (റ്റി) യും പ്രകാരവും വാവോട് ഒരു യു.പി സ്കൂൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാവോട് പോലെ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ മൂന്ന് കി.മീ ദൂര പരിധിയിൽ ഇളവു വരുത്തി പ്രാഥമിക വിദ്യാഭ്യാസ സൗകര്യം നൽകുന്നതിന് മേൽ ചട്ടം 6 (3) പ്രകാരം നടപടി സ്വീകരിക്കുമോ;

(ഇ) സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള വാവോട് പ്രദേശത്തെ കുട്ടികളെ തങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് ഇത്രയും ദൂരം സഞ്ചരിക്കുവാൻ നിർബന്ധിതരാക്കുന്നത്, വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സെക്ഷൻ 3,6,8(ബി) എന്നിവയുടെ ലംഘനമാകുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. രണ്ട് സ്കൂളും പ്രത്യേകമായാണ് പ്രവർത്തിക്കുന്നത്.

(ബി-ഇ) പുതുതായി സ്കൂളുകൾ അനുവദിക്കുകയോ, അപ്ഗ്രേഡ് ചെയ്യുകയോ

ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V, ചട്ടം 2, 2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി 3060/14 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18-6-2015-ലെ വിധിന്യായ പ്രകാരം ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി, വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ 25-5-2016-ലെ അസാധാരണ ഗസറ്റ് 985-ാം നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രദേശത്തെ 14 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്തതിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ നാല് പ്രദേശങ്ങൾ 20-5-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 9-6-2017-ലെ സ.ഉ. (സാധാ.) നമ്പർ 1813/2017/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

വാവോട് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഒരു യു.പി. വിഭാഗം തുടങ്ങുന്നതിനായുള്ള വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പ്രസ്തുത പ്രദേശത്തിന്റെ സമീപത്ത് മൈലക്കര യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നതിനാലും വിദ്യാർത്ഥികളുടെ കുറവ് കാരണം മൈലക്കര യു.പി. സ്കൂളിൽ തസ്തിക നഷ്ടപ്പെട്ട് അധ്യാപകർ വിവിധ സർക്കാർ സ്കൂളുകളിൽ സംരക്ഷിതാധ്യാപകരായി തുടരുന്നതിനാലും വാവോട് ഹൈസ്കൂളിൽ യു.പി. വിഭാഗം ആരംഭിക്കണമെന്ന ആവശ്യം നിരസിക്കുകയുണ്ടായി. അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ വീണ്ടും നയപരമായ തീരുമാനമെടുക്കുമ്പോൾ ബന്ധപ്പെട്ടവർക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്.

**പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് നൽകിവരുന്ന ശമ്പളം/ഓണറേറിയം**

116 (2965) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകിയ സർക്കാർ/ എയ്ഡഡ് പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് നൽകി വരുന്ന ശമ്പളം/ ഓണറേറിയം എത്രയെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ ഓണറേറിയത്തിന് പകരം ഒരു നിശ്ചിത ശമ്പള സ്കെയിൽ ഇവർക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മതിയായ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി അദ്ധ്യാപനം നടത്തുന്നവർക്ക് അംഗീകാരവും ഓണറേറിയവും (ഇപ്പോൾ ഇത് ലഭിക്കാത്തവർക്ക്) നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(ഇ) 2017- 18 വർഷത്തെ ബജറ്റിൽ നിലവിൽ ശമ്പളം / ഓണറേറിയം ലഭിക്കുന്നവർക്ക് പ്രഖ്യാപിച്ച വർദ്ധനവ് നൽകി വരുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ സർക്കാർ സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന 2159 പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് 9,500 രൂപയും ആയമാർക്ക് 6,000 രൂപയും ഓണറേറിയം നൽകിവരുന്നു. എയ്ഡഡ് മേഖലയെ ഈ വിഭാഗത്തിൽ പരിഗണിച്ചിട്ടില്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

(ഇ) 2017-18 വർഷത്തെ ബജറ്റിൽ നിലവിൽ ഓണറേറിയം ലഭിക്കുന്നവർക്ക് പ്രഖ്യാപിച്ച വർദ്ധനവ് അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഊരൂട്ടമ്പലം എൽ.പി., യു.പി. സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടി**

117 (2966) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ 1-ന് സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉത്ഘാടനത്തിന്റെ ഭാഗമായി നവോത്ഥാന ചരിത്ര പശ്ചാത്തലമുള്ള ഊരൂട്ടമ്പലം എൽ.പി, യു.പി, സ്കൂളുകൾ ആദ്യ ഹൈടെക് സ്കൂൾ ആക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രൈമറി സ്കൂളുകളിൽ ഹൈടെക് പദ്ധതി നടപ്പാക്കുമ്പോൾ അടിയന്തര പ്രാധാന്യത്തോടുകൂടി ഊരൂട്ടമ്പലം എൽ.പി., യു.പി. സ്കൂളുകളിൽ പദ്ധതി നടപ്പാകും.

## ശൈശവ പൂർവ്വകാല വിദ്യാഭ്യാസ പാഠ്യപദ്ധതി

118 (2967) ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ.ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ 2013-ലെ ശൈശവപൂർവ്വകാല വിദ്യാഭ്യാസ പാഠ്യ പദ്ധതി പ്രകാരം സംസ്ഥാനത്തെ എൽ.കെ.ജി., യു.കെ.ജി. ക്ലാസുകളിൽ ഒന്നിലധികം ഭാഷ പഠിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകളിൽ ഒന്നിലധികം ഭാഷ പഠിപ്പിക്കുന്ന പദ്ധതി നിലവിൽ ആരംഭിച്ചിട്ടില്ല.

## ആർ.എം.എസ്.എ. പ്രകാരമുള്ള ഹൈസ്കൂളുകൾക്ക് പുതിയ കെട്ടിടം

119 (2968) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തിയ എത്ര സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര സ്കൂളുകളിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ;

(സി) ഇതേവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകൾ ഏതൊക്കെയെന്നും എന്ത് കാരണത്താലാണ് ഇവയുടെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തതെന്നും സ്കൂളിന്റെ പേര് സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 111 സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ട്. സ്കൂളൊന്നിന് 58.12 ലക്ഷം രൂപയാണ് കെട്ടിട നിർമ്മാണത്തിന് ആർ.എം.എസ്.എ.-യ്ക്ക് അനുമതി ലഭിച്ചിട്ടുള്ള തുക. 38 സ്കൂളുകൾക്ക് 58.12 ലക്ഷം രൂപ വീതം ആർ.എം.എസ്.എ. വിഹിതം പൂർണ്ണമായും നൽകി. 72 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് നൽകി. പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്. കുഴൽമന്ദം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ആർ.എം.എസ്.എ. നൽകിയ തുക തിരിച്ചടച്ചു.

(ബി) 74 സ്കൂളുകളിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുവരെ നിർമ്മാണപ്രവർത്തനം ആരംഭിക്കാത്ത സ്കൂളുകളുടെ പേര്, കാരണം/അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു*.

### എസ്.എസ്.എൽ.സി. ചോദ്യപേപ്പറിലുണ്ടായ പ്രശ്നം

120 (2969) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി/ഹയർസെക്കന്ററി പരീക്ഷകളിലെ ചില വിഷയങ്ങളുടെ ചോദ്യങ്ങൾ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്ത് മാറ്റമാണ് ഈ വർഷം വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) 2017-ലെ എസ്.എസ്.എൽ.സി. കണക്ക് ചോദ്യപ്പേപ്പറിലുണ്ടായ പ്രശ്നം സംബന്ധിച്ച അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചന കണ്ടെത്തിയിട്ടുണ്ടോ; ആർക്കെങ്കിലു മെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 'ചോദ്യബാങ്ക് ' 2018-ലെ പരീക്ഷയിൽ പ്രാവർത്തികമാക്കുമോ; വിദ്യാർത്ഥികൾക്കും ചോദ്യം നിർദ്ദേശിക്കാവുന്ന തരത്തിലാണോ ആയത് തയ്യാറാക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

എസ്.എസ്.എൽ.സി./ഹയർ സെക്കണ്ടറി തലങ്ങളിലെ പരിക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ മുൻവർഷങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കാൻ എസ്.സി.ഇ.ആർ.ടി. നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂടുതൽ ഓപ്ഷനുകളും അധിക ചോദ്യങ്ങളും നൽകി ചോദ്യപേപ്പറുകളുടെ ഘടനയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ചോദ്യശേഖരം തയ്യാറാക്കി 'സമഗ്ര' വെബ്പോർട്ടലിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാർഷിക പരീക്ഷകൾക്കുള്ള ചോദ്യങ്ങൾ വികസിപ്പിക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കി പരീക്ഷാഭവനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനും കൈമാറിയിട്ടുണ്ട്.

ഹയർസെക്കണ്ടറിയിൽ കോളേജ്/സർവ്വകലാശാല അദ്ധ്യാപകർ ചോദ്യപേപ്പർ തയ്യാറാക്കുന്ന രീതിക്ക് പകരം ഹയർ സെക്കണ്ടറി അദ്ധ്യാപകർ തന്നെ ചോദ്യപേപ്പർ തയ്യാറാക്കാൻ ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. 2017 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിലെ ഗണിതശാസ്ത്രം ചോദ്യക്കടലാസ് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്ന കണ്ണൂർ ചെറുകുന്ന് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകൻ ശ്രീ. സുജിത് കുമാർ ജി. (എച്ച്.എസ്.എസ്.റ്റി.)-യെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായുള്ള ചോദ്യശേഖരം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകിയിട്ടുണ്ട്. ചോദ്യബാങ്ക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടി നവീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്കും

ചോദ്യങ്ങൾ നിർദ്ദേശിക്കാവുന്ന രീതിയിലാണ് അത് തയ്യാറാക്കി വരുന്നത്.

## എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) അദ്ധ്യാപകരുടെ ഒഴിവുകൾ

121 (2970) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നിലവിൽ എത്ര എച്ച്. എസ്. എ. (സോഷ്യൽ സ്റ്റഡീസ്) അധ്യാപകരാണുള്ളത്; അവരിൽ എത്ര പ്രൊട്ടക്ടഡ് അധ്യാപകർ ഉണ്ട്;

(ബി) നിലവിൽ എച്ച്. എസ്. എ. (സോഷ്യൽ സ്റ്റഡീസ്) അധ്യാപകരുടെ ഒഴിവുകൾ എത്ര ; അവ പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2018-19 അധ്യയന വർഷം എത്ര റിട്ടയർമെന്റ് വേക്കൻസികളാണുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) 266 ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരാണുള്ളത്. ഇതിൽ 15 പേർ പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ്.

(ബി) നിലവിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)-യുടെ 39 ഒഴിവുകൾ ഉണ്ട്. കെ.പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തത് 10 എണ്ണം (നേരിട്ടുള്ള നിയമനം-7, ബൈ ട്രാൻസ്ഫർ നിയമനം - 3).

(സി) 18 റിട്ടയർമെന്റ് ഒഴിവുകളാണ് ഉണ്ടാകുക.

## എച്ച്.എസ്.എ. തസ്തികയിലെ നിയമനം

122 (2971) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകൾ വീതമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച്.എസ്.എ. (ഗണിതം) - 6

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) - 5

എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) - 6

എച്ച്.എസ്.എ. മലയാളം, എച്ച്.എസ്.എ. ഹിന്ദി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) എച്ച്.എസ്.എ.(ഗണിതം), എച്ച്.എസ്.എ. (സോഷ്യൽ സയൻസ്), എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) എന്നീ തസ്തികകളിലെ റാങ്ക് ലിസ്റ്റ് നിലവിലില്ല. മറ്റ് അദ്ധ്യാപക തസ്തികകളിൽ ഒഴിവ് വരുന്നതനുസരിച്ച് നിയമനം നടത്തുന്നതാണ്.

**സർക്കാർ വിദ്യാലയങ്ങളിലെ വിവിധ ഒഴിവുകൾ**

123 (2972) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ എൽ.പി.എസ്.എ, യൂ.പി.എസ്.എ, എച്ച്.എസ്.എ, എൽ.പി.എസ്-എച്ച്.എം, എച്ച്.എസ്-എച്ച്.എം/എ.ഇ.ഓ, എച്ച്.എസ്.എസ്.ടി. ജൂനിയർ, എച്ച്.എസ്.എസ്.ടി , ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആയി പുനക്രമീകരിച്ചപ്പോൾ അധികം ഉണ്ടായ തസ്തികകൾ എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ., എൽ.പി.എസ്.-എച്ച്.എം., എച്ച്.എസ്-എച്ച്.എം/എ.ഇ.ഒ. എന്നീ തസ്തികകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

എച്ച്.എസ്.എസ്.ടി. ജൂനിയർ, എച്ച്.എസ്.എസ്.ടി., ലാബ് അസിസ്റ്റന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നീ തസ്തികകളിലെ ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്;

| | | |
|---|---|---|
| എച്ച്.എസ്.എസ്.ടി. ജൂനിയർ | - | 570 |
| എച്ച്.എസ്.എസ്.ടി. | - | 602 |
| ലാബ് അസിസ്റ്റന്റ് | - | 283 |

എച്ച്.എസ്.എസ്.ടി./എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തത് അഡ്വൈസ് ലഭിക്കാനുള്ളതും 1-1-2016 മുതൽ ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവച്ചതും.

(പി.എസ്.സി. മുഖാന്തരമുള്ള നിയമനം) ജൂനിയർ ടു എച്ച്.എസ്.എസ്.ടി. പ്രൊമോഷൻ, LWA, Deputation Rejoining എന്നിവയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നവയുമാണ്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക തസ്തികകളിലെ പി.എസ്.സി. വഴി നികത്തേണ്ട നിശ്ചിത ശതമാനം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ബാക്കിവരുന്ന നിശ്ചിത ശതമാനം ഒഴിവുകൾ അന്തർ ജില്ലാ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, ബൈട്രാൻസ്ഫർ തുടങ്ങിയവയ്ക്ക് മാറ്റിവയ്ക്കുകയും ആയതിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്കും ബൈട്രാൻസ്ഫർ നിയമനം വഴിയും ഒഴിവുകൾ നികത്തുന്നതാണ്.

(സി) 2017-18-ൽ സർക്കാർ സ്കൂളുകളിൽ 1812 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. (ഇവരിൽ 35 എണ്ണം അനദ്ധ്യാപക തസ്തികകളാണ്.)

**കുറിച്ചി ഗവ. ടെക്നിക്കൽ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകന്റെ നിയമനം**

124 (2973) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി ഗവ.ടെക്നിക്കൽ ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപകന്റെ നിയമനം ഒരു വർഷമായി മുടങ്ങി ക്കിടക്കുന്നതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിന് സ്വന്തമായി സ്ഥലംവാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തിക ഉൾപ്പെടെയുള്ള ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെ ഒഴിവുകൾ നികത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിനായി രണ്ടര ഏക്കർ സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**സ്കൂളുകളുടെ അംഗീകാരം**

125 (2974) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ , അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാഭാരതി സ്കൂളുകൾക്ക് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2016 മേയ് മാസത്തിന് ശേഷം എത്ര സ്കൂളുകൾ നിർത്തലാക്കി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

(സി) സർക്കാരിന്റെ 19-7-2017-ലെ G.Edn. F1/27/2017/G.Edn. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടിക തയ്യാറാക്കുന്നതിനും നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അവ പൂട്ടുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 2016 മേയ് മാസത്തിനുശേഷം സ്കൂളുകൾ നിർത്തലാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**യൂണിവേഴ്സിറ്റി യു.ഐ.റ്റി. സെന്റർ**

126 (2975) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ മുതുകുളം പഞ്ചായത്തിൽ യൂണിവേഴ്സിറ്റിയുടെ യു.ഐ.റ്റി. സെന്റർ സ്ഥാപിക്കുന്നതിനായി മുതുകുളം സമാജം ഹൈസ്കൂളിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം വിട്ടുനൽകുന്നതിന് അനുമതി ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ഫയലിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ പരിശോധിച്ചു വരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ക്ലറിക്കൽ ജോലികൾ**

127 (2976) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലറിക്കൽ ജോലികൾ നിർവ്വഹിച്ചുവരുന്നത് അതത് പ്രിൻസിപ്പൽമാരാണെന്നതിനാൽ നിലവിൽ ഹൈസ്കൂളുകളിൽ ക്ലറിക്കൽ തസ്തികകൾ ഉള്ളതു പോലെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലറിക്കൽ തസ്തിക സൃഷ്ടിക്കാനും നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവരെ ആ തസ്തികയിൽ നിയമിക്കാനുമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ അദ്ധ്യാപികയ്ക്ക് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി നിമനാംഗീകാരം**

128 (2977) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വാളകം സി. എസ്. ഐ. സ്കൂൾ ഫോർ ഡഫ് എന്ന സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗം പ്രിൻസിപ്പലായി ജോലി ചെയ്യുന്ന ശ്രീമതി

മറിയാമ്മ എന്ന എച്ച്. എസ്. എസ്. ടി. മലയാളം ജൂനിയർ അധ്യാപികയ്ക്ക് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി ജോലി ചെയ്യാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഉണ്ടോ എന്ന കാര്യം അറിയിക്കാമോ;

(ബി) തിരുവനന്തപുരം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കണ്ടറി) ഇവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടൊ എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) സ്പെഷ്യൽ റൂൾ പ്രകാരം മതിയായ യോഗ്യതയില്ലാതിരുന്നിട്ടും അവർ മേൽ തസ്തികയിൽ തുടരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എച്ച്. എസ്. എസ്. ടി. ജൂനിയർ അധ്യാപകർക്ക് നേരിട്ട് പ്രിൻസിപ്പലായി നിയമിക്കപ്പെടാൻ സാധിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

(സി) ഉണ്ട്. പരാതി പ്രകാരം പ്രിൻസിപ്പാൾ ചുമതലകളിൽനിന്നും നീക്കം ചെയ്യുന്നതിനായി ശിപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നടപടി പരിശോധിക്കുന്നതിനായി 6-5-2017-ലെ 1383933/റ്റി1/2017 നമ്പർ സർക്കാർ നിർദ്ദേശപ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

(ഡി) പ്രിൻസിപ്പാൾ തസ്തിക ഉണ്ടായപ്പോൾ യു.പി.എസ്.എ., എച്ച്.എസ്.ടി. ജൂനിയർ എന്നീ സേവന കാലയളവ് കൂട്ടി 12 വർഷത്തെ സേവന കാലയളവ് പരിഗണിച്ചും യോഗ്യതയുള്ള മറ്റ് അദ്ധ്യാപകർ പ്രിൻസിപ്പാൾ ആകാൻ ഇല്ലാതിരുന്നതിനാലും റൂൾ 4, 6 അദ്ധ്യായം 32 കെ.ഇ.ആർ. 1959 പ്രകാരവുമാണ് ടിയാളെ പ്രിൻസിപ്പാൾ ആയി നിയമിച്ചത്. എന്നാൽ ഇതുസംബന്ധിച്ച് പരാതി ഉയർന്നതിനെത്തുടർന്ന് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 24-3-2017-ലെ ഉത്തരവ് പ്രകാരം ടിയാളെ പ്രിൻസിപ്പാൾ ചുമതലകളിൽനിന്നും നീക്കം ചെയ്യുന്നതിനായി ശിപാർശ ചെയ്തിരുന്നു. എന്നാൽ ഈ നടപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) 3694/12/പൊ.വി.വ.-യ്ക്ക് വിരുദ്ധമായ നടപടി ആയതിനാൽ 6-5-2017-ലെ സർക്കാർ കത്ത് പ്രകാരം ആയത് മരവിപ്പിക്കുകയും ഈ വിഷയം പുനഃപരിശോധിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയുമാണ്.

(ഇ) ഇല്ല. ഹയർ സെക്കണ്ടറി അദ്ധ്യാപനത്തിൽ 12 വർഷ സർവ്വീസും അല്ലെങ്കിൽ ടി മേഖലയിൽ ചുരുങ്ങിയത് ആറ് വർഷ സർവ്വീസ് ഉൾപ്പെടെ എൽ.പി./യു.പി./ഹൈസ്കൂൾ അദ്ധ്യാപന സേവന കാലയളവുമുള്ള മൊത്തം 12 വർഷ സർവ്വീസുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകരെയാണ് പ്രിൻസിപ്പലായി നിയമിക്കുന്നത്.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരെ ഒറ്റ തസ്തികയായി ക്രമീകരിക്കാൻ നടപടി

129 (2978) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികയിൽ സീനിയർ/ ജൂനിയർ വിഭജനം നടത്തേണ്ട ആവശ്യമുണ്ടോ;

(ബി) ഒരേ വിദ്യാഭ്യാസ യോഗ്യതയുള്ളതും ഒരേ ജോലി ചെയ്യുന്നവരുമായ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ ഒറ്റ തസ്തികയായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം ഒറ്റ തസ്തിക ക്രമീകരിക്കുന്നതിലൂടെ സർക്കാരിന് എന്തെങ്കിലും സാമ്പത്തിക ബാധ്യതയോ സാങ്കേതിക പ്രശ്നങ്ങളോ ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

## ഹയർ സെക്കണ്ടറി കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനെക്കുറിച്ചുള്ള പരാതികൾ

130 (2979) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം തരത്തിലുള്ള പരാതികളാണ് ഈ ഓഫീസുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ ഓഫീസിൽ നടന്ന വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ; വിജിലൻസിന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത് ;പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരന്റെ/ജീവനക്കാരിയുടെ പേരിൽ വിജിലൻസ് രേഖപ്പെടുത്തിയ കുറ്റങ്ങൾ/ ക്രമക്കേടുകൾ എന്തെല്ലാം; പേര് സഹിതം വ്യക്തമാക്കാമോ; വിജിലൻസിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വിജിലൻസ് റിപ്പോർട്ട് അനുസരിച്ച് കുറ്റക്കാരായ ജീവനക്കാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) എച്ച്.എസ്.ഇ. ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് എച്ച്.എസ്.ഇ. അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത്; ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ഇ) നിരവധി പരാതികൾ ഉയർന്ന് വരികയും വിജിലൻസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടന്നിട്ടും കോഴിക്കോട് ആർ.ഡി.ഡി. ഓഫീസിന്റെ സ്ഥിതിക്ക് ഒരു മാറ്റവും ഉണ്ടാവുന്നില്ല എന്നത് ഗൗരവത്തിലെടുത്ത് കൂടുതൽ കർക്കശമായ നടപടികൾ ഈ വിഷയത്തിൽ സ്വീകരിക്കുമോ;

(എഫ്) മേൽ പരാതികൾക്കു പുറമേ നരിപ്പറ്റ ആർ. എം. എച്ച്.എസ്. എസ്.ലെ ലാബ് അസിസ്റ്റന്റ് ആയ ഒരു ജീവനക്കാരൻ ഈ ഓഫീസിൽ അവിഹിതമായി ഇടപെടലുകൾ നടത്തുന്നു എന്ന നിലയിലും പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യവും അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫയലുകൾ കാലങ്ങളായി തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിട

ക്കുന്നു. ഓഫീസിലെ ജീവനക്കാർ അഴിമതിക്ക് കൂട്ട്നിൽക്കുന്നു എന്ന പരാതിയാണ് ലഭിച്ചിരുന്നത്.

(ബി) വിജിലൻസ് റിപ്പോർട്ട് 18-3-2015-ലാണ് ഈ വകുപ്പിൽ ലഭിച്ചത്. വിജിലൻസിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നവരുടെ പേരുവിവരവും കണ്ടെത്തിയ കുറ്റങ്ങൾ/ക്രമക്കേടുകൾ എന്നിവയും വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കുറ്റക്കാരായ ജീവനക്കാർക്ക് ചാർജ് മെമ്മോ നൽകി. പ്രസ്തുത ജീവനക്കാരിൽനിന്നും ലഭിച്ച മറുപടിയിൻമേലുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫയലുകൾ മോശമായി കൈകാര്യം ചെയ്യുന്നു. സൂപ്രണ്ട് ഇൻ -ചാർജ്ജായ ജീവനക്കാരിയുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റം വളരെ മോശമാണെന്ന് രേഖാമൂലമല്ലാത്ത പരാതി ലഭിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടിലുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരിയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു.

(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപക നിയമനം

131 (2980) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്സ്.എ. (ഇംഗ്ലീഷ്) നിയമനത്തിന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലുമുള്ള ബിരുദത്തിന് പകരമായി പ്രസ്തുത വിഷയങ്ങളിലെ ബിരുദാനന്തര ബിരുദവും യോഗ്യതയായി കണക്കാക്കാമെന്നുള്ള കെ.ഇ.ആർ. വ്യവസ്ഥ പരിഗണിക്കാതെ നിയമനാംഗീകാരം നിഷേധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) കെ.ഇ.ആർ. ഭേദഗതി വരുത്തി പ്രസ്തുത വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഡി.ഇ.ഒ.യുടെ അധികാര പരിധിയിൽ വരുന്ന രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിൽ ഇപ്രകാരം 2013-ൽ നിയമിച്ച ഫാദർ ബെന്നി തോമസിന് ഇതുവരെയായിട്ടും നിയമനാംഗീകാരം

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിട്ടിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം കൂടാതെ ഈ പരാതി തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കെ.ഇ.ആർ. അദ്ധ്യായം XXXI ചട്ടം 2-ന്റെ പ്രൊവിസോയിൽ പ്രസ്തുത വ്യവസ്ഥ ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇ 2/84/2017/പൊ.വി.വ. ഫയലിൽ പരിശോധിച്ചുവരുന്നു.

## എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ

132 (2981) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന ലാബ് അസിസ്റ്റൻറുമാരുടെ നിയമനാംഗീകാരം സംബന്ധിച്ചുള്ള 3534/2016 നമ്പർ കോടതി ഉത്തരവിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2001 നവംബറിനു മുൻപ് ജോലിയിൽ പ്രവേശിച്ച ഹയർ സെക്കണ്ടറി അധ്യാപകരെ യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കിയതു പോലെ ലാബ് അസിസ്റ്റൻറുമാരെയും യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) 2015-ൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ക്ലാർക്ക്, ലൈബ്രേറിയൻ ,മീനിയൽ തസ്തികകളിൽ ഉള്ളവർക്ക് നിയമനാംഗീകാരം നല്കിയിട്ടുണ്ടോ; ഇത്തരം തസ്തികകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ നിൽക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) യോഗ്യതാ നിർണ്ണയ പരീക്ഷയിൽനിന്നും ഒഴിവാക്കുന്ന കാര്യം

സർക്കാർ പരിഗണനയിലില്ല.

(സി) 17-8-2015-ലെ സ.ഉ. നമ്പർ 220/2015/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്ക്, ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക നിർണ്ണയം

133(2982) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-15 വർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തികനിർണ്ണയം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രിൻസിപ്പൽ, ഹയർ സെക്കണ്ടറി സ്കൂൾടീച്ചർ, ഹയർ സെക്കണ്ടറി സ്കൂൾടീച്ചർ(ജൂനിയർ),ലാബ് അസിസ്റ്റന്റ് തുടങ്ങിയ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഏതെല്ലാം സ്കൂളുകളിൽ; വിശദമാക്കാമോ;

(സി) 2014-15-ൽ അനുവദിച്ച ഏതെങ്കിലും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ തസ്തിക നിർണ്ണയത്തിൽ നിന്ന് ഒഴിവായിട്ടുണ്ടോ;എങ്കിൽ അവ ഏതെല്ലാം ; കാരണം വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം വിട്ടു പോയ സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) 2014-15 അദ്ധ്യയന വർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 21-8-2017-ലെ സ.ഉ. (കൈ.) നമ്പർ 106/2017/പൊ.വി.വ. പ്രകാരം 1796 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രിൻസിപ്പാൾ-125, എച്ച്.എസ്.എസ്.ടി. - 642, എച്ച്.എസ്.എസ്.ടി. (ജൂനിയർ) - 674, ലാബ് അസിസ്റ്റന്റ് - 188 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്കൂൾ വിവരങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി&ഡി) സ്ഥിരം അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 2014-15 അദ്ധ്യയന വർഷം 40 കുട്ടികൾ വീതവും 2015-16 അദ്ധ്യയന വർഷം മുതൽ 50 കുട്ടികൾ വീതവുമുള്ള സ്കൂളുകൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. മേൽ പ്രകാരം കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിൽ തസ്തിക അനുവദിച്ചിട്ടില്ല. സ്കൂളുകളുടെ പട്ടിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധമായി ചേർക്കുന്നു*.

**കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണത്തിന് തുക**

134 (2983) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്. ന്റെ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ;എങ്കിൽ എത്ര ; ഏതെല്ലാം വിഭാഗത്തിൽ നിന്ന് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) തുക അനുവദിച്ചിട്ടും എന്തുകൊണ്ടാണ് പണികൾ നടക്കാത്തതെന്ന് വിശദീകരിക്കുമോ;

(സി) പണികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണ്;

(ഡി) ആയത് പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പണികൾ പൂർത്തികരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന് കെട്ടിട നിർമ്മാണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം (മൂന്നുകോടി) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യ വികസനത്തിനായി കലഞ്ഞൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് 3,67,83,713.55 രൂപയ്ക്ക് (മൂന്നുകോടി അറുപത്തേഴ് ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുന്നൂറ്റിപതിമൂന്ന് രൂപ) ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള കാലതാമസംമൂലമാണ് 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തത്. 29-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന

മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

(സി) പണി പൂർത്തീകരിക്കുന്നതിന് വകുപ്പ്തലത്തിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

(ഡി) കെട്ടിട നിർമ്മാണം സംബന്ധിച്ച അവലോകന യോഗത്തിൽ പി.ഡബ്ല്യു.ഡി. അധികാരികളുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം സുഗമമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

(ഇ) 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തി പൂർത്തീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പായതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

29-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവൃത്തികൾ കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

**ഓപ്പൺ സ്കൂൾ മലപ്പുറം മേഖലാ കേന്ദ്രം**

135 (2984) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂൾ മലപ്പുറം മേഖലാ കേന്ദ്രം അടച്ചുപൂട്ടുവാൻ തീരുമാനി ച്ചിട്ടുണ്ടോ; നിലവിൽ പ്രസ്തുത മേഖലാ കേന്ദ്രത്തിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; ആവശ്യമുള്ളപക്ഷം കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) മലപ്പുറം, പാലക്കാട് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ഏറെ ആശ്വാസമേകുന്ന പ്രസ്തുത മേഖലാ കേന്ദ്രം നിലനിർത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. മലപ്പുറം ജില്ലയിൽനിന്ന് സ്കോൾ - കേരളയിൽ വിവിധ

കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ ക്യാൻസലേഷൻ മെമ്മോ, ക്യാൻസൽഡ് ടി.സി., ഡ്യൂപ്ലിക്കേറ്റ് ഐ.ഡി. കാർഡ്, ഡ്യൂപ്ലിക്കേറ്റ് ടി.സി. എന്നിവ നൽകുന്നതിനുള്ള നടപടികളും ഒന്നാംവർഷ ഹയർ സെക്കണ്ടറി കോഴ്സിന് രജിസ്റ്റർചെയ്ത വിദ്യാർത്ഥികളുടെ രണ്ടാംഗഡു കോഴ്സ് ഫീസ് ഒടുക്കിയ ചെലാൻ സ്വീകരിക്കൽ, വിവിധ കോഴ്സുകളുടെ സംഘടനാ മേൽനോട്ടം തുടങ്ങിയവയാണ് മേഖലാകേന്ദ്രം വഴി ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ.

(ബി) നിലവിൽ മേഖലാ കേന്ദ്രം ഓഫീസർ-ഇൻ-ചാർജ്ജായി ഒരാളും സെക്ഷൻ അസിസ്റ്റന്റുമാരായി നാലുപേരും മേഖലാ കേന്ദ്രത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. അതോടൊപ്പം ക്ലീനിംഗ് ജോലികൾക്ക് 'കുടുംബശ്രീ' വഴി ചുമതലപ്പെടുത്തിയ ഒരാളും ജോലിചെയ്യുന്നു. കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം നിലവിലില്ല.

(സി) പ്രസ്തുത മേഖലാ കേന്ദ്രം അടച്ചുപൂട്ടാൻ നിലവിൽ ഉദ്ദേശമില്ല.

**മാങ്കോട് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

136 (2985) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ മാങ്കോട് എച്ച്.എസ്.എസ്.-ന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എം.എൽ.എ. നൽകിയ കത്തിൻമേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹയർ സെക്കന്ററി ഡയറക്ടർക്ക് നൽകിയതിൻമേൽ ഡയറക്ടർ നാളിതുവരെ എന്തെങ്കിലും തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണത്തിനുള്ള തുക അടിയന്തരമായി അനുവദിച്ചു നൽകുമോ?

<u>ഉത്തരം</u>

(എ) അഞ്ച് കോടി രൂപയുടെ പദ്ധതിയിൽ മാങ്കോട് എച്ച്.എസ്.എസ്.-നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി&സി) നടപ്പുവർഷത്തെ ബജറ്റ് വിഹിതം പരിമിതമായതിനാൽ

ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## ജൂനിയർ എച്ച്.എസ്.എസ്.റ്റി. നിയമനം

137 (2986) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ഏഴ് പിരീഡിൽ താഴെ പഠിപ്പിക്കുന്ന തസ്തികയിൽ ജൂനിയർ എച്ച്.എസ്.എസ്.റ്റി.-മാരെ നിയമിക്കേണ്ടതില്ല എന്നും അവിടെ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്നും ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണ മെന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ ഹയർ സെക്കണ്ടറിയിൽ ഒരു പിരീഡിന്റെ ശരാശരി ദൈർഘ്യം 45 മിനിട്ടിൽ താഴെയാണ്. ആയത് അനുസരിച്ച് ആറ് പിരീഡുകൾക്ക് താഴെ തസ്തിക സൃഷ്ടിക്കുമ്പോൾ ഒരു അദ്ധ്യാപകന് പഠിപ്പിക്കേണ്ട സമയദൈർഘ്യം ഒരു ദിവസം 54 മിനിട്ടുകൾ മാത്രമായിരിക്കും. അപ്രകാരമുള്ള തസ്തിക സൃഷ്ടിക്കൽ സർക്കാരിന് കനത്ത സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഇടുക്കി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

138 (2987) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്നും പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള മുരിക്കാട്ടുകുടി ഗവൺമെൻറ് ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പദ്ധതി നടത്തിപ്പ് ഏതുഘട്ടം വരെയായി; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇടുക്കി നിയോജകണ്ഡലത്തിൽ മറ്റേതെങ്കിലും സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേന സർക്കാർ ധനസഹായമായ അഞ്ച് കോടി രൂപയ്ക്ക് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ഇതിനകം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

## അദ്ധ്യാപക നിയമനത്തിന് ഇന്റർവ്യൂ നടത്തുന്ന സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ നോമിനി

139 (2988) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ (ഹയർ സെക്കണ്ടറി വിഭാഗം) അദ്ധ്യാപക നിയമനത്തിന് ഇന്റർവ്യൂ നടത്തുന്ന സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ നോമിനിയെ അനുവദിക്കണം എന്നാവശ്യപ്പെട്ട് 2017-18 അദ്ധ്യയന വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് സർക്കാർ നോമിനിയെ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരത്തിൽ നോമിനികളെ അനുവദിച്ചിട്ടില്ലാത്ത എത്ര അപേക്ഷകൾ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, ഹയർ സെക്കണ്ടറി ഡയറക്ടർ ഓഫീസ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഓഫീസ് എന്നിവിടങ്ങളിൽ ഉണ്ട്; സ്കൂളിന്റെ പേര്, പ്രൊപ്പോസൽ ലഭിച്ച തീയതി , ഇത് വരെ അനുവദിക്കാത്തതിന്റെ കാരണം എന്നിവ സഹിതം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യന വർഷത്തിൽ 177 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) വിവിധ തീയതികളിലായി ന്യൂനതകളില്ലാതെ സർക്കാരിൽ

ലഭിച്ച എല്ലാ അപേക്ഷകൾക്കും സർക്കാർ നോമിനിയെ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ന്യൂനതയുള്ള അപേക്ഷകൾ പരിഹരിച്ച് സർക്കാർ നോമിനിയെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ന്യൂനതയുള്ള സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ, വെണ്ണിക്കുളം
2. സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, കാവനൂർ
3. വി. പി. കെ. മാസ്റ്റർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൂർ, പള്ളിക്കൽ
4. അഴീക്കോട് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ
5. സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, കേളകം
6. ലജ്നത്തുൾ മുഹമ്മദീയ ഹയർ സെക്കണ്ടറി സ്കൂൾ, ആലപ്പുഴ
7. എം.എം. ഹയർ സെക്കണ്ടറി സ്കൂൾ, ന്യൂ മാഹി
8. വി.എച്ച്.എം. ഹയർ സെക്കണ്ടറി സ്കൂൾ, മൊറയൂർ
9. റ്റി.ഡി.എച്ച്.എച്ച്.എസ്., തുറവൂർ

## സ്കൂളിന്റെ മുഖ്യമേധാവി

140 (2989) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ തസ്തികയിലുള്ളവരിൽ ആരെങ്കിലുമൊരാളെ സ്കൂളിന്റെ മൊത്തത്തിലുള്ള മുഖ്യമേധാവിയായി നിശ്ചയിച് അധികാരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തസ്തികയിലുള്ള ആളെയെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈസ്കൂൾ-ഹയർ സെക്കൻഡറി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന പല സ്കൂളുകളിലും ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ തസ്തികകളിൽ ഉള്ളവരുടെ അധികാര തർക്കങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന് എന്ത് പരിഹാരനടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## നടവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

141(2990) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിലെ ബജറ്റിൽ ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ കിഫ്ബിയിലൂടെ 5 കോടി രൂപ അനുവദിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികൾ യു.എൽ.സി.സി.എസ്. പോലെ അക്രഡിറ്റേഷൻ ഉള്ള സൊസൈറ്റിയെ ഏൽപ്പിക്കുന്നതിൽ തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ടി പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി&സി) ടെണ്ടറിൽ എല്ലാ അംഗീകൃത ഏജൻസികൾക്കും പങ്കെടുക്കാവുന്നതാണ്.

## നെയ്യാർഡാം ജി.എച്ച്.എസ്.എസ്.

142 (2991) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിലേക്കായി തെരഞ്ഞെടുത്തിരിക്കുന്നത് എന്നുള്ള വിവരം അറിയിക്കാമോ;

(ബി) നെയ്യാർഡാം ജി.എച്ച്.എസ്.എസ്.-നെ മോഡൽ സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സമർപ്പിച്ചിരുന്ന ഡി. പി. ആർ. പരിഗണനയിലുണ്ടോ; പ്രസ്തുത ഡി. പി. ആർ. -ന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിലെ മാരായമുട്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെയ്യാർഡാം ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

## കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾ

143 (2992) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 2019 വർഷത്തിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം

144 (2993) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) ഭരണാനുമതിയായ തുകയുടെ എത്ര ശതമാനം ഇതുവരെ കെട്ടിടനിർമ്മാണത്തിനായി അനുവദിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) സാങ്കേതിക ഭരണാനുമതി നൽകിയിട്ടുണ്ട്. കരാർ ഉടമ്പടികളുമായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 412 ലക്ഷം (നാല് കോടി പന്ത്രണ്ട് ലക്ഷം രൂപ).

(ഡി) ഭരണാനുമതി ലഭിച്ച തുകയുടെ ആദ്യഗഡുവായ 20% സ്കൂളിലെ പ്രഥമാധ്യാപകന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

**മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ്ടു കോഴ്സ്**

145 (2994) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്ഷണിക്കുമ്പോൾ മാത്രമേ കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന വിഷയവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

## ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

146 (2995) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഡി.പി.സി. കൂടാത്തതു കാരണം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി നോക്കുന്നവരെ ഒഴിവാക്കി, വകുപ്പിലെ അർഹരായവർക്ക് സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. നിലവിലുള്ള നിയമങ്ങൾക്കും ഉത്തരവുകൾക്കുമനുസരിച്ച് ഹയർ സെക്കണ്ടറി വകുപ്പിലെ അർഹരായവർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം

147 (2996) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡത്തിലെ ചില വ്യവസ്ഥകൾ ഭരണഘടനാ ലംഘനമാണെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കണ്ടെത്തിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ, പ്രസിദ്ധീകരിച്ച സ്ഥലമാറ്റ പട്ടിക ട്രൈബ്യൂണൽ റദ്ദാക്കിയിരുന്നോ എന്ന് വിശദമാക്കുമോ;

(സി) സ്ഥലംമാറ്റത്തിന് മാനദണ്ഡം പുതുക്കി, പുതുതായി അപേക്ഷ ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 3-4-2017-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) ടി സ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ ഖണ്ഡിക 2 (ii)-ലെ വ്യവസ്ഥ ഭരണഘടനാ ലംഘനമാണെന്ന് കണ്ടെത്തുകയും പ്രൊവിഷണൽ സ്ഥലമാറ്റ പട്ടിക റദ്ദ് ചെയ്യുകയും ചെയ്തിരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**രണ്ടാംഘട്ട പാഠപുസ്തക വിതരണം**

148 (2997) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഘട്ട പാഠപുസ്തക വിതരണം യഥാസമയം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അച്ചടി വകുപ്പിന്റെ നിസ്സഹകരണമാണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) രണ്ടാം ഘട്ട പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതിന് എത്ര കാലതാമസം ഉണ്ടായിട്ടുണ്ട്; ഏത് തലത്തിലുള്ള വീഴ്ചയാണ് പ്രസ്തുത സ്ഥിതി വിശേഷം ഉണ്ടാക്കിയത്; ഇത്തരത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യന വർഷത്തെ രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം 2017 ആഗസ്റ്റ് മാസം ഏഴാം തീയതി മുതൽ ആരംഭിക്കുകയും ഒക്ടോബർ മാസം അഞ്ചാം തീയതിക്കകം ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം വാല്യം പാഠപുസ്തകങ്ങൾ ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ 22 ടൈറ്റിലുകളിലായി 21 ലക്ഷം അച്ചടിച്ച് വിതരണം ചെയ്യുവാൻ ബാക്കിയുണ്ടായിരുന്നു. ആയത് പരിഹരിക്കുന്നതിലേക്കായി 20-9-2017-ൽ വിദ്യാഭ്യാസ അധികൃതരും കെ.ബി.പി.എസ്. അധികൃതരുമായി ചർച്ച ചെയ്യുകയും ഈ കാലതാമസം അടിയന്തരമായി ഒഴിവാക്കുവാനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ കൈക്കൊള്ളുകയും 2017 ഒക്ടോബർ അഞ്ചാം തീയതിക്കുള്ളിൽ ഇൻഡന്റ് ചെയ്ത പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

(ബി) ഇല്ല. 2017-18 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്. മുഖേനയാണ് അച്ചടിച്ച് വിതരണം നടത്തിയത്. ആയതിനാൽ ഇക്കാര്യത്തിൽ അച്ചടി വകുപ്പിന്റെ സഹകരണം ആവശ്യമായിട്ടില്ല.

(സി) ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ രണ്ടാം വാല്യം പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ 10 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. 2017 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഉണ്ടായിട്ടുള്ള തുടർച്ചയായ പൊതുഅവധികൾ കാരണമാണ് ഇപ്രകാരം സംഭവിച്ചത്. എന്നിരുന്നാലും 2017 ഒക്ടോബർ അഞ്ചാം തീയതി തന്നെ സ്കൂളുകൾ ഇൻഡന്റ് ചെയ്ത പ്രകാരമുള്ള പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

149 (2998) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങളോട് ജനങ്ങൾക്കുണ്ടായിരുന്ന വിമുഖത മാറുന്നതിനും ആഭിമുഖ്യമുണ്ടാകുന്നതിനും ഇതുമൂലം ഇടയായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ വിദ്യാലയത്തിലെ കുട്ടികൾക്ക് ലോകോത്തര നിലവാരത്തിൽ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നവകേരള മിഷന്റെ ഭാഗമായി ഈ സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ജനപങ്കാളിത്തത്തോടെ മുന്നേറുകയാണ്. ഇതിന്റെ പ്രധാന പദ്ധതികളിലൊന്ന് 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുകയെന്നതാണ്. സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. ഫെബ്രുവരിയിൽ 20,000, മാർച്ചിൽ 10,000, ഏപ്രിൽ, മേയ് മാസങ്ങളിലായി ബാക്കിയുള്ളവ എന്നിങ്ങനെ ജൂൺ 1-ന് മുൻപ് ഉപകരണ വിതരണം പൂർത്തിയാക്കുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് സ്കൂളുകൾ ഹൈടെക് ആക്കുന്നതിനോടൊപ്പം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങളും നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് "സമഗ്ര" ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നു. പൊതു വിദ്യാലയങ്ങളിൽ സമൂഹത്തിൽ വലിയ പ്രതീക്ഷ ഉള്ളതിന്റെ പ്രതിഫലനമായിരുന്നു 2017-18 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തിദിനത്തിലെ കണക്കുകൾ പ്രകാരം പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ്.

(ബി) ഉണ്ട്.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായാണ് 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നത്. ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് "സമഗ്ര" ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ വിവിധ തരത്തിലുള്ള പഠന വിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ പഠനത്തോടൊപ്പം സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന സമഗ്ര

വിദ്യാഭ്യാസമാണ് വിഭാവനം ചെയ്യുന്നത്. ഹൈടെക് ക്ലാസ്സ് മുറികൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, എല്ലാ സ്കൂളുകളിലും സമഗ്ര വികസന രൂപരേഖ തുടങ്ങി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണം

150 (2999) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഉച്ചഭക്ഷണം പ്ലസ് ടു വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 163 നൂൺമീൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഒരു മാസം ഏറ്റവും കുറഞ്ഞത് 15 സ്കൂളുകളെങ്കിലും നൂൺമീൽ ഓഫീസർമാർ സന്ദർശിക്കുകയും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപകർ, ചുമതലയുള്ള അദ്ധ്യാപകർ, പാചകത്തൊഴിലാളി എന്നിവർക്ക് നൽകുകയും ചെയ്യുന്നു.

- പച്ചക്കറി, പലവ്യഞ്ജനം, അരി ഒഴികെയുള്ള മറ്റ് ഭക്ഷ്യ പദാർത്ഥങ്ങൾ, പാൽ, മുട്ട, ഇന്ധനച്ചെലവ് എന്നിവയ്ക്കായി നൽകുന്ന പാചകച്ചെലവ് (Contigency) കേന്ദ്ര ഗവൺമെന്റ് മാനദണ്ഡമനുസരിച്ച് പ്രതിദിനം എൽ.പി. വിഭാഗം കുട്ടികൾക്ക് 4.13 രൂപയും യു.പി. വിഭാഗം കുട്ടികൾക്ക് 6.18 രൂപയുമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ നിരക്കാണ് പ്രാബല്യത്തിലുള്ളത്. എന്നാൽ ഗുണമേന്മയുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷണം (പ്രതിദിനം 3 വിഭവങ്ങൾ) ഉൾപ്പെടെ കുട്ടികൾക്ക് നൽകണമെന്ന കാഴ്ചപ്പാടിൽ കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ മുതൽ 8 രൂപ വരെ പാചകച്ചെലവ് അനുവദിച്ചിട്ടുണ്ട്.
- വെള്ളം, ഫുഡ് സാമ്പിൾ എന്നിവ ടെസ്റ്റ് ചെയ്യുവാനായി NABL Accreditation ഉള്ള ഒരു അർദ്ധസർക്കാർ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാനതലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- വിഷരഹിത പച്ചക്കറികളുടെ ഉപയോഗത്തിന് പ്രാദേശികമായി കൃഷി ചെയ്യുന്ന സംസ്ഥാനത്തെ 50 ശതമാനത്തിലധികം സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നിലവിലുണ്ട്. ഹോർട്ടികോർപ്പ് മുതലായ സർക്കാർ ഏജൻസികളിൽനിന്നുള്ള പച്ചക്കറികളാണ് ഉപയോഗിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം സ്കൂളുകൾക്ക് അനുവദിച്ച കമ്പ്യൂട്ടറുകൾ

151 (T* 3000) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം എത്ര സ്കൂളുകൾക്കാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തുകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; ശേഷിക്കുന്ന സ്കൂളുകളിൽ അവ വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നടപടി ക്രമങ്ങൾ വേഗത്തിലാക്കി സമയബന്ധിതമായി ഇവ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തിട്ടില്ല. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 2017-18 വർഷം നാല് സ്കൂളുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച് ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് വിതരണ ഉത്തരവ് നൽകുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി&സി) ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതാണ്.

## സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി

152 (3001) ശ്രീ. രാജു എബ്രഹാം :

ശ്രീ. പി. കെ. ശശി :

ശ്രീ. ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വിദ്യാലയങ്ങളിലെ ക്ലാസ് റൂമുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) വിവരവിനിമയ സാങ്കേതിക വിദ്യയിലൂന്നിയുള്ള പഠനരീതി വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതുവിദ്യാലയങ്ങളുടെ സംരക്ഷണത്തിനായി കിഫ്ബി മുഖേന എത്ര കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ., ശുചിത്വമിഷൻ, വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ എന്നിവർ മുഖേനയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ പ്രസ്തുത സ്കൂളുകളിൽ കെട്ടിടങ്ങൾ, കളിസ്ഥലം, ടോയ്‍ലെറ്റുകൾ, അടുക്കള, കുടിവെള്ള ലഭ്യത എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. അവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുമുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്

സ്കൂളുകളിൽ അപാകതകളോ, അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.പി.-എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് യഥാസമയം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

കൂടാതെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. <u>അടിസ്ഥാന സൗകര്യ വികസനം</u> :

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

- വിദ്യാഭ്യാസ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി./യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.

- ജൈവവൈവിധ്യ പാർക്കുകൾ : 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി 980 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു. കൂടാതെ സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ. സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.

- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

    1. ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ
    2. എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്
    3. ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്
    4. ഗവ. ബോയ്സ് എച്ച്.എസ്.എസ്. ഹരിപ്പാട്, ആലപ്പുഴ

2. അക്കാദമിക മികവ് :

- പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

    സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17-ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിനു മുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കുംവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ 200 പഠനദിനങ്ങൾ, ലിറ്റിൽ ഗലീലിയോ, ഗണിതവിജയം, മലയാളത്തിളക്കം, നവപ്രഭ, സുരീലി ഹിന്ദി സർഗ്ഗോത്സവം, സ്വതന്ത്ര വായന, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ, വിഷൻ 100 അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവയും പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്നു.

- സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഹൈടെക് സ്കൂൾ പദ്ധതി :

സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17-ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിനുമുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം

ചെയ്യുന്നത് പൂർത്തിയാക്കുംവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് 'സമഗ്ര' ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ വിവിധ തരത്തിലുള്ള പഠന വിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിക്ക് 493.5 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭിക്കുകയും അപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

സംസ്ഥാനത്തെ 138 പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 677.61 കോടി രൂപയുടെയും 70 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 209.79 കോടി രൂപയുടെയും ധനസഹായം ഉൾപ്പെടെ 887.4 കോടി രൂപയുടെ ധനസഹായം നിലവിൽ കിഫ്ബി മുഖേന ലഭ്യമായിട്ടുണ്ട്.

## വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കാൻ നടപടി

153(3002) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന സ്കൂളുകളുടെ പട്ടികയിൽ ചേർക്കുന്നതിന് നിർദ്ദേശിച്ചിരുന്ന വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചുവോ;

(ബി) തുടർപ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദ

വിവരങ്ങൾ നൽകാമോ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതിന് വാമനപുരം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഭരണാനുമതിയും അപ്രകാരം കിഫ്ബി മുഖേന 4.86 കോടി (നാല് കോടി എൺപത്തിയാറ് ലക്ഷം രൂപ) രൂപയുടെ സർക്കാർ ധനസഹായവും ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2018 മദ്ധ്യവേനലവധി ക്കാലത്തുതന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ഡി) 2019 വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**'എ' ഗ്രേഡ് വായനശാലകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ**

154 (3003) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈബ്രറി കൗൺസിലിനു കീഴിൽ പ്രവർത്തിച്ചുവരുന്ന എ ഗ്രേഡ് വായനശാലകൾക്ക് കമ്പ്യൂട്ടറും എൽ.സി.ഡി. പ്രൊജക്ടറും അനുവദിക്കുമെന്ന മുൻ ബജറ്റിലെ നിർദ്ദേശം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ തുക അനുവദിച്ചു

നൽകിയിട്ടില്ല.

(ബി&സി) 2017-18 വർഷം ഈ പദ്ധതിക്ക് അംഗീകാരം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ബി.എഡ്., എം.എഡ്. കോളേജുകൾ നേരിടുന്ന പ്രതിസന്ധി**

155 (3004) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ടി.ഇ. നിയമ ഭേദഗതി നിലവിൽ വന്ന ശേഷം ബി.എഡ്, എം.എഡ്. കോളേജുകൾ വലിയ പ്രതിസന്ധി നേരിടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എൻ.സി.ടി.ഇ. പുതിയ നിയമത്തിൽ ആവശ്യപ്പെടുന്ന രീതിയിൽ അർഹതയുള്ള കോളേജുകളിൽ ഇന്റഗ്രേറ്റഡ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) ബി.എഡ്. കോഴ്സിന്റെ കാലാവധി രണ്ട് വർഷം എന്നത് ഒരു വർഷമായി പുനർ നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.സി.ടി.ഇ. നിയമ ഭേദഗതി നിലവിൽ വന്നശേഷം കോഴ്സുകൾക്ക് ചേരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ബി.എഡ്./എം.എഡ്. കോളേജുകളുടെ പ്രവർത്തനത്തിന് വലിയ പ്രതിസന്ധി നേരിടുന്നില്ലെങ്കിലും അദ്ധ്യാപക തസ്തികയിലെ കുറവ് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) എൻ.സി.ടി.ഇ. റഗുലേഷൻ പ്രകാരം ബി.എഡ്/എം.എഡ്. കോഴ്സുകൾ രണ്ട് വർഷമായി നിശ്ചയിച്ചിരിക്കുന്നു.

**സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി**

156 (3006) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ

ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ 1 സ്കൂൾ വീതം 10 കോടി രൂപ വരെ മുടക്കി ഹൈടെക് ആക്കുന്ന പദ്ധതി ആദ്യഘട്ടമായി എത്ര നിയോജകമണ്ഡലങ്ങളിലാണ് നടപ്പാക്കുന്നത്; ഇവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് പൊതുവെ നടത്തിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിലെ ഏത് സ്കൂളുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും എത്ര രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നതെന്നും നിർമ്മാണച്ചുമതല ആർക്കാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആദ്യഘട്ടമായി പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾക്കു വീതം 141 സ്കൂളുകൾക്ക് ലഭ്യമാകുന്നതാണ്. പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂൾ വീതം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിലെ വെച്ചൂച്ചിറ കോളനി ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം അഞ്ച് കോടി രൂപയുടെ കിഫ്ബി ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 2019-ൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**നീന്തൽ പരിശീലനം**

157 (3007) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ലെ തട്ടേക്കാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നീന്തൽ പരിശീലനം ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയിരുന്നോ;

(ബി) സംസ്ഥാനത്ത് 1000 നീന്തൽ കുളങ്ങൾ നിർമ്മിക്കുമെന്നും മുഴവൻ

വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുമെന്നുള്ള പ്രഖ്യാപനം എത്രത്തോളം പ്രാവർത്തികമാക്കിയിട്ടുണ്ട്;

(സി) മുങ്ങിമരണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നീന്തൽ പരിശീലനം നടത്തുന്നില്ല. എന്നാൽ എല്ലാ ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകൃതമായി നീന്തൽ പരിശീലനം നടത്തുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

**ഡയറ്റുകളിൽ റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ നിയമനം**

158 (3008) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡയറ്റുകളിൽ റിട്ടയേഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മതിയായ യോഗ്യത നേടിയ അദ്ധ്യാപകർ സർവ്വീസിലുണ്ടെന്നിരിക്കെ റിട്ടയർ ചെയ്ത അദ്ധ്യാപകരെ ഡയറ്റിൽ നിയമിക്കുവാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) റിട്ടയർ ചെയ്തവരെ ഒഴിവാക്കി സർവ്വീസിലുള്ള അദ്ധ്യാപകരെ ഇവിടെ നിയമിക്കുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ഡയറ്റുകളിൽ റിട്ടയേർഡ് അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

**ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് തുടർവിദ്യാഭ്യാസ പദ്ധതി**

159 (3009) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് തുടർവിദ്യാഭ്യാസ പദ്ധതി

നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ട്രാൻസ്ജെൻഡർ വിഭാഗത്തിൽ സാക്ഷരത എത്ര ശതമാനമാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇവരെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ നിരക്ഷരരായ ഒരു വിഭാഗം ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് "സമന്വയ". പത്താംതരം, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകളുടെ പുതിയ ബാച്ചിൽ രജിസ്റ്റർ ചെയ്ത ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ പഠനക്ലാസ്സുകൾ ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇവർക്കായി പ്രത്യേക തുല്യതാ പഠന കേന്ദ്രങ്ങൾ ആരംഭിച്ചു. ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായുള്ള ക്ലാസ്സുകൾ നയിക്കുന്നതിന് ഇവരിൽ ഉന്നത വിദ്യാഭ്യാസം നേടിയവരെയും അദ്ധ്യാപകരായി തെരഞ്ഞെടുത്തിട്ടുണ്ട്. പത്തിൽ കൂടുതൽ പഠിതാക്കളുള്ള ജില്ലകളിൽ പ്രത്യേകം പഠനക്ലാസ്സുകൾ നൽകുകയും പത്തിൽ താഴെ പഠിതാക്കളുള്ള ജില്ലകളിൽ പൊതു പഠന കേന്ദ്രങ്ങളിൽ പഠിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. "സമന്വയ" പദ്ധതിയുടെ ഭാഗമായി ശിൽപ്പശാലകൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിച്ചു.

(ബി) ട്രാൻസ്ജെൻഡേഴ്സ് തുടർ വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ട്രാൻസ്ജെൻഡർ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടത്തിയ സർവ്വേയിൽ 918 പേരെയാണ് തുടർപഠനത്തിന് താൽപ്പര്യമുള്ളവരായി സർവ്വേയിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. ഇതിൽ 1.2 ശതമാനം പേർ നിരക്ഷരരാണ്.

(സി) "സമന്വയ" പദ്ധതിയിലൂടെ തുല്യതാ കോഴ്സുകൾ വഴി തുടർ പഠനം

നടത്തുന്ന ട്രാൻസ്ജെൻഡർ വിഭാഗക്കാരെ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തെരഞ്ഞെടുപ്പിൽ മുൻഗണന നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ശ്യാമ എസ്. പ്രഭ എന്നയാളെ അദ്ധ്യാപികയായി തെരഞ്ഞെടുത്തിട്ടുണ്ട്.

## വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് പദ്ധതികൾ

160 (3010) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപരീക്ഷകൾ ആരംഭിക്കുന്നതിനോടനുബന്ധിച്ച് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടാകുന്ന മാനസിക പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതകളും നിയന്ത്രിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മെച്ചപ്പെട്ട വിജയം കരസ്ഥമാക്കുന്നതിനായി പ്രാപ്തരാക്കുവാൻ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) നിരക്ഷരതാ നിർമ്മാർജനം നടത്തുന്നതിന് സ്കൂൾ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുപരീക്ഷകൾ ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടി നിരവധി നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചോദ്യങ്ങളും ചോദ്യമാതൃകകളും കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കി കൂടുതൽ ഓപ്ഷനുകൾ നൽകി ചോദ്യപേപ്പർ ക്രമീകരിച്ച് ചോദ്യമാതൃകകൾ പരിചയപ്പെടുത്തുന്നതിനായി ചോദ്യശേഖരം തയ്യാറാക്കി സമഗ്രപോർട്ടലിലൂടെ ലഭ്യമാക്കിവരുന്നു. കൂടാതെ, എസ്.സി. ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ക്വസ്റ്റ്യൻ പൂൾ തയ്യാറാക്കി മുൻകൂട്ടി തന്നെ അച്ചടിച്ചുനൽകിയിരുന്നു. ശരിയായ തയ്യാറെടുപ്പ് നടത്തുന്നതിനായി പരീക്ഷകൾ ക്കിടയിൽ വേണ്ടത്ര സമയം ലഭ്യമാക്കുന്നതിനായി പരീക്ഷാ ടൈംടേബിൾ ക്രമീകരിച്ചിട്ടുണ്ട്.

നിരന്തര മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും സമഗ്രവുമാക്കി, എഴുത്തു പരീക്ഷയുടെ സമ്മർദ്ദം കുറയ്ക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഗവേഷണ പഠനം നടന്നുവരുന്നു. പരീക്ഷാ തയ്യാറെടുപ്പിനായി വിക്ടേഴ്സ് ചാനലിലൂടെ വിദഗ്ദ്ധരായ അദ്ധ്യാപകർ ക്ലാസ്സുകൾ നൽകിവരുന്നു. കൂടാതെ രക്ഷിതാക്കൾക്കായി ഈ മേഖലയിൽ പ്രത്യേക പരിശീലനവും നൽകിവരുന്നു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ പരീക്ഷാ കാലയളവിൽ മാർച്ച് 1 മുതൽ മാർച്ച് 31 വരെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ഒരുക്കിയിരിക്കുന്ന "വി ഹെൽപ്പ്" എന്ന പദ്ധതിയുടെ ടോൾ ഫ്രീ സംവിധാനത്തിലൂടെ കുട്ടികളുടെ പരീക്ഷാപ്പേടിയും മാനസിക സമ്മർദ്ദവും ലഘൂകരിക്കുന്നതിനുള്ള ടെലി കൗൺസിലിംഗ് രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ വിവിധ ഷിഫ്റ്റുകളിലായി വിദഗ്ദ്ധ പരിശീലനം കിട്ടിയ കൗൺസിലർമാരെ നിയോഗിച്ച് നടത്തുന്നു. രക്ഷകർത്താക്കളും കുട്ടികളും ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുകളുള്ള 1250 ഹയർ സെക്കണ്ടറി സ്കൂളുകളിലെ അഡോളസെന്റ് കൗൺസിലിംഗിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള ക്ലബ്ബിന്റെ കോ-ഓർഡിനേറ്റർമാരും പൊതു പരീക്ഷാ കാലയളവിൽ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് ക്രിയാത്മകമായി ഇടപെടുന്നുണ്ട്.

പൊതുപരീക്ഷകൾ ആരംഭിക്കുന്നതിനോടനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ രണ്ട് പ്രോഗ്രാമുകളാണ് നിലവിൽ നടത്തുന്നത്.

1. Happy Learning-സ്കൂൾ തലത്തിൽ പഠനവും പരീക്ഷയും രസകരമാക്കുന്നതിനുവേണ്ടി കൗൺസിലർ, മനഃശാസ്ത്രജ്ഞർ തുടങ്ങിയവരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.
2. How are You - വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ ഫോൺ-ഇൻ പരിപാടിയാണ് നടത്തുന്നത്. എല്ലാ വിദ്യാലയങ്ങളിലും ഫോൺ നമ്പർ നൽകുകയും വൈകുന്നേരം 4.30 മുതൽ 6.30 വരെ കുട്ടികൾക്ക് ഫോൺ വിളിച്ച് ഡോക്ടറുമായി സംസാരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കുന്നു.

(ബി) ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾ എസ്.എസ്.എ., ആർ.എം.എസ്.എ., പൊതു വിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി. തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. ശ്രദ്ധ, ഗണിതവിജയം, മധുരം

മലയാളം, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പരിപാടികൾ പഠന പരിപോഷണത്തിനായി നടപ്പാക്കിവരുന്നു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ കേരളത്തിലെ 100 സ്കൂളുകളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) എന്ന പദ്ധതിയിലൂടെ ഓരോ വിഷയത്തിലും 15 മണിക്കൂർ വീതമുള്ള അധിക ക്ലാസ്സുകൾ അഞ്ച് വിഷയങ്ങളിലായി നൽകിവരുന്നു. ആ ദിവസങ്ങളിൽ കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനുള്ള ഫണ്ടുകളും നൽകുന്നു. ഓരോ ക്ലാസ്സിലെയും ഏറ്റവും പിന്നോക്കം നിൽക്കുന്ന 15 കുട്ടികളെ വിതം തെരഞ്ഞെടുത്താണ് ക്ലാസ്സുകൾ നൽകുന്നത്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി Quality Enhancement Programme നടപ്പിലാക്കുന്നു. പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളിലെ Content ലഘൂകരിച്ച് കുട്ടികൾക്ക് പെട്ടെന്ന് മനസ്സിലാകുന്ന രീതിയിൽ വിദ്യാലയങ്ങളിൽ നൽകുന്നുണ്ട്.

(സി) ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനായി പ്രൈമറി തലത്തിൽ എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ മലയാള തിളക്കം, എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ 'എന്റെ മലയാളം' എന്നീ സവിശേഷ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**അദ്ധ്യാപക/അനദ്ധ്യാപകർക്ക് അംഗീകാരം നൽകാൻ നടപടി**

161 (3011) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തെ പ്രവർത്തനപാരമ്പര്യവും, പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവും പുലർത്തുന്ന ചിറയിൻകീഴ് ശ്രീ ശാരദവിലാസം ഗേൾസ് ഹൈസ്കൂൾ, ശ്രീ ചിത്തിരവിലാസം ബോയ്സ് ഹൈസ്കൂൾ, ശ്രീ ചിത്തിരവിലാസം ലോവർ പ്രൈമറി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ 2011 മുതൽ 2017 വരെയുള്ള സ്റ്റാഫ് ഫിക്സേഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ തസ്തികകൾക്ക് വിദ്യാർത്ഥി-അധ്യാപക അനുപാതം അനുസരിച്ചാണോ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) 2011 മുതൽ 2017 വരെ നടന്ന നിയമനങ്ങളിൽ പ്രസ്തുത സ്കൂളുകളിൽ

വിദ്യാർത്ഥി-അധ്യാപക അനുപാതം അനുസരിച്ച് അംഗീകാരം നൽകാത്ത ജീവനക്കാരുടെ വിശദാംശം വർഷം തിരിച്ച് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ ആറാം അധ്യയന ദിവസത്തെ കുട്ടികളുടെ എണ്ണം അനുസരിച്ച് നിയമിക്കപ്പെട്ട്, വർഷങ്ങളായി ശമ്പളമില്ലാതെ പ്രവർത്തിക്കുന്ന അധ്യാപക അനധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഇ) 27-2-2017 ൽ സീനിയോറിറ്റി ലിസ്റ്റിന് പ്രൊവിഷണലായി അംഗീകാരം നൽകിയ ആറ്റിങ്ങൽ ഡി.ഇ.ഒ., തുടർന്നുള്ള നിയമനങ്ങൾ ഒന്നും അംഗീകരിക്കാതിരുന്നിട്ടും അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസ്തുത സ്കൂളുകൾക്ക് അംഗീകരിച്ച് നല്കാത്തതു കാരണം മുപ്പതിൽപരം ജീവനക്കാർ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വിദ്യാഭ്യാസ ഡയറക്ടർ, ഉപഡയറക്ടർ എന്നിവർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കു വിരുദ്ധമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത സ്കൂളുകളുടെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് അന്വേഷണം സർക്കാർ തലത്തിൽ നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) 2011 മുതൽ നാളിതുവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയിൽ നിയമന/പ്രൊമോഷൻ അംഗീകാരം തടസ്സപ്പെട്ട മുഴുവൻ അദ്ധ്യാപക അനദ്ധ്യാപകർക്കും പ്രസ്തുത സ്കൂളുകളിൽ നിയമപ്രകാരം അംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ചിറയിൻകീഴ് ശ്രീ. ചിത്തിര വിലാസം ബോയ്സ് ഹൈസ്കൂൾ, ശ്രീ. ചിത്തിര വിലാസം ലോവർ പ്രൈമറി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ തസ്തികകൾ നിലവിലുള്ള വിദ്യാർത്ഥി അദ്ധ്യാപക അനുപാതം അനുസരിച്ചാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീ. ശാരദ വിലാസം ഗേൾസ് ഹൈസ്കൂളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ള കെട്ടിടങ്ങളുടെ അഭാവത്തിൽ 2013-14 മുതൽ 2017-18 വരെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം അനുസരിച്ചുള്ള എല്ലാ ഡിവിഷനുകളും അനുവദിച്ചിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂളുകളുടെ മാനേജർ നടത്തിയ നിയമനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും കെ.ഇ.ആർ. വ്യവസ്ഥകൾക്കും അനുസൃതമല്ലാത്തതിനാലാണ് ടി നിയമനങ്ങൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകാതിരുന്നത്. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികൾ പരിശോധിച്ച് ടി നിയമനങ്ങളിൽ മൂന്ന് നിയമനങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ മാനേജർ ചട്ടവിരുദ്ധമായി നടത്തിയ നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടിയാനെതിരെ നടപടി സ്വീകരിക്കുവാൻ 3-10-2017-ലെ എച്ച്1/199/2017/പൊ.വി.വ. സർക്കാർ കത്തിലൂടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വിജിലൻസ് സെക്ഷൻ സ്വീകരിച്ചുവരികയാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോബിൾ ഗ്രൂപ്പിന്റെ അധീനതയിലുള്ള കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഐ.ജി.എം.വി.എച്ച്.എസ്. മഞ്ഞക്കാല സ്കൂളിലെ ജീവനക്കാരുടെ വിവരങ്ങൾ മാനേജർ സമർപ്പിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി കാണാത്തതിനാൽ വ്യക്തത വരുത്തുന്നതിനായി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ചുമാത്രമേ അന്തിമ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ച് നൽകുവാൻ നിർവ്വാഹമുള്ളൂ.

(എഫ്) ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിലവിലുള്ള ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ജി) നടപടികൾ സ്വീകരിച്ചുവരികയാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

162 (3012) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് നേമം നിയോജക മണ്ഡലത്തിൽ നിന്നും 5 കോടി രൂപയുടെ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത കാലടി ഗവ.ഹൈസ്കൂളിലും 3 കോടി രൂപയുടെ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വാഴമുട്ടം ഗവ.ഹൈസ്കൂളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാലടി ഗവ.ഹൈസ്കൂളിൽ പ്ലസ് ടു കൂടി അനുവദി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് നേമം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കാലടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതിയും അപ്രകാരം കിഫ്ബി മുഖേനയുള്ള അഞ്ച് കോടി രൂപയുടെ സർക്കാർ ധനഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ വാഴമുട്ടം ഗവ. ഹൈസ്കൂൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## ഹൈടെക് ക്ലാസ് മുറികൾ

163 (3013) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനടക്കമുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നതിന് സോഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിക്കായി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, മറ്റുപകരണങ്ങൾ എന്നിവയ്ക്കായി ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഏത് കമ്പനിയാണ്/കമ്പനികളാണ് പ്രസ്തുത സാധനങ്ങൾ സപ്ലൈ ചെയ്യുന്നതെന്നും ഓരോ ഉൽപ്പന്നത്തിന്റെയും നിലവിലെ വിപണി വില, അതേ ഉൽപ്പന്നം സർക്കാരിന് ലഭ്യമാകുന്ന വില, അവയുടെ കോൺഫിഗറേഷൻ, എ.എം.സി. എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും ഓരോ കമ്പനിയും രേഖപ്പെടുത്തിയ തുക എത്രയാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക്

ആക്കുന്നതടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കുമായി പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സർക്കാർ കമ്പനിയാണ് 'കൈറ്റ്.

(ബി) ഹൈടെക് സ്കൂൾ പ്രോജക്ടുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖ പ്രകാരമുള്ള ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ, ഉപകരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്ന വില, അവയുടെ കോൺഫിഗറേഷൻ & എ.എം.സി. എന്നിവ അനുബന്ധം-2 ആയി ചേർക്കുന്നു*.

എല്ലാ ഐ.സി.റ്റി. ഉപകരണങ്ങൾക്കും അഞ്ചുവർഷ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഹാർഡ്‌വെയർ പരാതികൾ, വിതരണക്കാർ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കകം അറ്റന്റ് ചെയ്യേണ്ടതും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിശോധിക്കേണ്ടതാണെന്നും നിബന്ധനപ്പെടുത്തിയിട്ടുമുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ ഉത്പന്നത്തിന്റെയും നിലവിലെ വിപണിവില ശേഖരിച്ചുവരുന്നു.

(ഡി) ടെണ്ടർ ക്ഷണിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു*.

### ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

164 (3014) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളായ ഡയറ്റുകളിൽ അദ്ധ്യാപക നിയമനം അവസാനമായി നടന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡയറ്റുകളിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിലെ അപാകത പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ വിജയത്തിനുമായി നിലനിൽക്കേണ്ട ഡയറ്റുകളിലെ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009 ജനുവരി മാസത്തിലാണ് ഡയറ്റുകളിൽ അദ്ധ്യാപക നിയമനം അവസാനമായി നടത്തിയിട്ടുള്ളത്.

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതി ശിപാർശ സമർപ്പിക്കുന്നതിലേക്കായി എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ചെയർമാനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ചെയർമാൻ സമർപ്പിച്ച ഭേദഗതി ശിപാർശ പരിശോധിച്ചുവരികയുമാണ്.

(സി) ഉണ്ട്.

(ഡി) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

165 (3015) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതടക്കമുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രൊജക്ടറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏത് കമ്പനി/കമ്പനികളാണ് പ്രസ്തുത ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതെന്നും ഓരോ ഉല്പന്നത്തിന്റെയും നിലവിലെ വിപണിവില, അതേ ഉല്പന്നം സർക്കാരിന് ലഭ്യമാക്കുന്ന വില, അവയുടെ കോൺഫിഗറേഷൻ, എ.എം.സി. എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും, ഓരോ കമ്പനിയും രേഖപ്പെടുത്തിയ തുക എത്രയാണ് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സർക്കാർ കമ്പനിയാണ് കൈറ്റ്.

(ബി) ഹൈടെക് സ്കൂൾ പ്രോജക്ടുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖ പ്രകാരമുള്ള ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ, ഉപകരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്ന വില, അവയുടെ കോൺഫിഗറേഷൻ & എ.എം.സി. എന്നിവ അനുബന്ധം-2 ആയി ചേർക്കുന്നു*.

എല്ലാ ഐ.സി.റ്റി. ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഹാർഡ്‌വെയർ പരാതികൾ, വിതരണക്കാർ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കകം അറ്റന്റ് ചെയ്യേണ്ടതും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിശോധിക്കേണ്ടതാണെന്നും നിബന്ധനപ്പെടുത്തിയിട്ടുമുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ ഉത്പന്നത്തിന്റെയും നിലവിലെ വിപണിവില ശേഖരിച്ചുവരുന്നു.

(ഡി) ടെണ്ടർ ക്ഷണിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു*.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

166 (3016) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും 1 കോടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയുടെയും പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) 5 കോടി രൂപയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെട്ട എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവ.എച്ച്.എസ്.എസ് രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസ് -ന്റെ പേര് ഉൾപ്പെടുത്തുന്നതിനായി നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 ബജറ്റിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള അഞ്ച് കോടി, മൂന്ന് കോടി, ഒരു കോടി രൂപയുടെ വിവിധ പദ്ധതികളുടെ നിജസ്ഥിതി ചുവടെ ചേർക്കുന്നു.

<u>അഞ്ച് കോടി രൂപയുടെ പദ്ധതി</u> :

പദ്ധതിയുടെ ഭാഗമായി പരമാവധി അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>മൂന്ന്കോടി രൂപയുടെ പദ്ധതി</u> :

പദ്ധതിയുടെ ഭാഗമായി പരമാവധി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ഒരു കോടി രൂപയുടെ പദ്ധതി</u> :

പദ്ധതിയുടെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി./യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.

അഞ്ച് കോടി രൂപയുടെയും മൂന്നുകോടി രൂപയുടെയും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 'കൈറ്റ്' മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി നിർവ്വഹണ ത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരമാവധി അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 138 സ്കൂളുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 229 സ്കൂളുകളിൽ 70 സ്കൂളുകൾക്കും നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതു വിദ്യാഭ്യാസ സംരക്ഷണം

167 (3017) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ ഹൈടെക് ആക്കുന്നതിനാണ് ഈ സർക്കാർ നടപടികൾ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന പദ്ധതികളിലൊന്നാണ് 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത്. സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഉൾപ്പെടെ 139 സ്കൂളുകളിൽ നടപ്പിലാക്കി

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) 'സമഗ്ര' ഇ-ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പഠനാസൂത്രണ രേഖകളും ലഭ്യമാക്കുന്നുണ്ട്. ഇതിനായി 493.5 കോടി രൂപയുടെ (നാനൂറ്റി തൊണ്ണൂറ്റിമൂന്ന് കോടി അമ്പത് ലക്ഷം രൂപ) പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകുന്ന ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ആദ്യ ഗഡുവായി 1,21,54,000 രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പത്തിനാലായിരം രൂപ) കിഫ്ബി നേരിട്ട് ബി.എസ്.എൻ.എൽ.-ന് നൽകിയിട്ടുണ്ട്. 8200 ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും 6323 മൾട്ടീമീഡിയ പ്രൊജക്ടറുകളും ഇതുവരെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥ പ്രകാരം ടി ഉപകരണങ്ങളുടെ തുക അതത് കമ്പനികൾക്ക് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ 33 സ്കൂളുകളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തികകൾ

168 (3018) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:35 ആക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ എത്ര തസ്തിക അധികം ഉണ്ടായിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. I മുതൽ V വരെ ക്ലാസ്സുകളിൽ 1 : 30 -ഉം VI മുതൽ VIII വരെ 1 : 35-ഉം IX, X ക്ലാസ്സുകളിൽ 1 : 45 ആയും നിശ്ചയിച്ചിട്ടുണ്ട്.

(ബി) 2017-18-ൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉണ്ടായ അധിക അധ്യാപക തസ്തികകളുടെ എണ്ണം താഴെപ്പറയുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| ഗവ. എൽ.പി. സ്കൂൾ | 771 |
| ഗവ. യു. പി. സ്കൂൾ | 437 |
| ഗവ. ഹൈസ്കൂൾ | 569 |
| എയ്ഡഡ് എൽ.പി. സ്കൂൾ | 1081 |
| എയ്ഡഡ് യു.പി. സ്കൂൾ | 833 |
| എയ്ഡഡ് ഹൈസ്കൂൾ | 644 |

## എച്ച്.എസ്.എ. (മലയാളം) തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

169 (3019) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ മലയാളം നിർബന്ധമാക്കിയിട്ടും പല സ്കൂളുകളിലും മലയാളം അധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എച്ച്.എസ്.എ. (മലയാളം) തസ്തികയിലെ ഒഴിവുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 7 |
| 2. | കൊല്ലം | - | 4 |
| 3. | പത്തനംതിട്ട | - | 2 |
| 4. | കോട്ടയം | - | ഇല്ല |

| | | | |
|---|---|---|---|
| 5. | ഇടുക്കി | - | 2 |
| 6. | ആലപ്പുഴ | - | 6 |
| 7. | എറണാകുളം | - | ഇല്ല |
| 8. | തൃശ്ശൂർ | - | 1 |
| 9. | പാലക്കാട് | - | 21 |
| 10. | മലപ്പുറം | - | 4 |
| 11. | കോഴിക്കോട് | - | 11 |
| 12. | വയനാട് | - | 7 |
| 13. | കണ്ണൂർ | - | 12 |
| 14. | കാസർഗോഡ് | - | 18 |

(ബി) ഇല്ല.

(സി) ബാധകമല്ല.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

170 (3020) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കാറ്റഗറിയിൽ എത്ര ഒഴിവുകളാണ് പി. എസ്. സി.-ക്ക് ഇനിയും റിപ്പോർട്ട് ചെയ്യാനുള്ളത്;

(സി) പ്രസ്തുത തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന്റെ അനുപാതം വിശദമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നിയമനത്തിന്റെ (നേരിട്ട്/ ബൈട്രാൻസ്ഫർ) വിശദാംശം നൽകുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിലവിലുള്ള ഒഴിവുകൾ എന്നത്തേക്ക് പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 4 എണ്ണം.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേക്കൻസി നിലവിലില്ല.

(സി) 50% (1:1)

(ഡി) 17-9-2016, 22-9-2016 എന്നീ തീയതികളിലായി പി.എസ്.സി. വഴി രണ്ട് പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേക്കൻസികൾ നിലവിലില്ല.

## സീ-മാറ്റ് നിയമനം

171(3021) ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സീ-മാറ്റ് എന്ന സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ, താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സീ-മാറ്റിൽ നിയമനത്തിനായി പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കരാർ ജീവനക്കാരുടെ കാലാവധി എന്നത്തേക്ക് അവസാനിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സീമാറ്റ്-കേരളയിൽ ഡയറക്ടർ ഒഴികെ സ്ഥിരം ജീവനക്കാർ ആരും തന്നെയില്ല. ഡയറക്ടർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റ് ജീവനക്കാർ കരാർ അടിസ്ഥാനത്തിലുമാണ് ജോലി നോക്കിവരുന്നത്. കരാർ അടിസ്ഥാനത്തിൽ 16 ജീവനക്കാരും ദിവസ വേതനാടിസ്ഥാനത്തിൽ ഒരാളും ഉൾപ്പെടെ ആകെ 18 ജീവനക്കാരാണ് സീമാറ്റ്-കേരളയിൽ ഉള്ളത്.

(ബി) ഉണ്ട്. ആയതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള കരാർ ജീവനക്കാരിൽ 9 പേരുടെ കരാർ കാലാവധി 2018 മാർച്ചിലും മറ്റ് ജീവനക്കാരുടേത് സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിലുമാണ് അവസാനിക്കുന്നത്.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

172 (3022) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച് സേവനം അനുഷ്ഠിച്ചു വരുന്ന ഗവ. പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക യോഗ്യതയ്ക്ക് അനുസരിച്ച് ഉയർന്ന അദ്ധ്യാപക തസ്തികയിലേക്ക് അർഹമായ നിലയിൽ പ്രൊമോഷൻ, തസ്തിക മാറ്റം എന്നിവ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖേന പ്രീ.പ്രൈമറി തസ്തികയിൽ നിയമനം ലഭിച്ച് ജോലി അനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകർക്ക് സ്ഥലംമാറ്റം അനുവദിക്കുമോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗവ. പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അധിക യോഗ്യതയ്ക്കനുസരിച്ച് ഉയർന്ന അദ്ധ്യാപക തസ്തികയിലേയ്ക്ക് പ്രൊമോഷൻ, തസ്തിക മാറ്റം എന്നിവ അനുവദിക്കുന്നതിന് നിലവിലെ നിയമപ്രകാരം അനുവാദമില്ല.

(ബി) അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നില്ല. ജില്ലയ്ക്കകത്തെ സ്ഥലംമാറ്റം ഒഴിവ് വരുന്നതനുസരിച്ച് അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം

173 (3023) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. പി. മുതൽ ഹയർസെക്കന്ററി തലം വരെ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് സംവരണതത്വം പാലിക്കപ്പെടാറുണ്ടോ ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതിയിലും, പട്ടികവർഗ്ഗവിഭാഗത്തിലുമുള്ള എത്ര അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഈ മേഖലയിലെ ആകെ അദ്ധ്യാപകരുടെ എത്ര ശതമാനം ആണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ സംവരണതത്വം പാലിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് നിയമസഭയുടെ

യുവജനക്ഷേമവും, യുവജനകാര്യവും സംബന്ധിച്ച സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി എന്നീ വകുപ്പുകളിലെ പട്ടികജാതിയിൽപ്പെട്ട അദ്ധ്യാപകർ 371 -ഉം പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകർ 65 -ഉം ആണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ ആകെ അദ്ധ്യാപകരുടെ 0.35% പട്ടികജാതിയിൽപ്പെടുന്നവരും 0.06% പട്ടികവർഗ്ഗത്തിൽപ്പെടുന്നവരും ഹയർസെക്കണ്ടറി വിഭാഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ ആകെ അദ്ധ്യാപകരുടെ 0.2% വും ആണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

174 (3024) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിരവധി അദ്ധ്യാപകർ നിയമനത്തിന് അംഗീകാരം കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ നിയമന അംഗീകാരം നൽകേണ്ട അധികാരിയുടെ അനുമതി വാങ്ങിയശേഷം മാത്രമേ നിയമനം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നതിൽ എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇല്ലാത്ത പോസ്റ്റുകളിൽ മാനേജ്മെന്റ് നിയമനം നടത്തുന്ന പ്രവണത നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പല മാനേജ്മെന്റ് കോഴ വാങ്ങി അദ്ധ്യാപകരെ നിയമിച്ചശേഷം ഡിവിഷൻഫാൾ മൂലം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് സംരക്ഷണം നൽകുന്ന നടപടി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ അതത് കാലം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും അനുസൃതമാണെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ തടസ്സമില്ല.

(ബി&സി) കേരള വിദ്യാഭ്യാസ ചട്ടം വകുപ്പ് 11-ഉം കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV A റൂൾ 1-ഉം പ്രകാരം നിയമനാധികാരി സ്കൂൾ മാനേജരാണ്. അതിനാൽ നിയമനത്തിനുള്ള അധികാരം വ്യവസ്ഥകൾക്ക് വിധേയമാക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്.

തത്വദീക്ഷയും ഉചിതജ്ഞതയും കൂടാതെ മാനേജർമാർ അവരുടെ നിയമനാധികാരം പ്രയോഗിച്ചാൽ, ആ പ്രവണത നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് ചട്ടം 8 പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ അത്തരം നിയമനങ്ങൾ പരിശോധിച്ചുമാത്രം അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിയമനാംഗീകാരം ഓൺലൈൻ വഴി നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) 2011-12 മുതൽ അധിക ഡിവിഷൻ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്കും 2015-16 മുതൽ നിയമിതരായവർക്കും ഇപ്പോൾ സംരക്ഷണാനുകൂല്യമില്ല.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം

175 (3025) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 വർഷങ്ങളിൽ തസ്തിക നിർണ്ണയം നടന്നെങ്കിലും ജി.ഒ(ആർ.റ്റി) നമ്പർ 199/2010/പൊ.വി.വകുപ്പ് ഉത്തരവിനെത്തുടർന്ന് പ്രസ്തുത വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് സർക്കാർ നിയമനാംഗീകാരം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നത് 3-12-2016-ന് ആണെന്നിരിക്കെ ആയതിന് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയതിനെ തുടർന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി ഉത്തരവ് വന്ന തീയതി മുതൽ പ്രാബല്യം നൽകുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 1979-ന് മുമ്പ് നിലവിൽ വന്ന സ്കൂളുകളെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എയ്ഡഡ് സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനും അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിനുമായി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ യാതൊരുവിധ തടസ്സങ്ങളുമില്ല. ഇത്തരം നിയമനങ്ങൾ ഏത് വർഷങ്ങളിലേതായാലും അംഗീകാരം നൽകണമെന്നുതന്നെയാണ് സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശം നൽകിയിരിക്കുന്നത്.

(ബി) 29-1-2016 -ലെ സ.ഉ.(പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ഏർപ്പെടുത്തിയ നിബന്ധനകൾ, അദ്ധ്യാപക സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ചട്ടങ്ങളിൽ ചേർത്തുകൊണ്ടുള്ള കെ.ഇ.ആർ. ഭേദഗതി ഉത്തരവാണ് 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. എന്നത്. അതുകൊണ്ടാണ് ഭേദഗതികൾക്ക് 29-1-2016 മുതൽ പ്രാബല്യം നൽകിയത്. റിട്ട് ഹർജി നമ്പർ 1356/17 തുടങ്ങിയ കേസുകളിൽ 11-10-2017 -നുണ്ടായ വിധിന്യായത്തിലൂടെ കേരള ഹൈക്കോടതിയും ഈ മുൻകാല പ്രാബല്യം ശരിവച്ചിട്ടുണ്ട്. ഈ പ്രാബല്യത്തീയതി മാറ്റുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) പ്രസ്തുത കെ.ഇ.ആർ. ഭേദഗതി ഇപ്പോൾ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണുള്ളത്. (റിട്ട് അപ്പീൽ നമ്പർ 2440/17 തുടങ്ങിയ കേസുകൾ) ആയതിനാൽ 3-12-2016-ലെ കെ.ഇ.ആർ. ഭേദഗതി ഉത്തരവിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എയ്ഡഡ് വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം

176 (3026) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിൽ 2016-17 കാലയളവിലെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) തസ്തിക നിർണ്ണയം പൂർത്തിയാക്കാത്തതുമൂലം ശമ്പളം ലഭിക്കാത്ത എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) തസ്തിക നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

## ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

177(3027) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നേരിട്ട് നിയമനം ലഭിയ്ക്കുന്ന അധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നിന്നും ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് എത്തുന്ന അധ്യാപകർക്ക് നിഷേധിക്കുന്നത് എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയും ഫുൾടൈം ബെനിഫിറ്റ് ലാംഗ്വേജ് ടീച്ചർ തസ്തികയും തുല്യമാണോ;

(സി) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അധ്യാപകർക്ക് ഏതൊക്കെ സാഹചര്യങ്ങളിലാണ് ജി.പി.എഫ്. ആനുകൂല്യം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പാർട്ട്ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റ് അധ്യാപകർക്ക് കമ്മ്യൂട്ടഡ് അവധി ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അധ്യാപകന് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2-05-1973-ലെ ജി.ഒ.(എംഎസ്.) നമ്പർ 62/73 സർക്കാർ ഉത്തരവ് പ്രകാരം ഫുൾടൈം ബെനിഫിറ്റ് ലഭിക്കുന്ന പാർട്ട്ടൈം ഭാഷാദ്ധ്യാപകർക്ക് മറ്റ് ഫുൾടൈം അദ്ധ്യാപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഇവരുടെ പി.എഫ്. അംഗത്വം മാത്രമാണ് ഇപ്പോൾ അനുവദിക്കാതെയുള്ളത്.

(ബി) ഫുൾടൈം ബെനിഫിറ്റ് ലഭിക്കുന്ന അദ്ധ്യാപകർ പാർട്ട്ടൈം തസ്തികയിലാണ് നിൽക്കുന്നതെന്നതിനാൽ രണ്ട് തസ്തികകളും തുല്യമല്ല.

(സി) ഫുൾടൈം ബെനിഫിറ്റ് നേടിയ പാർട്ട്ടൈം ഭാഷാദ്ധ്യാപകർക്ക് പി.എഫ്. അംഗത്വം നൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) അനുവദിച്ചിട്ടുണ്ട്. ഫുൾടൈം ബെനിഫിറ്റ് നേടിയ പാർട്ട്ടൈം

ഭാഷാദ്ധ്യാപകർക്ക് ഫുൾടൈം അദ്ധ്യാപകരുടെ എല്ലാ അവധി ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(ഇ) ഉണ്ട്.

## സമാശ്വാസ തൊഴിൽദാന പദ്ധതി

178 (3028) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ നിയമനത്തിനായി ഉത്തരവ് ലഭിച്ചിട്ടും നാളിതുവരെ നിയമനം ലഭിക്കാത്ത എത്ര പേരുണ്ട്;

(ബി) പ്രസ്തുത വിഭാഗം ആൾക്കാർക്ക് സീനിയോറിറ്റി ലിസ്റ്റുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇവർക്ക് നിയമനം നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ നിയമനത്തിനായി ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാതെ കാത്തുനിൽക്കുന്ന 32 പേരാണുള്ളത്.

(ബി) അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവർക്ക് നിയമനം നൽകുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## അദ്ധ്യാപക നിയമനം

179 (3029) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ ഇടപ്പള്ളി, വെണ്ണല, തെങ്ങോട്, പനമ്പള്ളി നഗർ ഉൾപ്പെടെ ഏതെല്ലാം സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോന്നിലും എത്ര അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്താനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗവ. എച്ച്.എസ്.എസ്. ഇടപ്പള്ളി - എച്ച്.എസ്.എസ്.റ്റി. ജൂനിയർ (മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്)-1 ഒഴിവ് വീതം

ഗവ.വി.എച്ച്.എസ്.എസ്. നോർത്ത് ഇടപ്പള്ളി - ഒഴിവില്ല.

ഗവ. എച്ച്.എസ്.എസ്. വെണ്ണല യു.പി.എസ്.എ. - 1 ഒഴിവ്

ഗവ.എച്ച്.എസ്. തെങ്ങോട് - എഫ്.റ്റി.എം.- 1 ഒഴിവ്

ഗവ. എച്ച്.എസ്.എസ്. പനമ്പള്ളി നഗർ - എച്ച്.എസ്.എസ്.റ്റി ജൂനിയർ (മലയാളം, ഇംഗ്ലീഷ്, കോമേഴ്സ്) -1 ഒഴിവ് വീതം

എച്ച്.എസ്.എസ്.റ്റി. (കമ്പ്യൂട്ടർ സയൻസ്, കോമേഴ്സ്) -1 ഒഴിവ് വീതം

(ബി&സി) എച്ച്.എസ്.എ., യു.പി.എസ്.എ. എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. യു.പി.എസ്.എ. ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് നികത്തുന്നതാണ്. എച്ച്.എസ്.എസ്.റ്റി. തസ്തികകളിൽ കെ.പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമന ശിപാർശ ലഭിക്കുവാനുണ്ട്. കൂടാതെ തസ്തികമാറ്റ നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

180 (3030) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലുള്ള ഏതെല്ലാം എയ്ഡഡ് സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം അധ്യാപകരുടെ നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എല്ലാ നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അംഗീകാരം നൽകാത്ത നിയമനങ്ങൾ ഏതൊക്കെ യാണെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അംഗീകാരം നൽകാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ;

(ഇ) നിയമനം അംഗീകരിച്ചതിനുശേഷം പിന്നീട് റദ്ദ് ചെയ്യപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ പ്രസ്തുത സ്കൂളുകളുടെയും അദ്ധ്യാപകരുടെയും പേരുവിവരം നൽകാമോ;

(ജി) ഈ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; നിയമനം അംഗീകരിക്കുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തതിനുശേഷം നിയമനം റദ്ദ് ചെയ്യാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; കാര്യമായ പിഴവ് സംഭവിച്ചതുമൂലമാണ് ഈ അസാധാരണ സാഹചര്യം ഉണ്ടായതെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; ആരുടെ ഭാഗത്താണ് പിഴവുണ്ടായതെന്നും ഇനിയുള്ള പരിഹാരമാർഗ്ഗം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എ.എൽ.പി.എസ്. കോട്ടൂർ,

എ.എൽ.പി.എസ്. കല്ലക്കൈ,

ഐ.ഐ.എ.എൽ.പി.എസ്. ചെങ്കള,

എസ്.ഡി.പി.എ.എൽ.പി.എസ്. മല്ല,

എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന്,

എ.യു.പി.എസ്. ബോവിക്കാനം,

എം.എം.എ.യു.പി.എസ്. തുരുത്തി,

എ.യു.പി.എസ്. കുറ്റിക്കോൽ,

കെ.എം.എ.യു.പി.എസ്. കല്ലക്കട്ട

എന്നീ സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനം നടന്നിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച എല്ലാ സ്കൂളുകളിലേയും നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(സി&ഡി) എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന് സ്കൂളിലെ 2 യു.പി.എസ്.എ. തസ്തികകളിൽ സ്കൂൾ മാനേജർ നടത്തിയ നിയമനങ്ങൾ ക്രമപ്രകാരമല്ലെന്ന് പിന്നീട്

കണ്ടെത്തിയതിനാൽ പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനുവേണ്ടി പൊതു വിദ്യാഭ്യാസ ഡയറക്ടർ 6-12-2017-ന് ശിപാർശ നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന്

1. ശരണ്യ ബി.എസ്., D/o ശ്രീ. ശ്രീധരൻ എൻ.എൻ., നെല്ലിക്കുന്ന്, കാസർഗോഡ്

2. അഷറഫ് ഡി.എം., C/o ശ്രീ. മുഹമ്മദ്കുഞ്ഞി ഹാജി, കളനാട് (പി.ഒ.) കാസർഗോഡ്

(ജി) മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ 7/17, 8/17 മാസങ്ങളിലെ ശമ്പളം നൽകിയിട്ടുണ്ട്.

എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന് എന്ന വിദ്യാലയത്തിലെ യു.പി. വിഭാഗം 22-5-1979-ന് ശേഷം നിലവിൽ വന്നതാണ്. അതായത്, ഇത്തരം വിദ്യാലയങ്ങളെ പുതിയതായി നിലവിൽവന്ന/ഉയർത്തപ്പെട്ട വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുത്തി പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം സർക്കാരിന്റെ നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അംഗീകരിക്കാറുള്ളത്. ഇത്തരം വിദ്യാലയങ്ങളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിലാണ് മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ നിയമനങ്ങൾ അബന്ധവശാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽനിന്നും അംഗീകരിക്കപ്പെടാനിടയായത്. എന്നാൽ പ്രസ്തുത പിഴവ് ഉടനടി ശ്രദ്ധയിൽപ്പെടുകയും ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി സ്കൂൾ മാനേജർ നടത്തിയ നിയമനങ്ങൾക്കുള്ള അംഗീകാരം നൽകൽ റദ്ദ് ചെയ്യാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയമനം നിൽകുന്നതുമൂലം ഗവൺമെന്റിനുണ്ടായേക്കാവുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ വേണ്ടിയാണ് നിയമനം റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയതെന്ന് AEO അറിയിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

## അദ്ധ്യാപകരുടെ പ്രൊമോഷൻ

181 (3031) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ 50 വയസ്സ് കഴിഞ്ഞ എല്ലാ അദ്ധ്യാപകർക്കും വകുപ്പ് തല പരീക്ഷ പാസ്സായില്ലെങ്കിലും ഹെഡ്മാസ്റ്റർ പദവിയിലേക്ക് പ്രൊമോഷൻ നൽകിയിരുന്നോ;

(ബി) പ്രൊമോഷൻ നൽകികൊണ്ടുള്ള പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്;

(സി) സർക്കാർ സർവ്വീസിലെ 50 വയസ്സ് കഴിഞ്ഞവർക്ക് നൽകിയിട്ടുള്ള ഇളവ് അദ്ധ്യാപകർക്ക് മാത്രം നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) 2015 മുതൽ ഇപ്രകാരം ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ചവരെ ഈ ഉത്തരവ് ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് പുനപരിശോധിക്കുമോ?

ഉത്തരം

(എ&ബി) 50 വയസ്സ് കഴിഞ്ഞ ഗവ. ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊമോഷന് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ 3 വർഷത്തേയ്ക്ക് ഇളവ് അനുവദിച്ചുകൊണ്ട് 29-4-2003-ലെ സ.ഉ.(സാധാ.) 1627/2003/പൊ.വി.വ പ്രകാരം ഉത്തരവിറക്കുകയും പിന്നീട് കാലാകാലങ്ങളിൽ ഈ ഇളവ് ദീർഘിപ്പിച്ച് നൽകുകയും ഏറ്റവും ഒടുവിൽ 16-5-2015-ലെ സ.ഉ.(കൈ.) നമ്പർ 117/2015/പൊ.വി.വ. ഉത്തരവ് പ്രകാരം ടെസ്റ്റ് പാസ്സായ അദ്ധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണെന്ന നിബന്ധനയോടെ 1-3-2015 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18-5-2015-ലെ OA No. 419/2014-ലെ ഉത്തരവിൽ സർക്കാർ ഇത്തരത്തിൽ ഇളവ് അനുവദിച്ച് നൽകിയ ഉത്തരവ് റദ്ദ് ചെയ്തിരുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ നിലവിലെ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് യോഗ്യതയായി ഡിപ്പാർട്ട്മെന്റൽ ടെസ്റ്റും കെ.ഇ.ആർ-ഉം പാസ്സാകണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ആ നിലയ്ക്ക് Obligatory Test എന്ന നിലയിലുള്ള ഇളവ് അനുവദിക്കുവാൻ കഴിയില്ല.

(ഡി) 50 വയസ്സ് തികഞ്ഞ ഗവ. ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹൈസ്കൂൾ

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് കെ.ഇ.ആർ-ഉം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റും പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്കായുള്ള കരട് ചട്ടം 09-08-2017-ൽ കൂടിയ നിയമസഭയുടെ വിഷയ നിർണ്ണയ സമിതി VI (വിദ്യാഭ്യാസം) പരിഗണിക്കുകയും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ എ.ഇ.ഒ/ഡി.ഇ.ഒ. തസ്തികകളിലേയ്ക്ക് നിയമിതരാകുമ്പോൾ കെ.ഇ.ആർ. മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമായതു കൊണ്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ പ്രസ്തുത പരീക്ഷയിൽനിന്നും ഒഴിവാക്കേണ്ട തില്ലെന്നും സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

## കലാ-കായിക സാംസ്കാരിക പാർക്ക്

182 (3032) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയിൻകീഴിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശം ഒന്നായിക്കണ്ട് കലാ-കായിക സാംസ്കാരിക പാർക്ക് നിർമ്മിക്കുമെന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാനതല ഉത്ഘാടനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി 2017 ജനുവരി 27-ന് മലയിൻകീഴിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാർക്ക് നിർമ്മിയ്ക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നാളിതു വരെ സ്വീകരിച്ച നടപടി വിശദീകരിയ്ക്കാമോ; പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ വരുന്ന 2018-19-ലെ സംസ്ഥാന പദ്ധതികളിൽ കലാ-കായിക സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള 1800 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഏരിയാ ഇന്റൻസീവ് പദ്ധതി

183 (3033) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ആരംഭിച്ച എൽ.പി. സ്കൂളുകളിൽ എത്ര എണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളിലെ സേവന വേതന വ്യവസ്ഥകൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആരംഭിച്ച കൊടുവള്ളി കെ.എം.ഒ.എൽ.പി. സ്കൂളിലെ അദ്ധ്യാപകർക്ക് മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഏരിയ ഇന്റൻസീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ നിലവിൽ 19 എൽ.പി. സ്കൂളുകളും 9 യു.പി. സ്കൂളുകളുമാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. ഇതിൽ കൊടുവള്ളി എൽ.പി.എസ്. സ്കൂളിൽ കുട്ടികൾ ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) ഏരിയ ഇന്റൻസീവ് പദ്ധതി പ്രകാരം ആരംഭിച്ച 19 എൽ.പി സ്കൂളുകളിലെയും 9 യു.പി. സ്കൂളുകളിലെയും നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകുന്നതിന് തുല്യമായ വേതനം നൽകുന്നുണ്ട്.

(സി&ഡി) ടി സ്കൂളിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത തിനാൽ ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ സാധിച്ചിട്ടില്ല. പ്രസ്തുത സ്കൂളിൽ കുട്ടികൾ ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല.

**ചലഞ്ച് ഫണ്ട് പദ്ധതി**

184 (3034) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ സ്കൂളുകൾ ചലഞ്ച് ഫണ്ടിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ചലഞ്ച് ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(സി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചശേഷം മാത്രമേ അപേക്ഷകൾ പരിശോധിക്കുകയുള്ളൂ

**ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി**

185 (3035) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്കൂളിൽ ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ഇതിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് ഏത് സ്കൂളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും 4202-01-201-92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ ചുവടെ പറയുന്ന നിയോജകമണ്ഡലങ്ങളിലെ (ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ വീതം) 14 സർക്കാർ സ്കൂളുകളിൽ (14x50 ലക്ഷം രൂപ) കണക്കാക്കി, പദ്ധതിരേഖയിൽ അനുശാസിക്കുംവിധം 'ഓട്ടിസം പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കാഞ്ഞങ്ങാട്
2. തളിപ്പറമ്പ്
3. കൽപ്പറ്റ
4. കോഴിക്കോട് സൗത്ത്
5. താനൂർ
6. തരൂർ
7. ചേലക്കര
8. പറവൂർ
9. ഉടുമ്പൻചോല
10. പുതുപ്പള്ളി
11. അമ്പലപ്പുഴ
12. ആറൻമുള
13. കുണ്ടറ
14. നെടുമങ്ങാട്

(ബി) തിരുവനന്തപുരം ജില്ലയിൽനിന്നും പോത്തൻകോട് ഗവ. യു.പി. സ്കൂൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക്**

186 (3036) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (എൻ.എസ്.ക്യു.എഫ്.) എന്ന കേന്ദ്രാവിഷ്കൃത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എൻ.എസ്.ക്യു.എഫ്. അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക്

അനുസൃതമല്ലാത്ത വിദ്യാഭ്യാസ കോഴ്സുകൾക്ക് സർക്കാർ സഹായം ലഭ്യമാകില്ല എന്നത് ശരിയാണോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ തൊഴിലുകൾ നേടുന്നതിനായി എൻ.എസ്.ക്യൂ.എഫ്. പദ്ധതിയ്ക്ക് അനുസരണമായ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷകർ നൽകേണ്ടിവരുമോ; വിശദാംശം നൽകുമോ;

(ഡി) എൻ.എസ്.ക്യു.എഫ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിൽ 20 സ്കൂളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാന്റ് അടിസ്ഥാനമാക്കിയുള്ള മോഡ്യൂലാർ വൊക്കേഷണൽ കോഴ്സുകൾ ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. രാജ്യം മുഴുവൻ ഒരേ കോഴ്സിന് ഒരേ സർട്ടിഫിക്കറ്റ് എന്നത് ഇതിന്റെ പ്രത്യേകതയാണ്.

വിദ്യാഭ്യാസ വ്യവസ്ഥയെ തൊഴിൽ വിദ്യാഭ്യാസവുമായി കോർത്തിണക്കുന്ന ദേശീയ നൈപുണ്യ ചട്ടക്കൂടാണ് എൻ.എസ്.ക്യൂ.എഫ്. ഇത് കാര്യക്ഷമതയെ (Competence) അടിസ്ഥാനമാക്കിയുള്ള പഠനരീതിയാണ്. പഠിതാവിന്റെ അറിവും വൈദഗ്ധ്യവും അഭിരുചിയും അടിസ്ഥാനപ്പെടുത്തി മാനദണ്ഡങ്ങളുണ്ടാക്കി സർട്ടിഫിക്കറ്റ് നൽകുന്ന രീതിയാണിത്. പഠന നേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന എൻ.എസ്.ക്യൂ.എഫ് അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നുമുണ്ട്. കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി.); കാർഷിക, വ്യാവസായിക, സേവന മേഖലകളിലായി 38 കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയെ സെക്ടർ സ്കിൽ കൗൺസിലുകൾ (എസ്.എസ്.സി.)എന്നു വിളിക്കുന്നു. പ്രസ്തുത എസ്.എസ്.സി.കൾ എൻ.എസ്.ഡി.സി.യുമായി ചേർന്ന് ഓരോ തൊഴിലിനും വേണ്ട കരിക്കുലം നിശ്ചയിക്കുന്നു. ഇതിനെ നാഷണൽ ഒക്കുപ്പേഷണൽ സ്റ്റാൻഡേർഡ്സ് (എൻ.ഒ.എസ്.) എന്ന് വിളിക്കുന്നു. എൻ.ഒ.എസ്.-നെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന കോഴ്സുകളെ ക്വാളിഫിക്കേഷൻ പാക്കുകൾ (ക്യൂ.പി.) എന്ന് വിളിക്കുന്നു. പ്രസ്തുത ക്യൂ.പി.കൾ രാജ്യത്ത് എല്ലായിടത്തും ഒരേ നിലവാരത്തിലുള്ള പഠനം ഉറപ്പാക്കുന്നു. കാര്യക്ഷമതയിലൂന്നിയ തൊഴിൽ നൈപുണ്യം വിലയിരുത്തലാണ് എൻ.എസ്.ക്യൂ.എഫ് വിഭാവനം ചെയ്യുന്നത്.

(ബി) ശരിയാണ്. ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് 2018 ഡിസംബറിന് ശേഷം ഫണ്ടുകൾ അനുവദിക്കില്ല എന്ന കേന്ദ്ര നിർദ്ദേശമുണ്ട്.

(സി) നൽകേണ്ടിവരും. രാജ്യത്തെ വിവിധ തസ്തികകളുടെ യോഗ്യതകൾ അതത് ട്രേഡുകളിലെ എൻ.എസ്.ക്യൂ.എഫ്. സർട്ടിഫിക്കറ്റുകൾക്ക് അനുസൃതമായി പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2013 ഡിസംബർ 28-ന് കേന്ദ്ര തൊഴിൽ മാനവ വിഭവശേഷി മന്ത്രാലയം (എം.എച്ച്.ആർ.ഡി) എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2018 ഡിസംബർ 28-ന് മുമ്പ് എല്ലാ സംസ്ഥാനങ്ങളും 9-ാം ക്ലാസ്സ് മുതൽ എൻ.എസ്.ക്യൂ.എഫ്.-ലേയ്ക്ക് മാറേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്.ക്യൂ.എഫ്. (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) പ്രസ്തുത പൈലറ്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.

**മലബാർ മേഖലയ്ക്ക് പ്രത്യേക വിദ്യാഭ്യാസ പാക്കേജ്**

187 (3037) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ മലബാർ മേഖലയ്ക്കായി പ്രത്യേക വിദ്യാഭ്യാസ പാക്കേജ് ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച G.O. (P) No.107/07/G.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ; ഇല്ലെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിന് തയ്യാറാകുമോ ;

(ബി) പ്രസ്തുത ഉത്തരവ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഭേദഗതി ചെയ്തിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല. എന്നാൽ തുടർന്ന് അധികാരമേറ്റ സർക്കാർ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് നിരാക്ഷേപപത്രം (എൻ.ഒ.സി.) നൽകുന്നതിനും 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതിയിൽപ്പെട്ട സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (guidelines) പുറപ്പെടുവിക്കുകയും അതിൻപ്രകാരം മാനദണ്ഡങ്ങൾ പാലിച്ച മലബാർ മേഖല ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് നിരാക്ഷേപപത്രം/അംഗീകാരം നൽകിയിട്ടുമുണ്ട്.

## ചിറ്റൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂം

188 (3038) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കാനായി ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ 33 സ്കൂളുകളെയാണ് സ്മാർട്ട് ക്ലാസ് റൂം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന പദ്ധതികളിലൊന്നാണ് 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത്. സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1 -ന് മുമ്പ് 45000 ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ നിർദ്ദേശിച്ച സ്കൂളുകളുടെ മാസ്റ്റർപ്ലാനുകൾ

189 (3039) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ നിയമസഭാ സാമാജികർ നിർദ്ദേശിച്ച സ്കൂളുകളുടെ മാസ്റ്റർപ്ലാനുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായോ;

(ബി) സമർപ്പിക്കപ്പെട്ട മാസ്റ്റർപ്ലാനുകൾ അംഗീകരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര പ്രവൃത്തികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(സി) ടി സ്കൂളുകളുടെ ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയ സാഹചര്യത്തിൽ, പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

## പാചകപ്പുര, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ നടപ്പാക്കുന്നതിന് നടപടി

190 (3040) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു നിയോജക മണ്ഡലത്തിലെ ഏഴ് സ്കൂളുകളിൽ പാചകപ്പുര, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിന്റെ ലിസ്റ്റ് ആവശ്യപ്പെടുകയും ചെയ്തിരുന്നുപ്രകാരമുള്ള പദ്ധതി നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

ഒരു നിയോജകമണ്ഡലത്തിലെ ഏഴ് സ്കൂളുകളിൽ പാചകപ്പുര, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. എന്നാൽ ഇതിന്റെ പ്രാരംഭ നടപടിയായി എല്ലാ ജില്ലകളിൽ നിന്നും സ്മാർട്ട് ക്ലാസ്സ് റൂം, അടുപ്പുകൾ എന്നിവ ആവശ്യമുള്ള സ്കൂളുകളുടെ വിവരങ്ങളും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ വിവരങ്ങളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടി സർക്കാർ പരിശോധിച്ചുവരുന്നു.

**സ്കൂളുകൾ ഹൈടെക് ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

191 (3041) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ ഹൈടെക് ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈടെക് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി ഗവ.ഹൈസ്കൂളിലെ ഒന്നുമുതൽ പത്തുവരെയുള്ള എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചിട്ടും ഇത് നടപ്പിലാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത സ്കൂളിനെ ഹൈടെക് പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന പദ്ധതികളിലൊന്നാണ് 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത്. 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-ന് മുമ്പ് 45000 ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ ആലപ്പുഴ, പുതുക്കാട്,

കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി മണ്ഡലങ്ങളിലെ എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെ 139 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. ഉപകരണങ്ങളുടെ സഹായത്താൽ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതി നടപ്പിലാക്കിയതിന്റെ അനുഭവജ്ഞാനംകൂടി ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) എറണാകുളം ജില്ലയിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഗവൺമെന്റ് ഹൈസ്കൂൾ ഇടക്കൊച്ചിക്കായി എം.എൽ.എ. അനുവദിച്ച 15 ലക്ഷം രൂപയുടെ കെൽട്രോണിന്റെ ഇൻവോയ്സ് 23-9-2017-നാണ് എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസിൽ ലഭിച്ചിരുന്നത്. എന്നാൽ സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളുമായിട്ടുള്ള റേറ്റ് കോൺട്രാക്ട് കെൽട്രോൺ അവസാനിപ്പിച്ചിരുന്നതിനാൽ ഈ പദ്ധതിയുടെ വർക്ക് ഓർഡർ കെൽട്രോൺ സ്വീകരിച്ചിരുന്നില്ല. എന്നാൽ നിലവിലുള്ള നിയമങ്ങൾ പാലിച്ച് ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്ട് ഏജൻസിയായി നിയമിച്ചിട്ടുള്ള കെൽട്രോൺ വഴിയും വാങ്ങുന്നതിന് നിബന്ധനപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയനവർഷം പൂർത്തിയാകുന്നതിനു മുമ്പ് പദ്ധതി പൂർത്തിയാകുന്നതാണ്.

(ഡി) ഇല്ല.

## മാവേലിക്കര മണ്ഡലത്തിലെ സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിവരം

192 (3042) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദവിവരം അറിയിക്കുമോ;

(ബി) ഇവയിൽ, നിലവിൽ ഉപയോഗരഹിതമായ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, വസ്തുക്കൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവ ഉപയോഗി ക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങളും സ്ഥലങ്ങളും ഉപയോഗപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു :

1. ഗവ. ഹൈസ്കൂൾ, ചുനക്കര - 3.046 ഹെക്ടർ/7.53 ഏക്കർ

2. ഗവ. ഹൈസ്കൂൾ, കുന്നം - 2 ഏക്കർ 87 സെന്റ്

3. ഗവ. ഹൈസ്കൂൾ, ഇറവൻകര - 2 ഏക്കർ 80.47 സെന്റ്

4. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മാവേലിക്കര - 1 ഏക്കർ 80 ആർ.

5. ഗവ. ഗേൾസ് ഹൈസ്കൂൾ, മാവേലിക്കര & അംബികാമ്മ മെമ്മോറിയൽ റഫറൻസ് ലൈബ്രറി - 3 ഏക്കർ

6. ഗവ. എസ്.വി.എച്ച്.എസ്., കുടശ്ശനാട് - 3 ഏക്കർ 12 സെന്റ്

7. ഗവ. ഹൈസ്കൂൾ, പയ്യനല്ലൂർ - 3 ഏക്കർ 90 സെന്റ്

8. ടെക്സ്റ്റ് ബുക്ക് ഡിപ്പോ, മാവേലിക്കര - 7 സെന്റ്

9. രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജ് - ഒന്നേമുക്കാൽ ഏക്കർ സ്ഥലം, മൂന്ന് കെട്ടിടങ്ങൾ

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗരഹിതമായ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, വസ്തുക്കൾ എന്നിവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ടെക്സ്റ്റ് ബുക്ക് ഡിപ്പോ, മാവേലിക്കര -

സർക്കാർ നിർദ്ദേശത്തെ തുടർന്ന് നിർത്തലാക്കിയിട്ടുള്ള ഈ സ്ഥാപനത്തിന്റെ കെട്ടിടവും 7 സെന്റ് സ്ഥലവും ഉപയോഗരഹിതമായി തുടരുന്നു.

(സി) പൊതുവായ ആവശ്യങ്ങൾക്കായി പ്രസ്തുത സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിന് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കുന്നതാണ്.

## സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം

193 (3043) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അതിന്റെ ഭാഗമായി പ്രൈമറി തലത്തിൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്-നെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയിലെ ഉന്നത സ്ഥാപനമാക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂളുകളിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന 7-11 വയസ്സുവരെയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഏഴ് മുതൽ 11 വയസ്സുവരെ അഞ്ച് വർഷക്കാലംകൊണ്ട് കുട്ടികൾക്ക് കൈവരിക്കാവുന്ന വിവിധ കഴിവുകളും മൂല്യങ്ങളും മനോഭാവങ്ങളും ഈ പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. കളികളും പ്രവർത്തനങ്ങളും ഉൾപ്പെട്ട കളിച്ചെപ്പ് എന്ന പേരിൽ എട്ട് ടൈറ്റിൽ പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കായുള്ള ശാക്തീകരണത്തിന്റെ ഭാഗമായി പരിശീലന മൊഡ്യൂളുകളുടെ സഹായത്തോടെ സംസ്ഥാനതല പരിശീലന പരിപാടി സംഘടിപ്പിച്ചു. ഈ പാക്കേജുമായി ബന്ധപ്പെട്ട റിസോഴ്സ് സി.ഡി.യും നിർമ്മിച്ചിട്ടുണ്ട്.

ശ്രവണപരമായി വെല്ലുവിളി നേരിടുന്ന 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ ആസ്പദമാക്കി 1-ാം ക്ലാസ്സിലേയ്ക്കുള്ള പ്രവേശിക പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 1-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങളും തയ്യാറാക്കിവരുന്നു. 1, 2 ക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂൾ (ശ്രവണ പരിമിതി) അദ്ധ്യാപകർക്കും എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ശാരദ ബ്രെയിൽ റൈറ്റർ നടപ്പാക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കായി ശാക്തീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയെ ശരിയായ ദിശയിൽ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യത്തോടെ എസ്.ഐ.എം.സി.-യെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയിലെ ഉന്നത സ്ഥാപനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ശൈശവ മനോരോഗം, ബഹുവൈകല്യം, പഠന വൈകല്യം എന്നീ മേഖലകളിൽ പ്രതിരോധം, നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തൊഴിൽ പുനരധിവാസം, സാമൂഹ്യ സുരക്ഷ എന്നീ വിഷയങ്ങളിൽ ശാസ്ത്രീയമായും സമഗ്രമായും ഇടപെടുക എന്ന ദൗത്യമാണ് എസ്.ഐ.എം.സി.-യുടെ പ്രഖ്യാപിത ലക്ഷ്യം. എസ്.ഐ.എം.സി.-യെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയുടെ ഉന്നത സ്ഥാപനമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## പൊതു വിദ്യാഭ്യാസ സ്കീം

194 (3044) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സ്കീമിൽ, ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ വാമനപുരം നിയോജകമണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്റെ തുടർപ്രവർത്തനങ്ങൾ എന്തായെന്ന് വിശദീകരിക്കുമോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടുണ്ട്.

(ബി&സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2017-18 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽനിന്നും

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മിതൃമല ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, ഭരതന്നൂർ ജി.എച്ച്.എസ്.എസ്., കല്ലറ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാക്കുകയും അപ്രകാരം ഭരതന്നൂർ ജി.എച്ച്.എസ്.എസ്., കല്ലറ ജി.എച്ച്.എസ്.സ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2019-ൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കലോത്സവ മേളകൾ സുതാര്യമാക്കുവാൻ സ്വീകരിച്ച നടപടികൾ**

195 (3045) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ വേദിയിൽ ഇടനിലക്കാരുടെ ആധിപത്യമാണെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കലോത്സവ മേളകൾ സുതാര്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽ ഉണ്ടായ കോഴ വിവാദവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച കുറ്റക്കാർ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(സി) തൃശ്ശൂരിൽ നടന്ന സ്കൂൾ കലോത്സവത്തിന്റെ വിധികർത്താക്കളെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ഇടനിലക്കാരുടെ ആധിപത്യം പൂർണ്ണമായും ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെയാണ് കലോത്സവ മാന്വൽ പരിഷ്കരിച്ചത്. അതുപ്രകാരം തുടർച്ചയായി രണ്ട് വർഷം ഒരേയിനത്തിൽ വിധികർത്താക്കളായി ഇരുന്നവരെയും ജില്ലകളിലും സബ്ജില്ലകളിലും വിധികർത്താവായിരുന്നവരെയും ഒഴിവാക്കി.

കൂടാതെ കലോത്സവം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ഒഴിവാക്കി.

(ബി) കഴിഞ്ഞ വർഷത്തെ കോഴ വിവാദവുമായി ബന്ധപ്പെട്ട് പോലീസ്, വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി) തൃശ്ശൂരിൽ നടന്ന സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് വിധി കർത്താക്കൾക്കെതിരെ യാതൊരു പരാതിയും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാന സ്കൂൾ കലോത്സവം

196 (3046) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവ മത്സരങ്ങളിൽ എ ഗ്രേഡ് കിട്ടിയവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മത്സരിച്ച വിദ്യാർത്ഥികളിൽ നാല്പത്തിയൊൻപതിലധികം പേർ അനർഹരായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാലാവകാശ കമ്മീഷന്റെ പേരിലുള്ള വ്യാജ അപ്പീലുകളിലൂടെ യാണിവർ മത്സരത്തിൽ പങ്കെടുത്തതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തവണ തൃശ്ശൂരിൽ നടന്ന കലോത്സവത്തിലും ഇത്തരം വ്യാജ അപ്പീലുകൾ അനുവദിക്കപ്പെടുകയുണ്ടായോ; എങ്കിൽ എത്ര അപ്പീലുകളാണ് അനുവദിച്ചത്; ഇത് സംബന്ധമായി വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഇ) വൻതുക വാങ്ങി അപ്പീൽ ഉത്തരവ് സംഘടിപ്പിച്ചുകൊടുക്കുന്ന തട്ടിപ്പു സംഘങ്ങളാണ് ഇതിനു പിന്നിലെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് ലഭിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും സാംസ്കാരിക സ്കോളർഷിപ്പ് ഇനത്തിൽ 1,000 രൂപ നൽകുന്നുണ്ട്. ഗ്രേസ് മാർക്ക് ഇനത്തിൽ 30 മാർക്കും നൽകുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരായി പങ്കെടുത്തവരുടെ വിവരങ്ങൾ ക്രൈംബ്രാഞ്ച് ശേഖരിക്കുകയും അന്വേഷണം നടത്തിവരികയുമാണ്.

(സി) വ്യാജ അപ്പീലിലൂടെ മത്സരിച്ചിട്ടുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ ഇപ്പോൾ ക്രൈംബ്രാഞ്ചിന്റെ അന്വേഷണ പരിധിയിലാണ്.

(ഡി) തൃശ്ശൂരിൽ നടന്ന കലോത്സവത്തിൽ 10 വ്യാജ അപ്പീലുകൾ കണ്ടെത്തിയിരുന്നു. അതിനെത്തുടർന്ന് തൃശ്ശൂർ ലോക്കൽ പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വ്യാജ അപ്പീലുകൾ ക്രൈംബ്രാഞ്ച് ശേഖരിക്കുകയും അന്വേഷണം നടത്തിവരികയുമാണ്.

(ഇ) പ്രസ്തുത വിഷയം ക്രൈംബ്രാഞ്ചിന്റെ അന്വേഷണ പരിധിയിലാണ്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

197 (3047) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളിയിലുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിരക്ക് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നതിനാലും കെട്ടിട നിർമ്മാണത്തിനുള്ള design ലഭിക്കുവാൻ താമസം നേരിട്ടതിനാലും Manual mode-ൽ നിന്നും Electronic Mode-ലേയ്ക്ക് എസ്റ്റിമേറ്റ് പരിശോധന മാറിയതിനാലും പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസമുണ്ടായി. ഇപ്പോൾ പ്രസ്തുത നിർമ്മാണം തടസ്സമില്ലാതെ നടന്നുവരുന്നു.

(ബി) 243 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-ക്കായി അനുവദിച്ച പ്ലാൻ ഫണ്ടിൽനിന്നും ഇതുവരെ ഒരു കോടി രൂപ പ്രസ്തുത നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

## മങ്കട ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

198 (3048) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ളാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ-സി) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ Laboratory requirements/library requirements/IT requirements എന്നിവ സംബന്ധിച്ച പ്രൊപ്പോസൽ തുടർനടപടികൾക്കായി കേരളാ ഇൻഫ്രാസ്ട്രക്ചർ ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KIITE)-നെ ഏൽപ്പിച്ചിട്ടുണ്ട്. ടി കോളേജിൽ KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമായ ഡി.പി.ആർ. തയ്യാറാക്കാൻ KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഡി.പി.ആർ. ലഭ്യമാകേണ്ടതായിട്ടുണ്ട്. 2018 ഫെബ്രുവരി പകുതിയോടുകൂടി ഡി.പി.ആർ. സമർപ്പിക്കുവാൻ സാധിക്കുമെന്ന് KITCO സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## വിതുര ഐസറിന് സ്ഥലം വിട്ടുനൽകിയ വ്യക്തിയുടെ പരാതി

199 (3049) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുരയിലെ ഐസറിന് (IISER) ഗതാഗത സൗകര്യം ലഭിക്കുന്നതിനായി സമീപത്തുള്ള ഭൂവുടമകളിൽ നിന്നും സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഐസറിന്റെ പ്രധാനവഴി നിർമ്മിക്കുന്നതിന് വേണ്ടി വിതുര വില്ലേജിലെ 2409-ാം നമ്പർ തണ്ടപ്പേർ ഉടമയായ ശ്രീ. എം. ഗോപീദാസിൽ നിന്നും 1 ഏക്കർ 26 സെന്റ് സ്ഥലം സർക്കാർ പൊന്നുംവിലയ്ക്ക് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ശ്രീ. ഗോപീദാസിന് ഐസറിന് വിട്ട് നൽകിയ ഭൂമി കഴിച്ചുള്ള ഭൂമിയിലേയ്ക്ക് വലിയ വാഹനങ്ങൾ കയറ്റുന്നതിന് സൗകര്യപ്രദമായ രീതിയിൽ വഴി

വിട്ടിട്ടാണോ സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ ഈ സ്ഥിതി വിശേഷം സൂചിപ്പിച്ച് ശ്രീ. ഗോപീദാസും അദ്ദേഹത്തിന്റെ മക്കളും നൽകിയ നിവേദനങ്ങളിൽ ന്യായമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിതുര ഐസറിനായി പ്രധാന വഴിക്ക് സ്ഥലം നൽകിയതിലൂടെ ശ്രീ. ഗോപീദാസിന് വിതുര-ബോണക്കാട് റോഡിലെ റോഡ് ഫ്രണ്ടേജുള്ള 52 മീറ്റർ സ്ഥലമാണ് നഷ്ടപ്പെട്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പകരമായി ഇതേ റോഡിൽ ഇറങ്ങുന്നതിന് എത്ര മീറ്റർ വീതിയുള്ള വഴിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിൽ പകരമായി നൽകിയിട്ടുള്ള വഴി തീരെ വീതി കുറഞ്ഞതാണെന്ന ശ്രീ. ഗോപീദാസിന്റെയും കുടുംബത്തിന്റെയും പരാതിയിന്മേൽ ഉചിതമായ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിലെ 6442/ജി2/2014 കത്ത് പ്രകാരം 3 മീറ്റർ വീതിയിൽ 4 സെന്റ് ഭൂമി ശ്രീ. ഗോപീദാസിനായി തിരിച്ച് വിട്ടു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ഈ ഭൂമിയ്ക്ക് ശ്രീ. ഗോപീദാസ് കൈപ്പറ്റിയ പൊന്നുംവില സർക്കാരിൽ തിരിച്ച് അടയ്ക്കാമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഐസറിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ മരുതാമല ഗിരീഷ് ഭവനിൽ ശ്രീ. ഗോപീദാസിൽ നിന്ന് 1.26 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) ഐസറിനുവേണ്ടി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി ശ്രീ. ഗോപീദാസിൽനിന്ന് 1.26 ഏക്കർ സ്ഥലം സർക്കാർ പൊന്നുംവില നൽകി ഏറ്റെടുക്കുകയും ടി കക്ഷിയുടെ വീട്ടിലേയ്ക്ക് പോകുന്നതിനായി ഒരു മീറ്റർ വീതിയിൽ വഴി വിട്ടുനൽകിയിട്ടുള്ളതുമാണ്.

(ഡി&ഇ) നിലവിൽ നൽകിയിട്ടുള്ള വഴി അപര്യാപ്തമാണെന്നും വീട്ടിൽ വാഹനം കൊണ്ടുപോകുന്നതിന് കൂടുതൽ സ്ഥലം അനുവദിക്കണമെന്നും ശ്രീ. ഗോപീദാസ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപീദാസിൽനിന്ന് ഏറ്റെടുത്ത ഭൂമിയിൽനിന്നും 3 മീറ്റർ വീതിയിൽ വഴി വിട്ടുനൽകുന്നതിന് 3-8-2016-ലെ 16442/ജി2/14 ഉ.വി.വ. നമ്പർ കത്തുമുഖേന ഐസറിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നേരത്തെ അനുവദിച്ചുകൊടുത്ത

ഒരു മീറ്റർ വഴി ഉപയോഗിക്കാതെ ടിയാനും ടിയാന്റെ പുരയിടത്തിൽ താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളും ഐസർ ക്യാമ്പസിന്റെ ഉള്ളിൽക്കൂടി സഞ്ചരിച്ചുവരുന്ന സാഹചര്യത്തിൽ ഇത് ഐസറിന്റെ ആഭ്യന്തര സുരക്ഷയെ ഗുരുതരമായി ബാധിക്കുമെന്ന് ഐസർ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. തുടർന്ന് ടിയാന് 3 മീറ്റർ വഴി വിട്ടുനൽകണമെന്ന നിർദ്ദേശം സർക്കാർ റദ്ദ് ചെയ്യുകയുണ്ടായി. ടി ഭൂമിയുടെ പൊന്നുംവില സർക്കാരിൽ തിരിച്ചടയ്ക്കണമെന്ന നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. ഐസറിനുവേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയിൽ മതിൽകെട്ടി സംരക്ഷിക്കാനുള്ള തീരുമാനത്തിനെതിരെ ശ്രീ. ഗോപീദാസിന്റെ ഭാര്യയും മകനും ചേർന്ന് നെടുമങ്ങാട് മുൻസിഫ് കോടതിയിൽ 671/2017 നമ്പരായി സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

**കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി**

200 (3050) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കോന്നിയിൽ പ്രവർത്തിക്കുന്ന സബ് സെന്ററിന് കോന്നി മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള 16.19-ആർ സ്ഥലം വിട്ടുനൽകുന്നതിലേക്കായി അർത്ഥനാപത്രം നൽകണമെന്നാവശ്യപ്പെട്ട് പത്തനംതിട്ട ജില്ലാ കളക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്റർ ഡയറക്ടറിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ; വ്യക്തമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന് ശേഷം നാളിതുവരെ ഭൂമികൈമാറ്റത്തിനുള്ള നടപടികൾ പൂർത്തീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് കെട്ടിടം പണി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) കോന്നിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം അവിടെനിന്നും മാറ്റിക്കൊണ്ട് പോകുന്നതിന് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ്; ആയതിന്മേലുള്ള തീരുമാനം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 26.09.2017-ൽ. പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി പണിയുന്നതിനായി 2 കോടി രൂപ കോന്നി എം.എൽ.എ.യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽനിന്നും

നൽകുന്നതിന് സ.ഉ. (ആർ.ടി) നമ്പർ 838/2015/പി.ഡബ്ല്യു.ഡി. തീയതി 16-6-2015 പ്രാകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം, കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ ബ്ലോക്ക് 35-ൽ സർവ്വേ 120/1, 120/3, 120/4 എന്നിവയിൽ ഉൾപ്പെട്ട 77.76 ആർ സ്ഥലത്തിന്റെ കിഴക്കട്ടുത്ത് 16.19 ആർ സ്ഥലം ടി ആവശ്യത്തിലേയ്ക്ക് അനുയോജ്യമാണെന്ന് കോന്നി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറുന്നതിലേയ്ക്കായി നിശ്ചിത ഫോറത്തിൽ (മൂന്ന് പ്രതി) അപേക്ഷ ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലാ കളക്ടർ സി.സി.ഇ.കെ. ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

**മങ്കട ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

201 (3051) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് പ്രദേശത്തെ ഒരു മദ്രസയിലാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കോളേജ് കെട്ടിട നിർമ്മാണം വൈകുന്നതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് കോളേജ് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോളേജിന്റെ കെട്ടിട നിർമ്മാണം വൈകുന്നത് കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കോളേജ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. നാളിതുവരെ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് KITCO 1,85,20,769.28 രൂപയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സീനിയോറിറ്റി പ്രകാരം ബിൽ മാറി നൽകുന്ന രീതിയിലാണ് മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 2014-ൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇക്കാരണത്താൽത്തന്നെ കാരറുകാരന് 9-3-2017-ൽ 75 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പണം കൊടുക്കുന്നതിനുള്ള ചുമതല കിറ്റ്കോയിൽനിന്നും മാറ്റി PWD മുഖേനയാക്കിയിട്ടുണ്ട്.

## എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ

202 (3052) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ എല്ലാ വർഷവും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസ് സഹിതം സ്വീകരിച്ചു വരുന്നുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) എന്നാൽ ഈ അപേക്ഷകൾ പരിഗണിച്ച് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല എന്ന വസ്തുത ശരിയാണോ; എങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടും മലയാളം മെയിൻ വിഷയമായ കോഴ്സുകൾ ഇല്ലാത്ത കോളേജുകൾ സംസ്ഥാനത്ത് ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളേജുകൾ അപേക്ഷകൾ സമർപ്പിച്ചിട്ടും മലയാളം കോഴ്സുകൾ അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട്

203 (3053) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകളും ആയതിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമെന്നും യൂണിവേഴ്സിറ്റികൾ തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കാനും അറിവുൽപ്പാദനത്തിലും വിതരണത്തിലും കാലോചിതമായ പുതുക്കലുകൾ ഉറപ്പുവരുത്താനുമായി എന്ത് നടപടികൾ സ്വികരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകളും ആയതിന്മേൽ സ്വീകരിക്കേണ്ട നടപടികളും യൂണിവേഴ്സിറ്റി തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കാൻ യു.ജി.സി. നിർദ്ദേശങ്ങളും നിബന്ധനകളും പാലിച്ചുവരുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി 2017-18 സാമ്പത്തിക വർഷത്തിൽ 12190 ലക്ഷം രൂപ 36 സ്കീമുകളിലായി കേരളത്തിലെ വിവിധ സർക്കാർ കോളേജുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് ആവശ്യമായ തുകകളുടെ പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി മുഖേന ഇൻഫ്രാസ്ട്രക്ചർ ആന്റ് അക്കാഡമിക് ഡെവലപ്മെന്റിനുവേണ്ടി ഫണ്ട് ലഭിക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## ഗസ്റ്റ് ലക്ചറർമാരുടെ ശമ്പളപരിഷ്കരണം

204 (3054) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ ശമ്പളം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പളം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2018 ജനുവരി 25 മുതൽ ക്ലാസുകൾ ബഹിഷ്കരിച്ച് പ്രസ്തുത അദ്ധ്യാപകർ സമരം പ്രഖ്യാപിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ ശമ്പളം 2016 ജൂൺ മാസം മുതലുള്ള മുൻകാലപ്രാബല്യത്തോടെ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത (നെറ്റ്/ പി.എച്ച്.ഡി) നേടിയവർക്ക് മണിക്കൂറിൽ 500 രൂപ നിരക്കിലും അല്ലാത്തവർക്ക് 300 രൂപ നിരക്കിലുമാണ് നിലവിൽ പ്രതിഫലം നൽകുന്നത്. ജി.ഒ.(പി) നമ്പർ 56/2017/ഫിൻ തീയതി 28-4-2017 പ്രകാരം ദിവസ വേതന/കരാർ അടിസ്ഥാന ത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ദിവസ വേതനമായി 1470 രൂപ അനുവദനീയമാണെങ്കിലും അതിഥി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് അനുസരിച്ച് പ്രതിഫലം നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിൽ നിശ്ചിത തുകയായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്.

**ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം**

205 (3055) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസവേതനം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സേവന, വേതന വ്യവസ്ഥയിലെ അപാകത പരിഹരിക്കുന്നതിനും ദിവസവേതനം വർദ്ധിപ്പിക്കുന്നതിനും ലീവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത (നെറ്റ്/പി.എച്ച്.ഡി) നേടിയവർക്ക് മണിക്കൂറിൽ 500 രൂപ നിരക്കിലും അല്ലാത്തവർക്ക് 300 രൂപ നിരക്കിലുമാണ് നിലവിൽ പ്രതിഫലം നൽകുന്നത്. ജി.ഒ.(പി) നമ്പർ 56/2017/ഫിൻ തീയതി 28-4-2017 പ്രകാരം ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ദിവസ വേതനമായി 1470 രൂപ അനുവദനീയമാണെങ്കിലും അതിഥി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത ഉത്തരവ് അനുസരിച്ച് പ്രതിഫലം നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിൽ നിശ്ചിത തുകയായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**ആർട്സ് & സയൻസ് കോളേജുകൾ**

206 (3056) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ അനുവദിച്ച ആർട്സ് & സയൻസ് കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളുടെ മാനേജ്മെന്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ച എയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അനുവദിച്ച കോളേജുകളും മാനേജ്മെന്റും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കോങ്ങാട് പത്തിരിപ്പാലം ഗവ. ആർട്സ് & സയൻസ് കോളേജ്**

207 (3057) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് പത്തിരിപ്പാലം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടങ്ങൾക്കും അനുബന്ധസൗകര്യങ്ങളുടെ വികസനത്തിനുമായി ഈ സർക്കാർ 10 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത കോളേജിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തി തുടങ്ങിയെങ്കിൽ പുരോഗതി ഉൾപ്പെടെയുള്ള വിവരങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിഷയത്തിൽ 'കിറ്റ്കോ'യും 'കൈറ്റ്'- ഉം ഉത്തരവാദിത്വം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് അടിയന്തരമായി പ്രസ്തുത കോളേജിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ കോങ്ങാട് പത്തിരിപ്പാലം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജും ഉൾപ്പെടുന്നു. കോളേജിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ധനസഹായം കിഫ്ബിയിൽനിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ കോങ്ങാട് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള Special Purpose Vehicle (SPV) ആയി KITE-നെ നിയോഗിച്ചിട്ടുണ്ട്. അതോടൊപ്പം Detailed Project Report (DPR) തയ്യാറാക്കുന്നതിന് KITCO-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കിഫ്ബിയുടെ മാനദണ്ഡ പ്രകാരം DPR തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള SPV ആയ KITE-ഉം കൺസൾട്ടന്റ് ആയ KITCO-യും പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏറ്റെടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെരിങ്ങോം ഗവൺമെന്റ് കോളേജ്

208 (3058) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് കിഫ്ബി മുഖേന പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടി ഏത് വരെയായി എന്ന് വിശദീകരിക്കുമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഭരണാനുമതി നൽകാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന KITCO-ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രൊപ്പോസലിൻമേലുള്ള ഡി.പി.ആർ. തയ്യാറാക്കാൻ KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഡി.പി.ആർ. ലഭ്യമാക്കേണ്ടതായിട്ടുണ്ട്. 2018 ഫെബ്രുവരി 18-ഓടുകൂടി ഡി.പി.ആർ. സമർപ്പിക്കുവാൻ സാധിക്കുമെന്ന് KITCO സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 26-7-2017-ൽ കോളേജ് അധികൃതരും KITCO പ്രതിനിധികളുമായി ഇതുസംബന്ധിച്ച് പങ്കാളിത്ത കൂടിക്കാഴ്ചയും നടത്തിയിട്ടുണ്ട്.

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ

209 (3059) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചിറ്റൂർ, കൊഴിഞ്ഞാമ്പാറ ഗവണ്മെന്റ് കോളേജുകളിൽ പുതിയതായി ആരഭിക്കുന്ന കോഴ്സുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം പ്രസ്തുത കോളേജുകളുടെ വികസനത്തിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിലും കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിലും പുതിയതായി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു:

| കോളേജിന്റെ പേര് | അനുവദിച്ച ഫണ്ട് | |
|---|---|---|
| | 2016-17 | 2017-18 |
| ചിറ്റൂർ ഗവൺമെന്റ് കോളേജ് | 54,70,000 | 67,58, 000 |
| കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജ് | 83,89,500 | 1,38,86,800 |

**വിക്ടോറിയാ കോളേജിൽ എം.എ. -മലയാളം കോഴ്സ്**

210 (3060) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

128-വർഷം പിന്നിട്ടതും ഇ. എം. എസ്., ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, എം.ടി. തുടങ്ങിയവർ പഠിച്ചതുമായ പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇവിടെ എം എ -മലയാളം കോഴ്സ് അനുവദിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജിൽ എം.എ. മലയാളം കോഴ്സ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**കുട്ടമ്പുഴ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്**

211 (3061) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ സാധ്യതാ പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) 2018-19 അദ്ധ്യയന വർഷത്തിൽ തന്നെ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ കുട്ടമ്പുഴയിൽ കോളേജ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

## യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി

212 (3062) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) യൂണിവേഴ്സിറ്റികളിൽ പരീക്ഷാ ടൈംടേബിളുകൾ നേരത്തെ പ്രസിദ്ധീകരിക്കുന്നതിനും അതനുസരിച്ച് പരീക്ഷകൾ യഥാസമയം നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും കാലവിളംബം കൂടാതെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടികളും ഇടപെടലുകളും സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടി മുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സർവ്വകലാശാലകളുടെ ഏകോപനം

213 (3063) ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഭരണ നിർവ്വഹണവും അക്കാദമിക് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ആദ്യപടിയായി ഏതെല്ലാം സർവ്വകലാശാലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏത് ഏജൻസിയെയാണ് ഏകോപന നടപടികളുടെ ചുമതല ഏൽപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കുസാറ്റ്, കണ്ണൂർ സർവ്വകലാശാലകളെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി-ഡി) 21-11-2017-ലെ ജി.ഒ. (സാധാ.) 2107/2017/ഉവിവ. പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തി പദ്ധതി നടപ്പാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ടി സമിതിയുടെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

## പി.ജി. കോഴ്സുകൾ

214 (3064) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ 2013 -ൽ അനുവദിച്ച പി.ജി. കോഴ്സുകൾക്ക് സ്ഥിര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ കോളേജുകൾക്ക് അനുവദിച്ചു; മറ്റ് കോളേജുകൾക്ക് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പി.ജി. കോഴ്സുകളിൽ സംസ്ഥാനത്ത് എത്ര ഗസ്റ്റ് അദ്ധ്യാപകർ നിലവിൽ പഠിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഈ കോഴ്സുകൾക്ക് സ്ഥിരം തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) 2013-ൽ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് വിവിധ കോളേജുകളിൽ പല വിഭാഗങ്ങളിലായി 25 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

ഇനിയും തസ്തിക അനുവദിക്കേണ്ട കോളേജുകളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറം സർക്കാർ വനിതാ കോളേജിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ

215 (3065) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 -ൽ പ്രവർത്തനം ആരംഭിച്ച മലപ്പുറം സർക്കാർ വനിതാ കോളേജിൽ എത്ര അധ്യാപക, അനധ്യാപക തസ്തികകളാണ് ആവശ്യമായിട്ടുള്ളത്;

(ബി) ഇതിൽ എത്ര തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ട്; മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) മുൻ സർക്കാർ പുതുതായി അനുവദിച്ച ഓരോ കോളേജിലും എത്ര തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) മലപ്പുറം ഗവ. വനിതാ കോളേജിൽ പ്രിൻസിപ്പാൾ, അധ്യാപകർ, ഓഫീസ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) 2015-16-ൽ പ്രവർത്തനമാരംഭിച്ച മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 22 അദ്ധ്യാപക തസ്തികകളും 13 അനദ്ധ്യാപക തസ്തികകളുമാണ് ആവശ്യമായിട്ടുള്ളത്.

(ബി&സി) ഇംഗ്ലീഷ് വിഭാഗത്തിൽ രണ്ടും കെമിസ്ട്രി വിഭാഗത്തിൽ ഒന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മലപ്പുറം സർക്കാർ വനിതാ കോളേജിൽ മറ്റ് അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) മുൻ സർക്കാർ പുതുതായി അനുവദിച്ച ഓരോ കോളേജിലും സൃഷ്ടിച്ച തസ്തികയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**പുതുതായി അനുവദിച്ച കോഴ്സുകൾ**

216 (3066) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് പുതുതായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2011-2016 കാലയളവിൽ അനുവദിച്ച സർക്കാർ കോളേജുകൾ എത്രയാണെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സർക്കാർ കോളേജുകളിൽ എത്ര തസ്തിക അനുവദിച്ചെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് ആവശ്യമായ തസ്തിക എന്നത്തേക്ക് സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക തസ്തികകളുടെ വിവരം അനുബന്ധം 2* ആയി ചേർക്കുന്നു. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധം 3* ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 4* ആയി ചേർത്തിരിക്കുന്നു.

(ഇ) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സുവോളജി ലക്ചറർ ഒഴിവുകൾ

217 (3067) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സുവോളജി ലക്ചറർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സുവോളജി ലക്ചറർമാരുടെ 4 ഒഴിവുകളുണ്ട്.

(ബി) നിലവിലെ 4 ഒഴിവിൽ 3 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന ഒരു അദ്ധ്യാപികയ്ക്കായി മാറ്റിവച്ചിട്ടുണ്ട്.

(സി) എല്ലാ ഒഴിവുകളും കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്ന നടപടി

218 (3068) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേർന്ന് ഇടയ്ക്ക് വച്ച് പഠനം മതിയാക്കുകയോ, മറ്റ് കോഴ്സുകളിലേക്ക് മാറിപ്പോകുകയോ ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും പിഴ ഈടാക്കുന്നത് ഒഴിവാക്കി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് അംഗീകരിക്കില്ലെന്നും വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുമെന്നും എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ തടസ്സങ്ങളൊന്നും ഉന്നയിച്ചിട്ടില്ല.

## ബി.എസ്.-എം.എസ്. കെമിക്കൽ സയൻസ് കോഴ്സിന് കേരള സർവ്വകലാശാലാ അംഗീകാരം

219 (3069) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചാബിലെ മൊഹാലിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (ഐ.ഐ.എസ്.ഇ.ആർ.)-ലെ ബി.എസ്.എം. എസ്. കെമിക്കൽ സയൻസ് കോഴ്സിന് കേരള സർവ്വകലാശാല അംഗീകാരം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിരവധി കേരളീയരായ കുട്ടികൾ പഠിക്കുന്ന പ്രസ്തുത കോഴ്സിന് കേരള സർവ്വകലാശാലയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ കോഴ്സിന് കേരള സർവ്വകലാശാല അംഗീകാരം നൽകിയിട്ടില്ല.

(ബി) പ്രസ്തുത കോഴ്സിന്റെ റഗുലേഷൻ സ്കീം, സിലബസ് എന്നിവ (രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയത്) നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ സമർപ്പിക്കുന്നപക്ഷം കോഴ്സിന് അംഗീകാരം നൽകുന്ന വിഷയം കേരള സർവ്വകലാശാലയുടെ അക്കാദമിക് സമിതികൾ പരിഗണിക്കുന്നതാണ്.

## ഐ.എച്ച്.ആർ.ഡി.-യുടെ പോളിടെക്നിക് കോളേജുകളിലെ സ്വീപ്പർ/ പാർട്ട്ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ നടപടി

220 (3070) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള കല്ല്യാശ്ശേരിയിലെ ഇ.കെ. നായനാർ സ്മാരക മോഡൽ പോളിടെക്നിക്ക് കോളേജിൽ ആകെ എത്ര സ്വീപ്പർ /പാർട്ട്ടൈം സ്വീപ്പർമാരാണ് ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ആകെ സ്വീപ്പിംഗ് ഏരിയ ഏത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി ജയപ്രഭ എത്ര വർഷമായി ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ അവർക്ക് ലഭിക്കുന്ന ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) വളരെ വിസ്തൃതമായ സ്വീപ്പിംഗ് ഏരിയയിൽ ഒറ്റക്ക് ശുചീകരണ പ്രവർത്തനം നടത്തുകയും പതിനേഴ് വർഷത്തോളമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുകയും ചെയ്യുന്ന ശ്രീമതി ജയപ്രഭയുടെയും ഐ.എച്ച്.ആർ.ഡി.യുടെ മറ്റ് പോളിടെക്ക്നിക്കുകളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവരുടെയും ശമ്പള സ്കെയിൽ പരിഷ്കരിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(എഫ്) ജോലിയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതുവരെ ഇവർക്ക് പ്രതിമാസ മിനിമം വേതനം നിശ്ചയിച്ച നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ അടിയന്തര നടപടി സ്വികരിക്കുമോ?

ഉത്തരം

(എ) ഒന്ന്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ജോലി ചെയ്യുന്ന രണ്ട് സ്ത്രീ ജീവനക്കാരെക്കൂടി സ്വീപ്പിങ് ജോലി ചെയ്യുവാൻ നിയോഗിച്ചിട്ടുണ്ട്.

(ബി) 2200 ചതുരശ്ര മീറ്റർ

(സി) ശ്രീമതി ജയപ്രഭ 26-2-2001 മുതൽ 6-11-2006 വരെ 5 വർഷവും 8 മാസവും തുടർന്ന് 7-11-2006 മുതൽ നാളിതുവരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

(ഡി) 200 രൂപ

(ഇ) ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല.

(എഫ്) ഐ.എച്ച്.ആർ.ഡി.യിൽ വേതന വർദ്ധനവ് നടപ്പാക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ്. ഐ.എച്ച്.ആർ.ഡി.-യുടെ നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വേതന വർദ്ധനവ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്വാശ്രയ എഞ്ചിനീയറിംഗ് പ്രവേശനം

221 (3071) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള സ്വാശ്രയ എഞ്ചിനീയറിംഗ്

പ്രവേശനത്തിന് മാനേജ്മെന്റുകളുമായി ഇതിനകം എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) പ്രവേശനത്തിന് മാർച്ച് 31-ന് മുമ്പ് കരാർ ഒപ്പിടണമെന്ന് മാനേജ്മെന്റുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിനായി പ്രവേശന പരീക്ഷയിൽ നേടേണ്ട മിനിമം മാർക്ക് 10 -ൽ നിന്നും 20 ആക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി പുന:പരിശോധിക്കണമെന്ന് സ്വാശ്രയ മാനേജുമെന്റുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള സർക്കാർ നിലപാട് എന്താണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാനേജ്മെന്റുകളുമായി ചർച്ച നടന്നുവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് പുതിയ അക്കാദമിക് ബ്ലോക്ക്

222 (3072) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണം ആരംഭിച്ചത് എന്നാണ്; കെട്ടിടത്തിലെ ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(സി) കെട്ടിടത്തിന്റെ പ്രവൃത്തികൾ എന്നത്തേക്ക് പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർമ്മാണത്തിന്റെ ആകെ അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാംനിലയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(ബി) 2014 ഡിസംബറിൽ നിർമ്മാണം ആരംഭിച്ചു. താഴത്തെ നിലയുടെ

ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത നിർമ്മാണത്തിന് 437 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള ഫണ്ട് പര്യാപ്തമല്ല എന്ന് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭ്യമായശേഷം ഉചിതമായ തീരുമാനമെടുത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

223 (3073) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ പ്രസിദ്ധീകരണം, ഗവേഷണ ഫലം, പേറ്റന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ പ്രാധാന്യമുള്ള അന്തർദേശീയ ശ്രദ്ധ ലഭിക്കുന്ന വിധത്തിൽ വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്ക ആണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്ത് ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ചെലവാകുന്ന തുകയിൽ 1.5 ലക്ഷം രൂപവരെ തിരിച്ച് നൽകുന്നതിനും അന്തർദേശീയ ജേർണലുകളിൽ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിച്ച അദ്ധ്യാപകർക്ക് പ്രോത്സാഹനമായി 10,000 രൂപ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അഞ്ച് വർഷത്തെ ഗവേഷണ ഫലങ്ങളെ അടിസ്ഥാനമാക്കി മികച്ച ഗവേഷകനുള്ള അവാർഡ് ഓരോ വർഷവും നൽകിവരുന്നു. കൂടാതെ

അവർക്ക് 15 ലക്ഷം രൂപയുടെ ഗവേഷണ പ്രോജക്ട് ഗ്രാന്റും നൽകിവരുന്നുണ്ട്. അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്ത് ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ചെലവായ തുകയിൽ 50,000 രൂപവരെ തിരിച്ചു നൽകുവാൻ നടപടി കളെടുത്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഗവേഷണ ചിന്തയെ പ്രോത്സാഹിപ്പിക്കുവാൻ KETCON, TECHKON എന്ന പേരിൽ സമ്മേളനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) 2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കു വാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡൻസ് സാറ്റലൈറ്റ് രൂപകൽപ്പന ചെയ്ത് വിക്ഷേപിക്കുവാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പ്രോസ്പെക്ടസ് പരിഷ്കരണ സമിതി ശിപാർശകൾ

224 (3074) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേരുന്ന വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കോളേജ് അധികൃതർ വാങ്ങിവയ്ക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എ.ഐ.സി.റ്റി.ഇ. വ്യവസ്ഥകൾ ലംഘിച്ച്, ഇങ്ങനെ സർട്ടിഫിക്കറ്റുകൾ വാങ്ങിവയ്ക്കുന്നതിനെതിരെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ പ്രോസ്പെക്ടസ് പരിഷ്കരണ സമിതി സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകൾ, വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് വാങ്ങിവയ്ക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) 2017-18 അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പ്രവേശനം നേടിയശേഷം വിട്ടുതൽ നേടുന്ന വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് 29-12-2017-ലെ സ.ഉ.(കൈ.) നമ്പർ 319/2017/ഉ.വി.വ. 30-1-2018-ലെ സ.ഉ.(കൈ)നമ്പർ 38/18/ഉ.വി.വ. എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം

225 (3075) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ 100 മികച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നുമാത്രമാണ് സംസ്ഥാനത്തിലുള്ളതെന്ന് വസ്തുതയല്ലേ;എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ബി-ടെക്-ന് നിശ്ചിത ക്രെഡിറ്റ് നേടുന്നവർക്ക് മാത്രമെ അടുത്ത സെമസ്റ്ററിലേക്ക് പ്രവേശനം അനുവദിക്കുകയുള്ളുവെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ മിനിമം മാർക്ക് 10-ൽ നിന്നും 20 ആയി ഉയർത്തണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഒൻപത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കർമ്മ പരിപാടികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

നടത്തിവരുന്ന പദ്ധതികളിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടുകൂടി അദ്ധ്യാപകർക്കായി വൈവിധ്യമാർന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയും വിദ്യാർത്ഥികൾക്കായി എഞ്ചിനീയറിംഗ് മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടിയായ TEQIP-II നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്രഡിറ്റേഷൻ, ഇന്റർ ഡിസിപ്ലിനറി സെന്ററുകൾ, അക്കാദമിക് സ്റ്റാഫ് കോളേജ് & ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ബി.ടെക്-ന് നിശ്ചിത ക്രെഡിറ്റ് നേടിയവർക്ക് മാത്രമേ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളുവെന്ന വ്യവസ്ഥ ഏർപ്പെടുത്തിയതിനെതിരെ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരിൽനിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുകയും ഇതിനെതിരെ വിദ്യാർത്ഥികൾ നിരന്തരമായി സമരത്തിൽ ഏർപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പ്രസ്തുത വ്യവസ്ഥയിൽ ഇളവ് വരുത്തിയത്.

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിനുള്ള മിനിമം മാർക്ക് 10-ൽനിന്നും 20 ആക്കി ഉയർത്തണമെന്ന് പ്രോസ്പെക്ടസ് പരിഷ്കരണ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമായതിനാൽ കൂടുതൽ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

**എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഇയർ ഔട്ട് സമ്പ്രദായത്തിൽ ഇളവ്**

226 (3076) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഇയർ ഔട്ട് സമ്പ്രദായത്തിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവേണൻസ് പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(സി) സർവ്വകലാശാല നിയമത്തിൽ ഓർഡിനൻസിലൂടെ വരുത്തിയ ഭേദഗതി ബോർഡ് ഓഫ് ഗവേണൻസ് അസാധുവാക്കിയിട്ടുണ്ടോ;

(ഡി) ഉത്തരവിറക്കാതെ, വിദ്യാർത്ഥികൾക്ക് അടുത്ത സെമസ്റ്ററിലേക്ക് ഓൺലൈൻ രജിസ്റ്റർ ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പിന്നീട് നിയമ പ്രശ്നങ്ങൾ സൃഷ്ടിക്കുമോ ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാങ്കേതിക സർവ്വകലാശാലയിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഇയർ ഔട്ട് സമ്പ്രദായത്തിൽ ഇളവ് നൽകുവാൻ എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ 23-11-2017-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇല്ല. സർവ്വകലാശാല ബോർഡ് ഓഫ് ഗവേണൻസ് കൂടാത്തതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. പ്രസ്തുത ഉത്തരവ് അടുത്ത ബോർഡ് ഓഫ് ഗവേണൻസ് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ആയതിനാൽ നിയമപ്രശ്നം ഉണ്ടാകുകയില്ല.

**മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

227 (3077) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ. സി.ടി.ഇ.-യുടെ അംഗീകാരം ലഭിക്കുകയുണ്ടായോ; എങ്കിൽ എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരപത്രം ലഭിച്ചത് ഏത് തീയതിയിലെ ഏത് കത്ത് പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അടുത്ത അധ്യയന വർഷം സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ കഴിയും വിധം നടപടികൾ പൂർത്തീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 30-3-2017 തീയതിയിലെ സൗത്ത് വെസ്റ്റ് /1-3327463238/ 2017/ഇ.ഡി.എ നമ്പർ കത്ത് പ്രകാരം എ.ഐ.സി.ടി.ഇ.യുടെ അംഗീകാരപത്രം ലഭിച്ചിട്ടുണ്ട്.

(ബി&സി) കോഴ്സുകൾ നടത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ളവയുടെ സാമ്പത്തിക ബാധ്യത പരിശോധിച്ചുവരുന്നു. അതിനു ശേഷം മാത്രമേ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**ഗവൺമെന്റ് വനിതാ കോളേജുകൾ**

228 (3078) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വനിതാ കോളേജ് ആരംഭിക്കാൻ വേണ്ടി നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പുതിയതായി കോളേജ്,പ്ലസ് ടു സ്കൂൾ എന്നിവ ആരംഭിയ്ക്കുന്നതിന് ബന്ധപ്പെട്ട എം.എൽ.എ. എത്ര പ്രൊപ്പോസൽ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ നിലവിൽ സർക്കാർ നിയന്ത്രണത്തിൽ എത്ര വനിതാ കോളേജുകൾ ഉണ്ട്; പ്രസ്തുത കോളേജുകൾ ഏത് വർഷത്തിലാണ് അനുവദിച്ചതെന്നും അവിടെ എത്ര വിദ്യാർത്ഥികളാണ് ഓരോ വർഷവും അഡ്മിഷന് അപേക്ഷ നൽകുന്നതെന്നും എത്ര വിദ്യാർത്ഥികൾ ആണ് ഓരോ വർഷവും അഡ്മിഷൻ നേടുന്നതെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ കോളേജുകൾ സർക്കാർ തലത്തിൽ ഉണ്ടെന്നും അവ അനുവദിച്ചത് ഏതൊക്കെ വർഷങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ഡി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിൽ നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജ് ഉൾപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ സർക്കാർ വനിതാ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ലഭിച്ച നിവേദനവും പെരുമ്പഴുതൂർ ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനവും പരിശോധിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ സർക്കാർ വനിതാ കോളേജ് ഒരെണ്ണവും എയ്ഡഡ് മേഖലയിൽ രണ്ടെണ്ണവും നിലവിലുണ്ട്.

| ക്രമ നമ്പർ | കോളേജിന്റെ പേര് | ആരംഭിച്ച വർഷം | 2017-18 വർഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 1 | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 1864 | 2591 |
| 2 | ആൾസെയിന്റ്സ് കോളേജ്, തിരുവനന്തപുരം | 1964 | 1796 |
| 3 | എൻ.എസ്.എസ്. വനിതാ കോളേജ്, നിറമൺകര | 1951 | 1789 |

അപേക്ഷകരുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്ത് നിലവിൽ മൂന്ന് വനിതാ കോളേജുകളുണ്ട്.

| ക്രമ നമ്പർ | കോളേജിന്റെ പേര് | ആരംഭിച്ച വർഷം |
|---|---|---|
| 1 | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 1864 |
| 2 | സർക്കാർ വനിതാ കോളേജ്, മലപ്പുറം | 2015 |
| 3 | കെ.എം.എം. സർക്കാർ വനിതാ കോളേജ്, കണ്ണൂർ | 1975 |

(ഡി) ഉണ്ട്. എന്നാൽ നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജ് ഉൾപ്പെട്ടിട്ടില്ല.

## കേരള സർവ്വകലാശാലയിലെ അക്കാദമിക് പ്രതിസന്ധി

229 (3079) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നിയമത്തിൽ ഓർഡിനൻസിലൂടെ വരുത്തിയ ഭേദഗതി സർവ്വകലാശാലയിൽ അക്കാഡമിക് പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സിൻഡിക്കേറ്റ് അംഗങ്ങളെ അംഗീകരിക്കുകയില്ലെന്ന നിലപാട് വൈസ് ചാൻസലർ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനെത്തുടർന്ന് സിൻഡിക്കേറ്റ് യോഗം ചേരുന്നതിനും അക്കാഡമിക് വികസനം, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയിൽ തീരുമാനം എടുക്കുന്നതിനും കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഭരണ പ്രതിസന്ധി ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓർഡിനൻസ് മുഖേന വരുത്തിയ ഭേദഗതിമൂലം സർവ്വകലാശാലയിൽ ഏതെങ്കിലും തരത്തിൽ പ്രതിസന്ധി ഉണ്ടായതായി കാണുന്നില്ല.

(ബി-ഡി) ഓർഡിനൻസ് നിലവിൽ വന്നപ്പോൾ ഉടലെടുത്ത അവ്യക്തത ദൂരീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടറി ബോഡി യോഗം ചേരുന്നതിന് തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ല.

## സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

230 (3080) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളെ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രങ്ങളാക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവ ഉൾപ്പെടെ 5 കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കുന്ന പദ്ധതി പ്രകാരം അവിടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ കോളേജുകളിലും, യൂണിവേഴ്സിറ്റികളിലും കാലത്തിനനുസൃതമായ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവാരമുള്ള വിദ്യാഭ്യാസം സാധാരണക്കാർക്ക് ഉറപ്പുവരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി KITE -നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ കോളേജുകളും സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളായി (Centres of Excellence) മാറുമ്പോൾ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ബി.എ./ബി.കോം (ഓപ്പൺ സ്കീം) ഡിഗ്രി കോഴ്സുകൾ

231 (3081) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ./ബി.കോം (ഓപ്പൺ സ്കീം) ഡിഗ്രി കോഴ്സുകൾക്ക് സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ ഡിഗ്രി കോഴ്സുകൾക്ക് സമാനമായ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എസ്.ഡി.ഇ.-ഓപ്പൺ എൻട്രൻസ് പരീക്ഷ പാസ്സായവരുകയും ബിരുദ പഠനത്തിന് അപേക്ഷിക്കുകയും ചെയ്തവരുടെ രജിസ്ട്രേഷൻ എത്ര വർഷം വരെ നിലനിർത്തിയിട്ടുണ്ട്;

(സി) രജിസ്ട്രേഷൻ നേടി പരീക്ഷാ ഫീസടയ്ക്കുകയും പരീക്ഷ എഴുതാൻ സാധിക്കാതെ വരുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്ററുകളുടെയും ഫീസ് ഒരുമിച്ച് അടച്ച് മുഴുവൻ പരീക്ഷകളും ഒന്നിച്ച് എഴുതുന്നതിന് അവസരം നൽകാറുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓപ്പൺ ബിരുദത്തിന്റെ തുല്യത സംബന്ധിച്ചുള്ള തീരുമാനം അതത് സർവ്വകലാശാലകളാണ് കൈക്കൊള്ളുന്നത്.

(ബി) യു.ജി.സി. നിയമമനുസരിച്ച് ഒരു ബിരുദം പൂർത്തിയാക്കുന്നതിന് അനുവദിക്കാവുന്ന പരമാവധി കാലാവധി 6 വർഷമായി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഇല്ല. യഥാസമയം പരീക്ഷ എഴുതുവാൻ സാധിക്കാതെ വന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് അതത് സെമസ്റ്ററുകളുടെ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അപേക്ഷിച്ച് പരീക്ഷ എഴുതാവുന്നതാണ്.

**മലയാളം സർവ്വകലാശാല**

232 (3082) <u>ശ്രീ. എൻ .എ.നെല്ലിക്കുന്ന്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സർവ്വകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ചട്ടം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) യു.ജി.സി. മാനദണ്ഡപ്രകാരം വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലയാള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കുന്ന നടപടി യൂണിവേഴ്സിറ്റി തലത്തിൽ നടന്നുവരുന്നു.

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

## സർവ്വകലാശാലയിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികൾ

233 (3083) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്; പ്രസ്തുത വിദ്യാർത്ഥികൾ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ളവരാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർവ്വകലാശാലകളിലെ വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കുന്നതിനും വിദേശ വിദ്യാർത്ഥികളെ ഉൾപ്പെടെ ആകർഷിക്കുന്ന തരത്തിലാക്കുന്നതിനും എന്തെങ്കിലും മാറ്റം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ 87 വിദേശ വിദ്യാർത്ഥികൾ പഠിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല - 17

(അഫിലിയേറ്റഡ് കോളേജുകളിൽ)

| | |
|---|---|
| കെനിയ | 7 |
| ബംഗ്ലാദേശ് | 2 |
| ഘാന | 1 |
| മലാവി | 2 |
| മൊസാമ്പിക് | 3 |
| ലെസോതോ | 1 |
| ശ്രീലങ്ക | 1 |

2. കേരള സർവ്വകലാശാല - 34

| | |
|---|---|
| ഇറാൻ | 2 |
| ശ്രീലങ്ക | 3 |
| മംഗോളിയ | 1 |
| നമീബിയ | 1 |
| യു.എ.ഇ. | 4 |
| എത്യോപ്യ | 5 |
| നേപ്പാൾ | 3 |
| മലാവി | 1 |
| നൈജീരിയ | 1 |
| അഫ്ഗാനിസ്ഥാൻ | 3 |
| യമൻ | 4 |
| മൗറീഷ്യസ് | 3 |
| ലോസോതോ | 1 |
| ഉഗാണ്ട | 1 |
| യു.എസ്.എ. | 1 |

3. ന്യൂവാൽസ് - 3

| | |
|---|---|
| യു.എസ്.എ | 2 |
| ആസ്ട്രിയ | 1 |

4. കണ്ണൂർ സർവ്വകലാശാല – 1

| | |
|---|---|
| യമൻ | 1 |

5. മഹാത്മാഗാന്ധി സർവ്വകലാശാല - 14

| | |
|---|---|
| നൈജീരിയ | 1 |
| കെനിയ | 5 |
| ഗാംബിയ | 2 |
| തുർക്ക്മെനിസ്ഥാൻ | 1 |
| ചാഡ് | 2 |
| മ്യാൻമർ | 2 |
| നേപ്പാൾ | 1 |

6. കുസാറ്റ് - 18

| | |
|---|---|
| കെനിയ | 1 |
| നേപ്പാൾ | 2 |
| നൈജീരിയ | 2 |
| ബംഗ്ലാദേശ് | 3 |
| സൗത്ത് കൊറിയ | 1 |
| ഐവറികോസ്റ്റ് | 1 |
| ഇറാൻ | 1 |
| സെനഗൾ | 1 |

| | |
|---|---|
| ഗാംബിയ | 3 |
| മൊസാമ്പിക് | 2 |
| യു.എസ്.-PIO Card Holder | 1 |

7. കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലുമായി അഫ്ഗാനിസ്ഥാൻ, കെനിയ, ബോട്സ്വാന, ലൈബീരിയ, നേപ്പാൾ എന്നീ രാജ്യങ്ങളിൽനിന്നുള്ള 37 വിദേശ വിദ്യാർത്ഥികൾ പഠിക്കുന്നു.

8. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ വിദേശ വിദ്യാർത്ഥികളൊന്നുംതന്നെ പഠനം നടത്തുന്നില്ല.

(ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. പ്രസ്തുത പദ്ധതി പൂർണ്ണമാകുമ്പോൾ കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനാവുമെന്ന് കരുതുന്നു.

## തുടർവിദ്യാഭ്യാസ പദ്ധതി

234 (3084) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ തുടർവിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ക്ലാസുകളുടെ നടത്തിപ്പ്, അദ്ധ്യാപകരുടെ യോഗ്യത, നിയമനത്തിന്റെ മാനദണ്ഡം എന്നിവ ഏത് തരത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ പഠിതാക്കൾക്ക് അവസരമൊരുക്കുന്നതിനായി പഠന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത വിദ്യാഭ്യാസ- സാംസ്കാരിക- സന്നദ്ധ-സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പഠന കേന്ദ്രങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്. സാക്ഷരതാ മിഷന്റെ ഭരണ സമിതിയായ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ കൗൺസിലിലും അതോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള തുല്യതാ ബോർഡിലും സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാതല അവലോകന യോഗത്തിലും തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്.

(ബി) തുല്യതാ കോഴ്സുകളുടെ പഠന ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളു കളിലുമാണ് നടത്തിവരുന്നത്. പത്താംതരം തുല്യതാ കോഴ്സിലെ വിഷയങ്ങളിൽ ക്ലാസ്സെടുക്കുന്ന അദ്ധ്യാപകർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദവും ബി.എഡു മാണ് യോഗ്യത. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിലെ അദ്ധ്യാപകർക്ക് ബിരുദാനന്തര ബിരുദവും ബി.എഡും സെറ്റുമാണ് യോഗ്യതയായി നിശ്ചയിക്ക പ്പെട്ടിട്ടുള്ളത്.

(സി) തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പത്താംതരം തുല്യതാ കോഴ്സിന് 75 പഠിതാക്കൾക്ക് ഒരു ക്ലാസ് എന്ന നിലയിലും ഹയർ സെക്കണ്ടറിക്ക് 50 പഠിതാക്കൾക്ക് ഒരു ക്ലാസ് എന്ന നിലയിലും പഠന ക്ലാസ്സുകളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകൾ മാത്രമാണ് സമ്പർക്ക പഠന കേന്ദ്രങ്ങളായി പ്രയോജനപ്പെടുത്തുന്നത്. നിലവിൽ ഈ സൗകര്യം പര്യാപ്തമാണ്.

## ഭൂമി തട്ടിയെടുക്കാനുള്ള ശ്രമം തടയാൻ നടപടി

235 (3085) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നിരാലംബരായവർ പരമ്പരാഗത മായി ഉപയോഗിച്ചുവരുന്ന ഭൂമി തട്ടിയെടുക്കുക എന്ന ലക്ഷ്യത്തോടെ പരിസര വാസികൾ സംഘടിതമായി നടവഴി കെട്ടിയടയ്ക്കുകയും അവരുടെ വഴി നടക്കാനുള്ള അവകാശം മനപ്പൂർവ്വം നിഷേധിക്കുകയും ചെയ്യുന്നതായ വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ പരാതി നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതെ പോലീസിനെ സമീപിക്കാൻ ആവശ്യപ്പെടുന്നതുമൂലം പരാതിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ;

(സി) നീതിന്യായ-നിയമ വ്യവഹാരങ്ങളിൽപ്പെട്ട് സ്വന്തം ഭൂമിയിലേക്ക് കയറാൻ കഴിയാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കളക്ടർ ഇടപെട്ട് അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽ ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്ത് പ്രസ്തുത പരാതികൾ കഴിവതും തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ക്രിമിനൽ നടപടി പ്രകാരം കേസ്സെടുക്കേണ്ട സാഹചര്യത്തിൽ മാത്രമേ പോലീസിനെ സമീപിക്കാൻ നിർദ്ദേശം നൽകാറുള്ളൂ.

(സി) ബന്ധപ്പെട്ട കോടതികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം കേസ്സുകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**വ്യാജ ആധാരത്തിലൂടെ മറിച്ചുവിറ്റ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി**

236 (3086) ശ്രീ. മഞ്ഞളാംകുഴി അലി:
കെ. എൻ. എ. ഖാദർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ ഒരു കമ്പനിക്ക് റബ്ബർ കൃഷി നടത്താൻ സർക്കാർ നൽകിയ 150 ഏക്കറോളം ഭൂമി വ്യാജ ആധാരത്തിലൂടെ മറിച്ച് വിറ്റ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) സർക്കാർഭൂമി വീണ്ടെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി&ഡി) ബാധകമല്ല.

**ലേക്ക്പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട ഭൂമി കയ്യേറ്റം**

237 (3087) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലുള്ള ലേക്ക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട കയ്യേറ്റത്തിനെ സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ എന്തൊക്കെ അനധികൃത കയ്യേറ്റങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ കോടതികളിലുണ്ട്; ഏതൊക്കെ കോടതികളിൽ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ലേക്ക് പാലസ് റിസോർട്ടിന്റെ ഉടമസ്ഥാവകാശം ആരുടെയൊക്കെ പേരിലാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എന്നാണ് പ്രസ്തുത റിസോർട്ട് സ്ഥാപിച്ചത്; എത്ര ഏക്കർ സ്ഥലത്താണ് റിസോർട്ട് സ്ഥിതി ചെയ്യുന്നത്; മുൻപ് ഈ റിസോർട്ടിലേക്ക് റോഡ് ഉണ്ടായിരുന്നോ; 2006 വരെ ഈ റിസോർട്ടിലേക്ക് റോഡില്ലായിരുന്നു എന്ന വസ്തുത എന്ത് മാനദണ്ഡം വച്ചാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ലംഘനത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസുകളിൽ ജഡ്ജ്മെന്റ് വന്നിട്ടുള്ളതാണ്. കോട്ടയം വിജിലൻസ് കോടതിയിൽ ഒരു കേസ് നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലേക്ക് പാലസ് റിസോർട്ടിന്റെ ഉടമസ്ഥാവകാശം വാട്ടർവേൾഡ് ടൂറിസം കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലാണ്.

(ഡി) 1998 മുതൽ ലേക്ക് പാലസ് റിസോർട്ട് പ്രവർത്തിച്ചുവരുന്നതാണ്. 7.99.53 ഹെക്ടർ സ്ഥലത്താണ് റിസോർട്ട് സ്ഥിതിചെയ്യുന്നത്. മുമ്പ് ഈ റിസോർട്ടിലേയ്ക്ക് റോഡില്ലായിരുന്നു എന്നത് പ്രാദേശികാന്വേഷണത്തിൽ അറിഞ്ഞിട്ടുള്ളതും ഗൂഗിൾ എർത്ത് മാപ്പിന്റെ സഹായത്തോടെ ഇത് ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും പിന്നീട് KSRSEC റിപ്പോർട്ട് ഇത് ശരിവച്ചിട്ടുള്ളതുമാണ്.

## ലൈറ്റ് മെട്രോയ്ക്ക് ഭൂമി ഏറ്റെടുക്കൽ

238 (3088) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി, ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് കല്ലിടുന്ന നടപടി ഏതുവരെ പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിലാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയിൽ, മെട്രോ സ്റ്റേഷനുകൾക്കുവേണ്ടി 198.9326 ആർ സ്ഥലവും ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ ഫ്ലൈഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി 227.63 ആർ സ്ഥലവുമാണ് ഏറ്റെടുക്കവാനുള്ളത്. ഇവയിൽ പ്രാരംഭ നടപടിയായി ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ അതിരുകൾ അടയാളപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. എൽ.എ.ആർ.ആർ.ആക്ട്, 2013-ലെ ഷെഡ്യൂൾ (1)-ന്റെയും 29-12-2017-ലെ സ.ഉ. (സാധാ.) നമ്പർ 448/2017/ആർ.ഡി.യുടേയും അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്.

## നിരാമയ റിസോർട്ടിനായി തോട്-കായൽ കയ്യേറ്റം

239 (3089) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. രാജീവ് ചന്ദ്രശേഖരന്റെ, കുമരകത്തുള്ള നിരാമയ റിസോർട്ട് തോട്-കായൽ കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലം കയ്യേറിയതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) കുമരകത്തുള്ള നിരാമയ റിട്രീറ്റ്സ്, തോട്, കായൽ കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 94 ച.മീ. കായൽ പുറമ്പോക്കും 2 ആർ 17 ച.മീ. തോട് പുറമ്പോക്കും കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) തഹസീൽദാർ (ഭൂരേഖ) കോട്ടയം, ടി കയ്യേറ്റം തിട്ടപ്പെടുത്തി കുമരകം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുള്ളതും കയ്യേറ്റം ഒഴിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കുമരകം പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയതിനെത്തുടർന്ന് നിരാമയ റിട്രീറ്റ്സ് കുമരകം പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡബ്ല്യു. (പി.സി) 38483/2017 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്.

**രാമഗിരി കോട്ടയോട് ചേർന്നുള്ള ഭൂമി**

240 (3090) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ രണ്ട് പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന രാമഗിരി കോട്ടയോട് ചേർന്നു കിടക്കുന്ന ഏതെങ്കിലും ഭൂമി, കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഏതെങ്കിലും കാരണത്താൽ സ്വകാര്യ വ്യക്തികൾക്കോ പൊതു സംരംഭങ്ങൾക്കോ വിട്ടുകൊടുക്കേണ്ടി വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഭൂമി, ആർക്കൊക്കെ, എന്ത് കാരണത്താലാണ് വിട്ടു കൊടുക്കേണ്ടി വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പ്രദേശത്തുനിന്നും ആർക്കും പട്ടയം പതിച്ചു നൽകുകയോ സ്വകാര്യ വ്യക്തികൾക്കോ പൊതു സംരംഭകർക്കോ ഭൂമി വിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഭാഗപത്ര പ്രകാരവും പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 257/79 നമ്പർ കേസിലെ 24-4-1982-ലെ വിധിപ്രകാരവും കേരള ഹൈക്കോടതിയിലെ 10-2-1986-ലെ എം.എഫ്.എ. 471/82 വിധിപ്രകാരവും വല്ലപ്പുഴ, ഓങ്ങല്ലൂർ വില്ലേജുകളിലായി 4 കേസുകളിൽ ഭൂമി റീസർവ്വേ റിക്കാർഡിൽ നിക്ഷിപ്തവനം എന്നത് 4 വ്യക്തികളുടെ പേരിൽ മാറ്റി നികുതി സ്വീകരിച്ചുവരുന്നു.

(ബി) ബാധകമല്ല.

## ഇവാക്വി/എനിമി പ്രോപ്പർട്ടി

241 (3091) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിലും മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി പ്രദേശങ്ങളിലുമുള്ള ഇവാക്വി/എനിമി പ്രോപ്പർട്ടി എന്ന പേരിലറിയപ്പെടുന്ന വസ്തുവകകളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ആരുടെയെല്ലാം പേരിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇവ സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടോ;

(സി) കേന്ദ്രസർക്കാർ ഇത്തരം ഭൂമികൾ ലേലത്തിൽ വിൽക്കാനായി തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സർവ്വേ 31, 32/1,2 എന്നിവയിൽപ്പെട്ട 87.380 സെന്റ് ഇവാക്യു പ്രോപ്പർട്ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന അസ്രാജ് ബിൽഡിംഗിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 30 സെന്റ് സ്ഥലം കൊച്ചി കോർപ്പറേഷന് കൈമാറിയിട്ടുള്ളതും ബാക്കി സ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്.

(ബി) കൊച്ചി കോർപ്പറേഷന് കൈമാറിയത് കഴിച്ച് ബാക്കിയുള്ള ഭൂമി ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നതിന് ടി പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

## മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ പുതുക്കിയ തണ്ടപ്പേർ നൽകുന്നതിലെ കാലതാമസം

242 (3092) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21 -ൽ മുൻ സർവ്വേ നമ്പർ 220/2-15 -ന്റെ പഴയ മെഷർമെന്റ് സ്കെച്ച് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് താമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പരാതിക്കാരനായ ശ്രീ. രവീന്ദ്രന്റെയും അദ്ദേഹത്തിന്റെ മാതാവിന്റെയും പേരിൽ മുൻ തണ്ടപ്പേർ നമ്പർ 7694 -ൽപ്പെട്ട 45.5 സെന്റിൽ നിന്നും സർക്കാർ ഏറ്റെടുത്ത 14.75 സെന്റ് ഭൂമി കഴിച്ച് ബാക്കി സ്ഥലം കണ്ടെത്തി ആ വസ്തുവിന് പുതിയ തണ്ടപ്പേർ നൽകിക്കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഉടമസ്ഥന്റെ അപേക്ഷ എന്നാണ് നൽകിയിട്ടുള്ളത്; ഇതിൽ കാലതാമസം വന്നിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. സെൻട്രൽ സർവ്വേ ഓഫീസിൽ പ്രസ്തുത സ്കെച്ച് ലഭ്യമല്ല.

(ബി) ഇല്ല. നിലവിൽ ടി സ്ഥലം അപേക്ഷകന്റെ കൈവശമുണ്ടെങ്കിലും റീസർവ്വേ റിക്കാർഡുകളിൽ കനാൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

(സി) 26-12-2012-ലാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. 25-10-2017-ൽ കെ.ഐ.പി. ചാരുംമൂട് ഡിവിഷന്റെ അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് സർവ്വേയർ എന്നിവരുടെ പരിശോധനയിൽ റീസർവ്വേ പിശകല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നിയമപ്രകാരം കെ.ഐ.പി. ഏറ്റെടുത്ത ഭൂമിയാണ് പരാതിക്കാരൻ കൈവശമുള്ളതായി അവകാശപ്പെടുന്നത്. മുൻസർവ്വേ 220/2-ൽപ്പെട്ടതാണ് ഈ വസ്തു. പരാതി പരിഹാരത്തിന് ഇതിന്റെ പഴയ മെഷർമെന്റ് സ്കെച്ച്, എൽ.എ. അക്വിസിഷൻ സ്കെച്ച്, മഹസ്സർ എന്നിവകൂടി ലഭ്യമാകേണ്ടതുണ്ട്. ഇവ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും ലഭ്യമാകാത്തതാണ് പരാതി പരിഹാരത്തിനുള്ള കാലതാമസത്തിന്റെ പ്രധാന കാരണം. സ്ഥല പരിശോധന നടത്തിയതിലും ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിലും റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകല്ലെന്നാണ് കാണുന്നത്. കെ.ഐ.പി.യുടേതായി റിക്കാർഡിൽ വന്നിട്ടുള്ള സ്ഥലം ലാന്റ് അക്വിസിഷൻ നിയമ പ്രകാരം ഏറ്റെടുത്ത ഭൂമി തന്നെയാണെന്ന് കെ.ഐ.പി. അധികൃതരും പറയുന്നു. എന്നാൽ ഏറ്റെടുത്ത മുഴുവൻ ഭൂമിക്കും നഷ്ടപരിഹാര തുക ലഭിച്ചിട്ടില്ലെന്നും അപേക്ഷകൻ പറയുന്നു. ഇക്കാര്യത്തിൽ ആലപ്പുഴ ലാന്റ് അക്വിസിഷൻ (ജനറൽ) സ്പെഷ്യൽ തഹസീൽദാർ ഓഫീസുമായും കെ.ഐ.പി. അധികൃതരുമായും ബന്ധപ്പെട്ട് പരിഹാരം തേടണമെന്നും കാണിച്ച് അപേക്ഷകന് 16-12-2017 -ന് കത്ത് നൽകിയിട്ടുണ്ട്.

## മൂന്നാറിലെ കയ്യേറ്റക്കാർ

243 (3093) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ കയ്യേറ്റക്കാരെ സംബന്ധിച്ച പേരു വിവരം ലഭ്യമാക്കുമോ;

(ബി) എന്ത് അടിസ്ഥാനത്തിലാണ് ഇവർ കയ്യേറ്റക്കാരാണെന്ന് കണ്ടെത്തിയ തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള പല കേസുകളിൽ ഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും മറ്റുപല കേസുകളിൽ ദേവികുളം സബ്കളക്ടറുടെയും ദേവികുളം തഹസിൽദാരുടെയും നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതും ടി ഭൂമി സംബന്ധിച്ച രേഖകൾ പരിശോധിച്ചുവരുന്നതുമാണ്. കൂടാതെ കയ്യേറിയതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയ കേസുകളിൽ കൈവശ ക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതും ടിയാളുകൾ കൈവശം സാധൂകരിക്കുന്ന തിനായി കോടതിയെ സമീപിച്ചിട്ടുള്ളതും ടി കേസുകൾ വിവിധ കോടതികളുടെ പരിഗണനയിലുമാണ്. വിധി പ്രസ്താവിച്ചിട്ടുള്ള കേസുകളിൽ കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുള്ളതും ചില ഉത്തരവുകൾക്കെതിരെ കക്ഷികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. മൂന്നാറിലെ കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ കഴിയില്ല.

## സർക്കാർ ഓഫീസുകൾ നിർമ്മിക്കുന്നതിന് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലതാമസം

244 (3094) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പുതുതായി ആരംഭിക്കുമ്പോൾ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി, ഭൂമി കൈവശമുള്ള വകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കു ന്നതിലേക്ക് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**ചിറനെല്ലൂർ വില്ലേജിലെ ഭൂമി നികത്തൽ**

245 (3095) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചിറനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 1041/1, 1042/1,2-ൽ പ്പെട്ട ഭൂമി നികത്തുന്നതിനെതിരെ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറുടെ 17-10-2017-ലെ എൽ.ആർ.എ 4/13381/2017 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇക്കാര്യം സംബന്ധിച്ച് ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി;

(ഡി) 9-8-2017-ലെ ഹിയറിംഗിൽ പങ്കെടുത്തവരുടെ പേര് വിവരം നൽകാമോ;

(ഇ) ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റ്,സെക്രട്ടറി എന്നിവർ 9-8-2017-ലെ ഹിയറിംഗിൽ പങ്കെടുത്തിട്ടില്ലെന്നും എന്നാൽ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തിട്ടുള്ളതായി 17-10-2017-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വസ്തുത എന്താണെന്ന് പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചിറനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 1041/1, 1042/1, 2-ൽപ്പെട്ട ഭൂമിക്ക് കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരം ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയ തൃശ്ശൂർ സബ്കളക്ടറുടെ 7-8-2015-ലെ സി2/6724/2010/കെ.ഡിസ് നമ്പർ ഉത്തരവിനെതിരെ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപ്പീലിന്മേൽ തൃശ്ശൂർ സബ്കളക്ടറുടെ നടപടി ശരിവച്ചുകൊണ്ട് 17-10-2017 തീയതിയിൽ എൽ.ആർ.എ.4/13381/2017 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇക്കാര്യം സംബന്ധിച്ച് അപ്പീൽ കക്ഷിയുടെയും എതിർ കക്ഷിയുടെയും വാദങ്ങൾ നേരിൽ കേൾക്കുന്നതിനായി 10-5-2017-ൽ വിചാരണ വയ്ക്കുകയും, എതിർകക്ഷി ഹാജരാകാത്തതിനെ തുടർന്ന് വീണ്ടും 21-6-2017-ന് വിചാരണയ്ക്ക് വയ്ക്കുകയും എന്നാൽ 21-6-2017-ലെ വിചാരണയ്ക്ക് നേരിൽ കേൾക്കുന്നതിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതിനെ തുടർന്ന് 5-7-2017-ൽ വിചാരണ നിശ്ചയിക്കുകയും ചെയ്തിരുന്നു. 5-7-2017-ലെ വിചാരണയ്ക്ക് അപ്പീൽ കക്ഷിയായ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും എതിർകക്ഷിയും ഹാജരായിരുന്നു. അപ്പീൽ പകർപ്പ് ലഭ്യമാക്കാത്തതിനെ തുടർന്ന് വീണ്ടും 19-7-2017-ൽ വിചാരണയ്ക്ക് വയ്ക്കുകയും 19-7-2017-ൽ വിചാരണ വേളയിൽ അപ്പീൽ കക്ഷിയുടെ അഭ്യർത്ഥന പ്രകാരം വിചാരണ 9-8-2017-ലേയ്ക്ക് മാറ്റിവച്ചിട്ടുള്ളതുമാണ്. 9-8-2017-ന് നടത്തിയ വിചാരണയിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതും എതിർകക്ഷി മാത്രം ഹാജരായിട്ടുള്ളതുമാണ്. അപ്പീൽ കക്ഷിയുടെ ഫാക്സ് സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ 9-8-2017-ലെ വിചാരണ വീണ്ടും 23-8-2017-ലേയ്ക്ക് മാറ്റിവച്ചിട്ടുള്ളതുമാണ്. 23-8-2017-ലെ വിചാരണയ്ക്ക് ഹാജരാകാൻ കഴിയില്ലെന്ന് കാണിച്ച് അപ്പീൽ കക്ഷികൾ 21-8-2017-ൽ ഫാക്സ് സന്ദേശം നൽകിയിട്ടുള്ളതുമാണ്. 23-8-2017-ലെ വിചാരണയ്ക്ക് എതിർകക്ഷി മാത്രം ഹാജരായിട്ടുള്ളതുമാണ്.

(ഡി) 9-8-2017-ലെ വിചാരണയിൽ അപ്പീൽ കക്ഷി ഹാജരായിട്ടില്ലാത്തതും എതിർകക്ഷിയായ ശ്രീ. പ്രേംജി പോൾ ഹാജരായിട്ടുള്ളതുമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) മേൽ വസ്തുത പരിശോധിച്ചതിൽ 9-8-2017-ലെ വിചാരണയിൽ എതിർകക്ഷി ശ്രീ. പ്രേംജി പോൾ ഹാജരായിട്ടുണ്ടായിരുന്നതായി കാണുന്നു. 17-10-2017-ലെ ഉത്തരവിനെതിരെ അപ്പീൽ കക്ഷികൾ ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 37367/2017 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**ഒറ്റപ്പാലത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി**

246 (3096) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം ടൗൺ ഭാഗത്തെയും, കെ.എസ്.ടി.പി റോഡിലെയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനധികൃത ഭൂമി കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം ടൗൺ ഭാഗത്തേയും കെ.എസ്.ടി.പി. റോഡിലേയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമവും ചട്ടവും പ്രകാരം കർശന നടപടി സ്വീകരിച്ചിട്ടുള്ളതും 18 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

## പട്ടയ ഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ

247 (3097) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്താൽ ലഭിക്കാവുന്ന ശിക്ഷകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടയഭൂമിയിൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; പലയിടങ്ങളിലും പട്ടയഭൂമികളിൽ ഖനനപ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടയഭൂമിയിൽ ഖനനം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകിയാൽ ദുരുപയോഗ സാധ്യത കൂടുകയും അത് അമിതമായ പരിസ്ഥിതി ചൂഷണത്തിന് കാരണമാകുമെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നത് കൃഷി, ഭവന നിർമ്മാണം, അയൽ പട്ടയ ഭൂമിയുടെ ഗുണപരമായ

ഉപയോഗം എന്നിവയ്ക്കാണ്. 1995-ലെ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ഭവന നിർമ്മാണം, കടമുറികൾക്ക് അല്ലെങ്കിൽ മറ്റ് വാണിജ്യപരമോ ധർമ്മപരമോ ആയ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നു. 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണങ്ങൾ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം കൃഷി, ഭവന നിർമ്മാണം, കടമുറികൾ വയ്ക്കുന്നതിന് എന്നീ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നു.

(ബി) പട്ടയ ഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്യുകയോ പട്ടയ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതാണ്.

(സി) പട്ടയ ഭൂമിയിൽ ഖനനത്തിന് അനുമതി നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. അനധികൃത ഖനനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിയമാനുസരണമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**പട്ടയ ഭൂമിയിൽ ഉടമസ്ഥന് അവകാശമുള്ള വൃക്ഷങ്ങൾ**

248 (3098) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, ചട്ടം 9(2) അനുബന്ധം II അനുസരിച്ച് മുൻപ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന പട്ടയ ഫോറത്തിലെ വ്യവസ്ഥ (1) ജി.ഒ.(പി) നമ്പർ 60/2017 തിരുവനന്തപുരം തീയതി 17-8-2017 പ്രകാരം ഒഴിവാക്കിയ ഉത്തരവിന് 1964 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) ഇപ്രകാരം ഒരു പുതിയ സർക്കാർ ഉത്തരവ് ഇല്ലാതെ തന്നെ 1964 മുതൽ പട്ടയം ലഭിച്ചവർ അന്നു മുതൽ പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം പട്ടയക്കാരന് ഉണ്ടായിരിക്കുമോ;

(സി) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964, ചട്ടം 9 (2) പ്രകാരം അനുവദിച്ച പട്ടയ ഭൂമിയിൽ പട്ടയം ലഭിച്ചതിനുശേഷം കർഷകൻ നട്ടുവളർത്തിയതും പട്ടയ ഫോറത്തിൽ റിസർവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വിശദീകരണ കുറിപ്പ് പുറപ്പെടുവിക്കുമോ;

(ഡി) പട്ടയ ഭൂമിയിൽ കർഷകന് ഉടമസ്ഥാവകാശമുള്ള വൃക്ഷങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. സർക്കാർ ഉത്തരവ് 17-8-2017-ന് നിലവിൽ വന്നതോടെ 1964-ലെ ചട്ടങ്ങൾ പ്രകാരം നൽകുന്ന പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള തടസ്സങ്ങൾ മാറ്റിയിട്ടുള്ളതാണ്. എന്നാൽ അതിൽ ചില പ്രദേശങ്ങൾ പ്രസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ 5-ാം വകുപ്പ് പ്രകാരം വനം വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെട്ടുവരുന്നത് കാരണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയിലെ മരങ്ങളിലുള്ള ഉടമസ്ഥാവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 10(3), 1986-ലെ കേരള വൃക്ഷങ്ങൾ പരിപാലിക്കൽ ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ്.

(ഡി) നിലവിൽ പട്ടയ ഭൂമിയിൽ കർഷകർക്ക് ഉടമസ്ഥാവകാശമുള്ള വൃക്ഷങ്ങളുടെ ലിസ്റ്റില്ല.

**പട്ടയം നൽകിയ പട്ടികജാതി കോളനികൾ**

249 (3099) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പട്ടയം നൽകിയ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ പൊഴിയൂർ തീരദേശപ്രദേശത്തെ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;എത്ര പേർക്ക് നൽകാനുണ്ട്;

(സി) 2018 വർഷത്തിൽ, പട്ടയം ലഭിക്കാത്ത മുഴുവൻ പേർക്കും പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ഡി) പട്ടയം നൽകുന്നതിനുള്ള റവന്യൂ വിഭാഗത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പട്ടികജാതി കോളനികളിൽ പട്ടയം നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊഴിയൂർ തീരപ്രദേശത്തുനിന്നും 186 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അപേക്ഷകരിൽ അർഹരായ എല്ലാവർക്കും 2018-ൽ പട്ടയം നൽകാൻ സാധിക്കും.

(ഡി) 1964-ലെ കേരള ഭൂമി പതിവ് നിയമപ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ നിയമപ്രകാരവുമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കും പരിപത്രങ്ങൾക്കും അനുസൃതമായാണ് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്.

**ചീമേനി ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി**

250 (3100) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി ഭൂപ്രശ്നം പരിഹരിക്കുന്നതിന് മുൻപുണ്ടായിരുന്ന വ്യവസ്ഥപ്രകാരം എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്; അവശേഷിക്കുന്ന കുടുംബങ്ങൾക്ക് കൂടി പട്ടയം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചീമേനി വില്ലേജിൽ ശ്രീ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, പെരിയാർ & പെരിക്കണ്ണി റബ്ബർ ലിമിറ്റഡ് എന്നവരിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമിയിലെ കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ച് 17-5-2010-ന് സർക്കാർ ഉത്തരവ് (കൈ.) നമ്പർ 175/2010/റവന്യൂ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 281 പേർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. ഇവരിൽ 92 പേർക്ക് നേരത്തെതന്നെ ലാൻഡ് ട്രൈബ്യൂണൽ പട്ടയം ഉള്ളതാണ്. ടി ഉത്തരവ് പ്രകാരം 11 പേർക്ക് പതിവ് പ്രമാണവും 59 പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയവും നൽകിയിട്ടുണ്ട്. (ആകെ 70 പേർക്ക് പട്ടയം നൽകി.) മേൽ ഉത്തരവ് പ്രകാരം 119 പേർക്കുകൂടി കൈവശഭൂമിയുടെ പട്ടയം അനുവദിക്കാൻ ശേഷിക്കുന്നുണ്ട്. ഇവയിലധികവും മാർക്കറ്റ് വില ഈടാക്കി ഭൂമി പതിച്ചു നൽകാനുള്ളതാണ്.

28-1-2016-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 62/2016/റവന്യൂ പ്രകാരം 116 പേരിൽനിന്ന് ഭൂനികുതി സ്വീകരിച്ച് കൈവശ രേഖ നൽകുന്നതിന് ഉത്തരവായിരുന്നു. ഇതിൽ 25 പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം ഉള്ളതാണ്. 38 പേർക്ക് 13-5-2017-ൽ പട്ടയം അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഇനി 53 കേസുകളിൽ പട്ടയം അനുവദിക്കേണ്ടതുണ്ട്. ഇതിൽ 18 എണ്ണത്തിൽ സർവ്വേ നമ്പർ പിശകായുള്ള 2 എണ്ണത്തിന് ഒഴികെ ബാക്കി 16 കേസുകളുടെ എസ്.എം. പ്രൊപ്പസലുകൾ വില്ലേജ് ഓഫീസർ സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.) കാസർഗോഡിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ വാദം നടന്നുവരുന്നു. അവശേഷിക്കുന്ന 35 കേസുകൾ സ്ഥലത്തിന്റെ കമ്പോള വില ഈടാക്കി കൈവശ ഭൂമി പതിച്ചു നൽകുന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. ഇതിനായി സ്ഥലം സർവ്വേ ചെയ്ത് കൈവശങ്ങളുടെ സ്കെച്ച്, സ്ഥലത്തിന്റെ കമ്പോള വില എന്നിവ ഉൾപ്പെട്ട വിശദമായ പ്രൊപ്പോസൽ ഹോസ്ദുർഗ്ഗ് തഹസിൽദാർ ലഭ്യമാക്കുന്ന മുറയ്ക്കാണ് കാസർഗോഡ് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നത്.

**പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടി**

251 (3101) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ എത്ര തവണ ഹിയറിംഗ് നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നും നടപടികൾ പൂർത്തീകരിച്ച് എത്ര വർഷം കഴിഞ്ഞാണ് ബന്ധപ്പെട്ട വ്യക്തികൾക്ക് പട്ടയം നൽകുന്നത് എന്നും വിശദമാക്കുമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയാണ് തീർപ്പാക്കിയിട്ടുള്ളതെന്നതിന്റെ എല്ലാ ജില്ലകളിലെയും കണക്ക് ലഭ്യമായിട്ടില്ല. ജില്ല തിരിച്ച് ലഭ്യമായിട്ടുള്ള കണക്ക് ചുവടെ ചേർക്കുന്നു. മറ്റ് ജില്ലകളിലെ കണക്ക് ഉടൻ ലഭ്യമാക്കുന്നതാണ്.

| ക്രമ നമ്പർ | ജില്ല | ഏത് വർഷം വരെയുള്ള അപേക്ഷ തീർപ്പാക്കിയിട്ടുള്ളതെന്ന കണക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | 2015 വരെയുള്ളത് |
| 2 | കൊല്ലം | കൊല്ലം താലൂക്ക് -2016 വരെ<br>കരുനാഗപ്പള്ളി താലൂക്ക് - 2015<br>കൊട്ടാരക്കര താലൂക്ക് - 2017<br>(കോടതി കേസുകളും മറ്റ് വകുപ്പുകളിൽനിന്നും അനുമതി ലഭിക്കേണ്ടതും ഒഴികെ) |
| 3 | ആലപ്പുഴ | പതിവ് ചട്ടപ്രകാരമുള്ള നടപടി പൂർത്തിയായിട്ടുള്ള അപേക്ഷകളിൽ 2017 വരെയുള്ളത്. |
| 4 | കോഴിക്കോട് | പതിവ് ചട്ടപ്രകാരമുള്ള നടപടി പൂർത്തിയായിട്ടുള്ള അപേക്ഷകളിൽ 2016 വരെയുള്ളത്. |
| 5 | വയനാട് | മാനന്തവാടി ലാന്റ് ട്രിബ്യൂണലിൽ 2006 വരെയുള്ളതും കൽപ്പറ്റ ലാന്റ് ട്രിബ്യൂണലിൽ 2005 വരെയുള്ള എല്ലാ അപേക്ഷകളിലും |
| 6 | കാസർഗോഡ് | 2016 വരെയുള്ള അർഹതയുള്ള എല്ലാ കേസുകളിലും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. |

(ബി) പട്ടയം നൽകുന്നതിന് ഹിയറിംഗ് നടത്തണമെന്ന് കേരള ഭൂമി പതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ല. പതിവിനെതിരെ ആരെങ്കിലും രേഖാമൂലം ആക്ഷേപം ഉന്നയിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ഹിയറിംഗ് ആവശ്യമായി വരുന്നത്. ഭൂമിപതിവ് ചട്ടപ്രകാരമുള്ള നടപടി പൂർത്തിയാകുന്ന കേസുകളിൽ ഉടൻതന്നെ പട്ടയം അനുവദിക്കുന്നു.

(സി) നിലവിൽ വില്ലേജുകളിൽ ഭൂരിഭാഗം അപേക്ഷകളും സ്വീകരിക്കുന്നത് ഓൺലൈനായിട്ടാണ്. അതുകൊണ്ട് അവ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നു. കൂടാതെ ജില്ലാ കളക്ടർ എല്ലാ താലൂക്കുകളിലും പൊതുജന പരാതി പരിഹാര അദാലത്ത് നടത്തി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ഭൂപതിവ് ചട്ടങ്ങളിൽ ഇളവ്**

252 (3102) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് ചട്ടങ്ങളിൽ ഇളവ് നൽകി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് നൽകുവാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭൂമി പതിവ് ചട്ടങ്ങളിൽ ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം ഇളവ് നൽകിയിട്ടുണ്ട്.

(ബി) കൈവശമില്ലാത്ത ഭൂമി പതിച്ച കിട്ടിയത് 25 വർഷത്തേയ്ക്ക് കൈമാറാൻ പാടില്ലെന്ന വ്യവസ്ഥ കൈവശക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും ആയതിനാൽ പൊതു ആവശ്യാർത്ഥം കൈവശമില്ലാത്ത ഭൂമി പതിച്ച് കിട്ടിയത് കൈമാറുന്നതിനുള്ള കാലാവധി 12 വർഷമായി കുറയ്ക്കുന്നതായും കൂടാതെ നിലവിലെ പട്ടയം ഫാറം കൈവശമുള്ള ഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ച നൽകുന്നത് ഏതാണെന്ന് തിരിച്ചറിയാൻ സാധിക്കാത്ത സാഹചര്യത്തിൽ പട്ടയ ഫാറം കൈവശമുള്ളവയ്ക്ക് അപ്പന്റിക്സ് I -ഉം പട്ടയ ഫാറം കൈവശമില്ലാത്തവയ്ക്ക് അപ്പന്റിക്സ് II -ഉം ആയി ഉപയോഗിക്കുവാൻ ജി.ഒ.(പി) 60/2017/ആർ.ഡി. ഉത്തരവിന്റെ വിശദീകരണ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

## കോതമംഗലം താലൂക്കിലെ പട്ടയ പ്രശ്നം

253 (3103) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ പട്ടയപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർഹരായവർക്കെല്ലാം പട്ടയം നല്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) പട്ടയ നടപടികൾ ത്വരിതഗതിയിൽ ആക്കുന്നതിന് വേണ്ടി സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുമോ;

(ഡി) സ്പെഷ്യൽ തഹസിൽദാർ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോതമംഗലം താലൂക്കിലെ പട്ടയ പ്രശ്നം എന്ന വിഷയത്തിൽ റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 20-9-2017 ബുധനാഴ്ച 12 മണിക്ക് റവന്യൂ മന്ത്രിയുടെ ചേംബറിൽ ഒരു യോഗം ചേർന്നിട്ടുള്ളതും പ്രസ്തുത യോഗത്തിൽ, കേന്ദ്രാനുമതി ലഭ്യമായ പ്രദേശങ്ങളിൽ ഭൂമിയുടെ നിലവിലെ കൈവശക്കാർക്ക് 1993-ലെ ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം നൽകുന്നതിനുള്ള അർഹത പരിശോധിച്ച് അർഹരായവർക്ക് പട്ടയം നൽകുന്നതിനും 1-1-1997-ന് മുമ്പ്

കയ്യേറപ്പെട്ടതും സംയുക്ത പരിശോധനാ ലിസ്റ്റിൽപ്പെട്ട 675.50.38 ഹെക്ടറിൽ ഉൾപ്പെട്ടതുമായ ഭൂമി കൈവശം വച്ചുവരുന്നതും കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേര്യമംഗലം, കടവൂർ, കീരമ്പാറ, കോട്ടപ്പടി, കുട്ടമംഗലം എന്നീ വില്ലേജുകളിൽപ്പെട്ടതും സംയുക്ത പരിശോധന നടത്തിക്കഴിഞ്ഞിട്ടുള്ളതുമായ പ്രദേശങ്ങളിൽ കേന്ദ്രാനുമതി ലഭ്യമാകാത്തതുമായ ഭൂമിക്ക് അടിയന്തരമായി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 13-4-1970-ലെ ജി.ഒ. (എം.എസ്) 169/70/അഗ്രി. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുള്ളതാണ്.

(സി& ഡി) പരിഗണനയിലില്ല.

**മംഗലശ്ശേരി നിവാസികളുടെ പട്ടയം**

254 (3104) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താഴക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്കുള്ള പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്ന് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1981-ൽ മംഗലശ്ശേരി തോട്ടഭൂമി പതിച്ചു നൽകിയ നടപടി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ നടപടി സ്വീകരിച്ചുകൊണ്ട് റഗുലറൈസ് ചെയ്യേണ്ടതുണ്ട്. 24-12-1968-ലെ സർക്കാർ ഉത്തരവ് (കൈ.) 622/68/റവ. പ്രകാരം കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽ 4200 ഏക്കർ എസ്ചീറ്റ് ഭൂമിയായി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2-8-2017-ന് പ്രസ്തുത ഭൂമി ഏറ്റെടുക്കുകയും ചെയ്തിരുന്നു. മംഗലശ്ശേരി തോട്ടം ഭൂമിക്ക് പകരമായി ടി ഭൂമി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റഗുലറൈസ് ചെയ്യാവുന്നതാണെന്ന് റവന്യൂ ഓഫീസേഴ്സ് കോൺഫറൻസിൽ തീരുമാനിച്ച പ്രകാരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ ഓൺലൈൻ സൈറ്റിൽ 10-12-2017 തീയതിയിൽ FP/KL/ OTHERS/ 30248/2017 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റഗുലറൈസേഷൻ നടപടി പൂർത്തിയായതിനുശേഷം മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ.

**കർഷകർക്ക് പട്ടയം അനുവദിക്കാനുള്ള നടപടി**

255 (3106) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മലയോര മേഖലയിൽ പട്ടയത്തിന് അപേക്ഷിച്ച കർഷകർക്ക് പട്ടയം നൽകാൻ കേന്ദ്രാനുമതി ലഭിച്ച എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൃശ്ശൂരിൽ നിന്നും ലാന്റ് ട്രൈബ്യൂണൽ മുമ്പാകെ പട്ടയത്തിനായി എത്ര അപേക്ഷകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടയം നൽകാമെന്ന് തെറ്റിദ്ധരിപ്പിച്ച് ചില കടലാസ് സംഘടനകൾ കർഷകരിൽ നിന്നും പണം പിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) വർഷങ്ങളായി ഭൂമി കൈവശംവച്ചനുഭവിക്കുന്ന കർഷകർക്ക് എത്രയും വേഗം പട്ടയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) തൃശ്ശൂർ ജില്ലയിലെ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് തൃശ്ശൂർ, ചാലക്കുടി, തലപ്പിള്ളി എന്നീ താലൂക്കുകളിലായി 7375 കൈവശക്കാരുടെ ലിസ്റ്റ് പ്രകാരമുള്ള 2726.3877 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട 5489 കക്ഷികളുടെ അപേക്ഷകൾ ലഭിച്ചതിൽ 31-12-2017 വരെ 4016 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. (ആയതിന്റെ വിസ്തീർണ്ണം 1186.3482 ഹെക്ടർ.) ഇനി പട്ടയം നൽകുന്നതിന് 1473 അപേക്ഷകളാണ് ബാക്കിയുള്ളത്. (ആയതിന്റെ വിസ്തീർണ്ണം 1540.0395 ഹെക്ടർ)

(സി) തൃശ്ശൂർ ജില്ലയിൽ ലാന്റ് ട്രൈബ്യൂണൽ മുമ്പാകെ പട്ടയത്തിനായി 36156 അപേക്ഷകൾ നിലവിലുള്ളതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വർഷങ്ങളായി വനഭൂമി കൈവശംവച്ച് അനുഭവിച്ചുവരുന്നുവെങ്കിലും വനഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ശേഷം കേന്ദ്രാനുമതിയും ലഭ്യമായാൽ മാത്രമേ കഴിയുകയുള്ളൂ.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ തിമിരി ഭൂപ്രശ്നം

256 (3107) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തിമിരി ഭൂപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കാലതാമസം വരുന്നതെന്തുകൊണ്ടാണ്;

(ബി) പകുതിയോളം പേർക്ക് നേരത്തെ ഭൂമി നൽകിയ അതേ വ്യവസ്ഥ പ്രകാരം തുടർന്നും മറ്റുള്ളവർക്ക് ഭൂമി നൽകാൻ കാലതാമസം ഉണ്ടാകുന്നത് പരിശോധിക്കുമോ;

(സി) മിച്ചഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം 12 വർഷത്തെ നിയമാനുസൃത കാലാവധി കഴിഞ്ഞിട്ടും ഈ വിഭാഗങ്ങൾക്ക് നീതി കിട്ടാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ 600-ൽപ്പരം പേർക്ക് മിച്ചഭൂമി പതിച്ചുനൽകിയിരുന്നു. ഇവരിൽ ഭൂരിഭാഗം പേരും പതിച്ചു കിട്ടിയ ഭൂമിയിൽ താമസിച്ച് അനുഭവങ്ങൾ ഉണ്ടാക്കി വരുന്നുവെങ്കിലും സാമ്പത്തിക പ്രയാസംമൂലം ഏതാനും ആളുകൾ പതിച്ചുകിട്ടിയ ഭൂമി കൈമാറ്റം ചെയ്യാതിരുന്നു. ഇത്തരം കൈമാറ്റങ്ങൾ മിച്ചഭൂമി പതിവ് വ്യവസ്ഥകൾക്ക് നിശ്ചയിച്ച കാലപരിധിക്ക് മുമ്പ് ആയതിനാൽ ഭൂനികുതി സ്വീകരിച്ചു വന്നിരുന്നില്ല. അത്തരക്കാരുടെ അപേക്ഷ പരിഗണിച്ച് കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട കള്ളാർ, പനത്തടി, ബളാൽ, മാലോത്ത് എന്നീ വില്ലേജുകളിൽ പതിച്ചു നൽകിയിരുന്ന മിച്ചഭൂമി, കാലാവധിക്ക് മുമ്പ് കൈമാറ്റം ചെയ്ത 129 കേസ്സുകളിലും തിമിരി വില്ലേജിൽ 83 കേസ്സുകളിലും കാലാവധിക്ക് മുമ്പുള്ള കൈമാറ്റം സാധൂകരിച്ച് ഉത്തരവായിരുന്നു.

നിലവിൽ തിമിരി വില്ലേജിൽ റീ സർവ്വേ 59/1-ൽപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റം സാധൂകരിക്കുന്നതിനായി 132 അപേക്ഷകളിൽ, ഭൂമി നിലവിൽ കൈവശം വച്ച് വരുന്നവരുടെ അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു.

## 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളിലെ റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ

257 (3108) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, റൂൾ 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് പതിച്ചുകൊടുക്കുന്ന പട്ടയം, മറ്റ് ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയങ്ങളിൽ നിന്നും തിരിച്ചറിയുന്നതിനുള്ള മാർഗ്ഗം എന്താണ്; റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയത്തിന് പ്രത്യേക പട്ടയഫോറം ഉണ്ടോ; എങ്കിൽ ഏതെന്നറിയിക്കാമോ;

(ബി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, റൂൾ 24 പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്ന വ്യവസ്ഥകൾ അല്ലാതെ കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റേതെങ്കിലും ചട്ടങ്ങൾ ബാധകമാണോ; എങ്കിൽ ഏതെല്ലാം ചട്ടങ്ങൾ ബാധകമാണ് എന്ന് വ്യക്തമാക്കുമോ;

(സി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 ചട്ടം 24 പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയത്തിന് കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 -ലെ ഏതെല്ലാം ചട്ടങ്ങൾ ഒഴിവാക്കിയാണ് പട്ടയം അനുവദിച്ചിരിക്കുന്നതെന്ന് എപ്രകാരം മനസ്സിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പതിച്ചു കൊടുക്കുന്ന ഭൂമികളുടെ പട്ടയം അനുവദിക്കുമ്പോൾ ടി പട്ടയഫാറത്തിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണോ അനുവദിക്കുന്നത് പ്രസ്തുത ഉത്തരവ് നമ്പരും തീയതിയും രേഖപ്പെടുത്തിയാണ് നൽകുന്നത്. റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയത്തിന് പ്രത്യേക പട്ടയ ഫോറം നിലവിലില്ല.

(ബി&സി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964-ലെ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റിന് പൊതുതാത്പര്യ പ്രകാരം അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നപക്ഷം ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പരിഗണിക്കാതെയും അതിന് ചുമത്താവുന്ന ഏതെങ്കിലും വ്യവസ്ഥകൾ ചുമത്തിക്കൊണ്ടും ഭൂമി പതിച്ചു നൽകാവുന്നതാണ്.

## വില്ലേജ് ഓഫീസുകളിൽ സിറ്റിസൺ സപ്പോർട്ട് ഡെസ്ക്

258 (3109) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവ്വേ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകാമോ;

(ബി) എല്ലാ വില്ലേജുകളിലും പോക്കുവരവ് ഓൺലൈൻ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകളിൽ നിന്ന് ഓൺലൈൻ ആയി ലഭിക്കുന്നത് ;

(ഡി) വില്ലേജ് ഓഫീസുകളിൽ സിറ്റിസൺ സപ്പോർട്ട് ഡെസ്ക് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

(ബി) നിലവിൽ 1440 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഓൺലൈനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. നിലവിൽ റവന്യൂ വകുപ്പിന് കീഴിലെ 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിച്ചാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയാൽ ജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിനും ഒരു ഓഫീസിൽത്തന്നെ പോയാൽ മതിയാകും. കൂടാതെ ഇവിടെനിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള മറ്റ് വകുപ്പുകളിലെ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

259 (3110) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളും 'സ്മാർട്ട്' ആക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും ഉൾപ്പെടെ ആകെ 46 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റ് ലഭ്യതയ്ക്ക് അനുസൃതമായി മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

## ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

260 (*T3111) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യ ങ്ങൾക്ക് അർഹതയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കൊല്ലം താലൂക്കിൽ പ്രസ്തുത രീതിയിൽ പരിവർത്തനം ചെയ്തവർ ഒ.ഇ.സി. ആനുകൂല്യങ്ങൾക്കായി ജാതി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുമ്പോൾ, റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗത്തിന് ഒ.ഇ.സി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന് കാണിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ മാതൃ ജാതി സാധുത സംബന്ധിച്ച് തർക്കം നിലവിലുണ്ടോ;

(ഇ) ഇക്കാര്യം സംബന്ധിച്ച് കിർത്താഡ്സ് ആധികാരികമായ പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ അദർ എലിജിബിൾ കമ്മ്യൂണിറ്റീസിന്റെ (OEC) ലിസ്റ്റിൽ ക്രമനമ്പർ 10 പ്രകാരം മതപരിവർത്തനം നടത്തിയിട്ടുള്ള പട്ടികജാതിക്കാർക്ക് ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം**

261 (3112) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്ന് നല്കുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഓരോ ആവശ്യത്തിന് ഓരോ സമയത്തും സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം അതേ സർട്ടിഫിക്കറ്റ് തന്നെ വീണ്ടും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പരുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ബന്ധം സുദൃഢമാക്കുന്നതിനും പരാതിരഹിതമാക്കുന്നതിനും സഹായകമായ നിലയിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നേരിട്ട് നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പെരുമാറ്റം കൂടുതൽ ജനസൗഹൃദമാക്കുന്നതിന് അവരെ പര്യാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും 24-6-2017-ന് എൽ.ആർ.ബി.8-31482/2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ടി സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു.

(സി) അഗതി, ഫാമിലി മെമ്പർഷിപ്പ് എന്നീ സർട്ടിഫിക്കറ്റുകൾ 3 വർഷത്തേയ്ക്കും തിരിച്ചറിയൽ സർട്ടിഫിക്കറ്റ് 10 വർഷവും നേറ്റിവിറ്റി, റിലേഷൻഷിപ്പ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ ആജീവനാന്തവും ഉപയോഗിക്കുന്നതിന് 27-4-2007-ലെ ജി.ഒ. (എം.എസ്) നമ്പർ 136/2007/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ റവന്യൂ വകുപ്പിൽനിന്ന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലാവധി 3 വർഷമാക്കിക്കൊണ്ട് 4-8-2017-ലെ സ.ഉ.(കൈ.) നമ്പർ 264/2017/ ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ആവശ്യത്തിനും അതത് സമയത്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം ഒരേ സർട്ടിഫിക്കറ്റ്തന്നെ വീണ്ടും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന തരത്തിലുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്. 30-10-2017-ലെ 35735/എ 2/2015/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പരുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം II* ആയി ചേർക്കുന്നു.

## വില്ലേജ് ഓഫീസുകളുടെ നവീകരണം

262 (3113) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും ഡിജിറ്റൈസേഷനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ പുനർ നിർമ്മിക്കുന്നതിനാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 8 വില്ലേജുകൾ (കടമ്പഴിപ്പുറം-1, ലക്കിടി-പേരൂർ-1, ചളവറ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, വാണിയംകുളം-1, തൃക്കടിരി-2, ഒറ്റപ്പാലം-2) അറ്റകുറ്റപ്പണി നടത്തുന്നതിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 9 വില്ലേജുകളിൽ (കടമ്പഴിപ്പുറം-1, കടമ്പഴിപ്പുറം-2, ലക്കിടി-പേരൂർ-1, ചെർപ്പുളശ്ശേരി, പൂക്കോട്ടുകാവ്, വാണിയംകുളം-1, വാണിയംകുളം-2, തൃക്കടിരി-1, തൃക്കടിരി-2) കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എല്ലാ വില്ലേജുകളിലെയും ബി.ടി.ആർ. രേഖകൾ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുകയും റീസർവ്വേ കഴിഞ്ഞ എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റീസർവ്വേ കഴിയാത്ത വില്ലേജുകളിൽ നിലവിലുള്ള കൈവശക്കാരുടെ പേരിൽ data update ചെയ്യുന്ന പ്രവൃത്തി തുടർന്നുവരികയാണ്.

(ബി) പുനർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

## വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

263(3114) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ ജീവനക്കാർ ജോലിഭാരംമൂലം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ സംസ്ഥാനം രൂപീകരിക്കുമ്പോൾ എത്രയാണ്; ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാലാനുസൃതമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനം രൂപീകരിക്കുന്ന വേളയിൽ തിരുവിതാംകൂർ മേഖലയിലെ വില്ലേജുകളിൽ (പകുതികച്ചേരി) പാർവത്തുകാർ, അക്കൗണ്ടന്റ്, ശിപായി എന്നീ തസ്തികകളും, മലബാർ മേഖലയിലുള്ള വില്ലേജുകളിൽ (അംശകച്ചേരി) അധികാരി, മേനോൻ, കോൽക്കാരൻ എന്നീ തസ്തികകളും നിലവിലുണ്ടായിരുന്നു. ആയവയിൽ ജോലിഭാരമനുസരിച്ച് അക്കൗണ്ടന്റ്, ശിപായി, മേനോൻ, കോൽക്കാരൻ എന്നിവരുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായിരുന്നു. നിലവിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്:

| | | |
|---|---|---|
| വില്ലേജാഫീസർ | - | 1 (ഒന്ന്) |
| സ്പെഷ്യൽ വില്ലേജ് ഓഫീസർ | - | 1 (ഒന്ന്) |
| വില്ലേജ് അസിസ്റ്റന്റ് | - | 1 (ഒന്ന്) |
| വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | - | 2 (രണ്ട്) |
| പാർടൈം സ്വീപ്പർ | - | 1 (ഒന്ന്) |

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്നുകണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷനും റീസർവ്വേ നടപടികളും

264 (3115) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ഡിജിറ്റൽവൽക്കരിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ; ഏതൊക്കെ വില്ലേജോഫീസുകൾ ഡിജിറ്റൽവൽക്കരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; ഇനിയും ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കാൻ ഉണ്ടെന്ന് ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റീ സർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. സംസ്ഥാനത്തെ 1440 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുണ്ട്. ഭൂസംബന്ധമായ ടെക്സ്ച്വൽ ഡാറ്റ വിവരങ്ങൾ റവന്യൂ വകുപ്പ് മുഖാന്തരവും സ്പെഷ്യൽ ഡാറ്റ വിവരങ്ങൾ സർവ്വേ വകുപ്പുമാണ് ഡിജിറ്റൈസ് ചെയ്തുവരുന്നത്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തെ ഡിജിറ്റൽവത്കരിച്ച വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (1)* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും റീ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 765 വില്ലേജുകളിലെ റീസർവ്വേ ശേഷിക്കുന്നതുമാണ്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (2)* ആയി ചേർക്കുന്നു.

## വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

265 (3116) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകിവരുന്നതിനാൽ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി എല്ലാ വില്ലേജ് ഓഫീസുകളിലും ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുമോ;

(ബി) ഒരു മണ്ഡലത്തിൽ ഒരു വില്ലേജ് ഓഫീസിനെ മാതൃകാ വില്ലേജ് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അരൂർ മണ്ഡലത്തിൽ അരൂക്കുറ്റി വില്ലേജിനെ മാതൃകാ വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണന യിലില്ല.

## പാവറട്ടി വെൺമേനാട് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം

266 (3117) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി വെൺമേനാട് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ടി ആവശ്യത്തിന് പാവറട്ടി വില്ലേജിലെ അറക്കൽ ജോൺ എന്നവരുടെ ഉടമസ്ഥതയിലുള്ള വെൺമേനാട് റീസർവ്വേ 79/1-ൽപ്പെട്ട 3 സെന്റ് ഭൂമി ടിയാൻ സർക്കാരിലേയ്ക്ക് അവകാശം വിട്ടൊഴിഞ്ഞു തന്നിട്ടുണ്ട്.

(ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി റിക്കാർഡ് റൂം സ്കീമിൽ ഒന്നര ലക്ഷം രൂപ അനുവദിച്ചിരുന്നതും 7-2-2004 തീയതിയിൽ ശിലാസ്ഥാപനം നടന്നിട്ടുള്ളതുമാണ്. ജനകീയ പങ്കാളിത്തത്തോടെ ബെനിഫിഷ്യറി കമ്മിറ്റി രൂപീകരിച്ചെങ്കിലും സാമ്പത്തിക സമാഹരണം നടക്കാത്തതിനാൽ കെട്ടിട നിർമ്മാണം തുടരാൻ കഴിഞ്ഞില്ല. ആയതിനാൽ സ്ഥലം തിരികെ നൽകണമെന്നാവശ്യപ്പെട്ട് ഉടമസ്ഥനായ ശ്രീ. ജോൺ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-8788/16 നമ്പർ കേസ് നിലവിലുള്ളതാണ്.

**പൊളിഞ്ഞ് അപകടാവസ്ഥയിലായ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ**

267 (3118) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെ കെട്ടിടങ്ങൾ പൊളിഞ്ഞ് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത നിവേദനം അടിയന്തര പരിഗണനയ്ക്കെടുത്ത് ഫണ്ട് അനുവദി ക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് റവന്യൂ ഓഫീസുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## റീസർവ്വേ നടപടികളുടെ നിലവിലെ അവസ്ഥ

268 (3119) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 1664 സർവ്വേ വില്ലേജുകളിൽ നാളിതുവരെ എത്ര വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റവന്യൂവകുപ്പിന് നൽകിയിട്ടുണ്ട്; ശേഷിക്കുന്നവ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) വേണ്ടത്ര ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താനും, കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാനും, റീസർവ്വേ പൂർത്തീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 765 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായിട്ടില്ല. റീസർവ്വേ എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. ജില്ലാടിസ്ഥാനത്തിലുള്ള റീസർവ്വേയുടെ പുരോഗതി വിവരം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താനും കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാനും റീസർവ്വേ പൂർത്തീകരിക്കാനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ജീവനക്കാർ ആർജ്ജിച്ച പുരോഗതി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ യഥാസമയം അവലോകനം ചെയ്ത് അവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ആഫീസുകൾ

269 (3120) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം വില്ലേജ് ആഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ആഫീസുകളായി നവീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് വില്ലേജ് ആഫീസുകളുടെ നിർമ്മാണ ചുമതല നിക്ഷിപ്തമാക്കിയിരിക്കുന്നത് ആരിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം, പേരയം, പടിഞ്ഞാറെ കല്ലട, തഴത്തല, ചണ്ണപ്പേട്ട, ഓച്ചിറ, എഴുകോൺ എന്നീ വില്ലേജ് ആഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ആഫീസുകളായി നവീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) സ്മാർട്ട് വില്ലേജ് ആഫീസുകളുടെ നിർമ്മാണ ചുമതല ജില്ലാ കളക്ടർക്കാണ്.

(സി) നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| തൃക്കോവിൽവട്ടം, പേരയം, പടിഞ്ഞാറേ കല്ലട | പണി പൂർത്തീകരിച്ചു |
| തഴത്തല | പണികൾ അന്തിമഘട്ടത്തിൽ |
| ചണ്ണപ്പേട്ട, ഓച്ചിറ, എഴുകോൺ | പണികൾ പ്രാരംഭഘട്ടത്തിലാണ് |

## ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേമെന്റ് സംവിധാനം

270 (3121) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേമെന്റ് സംവിധാനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിൻ കീഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ നികുതി ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് പെയ്മെന്റ് (ഭൂനികുതി, കെട്ടിട നികുതി, ആഡംബര നികുതി മുതലായവ) മാത്രമാണ് നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നേരിട്ട് അടയ്ക്കുവാൻ സാധിക്കുന്നത്. ബാക്കിയെല്ലാ തുകകളും ഇ-പേമെന്റ് വഴി വില്ലേജിൽ നേരിട്ട് സ്വീകരിക്കുന്നു. സമഗ്രമായ ഒരു ഇ-പേമെന്റ് വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റിതര പേയ്മെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്. പദ്ധതികൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(ബി) റവന്യൂ വകുപ്പ് മുഖാന്തിരമുള്ള എല്ലാ ഗവൺമെന്റ്, ഗവൺമെന്റിതര പേയ്മെന്റുകളും ഓൺലൈൻ സംവിധാനം വഴിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പുതിയ റവന്യൂ ഡിവിഷനുകൾ

271 (3122) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പുതിയ റവന്യൂ ഡിവിഷനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്;

(ബി) അതിൽ എവിടെയൊക്കെ പുതിയ ആർ.ഡി.ഒ. ഉൾപ്പെടെയുള്ള തസ്തികകൾക്ക് അംഗീകാരം നൽകിയെന്ന് അറിയിക്കുമോ;

(സി) ശേഷിക്കുന്ന സ്ഥലങ്ങളിൽ ആർ.ഡി.ഒ. ഓഫീസും അനുബന്ധ തസ്തികകളും അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ആർ.ഡി.ഒ. ഉൾപ്പെടെയുള്ള തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## പരാതി പരിഹാര അദാലത്തുകൾ

272 (3123) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് നടത്തുന്ന അദാലത്തുകളിൽ പരാതികളുടെ ബാഹുല്യം കാരണം പലപ്പോഴും സമയബന്ധിതമായി പരിഹാരം കാണാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ ജീവനക്കാരുടെ അധിക ജോലിഭാരം കാരണം റവന്യൂ അദാലത്തുകളിൽ പ്രതീക്ഷിക്കുന്ന തരത്തിലുള്ള പരാതി പരിഹാരം സാധ്യമാകാതെ വരുന്നത് വകുപ്പിന്റെ പ്രതിച്ഛായയെ പ്രതികൂലമായി ബാധിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ വകുപ്പ് ഏറ്റെടുക്കേണ്ടി വരുന്ന പുതിയ ജോലികൾക്കനുസൃതമായി അധിക തസ്തികകൾ അനുവദിച്ച് വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പുതിയ താലൂക്ക് രൂപീകരണം

273 (3124) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്തെ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ദശാബ്ദങ്ങളായുള്ള ആവശ്യം പരിഗണനയിലുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കുന്നംകുളവും, പയ്യന്നൂരും പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിൽ താലൂക്കുകൾ രൂപീകരിക്കേണ്ടത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി & സി) ഉണ്ട്. പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ച് വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഞീഴൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് പഞ്ചായത്ത്വക ഭൂമികൈമാറ്റം**

274 (3125) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ ഗ്രാമ പഞ്ചായത്തുവക ഭൂമി ഞീഴൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് വിട്ടു നൽകുന്നതു സംബന്ധിച്ച് എസ്.ആർ.ഒ. നമ്പർ 310/2017 പ്രകാരം 2017 ജൂൺ 6-ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിനെത്തുടർന്ന് വൈക്കം താലൂക്കോഫീസിലും കോട്ടയം കളക്ടറേറ്റിലും സ്വീകരിച്ചു വരുന്ന തുടർ നടപടി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വൈക്കം താലൂക്കിലെയും, കോട്ടയം കളക്ടറേറ്റിലെയും ഫയൽ നമ്പരുകൾ അറിയിക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ; ഈ സ്ഥലം വിട്ടു നൽകുന്നതിന് ആവശ്യമായ തുടർനടപടികൾ വ്യക്തമാക്കാമോ; ഈ ഭൂമി വിട്ടു നൽകുന്നതിനുള്ള അന്തിമ ഉത്തരവ് എന്നേക്ക് പുറപ്പെടുവിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി പാട്ടത്തിന് നൽകുന്നതിനായി അനുബന്ധ രേഖകൾ സഹിതം പ്രൊപ്പോസൽ

സമർപ്പിക്കുന്നതിന് പാലാ ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള 12(1) നോട്ടീസ് പ്രസിദ്ധപ്പെടുത്തി റിപ്പോർട്ട് പുനഃസമർപ്പിക്കുവാൻ ആർ.ഡി.ഒ., പാലാ നിർദ്ദേശം നൽകുകയും ടി നിർദ്ദേശം പാലിക്കുന്നതിനായി വില്ലേജ് ഓഫീസർ ഞീഴൂരിന് 11-1-2018-ൽ നിർദ്ദേശം നൽകിയതുമാണ്.

(ബി) കോട്ടയം കളക്ടറേറ്റ് ഫയൽ നമ്പർ- ഡി.സി.കെ.റ്റി.എം /7363/2017-ഇ 2(ഇ-ഓഫീസ്), ഇ 2-34729/09 (മാനുവൽ ഫയൽ) എന്നീ ഫയലുകൾ നിലവിലുണ്ട്. ഈ ഫയലുകൾ ജില്ലാ കളക്ടർ കോട്ടയത്തിന്റെ പക്കലാണ്.

വൈക്കം താലൂക്കിലെ ഫയൽ നമ്പർ-സി 6-9386/17- ടി ഫയൽ തഹസിൽദാർ വൈക്കത്തിന്റെ കൈവശവുമാണ്.

ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കി അന്തിമ നടപടി സ്വീകരിക്കുന്നതാണ്.

## കെട്ടിട നികുതി

275 (3126) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതിയുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് വിവിധ ഓഫീസുകളിൽ തീർപ്പാക്കാനുള്ളതെന്നും ഏതൊക്കെ ഓഫീസുകളിൽ എത്ര കേസുകൾ എന്നും വ്യക്തമാക്കുമോ;

(ബി) ആർ.ഡി.ഒ-മാർ കൈകാര്യം ചെയ്യുന്ന കെ.ബി.റ്റി. അപ്പീൽ കേസുകൾ ജില്ലയിലെ മറ്റ് ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ.ബി.റ്റി., എൽ.റ്റി എന്നിവയിലെ അപ്പീൽ യഥാസമയം തീർപ്പാക്കാത്തത് കാരണം വരുമാന നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക ലഭിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെട്ടിട നികുതിയുമായി ബന്ധപ്പെട്ട്, 2017 ഡിസംബർ മാസം വരെ 12461 കെട്ടിടങ്ങളാണ് നികുതി നിർണ്ണയം നടത്താൻ ബാക്കിയുള്ളത്. വിവിധ താലൂക്ക് ഓഫീസുകളിൽ നികുതി നിർണ്ണയം നടത്താൻ ബാക്കിയുള്ള കേസുകളുടെ എണ്ണം അനുബന്ധം എ* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. 2017 ഡിസംബർ മാസം ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ മുതൽ, പിരിവ്, ബാക്കി പത്രിക പ്രകാരം അപ്പലേറ്റ് സ്റ്റേയിൽ ഉൾപ്പെട്ട തുക അനുബന്ധം ബി* ആയി ചേർക്കുന്നു.

## കായംകുളം താലൂക്ക് രൂപീകരണം

276 (*T 3127) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് നിയമപരമായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.*

## കാട്ടാക്കട താലൂക്ക് കേന്ദ്രമായി റവന്യൂ ഡിവിഷൻ ഓഫീസ്

277 (*T 3128) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമായി റവന്യൂ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടിയെന്തെന്നും തുടർ നടപടിയെന്തെന്നും വിശദമാക്കാമോ ?

ഉത്തരം

നെടുമങ്ങാട് ആസ്ഥാനമായി റവന്യൂ ഡിവിഷൻ ഓഫീസ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## റീ സർവ്വേ നടപടികൾ

278 (3129) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേ പ്രവർത്തികൾ ഏതെങ്കിലും ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തൊട്ടാകെ സമയബന്ധിതമായി റീ-സർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ; ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് സർവ്വേ സെറ്റിൽമെന്റ് നിയമം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ പുതിയ നിയമത്തിന്റെ കരട് എന്നത്തേയ്ക്ക് തയ്യാറാകുമെന്ന് വിശദമാക്കാമോ;

(ഡി) റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല. റീസർവ്വേ പ്രവൃത്തികൾ ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 765 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായിട്ടില്ല.

(ബി) സംസ്ഥാനത്ത് റീസർവ്വേ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസി മുഖേന നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് സർവ്വേ സെറ്റിൽമെന്റ് നടപ്പാക്കുന്നതുൾപ്പെടെ നിലവിലുള്ള ഭൂനിയമങ്ങൾ ഭേദഗതി ചെയ്ത് കേരള ലാന്റ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് ആക്ട് -2017 എന്ന പുതിയ നിയമം തയ്യാറാക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) നിലവിൽ പരിഗണനയിലില്ല.

## വില്ലേജുകളുടെ വിഭജനം

279 (3130) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വെളിപ്പെടുത്താമോ;

(ബി) മലപ്പുറം ജില്ലയിലെ മൂന്നിയൂർ, പള്ളിക്കൽ എന്നീ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലയിൽ ഏതെല്ലാം വില്ലേജുകളാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടി തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

## ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്നുള്ള നാശനഷ്ടം

280 (3131) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശമേഖലയിൽ ഉണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയ്ക്ക് നൽകുന്നതിന് കേന്ദ്ര സംഘത്തിന് മുമ്പിൽ എത്ര രൂപയുടെ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ അഭാവം ഈ മേഖലയിലെ നാശനഷ്ടങ്ങൾ വർദ്ധിക്കാൻ ഇടയാക്കി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലികൊടുങ്കാറ്റിനെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശ മേഖലയിൽ ആകെ 1044.98 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) ഹരിപ്പാട് മണ്ഡലത്തിൽ പ്രത്യേകമായി കേന്ദ്രസംഘത്തിന് മുമ്പിൽ ഒരു പാക്കേജും സമർപ്പിച്ചിട്ടില്ല.

(സി) കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ അഭാവം ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരദേശ മേഖലയിൽ നാശനഷ്ടങ്ങൾ വർദ്ധിക്കാനിടയാക്കി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃക്കുന്നപ്പുഴ, ആറാട്ടുപുഴ റോഡിൽ ചെയിനേജ് 5/630 മുതൽ ഏകദേശം 600 മീറ്ററോളം ഭാഗത്ത് പുലിമുട്ട് ഇല്ലാത്തതിനാൽ രൂക്ഷമായ കടലാക്രമണം നേരിട്ടിട്ടുള്ളതും കൂടാതെ കടലിൽ നിന്നുള്ള വൻ തോതിലുള്ള മണൽ നിക്ഷേപം റോഡിലേക്ക് അടിച്ച് കയറുന്നതിനാൽ റോഡ് തകരുന്ന സ്ഥിതി വിശേഷവും ഗതാഗത സ്തംഭനാവസ്ഥയും ഉണ്ടായിട്ടുണ്ട്.

## വരൾച്ചാ ദുരിതാശ്വാസമായി പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച തുക

281 (3132) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസമായി പാലക്കാട് ജില്ലയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടത് പ്രകാരം നെൽകൃഷി ചെയ്യാതിരുന്ന കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;

(സി) ഇത് സംബന്ധിച്ച് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ദുരന്ത നിവാരണ നിധിയിൽ നിന്നും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പാലക്കാട് ജില്ലയ്ക്കായി ആകെ 11,58,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സ.ഉ. (സാധാ.) നമ്പർ 1183/2017/കൃഷി തീയതി 8-12-2017 പ്രകാരം പാലക്കാട് ജില്ലയിൽ വരൾച്ചമൂലം നെൽകൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് 2016-17 സാമ്പത്തിക വർഷം 4 കോടി രൂപ 2401-00-800-91-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് കൃഷി വകുപ്പ് അനുവദിച്ചിരുന്നു.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്) നിയമനം

282 (3133) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിലെ പ്രകൃതി ദുരന്തം കൈകാര്യം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ സഹായിക്കുന്നതിനായി ആറ് ജില്ലകളിൽ മാത്രമാണ് ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്) ഉള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരെ (ഡിസാസ്റ്റർ മാനേജ്മെന്റ്) നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8 ജില്ലകളിൽ മാത്രമാണ് ഡെപ്യൂട്ടി കളക്ടർ (ഡി.എം.) തസ്തിക നിലവിലുള്ളത്. ഇടുക്കി, വയനാട്, പാലക്കാട്, കോട്ടയം, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (ഡി.എം.) തസ്തിക നിലവിലില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## ദുരിതാശ്വാസ നിധി ഫണ്ട് വിനിയോഗം

283 (3134) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ദുരിതാശ്വാസ നിധിയിലെ ഫണ്ട് ചെലവഴിക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്;

(സി) മുഖ്യമന്ത്രിയുടെ ഹെലികോപ്റ്റർ യാത്രയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവ്, വകുപ്പു മന്ത്രിയുടെ അനുമതി യോടെയാണോ പുറപ്പെടുവിച്ചത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) മാരക രോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകട മരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ

മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിവരുന്നത്.

(സി) ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന് ശേഷം ഉത്തരവിന്റെ പകർപ്പ് റവന്യൂ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നല്കുകയുമാണുണ്ടായത്.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗം**

284 (3135) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ട്, സംസ്ഥാന സർക്കാർ ഈ ആവശ്യത്തിന് ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്ക് 2017-18 വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്, ഈയിനത്തിൽ സംസ്ഥാന സർക്കാർ ചെലവാക്കിയ തുക എന്നിവ വിവരിക്കാമോ;

(സി) ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് എന്തെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ചെയ്യുന്നത് എന്നറിയിക്കാമോ;

(ഡി) 2017-18 വർഷത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചെയ്തതോ ഭരണാനുമതി നൽകിയതോ ആയ പ്രവൃത്തികളുടെ പട്ടിക നൽകാമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ളത് 1,99,44,04,000 രൂപയും ചെലവാക്കിയത് 1,77,23,50,695 രൂപയുമാണ്.

(ബി) വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിലവിൽ വകയിരുത്തിയിരുന്നത് 76,00,47,000 രൂപയും ചെലവാക്കിയത് 61,42,13,986 രൂപയുമാണ്.

(സി) അംഗീകൃത ദുരന്തങ്ങളുണ്ടാകുന്ന സമയത്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് ചെയ്യുന്നത്. കേന്ദ്ര മാനദണ്ഡപ്രകാരം ചെയ്യാവുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ 20-5-2015-ലെ

സ.ഉ(കൈ.)നമ്പർ 194/2015/ഡി.എം.ഡി, 23-7-2015-ലെ സ.ഉ(കൈ.) നമ്പർ 343/2015/ ഡി.എം.ഡി, 18/01/2017-ലെ സ.ഉ(സാധാ) നമ്പർ 149/2017/ഡി. എം.ഡി എന്നിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

**വെള്ളപ്പൊക്ക ദുരിതാശ്വാസനിധി**

285 (3136) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും പുനരുദ്ധാരണത്തിനായി എറണാകുളം ജില്ലയിലെ ഓരോ മണ്ഡലത്തിലും അനുവദിച്ച തുക എത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസനിധി എന്നൊരു നിധി നിലവിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത നിധിയുടെ മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജില്ലയിൽ ആകെ 15,87,01,258 രൂപ (പതിനഞ്ച് കോടി എൺപത്തിയേഴ് ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി അമ്പത്തിയെട്ട് രൂപാ മാത്രം)-യുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**വെള്ളപ്പൊക്ക ദുരിതാശ്വാസനിധി ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

286(3137) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെയുള്ള നാല് വർഷ കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫ്ളഡ് പ്രവൃത്തികൾ ഏതൊക്കെ എന്നറിയിക്കാമോ;

(ബി) അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണ്; വിശദീകരിക്കാമോ;

(ഡി) പൂർത്തീകരിച്ച പ്രവൃത്തികളിൽ ഏതിനൊക്കെ തുക നൽകി; വിശദവിവരങ്ങൾ നൽകാമോ;

(ഇ) പൂർത്തീകരിച്ച പ്രവൃത്തികൾക്ക് തുക നൽകാനുണ്ടെങ്കിൽ എന്താണ് തുക നൽകുന്നതിന് തടസ്സം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/ പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

(ബി-ഇ) ബാധകമല്ല.

**വരൾച്ചയുമായി ബന്ധപ്പെട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

287 (3138) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വരൾച്ചയുമായി ബന്ധപ്പെട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ കേന്ദ്രത്തോട് എത്ര തുകയാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്ക് കേന്ദ്രം അനുവദിച്ച തുക എത്രയാണ്;

(സി) വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ കേന്ദ്ര സംഘം സന്ദർശനം നടത്തിയിരുന്നുവോ; എങ്കിൽ എവിടെയെല്ലാമാണ് സന്ദർശനം നടത്തിയത്;

(ഡി) പ്രസ്തുത സംഘത്തിൽ ആരെല്ലാമാണ് ഉണ്ടായിരുന്നത്;

(ഇ) ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുക എത്രയാണെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) കഴിഞ്ഞ വർഷത്തെ വരൾച്ചയുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം 992.5 കോടി രൂപയുടെ ധനസഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധി (NDRF) യിൽ നിന്നും 112.05 കോടി രൂപയും നാഷണൽ റൂറൽ ഡ്രിങ്കിംഗ്

വാട്ടർ പ്രോഗ്രാം (NRDWP) -ന്റെ സ്പെഷ്യൽ കമ്പോണന്റിൽ നിന്നും 13.42 കോടി രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായി കേന്ദ്ര കൃഷി വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘം സന്ദർശിച്ചിരുന്നു. ഓരോ ജില്ലയിലും സന്ദർശിച്ച സ്ഥലങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

പാലക്കാട്: മംഗലം പാലം, എരിമയൂർ പഴയ പാലം, എരിമയൂർ ചെക്ക് ഡാം, നിരക്കോട് പാലം, ചുള്ളിയാർ ഡാം, കംബ്രാത് ചാല പാലം, മേനോൻ പാറ പാലം, BEML, NIDA പാലം ചെക്ക് ഡാം, മലമ്പുഴ ഡാം

മലപ്പുറം : തിരുവേങ്ങപ്പുര, വളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, ഭാരതപ്പുഴ

വയനാട് : പുൽപ്പള്ളി, മുള്ളൻകൊല്ലി, വണ്ടികടവ്

തൃശ്ശൂർ : നെട്ടിശ്ശേരി പാടം, തിരുവില്ല്വാമല

എറണാകുളം : ആലുവ പമ്പിംഗ് സ്റ്റേഷൻ, പുത്തൻവേലിക്കര, താഴത്തുപാടം, കുന്നുകര

തിരുവനന്തപുരം: പൂവൻപാറ ബണ്ട്, വാമനപുരം നദി, ചാങ്ങാട് ഏല, വെള്ളല്ലൂർ ഏല, പഴയകുന്നുമ്മേൽ ഏല, കിളിമാനൂർ ചിറ്റാർ നദി, വാമനപുരം ഏല, നെല്ലനാട് ഏല, പെരിങ്ങമല ഏല, മാണിക്കൽ ഏല, നെയ്യാർ ഡാം, അമ്പൂരി വില്ലേജ്.

കേന്ദ്ര സംഘത്തിൽ ഉണ്ടായിരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

- ശ്രീ. അശ്വനി കുമാർ (ടീം ലീഡർ) - ജോയിന്റ് സെക്രട്ടറി, മിനിസ്ട്രി ഓഫ് അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ
- ശ്രീമതി അഞ്ജലി ചന്ദ്ര – ചീഫ് എഞ്ചിനീയർ, മിനിസ്ട്രി ഓഫ് പവർ
- ഡോ. കെ. പൊന്നുസ്വാമി-ഡയറക്ടർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ
- ആർ. തങ്കമണി - ഡയറക്ടർ, മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് റിവർ ഡെവലപ്മെന്റ് ആന്റ് ഗംഗാ റിജുവനേഷൻ
- ശ്രീ. ഗോപാൽ പ്രസാദ് - ഡയറക്ടർ, മിനിസ്ട്രി ഓഫ് ഫിനാൻസ്

- ശ്രീ. മനോഷ് ചൗധരി - ഡെപ്യൂട്ടി അഡ്വൈസർ, നീതി ആയോഗ്
- ശ്രീ. ജി. ആർ. സർഗാർ - സീനിയർ കൺസൾട്ടന്റ്, മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ
- ശ്രീ. ഡി. വി. റാവു - അസിസ്റ്റന്റ് കമ്മീഷണർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആനിമൽ ഹസ്ബൻഡറി & ഫിഷറീസ്
- ശ്രീ. അഗസ്റ്റിൻ ക്ലിന്റൺ - അസിസ്റ്റന്റ് ജനറൽ മാനേജർ (ജി) & ഏരിയ മാനേജർ, എഫ്.സി.ഐ. കേരള റീജിയൺ
- ശ്രീ. രാഹുൽ സിംഗ് - ഡെപ്യൂട്ടി ഡയറക്ടർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ
- ശ്രീ. വിജയ് രാജ്മോഹൻ - ഡയറക്ടർ (ഡി.എം.), ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ, കോ-ഓപ്പറേഷൻ & ഫാർമേഴ്സ് വെൽഫെയർ

## റവന്യൂ വകുപ്പിൽ ഇ-പേമെന്റ് സംവിധാനം

288 (3139) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുന്നതോടെ സാധാരണക്കാരായ ജനങ്ങൾ നികുതി അടയ്ക്കുന്നതിന് അക്ഷയ സെന്ററുകളെയും മറ്റ് സ്ഥാപനങ്ങളെയും സമീപിക്കുമ്പോൾ അവരുടെ സർവ്വീസ് ചാർജ് കൂടി നൽകേണ്ടിവരും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേമെന്റ് സംവിധാനം വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റിതര പേമെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്.

(ബി) റവന്യൂ ഇ-പേമെന്റ് സംവിധാനം മുഖേന നികുതിയും മറ്റും സ്വീകരിക്കുന്നതിനായി നിലവിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കൊണ്ടു വരുന്നതിന് ഏറ്റവും അത്യാവശ്യം വേണ്ടി വരുന്ന ജീവനക്കാരുടെ വിവരം ഉൾപ്പെടുത്തി വിശദവും വ്യക്തവുമായ ഒരു പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ തന്നെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## റിവർ മാനേജ്മെന്റ് ഫണ്ട്

289 (3140) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാലങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം പാലങ്ങളുടെ പണികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പാലങ്ങളുടെ പണികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പണികൾ പൂർത്തീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

I. കൈപ്പട്ടൂർ പാലം

II. തുപ്പാറ പാലം

III. ചിറ്റൂർ കടവ് പാലം എന്നീ പാലങ്ങളാണ് കോന്നി നിയോജക മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളത്.

(ബി) പിയർ ക്യാപ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രവൃത്തികളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.

(ഡി&ഇ) വിവിധ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കോസ്റ്റ് എസ്കലേഷനും, പുതിയ ചരക്ക് സേവന നികുതിയും ഉൾപ്പെടുത്തി സപ്ലിമെന്ററി ഉടമ്പടി വയ്ക്കണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ താത്കാലികമായി നിർത്തി വച്ചിട്ടുള്ളതുമാണ്.

(എഫ്) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

290 (3141) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ ഈ സാമ്പത്തിക വർഷം ആകെ എത്ര തുകയാണ് റിവർ മാനേജ്മെന്റിനായി നീക്കിവച്ചിട്ടുള്ളത്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഇനി എത്ര തുകയാണ് ബാക്കിയുള്ളത്;വ്യക്തമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പുതിയതായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 50,61,96,114 (അമ്പതു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുന്നൂറ്റി പതിനാലു രൂപ) രൂപയാണ് മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 2017 ഡിസംബർ വരെയുള്ള നീക്കിയിരുപ്പു തുക.സാമ്പത്തിക വർഷത്തിൽ നിലവിൽ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 1,83,62,453 (ഒരു കോടി എൺപത്തിമൂന്നു ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ്റി അമ്പത്തി മൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചു വരുന്നത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം അനുശാസിക്കും പ്രകാരമാണ്.

## മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

291 (3142) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ. എം. എഫ്.) നിലവിൽ നീക്കിയിരിപ്പുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അംഗീകാരത്തിനായി സമർപ്പിച്ച ഏറനാട് മണ്ഡലത്തിലെ പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ ഫണ്ടുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയ ഏറനാട് മണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം (ചാലിയാറിന് കുറുകെ) നിർമ്മാണം, ഭരണാനുമതി ലഭിച്ച് രണ്ട് വർഷമായിട്ടും തുടങ്ങാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; ഇതോടൊപ്പം ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 50,61,96,114 രൂപ (അമ്പതു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുന്നൂറ്റി പതിനാലു രൂപ)

(ബി) ഏറനാട് ഗ്രാമ പഞ്ചായത്തിൽ നിന്നും 3 പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിൽ മുക്കം കടവിന് താഴെ അരീക്കോട് പാലത്തിനു സമീപം ചാലിയാർ പുഴയുടെ കര സംരക്ഷണം - ഭരണാനുമതി ലഭിച്ചു.
2. കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിൽ കോലോത്തുംതൊടി കക്കുഴികുന്നോത്ത് വാർഡ് 10, കനിയിൽ, ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം - ഭരണാനുമതി നൽകിയിട്ടില്ല. Vegetative Protection -ന് ഉതകുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കീഴപറമ്പ് ഗ്രാമ പഞ്ചായത്തിൽ നടുക്കണ്ടിക്കടവിന് സമീപം ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം - ഭരണാനുമതി നൽകിയിട്ടില്ല. Vegetative Protection- ന് ഉതകുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൊടവണ്ണകടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും പാലത്തിന്റെ കൗണ്ടർവെയ്റ്റ് സ്ഥാപിക്കേണ്ട സ്ഥലം വനഭൂമിയായതിനാൽ കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിരുന്നു. ഇതേ തുടർന്നാണ് പാലം നിർമ്മാണം ആരംഭിക്കുവാൻ വൈകിയത്.

(ഡി) മൊടവണ്ണകടവ് പാലത്തോടൊപ്പം സംസ്ഥാനത്തെ മറ്റ് എട്ട് പാലങ്ങൾക്കു കൂടിയാണ് ഭരണാനുമതി ലഭിച്ചിരുന്നത്. അതിൽ അഞ്ചു പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും മൊടവണ്ണകടവ് ഉൾപ്പെടെ നാല് പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു. എന്നാൽ 3-11-2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ തീരുമാനപ്രകാരം പണി ആരംഭിച്ചിട്ടില്ലാത്ത നാലു പാലങ്ങളുടെ കൂടി പണി അടിയന്തരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്താൻ നടപടി

292 (*T 3143) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ തണ്ണീർത്തട നിയമത്തിനു മുമ്പ് നികത്തിയതും വീട് ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും ഡാറ്റാ ബാങ്കിൽ തെറ്റായി നിലമായി ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തി കിട്ടുന്നതിന് വസ്തു ഉടമസ്ഥർക്ക് കൃഷി ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം ഭേദഗതി ചെയ്തിരുന്നു. ഇപ്രകാരം അപേക്ഷ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നൽകുന്നതിന് 2017 നവംബർ 27 വരെ കാലയളവ് നൽകിയിരുന്നു. തെറ്റായി ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ തിരുത്തൽ വരുത്തി പുതുക്കിയ ഡാറ്റാ ബാങ്ക് 2018 മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.*

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

293 (* T3144) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഭേദഗതി നിയമത്തിൽ പഞ്ചായത്തുകൾക്ക് തരിശുനിലം ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഉടമയുടെ ഉടമസ്ഥാവകാശത്തിന് എന്ത് നടപടി കൈക്കൊള്ളും എന്നറിയിക്കാമോ;

(സി) നിയമഭേദഗതി പ്രകാരം പ്രാദേശിക വികസന സമിതികളുടെ സ്ഥിതി എന്താകുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2008-നു മുൻപ് നികത്തിയ ഭൂമിയാണെന്ന് സർട്ടിഫൈ ചെയ്യേണ്ടത് ഏത് ഉദ്യോഗസ്ഥനാണ് എന്നറിയിക്കാമോ; പ്രസ്തുത ഭൂമി ക്രമപ്പെടുത്താൻ വ്യവസ്ഥകളിൽ എന്ത് മാറ്റമാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) 2017 -ലെ ഓർഡിനൻസ് നമ്പർ 41/2017 പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 2, 5, 8, 9, 10, 12, 13, 14, 16, 19, 20, 23, 25, 27 എന്നീ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) ഉടമസ്ഥാവകാശത്തിന് മാറ്റം വരുത്താതെ തന്നെ പഞ്ചായത്തുകൾക്ക് തരിശുനിലം ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നെൽവയൽ തണ്ണീർത്തടങ്ങളായി നിലകൊള്ളുന്ന ഭൂമിയിൽ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ചുമതല, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തതുപോലെ തന്നെ തുടരുന്നതാണ്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ കൃഷി ഓഫീസർ കൺവീനറായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതിയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്.

2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് സെക്ഷൻ 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവൽക്കരിക്കുന്നതിന് കൃഷി ഓഫീസറിന് അപേക്ഷ നൽകേണ്ടതും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. ഇപ്രകാരം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് ന്യായവിലയുടെ 50 ശതമാനം നിരക്കിൽ അപേക്ഷകൻ ഫീസ് അടയ്ക്കേണ്ടതാണ്.

**അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കാൻ നടപടി**

294 (* T 3145) <u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വരുന്നതിന് മുമ്പുള്ള അനധികൃത നിലം നികത്തൽ ക്രമപ്പെടുത്തുന്നതിനായി, മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്ന ഭേദഗതി, ഈ സർക്കാർ നിലവിൽ വന്നശേഷം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർക്ക് പ്രസ്തുത നിയമപ്രകാരം അധികാരമുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത അധികാരം ജില്ലാ ഭരണാധികാരികൾ വിനിയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 കർശനമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 13 പ്രകാരം ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി എല്ലാ ജില്ലാ കളക്ടർമാരും സ്വീകരിച്ചു വരുന്നുണ്ട്.

## വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവ് സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

295 (3146) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് കിട്ടുവാൻ വേണ്ടി നഗരസഭ ചെയർപേഴ്സൺ റവന്യൂ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മിഷണറേറ്റിലെ ഫയലുകളുടെ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) നിബന്ധന ലഘൂകരിച്ചു കൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് കിട്ടുവാൻവേണ്ടി നഗരസഭ ചെയർപേഴ്സൺ റവന്യൂ മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി മലപ്പുറം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്. ടി റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഫയൽ നിലവിലില്ല.

(സി) മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി സർക്കാർഭൂമി

296 (3147) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി സർക്കാർ ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയുടെ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇതിൽ ആദിവാസികൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് സർക്കാർ ഭൂമി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്ന് ജില്ല, താലൂക്ക്, വില്ലേജ് തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ കണ്ടെത്തിയ ഭൂമി എത്രയാണ്; ഇവയുടെ ജില്ല ,താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 270.83 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ ഭൂമിയൊന്നും വിതരണം ചെയ്തിട്ടില്ല. ടി പദ്ധതി പ്രകാരം മുൻപ് നൽകിയ ഭൂമിയിന്മേലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ ഭൂമിയൊന്നും വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല.

(സി) ബാധകമല്ല.

(ഡി) ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഭൂരഹിതരായ കുടുംബങ്ങളുടെ യഥാർത്ഥ എണ്ണം ലഭ്യമാകുകയുള്ളൂ.

(ഇ) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി നിലവിൽ സർക്കാർ കണ്ടെത്തിയ ഭൂമി 270.83 ഹെക്ടർ ആണ്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. വില്ലേജ്, താലൂക്ക് തിരിച്ചുള്ള ലിസ്റ്റ് ശേഖരിച്ച് നൽകുന്നതാണ്.

| ക്രമ നമ്പർ | ജില്ല | ലഭ്യമായ ഭൂമിയുടെ അളവ് |
|---|---|---|
| 1 | തിരുവനന്തപുരം | 07.6491 |
| 2 | കൊല്ലം | 00.0427 |
| 3 | പത്തനംതിട്ട | 00.4858 |
| 4 | ആലപ്പുഴ | 00.3870 |
| 5 | കോട്ടയം | 08.4129 |
| 6 | ഇടുക്കി | 161.9158 |
| 7 | എറണാകുളം | 02.1983 |
| 8 | തൃശ്ശൂർ | 50.7954 |
| 9 | പാലക്കാട് | 30.7692 |
| 10 | മലപ്പുറം | 01.4706 |
| 11 | കോഴിക്കോട് | 00.7813 |
| 12 | വയനാട് | 00.0485 |
| 13 | കണ്ണൂർ | 05.8821 |
| 14 | കാസർഗോഡ് | 00.0000 |
| 15 | ആകെ | 270.8387 |

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ**

297 (3148) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മറവിൽ പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ വെച്ചൂച്ചിറ പരുവയിലുള്ള ആദിവാസികൾക്കായുള്ള ഭൂമി, വിലയിൽ കൃത്രിമം കാട്ടി തട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികളെ ഭീഷണിപ്പെടുത്തി ഇത്തരത്തിലുള്ള തട്ടിപ്പ് നടക്കുന്നത് സംബന്ധിച്ച് മംഗളം മാധ്യമത്തിൽ 26-1-2018-ൽ വന്ന വാർത്ത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേടിനെ സംബന്ധിച്ച് പരിശോധിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനെ സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ, തഹസീൽദാർ മുതലായവർക്ക് പരാതി നൽകിയിട്ട് നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തട്ടിപ്പിന് ഭൂഉടമയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, തഹസീൽദാർ മുതലായവരും കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ;

(ഇ) ആദിവാസികൾക്കെതിരെയുള്ള ഇത്തരം തട്ടിപ്പുകൾക്കെതിരെ ഒരു ഉന്നതതല അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തു കൊണ്ടു വന്ന് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഈ വിഷയം സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർക്ക് ലഭ്യമായ പരാതി അന്വേഷണം നടത്തുന്നതിന് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ**

298 (3149) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച അവലോകന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റി (2016-2018)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2018) ന്റെ നിർദ്ദേശ പ്രകാരം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളും, ഭൂമി സംബന്ധമായ പ്രശ്നങ്ങളും സംബന്ധിച്ച് മൂന്നാർ സന്ദർശിച്ച് ലാന്റ് റവന്യൂ കമ്മീഷണർ തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രസ്തുത സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ട് പരിശോധിച്ച് സമിതി സർക്കാരിന് ശിപാർശകൾ നല്കിയിട്ടുള്ളതും, ടി റിപ്പോർട്ടിലെ 8-ഉം 9-ഉം ശിപാർശകളിൽ റവന്യൂ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നതും മറ്റ് ശിപാർശകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കൃഷി വകുപ്പ്, വനം വന്യജീവി വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

(സി) മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനും, തദ്ദേശ സ്വയംഭരണ വകുപ്പിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

**പാറ ഖനനം നടത്തുന്നതിന് റോയൽറ്റി**

299 (3150) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സർക്കാർ പുറംമ്പോക്കിൽ പാറ ഖനനം എത്ര ഭൂവിസ്തൃതിയിൽ നടക്കുന്നുണ്ട്; പാറ ഖനനം നടത്തുന്ന സർക്കാർഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർഭൂമിയിൽ പാറ ഖനനം നടത്തുന്നതിന് ഒരു വർഷം റോയൽറ്റി ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റോയൽറ്റി ഇനത്തിൽ എത്ര കുടിശ്ശിക സർക്കാരിന് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ 23.2323 ഹെക്ടർ സർക്കാർ പുറമ്പോക്കിൽ പാറഖനനം നടക്കുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ സർക്കാർ ഭൂമിയിൽ പാറ ഖനനം നടത്തിയതിൽ നിന്നും 2017-18 വർഷം ഇതു വരെ 1,14,18,960 രൂപ (ഒരു കോടി പതിനാലു ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ) റോയൽറ്റി ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) റോയൽറ്റി ഇനത്തിൽ 74,57,130 രൂപ (എഴുപത്തി നാല് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ) സർക്കാരിന് ലഭിക്കാനുണ്ട്.

## ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി

300 (3151) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;

(ഡി) ഈ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജിന്റെ ഉടമസ്ഥതയിലും കൈവശമുള്ളതുമായ തെക്കും ഭാഗം വില്ലേജ് സർവ്വേ നമ്പർ 637/2-ൽപ്പെട്ട 1.07 ആർ സ്ഥലം ബസ് ഷെൽട്ടർ നിർമ്മാണത്തിനുവേണ്ടി തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) വില നിർണ്ണയം പൂർത്തിയാക്കിയിട്ടില്ലാത്ത സ്ഥലം വിട്ടു നൽകുന്നതിന് വകുപ്പ് മേധാവിയുടെയോ, ജില്ലാ മേധാവികളുടെയോ സമ്മതപത്രം ഹാജരാക്കാൻ ആയുർവേദ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയെങ്കിലും നാളിതു വരെ മറുപടി ലഭിച്ചിട്ടില്ല.

(സി&ഡി)വകുപ്പ് മേധാവിയുടെയോ ജില്ലാ മേധാവിയുടെയോ സമ്മതപത്രം ലഭിച്ചതിനു ശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പട്ടാമ്പി റവന്യൂ ടവർ

301 (3152) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ അനുവദിച്ച റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി വില്ലേജ് ഓഫീസ് കോമ്പൗണ്ട് സ്ഥലം റയിൽവേയ്ക്ക് സമീപമായതിനാൽ ടി സ്ഥലം റവന്യൂ ടവർ നിർമ്മാണത്തിന് അനുയോജ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടാമ്പിയിൽ റവന്യൂ ടവർ നിർമ്മാണത്തിന് അനുയോജ്യമായ വേറെ ഭൂമി ഒന്നും തന്നെയില്ല.

## കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ ഓഫീസ്

302 (* T3153) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ ഓഫീസ് നിർമ്മിക്കുന്നതിന്, മിനി സിവിൽ സ്റ്റേഷന് സമീപം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് ജില്ലാ ട്രഷറി ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിൽ കളക്ടറേറ്റിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ ട്രഷറി ഓഫീസർ കളക്ടർക്ക് അയച്ചിട്ടുള്ള പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ജില്ലാ ട്രഷറി ആഫീസർ കൊയിലാണ്ടി താലൂക്കിൽ ഇറിഗേഷൻ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേരാമ്പ്ര 15-11-2013-ന് ഇ 5/175/11-ാം നമ്പർ കത്തുപ്രകാരം കൊയിലാണ്ടി താലൂക്കിലെ റീസർവ്വേ നമ്പർ 39/1 ബി-യിൽപ്പെട്ട 15.5 സെന്റ് ഇറിഗേഷൻ വകുപ്പ് കൈവശ സ്ഥലം കൊയിലാണ്ടി സബ് ട്രഷറി നിർമ്മിക്കുന്നതിന് റവന്യൂ ഭൂമിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ അപേക്ഷിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം റവന്യൂ ഭൂമിയാക്കുന്നതിന് കൊയിലാണ്ടി തഹസീൽദാർക്ക് കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസൽ അയച്ചതായി കാണുന്നില്ല

## റവന്യൂ വകുപ്പിൽ ഡിജിറ്റൈസേഷൻ

303 (3154) ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡിജിറ്റൈസേഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ലക്ഷ്യമിടുന്നത്;

(ബി) സംസ്ഥാനത്തെ മുഴുവൻ വില്ലേജാഫീസുകളിലും ഡിജിറ്റൈസേഷൻ നടപടികൾ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തെ ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും ഡിജിറ്റൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ രേഖകൾ ഡിജിറ്റൈസേഷൻ നടത്തുന്ന നടപടി നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തതെന്തുകൊണ്ട്; ഇത് ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂ വിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം

തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഭൂ സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും, ഭൂഉടമകളിൽ നിന്നും നികുതി സ്വീകരിക്കുകയും ചെയ്യുക എന്നിവയാണ് പ്രധാനമായും ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി&സി) സംസ്ഥാനത്തെ 1440 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുണ്ട്. ഭൂസംബന്ധമായി ടെക്സ്ച്വൽ ഡാറ്റ (Textual Data) വിവരങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരവും സ്പെഷ്യൽ ഡാറ്റ (Special Data) വിവരങ്ങൾ സർവ്വേ വകുപ്പുമാണ് ഡിജിറ്റൈസ് ചെയ്തു വരുന്നത്. സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂ വിവരങ്ങൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## പട്ടയം നൽകാനുള്ള നടപടികൾ

304 (3155) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പുഴപുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി ഇത്തരത്തിൽ എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോട് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം പുഴപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമി പതിവ് വിധേയമല്ല എന്നും പുഴതീരങ്ങളിലുള്ള ഭൂമി പതിച്ചു നൽകരുതെന്ന് സുപ്രീം കോടതി വിധിന്യായമുള്ളതായും കാണുന്നു. 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 218 (1) വകുപ്പ്, മുനിസിപ്പാലിറ്റി ആക്ടിലെ 208 എ (1) വകുപ്പ് എന്നിവ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായ ജലസ്രോതസ്സുമായി

ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കിയാൽ മാത്രമെ പുഴപുറമ്പോക്ക് പതിച്ചു നൽകുവാൻ സാധിക്കുകയുള്ളു. പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകളാൽ വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ, സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചു വരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ട് നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചു വരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക്ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുവിഷയം 28565/യു3/15/റവ നമ്പർ ഫയലിൽ പരിശോധനയിലാണ്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ പട്ടയത്തിനായുള്ള അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ബി) ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി പുഴപുറമ്പോക്കിൽ താമസിക്കുന്നവരുടെ 105 അപേക്ഷകൾ നിലവിലുണ്ട്.

## ദേവികുളം താലൂക്കിൽ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകുന്നതിനായി ഭൂമി

305 (3156) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. നിയമ പ്രകാരം ദേവികുളം താലൂക്കിൽ ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതിനായി മാങ്കുളം വില്ലേജിൽ മാറ്റി വച്ച 2100 ഹെക്ടർ സ്ഥലത്ത് ഉൾപ്പെട്ടുവരുന്നതും 1996 വരെ അളന്നു തിരിച്ച് ഒന്ന് മുതൽ 1342 വരെയുള്ള പ്ലോട്ടുകളുടേയും (1336 ഹെക്ടർ) 1998 ൽ അളന്നു തിരിച്ച് 1 മുതൽ 1200 വരെയുള്ള പ്ലോട്ടുകളുടേയും (600 ഹെക്ടർ) ഇനിയും അളന്നു തിരിക്കാനുള്ള 50 - ാം മൈൽ നല്ലതണ്ണി കല്ലാർ ഭാഗത്തെ റീസർവ്വേ 213 -ൽ പെട്ട 164 ഹെക്ടർ സ്ഥലത്തിന്റെയും ഭരണ ചുമതല റവന്യൂ വകുപ്പിനാണോ എന്ന് വ്യക്തമാക്കുമോ; ആയത് മറ്റേതെങ്കിലും വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ടി സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) കെ.ഡി.എച്ച്. നിയമ പ്രകാരം ഏറ്റെടുത്ത മിച്ച ഭൂമിയുടെ നിലവിലെ യൂട്ടിലൈസേഷൻ ഓർഡറിന്റെ പകർപ്പ്, 1998-ന് ശേഷം അളന്ന് തിരിച്ച പ്ലോട്ടുകളുടെ എണ്ണവും വിസ്തീർണ്ണവും,സർവ്വേ പ്ലാൻ എന്നിവയും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട് പ്രകാരം സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ പതിച്ചു നൽകുന്നതിനായി മാറ്റിവച്ചിരുന്ന 2100 ഹെക്ടർ (5189 ഏക്കർ) ഭൂമിയുടെ ഭരണ ചുമതല റവന്യൂ വകുപ്പിനാണ്.

(ബി) 5189 ഏക്കർ ഭൂമി പതിച്ചു നൽകുന്നതിനായി മാറ്റി വച്ചിട്ടുള്ള യൂട്ടിലൈസേഷൻ ഓർഡറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. 1998-ന് ശേഷം അളന്നുതിരിച്ച പ്ലോട്ടുകളുടെ എണ്ണം 1200-ഉം വിസ്തീർണ്ണം 600 ഹെക്ടറുമാണ്. സർവ്വേ പ്ലാൻ ലഭ്യമല്ല.

**മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണം**

306 (3157) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി സിവിൽ സ്റ്റേഷൻ വളപ്പിൽ ഏറ്റെടുക്കുന്ന സ്ഥല വിസ്തൃതി എത്രയാണ്; നേരത്തെ നിശ്ചയിച്ചതിൽ നിന്നും വ്യത്യാസപ്പെടുത്തി സ്ഥലവിസ്തൃതി പുനർനിർണ്ണയിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ റവന്യൂ-സർവ്വേ വകുപ്പുകൾ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം കുടംബ കോടതി കെട്ടിട നിർമ്മാണത്തിന് മലപ്പുറം വില്ലേജ് സിവിൽ സ്റ്റേഷൻ കോമ്പൌണ്ടിൽ സർവ്വേ 430/1 എ 3 എ 1-ൽ പ്പെട്ട 32 സെന്റ് ഭൂമി കൈമാറി നൽകുന്നതിനുള്ള വിശദമായ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറുടെ 22-01-2018 -ലെ എൽ.ആർ.കെ2/62348/17-ാം നമ്പർ കത്ത് പ്രകാരം 31-1-2018 -ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) മലപ്പുറം കുടുംബ കോടതി കെട്ടിട നിർമ്മാണത്തിന് 3-9-2016-ലെ സ.ഉ (എം.എസ്) നം.495/16/റവ ഉത്തരവ് പ്രകാരം 25.11 സെന്റ് ഭൂമിയാണ് കൈമാറി നൽകിയിരുന്നത്. എന്നാൽ ടി ഭൂമി കുടുംബ കോടതി നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ ജില്ലാ ജഡ്ജിയുടെ റിക്വിസിഷൻ പ്രകാരം 32 സെന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയി പുനർനിർണ്ണയിച്ച് താലൂക്ക് സർവ്വെയർ അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാരിൽ 31-1-2018-ൽ ലഭിച്ചിട്ടുണ്ട്. ടി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

**ടോറൻസ് സമ്പ്രദായം**

307 (3158) ശ്രീ. പി. കെ. ബഷീർ
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ ടോറൻസ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ നിലവിൽ എവിടെയെല്ലാമാണ് ഇത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കേരളത്തിൽ എല്ലാ സ്ഥലത്തും വ്യാപിപ്പിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി എല്ലാ സ്ഥലത്തേക്കും വ്യാപിപ്പിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോട്ടയം, അങ്കമാലി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കീഴിൽ വരുന്ന വില്ലേജുകളിൽ ടോറൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) ഓൺലൈൻ പോക്കുവരവ് പദ്ധതി സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ ടോറൻസ് സമ്പ്രദായം എല്ലാ സ്ഥലത്തേയ്ക്കും വ്യാപിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മാവേലിക്കര താലൂക്കാഫീസിൽ സർവ്വേയർമാരുടെ നിയമനം**

308 (3159) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വേ നടപടി വേഗത്തിലാക്കുന്നതിനായി മാവേലിക്കര താലൂക്കാഫീസിൽ സർവ്വേയർമാരെ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

മാവേലിക്കര താലൂക്കിലെ ആകെയുള്ള 2 സർവ്വേയർ തസ്തികയിലും ജീവനക്കാർ സേവനത്തിലുണ്ട്.

## വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ

309 (3160) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1664 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഡിജിറ്റൽ സർവ്വേയ്ക്കുള്ള ഏജൻസികളെ പുറം കരാർ മുഖേനയാണോ കണ്ടെത്തിയിട്ടുള്ളത്;

(സി) എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത കരാർ ഏൽപ്പിച്ചിട്ടുള്ളത്; പ്രസ്തുത ഏജൻസിയെ എപ്രകാരമാണ് തെരഞ്ഞെടുത്തത്; എന്ത് പ്രതിഫലമാണ് അവർക്ക് നൽകേണ്ടത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സർവ്വേ നടപടി എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

## വ്യക്തികളുടെയും മറ്റും കൈവശമുള്ള അധികഭൂമി കണ്ടെത്താൻ നടപടി

310 (3161) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 ഏക്കർ ഭൂമിയിൽ കൂടുതൽ ഒരാൾ കൈവശം വച്ചാൽ അത് കണ്ടുകെട്ടി ഭൂരഹിതർക്ക് നൽകുമെന്ന് വകുപ്പ് മന്ത്രി പ്രസ്താവിച്ചതായ 22-1-2018-ലെ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ നടപടി ഉണ്ടായാൽ കേരളത്തിലെ എല്ലാവർക്കും ഭൂമി ലഭിക്കുമെന്ന വസ്തുത കണക്കിലെടുത്ത്, വ്യക്തികളുടെയും മറ്റും കൈവശമുള്ള അധികഭൂമി കണ്ടെത്താൻ എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗത്തെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി 15 ഏക്കർ മാത്രമായി നിജപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) കമ്പനികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി എത്രയെന്നും (ഏക്കർ) ഇത് സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തി, ജനങ്ങളെ ബോധവാന്മാരാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയത് നടപ്പിലാക്കാൻ 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) വ്യക്തികളുടെയും മറ്റും കൈവശമുള്ള അധികഭൂമി കണ്ടെത്തുവാൻ താലൂക്ക് തലത്തിൽ താലൂക്ക് ലാൻഡ് ബോർഡുകൾ പ്രവർത്തിച്ചു വരുന്നു.

(സി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 82(1) വകുപ്പിൽ വ്യക്തികൾ/കുടുംബങ്ങൾ എന്നിവർക്ക് കൈവശം വയ്ക്കാവുന്ന ഭൂമി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 82(1) വകുപ്പ് പ്രകാരം കമ്പനികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി, 10 സ്റ്റാൻഡേർഡ് ഏക്കർ ആണ്. (ആയത് 12 സാധാരണ ഏക്കറിൽ കുറയുവാനോ 15 സാധാരണ ഏക്കറിൽ കൂടുവാനോ പാടില്ല.)

കമ്പനി/സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കൂടുതൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന പക്ഷം 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരം ഭൂപരിധി നിയമത്തിൽ നിന്നും ഇളവ് നൽകുന്നതിന് വ്യവസ്ഥയുണ്ട്.

ഭൂപരിധി വ്യവസ്ഥകൾ സംബന്ധിച്ച് വിവിധ തലങ്ങളിലെ ജനങ്ങളെ ബോധവാന്മാരാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## സർവ്വേയർ ഗ്രേഡ് 2 നിയമനം

311 (3162) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ ഗ്രേഡ് 2 തസ്തികയിൽ നിലവിലെത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി. എസ്. സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമന നടപടി ത്വരിതപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ ഗ്രേഡ് 2 തസ്തികയിൽ 133 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളെല്ലാം തന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടി ആരംഭിക്കുന്നതാണ്.

## റിയൽ എസ്റ്റേറ്റ് (നിയന്ത്രണ, വികസന) നിയമം സംബന്ധിച്ച ചട്ടങ്ങൾ

312 (*T 3163) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് (നിയന്ത്രണ, വികസന) നിയമത്തിൻകീഴിൽ സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ - രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## വായ്പാ കുടിശ്ശിക

313 (3164) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പയെടുത്ത് നിലവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കുമോ;

(ബി) അവരിൽ നിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പയെടുത്ത് നിലവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 219 ഗുണഭോക്താക്കളുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ബോർഡിൽ നിന്നും വായ്പയെടുത്ത് നിലവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 219 ഗുണഭോക്താക്കളിൽ നിന്നും 10.35 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്.

**ആഡംബര വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിന് നടപടി**

314 (3165) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷക്കണക്കിന് ഭവനരഹിതരുള്ള കേരളത്തിൽ ധാരാളം ഭവനങ്ങൾ ആൾത്താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാലോ അഞ്ചോ അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങൾ നാലായിരമോ അയ്യായിരമോ ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ;

(സി) വിസ്തീർണ്ണം വളരെ കൂടുതലുള്ള വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിനായി അധിക ടാക്സ് ചുമത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്വകാര്യ വ്യക്തികളുടെ വീടുകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരള കെട്ടിട നികുതി നിയമം, 1975-ലെ വകുപ്പ് 5 പ്രകാരം 278.7 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ആഡംബര നികുതി ചുമത്തുന്നുണ്ട്. പ്രസ്തുത നിയമം ഭേദഗതി ചെയ്ത് 278.7 ച. മീറ്ററിൽ കൂടുതലുള്ള ഓരോ നിശ്ചിത ച. മീറ്ററിനും വിസ്തീർണ്ണം കൂടുംതോറും ഉയർന്ന നിരക്കിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തി ആഡംബര നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഹൗസിംഗ് ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി**

315 (3166) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) കാലം മാറിയതിനനുസരിച്ച് നൂതന മേഖലകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി, 1971-ലെ ഹൗസിംഗ് ബോർഡ് ആക്ട് ഭേദഗതി ചെയ്ത്, ബോർഡിനെ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിലവിലുള്ള ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൈത്രി ഭവന വായ്പ എഴുതിത്തള്ളിയ വകയിൽ 137.94 കോടി രൂപയും പലിശ സബ്സിഡി അനുവദിച്ച ഇനത്തിൽ 164.85 കോടി രൂപയും ഉൾപ്പെടെ 302.79 കോടി രൂപ സർക്കാർ അനുവദിച്ച് നൽകണമെന്ന് ഭവന നിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായില്ല.

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പുതിയ ഭരണ സമിതി നിലവിൽ വന്നതിനാൽ, 1971-ലെ ഭവന നിർമ്മാണ ബോർഡ് ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി പുതുക്കിയ സമഗ്രമായ പ്രൊപ്പോസൽ പുതിയ ഭരണ സമിതിയുടെ അംഗീകാരത്തോടെ ലഭ്യമാക്കുവാൻ 20-11-2017-ൽ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഹൗസിംഗ് ബോർഡ് മുഖാന്തിരം വിവിധ വായ്പാ പദ്ധതികൾ**

316 (3167) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് മുഖാന്തിരം ഇടത്തരം വരുമാനക്കാർക്കായി പലിശ സബ്സിഡിയുള്ള വായ്പാ പദ്ധതി നടപ്പിലാക്കുമോ;

(ബി) ബോർഡിൽ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കു ന്നതിനും തനത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ ധനസമാഹരണത്തിന് സർക്കാർ ഗ്യാരന്റി അനുവദിക്കുമോ?

ഉത്തരം

(എ) 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും, ഭൂമിയുള്ള ഭവനരഹിതർക്കും ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം ഇടത്തരം വരുമാനക്കാർക്കായി പലിശ സബ്സിഡിയുള്ള വായ്പാ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പരിഗണനയിലില്ല.

**ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ച പദ്ധതികൾ**

317 (3168) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാർപ്പിട നയത്തിൽ ഹൗസിംഗ് ബോർഡിനെ പാർപ്പിട രംഗത്തെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, നോഡൽ ഏജൻസി എന്ന നിലയിൽ ഏതെല്ലാം പദ്ധതികളാണ് ബോർഡിനെ ഇതുവരെ ഏല്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന പാർപ്പിട നയത്തിൽ ഹൗസിംഗ് ബോർഡിനെ പാർപ്പിട രംഗത്തെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടില്ല.

**ചങ്ങനാശ്ശേരി റവന്യൂ ടവർ കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ**

318 (3169) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവർ ഏതുവർഷമാണ് പണി പൂർത്തീകരിച്ചതെന്നും ഇതിന്റെ നിർമ്മാണ ചെലവ് എത്ര രൂപയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) റവന്യൂ ടവറിന്റെ എല്ലാ മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടം വൃത്തിയായി സൂക്ഷിക്കുന്നതിന് തടസ്സം എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) ലിഫ്റ്റിന്റെയും ശുചിമുറികളുടെയും കേടുപാടുകൾ നീക്കി കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-5-2001-ലാണ് ചങ്ങനാശ്ശേരി റവന്യൂ ടവർ പൂർത്തീകരിച്ചത്. ഇതിന്റെ നിർമ്മാണ ചെലവ് 1193.08 ലക്ഷം രൂപയായിരുന്നു.

(ബി) ചങ്ങനാശ്ശേരി റവന്യൂ ടവറിൽ നിലവിൽ ഒരു കടമുറിയും 11194.32 സ്ക്വ.ഫീ ഓഫീസ് സ്ഥലവും ഇനിയും വാടകയ്ക്ക് നൽകാനുണ്ട്.

(സി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (ഫോർമേഷൻ ഓഫ് മാനേജിംഗ് കമ്മിറ്റീസ് ഫോർ റവന്യൂ ടവേഴ്സ് ആന്റ് കൊമേഴ്സ്യൽ ഓഫീസ് കോംപ്ലക്സ്) റഗുലേഷൻസ്, 2012 പ്രകാരം രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിക്കാണ് റവന്യൂ ടവറിന്റെ പരിപാലനത്തിന്റെ ചുമതല. വിവിധ ആവശ്യങ്ങൾക്കായി ടി കെട്ടിടത്തിലെ സർക്കാർ ഓഫീസുകളിൽ എത്തുന്ന പൊതുജനം ടവറിലെ ശുചിമുറികൾ അശ്രദ്ധമായി ഉപയോഗിക്കുന്നതും പൊതു പരിപാലന ചെലവിന്റെ വിഹിതം വാടകക്കാർ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുംമൂലം മാനേജിംഗ് കമ്മിറ്റിക്ക് മതിയായ ഫണ്ടില്ലാത്തതും കെട്ടിടം വൃത്തിയായി സൂക്ഷിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

(ഡി) ചങ്ങനാശ്ശേരി റവന്യൂ ടവറിലെ രണ്ട് ലിഫ്റ്റുകൾ ഇതിനോടകം നവീകരിച്ചിട്ടുള്ളതും മൂന്നാമത്തെ ലിഫ്റ്റിന്റെ നവീകരണ പ്രവൃത്തികൾക്കുള്ള കരാർ ആയിട്ടുള്ളതുമാണ്. ടി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതും ശുചിമുറികളുടെ കേടുപാടുകൾ നീക്കുന്നതിലേയ്ക്ക് 2017 നവംബർ മാസത്തിൽ 4,20,953 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ ഗ്രാന്റ് -ഇൻ -എയ്ഡ്**

319 (3170) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2017-18-ൽ അനുവദിച്ച് നൽകിയ ഗ്രാന്റ് -ഇൻ -എയ്ഡ് എത്ര രൂപയാണ്;

(ബി) ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത തുക 500 ലക്ഷമായി ഉയർത്തുമോ;

(സി) വിവിധ ദുർബല വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ ഭവന പദ്ധതികളിലൂടെ ബോർഡിനുണ്ടായ റവന്യൂ കമ്മി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2017-18 സാമ്പത്തിക വർഷം ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 90.64 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി&സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ദുർബല വിഭാഗക്കാർക്ക് നടപ്പിലാക്കിയ വിവിധ പദ്ധതികൾമൂലം ബോർഡിനുണ്ടായ റവന്യൂ കമ്മി നികത്തുന്നതിന് വർക്കിംഗ് ക്യാപ്പിറ്റലായി 5000 ലക്ഷം രൂപയും ഗ്രാന്റ് -ഇൻ- എയ്ഡ് ഇനത്തിൽ 109.36 ലക്ഷം രൂപയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 2017-18 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ സമർപ്പിക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് പ്രൊപ്പോസലുകൾ ലഭ്യമാക്കിയിരുന്നു. 2018 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ ഭവന നിർമ്മാണ ബോർഡിന് ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2018-19 വർഷത്തെ ബജറ്റിൽ ഗ്രാന്റ് -ഇൻ -എയ്ഡ് ഇനത്തിൽ 95.17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില**

320 (3171) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണം തടസ്സപ്പെടുന്നതിനും പാതിവഴിയിൽ അവസാനിപ്പിക്കുന്നതിനും കാരണം ഭവനനിർമ്മാണ സാമഗ്രികളുടെ ഉയർന്നവിലയും അവ സമയത്തിന് ലഭ്യമാകാത്തതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ അവസ്ഥ പരിഹരിക്കുന്നതിന് ഏതെങ്കിലും പരിപാടികൾ സംസ്ഥാന ഭവനനിർമ്മാണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടോ;

(സി) ഇതിനായി സർക്കാരിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഈ സ്ഥാപനങ്ങൾ ഏതെല്ലാം പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണത്തിനുള്ള സിമന്റ്, കമ്പി തുടങ്ങിയ ഉൽപ്പന്നങ്ങളുടെയും, മണൽ, ചല്ലി, തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെയും വില ദിനംപ്രതി വർദ്ധിച്ച വരുന്നതും ശുദ്ധമായ മണലിന്റെ ലഭ്യത കുറയുന്നതുമാണ് ഭവനനിർമ്മാണം തടസ്സപ്പെടുന്നതിനും പാതിവഴിയിൽ അവസാനിക്കുന്നതിനും കാരണം.

(ബി) ഉണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും, വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനം പ്രതി വർദ്ധിച്ച വരുന്നതിനാൽ, കെട്ടിട നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യയായ പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ രീതി ഭവനനിർമ്മാണ ബോർഡ് പ്രയോജനപ്പെടുത്തി വരുന്നു. ഇതിന്റെ ഭാഗമായി ഭവനനിർമ്മാണ ബോർഡ് ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

സംസ്ഥാന ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങളായ 'കലവറ' വഴി ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ സൗജന്യ നിരക്കിൽ നൽകി വരുന്നു.

(സി) ഉണ്ട്. ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടത്തി വരുന്നു ;

1. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ വിവിധ ജില്ലകളിലായി ഭവന നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങൾ, 13 'കലവറകൾ' പ്രവർത്തിച്ച വരുന്നു. ഇവിടെ നിന്നും 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താവിന് സിമന്റ്, കമ്പി, എന്നിവ പൊതു വിപണിയിലെ വിലയേക്കാൾ 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. ഒരു വ്യക്തിക്ക് പരമാവധി 500 കിലോഗ്രാം കമ്പികളും 50 ബാഗ് സിമന്റും കലവറകളിൽ നിന്നും ലഭിക്കുന്നതാണ്.
2. ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ വിവിധ ജില്ലകളിലായി 8 പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

3. ചെലവുകുറഞ്ഞ നൂതന കെട്ടിട നിർമ്മാണ വിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**ഭവന പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നുള്ള വിഹിതം**

321 (3172) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും വീടെന്ന കേന്ദ്രസർക്കാർ പദ്ധതിപ്രകാരം, എത്ര വീടുകൾ നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) 2017-18-ലെ സംസ്ഥാന ബജറ്റിൽ എത്ര കോടി രൂപ ഈയിനത്തിൽ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വിവിധ ഭവനപദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും 2017-18-ൽ എത്ര കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) എല്ലാവർക്കും വീട് എന്ന കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം, വീടുകൾ നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) 2017-18-ലെ സംസ്ഥാന ബജറ്റിൽ ഈയിനത്തിൽ തുകയൊന്നും ബോർഡിന് അനുവദിച്ചിട്ടില്ല.

(സി) 2017-18-ൽ വിവിധ ഭവന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

**പെട്രോൾ എഞ്ചിനുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി**

322 (3173) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ എഞ്ചിനേക്കാൾ പരിസ്ഥിതി സൗഹൃദമായ പെട്രോൾ എഞ്ചിനുകൾ മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ശ്രമിക്കുമോയെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്യോട്ടോ പ്രോട്ടോക്കോൾ അനുസരിച്ച് മത്സ്യബന്ധന യാനങ്ങളിൽ കൂടുതൽ പരിസ്ഥിതി സൗഹൃദ പെട്രോൾ എഞ്ചിനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സൗഹൃദമായ പെട്രോൾ എഞ്ചിനുകൾ മത്സ്യഫെഡ് ഇറക്കുമതി ചെയ്ത് വിതരണം ചെയ്തു വരികയാണ്. മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം പെട്രോൾ എഞ്ചിനുകൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത അനുസരിച്ച് വിവിധ പരിപാടികളിലൂടെ മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കുന്നതിന് വേണ്ട ശ്രമം നടത്തിവരുന്നു.

(ബി&സി) ക്യോട്ടോ പ്രോട്ടോക്കോൾ അനുസരിച്ച് മത്സ്യബന്ധന യാനങ്ങളിൽ കൂടുതൽ പരിസ്ഥിതി സൗഹൃദ പെട്രോൾ എഞ്ചിനുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. എന്നാൽ, മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് പെട്രോൾ ഔട്ട് ബോർഡ് മോട്ടോറുകൾക്ക് 50% സബ്സിഡി അനുവദിക്കേണ്ട ആവശ്യകതയുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള OBM-ൽ നിന്നും പരിസ്ഥിതി സൗഹൃദവും ഇന്ധനക്ഷമതയുമുള്ള പെട്രോൾ ഔട്ട്ബോർഡുകളിലേയ്ക്ക് മാറേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. ആകയാൽ പെട്രോൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് അവയുടെ വിലയുടെ 50% സബ്സിഡി നൽകണമെന്നും അതുപോലെ സബ്സിഡി നിരക്കിൽ പെട്രോൾ ലഭ്യമാക്കുവാൻ നടപടി ഉണ്ടാകണമെന്നും കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിക്കയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

### ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

323 (3174) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശുദ്ധജല മത്സ്യസമ്പത്തിൽ വൻകുതിപ്പ് ലക്ഷ്യമാക്കി മോഡൽ ഫാമുകൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും മത്സ്യകർഷകർക്ക് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത മോഡൽ ഫാമുകളിലേയ്ക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ എപ്രകാരമാണ് ലഭ്യമാക്കുന്നതെന്നും ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. പ്രസ്തുത പദ്ധതിക്ക് 2338 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി.ഗ്രാം/ ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയായ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കുന്ന നാല് വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങൾ, ആറ്റുകൊഞ്ച് കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻകൃഷി, വിവിധതരം കൂടുകൃഷികൾ പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് അതത് മത്സ്യകൃഷി രീതികളിൽ വിശദവും പ്രായോഗികവുമായ പരിശീലനം നൽകുന്നതിലേയ്ക്ക് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്ന പേരിൽ തുടർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ആദ്യവർഷ പദ്ധതിയിലെ ഒരു ഉപഘടകമായ കാര്യശേഷി വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിപാടിക്ക് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയായ മാതൃകാ മത്സ്യ കൃഷിയിടങ്ങൾ എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 3 ദിവസത്തെ പരിശീലനം നടപ്പിലാക്കി വരുന്നു.

(ഡി) മത്സ്യകുഞ്ഞുങ്ങളെ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ സർക്കാർ ഹാച്ചറിയിൽ നിന്നും സർക്കാർ ഹാച്ചറിയിൽ മത്സ്യകുഞ്ഞുങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അഡാക്കിൽ നിന്നും ലഭ്യമാക്കുന്നു. 14 ജില്ലകളിലാണ് പദ്ധതി ആരംഭിക്കുന്നത്.

### അഡാക്-ലെ ഫാം ലേബർമാരുടെ ശമ്പള പരിഷ്കരണം

324 (3175) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡാക് -നുകീഴിലുള്ള ഫിഷ് ഫാമുകളിലേയും ഹാച്ചറിയിലെയും ഫാം ലേബർമാരുടെ 1-7-2014 മുതലുള്ള ശമ്പള പരിഷ്കരണം നാളിതുവരെ നടത്താത്ത തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അഡാക്-ലെ മറ്റ് തസ്തികകളിലെ ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ; കുടിശ്ശിക വിതരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഫാം ലേബർമാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുമോ; എങ്കിൽ എന്നത്തേക്ക് ഇത് നടപ്പിലാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അഡാക്കിനു കീഴിലുള്ള ഫിഷ് ഫാമുകളിലേയും ഹാച്ചറിയിലെയും ഫാം ലേബറർമാരുടെ ശമ്പളം പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്.

(ബി) അഡാക്കിലെ സ്ഥിരപ്പെടുത്തിയ മറ്റ് തസ്തികകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ച് കുടിശ്ശിക വിതരണം നടത്തിയിട്ടുണ്ട്. 17-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 562/2017/മതുവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1-7-2014 പ്രാബല്യത്തിലാണ് അഡാക്കിലെ സ്ഥിരപ്പെടുത്തിയ 27 ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളത്.

(സി) അഡാക്കിലെ ഫാം ലേബർമാരുടെ ശമ്പളം പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്.

## തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

325 (3176) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും എന്നും വ്യക്തമാക്കുമോ;

(ബി) തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന എരഞ്ഞോളിയിലെ ഇൻഡോർ ഹാച്ചറിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ചാലിൽ ഗോപാൽപേട്ടയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി.-ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

## മറൈൻ ഫിഷറീസ് പോളിസി

326 (3177) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മറൈൻ ഫിഷറീസ് പോളിസി സംസ്ഥാനത്തെ മത്സ്യമേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പോളിസിയിൽ സംസ്ഥാന താല്പര്യങ്ങൾക്കെതിരായ കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ പുനഃപരിശോധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സമഗ്ര അക്വേറിയം റിഫോംസ് നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ആയതിന്റെ നിയമ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തി ലാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുമുള്ള നയത്തിലെ പ്രഖ്യാപനം, ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നു വരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ ഉയർന്നിട്ടുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും, വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നു വരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്.

(ബി) മത്സ്യബന്ധന മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയതുമായ പല കാര്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. കേരളത്തിന്റെ നേതൃത്വത്തിൽ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടിയെടുത്തിട്ടുണ്ട്.

(സി&ഡി) ഉദ്ദേശിക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പു വരുത്തുന്നതിനായി മത്സ്യബന്ധന അവകാശം, മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം, മത്സ്യങ്ങളുടെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്തുകയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കപ്പെട്ട അക്വേറിയം റിഫോംസ് ബിൽ, പുതിയ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

327 (3178) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭാവിയിൽ ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹന ത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. ഇതിനു പുറമേ ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 25.30 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

കൂടാതെ 2016-17 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതി, നൂതന മത്സ്യകൃഷി പദ്ധതി, മത്സ്യസമൃദ്ധി II പദ്ധതി, കൈപ്പാട് പൊക്കാളി സംയോജിത മത്സ്യ നെൽകൃഷി പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി

നടപ്പിലാക്കുന്നത് മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം /ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷിയിടങ്ങൾ
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി.

(സി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിലും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കുന്ന നാല് വർഷങ്ങളിലായി വിവിധതരം കാർപ്പ് മത്സ്യങ്ങൾ, ആറ്റുകൊഞ്ച് കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻ കൃഷി, വിവിധതരം കൂട്ടുകൃഷികൾ പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 2530 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും ടി പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കാരാപ്പുഴ അക്വേറിയം**

328 (3179) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കാരാപ്പുഴ അണക്കെട്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന അക്വേറിയം വികസിപ്പിക്കുന്നതിനും സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാരാപ്പുഴ അക്വേറിയത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്നും പ്രസ്തുത കേന്ദ്രത്തിന്റെ ഇതേ കാലയളവിലെ നടത്തിപ്പിനായി ചെലവായ തുക എത്ര എന്നതിന്റെയും കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൻ കീഴിൽ വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി മത്സ്യസമൃദ്ധി II പദ്ധതി, നൂതന മത്സ്യകൃഷി പദ്ധതി, തദ്ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, എക്സിബിഷൻ സംഘടിപ്പിക്കൽ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. തളിപ്പുഴയിലെ ഹാച്ചറി നിർമ്മാണ പ്രവർത്തനങ്ങൾ, കാരാപ്പുഴ ഹാച്ചറിയുടെ നിർമ്മാണ പ്രാരംഭ പ്രവൃത്തികൾ, ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി, ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) വിനോദ സഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കാരാപ്പുഴ അക്വേറിയത്തിൽ നിന്നും 2017-18 സാമ്പത്തി വർഷത്തിൽ ലഭ്യമായ ആകെ വരവ് 3,82,070 രൂപയും ചെലവ് 10,23,564 രൂപയുമാണ്.

**ആഴക്കടൽ മത്സ്യബന്ധനം**

329 (3180) ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംസ്ഥാനങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ; സംസ്ഥാനത്തിന് നൽകിയ സഹായം എത്രയെന്ന് അറിയിക്കാമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയോട് കേന്ദ്രസർക്കാർ സ്വീകരിച്ച നിലപാട് എന്തെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ആഴക്കടൽ മത്സ്യബന്ധന നയം പരമ്പരാഗതരീതി അനുവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഹാനികര മാണെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ;

(ഡി) മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനും മണ്ണെണ്ണ എൻജിനുകൾക്കു പകരം പെട്രോൾ എൻജിനുകൾ വ്യാപകമാക്കാനും സബ്സിഡിയോടെ പെട്രോൾ നൽകാനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന പരിശീലനത്തിനുമായി 2016-17-ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി നൽകിയിരുന്നു വെങ്കിലും ആയതിന് അനുമതി ലഭിച്ചിരുന്നില്ല. പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് 500 ആഴക്കടൽ ചൂണ്ട ബോട്ടുകൾ (long liners) അനുവദിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം '625' കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ ആശങ്കയുണ്ടാക്കുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് പുനഃക്രമീകരിക്കണമെന്നുള്ളതും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്ക വിധം നയരൂപീകരണം വേണമെന്നും മത്സ്യമേഖലയ്ക്ക് കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പുതിയ മത്സ്യബന്ധന നയത്തിൽ ഉൾപ്പെട്ടിട്ടില്ല. ആഴക്കടൽ മത്സ്യബന്ധനത്തിന് പി.പി.പി. മോഡൽ യൂണിറ്റുകളും വിദേശ സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കണമെന്നതുമായ നിർദ്ദേശം ആശങ്കയ്ക്ക് ഇട നൽകുന്നു.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാന സർക്കാർ സഹായത്തോടെ മത്സ്യഫെഡ് നടപ്പാക്കിവരുന്നു. ഇതു പ്രകാരം സംസ്ഥാനത്തെ 17388 മത്സ്യബന്ധന എഞ്ചിനുകൾക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ 10 എച്ച്.പി. വരെ 140 ലിറ്റർ, 15 എച്ച്. പി വരെ 150 ലിറ്റർ, 15 എച്ച്.പി.-യ്ക്ക് മുകളിൽ 190 ലിറ്റർ എന്ന നിരക്കിൽ നൽകി വരുന്നു. ഇത് പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിലായി ഇതുവരെ 33741.23 കിലോ ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡിയോടുകൂടി പെട്രോൾ നൽകുന്നതിന് പ്രത്യേക പദ്ധതി ഒന്നും നിലവിലില്ല.

മത്സ്യഫെഡ് നിലവിൽ പെട്രോൾ എഞ്ചിനുകൾ ഇറക്കുമതി ചെയ്ത് ഐ.എഫ്.ഡി.പി. പദ്ധതി പ്രകാരം 25% സബ്സിഡിയോടുകൂടി നൽകിവരുന്നു. പെട്രോൾ എഞ്ചിനുകൾക്ക് പ്രത്യേകമായി പദ്ധതിയൊന്നും നടപ്പിലാക്കി വരുന്നില്ല.

**പത്തനംതിട്ട പന്നിവേലിച്ചിറയിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതി**

330 (3181) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ ഫിഷറീസ് ഹാച്ചറിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) നിലവിൽ ഹാച്ചറിയിൽ, മത്സ്യക്കുഞ്ഞുങ്ങളെ വിറ്റ് കിട്ടുന്ന വരുമാനമെത്ര എന്നറിയിക്കാമോ;

(സി) പന്നിവേലിച്ചിറയിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾക്കായി ഒരു മാസ്റ്റർപ്ലാൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ ഫിഷറീസ് ഹാച്ചറിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-16) ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 4,02,532 |
| 2012-13 | 4,52,795 |
| 2013-14 | 3,39,826 |
| 2014-15 | 3,54,999 |
| 2015-16 | 14,62,998/- |

(ബി) നടപ്പു സാമ്പത്തിക വർഷം 2017 ഏപ്രിൽ മാസം മുതൽ 2018 ജനുവരി 31 വരെ ഹാച്ചറിയിൽ മത്സ്യ കുഞ്ഞുങ്ങളെ വിറ്റ് 17,15,809 രൂപ (പതിനേഴ് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) വരുമാനമായി ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതാണ്.

## തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

331 (3182) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 19-ൽ ഉൾപ്പെടുത്തി 141.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി ആലപ്പുഴ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. പിന്നീട് കുഴൽക്കിണർ നിർമ്മാണത്തിനായി ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ദർഘാസ് ക്ഷണിച്ചെങ്കിലും അതിലും ആരും പങ്കെടുത്തില്ല. തുടർന്ന് കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഭൂജല വകുപ്പിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവ വലിയ പറമ്പ്, കെ.വി,ജട്ടി, കലവറ ജംഗ്ഷൻ പടിഞ്ഞാറ് എന്നിവിടങ്ങളിൽ കുഴൽക്കിണർ, പമ്പ് സെറ്റ്, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ആർ.ഒ. പ്ലാന്റ് ഇവയുടെ നിർമ്മാണം, തീരദേശ റോഡിൽ ചേലക്കാട് മുതൽ പല്ലന വരെ 3 കി.മി 150 എം.എം. എസി. പൈപ്പ് ലൈൻ മാറ്റി 160 പി.വി.സി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

ആറാട്ടുപുഴ മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിൽ പെരുവള്ളി sump-ൽ നിലവിലുള്ള പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ, പുതിയ പമ്പ് ഹൗസ് നിർമ്മാണം 10 HP, 30 HP പമ്പ് സെറ്റുകൾ സ്ഥാപിക്കൽ വലിയഴീക്കൽ സംഭരണിവരെ 160 എം.എം. പി.വി.സി 2500 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ ആറാട്ടുപുഴ കിഴക്കേകരയിലും പടിഞ്ഞാറേ കരയിലുമായി 110 എം.എം പി.വി.സി. ഡിസ്ട്രിബ്യൂഷൻ മെയിൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

## മത്സ്യകൃഷിയോടൊപ്പം മണ്ണിലല്ലാതെ പച്ചക്കറി കൃഷി

332 (* T 3183) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷിയോടൊപ്പം മണ്ണിലല്ലാതെ പച്ചക്കറി കൃഷി കൂടി നടത്തുന്ന സംയോജിത കൃഷി രീതി (അക്വാപോണിക്സ്) പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള കൃഷിയിലൂടെ മത്സ്യ-പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) 2016-2017 സാമ്പത്തിക വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) ഒരു യൂണിറ്റിന് (50%) സബ്സിഡി നൽകിക്കൊണ്ട് 40 യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 100 യൂണിറ്റുകൾക്കായി 618 ലക്ഷം അടങ്കൽ തുക വരുന്ന പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% തുക സബ്സിഡിയായി നൽകുന്നു. പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.*

## ആധുനിക മത്സ്യ മാർക്കറ്റുകൾ

333 (3184) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ.എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണനത്തിന് ആധുനിക സൗകര്യങ്ങളോടു കൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത മാർക്കറ്റിലൂടെ നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യ മാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യ മാർക്കറ്റുകളിൽ വൃത്തിയും വെടിപ്പും കാത്തുസൂക്ഷിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ആധുനികവത്കരിക്കപ്പെടുന്ന ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയാക്കി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളിലും ടോയ്‌ലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

334 (3185) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കൊല്ലം ജില്ലയിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം മാർക്കറ്റുകളുടെ നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം മാർക്കറ്റുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദ മാക്കുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് എന്നീ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ കണ്ണനെല്ലൂർ ഫിഷ് മാർക്കറ്റിന്റെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ KIIFB-യുടെ അംഗീകാരം ലഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ 16 മാർക്കറ്റുകളുടെ (ഇടപ്പള്ളിക്കോട്ട, ശാസ്താംകോട്ട, കൊട്ടാരക്കര, നല്ലില, പനയം, കടപ്പാക്കട, അഞ്ചാലുമൂട്, തങ്കശ്ശേരി, മൂന്നാംകുറ്റി, കിഴക്കേക്കല്ലട, ചാത്തന്നൂർ, പാരിപ്പള്ളി, ചിതറ കിഴക്കുംഭാഗം, കടയ്ക്കൽ, പുനലൂർ, അഞ്ചൽ) പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(സി) കരിക്കോട് മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

335 (3186) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറൻമുള നിയോജക മണ്ഡലത്തിൽപ്പെടുന്ന മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ആറൻമുള നിയോജകമണ്ഡലത്തിലെ കുമ്പഴ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 328 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ ബ്ലൂറെവല്യൂഷൻ പദ്ധതി (2017-18)-യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായിട്ടില്ല.

## പൂഴനാട് പബ്ലിക് മാർക്കറ്റ് നവീകരണം

336 (3187) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൂഴനാട് പബ്ലിക് മാർക്കറ്റ് നവീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് ഫിഷറീസ് വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) പൂഴനാട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഒരു അപേക്ഷ 29-1-2018-ൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ ലഭ്യമായിട്ടുണ്ട്. ദേശീയ മത്സ്യ വികസന ബോർഡിന്റെ "മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ടി മാർക്കറ്റ് നവീകരിക്കുന്നതിനായുള്ള എസ്റ്റിമേറ്റ്" തയ്യാറാക്കി വരുന്നു.

## മറുനാടൻ ട്രോളിംഗ് ബോട്ടുകളുടെ അനധികൃത മത്സ്യബന്ധനം

337 (3188) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ ട്രോളിംഗ് ബോട്ടുകളുടെ അനധികൃത മത്സ്യബന്ധനംമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ദുരിതം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബോട്ടുകളുടെ കടന്നുകയറ്റം മൂലം മത്സ്യത്തൊഴിലാളികളുടെ വലകൾ തകരാനിടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ട്രോളർ ബോട്ടുകൾ റിങ്ങ് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുമൂലം മത്സ്യക്കുഞ്ഞുങ്ങളും മുട്ടകളും ഉൾപ്പെടെ മത്സ്യസമ്പത്ത് നശിപ്പിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രോളിംഗ് ബോട്ടുകൾ പരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വലകൾക്ക് നാശനഷ്ടങ്ങൾ വരാറുണ്ട്. ആയത് പരിഹരിക്കുന്നതിനും ബോട്ടുകളുടെ കരവലി തടയുന്നതിനും കടൽ പട്രോളിംഗ് ശക്തമാക്കി പ്രസ്തുത ബോട്ടുകൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിച്ചു വരുന്നു.

(സി) ട്രോളർ ബോട്ടുകൾ ട്രോൾ നെറ്റുകളാണ് ഉപയോഗിക്കുന്നത്. ട്രോളർ ബോട്ടുകൾ ട്രോൾ നെറ്റുകൾ ഉപയോഗിച്ച് ചെറുമീനുകളെ പിടിച്ച് നശിപ്പിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചെടുക്കുന്നത് തടയാൻ കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 58 ഇനം മത്സ്യങ്ങൾ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രധാന വലകൾക്ക് കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്.

കെ.എം.എഫ്.ആർ. ആക്ടിൽ വരുത്തിയ ഭേദഗതിക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുന്നതിനാൽ ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അനധികൃത മത്സ്യബന്ധനം, ചെറുമീനുകളെ പിടിച്ചു നശിപ്പിക്കൽ, നിയമലംഘനം,പിഴ എന്നിവ സംബന്ധിച്ച് ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും വാർത്തകൾ നൽകുകയും മത്സ്യത്തൊഴിലാളികൾക്കിടയിൽ മത്സ്യ ഭവനുകൾ വഴിയും ഫിഷറീസ് സ്റ്റേഷനുകൾ വഴിയും ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ചെറുമത്സ്യങ്ങളെയും, മത്സ്യക്കുഞ്ഞുങ്ങളെയും മത്സ്യമുട്ടകളെയും നശിപ്പിക്കുന്നത് നമ്മുടെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുമെന്നുള്ള അവബോധം മത്സ്യത്തൊഴിലാളികളിലുണ്ടാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് ജൂൺ 15 മുതൽ ജൂലൈ 31 വരെ ട്രോളറുകൾക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു വരുന്നു.

**കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ**

338 (3189) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന

എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടനിർമ്മാണം, കണ്ടല്ലൂർ പി.എച്ച്.സി. യുടെ കെട്ടിടനിർമ്മാണം, കരിപ്പുഴ മത്സ്യമാർക്കറ്റിന്റെ പുതിയ കെട്ടിട നിർമ്മാണം എന്നീ പദ്ധതികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) "കിഫ്ബി"-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 962.50 ലക്ഷം രൂപയുടെയും കരിപ്പുഴ മത്സ്യമാർക്കറ്റിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 150.24 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടല്ലൂർ പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 198 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം 2018 ഫെബ്രുവരിയിൽ ആരംഭിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ കണ്ടല്ലൂർ പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഹാനികരമായ രാസവസ്തുക്കൾ മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ നടപടി

339 (3190) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം കേടാകാതിരിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടികൾ കൂടുതൽ ജനങ്ങൾക്ക് ഗുണകരമാവുന്ന രീതിയിൽ നടപ്പിൽ വരുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യക്കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരി കൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചപ്പോൾ ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കണ്ടെത്തിയതിനെ തുടർന്ന് ഈ പ്രവൃത്തി ചെയ്ത വ്യാപാരികൾക്ക് ശക്തമായി താക്കീത് നൽകി. ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു ശേഷം നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കളുടെ അംശം കണ്ടെത്താനായിട്ടില്ല. ഇതു കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാർക്കായി രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ വിപണനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശിൽപ്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനും ശ്രദ്ധിക്കുന്നതാണ്.

## ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ്

340 (3191) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ മത്സ്യഫെഡ് മുഖേന സ്ഥാപിച്ചിട്ടുള്ള ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്ലാന്റിന്റെ നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് മൂലം യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ആറാട്ടുപുഴയിൽ മത്സ്യഫെഡ് ഫിഷ്മീൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ച് കഴിഞ്ഞാണ് പ്രദേശത്ത് സുനാമി പുനരധിവാസ പദ്ധതി വഴി ധാരാളം വീടുകൾ വരികയും ടി പ്രദേശം ജനവാസ മേഖലയായി മാറുകയും ചെയ്തത്. പദ്ധതിയുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന മലിനീകരണ നിയന്ത്രണ സംവിധാനം (ETP) പ്രസ്തുത സാഹചര്യത്തിൽ അപര്യാപ്തമായതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്. ടി സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CSIR-ന്റെ കീഴിലെ NIIST-യുമായി കൺസൾട്ടൻസി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ETP സ്ഥാപിതമാകുന്ന മുറയ്ക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

(ബി) പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെ 610.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മാർക്കറ്റുകളുടെ നവീകരണം

341 (3192) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നുമുള്ളതിന്റെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കടപ്പാക്കട, അഞ്ചാലുംമൂട് മാർക്കറ്റുകളുടെ നവീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകി, തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും 2017-18 -ൽ ഉൾപ്പെടുത്തി കൊല്ലം മണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി അടിസ്ഥാന സൗകര്യ വികസനത്തിനായി 400 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം മണ്ഡലത്തിലെ കടപ്പാക്കട, അഞ്ചാലുംമൂട് മാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം

342 (3193) ശ്രീ. ബി. സത്യൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണിയുള്ള മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) തീരദേശവാസികളെ സാമ്പത്തിക, സാമൂഹിക, അടിസ്ഥാന സൗകര്യ വികസനത്തിൽ പൊതുധാരക്ക് സമാനമായ തോതിലുള്ള വളർച്ചയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കടലാക്രമണ ഭീഷണിയുള്ള മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലും ഫിഷറീസ് ഡയറക്ടർ, ഗവൺമെന്റ് സെക്രട്ടറി തലങ്ങളിലും അവലോകനം നടത്തുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മന്ത്രിതലത്തിലും പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തീരദേശവാസികളുടെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വിശദാംശം അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

**ചിറക്കര വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം**

343 (3194) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ കോസ്റ്റൽ ഡിപ്പാർട്ട്മെന്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചിറക്കര വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന് ഭരണാനുമതി എന്ന് ലഭ്യമാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി തയ്യാറാക്കി വരുന്ന 600 കോടി രൂപയുടെ പദ്ധതിയിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചിറക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**കായംകുളം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

344 (3195) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ 2016-ന ശേഷം ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി എന്നിവ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധം* (ബി) ആയി ചേർത്തിരിക്കുന്നു.

**കടലാക്രമണ ഭീഷണി നേരിടുന്നവരുടെ പുനരധിവാസം**

345 (3196) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കടലാക്രമണ ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

തീരപ്രദേശത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സി.ആർ.ഇസ്ഡ്. അനുവദനീയമായ സ്ഥലത്ത് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി (2017-18) നടപ്പിലാക്കി വരുന്നു. ഇപ്രകാരം ആലപ്പുഴ ജില്ലയിൽ 120 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 85 ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി പദ്ധതി പൂർത്തീകരിച്ചുവരുന്നു. കായംകുളം മണ്ഡലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് സ്വന്തമായി ഭൂമി ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി 2016-17 -ൽ ഉൾപ്പെടുത്തി വലിയഴീക്കൽ, തറയിൽക്കടവ് മത്സ്യഗ്രാമങ്ങളിൽ നിന്ന് ഓരോ ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 2017-18-ലെ ഭൂരഹിത/ഭവന രഹിതർക്കായുള്ള പദ്ധതിയിൽ തറയിൽക്കടവിൽ നിന്നും 1 ഗുണഭോക്താവിനെ കൂടി തെരഞ്ഞെടുത്തിട്ടുണ്ട്.

2017-18-ലെ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയിൽ ആലപ്പുഴ ജില്ലയ്ക്കായി അനുവദിച്ച 120 യൂണിറ്റുകളിൽ 108 ഗുണഭോക്താക്കളെ താഴെ പറയും പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

| | | |
|---|---|---|
| തറയിൽക്കടവ് | - | 1 |
| കള്ളിക്കാട് | - | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആറാട്ടുപുഴ | - | 2 |
| പുറക്കാട് | - | 39 |
| അമ്പലപ്പുഴ | - | 32 |
| നീർക്കുന്നം | - | 23 |
| വാടയ്ക്കൽ നോർത്ത് | - | 10 |
| ആകെ | - | 108 |

ബാക്കി 12 ഗുണഭോക്താക്കളെ ഉടൻ തെരഞ്ഞെടുക്കുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ ഹൈമാസ്റ്റ് ലൈറ്റുകൾ

346 (3197) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന എത്ര ഹൈമാസ്റ്റ് ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;അവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കാമോ;

(ബി) ഏത് ഏജൻസിയാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്; ഇവയുടെ പരിപാലനത്തിനുള്ള വ്യവസ്ഥകൾ നിർവ്വഹണ കരാറിൽ ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തനരഹിതമായ ഹൈമാസ്റ്റ് ലൈറ്റുകൾ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃക്കുന്നപ്പുഴ (മുതക്കൽ ഫിഷ് ലാന്റിംഗ് സെന്റർ), പതിയാങ്കര, പല്ലന എന്നിവിടങ്ങളിൽ ഓരോ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ആയത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. സ്ഥാപിച്ചുകഴിഞ്ഞ 3 ഹൈമാസ്റ്റ് ലൈറ്റുകളിൽ തൃക്കുന്നപ്പുഴയിൽ (മുതക്കൽ ഫിഷ് ലാന്റിംഗ് സെന്റർ) സ്ഥാപിച്ച ലൈറ്റ് മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) കെൽട്രോൺ മുഖേനയാണ് തൃക്കുന്നപ്പുഴ, പതിയാങ്കര, പല്ലന എന്നിവിടങ്ങളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ

കരുവാറ്റയിൽ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ച 3 ഹൈമാസ്റ്റ് ലൈറ്റുകൾ 'സേഫ് ഗാർഡ് ' എന്ന ഏജൻസി വഴിയാണ് സ്ഥാപിക്കുന്നത്. ലൈറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞ് നിയമാനുസൃതമുള്ള ഗ്യരണ്ടി ഉറപ്പുവരുത്തുന്നുണ്ട്. 3 വർഷത്തേക്ക് ലൈറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുമെന്ന് കരാർ പ്രകാരം ഉറപ്പു വരുത്തിയിട്ടുണ്ട്.

(സി) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് തീരദേശ വികസന കോർപ്പറേഷന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുള്ളത്. അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടർനടത്തിപ്പും പരിപാലനവും ഏറ്റെടുത്തുകൊള്ളാമെന്ന് സമ്മതിച്ച് കൗൺസിൽ തീരുമാനം ലഭ്യമാക്കിയതനുസരിച്ചാണ് ഈ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം ആയവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്. ഗ്യരണ്ടി പിരീഡിന് ശേഷമുള്ള തുടർപരിപാലനം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

## കാസർഗോഡ് പള്ളിക്കര പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം

347 (3198) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയോയെന്നും വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏത് തീയതിയിൽ ആരാണ് ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ശിലാസ്ഥാപനം നടന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ എത്രയാണെന്നും എത്ര സെന്റ് സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നതെന്നും പ്രസ്തുത സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്നും വ്യക്തമാക്കാമോ;

(ഇ) സർക്കാരിന്റെയോ പഞ്ചായത്തിന്റെയോ അധീനതയിൽ അല്ലാത്ത സ്ഥലത്ത് പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ നിയമപരമായി സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) സ്വകാര്യ വ്യക്തികളുടെതാണ് പ്രസ്തുത സ്ഥലമെങ്കിൽ അവിടെ തറക്കല്ലിട്ടതിന്റെ സാംഗത്യം വിശദീകരിക്കാമോ;

(ജി) തീരദേശ വികസന കോർപ്പറേഷൻ അനുവദിച്ച ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടം എവിടെ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) & (ബി) 2017-18-ലെ പ്ലാൻ പദ്ധതിയായ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി 187 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 187 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണ പദ്ധതിക്കായി 93.50 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ശിലാസ്ഥാപനം 2017 ഒക്ടോബർ 13-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്.

(സി) 2017 ഒക്ടോബർ 13-ാം തീയതി ശ്രീ. കുഞ്ഞിരാമൻ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായ വികസനവും വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുണ്ട്.

(ഡി & ഇ) ശിലാസ്ഥാപനം നടന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ RS No. 441/7 [New RS No.251/3] ആണ്. 1.03 ഏക്കർ സ്ഥലമാണുള്ളത്. പ്രസ്തുത സ്ഥലം Bekel Resorts Development Corporation-ന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി പ്രസ്തുത സ്ഥലം ജില്ലാ മെഡിക്കൽ ഓഫീസറുടെ possession-ൽ ആക്കിക്കൊണ്ട് സി1-71480/2017 നടപടി ക്രമത്തിലൂടെ കാസർഗോഡ് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.

(എഫ് & ജി) ബാധകമല്ല.

**കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതി**

348 (3199) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി തുക അനുവദിച്ചിട്ടും നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന പ്രസ്തുത പ്രദേശത്ത് എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) & (ബി) ഉണ്ട്. ഫിഷറീസ് വകുപ്പ് മുഖേന 2010-11 -ൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുന്ന സമഗ്ര തീരദേശ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കണ്ടല്ലൂർ പഞ്ചായത്തിൽ 105 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്കാണ് ആലപ്പുഴ ജില്ലയിൽ അനുമതി നൽകിയിട്ടുള്ളത്. കണ്ടല്ലൂർ പഞ്ചായത്തിൽ 138.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിരിക്കുന്നത്. തുടർന്ന് കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതി ലഭ്യമാക്കിയതായി അറിയിച്ചിരുന്നുവെങ്കിലും കരാറിൽ ഒപ്പുവച്ചിരുന്നില്ല. ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ ടെണ്ടർ കാൻസൽ ചെയ്തതായും 3 തവണ റീ ടെണ്ടർ ചെയ്തതായും അറിയിച്ചിരുന്നു. എന്നാൽ വർക്ക് ആരംഭിക്കാൻ സാധിച്ചിട്ടില്ല. 17-5-2017-ന് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ ആലപ്പുഴ കണ്ടല്ലൂർ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അടിയന്തര നിർദ്ദേശം നൽകിയിരുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി**

349 (3200) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 24 വീടുകൾ അനുവദിച്ചിട്ടുണ്ട്. പേരുവിവരം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച മാനദണ്ഡം അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

## രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യം വില്പന

350 (3201) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളിലും ചില്ലറ വില്പന കേന്ദ്രങ്ങളിലും രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യം വില്പന നടത്തുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വിഭാഗത്തോട് ചേർന്ന് ഫിഷറീസ് വകുപ്പ് രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ക്വാഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഇപ്രകാരം മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തി വിറ്റതിന് ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിലയിരുത്തിയിട്ടുണ്ട്.

മത്സ്യത്തിൽ രാസവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന, സ്ക്വാഡിന്റെ നേതൃത്വത്തിൽ മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ ഫോർമാലിന്റെ അംശം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം വ്യാപാരികൾക്ക് ശക്തമായ താക്കീത് നൽകുകയും സ്ക്വാഡിന്റെ നേതൃത്വത്തിൽ ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും അതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാരെ വിളിച്ചു ചേർത്ത് ശിൽപ്പശാലയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംഘടിപ്പിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകളിൽ മത്സ്യകച്ചവടം നടത്തുന്നവരുടെ വിവരം ശേഖരിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ നിന്നും ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കണ്ടെത്തുകയും തുടർന്ന് കുറ്റക്കാർക്ക് ശക്തമായ താക്കീത് നൽകിയിട്ടുള്ളതുമാണ്. ഇതിനുശേഷം നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കളുടെ അംശം കണ്ടെത്തിയിട്ടില്ല. അതിനാൽ തുടർ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

## കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

351 (3202) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കവ്വായി ഗവ. യു.പി സ്കൂളിന്റെ പുതിയ കെട്ടിടം, പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ കിഫ്ബി മുഖേനയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തിന്റെ തീരപ്രദേശത്തെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിനും വേണ്ടി 'കിഫ്ബി' സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കി വരുന്ന. 600 കോടി രൂപയുടെ പദ്ധതിയിൽ കവ്വായി ഗവ. യു.പി.സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ പദ്ധതിക്ക് നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികളൊന്നും സർക്കാർ അംഗീകാരത്തിനായി

സമർപ്പിച്ചിട്ടില്ല. എന്നാൽ 'ഓഖി' ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും വികസനത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്.

**അക്ഷരസാഗരം പദ്ധതി**

352 (3203) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശവാസികളെ സാക്ഷരരാക്കുവാൻ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ അക്ഷരസാഗരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ സർവ്വേ പ്രകാരം, തീരദേശവാസികളിൽ എത്ര ശതമാനം പേരാണ് നിരക്ഷരരെന്ന് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) അക്ഷരസാഗരം പദ്ധതിക്കായി, ഫിഷറീസ് വകുപ്പ് ഫണ്ട് നൽകിയിട്ടുണ്ടോ; ഓരോ ജില്ലയ്ക്കും എത്ര തുക വീതമാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശവാസികളെ സാക്ഷരരാക്കുവാൻ ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് അക്ഷരസാഗരം. 2016-17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2012-ലെ കണക്ക് പ്രകാരം കേരളത്തിൽ 18 ലക്ഷം നിരക്ഷരർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ 121625 പേർ നിരക്ഷരരായി ഉള്ളതായി ഫിഷറീസ് വകുപ്പ് 2013 കാലഘട്ടത്തിൽ നടത്തിയ സോഷ്യോ എക്ണോമിക് സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. തീരദേശ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 121 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തീരദേശ വാർഡുകളിൽ അക്ഷരസാഗരം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും

പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ തീരദേശ വാർഡുകളിലാണ് നടപ്പിലാക്കി വരുന്നത്.

(സി) അക്ഷരസാഗരം പദ്ധതിക്കായി ഫിഷറീസ് വകുപ്പ് ഫണ്ട് നൽകിയിട്ടുണ്ട്. 2016-17 തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ അക്ഷര സാഗരം പദ്ധതി നടപ്പിലാക്കുന്നതിനായി 10 ലക്ഷം രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

**തീരദേശ റോഡുകളുടെ പുനരുദ്ധാരണം**

353 (3204) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എറണാകുളം ജില്ലയിൽ ഓരോ മണ്ഡലത്തിലും തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക എത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എറണാകുളം ജില്ലയിൽ ഓരോ മണ്ഡലത്തിലും തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| മണ്ഡലം | തുക ലക്ഷത്തിൽ |
|---|---|
| തൃപ്പൂണിത്തുറ | 226.10 |
| എറണാകുളം | 297.70 |
| കൊച്ചി | 224.40 |
| പറവൂർ | 430.60 |
| വൈപ്പിൻ | 199.16 |
| പിറവം | 150.20 |

## ഓഖി ദുരന്തം

354 (3205) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തത്തിൽ എത്രപേർ മരണമടഞ്ഞു, എത്രപേർക്ക് അംഗവൈകല്യം സംഭവിച്ചു, എത്രപേരുടെ മൃതശരീരം കണ്ടെത്തിയിട്ടുണ്ട്, ഇനി എത്ര പേരുടെ മൃതശരീരം ലഭിക്കാനുണ്ട് എന്നിവ സംബന്ധിച്ച കണക്കുകൾ മത്സ്യബന്ധന വകുപ്പിലുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ;

(ബി) നാശനഷ്ടം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാണോ; ഓരോ മത്സ്യത്തൊഴിലാളിക്കും ഉണ്ടായ നാശനഷ്ടം എത്ര; ഇത് കണക്കാക്കിയത് എന്ത് മാനദണ്ഡം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും അംഗ വൈകല്യം സംഭവിച്ചവർക്കും എന്തെങ്കിലും സഹായം നാളിതുവരെ നൽകിയിട്ടുണ്ടോ; പ്രഖ്യാപിച്ച സഹായങ്ങൾ എന്തെല്ലാം;

(ഡി) മരിച്ചവരുടെയും കാണാനില്ലാത്തവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും മുഴുവൻ വിവരങ്ങളും പ്രഖ്യാപിച്ച സഹായങ്ങൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ഇറക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ദുരന്തത്തിന് ഇരയായ ഓരോ വ്യക്തികളുടെയും കുടുംബത്തിന് ഇത്തരത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ 3-2-2018-ലെ കണക്കനുസരിച്ച് 51 പേർ മരണമടഞ്ഞു. ആർക്കും തന്നെ അംഗവൈകല്യം സംഭവിച്ചിട്ടില്ല. 51 പേരുടെ മൃതശരീരം കണ്ടെത്തിയിട്ടുണ്ട്. അതിൽ 49 പേർ തിരുവനന്തപുരം ജില്ലയിൽ നിന്നും കടലിൽപോയി മരണമടഞ്ഞവരും ഒരാൾ കാസർഗോഡ് ജില്ലയിൽ നിന്നും കടലിൽവെച്ച് മരണമടഞ്ഞതുമാണ്. കൂടാതെ, കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഹാർബറിലെ ഹൈമാസ്റ്റ് ലൈറ്റ് കാറ്റിൽ തകർന്നുവീണ് ഒരു മത്സ്യത്തൊഴിലാളിയും മരിച്ചു. നാളിതുവരെ 103 പേരെ കാണാതാവുകയും ചെയ്തു.

(ബി) ഓഖി ദുരന്തത്തിൽ 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ ബന്ധന യൂണിറ്റുകൾക്ക് ആകെ 9.4 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. മത്സ്യബന്ധന യൂണിറ്റുകൾ നഷ്ടപ്പെട്ടവർക്ക് അവ പുനഃസ്ഥാപിച്ച് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ആദ്യ പടിയായി പൂർണ്ണമായും നഷ്ടപ്പെട്ട 80 മത്സ്യബന്ധന യൂണിറ്റുകൾ പുനഃസ്ഥാപിച്ച് നൽകുന്നതിന് 9.88 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കുന്നതാണ്. മത്സ്യത്തൊഴിലാളി കൾക്കുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് ഫിഷറീസ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് കണ്ട് ബോധ്യപ്പെട്ടാണ് നഷ്ടപ്പെട്ട ഉപകരണങ്ങളുടെ നിലവിലെ മാർക്കറ്റ് വിലയ്ക്കനുസരിച്ച് നഷ്ടം കണക്കാക്കിയിട്ടുള്ളത്.

(സി) ആർക്കും തന്നെ അംഗവൈകല്യം സംഭവിച്ചിട്ടില്ല. ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് ദുരന്തപ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ അനുവദിച്ചു. നാളിതുവരെ 49 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഉടൻ നൽകുന്നതാണ്.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തി ലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളി കളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000 രൂപ വീതം അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ട തെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിക്കായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി & ഇ) പരിശോധിക്കുന്നതാണ്.

**ഓഖി ദുരന്ത നഷ്ടപരിഹാരം**

355 (3206) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങളും മത്സ്യബന്ധന ബോട്ടുകളും നശിച്ചതു വഴിയുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്കും വലകൾക്കുമായി ഏകദേശം 9.4 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകൾ പുനഃസ്ഥാപിച്ച് നൽകുന്ന തിനായി 988.80 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കുന്നതാണ്.

**ഓഖി ദുരന്തം**

356 (3207) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട എത്ര മത്സ്യതൊഴിലാളികളുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരന്തത്തിൽ കാണാതായ എത്ര മത്സ്യത്തൊഴിലാളികളെ കണ്ടെത്തിയിട്ടുണ്ട്;ഇനി എത്ര പേരെ കണ്ടെത്താനുണ്ട് വിശദാംശം ലഭ്യമാക്കുമോ :

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തമുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 3-2-2018-ലെ കണക്കുപ്രകാരം ഓഖി ദുരന്തത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ 49 മത്സ്യത്തൊഴിലാളികളും കാസർഗോഡ് ജില്ലയിലെ ഒരു മത്സ്യത്തൊഴിലാളിയും ഉൾപ്പെടെ 50 മത്സ്യത്തൊഴിലാളികൾ കടലിൽപ്പെട്ട് മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഹാർബറിലെ ഹൈമാസ്റ്റ് ലൈറ്റ് കാറ്റിൽ തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരിച്ചു.

(ബി) ഓഖി ദുരന്തത്തിൽ 103 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(സി) കടലിൽ പോകുകയും, തിരികെ വരികയും ചെയ്യുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അവ ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധിവരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടി ഇതിനകം തന്നെ സ്വീകരിക്കുകയും ISRO വികസിപ്പിച്ച 'നാവിക്' ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കുന്നതാണെന്നും ISRO ഉറപ്പു നൽകിയിട്ടുണ്ട്. 500 നാവിക്കുകൾ ഉടൻ വിതരണം ചെയ്യുമെന്ന് ISRO അറിയിച്ചിട്ടുണ്ട്. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോൺ വഴി ISRO-യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

അതുപോലെ കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചും മത്സ്യലഭ്യത സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് INCOIS-മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അതനുസരിച്ച് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്.

കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊണ്ടു പോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കഴിയുന്നത്ര വേഗം കരയിൽ എത്തിക്കുന്നതിനും മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## ഓഖി ചുഴലിക്കാറ്റ് - മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടം

357 (3208) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഓഖി ചുഴലിക്കാറ്റിൽ ജീവനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓഖി ചുഴലിക്കാറ്റിൽ സംസ്ഥാനത്ത് ആകമാനം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ച തുക എത്രയാണെന്നും കേരളം സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ള തുക എത്രയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി മത്സ്യബന്ധന യൂണിറ്റുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 80 പേർക്ക് അവ പുനഃസ്ഥാപിച്ച് നൽകുന്നതിന് 988.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും തയ്യാറാക്കി 7340 കോടി രൂപയുടെ കേന്ദ്ര സർക്കാർ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യൂണിറ്റുകൾക്ക് ആകെ 9.4 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജിനായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ഓഖി ദുരന്തബാധിതർക്കുള്ള ധനസഹായം

358 (3209) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാത്ത അവസ്ഥയിലായ മത്സ്യത്തൊഴിലാളികൾക്ക് 6-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ബദൽ ജീവനോപാധിയായി അനുവദിച്ച അഞ്ച് ലക്ഷം രൂപ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും നാളിതുവരെ എത്രപേർക്ക് നൽകി യെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം ഇനി എത്ര പേർക്ക് കൂടി നൽകാനുണ്ട്;

(സി) ഈയിനത്തിൽ നാളിതുവരെയായി എത്ര തുക ചെലവഴിച്ചുവെന്നും ഓരോ മത്സ്യഗ്രാമത്തിലെയും എത്ര മത്സ്യത്തൊഴിലാളികൾക്ക് വീതമാണ് പ്രസ്തുത തുക നൽകിയതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാത്ത അവസ്ഥയിൽ അപകടം പറ്റിയ മത്സ്യത്തൊഴിലാളികളെക്കുറിച്ച് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## ഓഖി ദുരിതബാധിതർക്കുള്ള സഹായങ്ങൾ

359 (3210) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തം ബാധിച്ച മത്സ്യത്തൊഴിലാളിക്ക് നാളിതുവരെയായി സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; പ്രസ്തുത സഹായങ്ങൾ നൽകിയത് ആർക്കൊക്കെ എന്ന് പേര് സഹിതം എണ്ണമിട്ട് പ്രത്യേകമായി വിവരിക്കുമോ;

(സി) മരണപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നഷ്ടപരിഹാര തുക എത്ര വീതം നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയെന്നും പേര് സഹിതം വിശദമാക്കുമോ;

(ഡി) മരണപ്പെട്ടവരുടെ നഷ്ടപരിഹാര തുക ഇവരുടെ കുടുംബങ്ങളിൽ ആരുടെ പേരിലാണ് നൽകുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന്റെ മാനദണ്ഡം എങ്ങനെ കണക്കാക്കുന്നു; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. 3-2-2018 വരെ 49 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതവും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് 5000 രൂപ വീതവും അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വഴി സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ട തെന്നും, റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിക്കായി 7340 കോടി രൂപയുടെ ഒരു സമഗ്രപദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി-ഡി) മരണപ്പെട്ട 49 പേരുടെ ആശ്രുതർക്ക് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 21-12-2017 തീയതിയിലെ സ.ഉ(സാ.) നമ്പർ 114/2017/ ഡി.എം.ഡി പ്രകാരമാണ് നഷ്ടപരിഹാര തുക കുടുംബങ്ങൾക്കിടയിൽ വിതരണം നടത്തുന്നത്. നഷ്ടപരിഹാരത്തുക ലഭിച്ച കുടുംബാംഗങ്ങളുടെ പേരുവിവരവും എത്ര തുക വീതമാണെന്നുള്ളതും സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം**

360 (3211) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ വിവിധതരം മത്സ്യബന്ധനയാനങ്ങൾ, മത്സ്യ ബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവായ നഷ്ടപരിഹാരം നാളിതുവരെ എത്രപേർക്ക് നൽകിയെന്നും ഇനി എത്രപേർക്കുകൂടി നഷ്ടപരിഹാരം നൽകു വാനുണ്ടെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് പൂർണ്ണമായും തകർന്ന 120 ഫിഷിംഗ് യൂണിറ്റുകൾ പുനഃസ്ഥാപിച്ച് നൽകുന്നതിന് 988.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ അതിവേഗം സ്വീകരിച്ചു വരുന്നു. മരണപ്പെട്ട 49 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഉടൻ നൽകുന്നതാണ്.

**ഓഖിയിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ച മത്സ്യത്തൊഴിലാളികൾ**

361 (3212) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ചുഴലിക്കൊടുങ്കാറ്റിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായും, ഭാഗികമായും അംഗവൈകല്യം സംഭവിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ആർക്കുംതന്നെ സ്ഥിരമായോ ഭാഗികമായോ അംഗവൈകല്യം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

362 (3213) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി പോലുള്ള പ്രകൃതി ദുരന്തങ്ങളുടെ പാശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ദുരന്തത്തിൽ അകപ്പെട്ട എത്ര മത്സ്യത്തൊഴിലാളികൾക്ക് എന്തു തുക ധനസഹായം അനുവദിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി പല പുതിയ പദ്ധതികളും സർക്കാർ ആവിഷ്കരിച്ച്

നടപ്പിലാക്കി വരുന്നുണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ സംബന്ധിച്ചും പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. 1500 കി.മീ. അകലെ വരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശം എത്തിക്കാൻ കഴിയും. ഈ ഉപകരണത്തിൽ റേഡിയോ ബീക്കൺ കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും ആ വിവരം രേഖപ്പെടുത്തുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതും ഉടൻ നടപ്പിലാക്കുന്നതാണ്. ഓഖി ദുരന്തത്തിൽ വള്ളങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി. ബോട്ടുകൾ നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് അവ പുനഃസ്ഥാപിച്ച് നൽകുന്നതിന് 988.80 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെ വേഗം രക്ഷിച്ച് കരയിലെത്തിക്കുന്നതിന് ശേഷിയുള്ള മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. മത്സ്യബന്ധനത്തിന് പോകുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ജീവൻരക്ഷാ ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

(ബി) ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിന്റെ ഇൻഷ്വറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപയും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കൾക്ക് കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനവദിച്ചു നൽകി. മരണപ്പെട്ട 49 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകി കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധനസഹായം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം

363 (3214) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളി കൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ;

(സി) എങ്കിൽ ഉപഗ്രഹമുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് സന്ദേശ മെത്തിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) കൂടാതെ ഇവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുമോ;

(ഇ) മത്സ്യബന്ധനയാത്ര നിരീക്ഷണ സംവിധാനം ബോട്ടുകളിൽ ഘടിപ്പിക്കുമോ; ഇതിനു പുറമെ മറ്റ് എന്തൊക്കെ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി, എച്ച്.എച്ച്.എസ്.എസ്. അലവൻസ്, ഓപ്പൺ വാട്ടർ വാച്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രകൃതി ക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് ഇൻകോയിസുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അതിലേക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് INCOIS -ന് കൈമാറിയിട്ടുണ്ട്.

(സി) കാലാവസ്ഥാ മുന്നറിയിപ്പും മറ്റും മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ ISRO തയ്യാറാക്കിയ 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതാണ്. കൂടാതെ മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭ്യമായ മൊബൈൽ നമ്പറുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഇൻകോയിസ് ഈ മൊബൈൽ നമ്പരുകളിലേയ്ക്ക് കാലാവസ്ഥ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതാണ്.

(ഡി) മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് ഉടൻ നടപ്പിലാക്കും.

(ഇ) മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരപാത മനസ്സിലാക്കുവാൻ സാധിക്കുന്ന ആട്ടോമാറ്റിക് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഇതിനകം കൊല്ലം, എറണാകുളം, കോഴിക്കോട് തുടങ്ങിയ മൂന്ന് ജില്ലകളിൽപ്പെട്ട 215 ബോട്ടുകളിൽ ഘടിപ്പിച്ച് കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ ഇനി 85 ബോട്ടുകളിൽ കൂടി ഘടിപ്പിക്കുന്നതാണ്. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് ഇൻകോയിസുമായി ധാരണപത്രത്തിൽ ഒപ്പ്വച്ചിട്ടുണ്ട്. അതിലേക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് INCOIS-ന് കൈമാറിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കായി സുരക്ഷാ സംവിധാനങ്ങൾ

364 (*T3215) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഉണ്ടായ നാശനഷ്ടവും ആളപായവും കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്;

(സി) ഇത്തരം അപകടങ്ങളെ മുൻകൂട്ടി പ്രതിരോധിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിക്ഷോഭങ്ങളും അപ്പപ്പോൾ അറിയിക്കുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഐ.എസ്.ആർ.ഒ. ഈ സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും കെൽട്രോൺ വ്യവസായികാടിസ്ഥാനത്തിൽ 'നാവിക് ' നിർമ്മിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് കടലിൽ പോകുന്ന എല്ലാ മത്സ്യബന്ധനയാനങ്ങൾക്കും വിതരണം ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾ കടലിൽ എവിടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്ന റേഡിയോ ബീക്കണുകൾ 'നാവിക് '-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. കടലിൽ അപകടത്തിൽ പ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴുമുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇൻഷ്വറൻസ് തുകയായ 5 ലക്ഷം രൂപയും ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ വീതവും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകി. ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/-രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5000 രൂപ വീതം അനുവദിച്ചു നൽകി. മരണപ്പെട്ട 49 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധനസഹായം അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉപഗ്രഹങ്ങളുടെ സഹായത്താൽ കാലാവസ്ഥാ വ്യതിയാനങ്ങളെയും പ്രകൃതിക്ഷോഭങ്ങളെയും കുറിച്ചുള്ള മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിൽ എത്തിക്കാൻ ഉതകുന്നതും ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തതുമായ 'നാവിക്' എന്ന ഉപകരണം എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകും. ഇതിനു വേണ്ടിയുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. കടൽക്ഷോഭത്തിൽപ്പെട്ട് പെട്ടെന്ന് അപകടം പിണയുന്ന ചെറുവള്ളങ്ങൾക്ക് പകരം കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി ബോട്ടുകൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. കടലിലെ താപ വ്യതിയാനങ്ങളെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചും, സമുദ്രത്തിന്റെ ഉപരിതലത്തിന്റെ അവസ്ഥയെക്കുറിച്ചെല്ലാമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലെത്തിക്കുന്നതിന് INCOIS-ഉംമായി ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളിൽ 145778 പേരുടെ മൊബൈൽ നമ്പറുകൾ INCOIS -ന് ഇതിനകം കൈമാറിയിട്ടുണ്ട്. ഈ നമ്പരുകൾ ഇൻകോയിസ് ലോഡുചെയ്യുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് സന്ദേശങ്ങൾ കിട്ടിത്തുടങ്ങുന്നതാണ്.

**കായംകുളം ഫിഷിംഗ് ഹാർബറിന്റെ സമഗ്ര വികസനം**

365 (3216) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്ന് അപകടകരമായ നിലയിലായതും ഹാർബറിന്റെ മേഖലയിൽ ഡ്രഡ്ജ് ചെയ്യാത്തതുമൂലമുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) മുൻപ് ഡ്രഡ്ജ് ചെയ്ത മണ്ണ് ഹാർബറിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഹാർബറിന്റെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളി കളുടെ സുരക്ഷയ്ക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശക്തമായ കടലാക്രമണത്തിൽ കായംകുളം ഫിഷിംഗ് ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ അഗ്രഭാഗം ഏകദേശം 50 മീറ്റർ നീളത്തിൽ തകർന്നിട്ടുണ്ട്. നബാർഡ് ധനസഹായത്തോടെ പുലിമുട്ടുകളുടെ പുനരുദ്ധാരണം ഉൾപ്പെടെ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന് 36 കോടി രൂപ 2018-ലെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 130 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായിരുന്നു. ടി പ്രവൃത്തി ആരംഭിച്ചുവെങ്കിലും ഡ്രഡ്ജിംഗിലെ അളവു രീതി സംബന്ധിച്ച തർക്കംമൂലം കരാർ കമ്പനി കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. കേസ് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ വലിയഴീക്കൽ ഭാഗത്ത് അടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിന് സ്റ്റേറ്റ് ഫണ്ടായി 50 ലക്ഷം രൂപ നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) കായംകുളം ഹാർബറിൽ പൊതുമേഖലാ സ്ഥാപനമായ KMML ഡ്രഡ്ജ് ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് വിൽക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ദർഘാസുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുകയുമാണ്.

(സി) നബാർഡ് ധനസഹായത്തോടെ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന് 36 കോടി രൂപ 2018-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ബ്രേക്ക്‌വാട്ടറുകളുടെ പുനരുദ്ധാരണം ഡ്രഡ്ജിംഗ്, വാർഫ്, ലേലപ്പുര 150 മീറ്റർ നീളം വർദ്ധിപ്പിക്കൽ, പാർക്കിംഗ് ഏരിയയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫിഷ് ലോഡിംഗ് ഏരിയ, പായ്ക്കിംഗ് സെന്റർ, ഷോപ്പുകൾ, ലോക്കർ റൂമുകൾ, ഇലക്ട്രിഫിക്കേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ നിർമ്മിച്ച റോഡുകൾ

366 (3217) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ നിർമ്മിച്ച റോഡുകൾ എതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് ഓരോ റോഡിനും ചെലവായ തുക സഹിതം വ്യക്തമാക്കാമോ;

(ബി) ഇനി ഏതെല്ലാം റോഡുകളാണ് നിർമ്മിക്കാൻ ബാക്കിയുള്ളതെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ എന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ പുതുതായി റോഡ് നിർമ്മിക്കാൻ ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ആരെല്ലാമാണ് പ്രസ്തുത പ്രൊപ്പോസലുകൾ നൽകിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഭരണാനുമതി നൽകി നിർമ്മിച്ച റോഡുകൾ, ചെലവായ തുക സഹിതം അനുബന്ധം- I*-ൽ ചേർത്തിരിക്കുന്നു. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) കാസർഗോഡ് ജില്ലയിലെ വിവരം അനുബന്ധം-II* ആയി ചേർത്തിരിക്കുന്നു. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) കാസർഗോഡ് ജില്ലയിലെ വിവരം അനുബന്ധം-III* ആയി ചേർത്തിരിക്കുന്നു. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തീരദേശവികസന കോർപ്പറേഷൻ മുഖേനയുള്ള തൃപ്പൂണിത്തുറ മണ്ഡലത്തിലെ പ്രവൃത്തികൾ

367 (3218) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം തുക സഹിതം അറിയിക്കാമോ;

(ബി) നിലവിൽ നടന്നുവരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികൾ ഏതെന്ന് തുക സഹിതം അറിയിക്കുമോ?

ഉത്തരം

(എ) തീരദേശവികസന കോർപ്പറേഷൻ മുഖേന നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ലെങ്കിലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്.

(ബി) തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

368 (3219) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്കായി ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം നിലവിൽ നടന്നു വരുന്നതും ഭരണാനുമതി ലഭ്യമായതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെന്ന് തുക സഹിതം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തികൾ | തുക ലക്ഷത്തിൽ | അവസ്ഥ |
|---|---|---|---|
| 1 | കുമ്പളം പഞ്ചായത്തിലെ ചെപ്പനം കോനാട്ട് റോഡ് | 20 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 2 | യങ്ങ് സ്പോട്സ്മാൻ റോഡ്, കുമ്പളം പഞ്ചായത്ത് | 25 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 3 | പാനപ്പറമ്പ് കാന നിർമ്മാണം, കുമ്പളം പഞ്ചായത്ത് | 30.40 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |
| 4 | നെല്ലിക്കൽ റോഡ് ടാറിങ്ങും ഡ്രയിനേജ് പണികളും മരട് മുനിസിപ്പാലിറ്റി | 23 | കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| 5 | കുമ്പളം പഞ്ചായത്തിലെ ഒല്ലാറി റോഡ് | 12.20 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 6 | ചിറ്റയിൽ പി. വി. ശ്രീധരൻ റോഡ് കുമ്പളം പഞ്ചായത്ത് | 52.50 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 7 | ഓട്ടുപുര റോഡ് കുമ്പളം പഞ്ചായത്ത് | 63.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| | ആകെ | 226.10 | |

ടി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. ഇവയ്ക്ക് തുകയൊന്നും ഇതുവരെ ചെലവായിട്ടില്ല.

**മുതലപ്പൊഴിയിലെ അപകടങ്ങൾ**

369 (3220) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ വള്ളം, ബോട്ട് എന്നിവ അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾ മരിക്കുവാൻ ഇടയാകുന്ന കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) തുറമുഖ നിർമ്മാണത്തിലെ പിഴവുകളാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ ഇതിനകം എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുതലപ്പൊഴിയിൽ ഫിഷിംഗ് ഹാർബറിന്റെ മൗത്തിൽ വള്ളം, ബോട്ട് എന്നിവ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ മൗത്തിൽ മണ്ണടിഞ്ഞ് ആഴം കുറയുന്നതുമൂലം ആ ഭാഗത്ത് തിരമുറിയുന്നത് കാരണമാണ് അപകടങ്ങൾ ഉണ്ടാകുന്നത്.

(ബി) നിർമ്മാണത്തിലെ പിഴവുകൾ മൂലമല്ല ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നത്. മോഡൽ സ്റ്റഡി നടത്തിയാണ് പുലിമുട്ടുകൾ നിർമ്മിക്കുന്നത്. തിയറിറ്റിക്കൽ സൊല്യൂഷൻസ് ഇല്ലാത്തതിനാലാണ് മോഡൽ സ്റ്റഡിയെ ആശ്രയിക്കേണ്ടി വരുന്നത്. തിയറിറ്റിക്കൽ സൊല്യൂഷൻസ് ഇല്ലാത്ത കാരണത്താൽത്തന്നെ 100% പ്രതീക്ഷിക്കുന്ന റിസൾട്ട് കിട്ടുന്ന രീതിയിലേയ്ക്ക് ശാസ്ത്രലോകം വളർന്നിട്ടില്ല എന്ന് മാത്രമെ പറയാനാകൂ. പുലിമുട്ടുകൾ നിർമ്മിച്ചു കഴിഞ്ഞാൽ ഹാർബറിലേയ്ക്ക് ഒഴുകിയെത്തുന്ന മണ്ണിന്റെ അളവ്, തിരമാലകൾ എത്രമാത്രം ശക്തി കുറയും എന്നിവ കൃത്യമായി പ്രവചിക്കാൻ ശാസ്ത്രലോകത്തിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ലഭ്യമാകുന്ന ഏറ്റവും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുടെ അഭിപ്രായം തേടുന്നത്.

കേന്ദ്ര സ്ഥാപനമായ പൂനെയിലെ CWPRS-ന്റെ മാതൃകാ പഠനത്തെ അടിസ്ഥാനപ്പെടുത്തിയാണ് മുതലപ്പൊഴി തുറമുഖം നിർമ്മിച്ചിരിക്കുന്നത്. കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിരമുറിയുന്ന പ്രതിഭാസവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർമ്മാണത്തിലെ പിഴവുമൂലമല്ല. നദീമുഖ ഹാർബറുകളിൽ ഇത്തരം പ്രതിഭാസം ഉണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ തെക്കുഭാഗത്തുനിന്നും വൻതോതിൽ മണ്ണ് വടക്കുഭാഗത്തേയ്ക്ക് നീങ്ങുന്നതുകാരണം ഹാർബർ പ്രവേശന കവാടത്തിൽ മണ്ണ് അടിയുന്നുണ്ട്. ഇങ്ങനെ മണ്ണടിഞ്ഞ് ആഴം കുറയുന്നതു മൂലമാണ് തിരമുറയുന്ന പ്രശ്നം ഉണ്ടാകുന്നത്. അതുകൊണ്ട് ഇപ്രകാരം മണ്ണടിയുന്നത് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനാണുദ്ദേശിക്കുന്നത്.

(സി) മുതലപ്പൊഴി തുറമുഖത്തിന്റെ മൗത്തിൽ മണ്ണടിയുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന്, മൗത്തിലെയും ചാനലിലെയും ആഴം കൂട്ടുന്നതിന് ഡ്രഡ്ജിംഗ് നടത്തുന്നതിന് ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏർപ്പാടാക്കിയിരുന്നു. ഇതിനായി സാമഗ്രികൾ സൈറ്റിൽ എത്തിച്ചെങ്കിലും തുടർ നടപടികൾ ഒന്നും കരാറുകാരന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇപ്പോൾ ടി പ്രവൃത്തി റദ്ദ് ചെയ്ത് പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

ഹാർബറിലെ തിരയിളക്കത്തേയും (Wave disturbance) മണ്ണടിയുന്നത് (Drift movement) സംബന്ധിച്ചും ശാശ്വത പരിഹാരം കാണുന്നതിനായി പഠനം നടത്തുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായാൽ അതനുസരിച്ചുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ VISIL-ന്റെ സഹായത്തോടെ ഹാർബർ ഡ്രെഡ്ജ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പുതിയങ്ങാടിയിൽ ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ്**

370 (3221) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന പഴയ ഐസ് പ്ലാന്റ് കെട്ടിടം പൊളിച്ചുനീക്കി ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിലുള്ള നിലവിലുള്ള ഉപയോഗ ശൂന്യമായ ഐസ് പ്ലാന്റിന് പകരം 25 ടൺ ശേഷിയുള്ള ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു.

## മിനി ഫിഷിംഗ് ഹാർബർ

371 (3222) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി സി.ഡബ്ല്യു.പി.ആർ.എസ്. -ൽ നിന്നും ജിയോടെക്നിക്കൽ സ്റ്റെബിലിറ്റി സ്റ്റഡീസ്, ഡസ്റ്റക്ക് ആന്റ് വേവ് ഫ്ലൂം സ്റ്റഡി എന്നിവയുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സി.ഡബ്ല്യു.പി.ആർ.എസ്. പരിസ്ഥിതി ആഘാതപഠനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 1980-ൽ ആരംഭിച്ച ഈ പദ്ധതി സാധ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമായിട്ടില്ല.

(ബി&സി) പരിസ്ഥിതി പഠനം ആരംഭിച്ചിട്ടില്ല. മാതൃകാ പഠനം പൂർത്തിയാക്കിയതിനുശേഷം മാത്രമേ പരിസ്ഥിതി ആഘാത പഠനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. CWPRS മുഖേനയല്ല പരിസ്ഥിതി പഠനം നടത്തുന്നത്. കേന്ദ്ര സർക്കാർ അംഗീകരിച്ച അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചാണ് പഠനം നടത്തുന്നത്. എന്നാൽ, പരവൂരിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. പകരം മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ സുരക്ഷിതമായി കരയ്ക്കടുപ്പിക്കുന്നതിന് ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഫിഷിംഗ് ഹാർബറുകളുടേയും മിനി ഫിഷിംഗ് ഹാർബറുകളുടേയും എണ്ണം

372 (3223) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷിംഗ് ഹാർബറുകളും മിനി ഫിഷിംഗ് ഹാർബറുകളും എത്രയെണ്ണമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പുതുതായി ഹാർബറുകളും മിനി ഹാർബറുകളും സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്നതും പൂർത്തീകരിച്ചതുമായി 24 ഫിഷിംഗ് ഹാർബറുകളാണുള്ളത്.

| ക്രമ നമ്പർ | ഫിഷിംഗ് ഹാർബറുകൾ | ജില്ല |
|---|---|---|
| 1 | 2 | 3 |
| 1. | വിഴിഞ്ഞം | തിരുവനന്തപുരം |
| 2. | മുതലപ്പൊഴി | തിരുവനന്തപുരം |
| 3. | തങ്കശ്ശേരി | കൊല്ലം |
| 4. | നീണ്ടകര | കൊല്ലം |
| 5. | കായംകുളം | ആലപ്പുഴ |
| 6. | തോട്ടപ്പള്ളി | ആലപ്പുഴ |
| 7. | ചെത്തി | ആലപ്പുഴ |
| 8. | അർത്തുങ്കൽ | ആലപ്പുഴ |
| 9. | മുനമ്പം | എറണാകുളം |
| 10. | ചെല്ലാനം | എറണാകുളം |
| 11. | ചേറ്റുവ | തൃശ്ശൂർ |
| 12. | പൊന്നാനി | മലപ്പുറം |
| 13. | താനൂർ | മലപ്പുറം |

| 1 | 2 | 3 |
|---|---|---|
| 14. | ബേപ്പൂർ | കോഴിക്കോട് |
| 15. | പുതിയാപ്പ | കോഴിക്കോട് |
| 16. | ചോമ്പാൽ | കോഴിക്കോട് |
| 17. | കൊയിലാണ്ടി | കോഴിക്കോട് |
| 18. | വെള്ളയിൽ | കോഴിക്കോട് |
| 19. | മാപ്പിളബേ | കണ്ണൂർ |
| 20. | അഴീക്കൽ | കണ്ണൂർ |
| 21. | തലായ് | കണ്ണൂർ |
| 22. | ചെറുവത്തൂർ | കാസർഗോഡ് |
| 23. | കാസർഗോഡ് | കാസർഗോഡ് |
| 24. | മഞ്ചേശ്വരം | കാസർഗോഡ് |

(ബി) നിർമ്മാണം നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണവും പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടും മൂന്നും ഘട്ടങ്ങളിലുള്ള വികസനത്തിനും നവീകരണത്തിനുമാണ് സർക്കാർ മുൻഗണന നൽകി വരുന്നത്. എങ്കിലും പുതിയതായി പരപ്പനങ്ങാടിയിലും പൊഴിയൂരിലും മത്സ്യബന്ധന തുറമുഖങ്ങളും പൂന്തുറയിൽ ഒരു 'ഓഫ് ഷോർ ബ്രേക്ക് വാട്ടറും' നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

373 (3224) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യ ബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ) സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി ത്വരിതപ്പെടുത്തുമോ;

(സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്നതിന് ഭരണാനുമതി ലഭിച്ചവയിൽ ടെണ്ടർ നടപടി പൂർത്തിയാക്കാത്ത റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പരിസ്ഥിതി ക്ലിയറൻസ് അനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധന ഫീസായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി 10 ലക്ഷം രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായി നടപടി സ്വീകരിച്ചുവരുന്നു.

(സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിൽ ടെണ്ടർ നടപടികൾ പൂർത്തിയാകാത്ത റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘം തൊടി-കായൽ കോട്ടുവിള റോഡ് (14.70 ലക്ഷം) - സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.
2. വെട്ടൂർ പഞ്ചായത്ത് റഹ്മത്ത് റോഡ് (56.50 ലക്ഷം) - ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

**ജൈവ കശുമാവ് കൃഷിക്ക് സ്വീകരിച്ച നടപടികൾ**

374 (3225) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കശുവണ്ടി വ്യവസായ ഉന്നമനത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനും പ്രകടനപത്രികയിൽ പ്രഖ്യാപിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടവ്യവസ്ഥയിലെടുത്ത് കശുമാവ് കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം എത്ര ഏക്കറിൽ കശുമാവ് കൃഷി ആരംഭിച്ചു;

(സി) കശുവണ്ടിക്ക് പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ജൈവ കശുമാവ് കൃഷിക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) റോ നട്ട് ബാങ്ക് നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ട വ്യവസ്ഥയിലെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ശ്രമം ബന്ധപ്പെട്ട സംസ്ഥാനം മുന്നോട്ടുവച്ച ചില വ്യവസ്ഥകൾ കാരണം ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(സി) കശുമാവ് കൃഷി വികസന ഏജൻസി 2017-18 സാമ്പത്തിക വർഷത്തിൽ 2 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള കർഷകരെ ഉൾപ്പെടുത്തി കശുമാവ് തോട്ടം എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകരിൽനിന്നും വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ച് ഈ പദ്ധതി പ്രകാരം തൈകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ നിലം ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 13,000/- രൂപ ധനസഹായം നൽകുന്നുണ്ട്.

എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റി പകരം കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർസ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. വരുംവർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുണ്ട്.

ഉല്പാദനം കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പു മന്ത്രിയും ചർച്ചയും തുടർ നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) ജൈവ കശുമാവ് കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ജൈവ കൃഷിരീതിയെ കുറിച്ചുള്ള പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും കർഷകർക്ക് കെ.എസ്.എ.സി.സി നൽകി വരുന്നു ;

(ഇ) ഇല്ല.

**കശുവണ്ടി വ്യവസായ സംരക്ഷണം**

375 (3226) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടൽ ഭീഷണിയുണ്ടോ;

(ബി) അടച്ചുപൂട്ടൽ ഭീഷണിയുടെ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ &ബി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ അടച്ചുപൂട്ടൽ ഭീഷണി ഇല്ല. എന്നാൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പല ഫാക്ടറികളും പ്രതിസന്ധി നേരിടുന്നുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യ മാണ് ഇതിൽ ഏറ്റവും പ്രധാനം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശയും വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തു.

(സി) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ശേഖരിക്കുന്നതിന് കാഷ്യൂ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഇതിനു വേണ്ട ഫണ്ട് സർക്കാരിൽനിന്നും ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തിരവും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. തോട്ടണ്ടി വിദേശങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഘടിപ്പിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരുന്നു. ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്.

കൂടാതെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നമ്മുടെ സംസ്ഥാനത്ത് പരമാവധി കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തരമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനും നിലനിർത്താനും സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

**കശുവണ്ടിപ്പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

376 (3227) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് വിജയപ്രദമാണോ;

(ബി) 2017-ൽ കശുവണ്ടി പരിപ്പ് കയറ്റി അയച്ചതിലൂടെ കോർപ്പറേഷൻ നേടിയ വിദേശ നാണ്യം എത്രയാണ്;

(സി) ടാൻസാനിയായിൽ നിന്നും കുറഞ്ഞ വിലയ്ക്കുള്ള നിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നത് നമ്മുടെ ഉൽപ്പന്നത്തിന്റെ ആഭ്യന്തര വിപണിയെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭീഷണി നേരിടുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആഭ്യന്തര വിപണിയിൽ കശുവണ്ടിപ്പരിപ്പിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വിൽപ്പന വിപുലമാക്കുന്നതിനുവേണ്ടി കേരളത്തിലുടനീളം സി.ഡി.സി. കാഷ്യുവിന്റെ വിതരണത്തിനായി ഡിസ്ട്രിബ്യൂട്ടർമാരുടെ ഷോപ്പുകളും ഫ്രാഞ്ചൈസികളുമുണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, കൊച്ചി, മൂവാറ്റുപുഴ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ ഫ്രാഞ്ചൈസികൾ ആരംഭിക്കാനുള്ള നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. പുതുതായി 100 ഫ്രാഞ്ചൈസി ഡിസ്ട്രിബ്യൂട്ടേഴ്സിനെയും നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനു പുറമേ കോർപ്പറേഷന്റെ തനത് ഉല്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും വിപണന മേഖല കണ്ടെത്തുന്നതിനും വേണ്ടി ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ആവശ്യക്കാർക്ക് ചെറിയ പാക്കറ്റുകളിൽ ഉല്പന്നങ്ങൾ വിപണനം നടത്തിവരുന്നുമുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്കോ കാജു, മിൽക്കി കാജു, കാഷ്യൂ സ്പ്രെഡ് CFTRI-യുടെ സാങ്കേതിക സഹായത്തോടുകൂടി ഉല്പാദിപ്പിക്കുന്നുണ്ട്.

കുട്ടികളുടെ വളർച്ചയും ആരോഗ്യവും ലക്ഷ്യമിട്ട് കശുവണ്ടിപ്പരിപ്പിൽനിന്നും ചിൽഡ്രൻസ് കാഷ്യൂ വിറ്റ എന്ന ഒരു പുതിയ ഉല്പന്നംകൂടി വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റ എന്നിവ കപ്പുകളിൽ ചൂടോടെ അപ്പപ്പോൾ യഥാക്രമം 10, 20 നിരക്കിൽ കസ്റ്റമേഴ്സിന് നൽകുന്നതിനുള്ള സംരംഭം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വർദ്ധിത ഉല്പാദനവും വിപണനവും വിപുലപ്പെടുത്തുന്നതിലേക്ക് കസ്റ്റമേഴ്സ് മീറ്റും കോർപ്പറേഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 2017-ൽ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചതിലൂടെ 2028851.47 ഡോളർ വിദേശ നാണ്യം കോർപ്പറേഷൻ നേടിയിട്ടുണ്ട്.

(സി) ടാൻസാനിയായിൽനിന്നും കുറഞ്ഞ വിലയ്ക്കുള്ള നിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര വിപണിയെ അധികം ബാധിച്ചിട്ടില്ല. യന്ത്രവൽകൃത സംസ്കരണം നിലവിലുള്ള വിയറ്റ്നാമിൽ സംസ്കൃത കശുവണ്ടിക്ക് താരതമ്യേന വില വളരെ കുറവാണ്. ടി കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്വതന്ത്ര വ്യാപാര കരാർ അനുസരിച്ച് അനുമതി നൽകിയതിനാൽ കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇക്കാര്യം സൂചിപ്പിച്ച് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് സംസ്ഥാന കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് 2017 നവംബർ മാസം കത്ത് നൽകിയിട്ടുണ്ട്.

## കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ

377 (3228) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിന് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം എത്ര ടൺ കശുവണ്ടിയാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ആഭ്യന്തര ഉൽപ്പാദനത്തിനുശേഷവും അധികമായി ആവശ്യം വരുന്ന കശുവണ്ടി എങ്ങനെയാണ് സമാഹരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 8 ലക്ഷം ടൺ.

(ബി) കേരളത്തിലെ കശുവണ്ടി ഉല്പാദനം ഏകദേശം 83000 മെട്രിക് ടൺ ആണ്.

(സി) കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ഇ-ടെൻഡർ മുഖേനയാണ് കശുവണ്ടി സമാഹരിക്കുന്നത്. സ്വകാര്യ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ടും ഇടനിലക്കാരായ കശുവണ്ടി കച്ചവടക്കാർ മുഖാന്തിരവുമാണ് സമാഹരിക്കുന്നത്.

(സി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കശുമാവ് പുതുകൃഷി:—കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധനയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

കശുമാവ് തോട്ടം:—2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.

മുറ്റത്തൊരു കശുമാവ്:—അത്യുല്പാദന ശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ സ്കൂൾ കുട്ടികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ മുഖാന്തരം നൽകിവരുന്നു.

2017-ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്തായി 350000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് ഉള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും കോർപ്പറേഷൻ നേരിട്ട് 35 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2884, 2923, 2949, 3005, 3105 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M]

## II അടിയന്തരപ്രമേയം

### ലൈഫ് പദ്ധതിയിലെ പാളിച്ചകൾ

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും നടപടിക്രമങ്ങളും നടത്തിപ്പിലെ പാളിച്ചകളുംമൂലം സംസ്ഥാനത്ത് ഭവനരഹിതരായവർക്ക് പുതിയതായി ഒരു വീടിനുപോലും ഒന്നാം ഗഡു നൽകാനോ ജില്ലകളിലെ ലിസ്റ്റ് അന്തിമമായി അംഗീകരിക്കാനോ കഴിയാത്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.കെ. ബഷീർ, വി.പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആഗ്രഹമാണ് സുരക്ഷിതവും മാന്യവുമായ ഒരു വീട് എന്നത്. പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണത്തിന് നിരവധി പദ്ധതികൾ സംസ്ഥാനത്തുണ്ടെങ്കിലും കയറിക്കിടക്കാൻ ഒരിടം എന്ന ആഗ്രഹം സാധിക്കാതെ പലരും മണ്ണടിഞ്ഞുപോയ അവസ്ഥ ഉണ്ടായിട്ടുണ്ട്. സർക്കാർ പദ്ധതി പ്രകാരം വീട് ലഭിച്ച പലരും പല കാരണങ്ങളാൽ ആ വീട് വിറ്റ് ഭവനരഹിതരായി മാറിയ സ്ഥിതിയും നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. സർക്കാർ പദ്ധതി പ്രകാരമുള്ള വീടുകൾ പൂർത്തിയാകാതെ നിർമ്മാണം നിലച്ചുപോകുന്നത് പതിവായിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഭവനനിർമ്മാണ പദ്ധതിയിലൂടെ പാവപ്പെട്ട, വീട് ഇല്ലാത്ത മുഴുവൻപേർക്കും വീട് നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയത്. നമ്മുടെ സംസ്ഥാനത്തെ കണക്ക് പരിശോധിച്ചാൽ 66,611 വീടുകളാണ് ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിക്കാതെ വഴിക്കുവച്ച് ഒന്ന് നിന്നുപോയത്. ഇക്കാര്യത്തിൽ അർഹതാ മാനദണ്ഡങ്ങൾ നേരത്തെ നിശ്ചയിച്ചിരുന്നു. സ്വന്തമായി ഭവനമില്ലാത്തവർ, കുടുംബത്തിൽ നിന്നും ഭവനം കൈമാറി കിട്ടാൻ സാധ്യതയില്ലാത്തവർ. രണ്ട്, ഗ്രാമീണ മേഖലയിൽ സ്വന്തമായി 25 സെന്റിൽതാഴെ ഭൂമിയുള്ളവർ, നഗരത്തിൽ 5 സെന്റിൽതാഴെ ഭൂമിയുള്ളവർ, കുടുംബ വരുമാനം മൂന്നുലക്ഷം രൂപയിൽ താഴെയുള്ളവർ, റേഷൻ കാർഡുള്ള കുടുംബം. സർക്കാർ-പൊതുമേഖലാ-അർദ്ധസർക്കാർ ജീവനക്കാർ, പെൻഷൻകാർ, സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനമുള്ളവർ എന്നിവരെ ഒഴിവാക്കിയിരുന്നു. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടത് സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ, ഭവനനിർമ്മാണം ഭാഗികമായി പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ,

വാസയോഗ്യമല്ലാത്ത വീട്ടുള്ളവർ, പുറമ്പോക്കിലോ തീരപ്രദേശത്തോ തോട്ടം മേഖലയിലോ താത്കാലിക ചായ്പ്പുള്ളവർ, ഭൂമി ഇല്ലാത്തവർ എന്നിങ്ങനെ 9 ക്ലേശഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയത്. മാനസിക വൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, അംഗവൈകല്യമുള്ളവർ, ഗുരുതരമായ രോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, അപകടത്തിൽപ്പെട്ട് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവരും രോഗികളും, വിധവകൾ, എച്ച്.ഐ.വി. പോസിറ്റീവായ വ്യക്തികൾ എന്നിങ്ങനെയാണ്. അഗതികളായ ആളുകളിൽ തന്നെ ചിലർ പുറമ്പോക്കിലും മറ്റും വർഷങ്ങളായി താമസിക്കുന്നുണ്ടെങ്കിലും അത്തരമാളുകൾക്ക് റേഷൻ കാർഡില്ലാത്ത പ്രശ്നം പലയിടത്തുമുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരമാളുകൾക്ക് റേഷൻകാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും പിന്നീട് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് 2017 ഫെബ്രുവരി 17, 18 തീയതികളിൽ കുടുംബശ്രീ മുഖേനയാണ് സർവ്വേ നടത്തിയത്. ഈ സർവ്വേയെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ പരിശോധിച്ച് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അന്തിമ ഗുണഭോക്തൃ ലിസ്റ്റ്, ഗ്രാമസഭകളിലും വാർഡുസഭകളിലും വച്ച് അംഗീകാരം നൽകുകയാണ് വേണ്ടത്. 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 797 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചതായാണ് എന്റെ കയ്യിലുള്ള കണക്ക് വ്യക്തമാക്കുന്നത്. ഡിസംബർ 31-നുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുസഭകളും ഗ്രാമസഭകളും ഇതെല്ലാം അംഗീകരിക്കേണ്ടതാണെന്നും അത് അംഗീകരിക്കുമെന്നും നേരത്തേ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത് അംഗീകരിക്കുന്നതിൽ വലിയ വീഴ്ചവരുത്തിയിരിക്കുകയാണ്. സാധാരണഗതിയിൽ ഇത് അംഗീകരിക്കാൻ കാലതാമസമുണ്ടാകേണ്ട കാര്യമില്ല. പെട്ടെന്നുതന്നെ അംഗീകരിക്കുന്നതിനുള്ള കർശനനിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് വകുപ്പ് അറിയിച്ചിട്ടുള്ളത്. ഏതായാലും അംഗീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അലംഭാവം വെടിഞ്ഞ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അംഗീകരിക്കാത്തതിന് ഒരു ന്യായീകരണവും പറയാനുമില്ല. സർവ്വേയിൽ 513436 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. ക്ലേശ ഘടകങ്ങളുള്ള 91984 ഗുണഭോക്താക്കളും, എസ്.സി. വിഭാഗത്തിൽപ്പെട്ട 75065 പേരും എസ്.ടി. വിഭാഗത്തിൽപ്പെട്ട 14085 പേരും 6000 മത്സ്യത്തൊഴിലാളികളുമാണ് ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഈ മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് നേരത്തേ നിശ്ചയിച്ചിരുന്നത്. ആകെ 66750 വീടുകളാണ് പൂർത്തീകരിക്കേണ്ടതായുള്ളത്. ഇതിൽ 18000 എസ്.റ്റി. വിഭാഗത്തിലുള്ളവരുടെ വീടുകൾക്ക്

തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി, എഞ്ചിനീയറിംഗ് ഡിവിഷൻ എന്നിവരുടെ സഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അവ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 1662 എസ്.റ്റി. വിഭാഗത്തിലുള്ളവരുടെ വീടുകൾ പൂർത്തീകരിച്ച് കഴിഞ്ഞു. നാളിതുവരെ 5952 വീടുകളാണ് പൂർത്തിയായിട്ടുള്ളത്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. 2018 മാർച്ച് 31-ഓടുകൂടി മുഴുവൻ വീടുകളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതൊരു ജനകീയ പ്രസ്ഥാനമാക്കി എടുത്തുകൊണ്ട് വീട് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. വളരെ പാവപ്പെട്ട കുടുംബങ്ങൾക്കാണ് ഇത്തരത്തിൽ വീട് പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത്. അവരെ സഹായിക്കാൻ നാട്ടുകാർകൂടി തയ്യാറായി. ഫണ്ട് ഉണ്ടെങ്കിലും അത് പൂർത്തീകരിക്കുന്നതിനുള്ള ശ്രമദാനംപോലുള്ള കാര്യങ്ങൾ നാട്ടുകാർക്കുകൂടി ചെയ്യാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിലേറ്റവും പ്രധാനമായി നിൽക്കുന്നത്. ഇപ്പോൾ ലിസ്റ്റിലുള്ള, ഭൂമിയുള്ള ഭവനരഹിതർ 176000 പേരാണ്. അവർക്ക് 2018-19-ൽ വീട് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. 4 ലക്ഷം രൂപയാണ് വീട് പൂർത്തിയാക്കുന്നതിന് പണമായി കണ്ടിട്ടുള്ളത്. 338380 പേർക്ക് പുതുതായി വീട് നിർമ്മിച്ച് നൽകുന്നതിനും ഉദ്ദേശിക്കുന്നു.

റേഷൻ കാർഡില്ലെന്ന കാരണത്താൽ ലിസ്റ്റിൽനിന്നും വിട്ടുപോയ ആളുകളുണ്ടെങ്കിൽ അവരെ ലിസ്റ്റിലുൾപ്പെടുത്തുന്ന നടപടിയും സ്വീകരിക്കും. ഒരു കാർഡിൽ വിവിധ കുടുംബങ്ങളുണ്ട്, അവർക്കെല്ലാം വീതിച്ചുകൊടുക്കണമെന്നാണ് ഇവിടെ വരുന്ന ഒരഭിപ്രായം. അങ്ങനെ ഒന്നിച്ച് കഴിയുന്ന കുടുംബത്തെ ഭിന്നിപ്പിക്കാൻ ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നില്ല. അവർ ഒന്നിച്ചുതന്നെ കഴിയട്ടെ. ഇതല്ലാതെ ഒരു കുടുംബത്തോടൊപ്പം അഗതികളായി താമസിക്കുന്ന ആളുകൾക്ക് അർഹതയുണ്ട്. അവർക്കാണ് ഇപ്പോൾ നൽകാനുദ്ദേശിക്കുന്നത്. ചില കാരണങ്ങളാൽ ലിസ്റ്റിൽനിന്നും വിട്ടുപോയെന്ന പരാതി ഉയരുന്നുണ്ട്. ആ പരാതി ഗൗരവമായി പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കും. പി.എം.എ.വൈ. വീടുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി 2.5 ലക്ഷം രൂപയാണ് ലഭിക്കുന്നത്. ഇത്തരത്തിൽ 77953 വീടുകൾക്ക് ഈ വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ളതാണ് ഈ വീടുകൾ. പി.എം.എ.വൈ.-യിൽ ഉൾപ്പെടാത്ത വീടുകൾക്ക് ഒരു ലക്ഷം രൂപ നൽകും. ബാക്കിത്തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം പ്ലാൻ ഫണ്ടിൽനിന്നോ വായ്പയായോ കണ്ടെത്തുന്നതാണ്. ആവശ്യമായ തുക തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പയായി നൽകാൻ ഒരു പ്രത്യേക ഫിനാൻസ് കമ്പനിക്ക് രൂപം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെടുക്കുന്ന വായ്പയുടെ മുതൽ അവരുടെ ഭാവി പ്ലാൻ ഫണ്ടിൽനിന്നും വർഷംതോറും കുറവുചെയ്യുകയും പലിശ സർക്കാർ വഹിക്കുകയും ചെയ്യും. സ്വന്തമായി വസ്തുവില്ലാത്ത ഭവനരഹിതർക്കായി പാർപ്പിട സമുച്ചയങ്ങളാണ് 'ലൈഫ്'-ൽ ലക്ഷ്യമിട്ടിരിക്കുന്നത്. പാർപ്പിട സൗകര്യങ്ങൾക്കൊപ്പം അവരുടെ ഉപജീവന സുരക്ഷയും സർക്കാരിന്റെ ചുമതലയാണെന്ന് കണ്ടുകൊണ്ടുള്ള സമഗ്ര സുരക്ഷാ പദ്ധതിക്കൂടിയാണ് ലക്ഷ്യമിടുന്നത്. ഇത് 2018-19-ൽ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ സജീവമായി ലക്ഷ്യപ്രാപ്തിയിലേയ്ക്ക് നീങ്ങുന്ന അവസ്ഥയാണുള്ളത്. ഭവനരഹിതരുടെ സമ്പൂർണ്ണ പട്ടിക തയ്യാറായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും ഗ്രാമ സഭാതലത്തിലുമായി ജനങ്ങളുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് സ്വീകരിച്ച് അവ പരിഹരിക്കുകയും അന്തിമമായി അംഗീകരിക്കുകയും ചെയ്തിട്ടുള്ള പട്ടികയാണ് ഇപ്പോൾ നിലവിലുള്ളത്. ഏകദേശം 3.5 ലക്ഷം ഭവനരഹിതരാണ് വിവിധ പദ്ധതികളിലുൾപ്പെട്ടിട്ടും ഭവനരഹിതരായി തുടരുന്നതെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ വിവരശേഖരണത്തിലൂടെ അത് 5 ലക്ഷത്തിലധികമായി ഉയർന്നതായാണ് മനസ്സിലാകുന്നത്. ഇവരുടെ ആകെ പ്രശ്നങ്ങളാണ് ലൈഫ് മിഷനിലൂടെ പരിഹരിക്കേണ്ടത്. ജനസംഖ്യാ വർദ്ധനവും ഭൂമിയുടെ ലഭ്യത കുറവുമാണ് നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. അതു കൊണ്ടാണ് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് വീടും സ്ഥലവും നൽകുക എന്ന നടപടിയെടുക്കുന്നത്. ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഇതിനകം സ്വമേധയാ സ്ഥലം സംഭാവന ചെയ്ത ചിലരുണ്ട്. പദ്ധതിയുടെ വിജയം ഉറപ്പാക്കാൻ ഇത്തരം ആളുകൾ നൽകിയ സംഭാവന ഒട്ടും ചെറുതല്ല. അതോടൊപ്പം ഈ സഭയിലെ അംഗങ്ങളോട് നേരത്തെ ഒരഭ്യർത്ഥന നടത്തിയിരുന്നു, ഇക്കാര്യത്തിൽ ഭൂമി ദാനമായി നൽകാൻ തയ്യാറുള്ള സ്ഥാപനങ്ങളെയും വ്യക്തികളെയും കണ്ടെത്തി അവരിൽനിന്നും ലൈഫ് പദ്ധതിയിലേയ്ക്ക് ഭൂമി ലഭ്യമാക്കാനുള്ള ശ്രമം നടത്തണമെന്നതായിരുന്നു ആ അഭ്യർത്ഥന. ബഹുമാന്യനായ പി. സി. ജോർജ് ഉൾപ്പെടെ ചിലർ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ പദ്ധതിക്ക് അതിന്റെ പൂർണ്ണ ലക്ഷ്യപ്രാപ്തിയിലേയ്ക്ക് എത്തുന്നതിന് സാധിക്കുകയുള്ളൂ. ഏറ്റവും പ്രധാനം നമ്മുടെ നാടാകെ, ജനങ്ങളാകെ ഇതിനാവശ്യമായ പിന്തുണ നൽകുക എന്നതാണ്. അത് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ലൈഫ് ഇല്ലാതെ പോയ ഒരു ലൈഫ് ഭവന പദ്ധതിയെപ്പറ്റിയാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. വീടിന്റെ കോലായിൽ പാതിരാനേരത്ത് വീട്ടുകാരനെ കാത്തിരിക്കുന്ന വീട്ടമ്മമാരുടെ ഒരു ദയനീയാവസ്ഥ യാണ് ഞാൻ ഓർക്കുന്നത്. കൂലിപ്പണി ചെയ്ത് കിട്ടുന്ന കാശുമായി അരിയും സാധനങ്ങളും വാങ്ങി തന്റെ വീടിന്റെ മുന്നിൽ വന്നുനിൽക്കുന്ന ഗൃഹനാഥനെ കാത്തുനിൽക്കുന്ന വീട്ടമ്മയും കുട്ടികളും. സന്ധ്യാനേരത്ത് വീടിന്റെ കോലായിൽ കെട്ട്യോളും കുട്ട്യോളും അച്ഛനെ കാത്തുനിൽക്കുമ്പോൾ സാധാരണ ഒരു സഞ്ചി അരിയും മടിയിൽ കുറച്ച് സാധനങ്ങളുമായായിരിക്കും ഗൃഹനാഥൻ വരുന്നത്. ആ സാധനങ്ങൾകൊണ്ടുവേണം രാത്രിയിലെ ഭക്ഷണമുണ്ടാക്കാൻ. പക്ഷെ, ചില ഗൃഹനാഥന്മാർ മൂക്കറ്റം കള്ളുകുടിച്ച് വരുമ്പോൽ കെട്ട്യോൾ ചോദിക്കും, 'മൂക്കറ്റം കുടിച്ച് ഒന്നും കൊണ്ടുവരാതെ നശിപ്പിച്ചില്ലേ' എന്ന്. അപ്പോൾ ഗൃഹനാഥൻ ഭാര്യയുടെ പള്ളക്കിട്ട് ആഞ്ഞൊരു ചവിട്ടുകൊടുത്തിട്ട് പറയും 'ഞാൻ എല്ലാം ശരിയാക്കിത്തരാം, നിന്നെയും ശരിയാക്കിത്തരാം.' അതുപോലെ ഇന്ന് കേരളത്തിലെ ലക്ഷക്കണക്കിന് ഭവനരഹിതരായ ആളുകൾ ഇപ്പോൾ വീട് കിട്ടുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയാണ്. എന്നാൽ അവർക്ക് കിട്ടുന്നതെന്താണ്; അവരുടെ സ്വപ്നങ്ങൾക്കുമേലുള്ള ഒരു ചവിട്ടാണ് ഈ സർക്കാർ കൊടുത്തത്.

വികേന്ദ്രീകരണ ആസൂത്രണത്തെപ്പറ്റി വാതോരാതെ പ്രസംഗിക്കുന്ന നിങ്ങൾ, 1996-97 കാലഘട്ടത്തിൽ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മകൻ ശ്രീ. ഇ. എം. ശ്രീധരനുമൊക്കെ പ്ലാനിംഗ് ബോർഡ് മെമ്പറായിരിക്കുമ്പോൾ മഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. അത് രാജീവ് ഗാന്ധി കൊണ്ടുവന്നതാണ്. അതിന്റെ ക്രെഡിറ്റ് നിങ്ങൾ എടുത്തു.

ശ്രീ. കെ. ബാബു: സർ,....

ശ്രീ. പി. കെ. ബഷീർ: ഞാൻ പറയട്ടെ. നിങ്ങൾ വെറുതെയൊന്നും പറയണ്ട. എല്ലാം നിങ്ങളുടെ മനസ്സിലുണ്ട്, നിങ്ങൾക്ക് ഒന്നും പറയാൻ കഴിയില്ല. നിങ്ങൾക്ക് പാർട്ടി റിപ്പോർട്ടിംഗും കാര്യങ്ങളുമാണുള്ളത്.

മി. സ്പീക്കർ: വെറുതെ ചോദ്യങ്ങൾ ചോദിക്കണ്ട. ശ്രീ. പി. കെ. ബഷീറിന്റെ കഴിവ് മുഴുവനും പുറത്തെടുക്കും.

ശ്രീ. പി. കെ. ബഷീർ: നിങ്ങൾക്ക് പാർട്ടി റിപ്പോർട്ടിംഗേ അറിയൂ. സാധാരണക്കാരന്റെ വിഷയമറിയില്ല. നിങ്ങളൊന്ന് മനസ്സിലാക്കണം, ഈ ഗവൺമെന്റ് വന്നിട്ട് ആദ്യം ചെയ്ത പണിയെന്താണ്; പഞ്ചായത്തുകൾക്കുമേലുള്ള

നിയന്ത്രണമാണ് ആദ്യം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് കേൾക്കണം. അങ്ങേയ്ക്ക് ഇതൊന്നും അറിയില്ലെന്നറിയാം. അങ്ങേയ്ക്ക് ഇഷ്ടപ്പെട്ട നാല് മിഷനുകളാണ്, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ യജ്ഞം, അങ്ങ് ഏറ്റവും ഇഷ്ടപ്പെടുന്ന ഹരിത കേരളം. അതൊക്കെ ഞങ്ങൾ അംഗീകരിക്കുന്നു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സ്വന്തമായി ഭവനനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലെന്ന് 2016-17 വർഷത്തെ വാർഷിക പദ്ധതിക്കുള്ള മാർഗ്ഗരേഖയിൽ ഖണ്ഡിക 11, പേജ് 54-ൽ. ജി.ഒ.(എം.എസ്.) നമ്പർ 4/2016 തീയതി 11-1-2016 ആയി നിങ്ങൾ പൂട്ടിട്ടു. അത് ഡോ. ടി. എം. തോമസ് ഐസക് മനസ്സിലാക്കണം, അങ്ങ് അത് ഓർക്കണം. ആ മാർഗ്ഗരേഖയിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ രണ്ടുവർഷമായി ഒറ്റ വീടുപോലും ആർക്കും ലഭിക്കാതെയായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ 941 പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ, സാധാരണ എങ്ങനെയായിരുന്നു; ജനകീയാസൂത്രണം വന്നപ്പോൾ ഞാനും ഒരു പഞ്ചായത്ത് മെമ്പറായിരുന്ന ആളാണ്. ആ കാലഘട്ടത്തിലൊക്കെ പഞ്ചായത്തുകൾ പദ്ധതിയുണ്ടാക്കുമ്പോൾ സേവനമേഖലയിൽ 25 ശതമാനമോ 40 ശതമാനമോ പണം നീക്കിവയ്ക്കും. ആദ്യഘട്ടത്തിൽ 25 ശതമാനമായിരുന്നു. രണ്ടാമത് 40 ശതമാനമായിരുന്നു. സേവനമേഖലയ്ക്ക് പണം നീക്കിവയ്ക്കുകയും ഗ്രാമസഭ കൂടി പഞ്ചായത്ത് അപേക്ഷ സ്വീകരിക്കുകയും ആ ലിസ്റ്റ് ഗ്രാമസഭയിൽവച്ച് വർക്കിംഗ് ഗ്രൂപ്പ് മാർക്ക് ഇടുകയും ഗ്രാമസഭ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യും. ഒരു പഞ്ചായത്തിൽ 20 വാർഡുകളുണ്ടെങ്കിൽ ഒരു വാർഡിൽ നാലോ അഞ്ചോ വീടുകൾ വച്ച് 50 ആളുകൾക്ക് വീട് ലഭിക്കുമായിരുന്നു. അതായിരുന്നു 20 കൊല്ലമായി ഇവിടെ നടന്നുവന്നത്. ആ പദ്ധതിക്ക് നിങ്ങൾ ടാഗ് ഇട്ടു. പട്ടികജാതി വികസന വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെയുണ്ട്. രണ്ട് കൊല്ലമായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ആർക്കെങ്കിലും വീട് കൊടുത്തിട്ടുണ്ടോ എന്ന് അങ്ങ് പറയണം. നിങ്ങളെന്താണ് സർക്കുലറിൽ പറഞ്ഞത്; അത് സംയോജിപ്പിക്കുമെന്ന്. നിങ്ങൾ ഇത്തരം വാക്കുകളാണ് പ്രയോഗിക്കുന്നത്. സംയോജിപ്പിക്കുക, സഹകരിപ്പിക്കുക എന്നൊക്കെ. അങ്ങയുടെ വകുപ്പിൽ കൊടുത്തോ? ഇല്ല.

ഒരു വീടുണ്ടാക്കാൻ എന്തിനാണ് 26 ഓർഡർ ഇറക്കുന്നത്. ഇ.എം.എസ്. ഭവന പദ്ധതിക്കുവേണ്ടി നിങ്ങൾ 32 ഓർഡർ ഇറക്കിയിരുന്നു. അതാണ് അന്ന് അത് കുളമായിക്കിട്ടിയത്. ശ്രീ. അനിൽ അക്കര ശ്രീ. വിജയാനന്ദിന്റെ കാര്യം പറഞ്ഞതുകൊണ്ടാണ് അദ്ദേഹത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കാതിരുന്നത്. അന്ന് 32 ഓർഡറായിരുന്നു.

ഗുണഭോക്താക്കളെ കണ്ടെത്താൻ സർവ്വേ നടത്തുന്നത് സംബന്ധിച്ച് 21-10-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചു. 8-11-2016-ൽ ലൈഫ് നിർദ്ദേശങ്ങൾക്ക് അംഗീകാരം. 31-12-2016-ൽ മന്ത്രിതല സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ്. ഒരാൾക്ക് നാട്ടിൽ വീട് കൊടുക്കാൻ വേണ്ടിയാണിത്. 5-1-2017-ൽ ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചു. നിങ്ങളുടെ പാർട്ടിക്കാരായ യൂണിയൻകാർക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം നടക്കുന്നതിനുവേണ്ടി ഒരു ഉത്തരവ്. അതുകഴിഞ്ഞ് 6-2-2017-ൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു ഉത്തരവ് ഇറക്കി. ഇതൊക്കെ എന്നാണ് തുടങ്ങുന്നത്. അതിനുമുൻപ് പഞ്ചായത്തുകാർക്ക് ടാഗ് കൊടുത്തു. ഒരു പൈസയും നീക്കിവയ്ക്കാൻ പാടില്ല എന്നുപറഞ്ഞു. 9-2-2017-ൽ സർവ്വേ നടത്തുന്നതിനുള്ള മാർഗ്ഗരേഖ സംബന്ധിച്ച് ഒരു ഉത്തരവിറക്കി. കുടുംബശ്രീക്കാരെ നിയോഗിച്ചത് പ്രസ്തുത ഉത്തരവിലൂടെയാണ്. ഇതിലൂടെയാണ് ലക്ഷക്കണക്കിന് അർഹരായ ആളുകളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് വരുന്നത്. 26-5-2017-ലെ സ.ഉ.(സാധാ.) 1738/2017/തസ്വഭവ. ഉത്തരവിലൂടെ ലൈഫ് പദ്ധതിയുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ വരുന്നതുവരെ ഭവന സമുച്ചയം നിർമ്മിക്കുന്നതിനുമാത്രം ഫണ്ട് നീക്കിവച്ചാൽമതിയെന്ന് പറയുകയുണ്ടായി. അപ്പോഴും പദ്ധതിയിൽ പണം നീക്കിവയ്ക്കാൻ പാടില്ല എന്നുപറഞ്ഞ് രണ്ടാമത്തെ ഉത്തരവ് കൊടുത്തു. പത്താമത്തെ ഉത്തരവ് സാങ്കേതിക സഹായത്തിന് ഏജൻസികളെ നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ളതാണ്. സാധാരണ എങ്ങനെയാണ് വീടുണ്ടാക്കുന്നത്. ഗുണഭോക്താവിന് കൊടുക്കും. അവർ കല്ലുംമണ്ണും എടുക്കും. നാട്ടിൽ ആരെങ്കിലും സഹായിച്ചുകൊടുക്കും. അതിന് എന്തിനാണ് ഒരു ടെക്നിക്കൽ ഏജൻസി? 60 എം. സ്ക്വയറിൽ മുറി നിർമ്മിക്കാൻ എന്തിനാണ് ടെക്നീഷ്യൻ? നിങ്ങളുടെ തലയിൽ കളിമണ്ണാണോ? നിങ്ങളവിടെ തൊള്ളയും നോക്കി നിന്നോളീൻ.

മി. സ്പീക്കർ: തൊള്ളയും പള്ളയും എന്താണെന്ന് പറഞ്ഞുകൊടുക്കൂ.

ശ്രീ. പി. കെ. ബഷീർ: സർ, പള്ള എന്നുപറഞ്ഞാൽ വയർ, തൊള്ള എന്നുപറഞ്ഞാൽ വായ്. 31-7-2017-ലെ ഉത്തരവ് ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. ഡോ. കെ. ടി. ജലീലിന്റെ കാര്യം ഏതായാലും പോകട്ടെ. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻമന്ത്രി ശ്രദ്ധിക്കണം. വരാൻപോകുന്ന സംസ്ഥാന സെക്രട്ടറിയായി അണിയറയിൽ താങ്കളുടെ പേരും പറയുകയാണല്ലോ; വീടിന് അപേക്ഷിക്കണമെങ്കിൽ റേഷൻ കാർഡ് വേണം. റേഷൻ കാർഡ് വേണമെങ്കിൽ വീട്ട് നമ്പർ വേണം. വീട്ട് നമ്പർ വേണമെങ്കിൽ വീട് വേണം. വീടില്ലാത്ത ആളാണ് അപേക്ഷിക്കേണ്ടത്. എങ്ങനെയാണ് അതിനോട് യോജിക്കുക; നിങ്ങൾ പറയൂ.

ഞങ്ങൾക്കേതായാലും വിവരമില്ല. നിങ്ങൾ ആഗോളവിവരവും ലോകവിവരവുമുള്ള ആളുകളല്ലേ, സമ്മതിച്ചു. നിങ്ങൾ ആലോചിക്കണം, രണ്ട് റൂമുള്ള ഒരു വീട് നിർമ്മിക്കാൻ 41 പേജുള്ള മാർഗ്ഗരേഖയാണ്. കുടുംബശ്രീ തയ്യാറാക്കിയ പട്ടിക പരിശോധിക്കേണ്ടത് ആരാണ്; മലപ്പുറത്ത് കൊല്ലത്തുള്ള ഒരു സെക്രട്ടറി. അയാൾ പരിശോധിക്കുകയാണ്. പഞ്ചായത്ത് ബോർഡിനോ അതിന്റെ പ്രസിഡന്റിനോ മെമ്പർമാർക്കോ ഭരണസമിതിക്കോ യാതൊരു റോളുമില്ല. ഐസക് സാർ പറയണം. ഇപ്പോൾ പറയാൻ കഴിഞ്ഞില്ലെങ്കിൽ അങ്ങയുടെ ബജറ്റിൽ പറയണം. സെക്രട്ടറി ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ച് കളക്ടർക്ക് കൊടുക്കണം. ആ നാട്ടിലെ ഗ്രാമപഞ്ചായത്ത് മെമ്പർക്കല്ലേ അവിടത്തെ കാര്യങ്ങൾ അറിയുകയുള്ളൂ. റേഷൻ കാർഡ് ഇല്ലാത്തവന് വീടില്ല എന്ന് ഞാൻ പറഞ്ഞുവല്ലോ. വീടില്ലാതെ റേഷൻ കാർഡ് കിട്ടില്ല. കോഴിയാണോ മുട്ടയാണോ ആദ്യം ഉണ്ടായത് എന്ന് ചോദിച്ച അവസ്ഥയിൽ ഗുണഭോക്താക്കൾ നട്ടംതിരിയുകയാണ്.

ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഒരു സോഫ്റ്റ്‌വെയറുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ജില്ലാ കളക്ടർക്ക് അയച്ചശേഷമാണ് അത് ഗ്രാമസഭയിലേയ്ക്ക് വരുന്നത്. ഒ.പി. നമ്പർ 18175/96 കേസ്സിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുണ്ട്. ആ വിധിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭയാണെന്ന് പറയുന്നുണ്ട്. അന്ന് കോടതിയിൽപോയ ആളാണ് ഞാൻ. അതുകൊണ്ടാണ് ഞാൻ ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് പറയുന്നത്. നിങ്ങൾ ലിസ്റ്റ് തയ്യാറാക്കുകയല്ല വേണ്ടത്. ഗ്രാമസഭ ഐകകണ്ഠ്യേന ലിസ്റ്റ് പാസ്സാക്കിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭ പാസ്സാക്കിയ ലിസ്റ്റെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അങ്ങ് ഇതിന്റെ നോഡൽ ഓഫീസറോട് ചോദിക്കണം. ഈ ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ കഴിയാത്ത രീതിയിലാണ് ആ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്. എനിക്ക് ഇക്കാര്യം നന്നായി അറിയാം. കാരണം, എന്റെ ഭാര്യ ഒരു പഞ്ചായത്ത് പ്രസിഡന്റാണ്. ഇതിന്റെ കുറച്ച് ഭാഗമൊക്കെ എനിക്കറിയാം. നാല് തവണ എന്റെ ഭാര്യ പഞ്ചായത്ത് പ്രസിഡന്റായി. മൂന്ന് തവണയും എനിക്ക് ഇങ്ങനെയുള്ള ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല.

ലൈഫ് പട്ടിക തയ്യാറാക്കിയത് സംബന്ധിച്ച് നിങ്ങൾ ആലോചിച്ചു നോക്കൂ. മുമ്പൊക്കെ പശ്ചാത്തല മേഖല, സേവന മേഖല എന്നിവയ്ക്കൊക്കെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉണ്ടായിരുന്നു. എടവണ്ണ ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും കൂട്ടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തും ഡോ. കെ. ടി. ജലീൽ മന്ത്രിയുടെ അടുത്തും പോയിരുന്നു. എടവണ്ണ പഞ്ചായത്തിൽ ആയിരം ആളുകൾക്ക് വീട് നിർമ്മാണവുമായി ബന്ധപ്പെട്ട

ഒരു പദ്ധതി തയ്യാറാക്കി. അതിനായി പഞ്ചായത്തിന് വായ്പയെടുക്കാനുള്ള അനുവാദം ചോദിച്ചു. നിങ്ങളെന്തിനാണ് ഇങ്ങനെ പോകുന്നത്, പഞ്ചായത്തുകളുടെ പദ്ധതി വിഹിതം 25% കട്ട് ചെയ്യുമെന്ന് നിങ്ങൾ പറഞ്ഞു. എന്നാൽപ്പിന്നെ നിങ്ങൾ ആ മേസ്തിരിപ്പണി എടുക്കണോ? അത് പഞ്ചായത്തങ്ങ് കൊടുത്താൽ പോരെ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ബഷീർ: സർ, ഇത് ഗൗരവമായ വിഷയമാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് പറയാൻ പറ്റില്ല. പൊന്നാനിയിലൊക്കെ താങ്കൾക്ക് പ്രശ്നങ്ങളാണ്. എത്ര പഞ്ചായത്തിൽ ഒരേക്കറും രണ്ടേക്കറും ഒക്കെ സ്ഥലമുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിലെ രണ്ടേക്കർ സ്ഥലത്തെ സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിയെ കാണാൻ പോയി. പഞ്ചായത്ത് പ്രസിഡന്റിനെയും കൂട്ടിപ്പോയി. അതുകഴിഞ്ഞ് എന്താണുണ്ടായത്, മുഖ്യമന്ത്രിയോട് 1000 വീടിന്റെ ഒരു ഭവന പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. 2 കോടി രൂപ പബ്ലിക് കോൺട്രിബ്യൂഷനും അതുപോലെ ബാങ്കിൽനിന്ന് ലോണെടുക്കാമെന്നും സർക്കാർ അതിന്റെ പലിശ അടച്ചാൽ മതിയെന്നും പറഞ്ഞു. താങ്കൾ ഒരു മറുപടി തന്നോ? ഒൻപത് മാസമായി ഞാൻ അപേക്ഷ കൊടുത്തിട്ട്. നിങ്ങൾ ജില്ലയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. എങ്ങനെയാണ് തെരഞ്ഞെടുത്തത്; നിങ്ങൾ ഫ്ലാറ്റ് നിർമ്മിക്കുമെന്ന് പറയുന്നുണ്ടല്ലോ, ഫ്ലാറ്റ് നിർമ്മിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിൽ 80 സെന്റ് സ്ഥലം ഉണ്ടെന്ന് പറഞ്ഞു. ഇവിടെ രണ്ട് ഏക്കർ ഭൂമിയുള്ള പഞ്ചായത്തിന് ഫ്ലാറ്റ് ഇല്ല. സാധാരണക്കാരനും പാവപ്പെട്ടവനും വീട് ലഭ്യമാക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണ്ടേ; ഞാൻ വിചാരിച്ചത് നിങ്ങൾ ചെയർമാനായപ്പോൾ ഇത് ഭംഗിയായി നടക്കുമെന്നാണ്. ഞാൻ അങ്ങയുടെ ഒരു ആരാധകനാണ്. ഒരു നിലപാടുള്ള മനുഷ്യനാണ് അങ്ങ് എന്നൊരു തോന്നൽ എനിക്കുണ്ട്. കുറേ പ്രതിസന്ധികൾ ഉണ്ടായിട്ടും അതൊക്കെ പിടിച്ചുനിന്നാണ് ഇവിടെ എത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അപ്പുറത്തിരിക്കുന്ന മന്ത്രിമാരും എം.എൽ.എ.-മാരും നെഞ്ചത്ത് കൈവച്ച് പഞ്ചായത്തിലെ സ്ഥിതി എന്താണെന്ന് ആലോചിക്കണം. നിങ്ങൾ പഞ്ചായത്തിന് മൂക്കുകയർ ഇട്ടില്ലായിരുന്നുവെങ്കിൽ രണ്ട് കൊല്ലത്തിനുള്ളിൽ രണ്ടുലക്ഷം ആളുകൾക്ക് വീട് ലഭിക്കുമായിരുന്നില്ലേ; ഇപ്പോൾ പറയുന്ന നാലുലക്ഷമെന്ന്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി 2500 കോടി രൂപ കൊടുത്തിട്ടുണ്ടെങ്കിൽ, ആ പഞ്ചായത്തിൽ 100 ഗുണഭോക്താക്കളാണുള്ള തെങ്കിൽ അധികംവരുന്ന തുക അങ്ങോട്ട് കൊടുത്താൽ പോരായിരുന്നോ; ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് മന്ത്രിയായിരുന്നപ്പോഴും

ശ്രീ. അനിൽകുമാർ മന്ത്രിയായിരുന്നപ്പോഴും അങ്ങനെയല്ലേ പദ്ധതിയിൽ പണം നീക്കിവച്ചത്. നിങ്ങൾ എന്തിനാണ് ഇങ്ങനെ ലൈഫ് മിഷൻ ഉണ്ടാക്കി പണിയില്ലാത്ത കുറേ ആളുകൾക്ക് പണിയുണ്ടാക്കുന്നത്? അവസാനം മുഖ്യമന്ത്രിയുടെ ഒരു ഓർഡർ കൂടിയുണ്ട്, പഞ്ചായത്തിൽ ഒരു കോ-ഓഡിനേറ്ററെ വയ്ക്കാമെന്ന്. അയാൾക്ക് 5,000 രൂപയും കൊടുക്കാം. മിനിയാന്ന് ഒരു ഓർഡർ ഇറങ്ങിയിട്ടുണ്ട്. ഡോ. കെ. ടി. ജലീൽ അതൊന്ന് പരിശോധിക്കണം.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക് യാതൊരു അധികാരവുമില്ല. ഗ്രാമസഭകൾക്ക് തങ്ങളുടെ ഗുണഭോക്താവിനെ കണ്ടെത്താൻ അധികാരമില്ല. പഞ്ചായത്ത് പ്രസിഡന്റിനോ മെമ്പർമാർക്കോ എന്തിന് പഞ്ചായത്തിലെ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കോ തങ്ങളുടെ മുമ്പാകെ വരുന്ന ഗുണഭോക്താവിന് എന്ന് വീടിനുള്ള ധനസഹായം ലഭ്യമാകുമെന്ന് പറയാൻ കഴിയാത്ത ഒരവസ്ഥ. വികേന്ദ്രീകരണ ഭരണ സംവിധാനത്തെ അട്ടിമറിച്ച് എല്ലാം മന്ത്രിതലത്തിലും വകുപ്പുതലത്തിലും കേന്ദ്രീകരിച്ച് ലൈഫ് പദ്ധതി ആസൂത്രണംചെയ്ത് കേരളത്തിലെ ഭവനനിർമ്മാണം, പാവപ്പെട്ടവർക്ക് വീട് ലഭിക്കുന്ന പദ്ധതി അട്ടിമറിച്ച ഈ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എന്റെ ആവശ്യം.

10.00 a.m]

മുഖ്യമന്ത്രി <u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടായതു കൊണ്ടാണെന്ന് തോന്നുന്നില്ല. വീടിന്റെ കോലായിൽ കാത്തുനിൽക്കുന്ന ഭാര്യ, ഒന്നുമില്ലാതെ ചെല്ലുന്ന ഭർത്താവിനോട് തട്ടിക്കയറുന്നതും, ആ ഭർത്താവ് ഭാര്യയെ ചവിട്ടുന്നതും ഒക്കെ ഇവിടെ അദ്ദേഹം പറയുകയുണ്ടായി. അത്തരം അവസ്ഥ ഇല്ലാതാക്കാനാണല്ലോ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സമൂഹം നല്ല രീതിയിൽ ഇക്കാര്യത്തിൽ മാറിക്കൊണ്ടിരിക്കുന്നു എന്നാണ് പൊതുവേ നാം കാണേണ്ടത്. സ്ത്രീ ചവിട്ടുകൊള്ളാനുള്ളവളാണ് എന്ന അവസ്ഥ അവസാനിപ്പിക്കാനാണ് സമൂഹം ഒന്നടങ്കം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ഒരു കുടുംബത്തിലും ഉണ്ടാകാൻ പാടില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതിന് പിന്നിലുള്ള വികാരം അദ്ദേഹത്തിന്റേത് മാത്രമല്ല, പലരിലും ഉണ്ടായ വികാരമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് വീടുകൾ നൽകുന്നതിനുള്ള അധികാരം വീതിച്ചുകൊടുക്കുകയാണ്. അതത് വാർഡുകളിൽ വീട് നൽകേണ്ടത് ആർക്കൊക്കെയാണെന്ന് ആ അംഗങ്ങൾ തീരുമാനിക്കുന്നു. ഉദാഹരണത്തിന്, 10 വാർഡുള്ള ഒരു പഞ്ചായത്തിൽ 20 വീട് അനുവദിക്കുക

യാണെങ്കിൽ ഒരു വാർഡിന് 2 വീട് എന്ന കണക്കനുസരിച്ച് വീതിച്ചുകൊടുക്കും. ഇതിന്റെ ഭാഗമായി പഞ്ചായത്ത് അംഗത്തിന് ഒരു വീടുപോലും നൽകാൻ കഴിയാത്ത അവസ്ഥ വന്നുചേരുന്നു എന്നത് ഒഴിവാക്കാൻ പറ്റും, ഇതാണ് ഒരാശയം. ഇവിടെ പഞ്ചായത്ത് അംഗത്തിന്റെ അധികാരത്തിന്റെയോ സൗജന്യമായി അനുവദിക്കേണ്ടതിന്റെയോ പ്രശ്നമല്ല, അർഹതയാണ് പ്രധാനം. അർഹതയുള്ള എല്ലാവർക്കും വീട് ലഭ്യമാകും. ഒരു സർവ്വേയിലൂടെ അർഹത കണക്കാക്കുന്നു. കണക്കാക്കിയതിൽ അപാകതകൾ സംഭവിക്കാം. വാർഡ് അംഗവും, പഞ്ചായത്തും, ഗ്രാമസഭയുമെല്ലാം ആ ഘട്ടത്തിലാണ് ഇടപെടേണ്ടി വരുന്നത്. മുഴുവൻ ലിസ്റ്റും ഗ്രാമസഭയുടെ മുമ്പിലെത്തുകയാണ്. അപ്പോൾ ഒരാൾ അർഹനാണോ ഇല്ലയോ എന്ന് കൃത്യമായി ഗ്രാമസഭയ്ക്ക് പറയാൻ സാധിക്കും. അർഹതയില്ലാത്ത ആളാണെങ്കിൽ അപ്പോൾതന്നെ ആ ലിസ്റ്റിൽ നിന്നും ഒഴിവാകും. സാധാരണനിലയ്ക്ക് അർഹതയുള്ളവർക്ക് പരാതിപ്പെടാനുള്ള അവസരവുമുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഗ്രാമസഭയിൽ ലിസ്റ്റ് വരുമ്പോൾ അർഹരുണ്ടെങ്കിൽ ഉൾപ്പെടുത്താമെന്ന് പറഞ്ഞു, അത് ഞാൻ അംഗീകരിക്കുന്നു. നിങ്ങൾ തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ അഡീഷണലായി ആളുകളെ ഉൾപ്പെടുത്താൻ കഴിയില്ല, അങ്ങനെയാണ് അതിന്റെ സംവിധാനം. അതാണ് ഞാൻ പറഞ്ഞത്, അങ്ങ് അത് പരിശോധിച്ചിട്ട് പറഞ്ഞാൽ മതി. ജില്ലാ കളക്ടർ ലെവലിൽ അപ്പീൽ കഴിഞ്ഞശേഷം ഗ്രാമസഭ അന്തിമമായി അംഗീകരിക്കുന്ന ലിസ്റ്റ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നില്ല, അതാണ് പ്രശ്നം.

ശ്രീ. പിണറായി വിജയൻ: സർ, സോഫ്റ്റ്‌വെയറിന്റെ സാങ്കേതികവശം എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല. സാധാരണഗതിയിൽ അങ്ങനെ സംഭവിക്കാനിടയില്ല, അന്തിമ അംഗീകാരത്തിനുവേണ്ടിയാണ് ഗ്രാമസഭയിലേയ്ക്ക് പോകുന്നത്. അതിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് സഭയിൽ ഉന്നയിച്ചാൽ തിരുത്തലുകൾവരുത്താം. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. വീടുകൾ നിർമ്മിക്കുമ്പോൾ എപ്പോഴും അതിനാവശ്യമായ ടെക്നിക്കൽ മേൽനോട്ടം ഉണ്ടാകുന്നത് നല്ലതാണ്. പഴയ അനുഭവങ്ങൾ വച്ചാണ് അത് പറഞ്ഞത്. പണ്ടുകാലത്ത് വീട് നിർമ്മിക്കുമ്പോൾ മറ്റെന്തെങ്കിലും പരിശോധന നടത്താറുണ്ടോ എന്ന് അങ്ങ് ചോദിക്കുകയുണ്ടായി. ഒരുകാലത്ത് അങ്ങനെയായിരിക്കാം. എന്നാൽ ഇത്തരത്തിൽ പൊതുഫണ്ട് ഉപയോഗിച്ച് വീടുകൾ നിർമ്മിക്കുമ്പോൾ പരിശോധനയ്ക്ക് ആവശ്യമായ സംവിധാനമൊരുക്കുന്നത് വീടിന്റെ ഭദ്രതയ്ക്ക് നല്ലതാണ്. ഇന്ന് നന്നായി പ്രവർത്തിക്കുന്ന എൻജിനീയറിംഗ് കോളേജുകളിൽ നല്ല സിവിൽ എഞ്ചിനീയേഴ്സുണ്ട്, അവരെ ഉപയോഗിച്ച് അത്തരം കാര്യങ്ങൾ പരിശോധിക്കാൻ കഴിയും. സിവിൽ എഞ്ചിനീയേഴ്സിനേയും ആർക്കിടെക്റ്റിനേയും കൂടാതെ അവിടെയുള്ള

ഫാക്കൽറ്റിയേയും ഉപയോഗിക്കാൻ പറ്റും. അങ്ങനെയുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കണമെന്നാണ് ഉദ്ദേശിച്ചത്. അതൊരു നല്ല കാര്യമല്ലേ? എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിന് ഇത് ഇടയാകും. അതുകൊണ്ട് ഏതെങ്കിലുംതരത്തിലുള്ള ഒരു വിഷമവും വരേണ്ടതില്ല. അതിനിടയ്ക്ക് അങ്ങ് എന്തിനാണ് നമ്മുടെ ബഹുമാന്യനായ നിയമ വകുപ്പ് മന്ത്രിയെ വലിച്ചിഴച്ചതെന്ന് മനസ്സിലായില്ല, അദ്ദേഹം സ്റ്റേറ്റ് സെക്രട്ടേറിയറ്റിൽ ഇപ്പോഴുള്ള ആളാണ്. ഇത്തരം കാര്യങ്ങൾ വിശദമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങളായി പോകുന്നത് എപ്പോഴും നല്ലതാണ്. നിർദ്ദേശങ്ങൾ ചെന്നാലും ചെന്നില്ലെങ്കിലും കുറ്റംവരുന്ന അവസ്ഥയില്ല. നിർദ്ദേശങ്ങൾ ചെന്നാലാണ് വിശദമായി മനസ്സിലാക്കാൻ പറ്റുക, അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻപറ്റും. അതുകൊണ്ടാണ് വിശദമായി തന്നെ മാർഗ്ഗരേഖ ഇറക്കുന്ന നിലപാട് സ്വീകരിച്ചത്. മാർഗ്ഗരേഖ ആവശ്യമായ കാര്യംതന്നെയാണ്. ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾ ആർക്കെങ്കിലും ഏതെങ്കിലും തരത്തിൽ, സ്ഥലമായോ kind ആയോ നൽകണ മെന്നുണ്ടെങ്കിൽ അത് തള്ളിക്കളയില്ല. അങ്ങ് എനിക്കുതന്ന ഒരു നിവേദനത്തെ കുറിച്ച് പറയുകയുണ്ടായി. അത് ആവശ്യമായ നടപടികൾക്കായി ഞാൻ കൊടുത്തിട്ടുണ്ടാകും, അതിൽ അങ്ങ് സംശയിക്കേണ്ടതില്ല. പദ്ധതി അംഗീകരിച്ച് വന്നതിനുശേഷം എത്ര വീടുകളാണ് അർഹതയുള്ളത്, ആ പഞ്ചായത്തിൽ എത്ര വീടുകളാണ് വേണ്ടത്, അതിനനുസൃതമായിട്ടുള്ള വീടുകളാണ് അവിടെ നിർമ്മിക്കുക. അതിനുവേണ്ടി ആ സ്ഥലം ഉപയോഗിക്കണമെങ്കിൽ നമുക്ക് ഉപയോഗിക്കുകയും ചെയ്യാം. സ്ഥലം ഉപയോഗിക്കുന്നതിന് ഒട്ടും വിഷമമില്ല. ആ സ്ഥലം വീട് നിർമ്മാണത്തിനുതന്നെ ഉപയോഗിക്കാവുന്നതാണ്. ഇവിടെ നമ്മൾ കാണേണ്ട കാര്യം, എല്ലാംകൂടി ഒന്നിച്ചുചെയ്യാനല്ല പോകുന്നത്. കഴിഞ്ഞ വർഷമാണ് ഇതിനെക്കുറിച്ച് ആലോചിച്ച് ഇതുമായി ബന്ധപ്പെട്ട മിഷനുകൾ പ്രഖ്യാപിക്കുന്നത്. അങ്ങനെ മിഷനുകൾ പ്രഖ്യാപിച്ചപ്പോൾ ആകെ വീടുകൾ കണ്ടെത്തി. മാർച്ചുകൊണ്ട് കാലാവധി അവസാനിക്കുന്നതും പണി തീരാത്തതുമായ വീടുകൾ പൂർത്തിയാക്കുക എന്നതാണ് ആദ്യം തീരുമാനിച്ചത്. അത്തരം വീടുകൾ പൂർത്തിയാക്കാനുള്ള പ്രവർത്തനം നടക്കുകയാണ്. അതിന് ഫണ്ടിന്റെ പ്രശ്നമില്ല, ആവശ്യമായ ഫണ്ടുണ്ട്. നാല് ലക്ഷം രൂപയുടെ പുതിയ കണക്കിലാണ് പണം നൽകുക. ലിന്റിൽ ലെവലിനപ്പുറം നാല് ലക്ഷം രൂപയ്ക്കുമുകളിൽ വീട് പൂർത്തിയാ ക്കാൻ എത്ര രൂപയാണോ വേണ്ടത് ആ പണമാണ് അവർക്ക് നൽകുന്നത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, അവർ പാവങ്ങളായതുകൊണ്ട് അവരോടൊപ്പം നാട്ടുകാർകൂടി സഹായിക്കുന്ന ഒരു സമീപനം വേണമെന്ന്. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുക. അങ്ങനെ വന്നാൽ എല്ലാവരുടേയും സഹായത്തോടെ വേഗം പൂർത്തിയാക്കാൻ കഴിയും. അക്കാര്യത്തിൽ

കുറച്ച് കുറവുണ്ടായിട്ടുണ്ടെന്നുതന്നെയാണ് ഞാൻ നേരത്തെ പറഞ്ഞത്. കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചത് പൂർണ്ണതയിലേയ്ക്ക് എത്തിയിട്ടില്ല, മാർച്ച് വരെ സമയമുണ്ട്, അതിനുള്ളിൽ പൂർത്തിയാക്കാനാണ് നമ്മൾ എല്ലാവരുംകൂടി ശ്രമിക്കേണ്ടത്. ഇത് സർക്കാരും പ്രതിപക്ഷവും തമ്മിലുള്ള പ്രശ്നമല്ല. നമ്മുടെ നാട്ടിൽ പാവങ്ങൾക്ക് വീടുണ്ടാകണം. സർക്കാർ, സർക്കാരിന്റെ നിലയ്ക്ക് നടപടിയെടുക്കുന്നു. ഇത് നാടിന്റെ ആവശ്യമാണ്. അതുകൊണ്ട് നമ്മൾ എല്ലാവരുംകൂടി ഇതിന് ശ്രമിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നമുക്കെല്ലാവർക്കുംകൂടിയുള്ളതാണ്. ഒന്നും ചെയ്യാത്തവർക്ക് ഒരു പ്രോൽസാഹനവും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. എല്ലാവരും ഇതിനകത്ത് താല്പര്യപൂർവ്വം ഇടപെടുന്ന നിലയാണ് വേണ്ടത്. മാർച്ച് മാസത്തിനുള്ളിൽ ഈ വീടുകളെല്ലാം പൂർത്തിയാകണം. അതിനുശേഷമാണ് രണ്ട് കാറ്റഗറിയിലുള്ളവരുടെ പ്രശ്നം വരുന്നത്, അതിലൊന്ന് വീടും സ്ഥലവും ഇല്ലാത്തവർ, മറ്റൊന്ന് സ്ഥലമുണ്ട്, വീടില്ലാത്തവർ. ഇതുരണ്ടും ഒന്നിച്ചെടുക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതുരണ്ടും ഒന്നിച്ച് നമുക്ക് ആരംഭിക്കാം. ഈ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുകയല്ല ചെയ്യുക, ഈ വർഷം നമ്മൾ ആരംഭിക്കുന്നു. ഈ മാർച്ചിനുശേഷം ആ പ്രവർത്തനത്തിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ സംസാരിച്ചതിൽ ഏറ്റവും പ്രധാനം ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിലെ സങ്കീർണ്ണതകളാണ്, ഈ സങ്കീർണ്ണതകളാണ് അനാവശ്യമായ കാലതാമസമുണ്ടാക്കുന്നത്. നിരവധി സർക്കാർ ഉത്തരവുകൾ ഒന്നിനുപുറകേ ഒന്നായിവരുന്നു. നാൽപ്പത്തൊന്ന് പേജുള്ള ഒരു മാർഗ്ഗരേഖ കൂടാതെ ഇടയ്ക്കിടയ്ക്കുള്ള ഉത്തരവുകൾ നിരന്തരമുണ്ടാകുകയാണ്. ഇത് പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള താഴെത്തലത്തിലെ ഉദ്യോഗസ്ഥർക്കിടയിൽ വലിയ കൺഫ്യൂഷനുണ്ടാക്കുന്നു. ഈ സങ്കീർണ്ണതകളാണ് പദ്ധതി നടപ്പിലാക്കുന്ന തിനുള്ള പ്രായോഗിക തടസ്സം. അതുകൊണ്ട് സങ്കീർണ്ണതകൾ പരിഹരിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിൽ പ്രത്യേകമായ സങ്കീർണ്ണതകൾ ഉയർന്നുവരുന്നില്ല. വ്യക്തതയുണ്ടാക്കുന്നതിനാണ് ഉത്തരവുകളിറക്കുന്നത്. പ്രായോഗികമായി ചില പ്രശ്നങ്ങൾ അപ്പോൾ ഉയർന്നുവരും, ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രണ്ടാമതും ഉത്തരവ് ഇറക്കും. ഇതാണ് സംഭവിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ആശങ്കയുണ്ടാകേണ്ടതില്ല, പെട്ടെന്നുതന്നെ പണി പൂർത്തിയാക്കത്തക്ക രീതിയി ലാണ് കാര്യങ്ങൾ നടക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത്, മാർച്ച് മാസത്തിനു ശേഷമാണ് ഈ രണ്ട് കാറ്റഗറിയും നമ്മൾ എടുക്കാൻ പോകുന്നതെന്നാണ്. അതിൽ ഒന്നാമത്തേതിൽ സ്ഥലമുണ്ട് വീടില്ല, മറ്റൊന്ന്, സ്ഥലവും വീടുമില്ല.

ഇതു രണ്ടും ഒരുമിച്ചാണ് ചെയ്യാനുദ്ദേശിക്കുന്നത്. അപ്പോൾ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ പണത്തിന്റെ പ്രശ്നം വരികയാണ്, അതിനായി ഒരു ഫിനാൻസ് കമ്പനിയുണ്ടാകുമെന്ന് നേരത്തേ പറഞ്ഞതാണ്. യഥാർത്ഥത്തിൽ പണം നല്കുന്നതിന് വിവിധ ഏജൻസികൾ ഇപ്പോൾ തയ്യാറായിട്ടുണ്ട്, അതുകൊണ്ട് മറ്റു പ്രയാസങ്ങളില്ല. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾക്കായി വകയിരുത്തുന്ന പണമാണ് ഭാവിയിൽ ഇതിനുപയോഗിക്കാൻ പോകുന്നത്, അതുവരെയുള്ള പലിശ സർക്കാർ കൊടുക്കും. പണം ഒരു പ്രശ്നമായി വരുന്നില്ല, പണം നമ്മുടെ കയ്യിലുണ്ടാകും, അതുവച്ച് പൂർത്തിയാക്കാൻ കഴിയും. ഒറ്റക്കാര്യമേ ചെയ്യേണ്ടതുള്ളൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാത് പ്രദേശത്തെ നാട്ടുകാരെ ഒരുമിച്ച് ഇതിനുവേണ്ടി അണിനിരത്താൻ കഴിയണം. അവർക്കാകാവുന്ന സഹായങ്ങൾ ചെയ്യണം. അപ്പോൾ ബഹുമാന്യനായ അംഗത്തിന്റെ ഭാര്യയും വളരെ സംതൃപ്തയാകും, ഒരു ആശങ്കയും അക്കാര്യത്തി ലുണ്ടാകേണ്ടതില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹര്യത്തിലാണ് ലൈഫ് പദ്ധതി വന്നിരിക്കുന്നത്. ആ വീടുകളും ഈ പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമെന്ന് നേരത്തേ പറഞ്ഞിരുന്നു, അക്കാര്യങ്ങളിൽ നടപടികളൊന്നുമായിട്ടില്ല, അതിനെക്കുറിച്ചുകൂടി ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: ഇരട്ട വീട് ഒറ്റവീടാക്കുന്ന പദ്ധതി നേരത്തേയുള്ള താണ്, അപൂർവ്വം ചില സ്ഥലങ്ങളിൽ ഇനിയും ബാക്കിയുണ്ട്. ഇതിന്റെ ഭാഗമായി അതുംകൂടി പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. എവിടംവരെയായി എന്നതിനെപ്പറ്റിയുള്ള കണക്ക് ഇപ്പോൾ എന്റെ പക്കലില്ല.

ശ്രീ. പി. സി. ജോർജ്: സർ, പഞ്ചായത്തിൽ വീടിനുള്ള സ്ഥലം കൊടുക്കുമ്പോൾ അഞ്ചേക്കർ തരാനാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നത്. അഞ്ചേക്കർ ഒരു പഞ്ചായത്തിൽ തന്നാൽ ഫ്ലാറ്റ് സിസ്റ്റം ഉണ്ടാക്കി മറ്റു പഞ്ചായത്തിലുള്ളവരെക്കൂടി അവിടെ താമസിപ്പിക്കുമോ; ഇക്കാര്യത്തിലുള്ള തീരുമാനം എന്താണ്?

ശ്രീ. പിണറായി വിജയൻ: നമ്മുടെ നാടിന്റെ സംസ്കാരംവച്ച് നോക്കിയാൽ അതതാളുകൾ അതത് ചുറ്റുപാടിൽ താമസിക്കാനാണ് ഇഷ്ടപ്പെടുക. ഇക്കാര്യം നമ്മൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. എന്നാൽ മറ്റ് സൗകര്യങ്ങൾ കൂടി നോക്കണം. സൗകര്യങ്ങൾ ഒത്തുവരുന്നതാണെങ്കിൽ അത്തരം കാര്യങ്ങൾകൂടി ആലോചിക്കാം. എല്ലാ കാര്യങ്ങളും പരിഗണിച്ച് തീരുമാനിക്കേണ്ട വിഷയമാണിത്.

ശ്രീ. പി. കെ. ബഷീർ: സർ, ഫിനാൻസിംഗ് കമ്പനിയുണ്ടാക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, അതിനേക്കാൾ നല്ലത് ആ പഞ്ചായത്തിലെ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, അർബൻ ബാങ്കുകൾ എന്നിവയെ ഉപയോഗപ്പെടുത്തു ന്നതല്ലേ? അവർ ലോൺ കൊടുക്കാൻ തയ്യാറാണ്, ഇന്ററസ്റ്റ് ഗവൺമെന്റ് കൊടുക്കുമെന്ന് പറയുന്നുമുണ്ട്. ഒരു ഓർഡർ ഇറക്കി പഞ്ചായത്തുകൾക്ക് അവിടെ നിന്നും പണം വാങ്ങിക്കൊടുത്താൽ ഗുണഭോക്താക്കൾക്ക് പെട്ടെന്ന് പണം ലഭിക്കും. ഇതാകുമ്പോൾ ഫിനാൻസ് കമ്പനി ഉണ്ടാക്കുക, പ്രോജക്ട് കൊടുക്കുക, അതിന്റെ മാർഗ്ഗനിർദ്ദേശങ്ങളുണ്ടാക്കുക തുടങ്ങിയ നടപടികളുടെ ഒരാവശ്യവും വരുന്നില്ല. ആ പഞ്ചായത്തും പ്രദേശത്തെ സർവ്വീസ് ബാങ്കും തമ്മിൽ ഒരു എഗ്രിമെന്റ് ഉണ്ടാക്കിയാൽ കാര്യങ്ങൾ കുറച്ചുകൂടി സുഗമമായി നടക്കില്ലേ; ആ കാര്യത്തെക്കുറിച്ച് ആലോചിച്ചുകൂടേ?

ശ്രീ. പിണറായി വിജയൻ: അതൊക്കെ നല്ല നിർദ്ദേശങ്ങളാണ്, നമ്മൾ നേരത്തേ പ്രയോഗിച്ചതുമാണ്. എന്നാൽ കാര്യങ്ങളുടെ കിടപ്പുവച്ച് ചില ഘട്ടങ്ങളിലൊക്കെ പ്രശ്നമുണ്ടാകാറുണ്ട്. അതിന്റെ ഭാഗമായി ചില തടസ്സങ്ങൾ വന്നതും നമ്മൾ മറക്കരുത്. ആ നില വേണ്ട, മൊത്തമായി ഫണ്ട് കണ്ടെത്തണം, അതിനായി വേണമെങ്കിൽ സഹകരണ മേഖലയെയും ഉപയോഗിക്കാം, പ്രശ്നമൊന്നുമില്ല. ഏതായാലും ഫണ്ട് മൊത്തമായി കണ്ടെത്തുന്നതാണ് നല്ലത്, അത് പഴയ അനുഭവങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്, അതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാടെടുക്കുന്നത്. ഇവിടെ ഒറ്റക്കാര്യമേയുള്ളൂ, എല്ലാവരും കൂടി സഹകരിച്ച് ഈ പദ്ധതിയെ വിജയിപ്പിക്കണം. വീടില്ലാത്ത അഞ്ചുലക്ഷത്തിലധികം ആളുകൾക്ക് വീടുണ്ടാകും എന്ന അവസ്ഥ വന്നാൽ അത് നമ്മുടെ സമൂഹത്തിൽ വരുത്തുന്ന മാറ്റം വളരെ വലുതായിരിക്കും. ആ കാര്യത്തിൽ കുറവുകളെന്തെങ്കിലു മുണ്ടെങ്കിൽ നമുക്കത് പരിഹരിച്ചുപോകാം, അതിൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ല. വലിയൊരു ഒത്തൊരുമ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നുകൂടി ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമല്ലെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഏതെങ്കിലും വീട് പൂർത്തീകരിച്ചോ എന്നൊരു ചോദ്യം ഇവിടെ ചോദിച്ചു. ഇന്നത്തെ അൺസ്റ്റാർഡ് ക്വസ്റ്റ്യനിൽ ബഹുമാനപ്പെട്ട ഇ. പി ജയരാജന് വിശദമായി ഇതിന്റെ ഭാഗമായി ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഡിപ്പാർട്ട്മെന്റ് വഴിയുള്ള

പട്ടികജാതി വിഭാഗക്കാരുടെ 16360 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിന്റെ 17554 വീടുകളും സ്പിൽ വർക്കിൽ ആയിരുന്നു. മൊത്തം 33914 വീടുകൾ സ്പിൽ വർക്കിൽ ഉണ്ടായിരുന്നു. ഐ.എ.വൈ. പദ്ധതിയെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ ഞാൻതന്നെ അടിയന്തരപ്രമേയം കൊണ്ടുവന്നത് ഓർക്കുമല്ലോ? ഞങ്ങൾ വരുന്ന സമയത്ത് എസ്.സി. വിഭാഗത്തിൽ 28753 വീടുകളും എസ്.റ്റി. വിഭാഗത്തിൽ 8534 വീടുകളും ഉൾപ്പെടെ 37287 വീടുകൾ ഐ.എ.വൈ. പദ്ധതിയിൽ പൂർത്തിയാകാത്തവ ആയിരുന്നു. ഐ.എ.വൈ.-ലും ഡിപ്പാർട്ടുമെന്റിലും കൂടി മൊത്തം 71201 വീടുകൾ പൂർത്തീകരിക്കാത്തതായിരുന്നു. അതിൽ 59909 വീടുകൾ ഞങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. 12000 വീടുകളേ ഇനി പൂർത്തീകരിക്കാനുള്ളൂ. ഞാൻ പറയുന്നതിൽ എന്തെങ്കിലും കളവുണ്ടെങ്കിൽ ബഹുമാനപ്പെട്ട പി. കെ. ബഷീറിന്റെ ഭാര്യയോട് ചോദിച്ചാൽ മതിയാകും, അവർ വളരെ നല്ല രീതിയിൽ ഒരു പഞ്ചായത്ത് ഭരണം നടത്തുകയാണല്ലോ. നിങ്ങളുടെ ഭരണകാലത്ത് ഐ.എ.വൈ. പദ്ധതിയിലുൾപ്പെട്ട ഏതെങ്കിലും വീട് പൂർത്തീകരിച്ചിരുന്നോ? 2 ലക്ഷം രൂപ എന്നത് നിങ്ങൾ 3 ലക്ഷം രൂപയാക്കി ഉയർത്തിയെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിങ്ങൾ കാശ് കൊടുത്തില്ല. ഞാൻ കഴിഞ്ഞ സഭയിൽ രണ്ട് പ്രാവശ്യം ഇക്കാര്യം ഉന്നയിച്ചതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അതെല്ലാം കൊടുത്തത്. സ്വന്തമായി ഭൂമിയില്ലാത്ത 11520 പേർ എസ്.റ്റി. വിഭാത്തിലും 43282 പേർ എസ്.സി. വിഭാഗത്തിലും നിലവിലുണ്ട്. ഒറ്റ വർഷംകൊണ്ട് ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും, മറ്റുള്ളവർക്ക് വീടും കൊടുക്കുന്ന പദ്ധതിക്കാണ് ഇപ്പോൾ രൂപം കൊടുത്തിരിക്കുന്നത്. ഒരു സംശയവും വേണ്ട, ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുമ്പോഴേയ്ക്കും വീടും സ്ഥലവുമില്ലാത്ത ഒരു പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ഈ കേരളത്തിൽ ഉണ്ടാകില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. പി. കെ. ബഷീർ ചോദിച്ചത് അതല്ല. ഈ രണ്ടുവർഷത്തിനിടയിൽ എസ്.സി/എസ്.റ്റി. വിഭാഗങ്ങൾക്ക് കൊടുക്കേണ്ട പുതിയ വീടുകൾ ഏതെങ്കിലുമൊന്ന് കൊടുത്തിട്ടുണ്ടോ എന്നാണ്. അങ്ങ് ഇവിടെ പറഞ്ഞത്, പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിച്ചു എന്നാണ്. സാധാരണഗതിയിൽ ഒരു വർഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടായിരത്തോളം വീടുകൾ എല്ലാ ഗവൺമെന്റിന്റെ കാലത്തും കൊടുക്കാറുണ്ട്. ആ പദ്ധതി നിങ്ങൾ നിർത്തലാക്കിയിരിക്കുകയാണ്, കഴിഞ്ഞ രണ്ടുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് കൊടുത്തിട്ടില്ല, ഇക്കാര്യത്തെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് തെറ്റായ വിവരമാണ് ലഭിച്ചിട്ടുള്ളത്. എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 14000-വും എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് 7000 വും ഉൾപ്പെടെ 21000 വീടുകൾ ഞങ്ങൾ പുതിയതായി കൊടുത്തു. അധിക വീടുകൾ ഏറ്റെടുക്കാൻ നമുക്കാവില്ല. കാരണം, നിങ്ങളുടെ കാലഘട്ടത്തിലെ സ്പിൽ ഓവറായ വീടുകൾതന്നെ പൂർത്തീകരിക്കണ മെങ്കിൽ പ്ലാൻ അലോട്ട്മെന്റിൽ ബജറ്ററി പ്രൊവിഷൻ കിട്ടിയ തുക മതിയാകില്ല. പരിപൂർണ്ണമായി ഞങ്ങൾ കോൺസെൻട്രേറ്റ് ചെയ്തത് സ്പിൽ ഓവറായ വീടുകളാണ്. തുക തികയാതിരുന്നിട്ടും 21000 വീടുകളുടെ നിർമ്മാണ ചുമതല ഞങ്ങൾ ഏറ്റെടുത്തു. അതിന്റെ പണിയാണ് ഇപ്പോൾ നടന്നുകൊണ്ടിരി ക്കുന്നത്. ഈ സാമ്പത്തിക വർഷാവസാനത്തിൽ വന്ന ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ കൊടുക്കുന്നതിൽ ചെറിയൊരു പ്രശ്നം വന്നു. അതിപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. 21000 വീടുകൾ ഞങ്ങൾ പുതിയതായി എടുത്തിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, 11-1-2016-ന് (എംഎസ്.)4/2016 നമ്പരായി ഒരു ഉത്തരവിറങ്ങി. ആ ഉത്തരവിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തിനോട് പറയുന്നു, സ്വന്തമായി ഭവനനിർമ്മാണ പ്രോജക്ടുകൾക്കോ അതുപോലെ മറ്റ് ഭവനനിർമ്മാണ പ്രോജക്ടുകൾക്കോ പണം നീക്കിവയ്ക്കാൻ പാടില്ല എന്ന്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ വഴി നൽകിവന്നിരുന്ന ഭവനനിർമ്മാണത്തിനുള്ള ധനസഹായവും ലൈഫ് പദ്ധതിവഴി മാത്രമേ പാടുള്ളൂവെന്ന് ഉത്തരവിറക്കി യതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്കും രണ്ടുവർഷമായി വീടുണ്ടാക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. അതുപോലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഭർത്താവ് മരിച്ചവരോ ഏറെനാളായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരോ ആയ വിധവകൾക്ക് നൽകിയിരുന്ന, നിങ്ങൾ പേരിട്ട 'ഇമ്പിച്ചിബാവ ഭവന പദ്ധതി'യും നിർത്തിവയ്ക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ രണ്ടുവർഷമായി പഞ്ചായത്തുകളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും ഭവന പദ്ധതികൾ വഴി പഴയത് പൂർത്തിയായിരിക്കുകയാണെന്ന് നിങ്ങൾ പറഞ്ഞു. പുതിയൊരു വീടിന് പണം കൊടുക്കുകയോ കല്ലിടുകയോ ചെയ്തിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ ഞങ്ങൾ ലൈഫ് പദ്ധതിയിലേയ്ക്കല്ല കൊടുത്തിട്ടുള്ളത്. പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ നിർമ്മാണം വകുപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. പുതിയ വീടുകൾ നിർമ്മിക്കുന്നത് ലൈഫ് പദ്ധതിയിലാണ്. അത് ലൈഫുമായി ബന്ധപ്പെട്ടതാണ്. നിലവിൽ പട്ടികജാതി വിഭാഗത്തിന് നൽകിയിരുന്ന 3 ലക്ഷം രൂപ ഇപ്പോൾ 4 ലക്ഷം രൂപയാക്കി. പട്ടികവർഗ്ഗ വിഭാഗത്തിന് പരിധിയില്ല. ഇതുമായി ബന്ധപ്പെട്ട

നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ബെനിഫിഷ്യറീസിനെ തെരഞ്ഞെടുക്കുന്നതിനുമായി കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. അത് ഉടനെ നടപ്പിലാക്കാൻ പോകുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഗവൺമെന്റ് ഭരണത്തിൽ വന്നതിനുശേഷം വളരെയേറെ കൊട്ടിഘോഷിച്ചുകൊണ്ടുവന്ന 4 മിഷനുകളുടെ പരിതാപകരമായ സ്ഥിതിയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ആ നാല് മിഷനുകളുടെയും പ്രവർത്തനം പരിശോധിച്ചാൽ ഒച്ചിന്റെ വേഗതയിലാണ് അവ നീങ്ങുന്നതെന്ന് കാണാൻ കഴിയും. ഹരിത കേരളമാണ് ഒരു പദ്ധതി. ഒരു രാജ്യസഭാ മെമ്പർ റിട്ടയർ ചെയ്തപ്പോൾ അവരെ റീ ഹാബിലിറ്റേറ്റ് ചെയ്യാനാണ് ഒരു മിഷൻ. കായൽ കയ്യേറുന്നു, കുറിഞ്ഞി ഉദ്യാനം കയ്യേറുന്നു, വാട്ടർ തീം പാർക്ക് ഉണ്ടാക്കാൻ പരിസ്ഥിതിലോല പ്രദേശങ്ങൾ കയ്യേറുന്നു. എന്ത് ഹരിത കേരളമാണ് കേരളത്തിൽ നടപ്പാക്കാൻ ഇവർ ആഗ്രഹിക്കുന്നത്? ഇതാണ് ഹരിത കേരളത്തിന്റെ സ്ഥിതി. കാരുണ്യ ഉൾപ്പെടെയുള്ള ജനക്ഷേമകരമായ എല്ലാ ആരോഗ്യ പദ്ധതികളും നിലച്ചിരിക്കുന്നു. ആർദ്രം പദ്ധതികൊണ്ടുള്ള പ്രയോജനമെന്താണ്? ഇപ്പോൾ ലൈഫിന്റെ കാര്യം പറഞ്ഞാൽ, പഞ്ചായത്ത് മെമ്പർമാരുടെ ലൈഫ് പോയ സ്ഥിതിയാണ്. പണ്ട് ആളുകൾക്ക് വീട് കൊടുക്കാൻ പഞ്ചായത്തുകൾക്ക് കഴിയുമായിരുന്നു. ഇപ്പോൾ അവർക്ക് വീട് കൊടുക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി നമ്മെയെല്ലാം തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതെന്താണ്? സ്പിൽഓവറായ വീടുകൾ പൂർത്തീകരിക്കുന്നു. ഞാൻ പറഞ്ഞതെന്താണ്? സാധാരണഗതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്ന് ഒരു വർഷം രണ്ടായിരത്തോളം പുതിയ വീടുകൾ കൊടുക്കുന്ന പദ്ധതി പഞ്ചായത്തുകൾ മുഖേന നടപ്പാക്കുമായിരുന്നു. ഇന്ന് പുതുതായി 2000 വീടുകൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതെല്ലാം ലൈഫിലേയ്ക്ക് മെർജ് ചെയ്തിരിക്കുന്നു. ഇവിടെ രസകരമായ ഒരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും പറഞ്ഞത്, ഞങ്ങൾ പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കുകയാണ് എന്നാണ്. എന്റെ കയ്യിൽ ലൈഫ് പദ്ധതിയുടെ ഇന്നലത്തെ പ്രോഗ്രസ്സ് റിപ്പോർട്ടാണുള്ളത്. പൂർത്തിയാക്കിയ വീടുകൾ 1634 ആണ്. ഇതെല്ലാം പണി ഭാഗികമായി പൂർത്തിയാക്കാനുള്ള വയായിരുന്നു. പുതിയതായി നിർമ്മിച്ച വീടുകളല്ല. പുതിയതായി ഒരു വീടും

നിർമ്മിച്ചിട്ടില്ല. 3600 വീടുകളുടെ പണി പൂർത്തിയായി എന്നാണ് നേരത്തെ ഒരു നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകിയത്. ഇത്തവണത്തെ ബജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 33-ൽ പറയുന്നു, 77756 വീടുകൾ പണിതീർത്ത് നിർമ്മാണം നടന്നുവരികയാണെന്ന്. ഇന്നലത്തെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ 66616 വീടുകളെന്നാണ് പറഞ്ഞത്. വീടുകളുടെ കണക്കിന്റെ കാര്യത്തിൽ സർക്കാരിനു തന്നെ യാതൊരു വ്യക്തതയുമില്ലെന്ന് ഇന്നലെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഫസ്റ്റ് പ്രോഗ്രസ്സ് റിപ്പോർട്ടിൽനിന്ന് മനസ്സിലാകുന്നു. നാല് മിഷനുകൾ, ഞങ്ങളാരും ഇത്തരം പദ്ധതികളെ എതിർക്കേണ്ട കാര്യമൊന്നുമില്ല. ഞങ്ങൾ എതിർക്കേണ്ട കാര്യമെന്താണ്; നല്ല പദ്ധതികളല്ലേ; നാടിന് ആവശ്യമുള്ളതല്ലേ? എന്നുകരുതി ഞങ്ങൾ സഹകരിക്കുകയാണ്. പക്ഷേ, ഇവിടെ നടക്കുന്നതെന്താണ്? വെറും പ്രസംഗം മാത്രമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി ഒരു വീട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കോ ജനറൽ വിഭാഗത്തിനോ നൽകാൻ കഴിഞ്ഞില്ലെന്ന് പറയുന്നത് ഈ പദ്ധതിയുടെ പരാജയത്തെയല്ലേ ചൂണ്ടിക്കാണിക്കുന്നത്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 66000-ലധികം വീടുകൾ നമ്മുടെ സംസ്ഥാനത്ത് പൂർത്തിയാകാനുണ്ടായ സാഹചര്യം എങ്ങനെയാണ് സംജാതമായതെന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഒന്നരലക്ഷം, രണ്ടരലക്ഷം പരമാവധി മൂന്നുലക്ഷം രൂപയായിരുന്നു നമ്മൾ കൊടുത്തിരുന്നത്. അത്രയും തുകകൊണ്ട് ഒരു വീട് നിർമ്മിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇത്രയും വീടുകൾ പൂർത്തിയാകാതെ കിടന്നിരുന്നത്. ലൈഫ് പദ്ധതിയുടെ ആരംഭവർഷത്തിൽ 4,00,000 രൂപ ഒരു വീടിന്, യൂണിറ്റൊന്നിന് നിശ്ചയിച്ച്, പൂർത്തിയാകാത്ത വീടുകൾക്ക് സാമ്പത്തിക സഹായം കൂടുതൽ അനുവദിച്ച്, ആ വീടുകളിൽ അവരെ കുടിയിരുത്തിയതിനു ശേഷം അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ വീടുകൾ നൽകാമെന്ന് തീരുമാനിച്ചു. നേരത്തെയുണ്ടായിരുന്നത് പൂർത്തിയാക്കുകയെന്നുള്ളത് കേവലാർത്ഥത്തിൽ ചെയ്യുകയല്ല ചെയ്തത്. ഒന്നരലക്ഷം, രണ്ടരലക്ഷം രൂപയൊക്കെ കിട്ടി പൂർത്തിയാകാതെ കിടന്നിരുന്ന വീടുകൾക്ക് നാലുലക്ഷം രൂപ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ച് അതിലേയ്ക്ക് എത്ര രൂപയാണോ ഇനി പണി പൂർത്തിയാകേണ്ടതിന് നൽകേണ്ടത്, ആ തുക നൽകുന്ന വലിയൊരു പ്രവൃത്തിയാണ് ലൈഫ് മിഷന്റെ പ്രാരംഭവർഷത്തിൽ, ഈ സാമ്പത്തിക വർഷത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെ ഇകഴ്ത്തിക്കാണിക്കാതിരിക്കാനുള്ള മനസ്സെങ്കിലും അങ്ങ് കാണിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: ഞങ്ങളാരും ഇകഴ്ത്തിക്കാണിക്കുകയല്ല, ഈ പദ്ധതി കേരളത്തിൽ ടേക്ക് ഓഫ് ചെയ്തിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. ഇത് എവിടെ

ടേക്ക് ഓഫ് ചെയ്തു; ഞങ്ങൾ സഹകരിക്കുന്ന പദ്ധതിയല്ലേ ഇത്? ഇവിടെ വന്നിരിക്കുന്ന പ്രശ്നമെന്താണെന്നുവച്ചാൽ, പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാന്മാരും ഉൾപ്പെടെ വളരെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. ഇതിന്റെ സംസ്ഥാനതല ശില്പശാല അങ്ങ് വിളിച്ചു കൂട്ടിയപ്പോൾ ഞാനും അതിൽ പങ്കെടുത്ത ആളല്ലേ; ഞാൻ അവിടെവച്ചുതന്നെ ഇക്കാര്യങ്ങൾ അങ്ങയെ ധരിപ്പിച്ചതല്ലേ; ഇവിടെ ഇതുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകളാണ് ഇറക്കിയിട്ടുള്ളത്; ശ്രീ. ബഷീർ സൂചിപ്പിച്ചതുകൊണ്ട് ഞാനത് പറയുന്നില്ല. ഇവിടെ വലിയ തോതിലുള്ള സങ്കീർണ്ണതയും ആശയക്കുഴപ്പവും നിലനിൽക്കുകയാണ്. ഉദ്യോഗസ്ഥർക്ക് ആശയക്കുഴപ്പമുണ്ടാക്കുന്ന 36-ഓളം ഉത്തരവുകൾ ഇപ്പോൾ ഇറങ്ങി. ഈ ആശയക്കുഴപ്പം പരിഹരിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനില്ലേ; ഞങ്ങൾ പറയുന്നത് തെറ്റാണോ; ഒരു ഉദ്യോഗസ്ഥനോട് ചോദിക്കുമ്പോൾ ഒരു കാര്യം പറയുന്നു, വേറൊരു ദിവസം ആ ഉദ്യോഗസ്ഥൻ തന്നെ മറ്റൊരു കാര്യം പറയുന്നു. പഞ്ചായത്ത് മെമ്പർമാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും ആശയക്കുഴപ്പം നിലനിൽക്കുകയാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പഞ്ചായത്ത് മെമ്പർമാർക്ക് ഒരു പങ്കാളിത്തവുമില്ല. അവർക്ക് പരാതിയുണ്ട്. അവർക്ക് പരാതിയുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചല്ലോ; സ്വാഭാവികമായും നമ്മൾ ഒരു ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് മെമ്പർമാർക്ക് അധികാരമുണ്ടല്ലോ; അവരുടെ വാർഡിൽപ്പെട്ട ആളുകളെ ഗുണഭോക്താക്കളാക്കണമെന്ന് പറയുന്നത് തെറ്റാണോ? സോഫ്റ്റ്‌വെയറിന്റെ കാര്യം പറഞ്ഞു. ഗ്രാമസഭയിൽ പറഞ്ഞാൽപ്പോലും റെക്റ്റിഫൈ ചെയ്യാൻ കഴിയാത്ത നിലയിലേയ്ക്ക് കാര്യങ്ങൾ മാറുന്നു എന്നത് ഗൗരവതരമായ പ്രശ്നം തന്നെയാണ്.

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ തദ്ദേശസ്വയംഭരണ സ്വാപനങ്ങളിലും ഗുണഭോക്തൃ ലിസ്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ അഡീഷണലായി ആളുകളെ ചേർക്കാനുള്ള സംവിധാനത്തിന് സൗകര്യങ്ങളുണ്ടാകും. എല്ലാ തദ്ദേശസ്വയംഭരണ സ്വാപനങ്ങളിലേയും ലിസ്റ്റ് പൂർത്തിയായിട്ടില്ല. 1034 തദ്ദേശസ്വയംഭരണ സ്വാപനങ്ങളിൽ 797 തദ്ദേശസ്വയംഭരണ സ്വാപനങ്ങളിലെ അന്തിമ ലിസ്റ്റ് മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അത് അംഗീകരിക്കപ്പെടുന്നതോടെ സോഫ്റ്റ്‌വെയറിൽ അതിനുള്ള സൗകര്യമൊരുക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പി. കെ. ബഷീർ, എം.എൽ.എ. പറഞ്ഞ കാര്യം ശരിയാണെന്നാണല്ലോ ബഹുമാന്യനായ മന്ത്രി സമ്മതിച്ചത്. ഞങ്ങൾ പറയുന്നതും ഇതുതന്നെയാണ്. പഞ്ചായത്തുകളിൽ ഈ പദ്ധതി ടേക്ക് ഓഫ് ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങൾ ഈ ആശയക്കുഴപ്പവും സങ്കീർണ്ണത

കളുമാണ്. ഇതിനകത്തുണ്ടായിരിക്കുന്ന ആശയക്കുഴപ്പം ചെറുതല്ല. ഞാൻ ഒരു ചോദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, സൈമൾട്ടേനിയസ്സായി രണ്ട് കാര്യങ്ങളും ചെയ്തുകൂടേ; പഴയ വീടുകളുടെ പണി പൂർത്തിയാക്കുന്ന പദ്ധതിയും പുതിയതായി നിർമ്മിക്കുന്ന വീടുകളുടെ കാര്യവും ഒരുപോലെ നമുക്ക് ചെയ്തുകൂടേ?

ശ്രീ. പിണറായി വിജയൻ: പണി പൂർത്തിയാകാത്ത പഴയ വീടുകൾ പഴയ വീടുകളായിത്തന്നെ കിടക്കുന്നുണ്ട്. അതിന് വേറെ പഠനത്തിന്റെ ആവശ്യമില്ല. അത് ഏതാണെന്ന് കണക്കാക്കിയാൽ മാത്രം മതി. പുതിയ വീടുകളുടെ കാര്യത്തിൽ അതിന്റെ കണക്കെടുക്കുകയും അതുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ നടത്തുകയും മറ്റും വേണം. വീടില്ലാത്തവർ, സ്ഥലമില്ലാത്തവർ, വീടും സ്ഥലവുമില്ലാത്തവർ മുതലായവരുടെ ലിസ്റ്റെടുത്ത് അവരുടെ ഓരോ തരത്തിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള തയ്യാറെടുപ്പുകൾ നടത്തണം. ആ തയ്യാറെടുപ്പുകൾ ഏറെക്കുറെ ആയിക്കഴിഞ്ഞു. ഈ മാർച്ചിനുശേഷം ആ ഭാഗം ആരംഭിക്കും. ഇതാണ് നടന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, 2018-19-ലെ പദ്ധതി തയ്യാറാക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഈ പദ്ധതി തയ്യാറാക്കുമ്പോൾ പഞ്ചായത്തിന് പണം വകയിരുത്തണ്ടേ? പഞ്ചായത്തുകൾ ഇപ്പോൾ കിട്ടിയ പദ്ധതികളിൽ ഓരോ മേഖലയിലേയ്ക്കും പണം നീക്കിവച്ച് പ്രോജക്ട് കൊടുക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തുകൾ ഗ്രാമസഭകളിലൂടെ അംഗീകരിച്ച പദ്ധതികൾ, നിങ്ങൾ ഒരു ഉത്തരവിലൂടെ ഭേദഗതി ചെയ്യാൻ പറഞ്ഞാൽ നടക്കുമോ; അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് വ്യക്തമായി ഇപ്പോൾത്തന്നെ ഉത്തരവ് കൊടുത്തുകൂടേ? തിന്നുകയുമില്ല, തീറ്റിക്കുകയുമില്ല എന്നുപറയുന്നതുപോലെ രണ്ടു കാര്യങ്ങളും നടക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ വട്ടവട പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട എസ്.സി.പി.യിൽ 108 വീടുകൾക്ക് ആവശ്യമായ തുക കളക്ടർ അക്കൗണ്ടിലേയ്ക്ക് മാറ്റി വീടുപണി തുടങ്ങിയിട്ടുണ്ട്. അത് ആർക്ക് വേണമെങ്കിലും പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എസ്. രാജേന്ദ്രന്റെ മണ്ഡലത്തിൽ തുടങ്ങിയെങ്കിൽ അത് നല്ല കാര്യമാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനോട് പറയണമായിരുന്നു. അദ്ദേഹം ഇതുവരെ ഇക്കാര്യം അറിഞ്ഞിട്ടില്ല. അങ്ങ് പറഞ്ഞത് വളരെ നല്ലതായി. എന്നാൽ ലൈഫ് പദ്ധതിയുടെ നടത്തിപ്പിൽ ഗുരുതരമായ ഒരു പ്രശ്നം കടന്നുകൂടിയിട്ടുണ്ട്. ലൈഫ്

പദ്ധതിയുടെ നടത്തിപ്പും അതിന്റെ സാമ്പത്തിക ഉത്തരവാദിത്വവും എങ്ങനെയാണെന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ യാതൊന്നും വെളിപ്പെടുത്തിയിട്ടില്ല. 2017-18-ലെ സംസ്ഥാന ബജറ്റ് അനുസരിച്ച് പദ്ധതിയുടെ പണം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം, ഭവനനിർമ്മാണത്തിന് പ്രഖ്യാപിച്ച കേന്ദ്രസർക്കാരിന്റെ വായ്പ, സംഭാവന, സി.എസ്.എസ്.ആർ. ഫണ്ട്, വാണിജ്യ വായ്പ എന്നിവയിലൂടെ സമാഹരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ വായ്പയുടെ തിരിച്ചടവ് ഏത് രീതിയിലാണെന്നതിനെ സംബന്ധിച്ച് ഇതുവരെ ഒരു വ്യക്തതയും ഉണ്ടായിട്ടില്ല. ഈ ബാധ്യത തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകമാറ്റാനുള്ള സർക്കാർ ശ്രമം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുമെന്നുള്ള ആശങ്ക ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തെപ്പറ്റിപ്പറയുന്ന നമ്മൾതന്നെ അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുകയാണ്. ഗുണഭോക്താക്കളുടെ സർവ്വേ നടപടികളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഇപ്പോഴും നിലനില്ക്കുകയാണ്. ജനപ്രതിനിധികളെ മാറ്റിനിർത്തിയതും ഗ്രാമസഭകൾ വിളിച്ചുകൂട്ടിയതും ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളാണ്. ഈ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാനുള്ള സംവിധാനം നിലവിലില്ല. 'ഒരു റേഷൻ കാർഡ് - ഒരു വീട്' എന്ന മാനദണ്ഡം ശരിയല്ല. വാടകയ്ക്ക് താമസിക്കുന്ന നിരവധി കുടുംബങ്ങളിൽ ഇന്നും ഒരു റേഷൻ കാർഡ് മാത്രമായിട്ടുള്ളവരുണ്ട്. ആദിവാസി-മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു വീട്ടിൽത്തന്നെ നിരവധി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. വേറെ മാർഗ്ഗമില്ലാത്തതു കൊണ്ടാണ്. വ്യത്യസ്തമായ റേഷൻ കാർഡുണ്ടെങ്കിലും ഒരു വീട്ടിൽ താമസിക്കുന്നവരെ നമുക്ക് കാണാൻ കഴിയും. അങ്ങനെയുള്ള ആളുകൾക്കുകൂടി അവസരങ്ങൾ നൽകാനും ഭവനങ്ങൾ നൽകാനുമുള്ള നടപടി ഇക്കാര്യത്തിലില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, റേഷൻ കാർഡ് വേണമെന്നാണ് ഇവിടെ സൂചിപ്പിച്ചത്. റേഷൻ കാർഡ് വേണമെങ്കിൽ വീടിന് നമ്പർ വേണം. വീടിന് നമ്പർ വേണമെങ്കിൽ വീടുവേണം. വീടില്ലാത്തവരാണ് ഇതിന് അപേക്ഷിക്കുന്നത്. വാടക വീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് വേണമെങ്കിൽ ഓണറുടെ കൺസെന്റ് വേണം. 90 ശതമാനം ഓണർമാരും റേഷൻ കാർഡ് എടുക്കാൻ കൺസെന്റ് കൊടുക്കുകയില്ല. അതുകൊണ്ട് റേഷൻ കാർഡ് ഉള്ളവർ മാത്രമേ ഭവനനിർമ്മാണ പദ്ധതിയിൽ എലിജിബിളാകുകയുള്ളൂ എന്ന നിർദ്ദേശം വളരെ അപ്രായോഗികവും യോഗ്യതയുള്ള ധാരാളം ആളുകൾ ഒഴിവാക്കപ്പെടുന്നതുമായ കാര്യമാണ്. ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങളുടെ മുന്നിൽ ഏറ്റവും കൂടുതൽ പരാതികൾവരുന്നത് ഈ വിഷയത്തിലാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായിട്ടുമുണ്ട്. അതും ഇവിടെ ചൂണ്ടിക്കാണിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയമാണ്. അതോടൊപ്പം ഭൂരഹിതർക്കുള്ള ഭൂമിവില കിഫ്ബി ലാന്റ് ബോണ്ട് വഴി കണ്ടെത്തുമെന്നാണ് ബജറ്റിൽ പറഞ്ഞിരിക്കുന്നത്. ഭൂമി കണ്ടെത്താനും ലാന്റ് ബോണ്ട് ഇറക്കാനുമുള്ള നടപടി ഇതുവരെ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായതായി അറിയില്ല. ബോണ്ട് ഇറക്കണമെങ്കിൽ ആർ.ബി.ഐ.യുടെ അനുമതി ആവശ്യമാണ്. ആർ.ബി.ഐ.യുടെ അനുമതിക്കുവേണ്ടി അപേക്ഷ കൊടുത്തിട്ടുണ്ടോ? ചുരുക്കത്തിൽ വീട് വച്ചുകൊടുക്കാമെന്ന് പറയുന്ന ഈ പദ്ധതി അടുത്തകാലത്തൊന്നും നടപ്പാക്കാൻ പോകുന്നില്ല. ഇത് ചെറിയ കാര്യമല്ല, വളരെ ഗുരുതരമായ പ്രശ്നമാണ്. ലാന്റ് ബോണ്ട് ഇറക്കാൻ ആർ.ബി.ഐ.യുടെ അനുവാദം തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണം. നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഒരുമിപ്പിച്ചതിന്റെ ഫലമായി ആശയക്കുഴപ്പങ്ങളും സങ്കീർണ്ണതകളും നിലനിൽക്കുകയാണ്. ഞങ്ങളാരും ഈ പദ്ധതിക്ക് എതിരല്ല, തെറ്റിദ്ധരിക്കണ്ട. ഈ പദ്ധതി നന്നായി നടത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. പക്ഷേ, സർക്കാരിന്റെ അവധാനതയില്ലായ്മയും അടിക്കടി ഉണ്ടാക്കിക്കൊണ്ടി രിക്കുന്ന സങ്കീർണ്ണതകളും ഉത്തരവിനുമേൽ ഉണ്ടാകുന്ന ഉത്തരവുകളും ഈ പദ്ധതിയെ നിശ്ചലമാക്കിയിരിക്കുന്നു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇത്രയും ഗൗരവതരമായ ഒരു പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ പറഞ്ഞതുപോലെ നിലവിലുണ്ടായിരുന്ന ഭവനങ്ങൾ നിർമ്മിക്കാനുള്ള സംവിധാനംകൂടി 'ലൈഫ്' പദ്ധതിയിലൂടെ ഇല്ലാതാകുകയാണ്. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തുകൾക്ക് സ്വന്തം പദ്ധതികളിലൂടെ ഭവനങ്ങൾ നിർമ്മിക്കാനുള്ള അവസരം നൽകിയിരുന്നു. അവർ വായ്പ എടുക്കുന്നതിനുമുമ്പ് തിരിച്ചടവ് സാധ്യമാണോ എന്ന് പരിശോധിക്കാൻ വേണ്ടി മാത്രമേ ഗവൺമെന്റ് ഇടപെടാറുള്ളൂ. തിരിച്ചടയ്ക്കാൻ സാഹചര്യമുണ്ടെങ്കിൽ ഓരോ പഞ്ചായത്തുകൾക്കും പദ്ധതികൾ ആവിഷ്കരിച്ച് വീടുകൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമുണ്ടായിരുന്നു. അത് പഞ്ചായത്തുകൾ രണ്ട് കയ്യുംനീട്ടി സ്വാഗതം ചെയ്തുകൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ എന്ത് സംഭവിച്ചു? ഇവിടെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചൊക്കെ പറയാറുണ്ട്.

വാർഡ് അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ അതിൽ അപാകതയുണ്ടാകുമെന്ന് എങ്ങനെയാണ് നമ്മൾ തീരുമാനിക്കുന്നത്? ഗ്രാമസഭ കൂടുകയും വാർഡ് അംഗങ്ങൾക്ക് ഇൻവോൾവ്മെന്റ് ഉണ്ടാകുകയും ചെയ്യുമ്പോൾ സുതാര്യമായി കാര്യങ്ങൾ നടക്കും. എന്നാൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി മറ്റൊരു ഏജൻസിയെ ഉപയോഗപ്പെടുത്തുമ്പോൾ സ്വാധീനമുണ്ടാകുന്നു എന്നാണ് പത്രത്തിൽ വന്നിട്ടുള്ളത്. അതുകൊണ്ടാണ് ഭൂരഹിതർക്കും ഭവനരഹിതർക്കും ലൈഫ് മിഷനിൽ ലൈഫ് ഇല്ലായെന്ന് പറഞ്ഞ് വാർത്തകൾ വരുന്നത്. മാത്രമല്ല ഇത് ഏതെങ്കിലും ഒരു പ്രത്യേക ഏജൻസിക്കുമാത്രം ചെയ്യാൻ സാധിക്കുന്ന കാര്യമല്ല. പല വകുപ്പുകളുടെയും ഏകീകരണം ആവശ്യമാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, കുടുംബശ്രീ മിഷനെയാണ് സർവ്വേയ്ക്ക് ഏല്പിച്ചത്. സാധാരണ രീതിയിൽ പഞ്ചായത്തുകളിൽ വീടുകൾ പങ്കുവയ്ക്കുന്നതിനെ കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ചിലപ്പോൾ ഒരു വാർഡിൽ ഒരു വീടുപോലും ആവശ്യമുണ്ടാകില്ല. മറ്റൊരു വാർഡിൽ പതിനഞ്ചോളം വീടുകൾ വേണ്ടിവരും. സാധാരണഗതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ വീതംവച്ച് എടുക്കലായിരുന്നു ഉണ്ടായിരുന്നത്. അപ്പോൾ അർഹരായ പല ഗുണഭോക്താക്കളും അതിൽനിന്ന് വിട്ടുപോകും. അതിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ മിഷൻ വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർവ്വേ നടത്തിയത്. ആ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള അന്തിമ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ച് തയ്യാറാക്കണം. ഗ്രാമസഭയിൽ ഏതെങ്കിലും ഒരാൾ അനർഹമായി കടന്നുകൂടിയിട്ടുണ്ടെങ്കിൽ അയാളെ ഒഴിവാക്കാനും അർഹതപ്പെട്ടവരെ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്താനും സാധിക്കും. ആ ഓപ്ഷൻ ഉൾപ്പെടുത്തിയാണ് ഈ സർവ്വേ നടത്തിയിട്ടുള്ളത്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ കുടുംബശ്രീ മിഷന് എതിരല്ല. വന്നുകൊണ്ടിരിക്കുന്ന പരാതി അനുസരിച്ച് കുടുംബശ്രീ മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ അപാകതകൾ കടന്നുകൂടിയിരിക്കുന്നു എന്നാണ് പഞ്ചായത്തുകൾ പറയുന്നത്. അത് സുതാര്യമാക്കണം. അവസാനം ഗ്രാമസഭയിലാണ് എത്തിയത്. പഞ്ചായത്തിന് മൊത്തത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമ്മൾ കൊടുക്കണ്ടേ? '31-8-2018-ൽ പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏതെല്ലാം ജില്ലകളിൽ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട് എന്ന ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരം, 'ജില്ലാടിസ്ഥാനത്തിൽ ഒരു ജില്ലയിലും പൂർണ്ണമായ അന്തിമപട്ടിക ആയിട്ടില്ല' എന്നാണ്. അന്തിമ പട്ടിക ഇപ്പോഴും

ആയിട്ടില്ലെന്നു മാത്രമല്ല, പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ ഏകീകരണം ആവശ്യവുമാണ്. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പറയുന്നത്, മറ്റു ജോലികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരെ തൽക്കാലം വിട്ടുകൊടുക്കാൻ കഴിയില്ല, അതിന് കളക്ടറുടെ അനുമതിവേണം എന്നാണ്. വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ചെങ്കിൽ മാത്രമേ ഉദ്യോഗസ്ഥരെ വിട്ടുകൊടുക്കാൻ സാധിക്കുകയുള്ളു. അപ്പോൾ കൃത്യമായി ഉദ്യോഗസ്ഥരെ ലഭിക്കാത്തതിന്റെ പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ ഏകീകരണമില്ലാത്തതിന്റെ വിഷയങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നതാണ്. 66,000 വീടുകളാണ് നമുക്ക് പൂർത്തീകരിക്കാനുള്ളതെന്നാണ് ഇപ്പോൾ അങ്ങ് പറഞ്ഞത്. അതിനാണ് മുൻഗണന എന്ന്. മാർച്ച് 31-നു മുമ്പ് എല്ലാ വീടുകളും പൂർത്തീകരിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ദേശാഭിമാനി പത്രത്തിൽ വന്നിട്ടുണ്ട്. ഇപ്പോൾ ഏകദേശം മൂവായിരത്തോളം വീടുകളേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന് അങ്ങ് മറുപടിയിൽ പറയുന്നുണ്ട്. അപ്പോൾ 66,000 വീടുകൾ പൂർത്തീകരിക്കാൻ എത്ര കാലതാമസമുണ്ടാകും. ഫണ്ടുമായി ബന്ധപ്പെട്ട വിഷയമുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഞങ്ങൾ ഭരിച്ചിരുന്ന സമയത്ത് ഇ.എം.എസ്. ഭവന പദ്ധതിക്ക് നിങ്ങൾ എത്ര രൂപയായിരുന്നു കൊടുത്തുകൊണ്ടിരുന്നത്? ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷമാണ് രണ്ടുലക്ഷം രൂപയാക്കിയത്. അതുപോലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടരലക്ഷം രൂപയാക്കി. അത് ഓരോ കാലഘട്ടത്തിലും വർദ്ധിപ്പിക്കണം. ഇപ്പോൾ നാലുലക്ഷം രൂപയാണ്. ഇനി വേറൊരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നാലുലക്ഷത്തിൽക്കൂടുതൽ കൊടുക്കും. ഓരോ കാലഘട്ടത്തിൽ വരുന്ന വിലവർദ്ധനവും സാധനസാമഗ്രികളുടെ പ്രശ്നങ്ങളും വച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ വരികയുണ്ടായി. ഭവന പദ്ധതി നടപ്പിലാക്കാൻ ശ്രീ. പുരുഷൻ കടലുണ്ടിയുടെ മണ്ഡലത്തിലാണ് ആദ്യമായി സ്ഥലം കണ്ടെത്തിയത്. ഇപ്പോൾ ആ പദ്ധതി എവിടെ എത്തി എന്ന് അദ്ദേഹംതന്നെ പറയട്ടെ? ഇതെല്ലാംവച്ച് മുന്നോട്ടുപോകണമെങ്കിൽ വിവിധ ആളുകളുടെ സഹായ സഹകരണങ്ങൾ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. സമ്പന്നരായ കുറേ ആളുകളെ വിളിച്ച് സംസാരിക്കുകയും അവരെല്ലാം വന്ന് അതെല്ലാം കേട്ടു എന്നുള്ളതല്ലാതെ വിവിധ ഘട്ടങ്ങളിൽ അവരുടെ സഹകരണമുണ്ടാകുമെന്നുള്ള ഒരു വാഗ്ദാനവും ലഭിക്കുന്നില്ല. മാത്രമല്ല, അത്തരം വീടുകൾ ഇവിടെ പലരും സ്വന്തമായി നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഞങ്ങളുടെ ഒരു പ്രസ്ഥാനം ലക്ഷക്കണക്കിന് വീടുകൾ നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഓരോരുത്തരും

നിർമ്മിച്ച് കൊടുക്കുന്നത് ലൈഫ് പദ്ധതിയുടെ ഭാഗമായി പറയേണ്ട ആവശ്യമില്ല. പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇതുവരെ ഉണ്ടായിട്ടില്ല എന്നത് അങ്ങേയറ്റം ദയനീയമാണ്. മാത്രമല്ല, ഭവന പദ്ധതിക്ക് ഞങ്ങളുടെയെല്ലാം സഹകരണമുണ്ടാകും. കാരണം, രാഷ്ട്രീയം നോക്കിയല്ല വീട് നിർമ്മിച്ച് നൽകുന്നത്. ജനങ്ങൾക്ക് വീട് ലഭിക്കുന്ന പദ്ധതിയിൽ എന്ത് നല്ല നിർദ്ദേശങ്ങളുണ്ടെങ്കിലും അതിനെ സ്വാഗതം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ, പ്രായോഗികമല്ലാത്ത രീതിയിൽ, ഉത്തരവുകളുടെ മുകളിൽ ഉത്തരവുകളുണ്ടാക്കി അവസാനം ഉള്ള പദ്ധതികളും ഇല്ലാതായി, കിട്ടുന്ന വീടും നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്നു. ലൈഫ് പദ്ധതിയെക്കുറിച്ച് സുദീർഘമായ ചർച്ചയാണ് ആവശ്യം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ വലുതാണ്. പക്ഷേ, ഇപ്പോഴത്തെ മെല്ലെപ്പോക്ക് നയം വച്ച് ലക്ഷ്യത്തിലെത്താൻ കഴിയുമോ എന്നുള്ളത് സംശയമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 18582 ഭവനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. അതായത് ശരാശരി 9250. എന്നാൽ കഴിഞ്ഞ സർക്കാർ വിവിധ പദ്ധതികളിലായി 187667 ഭവനങ്ങൾ നിർമ്മിച്ച് നൽകുകയുണ്ടായി. ശരാശരി 37533. എൽ.ഡി.എഫ്. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയെ അപേക്ഷിച്ച് 27783 ഭവനങ്ങൾ കൂടുതൽ നിർമ്മിക്കാൻ അന്ന് കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളും വേഗതയും വളരെ കുറവാണ്. ലൈഫ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സർക്കാരിന്റെ മെല്ലെപ്പോക്ക് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് അദ്ധ്യക്ഷന്മാരെ വിളിച്ചുചേർത്ത് ഒരു അവലോകന യോഗം നടത്തുകയുണ്ടായി.

അതിലെ ആശങ്കകൾ വളരെ വലുതാണ്. മുന്നോട്ടുവരുന്ന അപേക്ഷകരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല. അപേക്ഷയുമായി വരുന്ന 95 ശതമാനം ആളുകളും അർഹരായിട്ടുള്ളവരാണ്. എന്നാൽ നിരവധി മാനദണ്ഡങ്ങൾ കാരണം എല്ലാവരേയും പ്രസ്തുത പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്താൻ കഴിയുന്നില്ല. റേഷൻ കാർഡുമായി ബന്ധപ്പെട്ട വിഷയമാണ് അതിൽ ഏറ്റവും പ്രധാനമായിവന്നത്. മാനദണ്ഡങ്ങൾ ലഘൂകരിക്കേണ്ടത് അനിവാര്യമാണ്. പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങളിൽ വരുന്ന അപേക്ഷകരെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാത്ത പ്രധാനപ്പെട്ട പ്രശ്നം ഇന്ന് ഉടലെടുത്തിരിക്കുന്നു. കൂടാതെ പ്ലാൻ ഫണ്ടിൽ കുറവുവരുമെന്ന ആശങ്ക തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നു. ലൈഫ് മിഷനുമായി ബന്ധപ്പെട്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ, റവന്യൂ പുറമ്പോക്ക് ഭൂമി, വിവിധ വകുപ്പുകളുടെ ഭൂമി തുടങ്ങിയവ കൈമാറാനുള്ള പ്രവർത്തനം മന്ദഗതിയിലാണ് പോകുന്നത്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂമി, റവന്യൂ പുറമ്പോക്ക് ഭൂമി തുടങ്ങിയ സ്ഥലങ്ങൾ കൈമാറി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട മണ്ഡലങ്ങളിൽ പ്രാദേശികമായി സ്വീകരിക്കാറുണ്ട്. എന്നാൽ അതിന് തുടർനടപടികൾ പലപ്പോഴും ഉണ്ടാകുന്നില്ല എന്നുള്ളത് വസ്തുതയാണ്. പദ്ധതി നടപ്പിലാക്കാൻ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്റെ നിയോജക മണ്ഡലത്തിലെ പാമ്പാക്കട പഞ്ചായത്തിൽ ഒരു വാട്ട്സാപ്പ് കൂട്ടായ്മയിലൂടെ ഏകദേശം ഏഴോളം ഭവനങ്ങൾ നിർമ്മിച്ച് നൽകുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു ഉദ്യമത്തിലേയ്ക്ക് അവർ കടക്കാനുള്ള കാരണം ആരാഞ്ഞപ്പോൾ അറിയാൻ സാധിച്ചത്, ധാരാളംപേർ ഇന്ന് ഭവനരഹിതരായും ഭവനം പൂർത്തീകരിക്കാൻ കഴിയാത്തവരായും ഉള്ളതുകൊണ്ടാണ് എന്നാണ്. ലൈഫ് പദ്ധതിയിലൂടെ എല്ലാവരിലേയ്ക്കും വീട് എത്തിക്കാൻ കഴിയില്ല എന്നുള്ള തിരിച്ചറിവാണ് ഇത്തരത്തിലുള്ള കൂട്ടായ്മകൾ മുന്നോട്ടുവരാൻ കാരണമാകുന്നത്. അത്തരത്തിലുള്ള പദ്ധതികളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. ബി. സത്യൻ: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് നിരവധി നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ വിവിധ ക്ഷേമകാര്യങ്ങൾക്കുവേണ്ടി നിരവധി നിയമനിർമ്മാണങ്ങൾ നടത്തുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന തൊഴിലാളികൾക്കുപോലും നീതിയും പരിരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ യാതൊരു പരിരക്ഷയും ലഭിക്കാത്ത ഒരുകൂട്ടം ആളുകളുടെ വിഷയമാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ അയ്യായിരത്തോളംവരുന്ന തൊഴിലാളികളുണ്ട്. അവർ അറിയപ്പെടുന്നത് എച്ച്. ആർ. എന്നാണ്. എച്ച്.ആർ. എന്നാൽ 'hand receptive' എന്നാണ്. ആ പേര് നമ്മുടെ പരിഷ്കൃത കാലത്തിന് യോജിച്ചതാണോ എന്ന് പരിശോധിക്കണം. ഇതിൽ 25-30 വർഷമായി തൊഴിലെടുക്കുന്ന തൊഴിലാളികളുണ്ട്. അവരെ പിരിച്ചുവിടാനുള്ള നീക്കം നടക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള, തൊഴിലാളികൾക്ക് ലഭിക്കേണ്ട മിനിമം കൂലി അവർക്കും നൽകണം. അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും വിശേഷാൽ സമയങ്ങളിൽ ഗവൺമെന്റ് സൗജന്യ റേഷൻ, ഉത്സവബത്ത തുടങ്ങിവ പ്രഖ്യാപിക്കും. ഇതൊന്നുമില്ലാതെ, മറ്റ് തൊഴിൽ നിയമങ്ങളൊന്നും ബാധകമല്ലാതെ രാത്രിയെന്നോ പകലെന്നോ നോക്കാതെ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മുൻകാലങ്ങളിൽ മരാമത്ത് വകുപ്പ്, ഗ്രൗണ്ട് വാട്ടർ വകുപ്പ്, കേരളാ വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ 20-25 വർഷം തൊഴിലെടുത്തിരുന്നവർക്ക് തൊഴിൽ സംരക്ഷണമെന്ന നിലയിൽ തുടർച്ചയായി തൊഴിൽ ചെയ്യാനുള്ള അവസരവും ചില സന്ദർഭങ്ങളിൽ അവരെ സ്ഥിരപ്പെടുത്തുന്നതടക്കമുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ധാരാളം തൊഴിൽ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. തൊഴിൽ നിയമങ്ങളുടെ ചരിത്രം ബ്രിട്ടീഷുകാരുടെ കാലത്ത് ആരംഭിച്ചതാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് മുതൽ നിരവധി നിയമങ്ങളുണ്ട്. എന്നാൽ നിയമപരമായി യാതൊരു പരിരക്ഷയുമില്ലാത്ത ആളുകളായി ഇവർ മാറുന്നു. ഐ.ഡി. ആക്ട്, മിനിമം വേജസ് ആക്ട്, പി.എഫ്. ആക്ട്, ബോണസ് ആക്ട് തുടങ്ങിയ ഒട്ടനവധി തൊഴിൽ നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. ശമ്പളം കൈകൊണ്ട് എഴുതി വാങ്ങുന്ന

തൊഴിലാളികളായതുകൊണ്ട് അവർ തൊഴിലാളികൾ അല്ലാതാകുമോ? മറ്റ് എവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്കും ന്യായമായ സേവന-വേതന വ്യവസ്ഥ കളുണ്ട്. അവർക്ക് അതനുസരിച്ച് ശമ്പളവും മറ്റും നൽകുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികൾക്ക് ഇ.പി.എഫ്., ഇ.എസ്.ഐ., ബോണസ്, ക്ഷേമനിധി തുടങ്ങിയവയൊന്നുമില്ല. ഒരാനുകൂല്യവും ഇല്ലാതെ അയ്യായിരത്തോളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. പമ്പ് ഓപ്പറേറ്റർമാരായും വാൽവ് ഓപ്പറേറ്റർമാരായും ശുചീകരണ തൊഴിലാളികളായും ഷിഫ്റ്റ് അസിസ്റ്റന്റുമാരായും 25 വിഭാഗങ്ങളിലായി അവർ സമയക്ളിപ്തതയില്ലാതെ പണിയെടുക്കുന്നുണ്ട്. വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ അവർ നിശ്ചയിക്കുന്ന ന്യായമായ ചാർജ് ബഹുജനങ്ങൾ അടയ്ക്കുന്നുണ്ട്. അങ്ങനെ ചാർജ് അടയ്ക്കുകയും അവരോട് നീതി പുലർത്തുകയും ചെയ്യുമ്പോൾ തിരിച്ച് ഈ തൊഴിലാളികളോട് അനുഭാവ പൂർവ്വമായ നിലപാട് വാട്ടർ അതോറിറ്റി സ്വീകരിക്കുന്നില്ല. 20 വർഷം ജോലി ചെയ്തവരെ ഇടയ്ക്കിടയ്ക്ക് പിരിച്ചുവിടുന്നത് എന്തിനാണ്? അവർക്ക് മറ്റൊന്നും നൽകുന്നില്ല. ഒരു കരാറുകാരന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളിയെ ആ കരാറുകാരനാണ് നിയമിക്കുന്നത്. കരാറുകാരൻ നിശ്ചയിക്കുന്ന ശമ്പളം കൊടുത്താൽ കൊടുത്തു ഇല്ലെങ്കിൽ ഇല്ല. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ അതുമായി ബന്ധപ്പെട്ട വിഹിതവും ഇവരുടെ ശമ്പളത്തിൽ നിന്ന് പിടിക്കുകയാണ്. ഈ ഗവൺമെന്റ് വളരെ വ്യക്തമായ നിയമമുണ്ടാക്കിയിട്ടുണ്ട്. 26-2-2016-ൽ ഇറക്കിയ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിലും, ഗ്രൗണ്ട് വാട്ടർ വകുപ്പിലും പണിയെടുക്കുന്ന ഹാന്റ് റെസീപ്റ്റി എന്നുപറയുന്ന തൊഴിലാളികൾക്ക് 630 രൂപയാണ് വേതനം. അതേസമയം ഇവിടെ പണിയെടുക്കുന്ന കരാർ തൊഴിലാളികളുടെ വേതനം 377 രൂപ മുതൽ 450 രൂപ വരെയാണ്. ഒരേ വകുപ്പിൽത്തന്നെയുള്ള ഒരുകൂട്ടം തൊഴിലാളികൾക്ക് ഒരു ശമ്പളവും മറ്റൊരു കൂട്ടർക്ക് മറ്റൊരു ശമ്പളവും നൽകുന്നത് അനീതിയല്ലേ? കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. ജനാധിപത്യ ഭരണം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഉദ്യോഗസ്ഥർ മിനിമം പാലിക്കേണ്ട ഉത്തരവാദിത്വങ്ങളും തൊഴിൽ നിയമങ്ങളുമുണ്ട്. എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തി അവരാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിക്കാൻ തീരുമാനിക്കുന്നത് ഉദ്യോഗസ്ഥരാണ്. 25 വർഷത്തോളം പമ്പ് ഓപ്പറേറ്റർമാരായി പമ്പ് ഹൗസിനകത്തും പുറത്തുമൊക്കെയായി ജോലിചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തി ജോലി ചെയ്യിപ്പിക്കാമെന്നാ ണെങ്കിൽ ഈ തൊഴിലാളികളുടെ സ്ഥിതിയെന്താകും; തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ഇത്തരം അനീതികൾക്ക് പരിഹാരം കാണണം. ഒരു

തൊഴിലാളിയെ വാടകക്കാരനെപ്പോലെ നിയമിച്ച് എത്രനാൾ ജോലി ചെയ്യിക്കാൻ കഴിയും? അതുകൊണ്ട് വാട്ടർ അതോറിറ്റി നേരിട്ട് തൊഴിലാളിക്ക് ന്യായമായ ശമ്പളം നൽകി ജോലി ചെയ്യിപ്പിക്കുകയും നിയമപരമായി അവർക്ക് നൽകേണ്ട തൊഴിൽ സംരക്ഷണവും ആനുകൂല്യങ്ങളും നൽകുകയും വേണം. പത്തും ഇരുപതും വർഷം ജോലി ചെയ്തിട്ടുള്ള തൊഴിലാളികളെ മുമ്പ് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അർഹതയുള്ളവരെ സ്ഥിരപ്പെടുത്താനുള്ള നടപടികൂടി ഉണ്ടാകണമെന്ന വളരെ ഗൗരവമായ വിഷയം ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം റൂൾ 62 പ്രകാരം നൽകിയ നോട്ടീസിൽ രണ്ട് ആവശ്യങ്ങളാണുള്ളത്. 'ദീർഘകാലമായി കരാർ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തണം' എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തണമെന്നും മറ്റ് വകുപ്പുകൾ നൽകുന്നതിന് സമാനമായ നിരക്കിൽ ദിവസവേതനം നൽകണമെന്നുമാണ്. വാട്ടർ അതോറിറ്റി രൂപീകരിച്ചത് 1984-ലാണ്. അന്ന് നിലവിലുണ്ടായിരുന്ന സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഓരോ വർഷവും 30 മുതൽ 35 വരെയുള്ള പുതിയ പദ്ധതികൾ പൂർത്തിയാക്കി പുതുതായി ജലവിതരണം നടത്തുകയാണ്. പുതിയ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ പമ്പ് ഓപ്പറേറ്റർ, വാൽവ് ഓപ്പറേറ്റർ, അൺ സ്കിൽഡ് വർക്കർ, മറ്റ് ജീവനക്കാർ എന്നിവരുടെ കുറവുള്ളതിനാൽ ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തുന്നു. കരാറുകാർ ചില ജീവനക്കാരെ ഈ പണികൾക്കുവേണ്ടി നിയോഗിക്കാറുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമനം നടത്തുമ്പോൾ കരാറുകാർ സ്വാഭാവികമായി ഒഴിഞ്ഞുപോകണമെന്ന് കരാറിലേർപ്പെടുമ്പോൾത്തന്നെ നിഷ്കർഷിക്കാറുണ്ട്. പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം വകുപ്പുമേധാവികൾ ക്കെതിരെ നടപടി സ്വീകരിക്കുമെന്നും തൊഴിലും നൈപുണ്യവും വകുപ്പിന്റെ 2014-ലെ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഹൈക്കോടതി വിധി, W.P.(C) 31200/2017 അനുസരിച്ച് കരാറുകാർ മുഖാന്തരം വന്ന തൊഴിലാളികൾക്ക് തൽസ്ഥാനത്ത് തുടരുന്നതിന് യാതൊരു അവകാശവുമില്ലെന്നും വാട്ടർ അതോറിറ്റിയുടെ താൽക്കാലിക നിയമനം നിലവിലുള്ള ചട്ടപ്രകാരം മാത്രമേ നിർവ്വഹിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധനകളെല്ലാം നില നിൽക്കുകയാണ്. കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് സുപ്രീം കോടതി

വിധിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉമാദേവി കേസ്സിലുൾപ്പെടെ മറിച്ചുള്ള സുപ്രീം കോടതിവിധി നിലനിൽക്കുകയാണ്. അതുകൊണ്ട് പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്തുമ്പോൾ കരാർ ജീവനക്കാർ ഒഴിവായിപ്പോകുന്ന സ്ഥിതിയുണ്ട്. പുതിയ പദ്ധതികൾ വരുന്നതുകൊണ്ട് കരാർ ജീവനക്കാരെ പരമാവധി നിലനിർത്താൻ കഴിയും. കരാർ തൊഴിലാളികളെ സംബന്ധിച്ച് മാസ്റ്റർ ലിസ്റ്റില്ല. കരാറുകാർ നിയോഗിച്ചിരിക്കുന്ന തൊഴിലാളികൾക്ക് എത്രനാൾ ജോലിയിൽ തുടരാൻ കഴിയുമോ അതുവരെ തുടരുന്നതിന് തടസ്സമില്ല. ഇവരുടെ വേതന വർദ്ധന സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ന്യായമായ ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ വരവുംചെലവും തമ്മിലുള്ള വ്യത്യാസം 27 കോടി രൂപയാണ്. വർദ്ധിപ്പിച്ച കൂലി നൽകുമ്പോൾ 3 കോടി രൂപ കൂടി അധികമായി വേണ്ടിവരും. 28-11-2017-ൽ കൂടിയ അതോറിറ്റി ബോർഡ് യോഗം ഈ വിഷയം ചർച്ച ചെയ്തു. നിലവിലെ സാമ്പത്തികസ്ഥിതി കാരണം ഉടനെ അത് വർദ്ധിപ്പിക്കാൻ കഴിയില്ല. പക്ഷേ ആവശ്യം ന്യായമാണെന്നത് അംഗീകരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഗൗരവമായ ചില നടപടികളിലേയ്ക്ക് നീങ്ങുകയാണ്. വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ന്യായമായ ഈ ആവശ്യം പരിഗണിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, തൊഴിൽ നിയമങ്ങളാണ് കരാർ ജീവനക്കാരെ നിലനിർത്തുന്നതിന് തടസ്സമെന്ന് പറഞ്ഞു. ഗ്രൗണ്ട് വാട്ടർ ഡിപ്പാട്ട്മെന്റിലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലും 286 പേർ എച്ച്.ആർ ആയി ജോലി ചെയ്യുന്നുണ്ട്. അവർക്ക് തടസ്സങ്ങളൊന്നുമില്ലേ? തൊഴിൽ വകുപ്പും ജലസേചന വകുപ്പുംകൂടി ചേർന്ന് ഇക്കാര്യത്തിൽ സമവായമുണ്ടാക്കണം; അതിന് അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാട്ട്മെന്റിലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജീവനക്കാരെ നിയമിക്കുമ്പോൾ എച്ച്.ആർ.കാരെ ഒഴിവാക്കുകയാണ് ചെയ്യുന്നത്. അവിടെ സ്വീകരിക്കുന്ന നിലപാടുതന്നെയാണ് ഇവിടെയും സ്വീകരിക്കുന്നത്. അവിടെ ഒരു നിയമവും ജലവിഭവ വകുപ്പ് മറ്റൊരു നിയമവും സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ ഇക്കാര്യത്തിലുള്ള തെറ്റിദ്ധാരണ മാറ്റണം.

## (2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. അനിൽ അക്കര: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പദ്ധതി പ്രവർത്തനം അവസാനഘട്ടത്തിലെത്തി നിൽക്കുകയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ, പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണ

ഘട്ടത്തിൽ ശരിയായ രീതിയിൽ പദ്ധതി പൂർത്തീകരിക്കാൻ പല പഞ്ചായത്തുകൾക്കും കഴിയാത്തതിനാൽ സമയം നീട്ടിനൽകുകയുണ്ടായി. സമയം നീട്ടിനൽകിയെങ്കിലും മാർച്ച് 31-നുശേഷം പഞ്ചായത്തുകളുടെ കൈവശമുണ്ടായിരുന്ന ചെലവാകാത്ത പണം സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. പഞ്ചായത്തുകൾ ഈ വർഷം പദ്ധതി തയ്യാറാക്കിയപ്പോൾ സ്പിൽഓവർ പദ്ധതികൾക്ക് പ്ലാൻ ഫണ്ട് അതുപോലെ രേഖപ്പെടുത്തുകയും പുതിയതായി അലോട്ടുമെന്റിലേയ്ക്ക് വന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് പുതിയ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. പട്ടികജാതി മേഖലയിലെ പദ്ധതി പ്രവർത്തനം അവസാനഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ സ്പിൽഓവർ പദ്ധതികളുടെ തുക അനുവദിക്കാത്തതുമൂലം പഞ്ചായത്തുകളിൽ വലിയ പ്രതിസന്ധി നിലനിൽക്കുകയാണ്. പട്ടിജാതി മേഖലകളിലൂൾപ്പെടെ സ്പിൽഓവർ പദ്ധതികളുടെ തുക അടിയന്തരമായി നൽകേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെപ്പോലെ ഈ സാമ്പത്തിക വർഷവും പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുമൊക്കെ പദ്ധതികൾ തയ്യാറാക്കുന്നത് സർക്കാരിന്റെ പ്ലാൻ ഫണ്ടോ മെയിന്റനൻസ് ഗ്രാന്റോ മാത്രം ഉപയോഗിച്ചല്ല, പഞ്ചായത്തിന്റെ തനത് വരുമാനം ഉപയോഗിച്ചുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. വിനോദനികുതിയും പരസ്യനികുതിയും ഉൾപ്പെടെയുള്ള നികുതികൾ ശേഖരിച്ചുകൊണ്ടാണ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമൊക്കെ പണം കണ്ടെത്തുന്നത്. ഇത്തവണ ജി.എസ്.ടി. വന്നപ്പോൾ പഞ്ചായത്തുകൾക്ക് സിനിമാ തീയേറ്ററിൽ നിന്നുൾപ്പെടെയുള്ള വരുമാനങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടായി. മുമ്പ് ഞാൻ ഉന്നയിച്ച ഒരു സബ്മിഷന് മറുപടിയായി, 'കഴിഞ്ഞ വർഷം എത്ര തുകയാണോ ലഭിച്ചത് അതിന്റെ 15 ശതമാനംകൂട്ടി പഞ്ചായത്തുകൾക്ക് നൽകും' എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഇപ്പോൾ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ഓൺ ഫണ്ടിന്റെ ബില്ലുകൾ എഴുതേണ്ട സാഹചര്യം വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തനത് വരുമാനമുള്ള പഞ്ചായത്താണ്. മൂന്നരക്കോടി രൂപയോളമാണ് ഒരു വർഷം ഓൺ ഫണ്ടായി നികുതിയിനത്തിൽ ലഭിക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ വർഷം 15 ശതമാനം കൂട്ടി മാർച്ച് 31-നകം 5 കോടിയോളം രൂപ നൽകിയാൽ മാത്രമേ അവർക്ക് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. കോലഴി ഗ്രാമപഞ്ചായത്തിന്റെ കാര്യം ഉദാഹരണമായി സൂചിപ്പിച്ചതാണ്. മുനിസിപ്പാലിറ്റികളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം വിനോദനികുതിയും പരസ്യബോർഡുകളുമായി ബന്ധപ്പെട്ട വരുമാനവുമാണ്. ജി.എസ്.ടി. വന്നതിനുശേഷം വിനോദനികുതി ആർക്കും ഈടാക്കാൻ കഴിയുന്നില്ല. തിരുവനന്തപുരം ഉൾപ്പെടെയുള്ള വലിയ കോർപ്പറേഷനുകളുടെ ഏറ്റവും പ്രധാനപ്പെട്ട തനത് വരുമാനം സിനിമാ തീയറ്ററുകളിൽനിന്നുള്ള വരുമാനവും പരസ്യബോർഡുകളുമായി ബന്ധപ്പെട്ട വരുമാനവുമാണ്. ഈ വർഷം ഇതൊന്നും

ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാർച്ച് 31-നകം, നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ 15 ശതമാനം തുക കൂടി ചേർത്ത് നൽകിയാൽ മാത്രമേ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അടുത്ത വർഷത്തെ സ്പിൽ ഓവറിലേയ്ക്ക് ഈ പദ്ധതി വീണ്ടും കൊണ്ടു വരേണ്ടതായിവരും. പദ്ധതി തയ്യാറാക്കുന്ന സമയത്തുള്ള പ്രധാന പ്രശ്നം പഞ്ചായത്തിന്റെ ഓൺ ഫണ്ടുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളാണ്. ഈ വർഷം സർക്കാരിന്റെ ഫണ്ട് കിട്ടാതിരിക്കുന്ന സാഹചര്യത്തിൽ അടുത്തവർഷം ഓൺ ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതൊരു പ്രധാനപ്പെട്ട വിഷയമാണ്. ജി.എസ്.ടി. വന്നതുമൂലമുണ്ടായതാണ് മറ്റൊരു പ്രശ്നം. പഞ്ചായത്തുകളിൽ നിർമ്മിതി കേന്ദ്രം ഉൾപ്പെടെയുള്ള ഏജൻസികളെ വർക്ക് ഏൽപ്പിക്കുന്നുണ്ട്. സ്വാഭാവികമായും അവർ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 18 ശതമാനം ജി.എസ്.ടി.-യും 1.5 ശതമാനം ക്ഷേമനിധിയും സെന്റേജും ചേർത്താൽ ഏതാണ്ട് 30 ശതമാനം തുക പോവുകയാണ്. പഴയ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ചാണ് ഒരു അങ്കണവാടി പൂർത്തീകരിച്ചത്. അതിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് മൂന്നുലക്ഷം രൂപ പോകും. ഏഴുലക്ഷം രൂപയുടെ അങ്കണവാടി മാത്രമാണ് യഥാർത്ഥത്തിൽ പണികഴിപ്പിച്ചത്. ആളുകൾ നോക്കുമ്പോൾ 10 ലക്ഷം രൂപ ചെലവഴിച്ചതായി തോന്നുമെങ്കിലും ഏഴുലക്ഷം രൂപയുടെ ആസ്തി മാത്രമാണ് അവിടെയുള്ളത്. ആസ്തി വികസന ഫണ്ടിൽ നിന്നും മൂന്നുകോടി രൂപ ഉപയോഗിച്ച് മുതുവറ സെന്ററിൽ ഒരു വലിയ വർക്ക് നടക്കുകയാണ്. അതിൽ 20 ശതമാനം ടെണ്ടർ ബിലോ, 18 ശതമാനം സെന്റേജ് ചാർജ്, 10 ശതമാനം പ്രോഫിറ്റ്, 1.5 ശതമാനം ക്ഷേമനിധിയും ചേർത്ത് 50 ശതമാനം പോയാൽ 3 കോടി രൂപയുടെ വർക്കിൽ 1.5 കോടി രൂപയുടെ വർക്കാണ് യഥാർത്ഥത്തിൽ നടക്കുന്നത്. വലിയ തുകയുടെ വർക്കാണെന്ന് പറയുമെങ്കിലും 50 ശതമാനം തുക മാത്രമാണ് അവിടെ ചെലവഴിക്കുന്നത്. അത് നമ്മുടെ സത്യസന്ധതയെത്തന്നെ ബാധിക്കുന്ന വിഷയമാണ്. എന്റെ ഒരു ചെറിയ നിർദ്ദേശം, സെന്റേജ് ചാർജും ജി.എസ്.ടി.-യും മറ്റും ചേർത്ത് പഞ്ചായത്തുകൾ സിംഗിൾ പ്രോജക്ട് ഉണ്ടാക്കിയാൽ അടങ്കലിൽ യഥാർത്ഥ ആസ്തിയുടേത് മാത്രമായി വരുമെന്നുള്ളതാണ്. സോഷ്യൽ മീഡിയയിൽ 40 ലക്ഷം രൂപയുടെ ബസ് സ്റ്റോപ്പെന്ന് കാണും. യഥാർത്ഥത്തിൽ 10 ബസ് സ്റ്റോപ്പുകൾ നിർമ്മിച്ചതിനായിരിക്കും 40 ലക്ഷം രൂപ ചെലവായത്. ആസ്തി എത്രയാണെന്ന് കാണിച്ച് എസ്റ്റിമേറ്റ് മാറ്റുകയും മറ്റ് ചെലവുകൾ പഞ്ചായത്തിന്റേതാക്കി മാറ്റുകയും ചെയ്താൽ ഈ പ്രതിസന്ധി മറികടക്കാൻ സാധിക്കും. ഈ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പൂർത്തിയാകാത്ത പ്രോജക്ടുകളുടെ പണമൊന്നും സർക്കാർ തിരിച്ചെടുത്തിട്ടില്ല. പണ്ടത്തേതുപോലെ ഫണ്ട് പി.ഡി.

അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് അതിൽ നിന്നും ചെലവഴിക്കലല്ല. ബിൽ തയ്യാറാക്കി പേമെന്റിന് മുമ്പ് സമർപ്പിക്കുമ്പോൾ പണം കൊടുക്കുകയാണ് ചെയ്യുന്നത്. ധനകാര്യവർഷം അവസാനിച്ചപ്പോൾ 230 കോടി രൂപയുടെ ബില്ലുകൾ പെൻഡിംഗുണ്ടായിരുന്നു; അത് മുഴുവൻ കൊടുത്തുകഴിഞ്ഞു. കൂടാതെ, ലോകബാങ്കിന്റെ KLGSDP (Kerala Local Government Service Delivery Project) ഫണ്ടിനത്തിൽ 350 കോടി രൂപയുണ്ടായിരുന്നു. അത് അഡീഷണൽ ധനാനുമതിയോടുകൂടി തിരിച്ചുകൊടുത്തു. 2016-17-ലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് പണം കൊടുക്കാത്തതുകൊണ്ട് ഒരു സ്തംഭനവും ഉണ്ടാകില്ല. കാരണം, ഈ വർഷത്തെ പദ്ധതിപ്പണത്തിൽ നിന്നുമെടുത്ത് ചെലവഴിക്കാം. ഒരു സ്ഥലത്തും പദ്ധതി പ്രവർത്തനത്തിന്റെ പണം എക്സോസ്റ്റ് ചെയ്തിട്ടില്ല. അതിനുശേഷമേ അധിക ധനാനുമതിയുടെ പ്രശ്നം ഉദിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിനോദ നികുതിയുടെയും പരസ്യ നികുതിയുടെയും പ്രശ്നമുണ്ട്. കഴിഞ്ഞ വർഷം (2016-17) 95 കോടി രൂപ വിനോദ നികുതിയിനത്തിൽ പിരിച്ചു. ഈ വർഷം 28 കോടി രൂപ പിരിച്ചപ്പോഴേയ്ക്കും ജി.എസ്.ടി. നിലവിൽ വന്നു. ബാക്കിയുള്ള ഗ്യാപ്പുണ്ട്. അതുപോലെ പരസ്യ നികുതി 2016-17 വർഷം 9 കോടി രൂപ പിരിച്ചെങ്കിൽ ഈ വർഷം 2.8 കോടി രൂപ മാത്രമാണ് പിരിച്ചത്. ബജറ്റ് പ്രസംഗത്തിൽ 15 ശതമാനം അടങ്ങുന്നുവെന്ന് പറഞ്ഞത് ഞാൻ തിരുത്തുകയാണ്. അതിൽ ഈ വർഷം പിരിച്ച തുക കുറച്ചിട്ടില്ല. ആ തുക കുറച്ച് ബാക്കി കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.എസ്.ടി. സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് തെറ്റിദ്ധാരണയുണ്ട്. നികുതി 18 ശതമാനമല്ല, 12 ശതമാനമാണ്. ആ 12 ശതമാനം നികുതി എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത് മെറ്റീരിയൽസിന്റെ വിലയിൽ നിന്ന് അതിന്റെ ജി.എസ്.ടി. മാറ്റിയാണ്. അതിന് പുറമേയാണ് 12 ശതമാനം. ഇൻപുട്ട് ക്രെഡിറ്റ് കിട്ടിയാൽ 12 എന്നുപറയുന്നത് 3, 4, 5 ശതമാനം, ഓരോ ബിൽഡിംഗിന്റെയും സ്വഭാവമനുസരിച്ച് മാറിക്കൊണ്ടിരിക്കും. അതുകൊണ്ട് ജി.എസ്.ടി. വന്നതിന്റെ ഫലമായി ഭീമമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ശരാശരി നേരത്തെയുണ്ടായിരുന്ന ഇഫക്ടീവ് നികുതി മാത്രമാണ് വരുന്നത്. ഇവിടെ പറഞ്ഞത് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. മാധ്യമങ്ങളിൽ ബസ് സ്റ്റോപ്പിന്റെ പടംവച്ച് വാർത്തവരുന്നത് ഞാനും ശ്രദ്ധിച്ചു, അക്കാര്യം പരിശോധിക്കാം. ചില കാര്യങ്ങൾ കാണുമ്പോൾ എനിക്കും സംശയം തോന്നുന്നു. രണ്ട് ക്ലാസ് മുറിയാണ് അനുവദിക്കുന്നതെങ്കിൽപ്പോലും 50 ലക്ഷം രൂപ ചെലവായതായി കാണുന്നു. ഇപ്പോൾ സി.പി.ഡബ്ല്യു.ഡി. റേറ്റിലാണ് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നത്. സി.പി.ഡബ്ല്യു.ഡി. റേറ്റിന്റെ രീതിയെക്കുറിച്ച് പരിശോധനവേണമെന്ന വ്യക്തിപരമായ ഒരഭിപ്രായം എനിക്കുണ്ട്. അത് സംബന്ധിച്ച് ഖണ്ഡിതമായി പറയാൻ ഞാൻ ആളല്ല. അങ്ങനെയൊരു പരിശോധന

ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി നടത്തുന്നുണ്ടെന്നാണ് ഞാൻ കേട്ടത്. സ്പിൽ ഓവറായി ഒരു പ്രോജക്ടും മാറ്റിവയ്ക്കുന്നില്ല. മുഴുവനും ക്യാരിഓവർ ചെയ്യാൻ അനുവദിക്കുകയാണ് ചെയ്യുന്നത്. പണം തീരുമ്പോൾ കൂടുതൽ പണം ലഭ്യമാക്കും.

ശ്രീ. അനിൽ അക്കര: സർ, അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറിൽ വലിയ കുറവ് വരികയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി എന്റെ ശ്രദ്ധയിൽപ്പെടുത്തുകയും എന്റെ പഞ്ചായത്തായതുകൊണ്ട് വളരെ ഗൗരവമായി ഞാൻ അതിൽ ഇടപെടുകയും പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ഉൾപ്പെടെ വിളിച്ച് ചേർക്കുകയുമുണ്ടായി. അതിനുശേഷം പട്ടികജാതി മേഖലയിലെ മുഴുവൻ പദ്ധതികളും വളരെ വേഗത്തിൽ പോവുകയുണ്ടായി. കഴിഞ്ഞ മാസം 25 ലക്ഷം രൂപയുടെ ബിൽ കൊടുത്തപ്പോൾ ഒരു ലക്ഷം രൂപ മാത്രമാണ് ട്രഷറിയിൽ ഉണ്ടായിരുന്നത്. ബാക്കി ബിൽ പെൻഡിംഗാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ ഒരു ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നത്.

ഡോ. ടി. എം. തോമസ് ഐസക്: അക്കാര്യം പരിശോധിക്കുന്നതാണ്. പുതിയ സമ്പ്രദായത്തിൽ പ്ലാൻ ഫണ്ട് എക്സ്പോസ്റ്റ് ചെയ്താൽ നിശ്ചയമായും തുക കൊടുക്കുമെന്നുള്ള കാര്യം സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

11.00 a.m.]

# IV. സബ്മിഷൻ

## (1) അക്ഷയ കേന്ദ്രങ്ങൾ

ശ്രീ. കെ. ആൻസലൻ: സർ, അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ അനുവദിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. 2002-ലാണ് അക്ഷയ കേന്ദ്രങ്ങളുടെ സേവനം സംസ്ഥാനത്ത് ആരംഭിച്ചത്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിലെ മാനദണ്ഡം ഗ്രാമപഞ്ചായത്തുകളിൽ നാല്, മുനിസിപ്പാലിറ്റികളിൽ ആറ്, കോർപ്പറേഷനുകളിൽ ജനസാന്ദ്രതയ്ക്ക് അനുസരിച്ചുമായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ 265 അക്ഷയ കേന്ദ്രങ്ങളാണുള്ളത്. 73 ഗ്രാമപഞ്ചായത്തുകൾക്ക് 292 എണ്ണവും മുനിസിപ്പാലിറ്റികൾക്ക് 24-ഉം കോർപ്പറേഷനുകൾക്ക് 30-ഉം ഉൾപ്പെടെ ആകെ 350-ഓളം അക്ഷയ കേന്ദ്രങ്ങൾ വേണ്ട സ്ഥാനത്ത് 265 എണ്ണമാണുള്ളത്. ഇന്ന് അക്ഷയ സെന്ററുകൾക്ക് ഏറെ സാധ്യതകളുണ്ട്. റവന്യൂ, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., വാട്ടർ അതോറിറ്റി, ഇ-ഗ്രാന്റ്, ജി.എസ്.ടി., പ്രവാസി, ആധാർ, ബാങ്കിംഗ് സേവനങ്ങൾ, മോട്ടോർ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി

തുടങ്ങി ധാരാളം മേഖലകൾ ഈ രംഗത്തേയ്ക്ക് കടന്നുവരികയാണ്. നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾ ജനങ്ങൾക്ക് പൂർണ്ണമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് അപര്യാപ്തമാണ്. അതുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ഈ ഘട്ടത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സാധാരണക്കാരന്റെ ആവശ്യങ്ങൾക്ക് പരിഹാരം കാണാനുതകുന്ന സംരംഭമാണ് അക്ഷയ സെന്ററുകൾ. നിലവിൽ 2654 കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. ഒരു ഗ്രാമപഞ്ചായത്തിൽ നാലും മുനിസിപ്പാലിറ്റിയിൽ ആറും അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാറുണ്ട്. കോർപ്പറേഷനുകളിൽ ജനസാന്ദ്രത അടിസ്ഥാനമാക്കിയും കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ അകലം വേണം. അക്ഷയ കേന്ദ്രം അനിവാര്യമാണെന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഇ-ഗവേണൻസ് സൊസൈറ്റി പരിശോധിച്ച് നൽകുന്ന ശിപാർശ പ്രകാരമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏകീകൃത ഫീസ് നിലവിലുണ്ട്. സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് അക്ഷയ കേന്ദ്രങ്ങളിൽ എഴുതി പ്രദർശിപ്പിക്കണമെന്നും ഈടാക്കുന്ന ഫീസിന് രസീത് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അവബോധം വളർത്തുന്നതിനായി ആവശ്യമായ പ്രചരണം നടത്തുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾക്കെതിരെയുള്ള പരാതി പരിശോധിക്കാൻ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പുതിയ പ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (2) വളർത്തുനായ്ക്കളുടെ കടിയേറ്റ് വീട്ടമ്മ മരിച്ച സംഭവം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലുണ്ടായ ഒരു ദാരുണമായ സംഭവമാണ് ഇവിടെ ഉന്നയിക്കുന്നത്. വൈത്തിരി പഞ്ചായത്തിലെ രാജമ്മ എന്ന വിധവയെ വളർത്തുനായ്ക്കൾ കടിച്ചുകൊല്ലുകയുണ്ടായി. അവർക്ക് നാല് മക്കളുണ്ട്, അതിൽ ബേബി എന്ന മകളുടെ വിവാഹം അടുത്തമാസം നിശ്ചയിച്ചിരിക്കുകയാണ്. റോട്ട്‌വീലർ എന്ന പേരിലറിയപ്പെടുന്ന അക്രമസ്വഭാവമുള്ള വളർത്തുനായ്ക്കളാണ് കടിച്ചുകൊന്നിരിക്കുന്നത്. ഇത്തരം നായ്ക്കളെ വളർത്തുന്നതിന് പല രാജ്യങ്ങളിലും വിലക്കുണ്ട്. ഇക്കാര്യങ്ങളിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയുമോ എന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. രാജമ്മയുടെ കുടുംബത്തെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ദാരുണമായ ഒരു സംഭവമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയത്. വയനാട് വൈത്തിരി ചാരിറ്റി അംബേദ്കർ കോളനിയിലെ തൊഴിലുറപ്പ് തൊഴിലാളി രാജമ്മ 5-2-2018-ന് രാവിലെ വിറക് ശേഖരിക്കാൻ പോകവേ കാരിക്കൽ ജോസ് എന്നയാളുടെ രണ്ട് വളർത്തുനായ്ക്കളുടെ ആക്രമണത്തിനിരയായി. വേട്ടപ്പട്ടിയുടെ സ്വഭാവമുള്ള നായയാണ് റോട്ട്‌വീലർ, അത് കടിച്ച് പരിക്കുപറ്റിയിട്ടുള്ള ഒട്ടേറെ ഗൃഹനാഥന്മാരുണ്ട്. ഈ ഇനത്തിലുള്ള നായയെ വളർത്തുന്നവർക്കുതന്നെ അതിന്റെ കടിയേറ്റ് വലിയ പരിക്കുകളുണ്ടായ പല സംഭവങ്ങളും നേരത്തെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണ്. പരിക്കേറ്റ രാജമ്മയെ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഉച്ചയോടുകൂടി മരണപ്പെട്ടു. സംഭവം നടന്നയുടൻ നായ്ക്കളുടെ ഉടമസ്ഥനെതിരെ മനഃപൂർവ്വമല്ലാത്ത നരഹത്യയ്ക്ക് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. സംഭവത്തിനുശേഷം ഒളിവിൽപോയ നായയുടെ ഉടമസ്ഥനെ കണ്ടെത്താൻ പോലീസ് അന്വേഷണം നടത്തിവരുന്നു. പിന്നീട് നടന്ന അന്വേഷണത്തിൽ വളർത്തുനായ്ക്കൾക്ക് നിയമപ്രകാരമുള്ള ലൈസൻസില്ലെന്നും നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. അന്വേഷണത്തിൽ വെളിവായ ഇത്തരം വസ്തുതകളുടെ അടിസ്ഥാനത്തിൽ കേസ്സിൽ നരഹത്യയ്ക്കുള്ള വകുപ്പുകൾ കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. നായ്ക്കളെ പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ വിശദമായ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള ഒരു നായതന്നെ വലിയ അപകടകാരിയാണ്. രണ്ട് നായ്ക്കളെയാണ് അദ്ദേഹം വളർത്തിയിരുന്നത്. അവ വഴിയിൽ വച്ചാണ് ഈ പാവപ്പെട്ട സ്ത്രീയെ കൊലപ്പെടുത്തുന്നത്. രാജമ്മയുടെ കുടുംബത്തിന് അടിയന്തര ധനസഹായമായി ജില്ലാ കളക്ടർ 5,000 രൂപ അനുവദിച്ചിരുന്നു. ഇതിനുപുറമേ അഞ്ചുലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. നായ്ക്കളെ വളർത്താൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് എടുത്താൽപ്പോലും നിലവിലുള്ള വ്യവസ്ഥപ്രകാരം പിഴ മാത്രമാണ് ശിക്ഷ. ഇത്തരം നായ്ക്കളെ വളർത്തുന്നത് തടയുന്ന തരത്തിലുള്ള സമഗ്രമായ നിയമനിർമ്മാണ സാധ്യതയെക്കുറിച്ച് ഗൗരവമായി പരിശോധിക്കുന്നതാണ്.

## (3) കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. വി. ജോയി: സർ, കയർ വ്യവസായവുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുമ്പെങ്ങുമില്ലാത്ത തരത്തിൽ കയർ വ്യവസായത്തെ അങ്ങ് സഹായിക്കുന്നുണ്ട്. ഒരു ലക്ഷത്തിലധികം തൊഴിലാളികളിൽ നാല്പതിനായിരം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. അവർക്ക് 300 രൂപ മാത്രമാണ് ഇന്ന് ശമ്പളമായി ലഭിക്കുന്നത്.

അതിൽ 110 രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റാണ്. ഇതിൽ വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് അങ്ങ് ദയവായി ആലോചിക്കണം. കേന്ദ്രസർക്കാർ റിബേറ്റ് സബ്സിഡിയും പെൻഷൻകാർക്ക് കൊടുക്കുന്ന കേന്ദ്രവിഹിതവും ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. അത് സംബന്ധിച്ചും ഒരു പരിശോധന ആവശ്യമാണ്. ഏറ്റവും ദയനീയമായ കാര്യം കയർസംഘം ജീവനക്കാരെ സംബന്ധിച്ചുള്ളതാണ്. കയർസംഘം ജീവനക്കാർക്ക് 5,000 രൂപ പ്രതിമാസ ശമ്പളം പറയുന്നുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളിലെ ജീവനക്കാർക്ക് ഒരു രൂപപോലും ലഭിക്കാത്ത സാഹചര്യമുണ്ട്. 2011-നുശേഷം കയർസംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി ലഭിക്കുന്നില്ല. അതിൽ സർക്കാരിന്റെ വിഹിതവും കിട്ടുന്നില്ല. പെൻഷനില്ലാത്ത ഏക വിഭാഗം കയർസംഘം ജീവനക്കാരാണ്. ഇത്തരം കാര്യങ്ങളിൽ അങ്ങ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കൂലി വർദ്ധനവിനെക്കുറിച്ച് ഇപ്പോൾ സർക്കാർ ചിന്തിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 300 രൂപ കൂലി കൊടുക്കുന്നതുതന്നെ താങ്ങാനുള്ള ശേഷിയില്ല, കാരണം 110 രൂപ സർക്കാരാണ് കൊടുക്കുന്നത്. കൂലി വർദ്ധിപ്പിക്കണമെങ്കിൽ സാങ്കേതികവിദ്യ മാറണം. സ്പിന്നിംഗ് മെഷീനിലേയ്ക്കും ഇലക്ട്രോണിക് റാട്ടിലേയ്ക്കും പോകണം. എങ്കിൽ മാത്രമേ കൂലി താങ്ങാൻ പറ്റുകയുള്ളൂ, അതാണ് നമ്മൾ ചെയ്യാനുദ്ദേശിക്കുന്നത്. രണ്ടാമത്തേത്, കേന്ദ്രസർക്കാർ റിബേറ്റൊക്കെ നിർത്തലാക്കി. പകുതി വിലയ്ക്കാണ് കയർ ഉല്പന്നങ്ങൾ വിൽക്കുന്നത്, 50% റിബേറ്റാണെന്ന് പറയാം. ജീവനക്കാരുടെ കാര്യം പറഞ്ഞത് വളരെ ശരിയാണ്. സംഘങ്ങളിൽ ഉല്പാദനം നടക്കുന്നില്ല, അതുകൊണ്ട് ജീവനക്കാർക്ക് ശമ്പളവും മറ്റ് കാര്യങ്ങളും ലഭിക്കുന്നില്ല. അതുകൊണ്ട് കഴിഞ്ഞ വർഷം മുതൽ മാനേജീരിയൽ സബ്സിഡിയായി മാസംതോറും 5,000 രൂപ നൽകുന്നുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള പണം ബജറ്റിൽ പറഞ്ഞിട്ടുണ്ട്. റിട്ടയർ ചെയ്തുപോകുന്നവർക്കായി സഹകരണ പെൻഷൻ ഫണ്ടിൽ 50,000 രൂപ നിക്ഷേപിച്ച്, അതിൽ നിന്നും ന്യായമായ പെൻഷൻ ലഭിക്കാനുള്ള ഏർപ്പാട് ഇത്തവണ ചെയ്തിട്ടുണ്ട്.

## (4) ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഏറ്റുമാനൂർ താലൂക്ക് പുനഃസ്ഥാപിക്കുക എന്നുള്ളത് ജനങ്ങളുടെ ദീർഘകാലമായിട്ടുള്ള ഒരു ആവശ്യമാണ്. ഏറ്റവും വലിയ താലൂക്കുകളിലൊന്നാണ് കോട്ടയം താലൂക്ക്. നിലവിൽ 26 വില്ലേജുകളാണ് കോട്ടയം താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ളത്, അതിൽ 16 പഞ്ചായത്തുകളും രണ്ട്

മുനിസിപ്പാലിറ്റികളും വരും. രാജഭരണകാലത്ത് ഏറ്റുമാനൂർ താലൂക്ക് നിലനിന്നിരുന്നു. ദിവാൻ ടി. രാഘവയ്യയുടെ കാലത്താണ് ഭരണച്ചെലവ് ചുരുക്കാനെന്ന പേരിൽ ഏറ്റുമാനൂർ താലൂക്ക് നിർത്തലാക്കിയത്. അതോടുകൂടി അന്നത്തെ ഏറ്റുമാനൂർ പഞ്ചായത്ത്, അതിരമ്പുഴ, നീണ്ടൂർ, കുമാരനെല്ലൂർ പഞ്ചായത്തുകൾ കോട്ടയം താലൂക്കിന്റെ പരിധിയിലായി. കാണക്കാരി, കിടങ്ങൂർ, കുറവിലങ്ങാട്, ഉഴവൂർ പഞ്ചായത്തുകൾ മീനച്ചിൽ താലൂക്കിലും മാഞ്ഞൂർ പഞ്ചായത്ത് വൈക്കം താലൂക്കിലുമാണ്. കാണക്കാരി പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുനിന്നും താലൂക്ക് ആസ്ഥാനത്തെത്തണമെങ്കിൽ ഏറ്റുമാനൂർ വഴിയാണ് യാത്ര ചെയ്യേണ്ടത്. അതുപോലെ കോടതി, സി.ഐ. ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് പോകണമെങ്കിലും പല സ്ഥലത്തുനിന്നും ഏറ്റുമാനൂർ വഴിയാണ് പോകേണ്ടത്. ഇക്കാര്യത്തെക്കുറിച്ച് പഠിക്കാൻ ബാബുപോൾ കമ്മീഷനെ ഗവൺമെന്റ് നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിൽ, കേരളത്തിൽ ഒരു താലൂക്ക് രൂപീകരിക്കുന്നുവെങ്കിൽ അത് ഏറ്റുമാനൂർ ആസ്ഥാനമായുള്ള താലൂക്കാകണമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിനുശേഷം പല താലൂക്കുകൾ രൂപീകരിച്ചെങ്കിലും ഏറ്റുമാനൂർ താലൂക്ക് മാത്രം രൂപീകരിക്കുന്നതിനുള്ള ഒരു ശ്രമവും ഗവൺമെന്റുകളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അതിന് പരിഹാരം കാണണം. ഏറ്റുമാനൂർ കേന്ദ്രമാക്കി താലൂക്ക് രൂപീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തിരുവിതാംകൂർ ഭരണകാലത്ത് നിലവിലുണ്ടായിരുന്ന ഏറ്റുമാനൂർ താലൂക്ക് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ശിപാർശകളും നിവേദനങ്ങളും കാലാകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. ഏറ്റുമാനൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനങ്ങളുടെ സൗകര്യങ്ങളും പരിഗണിച്ച് ഇനിപ്പറയുന്ന വില്ലേജുകൾ ഉൾപ്പെടുത്തി താലൂക്ക് രൂപീകരിക്കണമെന്ന കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. കോട്ടയം, വൈക്കം, മീനച്ചിൽ താലൂക്കുകളിൽപ്പെടുന്ന 11 വില്ലേജുകൾ- അർപ്പൂക്കര, ഏറ്റുമാനൂർ, അതിരമ്പുഴ, അയർക്കുന്നം, കൈപ്പുഴ, ഓണംതുരുത്ത്, പേരൂർ, കല്ലറ, കോതനല്ലൂർ, മാഞ്ഞൂർ, കാണക്കാരി എന്നിവയാണ്. 2011-ലെ സെൻസസ് അനുസരിച്ച് മേൽപ്പറഞ്ഞ വില്ലേജുകളിലെ ആകെ ജനസംഖ്യ ഏകദേശം മൂന്ന് ലക്ഷമാണ്. നിർദ്ദിഷ്ട താലൂക്കിന്റെ അതിർത്തികൾ ഇനിപ്പറയും പ്രകാരം നിർണ്ണയിക്കാവുന്നതാണ്. വടക്ക്-കുറവിലങ്ങാട്, ഇലയ്ക്കാട്; തെക്ക്-തിരുവാർപ്പ്, കുമരകം, കോട്ടയം; കിഴക്ക്-പൂവരണി, വെളിയന്നൂർ, മണർകാട്; പടിഞ്ഞാറ്- വെച്ചൂർ, തലയാഴം. പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച്

വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തീർച്ചയായും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കാം.

## (5) പട്ടയ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 1958-ൽ ഇ.എം.എസ്-ന്റെ ഭരണകാലത്ത് തോട്ടം തൊഴിലാളികൾക്കായി നീക്കിവച്ച സ്ഥലമാണ് കെ.ഡി.എച്ച്. വില്ലേജിലെ കുട്ടിയാർവാലി. 2010-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ 3400 പേർക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിരുന്നു. 770 പേർക്ക് ഭൂമി വിതരണത്തിനായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി. അവിടെ ചിലർ വീടുവച്ച് താമസിച്ചുവരികയാണ്. അതിനുശേഷം ഏഴുവർഷമായിട്ട് ഇതുവരെ മറ്റ് നടപടികളിലേയ്ക്ക് കടന്നില്ല. 2600-ൽപ്പരം തൊഴിലാളികൾക്ക് അഞ്ചുസെന്റ് ഭൂമിവീതം ഉടനടി വിതരണം ചെയ്യേണ്ട സാഹചര്യമുണ്ട്. ഭൂമി അളക്കുകയും തിട്ടപ്പെടുത്തുകയും കല്ലിടുകയും ചെയ്ത സാഹചര്യത്തിൽ എത്രയും വേഗം ഭൂമി നൽകിയാൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി പ്രകാരം അവർക്ക് വീടുവച്ച് നൽകാൻ സാധിക്കും. ആയതിനാൽ എത്രയും വേഗം കെ.ഡി.എച്ച്. വില്ലേജിലെ കുട്ടിയാർവാലിയിലെ തോട്ടം തൊഴിലാളികൾക്ക് അഞ്ച് സെന്റ് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട കുട്ടിയാർവാലി ഭാഗത്തെ ഭൂമി വിതരണം ചെയ്യുന്നതിന് 20-11-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നതും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ പത്ത് സെന്റ് വീതം 770 പേർക്കും രണ്ടാംഘട്ടത്തിൽ അഞ്ച് സെന്റ് വീതം 2300 പേർക്കും ഭൂമി അനുവദിച്ചിട്ടുള്ളതുമാണ്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ യഥാക്രമം 695-ഉം 1155-ഉം പേർക്ക് പട്ടയം നൽകിയിരുന്നതുമാണ്. പട്ടയവിതരണ നടപടികൾ നടന്നുവരുന്ന അവസരത്തിൽ പ്രസ്തുത പദ്ധതിയിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായി വ്യാപകമായ പത്രവാർത്തകളും ആക്ഷേപങ്ങളും ഉണ്ടായതിനെത്തുടർന്ന് ഭൂമി പതിച്ചുകിട്ടിയ കക്ഷികളുടെ വിശദവിവരങ്ങൾ അന്വേഷിക്കുന്നതിനും ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥ കക്ഷികൾ തന്നെയാണോയെന്നും പട്ടയത്തിലെ നിബന്ധനകളേതെങ്കിലും ലംഘിച്ചിട്ടുണ്ടോയെന്നും മറ്റുമുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിന് ദേവികുളം സബ് കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ

അന്വേഷണം നടക്കുന്ന കുട്ടിയാർവാലിയിൽ പട്ടയം അനുവദിക്കപ്പെട്ട നിരവധി ആളുകൾക്ക് പട്ടയ സ്ഥലം കണ്ടെത്തി നൽകുന്നതിനും പോക്കുവരവ് ചെയ്ത് കരമടച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. എന്നാൽ അന്വേഷണത്തിൽ പ്രസ്തുത ഭാഗത്ത് നിരവധി കയ്യേറ്റങ്ങൾ നടന്നുവരുന്നതും പ്രസ്തുത പട്ടയ സ്ഥലങ്ങൾ അനധികൃതമായി വിൽപ്പന നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസ്, മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസ് എന്നിവ മുഖാന്തരം പരിശോധന നടത്തിവരുകയാണ്. പ്രസ്തുത പരിശോധനകൾ പൂർത്തിയാകുന്നമുറയ്ക്ക് ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. അടിയന്തരമായി പരിശോധന പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ദേവികുളം സബ്കളക്ടർക്ക് നൽകിയിട്ടുണ്ട്.

## (6) കോതമംഗലത്തെ റീസർവ്വേ നടപടികൾ

ശ്രീ. ആന്റണി ജോൺ: സർ, കോതമംഗലം താലൂക്കിൽ റീസർവ്വേ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1972 ഏപ്രിൽ 1-നാണ് കോതമംഗലം താലൂക്ക് രൂപീകൃതമായത്. അന്ന് മൂവാറ്റുപുഴയുടെയും തൊടുപുഴയുടെയും കുറേ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് താലൂക്ക് രൂപീകരിച്ചത്. എന്നാൽ 1930-ൽ നടത്തിയ സർവ്വേ റെക്കോർഡുകളാണ് റവന്യൂ ഓഫീസിൽ നിലവിലുള്ളത്. അതിനുശേഷം ഈ താലൂക്കിൽ നിരവധി റോഡുകളും ഭൂമിശാസ്ത്രപരമായി ധാരാളം മാറ്റങ്ങളും വന്നിട്ടുണ്ട്. മുപ്പതുകളിൽ തയ്യാറാക്കിയിട്ടുള്ള സർവ്വേ റെക്കോർഡുകൾ തന്നെ പല റവന്യൂ ഓഫീസുകളിലും കൃത്യമായി ലഭ്യമല്ലാത്ത അവസ്ഥയും നിലവിലുണ്ട്. സർവ്വേ റെക്കോർഡുകൾ കൃത്യമായി പുതുക്കാത്തതുകൊണ്ട് ആയിരക്കണക്കിന് പട്ടയ അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതോടൊപ്പം സർക്കാർ ആവശ്യങ്ങൾക്കുപോലും ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുകയാണ്. കോതമംഗലം താലൂക്കിൽപ്പെട്ട, മുൻപ് ഇടുക്കി ജില്ലയോട് ചേർന്നിരുന്ന, കുട്ടമ്പുഴ വില്ലേജിലെ സർവ്വേ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തികൊണ്ട് അടിയന്തരമായി കോതമംഗലം താലൂക്കിൽ റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എറണാകുളം ജില്ലയിൽ ആകെയുള്ള 127 വില്ലേജുകളിൽ 74 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. 53 വില്ലേജുകളിൽ റീസർവ്വേ ശേഷിക്കുന്നുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിന്റെ റീസർവ്വേ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. നിലവിൽ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി സൗത്ത് വില്ലേജിന്റെ റീസർവ്വേ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൂടുതൽ വില്ലേജുകളുടെ റീസർവ്വേ ആരംഭിക്കുന്നതിന് ജില്ലയിൽ ജീവനക്കാരുടെ അപര്യാപ്തതയുണ്ട്. സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകൃത ഏജൻസികൾ മുഖേന സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. റീസർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് പട്ടയ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

## (7) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ

ശ്രീ. കെ. ബാബു: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഡാമുകൾ സ്ഥിതി ചെയ്യുന്ന മണ്ഡലമാണ് എന്റെ നിയോജകമണ്ഡലമായ നെന്മാറ. നിലവിൽ ആറ് ഡാമുകളുണ്ടെങ്കിലും കുടിവെള്ളത്തിനുവേണ്ടി ടാങ്കർ ലോറിയെ കാത്തിരിക്കുന്ന സാധാരണ ജനങ്ങളേയും രണ്ടാംവിള ഉപേക്ഷിച്ചും ഇറക്കിയ വിളനഷ്ടംകൊണ്ട് കഷ്ടത അനുഭവിക്കുന്ന കർഷകരുടെ കണ്ണുനീരുമാണ് ഇപ്പോൾ അവിടെ കാണാൻ കഴിയുന്നത്. പറമ്പികുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട മൂന്ന് ഡാമുകൾ സ്ഥിതി ചെയ്യുന്നതും എന്റെ പ്രദേശത്താണ്. കരാർ പ്രകാരമുള്ള വെള്ളത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് കരാറിനെ ആശ്രയിക്കുന്ന മീങ്കര ഡാം ഇന്നുവരെ നിറയ്ക്കാനായിട്ടില്ല. അതിനെ ആശ്രയിച്ച് കൃഷി ചെയ്യുന്ന 3034 ഹെക്ടർ കൃഷിയിടവും നാല് പഞ്ചായത്തുകളിലെ കുടിവെള്ളവിതരണവും ഏറെ പ്രയാസത്തിലാണ്. ഇതിന് തൊട്ടടുത്തുള്ള ചുള്ളിയാർ ഡാം, മീങ്കര ലിങ്ക് കനാൽവഴി പലകപാണ്ടി പദ്ധതിയിലൂടെയും സ്വാഭാവിക ജലസ്രോതസ് ഉപയോഗിച്ചുമാണ് നിറയ്ക്കുന്നത്. വർഷങ്ങളായി ചുള്ളിയാർ ഡാമിലും വെള്ളം നിറയ്ക്കാൻ കഴിയുന്നില്ല. അതിന്റെ ഭാഗമായി 2430 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യാതെ കർഷകർ ആശങ്കയിലാണ്. പണ്ട് ചർച്ച ചെയ്ത് ഉപേക്ഷിച്ച കുരിയാർകുറ്റി പദ്ധതിയും ഈ പ്രദേശത്താണ്. നിലവിലുള്ള ഡാമുകളിലെ ചെളി നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കണം. നിലവിൽ മഴ ലഭിക്കുമ്പോൾ പശ്ചിമഘട്ട മലനിരയിലെ പ്രധാന നീരൊഴുക്കായ സീതാർകുണ്ടിലെ വെള്ളം പലകപാണ്ടി വഴി ചുള്ളിയാർ, മീങ്കര ഡാമുകളിലെത്തിക്കണം. അതുപോലെ കുരിയാർകുറ്റി പുഴയിൽ തടയണ നിർമ്മിക്കണം. നെല്ലിയാമ്പതിയിലെ നീരൊഴുക്ക് തിരിച്ച് പോത്തുണ്ടി ഡാമിലെ

നിലവിലുള്ള കനാൽ വഴി ചുള്ളിയാർ ഡാമിലെത്തിക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേതൃത്വം നൽകി അടിയന്തരമായി ഉന്നതതലയോഗം വിളിച്ച് നെന്മാറ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കംചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുകയും അതിനുള്ള നടപടി കൈക്കൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ അടിസ്ഥാനപ്പെടുത്തി പൈലറ്റ് പ്രോജക്ടുകളായി മംഗലം, ചുള്ളിയാർ ഡാമുകൾ തെരഞ്ഞെടുത്തുകൊണ്ട് അവിടെ സാമ്പിൾ പഠനം നടത്താനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. നെന്മാറ നിയോജകമണ്ഡലത്തിലെ ഡാമുകളിൽ പോത്തുണ്ടി ഡാമിന്റെ മൊത്തം സംഭരണശേഷി 50.914 മില്യൺ $m^3$ ആണ്. കേരള എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി-യുടെ 2009-ലെ പഠന റിപ്പോർട്ട് പ്രകാരം ഡാമിൽ വർഷംതോറും 0.05 മില്യൺ $m^3$ മണ്ണ് അടിയുന്നുണ്ട്. 38 വർഷംകൊണ്ട് 1.81 മില്യൺ $m^3$ മണ്ണ് റിസർവോയറിന്റെ 2.12 ചതുരശ്ര കിലോമീറ്ററിൽ അടിഞ്ഞിരിക്കുന്നതായാണ് കണക്കാക്കിയിരിക്കുന്നത്. മണ്ണ് ഊറ്റിയെടുക്കുന്നത് പ്രായോഗികമല്ലെന്നാണ് പഠന സംഘം അറിയിച്ചിട്ടുള്ളത്. എന്നാൽ രണ്ട് മാസംമുമ്പ് വീണ്ടും ഒരു പഠനം നടത്താൻ നിർദ്ദേശിച്ചിരുന്നു. ആ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഗോവിന്ദപുരം പുഴ, പാപ്പാത്തി പുഴ എന്നിവയാണ് മീങ്കര ഡാമിലെ സ്വാഭാവിക ജലസ്രോതസ്സുകൾ. ഇവയിലെ നീരൊഴുക്ക് കുറഞ്ഞുവരുന്നത് ഡാമിലെ ജലസംഭരണത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഡാമിന്റെ മൊത്തം സംഭരണശേഷി 13.33 മില്യൺ $m^3$ ആയിരുന്നു. ഡാമിൽ ചെളിയും മണലും അടിഞ്ഞതുമൂലം 1.45 ദശലക്ഷം ഘനമീറ്റർ വ്യാപ്തി നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. മണലും ചെളിയും നീക്കംചെയ്യാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ പൈലറ്റ് പദ്ധതിയായി മംഗലം-ചുള്ളിയാർ ഡാമുകൾ തെരഞ്ഞെടുത്ത് മണലും ചെളിയും നീക്കംചെയ്യുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി മീങ്കര ഡാമിന്റെയും പൂർണ്ണ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചുള്ളിയാർ ഡാമിനെ സംബന്ധിച്ച്, മഴയുടെ അളവിൽ കുറവു വന്നത് നിമിത്തം കഴിഞ്ഞ കുറേ വർഷങ്ങളായി ഡാം പൂർണ്ണ സംഭരണശേഷിയിലെത്തിയിട്ടില്ല. ഡാമിന്റെ ആദ്യകാല സംഭരണശേഷി

13.7 മില്യൺ $m^3$ ആയിരുന്നു. ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നിമിത്തം 0.5 ദശലക്ഷം ഘനമീറ്റർ വ്യാപ്തി നഷ്ടമായിട്ടുണ്ട്. ഇത് നീക്കം ചെയ്ത് ഡാമിന്റെ പൂർണ്ണ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. പ്രധാനമായും ആദ്യഘട്ടത്തിൽ എത്രമാത്രം ചെളിയും മണലുമുണ്ടെന്നുള്ളതിനെ കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ സീതാർകുണ്ട് വെള്ളച്ചാട്ടത്തിൽ ലഭിക്കുന്ന വെള്ളം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പഠനവിധേയമാക്കിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജയലാൽ സബ്മിഷൻ ഉന്നയിക്കുന്നതിനുമുമ്പ് ചെയറിന് ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 304 (1) പ്രകാരം "ക്രമപ്രശ്നമല്ലാത്ത ഏതെങ്കിലും സംഗതി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ ഒന്നിൽക്കൂടുതൽ പ്രശ്നം ഉന്നയിക്കാൻ പാടില്ലാത്തതാണ്" എന്ന് നിഷ്കർഷിക്കുന്നുണ്ട്. ശ്രീ. ജയലാൽ നൽകിയ സബ്മിഷൻ നോട്ടീസിനോടൊപ്പം വിശദമായ വിശദീകരണക്കുറിപ്പാണ് നൽകിയിരിക്കുന്നത്. മാത്രമല്ല വിവിധ പ്രശ്നങ്ങൾ അതിൽ ഉന്നയിച്ചിട്ടുമുണ്ട്. 26 സബ്മിഷനുകൾ ഇന്ന് അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം വിശദമായി ഉന്നയിക്കുമ്പോൾ അതിന് മറുപടി നൽകുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് കൂടുതൽ സമയം വേണ്ടിവരും. ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അവസരം ലഭിക്കുന്നതിന്, ഇന്ന് കൂടുതൽ സബ്മിഷൻ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, കൂടുതൽ സമയം ഒരു സബ്മിഷന് അനുവദിക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് സബ്മിഷന്റെ മറുപടി ചുരുക്കം വാക്കുകളിൽ പറയാവുന്നതും വിശദമായ മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകുന്നതുമാണ്. രണ്ട് മിനിട്ടുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കണമെന്ന് ശ്രീ. ജി. എസ്. ജയലാലിനോട് അഭ്യർത്ഥിക്കുകയാണ്.

## (8) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളം നേരിടാൻ പോകുന്ന അതിരൂക്ഷമായ വരൾച്ചയുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങളാണ് സബ്മിഷനിലൂടെ ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. വിദഗ്ദ്ധമായ ആസൂത്രണത്തിലൂടെ വേണം വരൾച്ചയെ നേരിടേണ്ടത്. അതിന് ജലവിഭവ വകുപ്പിനെ സുസജ്ജമാക്കിക്കൊണ്ട് നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പൂർത്തിയാക്കാനുള്ള കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്യണം. ചില സ്ഥലങ്ങളിൽ കരാറുകാരുടെ സമരംമൂലം പമ്പുഹൗസിന്റെയും മെക്കാനിക്കൽ വിഭാഗത്തിന്റെയുമൊക്കെ പണി സമയത്ത് നടക്കാത്തതുകൊണ്ട് നിലവിലുള്ള പദ്ധതികൾ യഥാസമയം പ്രവർത്തന

ക്ഷമമാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതുപോലെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ഡ്രെയിനേജ് പ്ലാന്റടക്കമുള്ള സ്ഥലങ്ങളിലും ജീവനക്കാരുടെ കുറവുമൂലം രാപ്പകൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഓവർടൈം അലവൻസ് നിഷേധിക്കുന്ന വിഷയവും ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട വിഷയവുമുണ്ട്. മീറ്റർ റീഡർ, മീറ്റർ ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളില്ലാത്തതും റവന്യൂ വരുമാനം കുറയുന്നത് സംബന്ധിച്ചും പറയുന്നുണ്ട്. അതുപോലെ ബോർഡിൽ അക്കൗണ്ട്സ് നമ്പർ ഇല്ലാത്തതുകൊണ്ട് നമുക്ക് സാമ്പത്തിക വിഭാഗത്തിന്റെ ചുമതലക്കാരില്ലാത്ത അവസ്ഥയെ സംബന്ധിച്ചും സൂചിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം വരൾച്ചയെ നേരിടാൻ വാട്ടർ അതോറിറ്റി സജ്ജമാക്കേണ്ട വിഷയങ്ങളാണ്. ടെക്നിക്കൽ സബ്റൂൾ ഉത്തരവാകാത്തതുകൊണ്ട് ജീവനക്കാരുടെ ഇടയിലുള്ള അസംതൃപ്തിയെക്കുറിച്ചും നോൺ-പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നും ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലമായ ചാത്തന്നൂരിൽ മീനാട് ശുദ്ധജല പദ്ധതി പത്തുമുപ്പത് വർഷമായി ആരംഭിച്ചിട്ടും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ നിരവധി പദ്ധതികൾ കേരളത്തിലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതിനൊക്കെ ഒരു മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്ന ഉദ്യോഗസ്ഥരോട് വേഗത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരൾച്ചയെ നേരിടാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. വരൾച്ചയാണ് ഈ സബ്മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, കാലവർഷ ങ്ങളിലുണ്ടായ ഗണ്യമായകുറവ് പരിഗണിച്ചുകൊണ്ട് ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയെ നേരിടുന്നത് സംബന്ധിച്ച് 16-8-2017-ൽത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം നടക്കുകയുണ്ടായി. അതിനുശേഷം 10-1-2018-ൽ മുൻകരുതൽ നടപടി ചർച്ച ചെയ്യാൻ ജലസേചന വകുപ്പും വാട്ടർ അതോറിറ്റിയും ഭൂജല വകുപ്പും ജലനിധി ഉദ്യോഗസ്ഥരുമായി അവലോകനം നടത്തി ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പാക്കാനുള്ള താൽക്കാലിക തടയണ നിർമ്മിക്കുന്നതടക്കം കുറെ തീരുമാനങ്ങളെടുത്തിട്ടുണ്ട്. ശുദ്ധീകരണശാല കളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കാനാവശ്യമായ പ്രവൃത്തികൾ തുടങ്ങിയ കാര്യങ്ങളുടെ വിശദമായ മറുപടി ചെയർ നിർദ്ദേശിച്ചതു പോലെ മേശപ്പുറത്തുവയ്ക്കുകയാണ്. ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ ശ്രദ്ധ ക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ സൂചിപ്പിച്ചു. പ്രധാനമായും ചില സ്ഥലങ്ങളിൽ താൽക്കാലിക ജീവനക്കാർ സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന,

കെ.എസ്.ആർ. അനുവദിക്കുന്ന ആനുകൂല്യങ്ങളോടൊപ്പം ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങളുംകൂടി ഒരുമിച്ച് കൈപ്പറ്റുന്നത് പ്രായോഗികമല്ല. ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ കെ.എസ്.ആർ. പ്രകാരമുള്ള ആനുകൂല്യങ്ങൾ വേണ്ടെന്നുവയ്ക്കണം. ഇതാണ് അവിടെയുള്ള പ്രശ്നം. അതുസംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. മീനാട് പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ മെല്ലെപ്പോക്കിനെക്കാൾ പ്രധാന പ്രശ്നം അവിടെ കരാറുകാർ പണി ഉപേക്ഷിച്ചു പോയി എന്നുള്ളതാണ്. ശേഷിക്കുന്ന പണികളെ സംബന്ധിച്ച് റീ-ടെണ്ടർ ചെയ്തിരുന്നു. രണ്ട് തവണ റീ-ടെണ്ടർ ചെയ്തിട്ടും പണി ഏറ്റെടുത്തിരുന്നില്ല. ഇപ്പോൾ 12-3-2018-ൽ അവസാനിക്കുന്ന ദിവസമായി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഉറപ്പിക്കുന്നമുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കാനും അതിനുശേഷം കമ്മിഷൻ ചെയ്യാനും 12 മുതൽ 18 മാസംവരെ വേണ്ടിവരുമെന്ന് കണക്കാക്കുന്നുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (9) ബേപ്പൂർ തുറമുഖ വികസനം

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ബേപ്പൂർ തുറമുഖം വളരെ പ്രസിദ്ധമായൊരു തുറമുഖമാണ്. പക്ഷെ ഇന്ന് ഈ തുറമുഖം വലിയ അവഗണന നേരിടുകയാണ്. അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. കപ്പൽച്ചാൽ ആഴംകൂട്ടണമെന്നതാണ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം. അത് വളരെക്കാലമായ ഒരു ആവശ്യമാണ്. ഇതുവരെ കപ്പൽച്ചാൽ ആഴംകൂട്ടുന്ന നടപടിയിലേയ്ക്ക് പോയിട്ടില്ല. പലപ്പോഴും ടെണ്ടർ കൊടുക്കുകയും പണിയെടുക്കുകയുമൊക്കെ ചെയ്തിട്ടുണ്ടെങ്കിലും കപ്പൽച്ചാൽ ഇതുവരെ ആഴംകൂടിയിട്ടില്ല. ഇപ്പോൾ അവിടെ അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്ന പ്രവർത്തനം മാത്രമേ നടക്കുന്നുള്ളൂ. അതുകൊണ്ട് അടിയന്തരമായി കപ്പൽച്ചാലിന്റെ ആഴം കൂട്ടണം. ആറ് മീറ്ററെങ്കിലും ആഴംകൂട്ടിയാൽ മാത്രമേ അവിടെ കപ്പൽ അടുപ്പിക്കാൻ സാധിക്കുകയുള്ളൂ. അവിടത്തെ ക്രെയിനുകളൊന്നും പ്രവർത്തനക്ഷമമല്ല. എല്ലാം പഴയ തുരുമ്പിച്ച ക്രെയിനുകളാണ്. ആവശ്യമായ പുതിയ ക്രെയിനുകൾ അടിയന്തരമായി വാങ്ങേണ്ടതുണ്ട്. അതുപോലെ വാർഫ് നീളം കൂട്ടുന്നതുൾപ്പെടെ ഹാർബറിന്റെ നവീകരണത്തിനാവശ്യമായിട്ടുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗോഡൗൺ ഫെസിലിറ്റിയോ, ദ്വീപിലേയ്ക്കുള്ള യാത്രക്കാർക്ക് മാന്യമായി ഇരിക്കാനുള്ള സൗകര്യമോ, ടോയ്‌ലെറ്റോ ഒന്നുംതന്നെയില്ല. വളരെ മോശമായ ഒരവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. അതൊക്കെ സൗകര്യപ്രദമാക്കാൻ ആവശ്യമായിട്ടുള്ള നടപടികളുണ്ടാകണം. അവിടെയുള്ള തൊഴിലാളികൾ വലിയ

---

* അനുബന്ധമായി വച്ചിട്ടുണ്ട്.

അവഗണനയാണ് നേരിടുന്നത്. ബേപ്പൂർ തുറമുഖം നവീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. അവിടെ താൽക്കാലികമായി വേണ്ട കാര്യങ്ങൾ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ബേപ്പൂർ തുറമുഖത്തിൽ അടിഞ്ഞുകൂടിയ ഏതാണ്ട് 12000 ക്യുബിക് മീറ്റർ മണ്ണ് മാറ്റുന്നതിനായി 42 ലക്ഷം രൂപയുടെ പ്രോജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തുറമുഖത്തെ ഹാർഡ് ലാറ്ററൈറ്റ് നീക്കുന്നതിന് 2.5 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയത് അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി തുറമുഖത്തിന്റെ ആഴം ആറ് മീറ്ററായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കിറ്റ്കോ-യെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയനുസരിച്ചുള്ള സഹായം ഈ പ്രോജക്ടിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി 310.7 ലക്ഷം രൂപ ചെലവിൽ 450 എച്ച്.പി. ശേഷിയുള്ള ടഗ്ഗ് വാങ്ങുന്നതിനും 14 ടണ്ണും 3 ടണ്ണും ശേഷിയുള്ള രണ്ട് ഫോർക്ക് ലിഫ്റ്റുകൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. തുറമുഖ സുരക്ഷയ്ക്കായി ഐ.എസ്.പി.എസ്. കോഡ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ ഗേറ്റ് ഹൗസ് നിർമ്മിക്കുന്നതിനും അനുമതിയായിട്ടുണ്ട്. നിലവിലുള്ള വാർഫിന്റെ സൗകര്യങ്ങൾ പരിമിതമായതിനാൽ പുതുതായി 200 മീറ്റർ നീളമുള്ള ഒരു വാർഫ് നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിലവിലുള്ള പാസഞ്ചർ ടെർമിനലിന് കാലപ്പഴക്കമേറിയതിനാൽ പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തുറമുഖത്തെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് 23 ലക്ഷം രൂപയുടെയും ടോയ്‌ലെറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 31 ലക്ഷം രൂപയുടെയും പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തുറമുഖത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി 3.6 ഏക്കർ കോവിലകം ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിവരുന്നു. ലക്ഷദ്വീപ് ഭരണകൂടത്തിന് പാട്ടത്തിനനുവദിച്ച ഭൂമി അവർ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. മറ്റ് നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളൊക്കെ അടിയന്തര പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നതാണ്.

## (10) പുളിക്കൽ സബ്ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ മിക്ക താലൂക്കുകളിലും രണ്ട് സബ്ട്രഷറികളെങ്കിലുമുണ്ട്. കൊണ്ടോട്ടി താലൂക്കിന്റെ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സബ്ട്രഷറിയാണ് കൊണ്ടോട്ടി സബ്ട്രഷറി. ഇവിടെ ജോലിഭാരം കൂടുതലാണ്, എന്നാൽ അതിനനുസരിച്ചുള്ള ജീവനക്കാരില്ല. ആകെ 12 ജീവനക്കാരാണുള്ളത്. ആറ് അക്കൗണ്ടന്റുമാരും ഒരു ജൂനിയർ സൂപ്രണ്ടും ട്രഷററും രണ്ട് അറ്റൻഡർമാരും ഒരു പി.ടി.സി.-യും അടക്കമുള്ള 12 പേരിൽ രണ്ടുപേർ മൂകരും അന്ധരുമാണ്. മറ്റൊരാൾ ഭാഗികമായി അന്ധനാണ്. പത്ത് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും 12 വില്ലേജുകളും ഉൾക്കൊള്ളുന്ന ഈ സബ്ട്രഷറിയിൽ കോഴിക്കോട് ജില്ലയിലെ അതിർത്തി പ്രദേശമായ ഫറൂഖ് കോളേജിന്റെ ഭാഗത്തുനിന്നുള്ളവർക്ക് 30 കിലോ മീറ്ററോളം യാത്രചെയ്യുവേണം ഇവിടെ എത്താൻ. ഈ സബ്ട്രഷറിയെ ആശ്രയിക്കുന്ന 237 സ്ഥാപനങ്ങളുണ്ട്. മാസത്തിൽ ഏകദേശം മൂവായിരത്തോളം പെൻഷനേഴ്സും 2851 സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകാരും 900 സ്ഥിര നിക്ഷേപകരുമുണ്ട്. 2500 ചെല്ലാനുകളും 1600 ബില്ലുകളും 2500 ചെക്കുകളും ഈ ട്രഷറിയിൽ വരുന്നുണ്ട്. നാല് സ്റ്റാമ്പ് വെണ്ടർമാർ അവിടെയുണ്ട്. ജോലിഭാരവും ജീവനക്കാരുടെ കുറവും കാരണം വീർപ്പുമുട്ടുകയാണ്. അതുകൊണ്ട് ഈ സബ്ട്രഷറി വിഭജിച്ച് പുളിക്കൽ, ചെറുകാവ്, വാണിയൂർ, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പുളിക്കൽ ആസ്ഥാനമായി ഒരു സബ്ട്രഷറി രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി . എം. തോമസ് ഐസക്): സർ, ട്രഷറി വകുപ്പിന്റെ മുമ്പിൽ പുതിയ ട്രഷറികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. ഇപ്പോൾ നടന്നുവരുന്ന ആധുനികവത്കരണം സമ്പൂർണ്ണമായശേഷം വർക്ക് സ്റ്റഡി നടത്തി മാത്രമേ പുതിയ കാര്യങ്ങൾ ചെയ്യൂ. അങ്ങ് പറഞ്ഞ ജീവനക്കാരുടെ അപര്യാപ്തത, ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാം. ഇപ്പോൾ ട്രഷറിയിൽ വരാതെതന്നെ ഏത് ബാങ്കുവഴിയും ഇടപാട് നടത്താൻ കഴിയുന്ന രീതിയിലേയ്ക്ക് ട്രഷറി മാറാൻ പോവുകയാണ്. അങ്ങനെവരുമ്പോൾ എല്ലാ സ്ഥലത്തും ട്രഷറി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ? ഒരു പഠനം നടത്തിയതിനുശേഷം ചെയ്യാമെന്നാണ് കരുതുന്നത്.

## (11) സിദ്ധ വിഭാഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ തനത് ചികിത്സാ ശാസ്ത്രമായ സിദ്ധ ചികിത്സ പകർച്ചവ്യാധി പ്രതിരോധത്തിന് ഉൾപ്പെടെ മാരകരോഗങ്ങളിൽ

നിന്ന് രക്ഷപ്പെടാൻ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 1964-ലാണ് കേരളത്തിലെ ആദ്യത്തെ സിദ്ധ ആശുപത്രി തിരുവനന്തപുരത്ത് വള്ളക്കടവിൽ ആരംഭിച്ചത്. നാളിതുവരെ ആറ് ജില്ലകളിലായി ആകെ എട്ട് ഡിസ്പെൻസറി കളാണുള്ളത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. പാലക്കാട് ജില്ലയിൽ 1986-ലാണ് അവസാനത്തെ സിദ്ധ ആശുപത്രി ആരംഭിച്ചത്. ഈ മേഖലയിൽ ഇതുവരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഇക്കഴിഞ്ഞ മഴക്കാലത്ത് പല കമ്മ്യൂണിക്കബിൾ ഡിസീസും ഡെങ്കിപ്പനി പോലുള്ള പകർച്ചവ്യാധികളും കേരളത്തിലുൾപ്പെടെ പടർന്നുപിടിച്ചു. സിദ്ധ ചികിത്സകൊണ്ട് ഇത്തരം കമ്മ്യൂണിക്കബിൾ ഡിസീസിനെ തടയാൻ സാധിക്കുമെന്നാണ് അറിയുന്നത്. ഭാരതീയ തനത് ശാസ്ത്രമായ മെഡിക്കൽ സയൻസിനെ പ്രോത്സാഹിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ? ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ വിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ നിലവിൽ ഒരു സിദ്ധ ആശുപത്രിയും എട്ട് സിദ്ധ ഡിസ്പെൻസറികളും ആറ് ജില്ലകളിലായി പ്രവർത്തിച്ചു വരികയാണ്. നിലവിൽ സിദ്ധ സ്ഥാപനങ്ങളില്ലാത്ത പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ ഓരോ ആയുർവേദ ആശുപത്രികളുമായി ചേർന്നുകൊണ്ട് 2016-17-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി താൽക്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിലും ഈ പദ്ധതി ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലെയും ഒരു ആയുർവേദ ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സിദ്ധ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി യൂണിറ്റുകൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനായി 2018-19-ലെ ബജറ്റ് ശിപാർശയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും സിദ്ധ യൂണിറ്റ് വരുമെന്ന് ഉറപ്പിച്ചുപറയാം. പകർച്ചവ്യാധി മുതൽ മാരകരോഗങ്ങൾ വരെ തടയുന്നതിനായി നാഷണൽ ആയുഷ് മിഷന്റെ കീഴിൽ എൻ.എച്ച്.എം.ന്റെ 28 സിദ്ധ ഡിസ്പെൻസറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിലും പുതിയതായി സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. മിക്കവാറും അത് സ്ഥാപിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ

പറഞ്ഞതുപോലെ, സിദ്ധ സംവിധാനം കേരളത്തിൽ കൂടുതൽ വ്യാപിപ്പിക്കണമെന്ന് സർക്കാരിന് താല്പര്യമുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഘട്ടംഘട്ടമായി സിദ്ധ സംവിധാനം വ്യാപിപ്പിക്കാൻ സാധിക്കും.

## (12) വെളിച്ചെണ്ണയിൽ മായംകലർത്തൽ

ശ്രീ. പി. ടി. തോമസ്: സർ, മലയാളികളുടെ ഭക്ഷണത്തിലെ അനിവാര്യ ഘടകമായ വെളിച്ചെണ്ണയിൽ വ്യാപകമായി മായംചേർക്കുന്നതുമൂലം ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ എണ്ണയും ദുരുപയോഗപ്പെടുത്തുന്നുണ്ട്. അടുത്തകാലത്ത് ശ്രീമതി അനുപമ ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ഗ്രീൻ കേരള, കേരള എ 1, കേരള സൂപ്പർ, കേരള ഡ്രോപ്സ്, ബ്ലെയ്സ്, പുലരി, കൊക്കോ സുധം, കല്ലട പ്രിയം, കേരളശ്രീ, കർഷകശ്രീ എന്നീ ബ്രാന്റുകളിൽ മായംകലർന്നതായി കണ്ടെത്തുകയുണ്ടായി. എന്നാൽ ഈ കമ്പനികൾ പേരുമാറ്റി മായംകലർന്ന എണ്ണ വിപണിയിൽ ഉടൻതന്നെ വീണ്ടും എത്തിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ശക്തമായ നടപടിയെടുത്ത ശ്രീമതി അനുപമ ഐ.എ.എസ്.-നെ സർക്കാർ സ്ഥലംമാറ്റി. ഒരു കിലോ യഥാർത്ഥ വെളിച്ചെണ്ണയിൽ 15-20 രൂപ ലാഭം കിട്ടുമെങ്കിൽ മായംചേർത്ത ഒരു കിലോ എണ്ണയ്ക്ക് 100 രൂപ വരെ ലാഭം കിട്ടുന്നുണ്ട്. വ്യക്തമായ രജിസ്ട്രേഷനോ പരിശോധനയോ ഈ മേഖലയിലില്ല. മായംചേർത്ത എണ്ണ പിടിച്ചാൽത്തന്നെ കാര്യമായ ശിക്ഷാനടപടികൾ ഉണ്ടാകാത്തതിനാൽ വീണ്ടും മായംചേർത്ത് വിപണിയിൽ എത്തിക്കുകയാണ് ചെയ്യുന്നത്. മൂന്നുതരം മായംചേർക്കലാണ് നിലവിലുള്ളത്. Adulteration with same oil but different grade, Adulteration with other oil of vegetable origin, Adulteration with other oil of chemical origin. അയഡിൻ വാല്യൂ 12-ൽ താഴെയുള്ള വെളിച്ചെണ്ണയാണ് സുരക്ഷിതമായി ഉപയോഗിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പാരഫിൻ വാക്സ് ചേർത്ത് അയഡിൻ വാല്യൂ നിലനിർത്തി മായം ചേർക്കുന്നവർ രക്ഷപ്പെടുകയാണ്. പെട്രോളിയം ഉത്പന്നങ്ങളും കരിഓയിൽ ശുദ്ധീകരിച്ചും വെളിച്ചെണ്ണയിൽ ചേർക്കുന്നു. മായം കണ്ടുപിടിക്കാനുള്ള മാർഗ്ഗം വളരെ പരിമിതമാണ്. കേന്ദ്രസർക്കാർ ഇതിനായി ഇന്ത്യൻ സ്റ്റാന്റേർഡ് നിശ്ചയിച്ചുള്ള അന്താരാഷ്ട്ര നിയമത്തിനനുസൃതമായ നിയമനിർമ്മാണം നടത്താൻ തയ്യാറായിട്ടില്ല. കാരണം, വെളിച്ചെണ്ണ കൂടുതൽ ഉപയോഗിക്കുന്നത് കേരളത്തിലായതുകൊണ്ട് ദേശീയാടിസ്ഥാനത്തിൽ നിയമം ഉണ്ടായിട്ടില്ല. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. 'The Codex Alimentarius Commission' (CAC) എന്നത് ഫുഡ് സ്റ്റാന്റേർഡിന്റെ ലോക ബൈബിളാണ്. ആ നിയമം നമ്മുടെ

നാട്ടിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് ഇക്കാര്യത്തിൽ കുറേ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അവരുടെ ഡേറ്റാ കളക്ഷൻ സിസ്റ്റം മോശപ്പെട്ടതാണ്. ടെസ്റ്റ് നടത്താൻ പുതിയ ലാബുകൾ ധാരാളമായി ആരംഭിക്കണം. D-level licence, processor licence, manufacturer licence തുടങ്ങിയവ ഈ രംഗത്ത് ശക്തമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ തലമുറ അഭിമുഖീകരിക്കുന്ന ഏറ്റവും ദുരിതമയമായിട്ടുള്ള വിഷയമാണ് ഭക്ഷ്യവസ്തുക്കളിൽ മായംകലർത്തി വില്പന നടത്തി ലാഭം ഉണ്ടാക്കുക എന്നുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വെളിച്ചെണ്ണയിൽ അത്തരം കലർപ്പുകളുണ്ടാകുന്നത് ദു:ഖകരമാണ്. കേരളത്തിലെ ഫുഡ് സേഫ്റ്റി വിഭാഗം വളരെ ശക്തമായി ഇക്കാര്യങ്ങൾ പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ തേങ്ങയുടെ ലഭ്യതക്കുറവുണ്ടാകുമ്പോഴും ആഭ്യന്തരോല്പാദനം കുറയുന്ന കാലങ്ങളിലുമെല്ലാം വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ വെളിച്ചെണ്ണയിൽ മറ്റ് ഭക്ഷ്യ എണ്ണ ചേർത്ത് വിൽക്കുന്നത് സർവ്വസാധാരണമായി കാണുന്നുണ്ട്. തമിഴ്നാട്ടിലെ കങ്കയത്തിൽ നിന്ന് വിലകുറഞ്ഞ ഭക്ഷ്യ എണ്ണ കലർത്തി വെളിച്ചെണ്ണ എന്ന പേരിൽ കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണെന്നാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. നമ്മുടെ മാർക്കറ്റിൽ എഫ്.എസ്.എസ്.എ.ഐ. (Food Safety and Standards Authority of India) സർട്ടിഫിക്കറ്റോടുകൂടിയാണ് വരുന്നത്. ഇതാണ് നമുക്ക് ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം. ഭക്ഷ്യസുരക്ഷാ വകുപ്പിനെ കർശനമായി പരിശോധിക്കാൻ ചുമതലയേൽപ്പിക്കുകയും അവർ അത് നന്നായി നിർവ്വഹിക്കുകയും ചെയ്തതിന്റെ ഭാഗമായാണ് നേരത്തെ ശ്രീമതി അനുപമ ഐ.എ.എസ്.-ന്റെ നേതൃത്വത്തിലും ഇപ്പോഴത്തെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിലുമെല്ലാം ശക്തമായ ഇടപെടൽ നടന്നത്. അങ്ങനെ പരിശോധന നടത്തിയപ്പോൾ 28 ബ്രാന്റുകളിൽ വില്പന നടത്തിയ വെളിച്ചെണ്ണയിൽ മായംചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അവ സംസ്ഥാനത്ത് നിരോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില തട്ടിപ്പുകൾ നടത്താൻ ശ്രമിക്കുന്നുണ്ട്. ആ ബ്രാന്റ് ഇല്ലാതാകുമ്പോൾ പുതിയ ബ്രാന്റിൽ ഇറക്കും. കർശന പരിശോധന നടത്താനാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാകുന്നത്. അതുകൊണ്ട് അത്തരം ആളുകളെ കണ്ടുപിടിച്ചാൽത്തന്നെ ഇന്നത്തെ നിയമാവലിക്കനുസൃതമായുള്ള ശിക്ഷ കൊടുക്കാൻ മാത്രമേ കഴിയുന്നുള്ളൂ എന്നത് വസ്തുതയാണ്. കേരളത്തിനകത്ത് വിൽക്കുന്ന മായംചേർത്ത വെളിച്ചെണ്ണ ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുകയാണ്.

ഇതിൽ വളരെ വിദഗ്ധമായ പരിശോധന നടത്തുന്നതിനുവേണ്ടി സി.എസ്. ഐ.ആർ.-ന്റെ കീഴിലുള്ള സ്ഥാപനമായ ഹൈദ്രാബാദിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജിയിൽ അയയ്ക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ക്യാൻസർ, അൾസർ പോലുള്ള മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന കെമിക്കൽസ് കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ മറ്റ് വിലകുറഞ്ഞ ഭക്ഷ്യ എണ്ണ ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തമാക്കുന്നതിന് കഴിഞ്ഞ ഒന്നരവർഷക്കാലത്തിനിടയിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മൂന്ന് ലാബുകളുടെയും നിലവാരം ഉയർത്തുകയും അതിന് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ലാബുകൾ സ്ഥാപിക്കാൻ ആലോചിക്കുകയാണ്. ഹൈദ്രാബാദിലുള്ള ലാബിനോട് കിടപിടിക്കാൻ സാധിക്കുന്ന, സങ്കീർണ്ണമായ പരിശോധന നടത്താൻ കഴിയുന്ന ലാബ് സ്ഥാപിക്കുന്നതിന് മൂന്നേകാൽക്കോടി രൂപയോളം വകയിരുത്തിയിട്ടുണ്ട്. അതിനായുള്ള സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. ഒരു വർഷംകൊണ്ട് അത്യന്താധുനിക ഭക്ഷ്യസുരക്ഷാ ലാബ് സ്ഥാപിക്കുന്നതാണ്. മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായി സഞ്ചരിക്കുന്ന മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ പ്രവർത്തനം ആരംഭി ച്ചിരിക്കുകയാണ്. ഫുഡ് സേഫ്റ്റി വിഭാഗത്തിൽ 90 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുകയും അവർക്ക് മൂന്നുമാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗ് നൽകിക്കൊണ്ട് ഏറ്റവും എഫിഷ്യന്റായ ഓഫീസർമാരായി ഗ്രാമത്തിലേയ്ക്ക് പറഞ്ഞയയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഈ പ്രവർത്തനങ്ങളെല്ലാം നന്നായി നടത്തണം. ഇതിന്റെ അവലോകനങ്ങൾ, കേസ്സുകളുടെ നടത്തിപ്പുകൾ, അഡ്ജൂഡിക്കേഷൻസ്, ലൈസൻസ്, രജിസ്ട്രേഷൻ എന്നീ കാര്യങ്ങളിൽ കേരളമാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മുന്നിട്ടുനിൽക്കുന്നത്. വെളിച്ചെണ്ണ മാഫിയയ്ക്കെതിരെ വളരെ ശക്തമായ നടപടി സ്വീകരിക്കും. കേരളത്തിന്റെ ഉപഭോഗവസ്തുക്കളിൽ ഏറ്റവും പ്രധാനപ്പെട്ട വെളിച്ചെണ്ണയെ രക്ഷിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ മാഫിയകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (13) മാലിന്യ സംസ്കരണ പ്ലാന്റ്

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ഇലവുപാലത്തിനടുത്ത് ഓട്ടുച്ചട്ട പടുക്ക എന്ന വനപ്രദേശത്ത് ഐ.എം.എ.-യുടെ നേതൃത്വത്തിൽ ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കം നടക്കുകയാണ്. ആശുപത്രി മാലിന്യങ്ങൾ വർദ്ധിച്ചുവരുന്ന സന്ദർഭത്തിൽ കേരളത്തിൽ കൂടുതൽ ജൈവമാലിന്യ പ്ലാന്റുകൾ ആവശ്യമാണെന്നുള്ള കാര്യത്തിൽ

തർക്കമില്ല. പക്ഷേ അതിനുവേണ്ടി ഐ.എം.എ. തെരഞ്ഞെടുത്ത ഈ സ്ഥലം അനുയോജ്യമല്ലന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ പ്രദേശം ആദിവാസി മേഖലയാണ്. ഇവിടെനിന്നും 350 മീറ്റർ അകലെയായി ആദിവാസി സെറ്റിൽമെന്റ് കോളനിയുൾപ്പെടെയുണ്ട്. Wetland Ecosystem എന്ന അതീവ ജൈവ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരു മേഖലകൂടിയാണിത്. അതോടൊപ്പം ചെന്തുരുണി വന്യജീവി സങ്കേതവുമായി 5 കിലോമീറ്ററിൽതാഴെ അതിർത്തി ദൂരമുള്ള സ്ഥലമാണിത്. ഒരുകാരണവശാലും ഇത്തരമൊരു ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ പ്രദേശമല്ലെന്നുള്ള കാര്യം പരിഗണിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങൾ മറച്ചുവച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് ഐ.എം.എ. നടത്തിയത്. കളക്ടർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള നിരവധി സാമാജികർ അവിടെവന്ന് പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾ വലിയ ആശങ്കയിലാണ്. ആദിവാസികൾ ഉൾപ്പെടെയുള്ള പ്രാദേശികവാസികൾ ഇപ്പോഴും വലിയ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് അവരുടെ ആശങ്കകൾ പരിഹരിക്കാതെ ഈ നിർദ്ദിഷ്ട സ്ഥലം ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി തെരെഞ്ഞെടുക്കുന്ന ഐ.എം.എ.-യുടെ നീക്കത്തെ പിന്തിരിപ്പിക്കാൻ ആവശ്യമായ നിലപാടെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഡി. കെ. മുരളി ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഞാൻ അവിടെ സന്ദർശിച്ചിരുന്നു. ലോകത്തുതന്നെ ഏറ്റവും അപൂർവ്വമായി ലഭിക്കുന്ന സസ്യ വൈവിദ്ധ്യ മേഖലയാണിത്. അതുകൂടി നശിച്ചാൽ നമ്മുടെ പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം വളരെ വലുതായിരിക്കും. പ്രകൃതിക്ക് ദോഷമുണ്ടാകാത്തതരത്തിൽ മറ്റേതെങ്കിലും സ്ഥലത്ത് ഈ ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നുള്ള ശ്രീ. ഡി. കെ. മുരളിയുടെ അഭിപ്രായത്തോട് ഞാൻ നൂറുശതമാനവും യോജിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മാലിന്യനിർമ്മാർജ്ജനം എന്നുപറയുന്നത് ഒരു സാമൂഹ്യപ്രശ്നമാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ നമ്മളെല്ലാം ഏറ്റെടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് മാലിന്യനിർമ്മാർജ്ജനം. ഹരിത കേരള മിഷന്റെ ഭാഗമായി ഗ്രാമങ്ങളിൽ ഉറവിട മാലിന്യസംസ്കരണം ഏറെക്കുറെ സാധ്യമാകുന്നുണ്ട്. നഗരസഭകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ അവിടെത്തന്നെ ചെറിയ പ്രോജക്ടുകളുണ്ടാക്കുക എന്നത് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നില്ല. കാരണം, ഭൂ വിസ്തൃതിയുടെ അളവിനെക്കാൾക്കൂടുതൽ

ജനങ്ങൾ അവിടെ തിങ്ങിപ്പാർക്കുകയാണ്. എണ്ണമറ്റ ആശുപത്രികളും ഹോട്ടലുകളും റെസ്റ്റോറന്റുകളും വീടുകളുമൊക്കെ പുറന്തള്ളുന്ന മാലിന്യങ്ങൾ സംസ്കരിക്കുക എന്നത് നമ്മുടെയെല്ലാം കൂട്ടുത്തരവാദിത്വമാണ്. കാലാകാലങ്ങളായി വരുന്ന സർക്കാരുകൾക്ക് ഇത് വലിയൊരു വെല്ലുവിളിയാണ്. ഇതിനേക്കാൾ വലിയ ശ്രദ്ധയാകർഷിക്കേണ്ട ഒന്നാണ് ആശുപത്രി മാലിന്യങ്ങൾ. ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിച്ചേ മതിയാകൂ. മറ്റ് ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്ന രീതിയിൽ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കാൻ കഴിയില്ല. അത് നിർമ്മാർജ്ജനം ചെയ്യുക എന്നുള്ളത് പൊതുജനാരോഗ്യത്തെ സംബന്ധിച്ചിട ത്തോളം ഒഴിവാക്കാനാകാത്ത വസ്തുതയാണ്. ഐ.എം.എ.-യുടെ നേതൃത്വത്തിൽ പാലക്കാട്ടെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനമാണ് ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത്. കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ബയോ മെഡിക്കൽ വേസ്റ്റ് ഈ സ്ഥാപനത്തിലേയ്ക്കാണ് കൊണ്ടുപോകുന്നത്. ആശുപത്രി കളുടെയും രോഗികളുടെയും എണ്ണം വർദ്ധിച്ചു. ഓപ്പറേഷനുകളും മറ്റ് കാര്യങ്ങളുമൊക്കെ വർദ്ധിച്ചു. അതിന്റെയൊക്കെ ഭാഗമായുണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റും മനുഷ്യന്റെ ജൈവ വേസ്റ്റും മാത്രമല്ല സിറിഞ്ച് പോലെയുള്ള മറ്റ് സാധനങ്ങളും കൂടുതലായി വരികയാണ്. ഇവ സംസ്കരിക്കുന്നതിന് പാലക്കാട് ഐ.എം.എ.-യുടെ 'ഇമേജ്' മാത്രം മതിയാകാത്ത അവസ്ഥ വന്നപ്പോൾ മറ്റ് എവിടെയെങ്കിലും ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോയെന്ന് ഐ.എം.എ. തന്നെ മുൻകയ്യെടുത്ത് അന്വേഷിച്ചു. അങ്ങനെയാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥലം കണ്ടെത്തിയത്. വർഷങ്ങളായി അത് തർക്ക പ്രശ്നമായി നിൽക്കുകയാണ്. പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രജ്ഞരും കൂടിച്ചേർന്ന് ചർച്ച ചെയ്താണ് അവിടെ ഈ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചത്. അതിന്റെ ഭാഗമായിട്ടുള്ള പരിസ്ഥിതി ക്ലിയറൻസും ശാസ്ത്രജ്ഞന്മാരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളുമെല്ലാം സ്വീകരിക്കുന്നുണ്ട്. മാത്രമല്ല ഐ.എം.എ.-യുടെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന പ്ലാന്റ് ശാസ്ത്രീയമായി നടത്തുന്നതാണെന്ന് മനസ്സിലായിട്ടുമുണ്ട്. ആ പ്ലാന്റ് സ്ഥാപിച്ചിട്ട് വർഷങ്ങളായി. അത്യന്താധുനിക സാങ്കേതികവിദ്യയടക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് മറ്റാർക്കും ഒരു ബുദ്ധിമുട്ടുമില്ലാത്ത, പരിസ്ഥിതിക്ക് നാശമില്ലാത്ത രീതിയിൽ പ്ലാന്റ് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കം ആശങ്ക പ്രകടിപ്പിച്ച സാഹചര്യത്തിൽ എല്ലാവരും ചേർന്ന് ഇതിനാവശ്യമായ ഒരു സംവിധാനമുണ്ടാക്കാൻ സഹായിക്കേണ്ടതുണ്ട്. ഈ വേസ്റ്റ് എവിടെ കൊണ്ടുപോകും? അതത് ആശുപത്രികളിലെ വേസ്റ്റ് കൂട്ടിയിട്ടാലുണ്ടാകാവുന്ന പാരിസ്ഥിതികപ്രശ്നവും ആരോഗ്യപ്രശ്നവും നമുക്ക് സങ്കല്പിക്കാൻ കഴിയുന്നതല്ലേ? ഈ പ്ലാന്റ് അവിടെത്തന്നെ സ്ഥാപിക്കണമെന്ന നിർബന്ധബുദ്ധി

എനിക്കില്ല. ഒന്നുകൂടി പരിശോധിച്ച് ശാസ്ത്രജ്ഞന്മാരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും അഭിപ്രായം കണക്കിലെടുത്ത് പൊതുജനാഭിപ്രായമുണ്ടാക്കുന്നതിനും ജനവിശ്വാസം ആർജ്ജിക്കുന്നതിനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയടക്കം സഹായം അഭ്യർത്ഥിക്കുകയാണ്. ഈ പ്ലാന്റ് ഏറ്റവും ആധുനികമായ രീതിയിൽ സ്ഥാപിക്കാനുള്ള സഹകരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ളവരിൽ നിന്നും ഉണ്ടാകുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. പൊതുജനാഭിപ്രായം നേടിയെടുത്ത് ഈ പ്ലാന്റ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള സ്ഥലം എവിടെയാണെന്നുള്ളത് നമുക്ക് ഒരുമിച്ച് നിശ്ചയിക്കാം. ഇപ്പോൾ നിശ്ചയിച്ച സ്ഥലത്തുതന്നെ പ്ലാന്റ് സ്ഥാപിക്കണമെന്നുള്ള വാശിയൊന്നുമില്ല. ഇതിനേക്കാൾ സൗകര്യമുള്ള സ്ഥലം അതിന്റെ പരിസരത്തുണ്ടെങ്കിൽ അവിടെ ഈ പ്ലാന്റ് സ്ഥാപിക്കാം. അത് കണ്ടെത്തുന്നതിന് സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

## (14) ക്യാൻസർ രോഗികളുടെ വർദ്ധനവും അവരുടെ ആനുകൂല്യങ്ങളും

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, എന്റെ നിയോജകമണ്ഡലമായ പത്തനാപുരം താലൂക്കിലും തൊട്ടടുത്ത പുനലൂർ താലൂക്കിലും ക്യാൻസർ രോഗികളുടെ അഭൂതപൂർവ്വമായ വർദ്ധനവുണ്ടാകുന്നതായി കാണുന്നു. ഡോ. ഗംഗാധരൻ നേതൃത്വം കൊടുക്കുന്ന 'ജീവനം ക്യാൻസർ സൊസൈറ്റി' എന്നൊരു സംഘടന അടുത്തകാലത്ത് പുന്നല പ്രദേശത്ത് ഒരു വലിയ മനുഷ്യച്ചങ്ങല നടത്തുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ ഏതാണ്ട് മുപ്പത്തയ്യായിരത്തോളം ജനസംഖ്യയുള്ള പിറവന്തൂർ പഞ്ചായത്തിലെ 21 വാർഡുകളിലെ എല്ലാ വീടുകളിലും ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട് ഈ സംഘടന അന്വേഷണം നടത്തുകയും സാമ്പത്തികവും മരുന്നുകളും നൽകി അവരെ സഹായിക്കുകയും ചെയ്തു. അവർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 21 വാർഡുകളിലായി 155 ഗുരുതരാവസ്ഥയിലുള്ള ക്യാൻസർ രോഗികളുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഡോ. ഗംഗാധരന്റെ നേതൃത്വത്തിൽ അവർ എല്ലാ വാർഡുകളിലും ക്യാമ്പുകളും നടത്തി. ക്യാമ്പിൽ പലരും വരാൻ മടിക്കുന്നു. ക്യാമ്പിൽ എല്ലാ ആളുകളും വന്നിരുന്നുവെങ്കിൽ ഇതിൽക്കൂടുതൽപേർ ക്യാൻസർ രോഗത്തിന് അടിമപ്പെട്ട വരായിക്കാണും. ഈ പ്രദേശത്ത് ക്യാൻസർ രോഗം മാത്രമല്ല ഇത്രത്തോളം കിഡ്നി സംബന്ധമായ രോഗമുള്ളവരുമുണ്ട്. അടുത്തകാലത്തായി ഈ രണ്ട് താലൂക്കുകളിലും ക്യാൻസർ രോഗം പടർന്നുപിടിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്യാൻസർ രോഗം വർദ്ധിക്കുന്നതിന്റെ കാരണമെന്താണെന്നുള്ളതിനെക്കുറിച്ച് പഠനം നടത്താൻ ഡിപ്പാർട്ട്മെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

അതോടൊപ്പം ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഒരു നിയന്ത്രണം ഏർപ്പെടുത്താൻ അങ്ങ് തീരുമാനിച്ചു. അനാവശ്യമായി സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. പക്ഷേ ക്യാൻസർ രോഗികൾക്ക് കൊടുക്കുന്ന പെൻഷൻ 3,000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം. അവർ എല്ലാ മാസവും ആർ.സി.സി.-യിൽ പരിശോധനയ്ക്ക് പോകേണ്ടിവരുന്നതിനാൽ യാത്രാചെലവുണ്ടാകുന്നുണ്ട്. അതുകൊണ്ട് അങ്ങ് ഈ ബജറ്റ് പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ക്യാൻസർ രോഗികളുടെ പെൻഷൻ വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകളിൽ തട്ടിപ്പുകാരെ കുറയ്ക്കുന്നതുമൂലമുണ്ടാകുന്ന സാമ്പത്തികനേട്ടം ഉപയോഗിച്ച് ഈ പാവങ്ങളുടെ പെൻഷനിൽ വർദ്ധനവുണ്ടാക്കി അവരെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

12.00 noon]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് കുറേ വർഷങ്ങളായി ക്യാൻസർ രോഗം വർദ്ധിച്ചുവരുകയാണ്. കഴിഞ്ഞയാഴ്ച മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ പ്രദേശത്ത് ക്യാൻസർ രോഗം വർദ്ധിക്കുന്നുവെന്ന് പറഞ്ഞ് സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിനും ഞാൻ മറുപടി പറഞ്ഞു. കേരളത്തിൽ ക്യാൻസർ രോഗം വ്യാപകമായി വരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ആർ.സി.സി.യുടെ നേതൃത്വത്തിലുള്ള ഒരു പഠനം സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട തിരുവഞ്ചൂരിന് മറുപടി പറയുമ്പോൾ പറഞ്ഞു. തിരുവനന്തപുരം - കൊല്ലം ജില്ലകൾ കേന്ദ്രീകരിച്ച് ക്യാൻസറിന്റെ ഒരു രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. പ്രതിവർഷം 50000 പേരെങ്കിലും ക്യാൻസർ രോഗികളായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. 20000-ത്തോളം പേർ ക്യാൻസർ ബാധിതരായി മരണപ്പെടുകയാണ്. ഇതൊരു ഭയാനകമായ നമ്പരാണ്. കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കാസർഗോഡ്, കണ്ണൂർ, മാഹി എന്നീ പ്രദേശങ്ങളിലും രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ളതിന് സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രിയുണ്ടാക്കാൻ ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. പറഞ്ഞതുപോലെ അവിടെ മാത്രമായി അസാധാരണമായിട്ടുള്ള

വർദ്ധനവ് കാണുന്നില്ല, എന്നാൽ അവിടെ വർദ്ധനവുണ്ട്. ഈ വർദ്ധനവ് പലഭാഗത്തുമുണ്ട് എന്നതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. എങ്ങനെയാണ് ഈ വർദ്ധനവ് നമുക്ക് നിയന്ത്രിക്കാൻ സാധിക്കുക? എം.സി.സി., ആർ.സി.സി. അതുപോലെ റീജിയണലായി മദ്ധ്യഭാഗത്ത് കൊച്ചിൻ ക്യാൻസർ സെന്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനുവേണ്ടി 310 കോടി രൂപ വകയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ വിഭാഗം ശക്തമാക്കാൻ തീരുമാനിക്കുകയും 105 പുതിയ തസ്തികകൾ അതിനായി സൃഷ്ടിക്കുകയും ചെയ്തു. എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ കീമോതെറാപ്പി, പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ച വിവരം ഇവിടെ പ്രഖ്യാപിച്ചതാണ്. ഇത് താഴേക്കിടയിലേയ്ക്കുകൂടി വ്യാപിപ്പിക്കേണ്ടിവരുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ ആവശ്യകത സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ ആരംഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ക്യാൻസറിന്റെ 'early detection' നടത്തുന്നതിനുള്ള സംവിധാനംകൂടി ഉണ്ടാക്കുകയാണ്.

ഇന്നലെ ബഹുമാനപ്പെട്ട ഒരംഗം പ്രസംഗിക്കുന്നതിനിടയിൽ 'ആർദ്രം' പദ്ധതികൊണ്ട് എന്ത് നേട്ടമുണ്ടായി എന്ന് ചോദിച്ചു. ആർദ്രം മിഷന്റെ ഭാഗമായി തുടങ്ങാനിരിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളെ സംബന്ധിക്കുന്ന കാര്യത്തെപ്പറ്റി സംസാരിക്കാൻ ഞാൻ ഇന്നലെയും 120 പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചിരുന്നു. അവരെല്ലാം വലിയ ആവേശത്തിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ വമ്പിച്ച ജനപിന്തുണയാണ് ലഭിച്ചത്. അവിടെ ക്യാൻസറിന്റെ early detection-നുള്ള എല്ലാ സൗകര്യവും ഉണ്ടാക്കുകയാണ്. ഇങ്ങനെയുള്ള ഇടപെടൽ ശക്തമായി നടത്തുന്നുണ്ടെന്ന് സൂചിപ്പിക്കാനാണ് ഞാനത് പറഞ്ഞത്. അത് കുറേക്കൂടി വ്യാപകമാക്കാനും ക്യാൻസറിനെതിരെ യുദ്ധംചെയ്യാനും കഴിയേണ്ടതുണ്ട്. 'Fight against Cancer' അതാണ് നമ്മുടെ മുദ്രാവാക്യം. ഇത് എല്ലാവരും ചേർന്ന് നടത്തേണ്ട കാര്യമാണ്. അതിനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> സർ, മാലിന്യം, വെള്ളം ഇതൊക്കെ പ്രശ്നമാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അതെ, മാലിന്യവും മറ്റും ഇതിന്റെ ഭാഗമായിവരുന്നതാണ്. ഭക്ഷണവും വെള്ളവുമൊക്കെ പ്രശ്നമാണ്. ക്യാൻസർ രോഗ ബാധിതരുടെ നിലവിലുള്ള ക്ഷേമപദ്ധതികളൊന്നും മുടങ്ങിയിട്ടില്ല. അതെല്ലാം ഞാൻ അംഗീകരിക്കുന്നു. ഇപ്പോൾ 'ചിസ് പ്ലസ്' പദ്ധതിയിൽ ഇതിന് പ്രതിവർഷം

70,000/- രൂപ വരെ ചികിത്സാ സഹായമുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുണ്ട്. സുകൃതം പദ്ധതി നിർത്തലാക്കിയെന്ന ഒരു ആക്ഷേപമുണ്ടായിരുന്നു; അത് നിർത്തലാക്കിയിട്ടില്ല, നടക്കുന്നുണ്ട്. 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതിയുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഇതിന് സഹായം ലഭ്യമാകുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സൊസൈറ്റി ഫോർ പുവർ, അതിൽ 50,000 രൂപ വരെ ചികിത്സാ സഹായമുണ്ട്. ക്യാൻസർ രോഗികൾക്കുള്ള പെൻഷന്റെ കാര്യം ഇപ്പോൾ പറഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക പദ്ധതിയും അതിനകത്ത് ക്യാൻസർ ചികിത്സയ്ക്കുള്ള പ്രത്യേക പദ്ധതിയുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എല്ലാവർക്കും കിട്ടുന്ന ചികിത്സാ സഹായം ക്യാൻസർ പേഷ്യന്റ്സിനും കിട്ടുന്നുണ്ട്. ഇങ്ങനെയുള്ള കുറേ പദ്ധതികളിലൂടെയാണ് ഈ പ്രശ്നം ഇപ്പോൾ കൈകാര്യം ചെയ്തുപോകുന്നത്. ക്യാൻസർ രോഗികൾക്ക് 1,000 രൂപ വച്ച് പെൻഷൻ കൊടുക്കുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ ഒതുങ്ങുന്ന കാര്യമാണെങ്കിൽ മാത്രമേ ഈ പെൻഷൻ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ പറയാൻ കഴിയൂ. കാരണം ക്ഷേമ പെൻഷനുകൾ നടപ്പിലാക്കുന്നതുതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വലിയൊരു പാടവത്തിന്റെയും കഠിന പരിശ്രമത്തിന്റെയും ഭാഗമായാണ്. ജി.എസ്.ടി. വന്നതിനുശേഷമുള്ള പ്രതിസന്ധി ഘട്ടത്തിൽ നിൽക്കുമ്പോൾ അദ്ദേഹത്തോട് നിർബന്ധിക്കാൻ തോന്നുന്നില്ല. ക്യാൻസർ രോഗികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നത് നല്ലതുതന്നെയാണ്. എങ്ങനെയാണ് ഈ പ്രതിസന്ധിഘട്ടത്തിൽ ചെയ്യുന്നതെന്നറിയില്ല. മറ്റ് പെൻഷൻ പദ്ധതികൾ മുടങ്ങാതിരിക്കുന്നതിനും ഈ സാമ്പത്തിക ബുദ്ധിമുട്ട് അപ്രതീക്ഷിതമായി വന്നപ്പോഴും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഹായിച്ചിട്ടുണ്ടെന്നുള്ളത് ആരോഗ്യ വകുപ്പ് നന്ദിയോടെ ഓർക്കുകയാണ്. ക്യാൻസറിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ക്യാൻസർ പോളിസി ഉണ്ടാക്കുന്നതിനുള്ള വർക്ക്ഷോപ്പ് നടന്നുകഴിഞ്ഞു. WHO-യുടെ സഹായത്തോടുകൂടി ഒരു 'ക്യാൻസർ ഗ്രിഡ്' തയ്യാറാക്കുന്നതിനും വിവിധ വിഭാഗങ്ങളിലുള്ളവരെ യോജിപ്പിച്ചുകൊണ്ട് ക്യാൻസറിനെതിരെ പൊരുതുന്നതിനും നമുക്ക് സാധിക്കണം. നമുക്ക് രണ്ടുമൂന്ന് വർഷംകൊണ്ട് ഈ കാര്യത്തിൽ വേണ്ട നിയന്ത്രണം ഏർപ്പെടുത്താനും 'early detection' നടത്താനും ഒരു പരിധിവരെ ക്യാൻസറിനെ ചെറുത്തുനിൽക്കാനും കഴിയുമെന്നുള്ള ആത്മവിശ്വാസത്തോടെയാണ് ഈ പ്രവർത്തനം നടത്തുന്നത്.

## (15) അഴീക്കോട് - മുനമ്പം പാലം

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേരളത്തിലെ തീരദേശ മണ്ഡലങ്ങളിൽ ഒന്നാണ് കയ്പമംഗലം. ജനസാന്ദ്രത വളരെക്കൂടുതലുള്ള ഈ പ്രദേശവാസികളുടെ

ചിരകാല അഭിലാഷമാണ് അഴീക്കോട്-മുനമ്പം പാലം. തൃശ്ശൂർ-എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട പാലത്തിനാവശ്യമായ 160 കോടി രൂപ 2017-18 ലെ ബജറ്റിലൂടെ കിഫ്ബിയിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പാലം പണി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇഴഞ്ഞുനീങ്ങുകയാണ്. സ്ഥലം ഏറ്റെടുക്കൽ കൂടുതൽ വേഗത്തിലാക്കേണ്ടതുണ്ട്. സാമൂഹ്യ പരിസ്ഥിതി ആഘാത പഠനത്തിനുള്ള ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ അനുവദിക്കപ്പെട്ടിട്ടില്ല. ദേശീയപാതയ്ക്ക് സമാന്തരമായി പണിയാൻ ഉദ്ദേശിക്കുന്ന തീരദേശ ഹരിതപാത യാഥാർത്ഥ്യമാക്കുന്നതിനും ഷൊർണ്ണൂർ മുതൽ കൊച്ചിവരെയുള്ള ദേശീയപാതയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും ഈ പാലം അത്യാവശ്യമാണ്. നിർദ്ദിഷ്ട പാലത്തിനടിയിലൂടെയുള്ള ജങ്കാർ സർവ്വീസ് വലിയ സുരക്ഷാ പ്രശ്നങ്ങളാണ് ഉയർത്തുന്നത്. ഇടയ്ക്കിടെ തകരാറിലാകുന്ന ജങ്കാറിന്റെ അറ്റകുറ്റപ്പണിക്കായി ഇക്കൊല്ലം ഒന്നേമുക്കാൽ കോടി രൂപയാണ് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് ചെലവഴിക്കേണ്ടിവന്നിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ ചരക്ക് ഗതാഗതം, വിദ്യാർത്ഥികളുടെ സ്കൂൾ-കോളേജ് യാത്ര, സമയലാഭം എന്നിവയ്ക്ക് ഈ പാലം കൂടിയേ തീരൂ. 'ഗേറ്റ് വേ ഓഫ് ഇന്ത്യ' എന്ന് പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന മുസിരിസിന്റെ കേന്ദ്ര ഭാഗത്താണ് നിർദ്ദിഷ്ട പാലമെന്നത് മറ്റൊരു പ്രത്യേകതയാണ്. പലതുകൊണ്ടും അനിവാര്യമായ അഴീക്കോട്-മുനമ്പം പാലം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിൽനിന്നും പ്രത്യേകിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും വേണ്ട ശ്രമമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അഴീക്കോട്-മുനമ്പം പാലം നിർമ്മിക്കാൻ 2017-18-ലെ ബജറ്റിൽ കിഫ്ബിയിൽ 160 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കൂടാതെ രണ്ട് ജില്ലകളുടെ രണ്ട് ഭാഗത്തുമായി ഒരേക്കർ സ്ഥലമെടുക്കാനും സാമൂഹ്യ പ്രത്യാഘാത പഠനത്തിനുമായി 14 കോടി 64 ലക്ഷം രൂപയും കൂടി വേണ്ടിവരും. 174 കോടി 64 ലക്ഷം രൂപ ലാക്കാക്കിയാണ് പ്രവർത്തനം നടത്തിയത്. ഈ പാലത്തിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ അർത്ഥത്തിൽത്തന്നെ എടുത്തിട്ടുണ്ട്. ഈ കാര്യത്തിൽ ഇനിയും ചർച്ചയുടെ ആവശ്യമില്ല. ഇതിന് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്. ഡിസൈൻ അടിസ്ഥാനത്തിലുള്ള ക്ലിയറൻസിനുവേണ്ടി ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. ഡയറക്ടറുടെ അനുവാദം ലഭിച്ചിട്ടില്ല. അത് ലഭിക്കുന്നമുറയ്ക്ക് മാത്രമേ മറ്റ് കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. അതിന് വേഗത കൂട്ടാൻ വേണ്ടിയുള്ള ശ്രമം രണ്ട് കളക്ടർമാരും രണ്ട് ഭാഗത്തുള്ള എം.എൽ.എ.-മാരും പ്രാദേശികമായി നടത്തണം. സാമൂഹ്യ

പ്രത്യാഘാത പഠനത്തിനും മറ്റുമായി കിഫ്ബിയുടെ സാമ്പത്തികാനുമതി ആവശ്യമായതിനാൽ അതിനുള്ള പത്രിക നേരത്തെതന്നെ സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് പണം ആവശ്യമാണ്. അനുവാദം കിട്ടിയാൽ ആ പണം നൽകാൻ കഴിയും. എന്നാൽ പഠനത്തിനാവശ്യമായ കണക്കുകൾ എറണാകുളം കളക്ടറോട് പലതവണ ചോദിച്ചിട്ടും ലഭ്യമാക്കിയിട്ടില്ല. തൃശ്ശൂർ ജില്ലാ കളക്ടർ അതിന് പണം ആവശ്യപ്പെട്ട് മുന്നോട്ടുവന്നിട്ടുള്ളതിനാൽ പണം റിലീസ് ചെയ്യാനായി ഇതിന്റെ എസ്.പി.വി. ആയിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ പാലം ടെൻഡർ ചെയ്യുന്നതിനുമുൻപ് നടക്കേണ്ടതുണ്ട്. ഡയറക്ടർ ഓഫ് ഇൻലാന്റ് നാവിഗേഷന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റും കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതിയും പാരിസ്ഥിതിക പ്രത്യാഘാത പഠനം നടത്തുന്നതിനാവശ്യമായ രേഖകളും ആവശ്യമാണ്. പാരിസ്ഥിതിക പ്രത്യാഘാത പഠനം നടത്തുന്നതിനാവശ്യമായ രേഖകൾ എറണാകുളം കളക്ടറാണ് നൽകേണ്ടത്. അത് അവരുടെ ഉത്തരവാദിത്വ മാണ്. പക്ഷെ പല കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ നമ്മുടെ നാട്ടിലെ സ്ഥിതി ഇതാണെന്ന് മനസ്സിലാകും. ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യം സമയബന്ധിതമായി ചെയ്യാത്തതുകൊണ്ട് നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ട് കളക്ടർമാരിൽ നിന്നും ആവശ്യമായ രേഖകളും ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ അനുവാദവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടി സ്വീകരിക്കാം. അതിനുവേണ്ടി പ്രത്യേക യോഗം വിളിച്ചു കൂട്ടാനും ഗവൺമെന്റ് തയ്യാറാണ്. എന്തായാലും പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പദ്ധതി ഇല്ലാതാകുന്ന പ്രശ്നമില്ല, കാലതാമസത്തിന്റെ പ്രശ്നമാണുള്ളത്.

## (16) പുതിയ പാലം

ശ്രീ. കെ. എം. ഷാജി: സർ, അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വളരെ പ്രധാനപ്പെട്ട രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം എന്ന നിലയിൽ മാത്രമല്ല എയർപോർട്ടിലേയ്ക്ക് പോകാനും വരാനുമുള്ള വളരെ പ്രധാനപ്പെട്ട ഒരു പാലമാണിത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ വേണമെന്ന് അറിയിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പാപ്പിനിശ്ശേരി, നാറാത്ത് എന്നീ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളപട്ടണം പുഴയ്ക്ക് കുറുകേ കല്ലൂരിക്കടവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന

പാലത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. എം. ഷാജി സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി പ്രസ്തുത പാലം നിർമ്മിക്കുന്നതിന് 25 കോടി രൂപയുടെ ഭരണാനുമതിയും ഇൻവെസ്റ്റിഗേഷന് 15 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനും മറ്റുമുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

## (17) വടകര ജില്ലാ ആശുപത്രി നിർമ്മാണം

ശ്രീ. സി. കെ. നാണു: സർ, വടകര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ അതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് അതിന്റെ വർക്ക് ഏറ്റെടുത്ത് നടത്തിയത്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് വടകര ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നത്. 5 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ആശുപത്രിയുടെ ആവശ്യത്തിന് ഉപയോഗിക്കാൻ സാധിച്ചില്ലെന്ന് വളരെ സങ്കടത്തോടുകൂടി ഞാൻ അറിയിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ആശുപത്രിക്കു തന്നെ 13 കോടി രൂപയുടെള്ള ഒരു കെട്ടിടം അനുവദിച്ചു. ഈ ബജറ്റിൽ ജില്ലാ ആശുപത്രികൾക്ക് നിരവധി സൗകര്യങ്ങളൊക്കെ പ്രഖ്യാപിച്ചിരിക്കുകയാണ്. 13 കോടി രൂപയുടെ കെട്ടിടത്തിന് ഒരാൾ ടെണ്ടർ എടുത്തു. എന്നാൽ ആ ടെണ്ടർ റേറ്റിന്റെ അടിസ്ഥാനത്തിലുള്ള കെട്ടിടത്തിന്റെ പണിയല്ല നടത്തിയത്. ഇതിന്റെ പേരിൽ കേസ് കൊടുത്തിരിക്കുകയാണ്. വടകര ജില്ലാ ആശുപത്രിക്ക് അനുവദിച്ച രണ്ട് കെട്ടിടങ്ങളിൽ ഒന്നിന്റെ വർക്ക് ആരംഭിക്കുന്നില്ല, മറ്റൊന്ന് ഉപയോഗിക്കാൻ സാധിക്കുന്നുമില്ല. ഇത് പരിശോധിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2010 സെപ്റ്റംബർ 9-ാം തീയതിയാണ് വടകര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ ഭൗമികനിലയും രണ്ടാംനിലയും നിർമ്മിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. സംസ്ഥാന പി.ഡബ്ല്യു.ഡി-യുടെ കീഴിലുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഈ പ്രവൃത്തിയുടെ ടെണ്ടർ എടുത്തത്. മുൻകാലങ്ങളിൽ ചെയ്തതുപോലെ തുക കൂട്ടിയാണ് അവർ ടെണ്ടർ എടുത്തത്. അവർ അത് വേറൊരു കരാറുകാരനെ ഏല്പിച്ചു. സബ് കോൺട്രാക്ട് ചെയ്യാൻ പാടില്ലാത്തതാണ്, അത് ഈ ഗവൺമെന്റ് അവസാനിപ്പിച്ചു.

കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് തീർന്നശേഷം അദ്ദേഹത്തെ പറഞ്ഞുവിട്ടു. അതാണ് ഒന്നാമത്തെ ഘട്ടം. രണ്ടാമത്തെ ഘട്ടം, മേൽ ചെയ്ത പ്രവൃത്തിയുടെ ബാക്കി രണ്ടാം നില മുതൽ ആറാം നിലവരെയുള്ള കെട്ടിടത്തിന്റെ പണി ഉൾപ്പെടുത്തിയാണ് 13 കോടി 70 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത്. M/s. പ്രതിഭാ ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കരാർ എടുത്തിരിക്കുകയാണ്. കരാർ പിടിച്ചുകഴിഞ്ഞപ്പോൾ ജി.എസ്.ടി. യുടെ പ്രശ്നം വന്നു. എന്റെ മണ്ഡലത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ മണ്ഡലത്തിലും റോഡുകൾ പണിയാതെ കിടക്കുകയാണ്. ഇതെല്ലാം ഒരുപാട് നൂലാമാലയാണ്. ജി.എസ്.ടി.യുടെ പ്രശ്നം വന്നപ്പോൾ കരാർ പിടിച്ചയാൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. അയാൾ ഹൈക്കോടതിയിൽ പോകേണ്ട ഒരു കാര്യവുമില്ല. കാരണം, ഗവൺമെന്റ് സെക്രട്ടറിയുടെയും എന്റെയും സാന്നിദ്ധ്യത്തിൽ ജി.എസ്.ടി.യുടെ പ്രശ്നം സാമ്പത്തിക നഷ്ടമുണ്ടാകാതെ സെറ്റിൽ ചെയ്തതാണ്. ഒരുപാട് സ്ഥലത്ത്, കരാറുകാർ കൂട്ടായി ആലോചിച്ച് മനപ്പൂർവ്വം ചെയ്യുന്നതാണ്. ചില കരാറുകൾ ഒഴിവാക്കി റീ ടെണ്ടർ ചെയ്തു. ഈ പ്രശ്നത്തിൽ, നമ്മൾ 2017 നവംബർ 16-നുതന്നെ കൗണ്ടർ അഫിഡവിറ്റ് നൽകിയിട്ടുണ്ട്. മൂന്നുമാസമായി, കോടതി കേസ് എടുത്തിട്ടില്ല. അഡ്വക്കേറ്റ് ജനറലിനോട് പറഞ്ഞ് എത്രയും വേഗം കോടതിയിൽ തീർപ്പുകൽപ്പിക്കാൻ ശ്രമിക്കണം. ഇല്ലെങ്കിൽ അയാൾ ഒഴിയണം. നമ്മൾ റീ ടെണ്ടർ ചെയ്ത് പണി ആരംഭിക്കണം. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ചർച്ച നടത്താവുന്നതാണ്. ജി.എസ്.ടി. യുടെ പ്രശ്നം ഒഴിച്ചാൽ വേറെ തടസ്സമൊന്നുമില്ല. അത് ഒഴിവാക്കുന്നതിന് കോൺട്രാക്ടർമാരോട് സംസാരിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

## (18) പാലം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ ചാലിയാറിനു കുറുകെ ആര്യൻ തൊടിക എന്ന സ്ഥലത്ത് ഒരു പാലം നിർമ്മിക്കുന്നതിന് 4-3-2016-ന് ഭരണാനുമതി ലഭിച്ചിരുന്നു. ഗവൺമെന്റ് മാറിയതിനുശേഷം തുടർനടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത പാലം നിർമ്മിക്കുന്നതിന് തുടർനടപടി സ്വീകരിക്കണ മെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അത് കിഫ്ബിയിൽ ഉൾപ്പെടുത്തുമെന്നാണ് പറഞ്ഞിരുന്നത്. കഴിഞ്ഞ പ്രാവശ്യം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2018-19-ൽ കിഫ്ബിയിൽ പ്രോജക്ടുകൾ എടുക്കില്ലെന്ന് പറഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇതിൽ ഇടപെട്ട് പാലത്തിന്റെ പ്രവൃത്തി നടത്തുന്നതിനുള്ള ഫണ്ട് അനുവദിച്ച്, ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി

ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ എം.എൽ.എ.-യുടെ മണ്ഡലത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ആര്യൻ തൊടിക പാലത്തിന്റെ കാര്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് 2016 മാർച്ച് 4-ാം തീയതി 17,42,89,330 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ബജറ്റിൽ പ്രഖ്യാപിക്കാത്ത തുകയായതുകൊണ്ട് പ്രത്യേക അനുമതിക്കുവേണ്ടി പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കണം. ആ വർഷം ബജറ്റ് പ്രൊവിഷനോടുകൂടി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകി പ്രൊപ്പോസൽ മടക്കി നൽകി. അതനുസരിച്ച് പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ഇപ്പോൾ ശീഘ്രഗതിയിൽ തയ്യാറാക്കുകയാണ്. സ്ഥലമേറ്റെടുക്കുന്നതിന് തടസ്സമുണ്ടായിരുന്നെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. മുൻകയ്യെടുത്ത് സൗജന്യമായി സ്ഥലം വിട്ടുതരാനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ ഡിസൈൻ ലഭ്യമായാൽ എസ്റ്റിമേറ്റ് തയ്യാറാക്കാം. സാങ്കേതികാനുമതിയും ഭരണാനുമതിയും നേരത്തെയുള്ളത് പുതുക്കിനൽകും. ഡിസൈൻ പൂർത്തിയായിട്ടില്ല. പൂർത്തിയാക്കിയ ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കിത്തരുന്നമുറയ്ക്ക് പുതുക്കിയ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകാം. ഗവൺമെന്റ് മാറ്റി വച്ച് നടക്കാതിരുന്നതല്ല, വെറുതെ റിവൈസ് ചെയ്യുന്നതാണെങ്കിൽ അനുമതി നൽകാൻ സാധിക്കുകയില്ല. അങ്ങനെയുള്ളതല്ല. അതുകൊണ്ട് ആ തടസ്സം ഉണ്ടാകില്ല.

## (19) മേൽപ്പാലം നിർമ്മാണം

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം മണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട റെയിൽവേ മേൽപ്പാലങ്ങളെ സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എം.ജി. റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏറ്റവും ഗുണകരമായ ഒരു മേൽപ്പാലമാണ് അറ്റ്ലാന്റിസ് മേൽപ്പാലം. കേന്ദ്രാവിഷ്കൃത പദ്ധതിയായ JNNURM-ൽപ്പെടുത്തി ലാൻഡ് അക്വിസിഷനായി ഏകദേശം 70 കോടി രൂപ ഇതിനകംതന്നെ ഗുണഭോക്താക്കൾക്ക് കൊടുത്തുകഴിഞ്ഞു. 24 മീറ്റർ എന്ന സ്പെസിഫിക്കേഷനായിരുന്ന സെൻട്രൽ ഗവൺമെന്റിന്റെ ആ പദ്ധതിക്കുണ്ടായിരുന്നതെങ്കിൽ 2016-17 ബജറ്റിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി 50 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. കൗൺസിലിന്റെ അംഗീകാരത്തോടുകൂടി പാലത്തിന്റെ വീതി കുറയ്ക്കാനും തുടർനടപടിക്കുംവേണ്ടി ഗവൺമെന്റിലേയ്ക്ക്

പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. 50 കോടി രൂപകൊണ്ട് ബാക്കി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. പാലം നിർമ്മാണത്തിനുവേണ്ടിയുള്ള ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കേണ്ടതുണ്ട്. പശ്ചിമ കൊച്ചിയിൽ നിന്നും ഏറ്റവും കൂടുതൽ ജനങ്ങൾ എറണാകുളത്തേയ്ക്ക് വരുന്ന ഒരു പ്രദേശമാണ് വാത്തുരുത്തി മേൽപ്പാലം. പഴയ വില്ലിംഗ്ടൺ റെയിൽവേ സ്റ്റേഷനിലേയ്ക്ക് ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് എല്ലാ ക്ലിയറൻസുകളും റെയിൽവേ നൽകിക്കഴിഞ്ഞു. റെയിൽവേ മൂവ്മെന്റ് തുടങ്ങുന്നതോടുകൂടി, അഞ്ചുമിനിറ്റ് റെയിൽവേ ഗേറ്റ് അടഞ്ഞുകിടന്നാൽ എറണാകുളം നഗരത്തിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടും. നേവി ഡിസൈൻ അപ്രൂവ് ചെയ്തു. പോർട്ട് അതിന് സമ്മതം നൽകിയിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റ് ഇൻവോൾവ്ഡ് ആയതുകൊണ്ട് സ്ഥലം എം.പി. കൂടി ഇടപെട്ട് അവിടെ മീറ്റിംഗ് വിളിച്ചു. അതിനെല്ലാം അംഗീകാരം കൊടുത്തുകഴിഞ്ഞു. അതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എത്രയും വേഗം തയ്യാറാക്കുന്നതിന് പോർട്ട് പോസിറ്റീവായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പ്രാദേശികമായി ഒരു മീറ്റിംഗും വിളിച്ചുചേർത്തിട്ടുണ്ട്. ഈ രണ്ട് മേൽപ്പാലങ്ങളും എറണാകുളം നഗരത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ ഡി.പി.ആർ. അതിവേഗം തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2016-17 -ലെ ബജറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത മേൽപ്പാലങ്ങൾക്ക് ഭരണാനുമതി നൽകുകയും RBDCK-യെ പ്രത്യേക നിർമ്മാണ ഏജൻസിയായി നിയമിക്കുകയും ചെയ്തു. അതിന്റെ ഡി.പി.ആർ. കൺസൾട്ടന്റ്, സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചപ്പോൾ പരിസരവാസികൾ അത് തടസ്സപ്പെടുത്തി. സാധാരണയായി ഇത് എറണാകുളത്ത് പതിവാണ്. ഞാൻ ഇന്നലെയും പറഞ്ഞതാണ്. നാലുപേർക്ക് അഞ്ച് അഭിപ്രായമാണുള്ളത്. അതുകൊണ്ട് അവർ തടസ്സപ്പെടുത്തി. തടസ്സപ്പെടുത്തുമ്പോൾ ഗവൺമെന്റിനോടൊപ്പം നിൽക്കാൻ ആരുമുണ്ടാകാറില്ല. ഇതുപറഞ്ഞ ഒരു നേതാവിനെയും അവിടെ കാണാനില്ല. ഇത് എറണാകുളത്തെ പ്രശ്നമാണ്. ഞാൻ എറണാകുളത്ത് വന്ന് പറയാനിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുള്ള പ്രശ്നം ഇതാണ്. ഇത് നടപ്പാക്കണമെന്ന് അങ്ങേയ്ക്ക് താല്പര്യമുണ്ട്. പക്ഷേ വേറെ കുറേപ്പേർ അത് തടസ്സപ്പെടുത്തി. 2010-ൽ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കൊച്ചി കോർപ്പറേഷൻ കെ.എസ്.യു.ഡി.പി.-ജെ.എൻ.എൻ.യു.ആർ.എം. നിബന്ധനപ്രകാരം പദ്ധതി തയ്യാറാക്കി. നാലുവരി പാതയുടെ രണ്ട് വശത്തും സൈക്കിൾ ട്രാക്കുകളും ഫുട്പാത്തുകളും ഉൾപ്പെടെ 24.25 മീറ്റർ വീതിയുള്ള പാലത്തിനായി സ്ഥലം ഏറ്റെടുപ്പ് ആരംഭിച്ചതായും ഏറ്റെടുത്ത

സ്ഥലത്തിനുള്ള വില കൊച്ചി കോർപ്പറേഷൻ നൽകിയില്ലെന്നും ആരോപിച്ചാണ് പരിസരവാസികൾ ഇൻവെസ്റ്റിഗേഷൻ നടപടി തടസ്സപ്പെടുത്തിയത്. കോർപ്പറേഷന്റെ മുന്നിലല്ല സമരം, പാലം പണിയണ്ട എന്നുള്ളതാണ്. അതാണ് സമരത്തിന്റെ പ്രത്യേകത. കോർപ്പറേഷന്റെ മുന്നിൽ പോയി സമരം ചെയ്താൽ, ആ തുക അവർ കൊടുക്കും. ഈ സാഹചര്യത്തിൽ പദ്ധതിയുടെ വിശദാംശങ്ങൾ കൈമാറുവാൻ ആർ.ബി.ഡി.സി.കെ. കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെട്ടു. അത് ഇന്നുവരെ ലഭ്യമാക്കിയിട്ടില്ല, അത് അങ്ങ് അറിഞ്ഞിരിക്കണം. ഇതുമാത്രമല്ല തമ്മനം-മുല്ലപ്പള്ളി റോഡിന്റെയും വിശദാംശങ്ങൾ ഇതുവരെയും ഗവൺമെന്റിനെ ഏല്പിച്ചിട്ടില്ല. ഇപ്പോൾ ഏല്പിച്ചിട്ടുണ്ടെങ്കിലേയുള്ളൂ. ഇത് അറിഞ്ഞിരിക്കണം. കൊച്ചി കോർപ്പറേഷൻ മേയർ എഫിഷ്യന്റായ ഒരാളാണ്. മേയറെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. 14-7-2016-ന് ഞാൻ നടത്തിയ എറണാകുളം നഗര വികസന അവലോകന യോഗത്തിൽ വച്ച് മേൽ പദ്ധതിക്ക് കൊച്ചി മേയറുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റീംഗ് നടത്താൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ഒരു വർഷം കഴിഞ്ഞ്, 16-8-2017-ന് യോഗം ചേർന്നു. കൺസൾട്ടന്റ് ട്രാഫിക് സ്റ്റഡി നടത്തുകയും നാലുവരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ 22 മീറ്റർ വീതിയിൽ മേല്പാലം നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലത്തെ വിശദവിവരങ്ങൾ നൽകാൻ പലവട്ടം ആവശ്യപ്പെട്ടിട്ടും വിവരങ്ങൾ ലഭിക്കുകയുണ്ടായില്ല. ഈ വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. യുടെയും കൊച്ചി കോർപ്പറേഷന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും അധികൃതരുടെ ഒരു യോഗം വിളിച്ചുചേർക്കാൻ 31-1-2018-ന് എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ആർ.ബി.ഡി.സി.കെ. കത്ത് എഴുതിയിട്ടുണ്ട്. യോഗം ചേർന്നോ എന്ന് എനിക്കറിയില്ല.

2017-18-ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ വാത്തുരുത്തി റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 30 കോടി രൂപ വകയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 10-7-2017-ലെ ജി.ഒ. പി.ഡബ്ല്യു.ഡി. നമ്പർ പ്രകാരം തത്വത്തിൽ അനുമതി നൽകുയും ചെയ്തു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ പദ്ധതി നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇടപ്പള്ളി-അരൂർ റോഡിലെ വാത്തുരുത്തി റെയിൽവേ ഗേറ്റിന് പകരമാണ് ഈ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. വാത്തുരുത്തി മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണ്. ഈ സ്ഥലം

ഉപയോഗിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് എൻ.ഒ.സി. നൽകിയിട്ടില്ല. ആയതിനാൽ മേൽപ്പാലത്തിന് അലൈൻമെന്റ് തീരുമാനിക്കുന്നതിന് 2013 മുതൽ കൊച്ചിൻ തുറമുഖ ട്രസ്റ്റുമായി ചർച്ചകൾ തുടരുകയാണ്. 4-2-2012-ൽ അന്നത്തെ കേന്ദ്ര മന്ത്രി ശ്രീ. കെ. വി. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ വാത്തുരുത്തി മേൽപ്പാലത്തിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്താൻ ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി. ഇപ്പോൾ ആറുവർഷം കഴിഞ്ഞു. 2017-18 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയശേഷം ആർ.ബി.ഡി.സി.കെ. കൊച്ചിൻ പോർട്ട് ട്രസ്റ്റിന് മൂന്ന് അലൈൻമെന്റ് ഓപ്ഷനുകൾ 25-11-2017-ൽ സമർപ്പിക്കുകയുണ്ടായി. കൊച്ചിൻ പോർട്ട് ട്രസ്റ്റ് 18-12-2017-ൽ അലൈൻമെന്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. പോർട്ട് ട്രസ്റ്റ് മുന്നോട്ടുവച്ച ഉപാധികൾ പരിശോധിച്ച ശേഷം 25-1-2018-ന് മറുപടി നൽകിയിട്ടുണ്ട്. 3-2-2018-ന് പോർട്ട് ട്രസ്റ്റിൽ നിന്നും വീണ്ടും ചില ഉപാധികൾ ഉൾപ്പെടുത്തി ഒരു കത്ത് ലഭിച്ചിട്ടുണ്ട്. രണ്ടാമതായി നിർദ്ദേശിച്ച മാറ്റങ്ങൾ പരിശോധിച്ചുവരികയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ, നേവി വിമാനത്താവളത്തിന്റെ സമീപത്തായതിനാൽ നേവിയുടെയും അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. നേവിയുടെയും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും അനുമതി ലഭിച്ചശേഷമേ കേന്ദ്ര റെയിൽവേയുടെ അനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷമേ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിക്കാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് വകുപ്പിൻ കീഴിൽ വരുന്നതാണിത്. നമ്മുടെ വകുപ്പിൽ മറ്റ് തടസ്സങ്ങളൊന്നുമില്ല. ചെലവഴിക്കാനുള്ള തുകയ്ക്കും പ്രശ്നമില്ല. ഇനി എന്താണ് ചെയ്യേണ്ടതെന്ന് ആലോചിച്ച് തീരുമാനിക്കാം. സമരക്കാരോട് എനിക്ക് ചോദിക്കാനുള്ളത്, ഭൂമിക്ക് ന്യായ വില നൽകുന്നതിന് ഞങ്ങൾ കത്തുകൊടുത്താൽ മതിയോ? അവർക്ക് പല കാര്യവും പരിശോധിക്കാനുണ്ടാകും; അതിന് സാവകാശം നൽകണം. സമരം ചെയ്തിട്ട് എന്താണ് കാര്യം; അത് ആരുടെ കുറ്റമാണ്; ഇതിന് എന്തിനാണ് സമരം ചെയ്യുന്നത്? കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവാദം തരണം.

ശ്രീ. ഹൈബി ഈഡൻ: സമരക്കാർക്ക് തുക നൽകിയതിനാൽ സമരം അവസാനിപ്പിച്ചു.

ശ്രീ. ജി. സുധാകരൻ: സമരം തീർന്നെങ്കിൽ വളരെ സന്തോഷം.

## (20) കലോത്സവത്തിന് കൂടുതൽ തുക

ശ്രീമതി യു. പ്രതിഭ ഹരി: സർ, അഖില കേരള ടെക്നിക്കൽ കലോത്സവം വളരെ വേറിട്ട മുദ്രാവാക്യത്തോടുകൂടി ചിട്ടയായി ഈ വർഷം നടക്കുകയുണ്ടായി. ഈ മേളയുടെ മുദ്രാവാക്യം തന്നെ, 'കുട്ടികളുടെ മത്സരമല്ല, ഇത് കുട്ടികളുടെ

ഉത്സവമാണ് എന്നാണ്. നമ്മുടെ സംസ്ഥാനത്ത് 39 ടെക്നിക്കൽ ഹൈസ്കൂളുകളിലായി 7996 വിദ്യാർത്ഥി-വിദ്യാർത്ഥിനികളാണ് പഠിക്കുന്നത്. 9 ഐ.എച്ച്.ആർ.ഡി. ഹയർ സെക്കണ്ടറി സ്കൂളുകളുമുണ്ട്. 47 സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുക്കുന്ന, മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഏകദേശം 25 ലക്ഷം രൂപയിലധികം ചെലവുവരുന്ന ഈ കലാമേളയ്ക്ക് വർഷങ്ങളായി ഒരു ലക്ഷം രൂപ മാത്രമാണ് കാലാകാലങ്ങളായി കൊടുത്തുകൊണ്ടിരിക്കുന്നത്. ടെക്നിക്കൽ ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളടക്കം വലിയ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുകയാണ്. ഇവരുടേത് സാങ്കേതിക വിദ്യാഭ്യാസമായതുകൊണ്ടുതന്നെ കലാരംഗത്തുകൂടി അവരുടെ മികവ് തെളിയിക്കേണ്ടത് ആവശ്യമാണ്. ഹൈസ്കൂളിലും ഹയർസെക്കണ്ടറി സ്കൂളിലും പഠിക്കുന്ന കുട്ടികളെപ്പോലെയുള്ളവർ തന്നെയാണ് ടെക്നിക്കൽ സ്കൂളിലും പഠിക്കുന്നത്. ഈ കുട്ടികളോട് ഒരു വിവേചനവും പാടില്ല. അതുകൊണ്ട് വരുംവർഷങ്ങളിൽ നടക്കുന്ന കലാമേളയ്ക്കായി 20 ലക്ഷം രൂപയെങ്കിലും നൽകുന്നതിനും ഈ വർഷം നടത്തിയ മേളയ്ക്ക് 10 ലക്ഷം രൂപ കൂടി അധികമായി നൽകുന്നതിനുമുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലെ അഖില കേരള ടി.എച്ച്.എസ്. കലോത്സവത്തിന്റെയും കായികമേളയുടെയും നടത്തിപ്പിന് സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വിഹിതമായി ഒരു ലക്ഷം രൂപയാണ് ഫണ്ടിനത്തിൽ അനുവദിച്ചിരുന്നത്. കഴിഞ്ഞ മൂന്ന് അക്കാദമിക് വർഷങ്ങളിലെ സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് പരിശോധിച്ചതനുസരിച്ച് കലോത്സവത്തിന്റെയും കായികമേളയുടെയും ചെലവുകൾ വർദ്ധിച്ചതായി കണ്ടെത്തിയതിനാൽ സർക്കാർ വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിശോധിച്ച് സർക്കാർ അനുകൂല നടപടി സ്വീകരിക്കും.

## (21) സ്കൂളുകൾ ഹൈടെക് ആക്കുന്ന നടപടി

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സ്കൂളുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടിയാണ് ഏറ്റവും കൂടുതൽ പ്രതീക്ഷയോടെ നോക്കിക്കണ്ട സുപ്രധാനമായ ഒരു പ്രഖ്യാപനം. അത് ഫലപ്രദമായി നടപ്പാക്കുന്നതിൽ വന്നിരിക്കുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേക

താല്പര്യമെടുത്തുകൊണ്ട് നല്ല നിലയിൽ ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇപ്പോൾ ഗവൺമെന്റ് കുറച്ച് സ്കൂളുകൾക്കായി 5 കോടി രൂപ അനുവദിക്കുകയുണ്ടായി. പദ്ധതി നടപ്പാക്കിയപ്പോൾ സംസ്ഥാനമൊട്ടാകെ ഒരു ഏജൻസിതന്നെ വർക്ക് എടുത്തതായിട്ടാണ് മനസ്സിലാക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ എല്ലാ സ്കൂളുകളിലും ഇത് പ്രായോഗികമായി നടപ്പാക്കുന്നതിന് ചില വൈഷമ്യങ്ങൾ വരുന്നതായിട്ടാണ് സ്കൂളിൽ യോഗം ചേർന്നപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അത് പ്രത്യേകം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് നൽകുന്ന 5 കോടി രൂപയുടെ കൂടെ എം.എൽ.എ.-മാർ അസെറ്റ് ഫണ്ടിൽ നിന്നോ മറ്റ് രീതിയിലോ കണ്ടെത്തിയിരിക്കുന്ന തുകയുടെ ടെണ്ടർ നടന്നിട്ടില്ല. ആ തുകയ്ക്ക് ഭരണാനുമതി നൽകുന്നത് എങ്ങനെയാണ്; ടെണ്ടർ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അനുബന്ധമായി ചെയ്താൽ മാത്രമേ ഈ പദ്ധതി ഒന്നിച്ച് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളെന്തൊക്കെയാണ്; അതോടൊപ്പംതന്നെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തിയുടെ കൂടെ എം.എൽ.എ. ഫണ്ടിൽ നിന്നും കമ്പ്യൂട്ടറുകൾ കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഗവൺമെന്റിന്റെ ഉത്തരവുപ്രകാരം കോട്ടയം കളക്ടറേറ്റ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ നേരത്തേ ചോദിച്ചിരുന്ന സ്കൂളുകൾക്ക് കൊടുക്കാൻ തീരുമാനമെടുത്തിരുന്നു. അത് ടെണ്ടർ ചെയ്ത് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇപ്പോൾ ലാപ്ടോപ്പ് കൊടുക്കുന്നതിനുള്ള നിർദ്ദേശം വന്നിരിക്കുന്നത്. ഡെസ്ക് ടോപ്പ് ഒഴിവാക്കണമെന്നാണ് കളക്ടറേറ്റിൽ നിന്നും പറയുന്നത്. സ്കൂളുകൾ ചോദിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് എം.എൽ.എ.-മാർ കത്തുകൾ കൊടുക്കുന്നത്. ഇങ്ങനെ വരുന്ന ചില അവ്യക്തതകൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് ആവശ്യമായതുകൊണ്ടാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 141 സ്കൂളുകൾക്ക് അഞ്ച് കോടി രൂപ വീതവും 229 സ്കൂളുകൾക്ക് മൂന്ന് കോടി രൂപ വീതവും അനുവദിക്കുകയുണ്ടായി. ഈ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഭരണാനുമതി നൽകിക്കഴിഞ്ഞു. കിഫ്ബിയിൽ നിന്നാണ് അഞ്ച് കോടി രൂപാ വീതം നൽകുന്നത്. കിഫ്ബിയിൽ നിന്നും നീക്കിവച്ച അഞ്ചുകോടി രൂപ 141 സ്കൂളുകളിൽ 138 സ്കൂളുകൾക്കും,

മൂന്ന് കോടി രൂപ 229 സ്കൂളുകളിൽ 70 സ്കൂളുകൾക്കുമുള്ള ടെണ്ടർ നടപടി നടന്നു കൊണ്ടിരിക്കുകയാണ്. ബാക്കി സ്കൂളുകൾ ഉടൻതന്നെ ടെണ്ടർ പ്രക്രിയയിലേയ്ക്ക് എത്തും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബാക്കിവരുന്ന സമാഹരിക്കപ്പെട്ട പണത്തിനാവശ്യമായ ടെണ്ടറും തുടർന്ന് നടക്കുന്നതാണ്. ഇതൊരു തുടർ പ്രക്രിയയാണ്. എല്ലാംകൂടി ഒന്നിച്ച് നടത്തുക എന്നതല്ല, തുടക്കമെന്നുള്ള നിലയിൽ ചില പ്രശ്നങ്ങൾ ചിലപ്പോൾ ഉണ്ടാകാം. അങ്ങ് സൂചിപ്പിച്ചതുപോലെ അതത് സമയംതന്നെ അക്കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത്, എം.എൽ.എ.-മാരുമായി ചർച്ച ചെയ്യണമെങ്കിൽ അത് ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ഏതായാലും ഓരോ സ്കൂളിനുമുണ്ടാക്കിയ മാസ്റ്റർപ്ലാൻ അനുസരിച്ച് അഞ്ച് കോടി രൂപയും ബാക്കി തുക ടെണ്ടർ ചെയ്ത് ഏപ്രിൽ മാസം ആദ്യത്തോടുകൂടി, പരീക്ഷകൾ കഴിഞ്ഞ് ക്ലാസ്സുകൾ കഴിഞ്ഞയുടൻതന്നെ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനുള്ള പ്രവർത്തനമാരംഭിക്കും. അടുത്ത ഡിസംബറോടുകൂടി പണി പൂർത്തീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ പ്ലാൻ. അതനുസരിച്ചുള്ള പ്രവർത്തനമാരംഭിച്ചു. ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ പ്രത്യേകിച്ച് അറിയിച്ചാൽ ചർച്ച നടത്തി പരിഹരിക്കാം. പൊതുവായിട്ടുണ്ടെങ്കിൽ അതും പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം. സംസ്ഥാനത്തെ എല്ലാ എയ്ഡഡ്-സർക്കാർ സ്കൂളുകളിലും 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ക്ലാസ് മുറികൾ സജ്ജമാകുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിക്കും. അത് നേരത്തെ അറിയിച്ചിട്ടുള്ളതാണ്. ജൂൺ മാസത്തോടെ ഈ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയും. ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ച് മെച്ചപ്പെട്ട രീതിയിൽ അദ്ധ്യയനം നടത്താൻ സഹായകരമായ പരിശീലനം അവധിക്കാലത്ത് അദ്ധ്യാപകർക്ക് നൽകുന്നതാണ്. അദ്ധ്യാപകർക്ക് സഹായകമാകുംവിധം ഡിജിറ്റൽ വിഭവങ്ങളുൾപ്പെടുന്ന സമഗ്ര പോർട്ടലും സജ്ജമായിവരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ, ഒരേ രീതിയിലുള്ള കമ്പ്യൂട്ടറുകൾ അല്ലെങ്കിൽ സമഗ്ര പോർട്ടൽ രീതിയിലുള്ള സംവിധാനങ്ങൾ എല്ലാ സ്കൂളുകളിലും ഉപയോഗിക്കാൻ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ടാണ് ഒരുപോലുള്ള കമ്പ്യൂട്ടറുകൾ വേണമെന്ന് നിർദ്ദേശിച്ചത്. ലാപ്ടോപ്പ് ആണോ ഡെസ്ക്ടോപ്പ് ആണോ എന്നത് സംബന്ധിച്ച ഓപ്ഷൻ കൊടുക്കാൻ കഴിയും. അങ്ങയുടെ മണ്ഡലത്തിൽ അത്തരത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യം പരിഹരിക്കാവുന്നതേയുള്ളൂ. ഏതായാലും ഓരോ സ്കൂളിനും ആവശ്യമായ സൗകര്യങ്ങളും അതേസമയം സമഗ്ര പോർട്ടൽ പോലെ മൊത്തമായിട്ടുള്ള സംവിധാനങ്ങളും എല്ലാ ദിക്കിലും ഉപയോഗിക്കത്തക്ക വിധം രണ്ടും കൂടിചേർന്നിട്ടുള്ള രീതിയാണ് നടപ്പിലാക്കേണ്ടത്. തീർച്ചയായും അത്തരം എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അറിയിക്കണം. ആദ്യമായി ഈ

പദ്ധതി നടപ്പിലാക്കുന്നുവെന്നതുകൊണ്ട് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. വളരെ പ്രധാനപ്പെട്ട ഒരു സബ്മിഷനാണ്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ട് ജൂൺ മാസത്തോടുകൂടി 141 സ്കൂളുകളേയും ഹൈടെക് ആക്കാൻ സാധിക്കും.

## (22) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം

ശ്രീ. എം. സ്വരാജ്: സർ, സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമന അംഗീകാരം ഒരു നീതിയുമില്ലാതെ നീണ്ടുപോകുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സർക്കാർ അനുവദിച്ച തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം കൊടുക്കാൻ കഴിയാതിരിക്കുന്നത് ശരിയല്ല. മുമ്പ് സ്കൂളുകളും ബാച്ചുകളും അനുവദിക്കുമ്പോൾ അതിനാവശ്യമായ തസ്തികകൾ അനുവദിക്കാത്ത സാഹചര്യ മുണ്ടായിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക താല്പര്യമെടുത്ത് വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പുംകൂടി ചേർന്നുകൊണ്ട് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അതിന് ഞാൻ പ്രത്യേകമായി സർക്കാരിനെ അഭിനന്ദിക്കുകയാണ്. എന്നാൽ ഇത്തരത്തിൽ അനുവദിച്ച തസ്തികകളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ മാത്രം ഏതാണ്ട് 1500-ഓളം നിയമനങ്ങൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. നിയമന അംഗീകാരത്തിനു വേണ്ടിയുള്ള അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളിൽ കെട്ടിക്കിടക്കുകയാണ്. അംഗീകാരം നൽകാതെ നീട്ടിക്കൊണ്ടുപോകുന്നതിന് പിന്നിൽ അഴിമതിയും മറ്റ് അനഭിലഷണീയ പ്രവണതകളുമാണെന്ന് ന്യായമായും സംശയിക്കേണ്ടിവരും. പ്രൈമറി തലം മുതൽ ഐ.ടി. സാക്ഷരതയും ഐ.ടി. പഠനവുമെല്ലാം നടക്കുന്ന ഇക്കാലത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഓൺലൈൻ ആക്കിയിട്ടും നിയമനാംഗീകാരം ഓൺലൈൻ ആക്കാത്തത് ഉദ്യോഗസ്ഥ തലത്തിലെ അഴിമതിക്ക് സഹായകമാകുകയാണ്. ഇത് ഒഴിവാക്കുന്നതിനുവേണ്ടി ലോവർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറിവരെയും എയ്ഡഡ് കോളേജുകളിലും അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഓൺലൈൻ ആക്കി സമയബന്ധിതമായി നടപ്പാക്കണമെന്നും ഇതിന്റെ ഭാഗമായി വരാനിടയുള്ള അഴിമതിയും അനഭിലഷണീയമായ പ്രവണതകളും ഇല്ലാതാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷൻ.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് - 11 കെ.ഇ.ആർ. അദ്ധ്യായം 14 (എ) ചട്ടം (1) പ്രകാരം എയ്ഡഡ് പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും കെ.ഇ.ആർ. അദ്ധ്യായം 32 ചട്ടം (5) പ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളുടെ അധികാരി അതത് സ്കൂൾ മാനേജർ മാരാണ്. കെ.ഇ.ആർ. അദ്ധ്യായം 14 (എ) ചട്ടം (8) പ്രകാരം നിയമനം നേടിയ അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച് 15 ദിവസത്തിനകം മാനേജർ നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കണമെന്നും തുടർന്ന് ഒരു മാസത്തിനുള്ളിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നിയമനാംഗീകാര ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസുകളിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. തസ്തിക നിർണ്ണയം, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമന ഉത്തരവുകളുടെ സമർപ്പണം, നിയമനാംഗീകാരം എന്നിവ സുതാര്യമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതിനായി പ്രീ-പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷ മാനേജർമാരിൽ നിന്നും ഓൺലൈൻവഴി സ്വീകരിച്ച് ഓൺലൈൻവഴിത്തന്നെ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഒരു അഴിമതിയും ഈ സർക്കാർ അംഗീകരിക്കില്ല, വച്ചുപൊറുപ്പിക്കില്ല. കെ.ഇ.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇന്ന് 25 സബ്മിഷനുകളാണുള്ളത്. ഒരു മിനിട്ടുകൊണ്ട് തീർക്കണമെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞെങ്കിലും യാതൊരു നിയന്ത്രണവുമില്ലാതെ പോവുകയാണ്.

## (23) തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ മണ്ഡലത്തിലെ കൂവപ്പടി പഞ്ചായത്തിലെ കപ്രിക്കാട് 'അഭയാരണ്യം' വനം വകുപ്പിന് കീഴിലെ ഏറ്റവും പ്രധാനപ്പെട്ട ഇക്കോ ടൂറിസം കേന്ദ്രമാണ്. 250 ഏക്കർ സ്ഥലമാണ് ഈ കേന്ദ്രത്തിനുള്ളത്. ഇതിന്റെ പ്രവേശന കവാടം ഏകദേശം 20 ഏക്കർ വരുന്ന അക്കേഷ്യ തോട്ടമാണ്. ആസ്ട്രേലിയൻ വനമേഖലയിലെ വിദേശീ മരമായ അക്കേഷ്യ ഒരു ഗുണവുമില്ലാത്തതാണ്. ഇതിൽ പൂക്കളുണ്ടെങ്കിലും തേനീച്ചയോ പൂമ്പാറ്റയോ തേൻകുരുവിയോ ഈ പൂക്കളിൽവരുന്നില്ല. മെഴുകുപോലെയുള്ള

ഇതിന്റെ ഇലകൾ മണ്ണിൽ വേഗം അഴുകുന്നില്ല. സമീപത്ത് മറ്റ് മരങ്ങൾ വളരുന്നതിനും ഇത് തടസ്സമാണ്. വരൾച്ചയെ അതിജീവിക്കുന്ന ഇതിന്റെ വേര് 36 മീറ്ററിലധികം മണ്ണിൽ ഇറങ്ങിച്ചെന്ന് ജലാംശവും ലവണവും ഊറ്റിയെടുക്കുന്നു. യാതൊരു ഫലവും ഇതിലുണ്ടാകുന്നില്ല. ഇതിലുള്ള പൂമ്പൊടി വായുവിൽ കലർന്ന് പരിസരവാസികൾക്ക് അലർജിയും ശ്വാസകോശ രോഗങ്ങളുമുണ്ടാക്കുന്നു. ഇതിന്റെ തടി യാതൊരു ഗുണവുമില്ലാത്തതാണ്. ഫർണിച്ചർപോലും നിർമ്മിക്കാൻ സാധിക്കില്ല. വിറകിന് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വനമേഖലയ്ക്കും പുല്ലിനങ്ങൾക്കും ഇത് കടുത്ത ഭീഷണിയാണ്. നമ്മുടെ നാടിന് അനുയോജ്യമല്ലാത്ത, ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന, പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വിദേശീയ അക്കേഷ്യ മരങ്ങൾ മുറിച്ചുകളയണമെന്നതാണ് എന്റെ സബ്മിഷൻ. പകരം പ്രകൃതിക്കിണങ്ങുന്നതും ഭക്ഷണം, ഇന്ധനം, വളം, ഫൈബർ തുടങ്ങിയവ നൽകുന്നതുമായ നാടൻ ഫലവൃക്ഷങ്ങൾ 'അഭയാരണ്യം' ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് വച്ചുപിടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷൻ മുഖേന ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ഗ്രാമപഞ്ചായത്തിൽ പെരിയാർ പുഴയുടെ തീരത്തായി കപ്രിക്കാട് വനമേഖലയിൽ മലയാറ്റൂർ ഇടയിറ റിസർവ് വനത്തിൽപ്പെട്ട 133 ഹെക്ടർ സ്ഥലത്തായി 'അഭയാരണ്യം' സ്ഥിതിചെയ്യുന്നു. പല കാരണങ്ങളാൽ തനത് ആവാസ മേഖലകളിൽനിന്നും വഴിതെറ്റി നാട്ടിലെത്തുന്നതും വിവിധ കാരണങ്ങളാൽ മുറിവേറ്റതുമായ വന്യമൃഗങ്ങളെ പുനരധിവസിപ്പിച്ച് പരിപാലിക്കുകയും വന്യജീവി സമ്പത്തിനെയും പരിസ്ഥിതി ശാസ്ത്രത്തെയും കുറിച്ചുള്ള അവബോധം വിജ്ഞാനപ്രദമായ രീതിയിൽ സാധാരണ ജനങ്ങൾക്ക് പകർന്നുകൊടുക്കുകയുമാണ് 'അഭയാരണ്യ'ത്തിന്റെ പ്രധാന ലക്ഷ്യം. പെരിയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന 'അഭയാരണ്യ'ത്തിലെ വന്യജീവികളെ നേരിൽക്കാണുന്നതിനും കാനനഭംഗിയും പെരിയാർ പുഴയുടെ സൗന്ദര്യവും ആസ്വദിക്കുന്നതിനുമായി നിരവധി വിനോദസഞ്ചാരികളും പരിസ്ഥിതി പ്രേമികളും സാധാരണ ജനങ്ങളും നിത്യേന ഈ പ്രദേശം സന്ദർശിക്കുന്നുണ്ട്. ചുരുങ്ങിയ കാലത്തിനുള്ളിൽ 'അഭയാരണ്യ'വും അതിനു ചുറ്റുമുള്ള വനപ്രദേശവും കേരളത്തിലെ അറിയപ്പെടുന്ന ഒരു പ്രകൃതി പഠന മേഖലയായി മാറിയിരിക്കുന്നു. ഇവിടെ വ്യാപകമായി നട്ടുപിടിപ്പിച്ചിരിക്കുന്ന അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം പുനഃസൃഷ്ടിക്കണമെന്ന നിർദ്ദേശത്തിന് വളരെ പ്രാധാന്യമുണ്ട്.

അക്കേഷ്യ ജനുസ്സിൽപ്പെട്ട മരങ്ങളുടെ സ്വാഭാവിക ആവാസ സ്ഥലം ആസ്ട്രേലിയൻ ഭൂഖണ്ഡമാണ്. നമ്മുടെ സംസ്ഥാനത്തുള്ള പ്രക്ഷീണ വനപ്രദേശം ഹരിതവൽക്കരിക്കുന്നതിന് അക്കേഷ്യ മരങ്ങൾ അനുയോജ്യമാണെന്ന് കണ്ടെത്തുകയും വൻതോതിൽ വനമേഖലയിലും വനത്തിന് പുറത്തുള്ള മേഖലകളിലും അക്കേഷ്യ, അക്കേഷ്യ മാഞ്ചിയം എന്നീ ഇനത്തിൽപ്പെട്ട മരങ്ങളുടെ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പും നമ്മുടെ രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ അക്കേഷ്യ മരങ്ങൾ സ്വകാര്യ മേഖലകളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

അക്കേഷ്യ ഇനത്തിൽപ്പെട്ട മരങ്ങൾ പയർവർഗ്ഗത്തിൽപ്പെടുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നതിന് ഇത്തരം ചെടികൾ സഹായിക്കുന്നു. വർഷം മുഴുവൻ പച്ചപ്പ് നിലനിർത്തുന്ന ഈ മരം തരിശുഭൂമിയുള്ള സംസ്ഥാനങ്ങളിൽ വനവൽക്കരണം നടത്തുന്നതിന് അനുയോജ്യമാണ്. കേരളത്തിൽ വനാധിഷ്ഠിത വ്യവസായ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് തുടങ്ങിയവ പൾപ്പിനായി ഈ മരം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ഫർണിച്ചർ പോലുള്ള ചെറിയ വ്യവസായങ്ങൾക്ക് ഈ മരത്തിന്റെ കാതൽ ഉപയോഗപ്പെടുത്തുന്നു. ഇവയുടെ വിറക് നല്ല ഇന്ധനമാണ്.

കേരളത്തിന്റെ കാലാവസ്ഥയിൽ ഈ മരങ്ങൾ മികച്ച രീതിയിൽ വളരുന്നു. ഇവയുടെ വിത്തിൽനിന്നുമുള്ള സ്വാഭാവിക പുനരുല്പാദനം കൂടാതെ അവയുടെ കുറ്റിയിൽനിന്നും വളരെ വേഗത്തിൽത്തന്നെ പുനരുല്പാദനമുണ്ടാകുന്നു. അക്കേഷ്യ മരങ്ങൾ പരിസ്ഥിതിക്ക് ദോഷമാണെന്നും ശീഘ്രവളർച്ചയുള്ള ഈ മരങ്ങൾ ജലചൂഷണം നടത്തുന്നുണ്ടെന്നും ഇതിന്റെ പൂമ്പൊടി ആരോഗ്യത്തിന് ഹാനികരമാണെന്നുമുള്ള ധാരണ നിലവിലുണ്ട്. പൊതുജനങ്ങൾക്കിടയിൽ ഈ ഇനം മരങ്ങളെക്കുറിച്ച് അവമതിപ്പുണ്ടായ സാഹചര്യത്തിലും മൃഗങ്ങൾക്ക് ഇത് ഭക്ഷ്യയോഗ്യമല്ലാത്തതിനാലും കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലെന്നും മനസ്സിലാക്കി പുതിയതായി അക്കേഷ്യ മരത്തോട്ടം വച്ചുപിടിപ്പിക്കരുതെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കപ്രിക്കാട് 'അഭയാരണ്യം' പ്രദേശത്ത് 2000-ൽ വച്ചുപിടിപ്പിച്ച പൾപ്പ് വുഡ് പ്ലാന്റേഷനിൽപ്പെട്ട 13.27 ഹെക്ടർ അക്കേഷ്യ തോട്ടമാണ് നിലവിലുള്ളത്. ഇതിൽ 8.27 ഹെക്ടർ അക്കേഷ്യ തോട്ടവും 5 ഹെക്ടർ അക്കേഷ്യ മാഞ്ചിയം തോട്ടവുമാണ്. അക്കേഷ്യ മരങ്ങൾ ഒന്നിച്ച് മുറിച്ചുനീക്കുന്നത് 'അഭയാരണ്യ'ത്തിന്റെ പരിസ്ഥിതിക്കും അവിടെയുള്ള മൃഗങ്ങളുടെ ആവാസവ്യവസ്ഥയ്ക്കും ഗുരുതരമായ ആഘാതം സൃഷ്ടിക്കുന്നതാണ്. എന്നിരുന്നാലും സിൽവികൾച്ചർ റൊട്ടേഷനിലെത്തിയിട്ടുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുനീക്കുന്നത് വനശാസ്ത്രപരമായ ആവശ്യംകൂടിയാണ്. ടി

പ്രദേശം റിസർവ് വനമാകയാൽ ആവശ്യമായ അനുമതി ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അവ ഘട്ടംഘട്ടമായി മുറിച്ചുനീക്കി തദ്ദേശീയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (24) അജൈവ മാലിന്യങ്ങൾ കത്തിക്കൽ

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്താണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. വർഷന്തോറും 50000 ക്യാൻസർ രോഗികളാണുണ്ടാകുന്നത്. 20000 പേർ മരിക്കുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. ശ്വാസകോശ രോഗങ്ങൾ പടരുന്നതിന് പ്രധാന കാരണം അന്തരീക്ഷ മലിനീകരണമാണ്. സംസ്ഥാനത്തെ പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ കത്തിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നു. പൊതുസ്ഥലത്തെ ചവർ വൃത്തിയാക്കുമ്പോൾ ലഭ്യമാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭ/പഞ്ചായത്ത് ജീവനക്കാർതന്നെ പലയിടത്തും കത്തിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം പ്ലാസ്റ്റിക്കിൽ അടങ്ങിയിരിക്കുന്ന നാഫ്ത്തലീൻ, ബെൻസോപൈറിൻ, ഫിനാൻത്രീൻ, ഫ്യൂരിൻ തുടങ്ങിയവ അന്തരീക്ഷത്തിൽ പടരുകയും ശ്വാസകോശ ക്യാൻസറിന് കാരണമാകുകയും ചെയ്യുന്നുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇത് മനസ്സിലാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നത് വിലക്കിയിട്ടുണ്ട്. എന്നാലും ഈ വിലക്ക് മാനിക്കാതെ പലയിടത്തും കത്തിക്കുന്നതായിക്കാണുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിനും ഇവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ)</u>: സർ, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും കത്തിക്കുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന പുക ക്യാൻസർ ഉൾപ്പെടെയുള്ള മാരകമായ പല രോഗങ്ങൾക്കും ഹേതുവാകുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, വകുപ്പ് 6(2)(g) പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ക്കാണ്. മേൽ നിയമപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാസ്റ്റിക്

ക്യാരിബാഗുകളുടെ ഉപയോഗവും നിയന്ത്രണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് കവറുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. പ്രതിവർഷം 48,000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി ക്യാരിബാഗുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവഴി ഇവയുടെ വിതരണം ഗണ്യമായി കുറയ്ക്കാനാകും. ബ്ലോക്ക് അടിസ്ഥാനത്തിലും നഗരസഭാതലങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ഏറ്റവും ചുരുങ്ങിയത് 245 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. ഇതിൽ 75 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ഇതിനകം പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. നൂറോളം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ 3 മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകും. ഈ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്സ് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ നിർമ്മാണം നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ശേഖരിക്കുന്നതിനും 634 ഗ്രാമപഞ്ചായത്തുകളിലും 55 നഗരസഭകളിലും ഹരിത കർമ്മ സേനകൾ രൂപീകരിച്ചുകഴിഞ്ഞു. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് വ്യാപകമായി സർക്കാർ പ്രചരണം നടത്തുന്നുണ്ട്. ഇതുവരെയായി നഗര-ഗ്രാമപ്രദേശങ്ങളിൽ 153 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ഉപയോഗിച്ച് പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ ഗവൺമെന്റ് ബൃഹത്തായ പദ്ധതികളാണ് ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നത്.

## (25) അമിനിറ്റീസ് സെന്ററിന് കെട്ടിട നമ്പർ

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, പി.ഡബ്ല്യു.ഡി.-യുടെ പൊതു സ്ഥലത്ത് പുറമ്പോക്കായി കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ നിർമ്മാണപ്രവർത്തനം നടത്താൻ 'ആശ്വാസ്' എന്ന പൊതുമേഖല സ്ഥാപനം മുഖേന നടപടി സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി തിരൂർ നഗരസഭയിൽ അമിനിറ്റി സെന്റർ ആരംഭിക്കാനായി മുനിസിപ്പാലിറ്റിയുടെ അപേക്ഷ പ്രകാരം 35 ലക്ഷം രൂപ അനുവദിച്ചു. അതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നമ്പർ കൊടുക്കുന്നതിനുവരെ എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെടേണ്ട സ്ഥിതിയുണ്ടാകുന്നത് ദു:ഖകരമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാങ്കേതികമായി ചെയ്യേണ്ട കാര്യങ്ങളിൽപ്പോലും ഇങ്ങനെ കാലതാമസം വരുത്തുന്നത് വളരെ ദയനീയമാണ്. അതിന്റെ മറ്റ് കാര്യങ്ങൾ മുനിസിപ്പാലിറ്റി ഒരുക്കേണ്ടതാണ്. അപേക്ഷ മാനിച്ച് 35 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം

നിർമ്മിച്ചുകൊടുത്തു. പി.ഡബ്യു.ഡി. ഉദ്യോഗസ്ഥൻ അപേക്ഷ നൽകിയിട്ടും സാങ്കേതിക കാരണം പറഞ്ഞ് കെട്ടിട നമ്പർ നൽകുന്നില്ല. ജനങ്ങൾ ദുരിതമനുഭവിക്കുകയാണ്. അതിനാൽ കെട്ടിട നമ്പർ നൽകുന്നതിനുള്ള നടപടി ഉണ്ടാകണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നിലവിലുള്ള കെട്ടിട നിർമ്മാണ നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് അത് നിർമ്മിച്ചിട്ടുള്ളതെന്നാണ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പക്ഷെ ഗവൺമെന്റ് നേരത്തെതന്നെ അൺ ആതറൈസ്ഡ് ബിൽഡിംഗുകൾ റഗുലറൈസ് ചെയ്യുന്നതിന് ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. അത്തരത്തിലുള്ള സർക്കാർ ബിൽഡിംഗുകൾ റഗുലറൈസ് ചെയ്യാൻ നമുക്ക് സാധിക്കും. ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്.

## (26) സി.ആർ.ഇസഡ്. പരിധിയിലെ വാസഗൃഹങ്ങളുടെ വസ്തുനികുതി

ശ്രീ. എ. എം. ആരിഫ്: സർ, തീരദേശത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരണ ജനവിഭാഗങ്ങൾ നിർമ്മിച്ച വീടിന് കോസ്റ്റൽ റഗുലേഷൻ സോൺ മാനേജ്മെന്റ് പ്രകാരമുള്ള അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിടുമ്പോൾ, അവർക്ക് വെള്ളവും വെളിച്ചവുമെല്ലാം ലഭിക്കുന്നതിനുവേണ്ടി നൽകുന്നതാണ് അൺ ആതറൈസ്ഡ് പെർമിറ്റ് (UA Permit). ഇതൊരു താല്ക്കാലിക സംവിധാനമാണ്. എന്നാൽ ഇത്തരം വീടുവച്ചവർക്ക് സാധാരണ ഈടാക്കുന്നതിന്റെ മൂന്നിരട്ടിയോളം തുകയാണ് ഓരോ തവണയും നികുതി പുതുക്കുന്ന സന്ദർഭങ്ങളിൽ നൽകേണ്ടിവരുന്നത്. ഈ തുക നൽകുവാൻ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള സാധാരണക്കാർക്ക് കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ടുതന്നെ ഭീമമായ നികുതി കുടിശ്ശികയും വരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. തീരദേശത്ത് തൊഴിലുമായി ബന്ധപ്പെട്ട് ധാരാളം പ്രയാസങ്ങൾ നേരിടുന്ന സമയത്താണ് നികുതി കുടിശ്ശികയുടെ നോട്ടീസും മറ്റും വരുന്നത്. അതിലൂടെ അവരുടെ ജീവിതമാകെ പ്രയാസത്തിലാവുകയാണ്. ഇപ്രകാരം UA Permit നൽകിയിട്ടുള്ളവരുടെ നികുതി ഘടന മാറ്റുന്നതിന് നിയമത്തിലും ചട്ടത്തിലും ഭേദഗതിവരുത്തി അവരെ രക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും കോസ്റ്റൽ സോൺ റെഗുലേഷൻ മാനേജ്മെന്റുമായി ബന്ധപ്പെട്ടുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് യു.എ. നമ്പർ നേരത്തെ നൽകിയിരുന്നു. പക്ഷേ എല്ലാ വർഷവും മൂന്നിരട്ടി നികുതി നൽകുന്നതിന് പാവപ്പെട്ടവർക്ക് കഴിയുന്നില്ല എന്നുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വീടുകൾക്ക് യു.എ. നമ്പർ നൽകിയത് സാധാരണ നികുതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് നിയമഭേദഗതി ആവശ്യമാണ്. അതിനെക്കുറിച്ച് സർക്കാർ തീർച്ചയായും ആലോചിക്കുന്നതാണ്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ്- 1 പ്രകാരം

(ചട്ടം 47 (2) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3280, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2740, 4181, നാലാം സമ്മേളനത്തിലെ 32, 63, 157, 1837, അഞ്ചാം സമ്മേളനത്തിലെ 5451, ഏഴാം സമ്മേളനത്തിലെ 87, 88, 1664, 1672, 1692, 1716, 1826, 1827, 3368 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 1 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1259, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 3043 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 3328 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1323 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2111, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1552, നാലാം സമ്മേളനത്തിലെ 458, 502, 3772, 3775, അഞ്ചാം സമ്മേളനത്തിലെ 368, 5742, ഏഴാം സമ്മേളനത്തിലെ 383, 397, 3635, 3666 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2176 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

8. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2125 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4527, 4536, നാലാം സമ്മേളനത്തിലെ 3971 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്ന തിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

10. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 3703, 3862 അഞ്ചാം സമ്മേളനത്തിലെ 1909, 3289 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1265 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

12. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2413 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

13. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1245, ഏഴാം സമ്മേളനത്തിലെ 3081 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

14. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 362, പതിനാറാം സമ്മേളനത്തിലെ 437, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2336, 3947 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

ലിസ്റ്റ്- 2 പ്രകാരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| സംസ്ഥാന ധനകാര്യ കമ്മീഷൻ | - | അഞ്ചാമത് ധനകാര്യ കമ്മീഷൻ റിപ്പോർട്ടും (പാർട്ട് I & II) അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | ബാധകമല്ല |

# VI. റിപ്പോർട്ട് സമർപ്പണം

## 1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VII. ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

(1) ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2017

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In rule 13 (3) of Foreign Liquor Rules, 1953 amended by rule 2 of the Foreign Liquor (Second Amendment) Rules, 2017, substitute the following

"However, no such licence shall be issued to hotels having three star, four star, five star classification if located within 200 metres and to hotels having five star deluxe and heritage classification if located within 150 metres from any educational institutions, temple, church, mosque, burial ground or scheduled caste/ scheduled tribe colony."

നിലവിലുള്ള ചട്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അമ്പലം, പള്ളി, മോസ്ക്, ശ്മശാനം, എസ്.സി./എസ്.റ്റി. കോളനികൾ എന്നിവയ്ക്ക് 200 മീറ്ററിനുള്ളിൽ ത്രീ സ്റ്റാർ, ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ഡീലക്സ് ഹോട്ടലുകൾ എന്നിവ തുടങ്ങാൻ പാടില്ല. ഇപ്പോൾ പരിധി 200 മീറ്റർ എന്നത് 50 മീറ്ററാക്കി ചുരുക്കിയിരിക്കുന്നു. അത് വളരെ തെറ്റായ ഒരു കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോയിൽ പറയുന്നത്, മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കും എന്നാണ്. മാത്രമല്ല സ്കൂളുകളിൽ മദ്യത്തിനെതിരായുള്ള ബോധവൽക്കരണം ശക്തമാക്കുമെന്നും പറയുന്നുണ്ട്. ഇങ്ങനെ പറഞ്ഞിട്ട് നിലവിലുള്ള ചട്ടങ്ങൾ മാറ്റി സ്കൂൾ, പള്ളി, അമ്പലം, എസ്.സി./എസ്.റ്റി. കോളനി എന്നിവയുടെയെല്ലാം വാതിൽക്കൽ ഇത് തുറക്കുന്നത് ശരിയല്ല. ദയവായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലരുത്. ഈ നയം പുനഃപരിശോധിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ജി.ഒ. (പി) നമ്പർ 126/2017/റ്റി.ഡി. ഉത്തരവിലെ 2017 ഒക്ടോബർ 25-ലെ എസ്.ആർ.ഒ. നമ്പർ 653/2017 വിജ്ഞാപന പ്രകാരം "ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2017" പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം ത്രീ സ്റ്റാർ

ക്ലാസ്സിഫിക്കേഷനുള്ള ഹോട്ടലുകളുടെ 200 മീറ്റർ ദൂരപരിധിക്കുള്ളിലും ഫോർ സ്റ്റാറും അതിനു മുകളിൽ സ്റ്റാർ ക്ലാസ്സിഫിക്കേഷനുള്ള ഹോട്ടലുകളുടെ 50 മീറ്റർ ദൂരപരിധിക്കുള്ളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം, എസ്.സി./എസ്.റ്റി. കോളനി ഇവയിൽ ഏതെങ്കിലും സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അത്തരം ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാൻ വ്യവസ്ഥയില്ല. മദ്യശാലകൾ സ്ഥാപിക്കുന്നതിന് വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ, ശ്മശാനം എന്നിവയിൽനിന്ന് പാലിക്കേണ്ട ദൂരം 200 മീറ്ററിൽനിന്ന് 50 മീറ്ററായിക്കുറച്ചത് ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമാണ് ബാധകം. ത്രീ സ്റ്റാർ വരെയുള്ള ബാർ ഹോട്ടലുകൾ, ബിവറേജ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡറേഷന്റെയും വിദേശമദ്യ വിൽപ്പനശാലകൾ എന്നിവയ്ക്കെല്ലാം ദൂരപരിധി നിലവിലുള്ള 200 മീറ്റർ തന്നെയാണ്. അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഫോർ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകളിൽനിന്ന് മദ്യം കഴിക്കുന്നവരിൽ കൂടുതലും വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന വിനോദസഞ്ചാരികളാണ്. ഈ സാഹചര്യത്തിൽ 2017-ലെ ഭേദഗതി പ്രകാരം ദൂരപരിധിയിൽ മാറ്റംവരുത്തിയതുകൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാകില്ല.

ഫോർ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകൾക്ക് ദൂരപരിധി 2012 വരെ 50 മീറ്റർ തന്നെയായിരുന്നു. അബ്കാരി നയം രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിക്കാൻ റിട്ട. ജസ്റ്റീസ് രാമചന്ദ്രനെ മുൻസർക്കാർ കമ്മീഷനായി നിയോഗിച്ചിരുന്നു. ത്രീ സ്റ്റാർ മുതൽ മുകളിലേയ്ക്കുള്ള എല്ലാ ബാർ ഹോട്ടലുകളുടെയും ദൂരപരിധി 50 മീറ്ററായി കുറയ്ക്കണമെന്നതായിരുന്നു കമ്മീഷന്റെ ശിപാർശകളിലൊന്ന്. കേരളത്തിലെ യാത്രാ സൗകര്യവും മറ്റും പരിഗണിക്കുമ്പോൾ 200 മീറ്റർ എന്ന ദൂരപരിധി കാലഹരണപ്പെട്ടതാണെന്നാണ് കമ്മീഷൻ അഭിപ്രായപ്പെട്ടത്. എന്നാൽ കമ്മീഷൻ ശിപാർശ ഇപ്രകാരമായിരുന്നിട്ടും ത്രീ സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി കുറയ്ക്കാൻ 2017-ലെ നോട്ടിഫിക്കേഷനിലൂടെ സർക്കാർ തയ്യാറായിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുതാല്പര്യം മുൻനിർത്തിയാണ് മദ്യനയത്തിൽ തിരുത്തലുകൾ വരുത്താൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനമെടുത്തത്. കേരളത്തിലുണ്ടായിരുന്ന മദ്യനയം കേരളത്തിന്റെ ടൂറിസം മേഖലയിൽ വലിയ ആഘാതം ഉണ്ടാക്കിയിട്ടുണ്ട്. കടുത്ത മത്സരം നേരിടുന്ന രംഗമാണ് ടൂറിസം. ഈ മത്സരം നേരിട്ടാണ് ലോക ടൂറിസം ഭൂപടത്തിൽ കേരളം പ്രധാന സ്ഥാനം നേടിയത്. കേരളത്തെ സംബന്ധിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലകളിൽ ഏറ്റവും പ്രധാനമാണ് ടൂറിസം. സ്റ്റാർ ഹോട്ടലുകളിൽപ്പോലും മദ്യം കിട്ടാത്ത സാഹചര്യം വന്നപ്പോൾ സഞ്ചാരികളുടെ വരവ് കാര്യമായി കുറഞ്ഞു എന്ന വസ്തുത

കാണേണ്ടതുണ്ട്. കേരളത്തിൽനിന്ന് ദേശീയ അന്തർദ്ദേശീയ കോൺഫറൻസുകൾ മാറിപ്പോയത് ഇവിടത്തെ ഹോട്ടലുകളെയും കൺവെൻഷൻ സെന്ററുകളെയും ബാധിച്ചു. ഈ രംഗം കടുത്ത തളർച്ചയിലായി. ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു. കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഇത് ബാധിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ല. ഈ വസ്തുതകളെല്ലാം പരിഗണിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം, പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ എന്നിവയിൽനിന്നുള്ള ദൂരപരിധി ഫോർ സ്റ്റാറിനും അതിനു മുകളിലുമുള്ള ഹോട്ടലുകൾക്കും മാത്രമായി 50 മീറ്ററായി പുന:സ്ഥാപിച്ച് 2017-ൽ വിജ്ഞാപനം പുറപ്പെടുവിച്ചത്. ടൂറിസം പ്രൊമോഷന്റെ ഭാഗമായി നിലവിലുള്ള എല്ലാ സാഹചര്യങ്ങളും യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തിയും ഇതുമായി ബന്ധപ്പെട്ട് മുൻസർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ ശിപാർശകളും പഠനങ്ങളും പരിശോധിച്ചുമാണ് ഫോർ സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകളിൽ വിദേശ ടൂറിസ്റ്റുകൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുക എന്നത് ലക്ഷ്യമാക്കി 2012-ന് മുൻപ് വിദേശമദ്യ നിയമത്തിൽ ഉണ്ടായിരുന്ന സ്ഥിതി 2017-ൽ പുനഃസ്ഥാപിച്ചത്. മേല്പറഞ്ഞ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്ന ഭേദഗതി പരിഗണിക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗം തന്നെ ചൂണ്ടിക്കാണിച്ചത്, ഇവിടെ പടിപടിയായി മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് ആളുകളെ പിന്തിരിപ്പിക്കണമെന്നാണ്. അത് തത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള നിലപാട് തന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. അതിവിപുലമായ ബോധവൽക്കരണ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അദ്ദേഹം എഴുതിത്തന്ന ഭേദഗതിയിൽ 200 മീറ്റർ എന്നുള്ളത് ഫോർ സ്റ്റാറിന് മുകളിലുള്ള ഹോട്ടലുകൾക്ക് 150 മീറ്ററായി ചുരുക്കണം എന്നാണ്. ഈ ദൂരപരിധി കുറയ്ക്കണമെന്നത് അദ്ദേഹംതന്നെ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 2012 വരെ നിലവിലുണ്ടായിരുന്നത് പുനഃസ്ഥാപിച്ചു എന്നത് മാത്രമാണ് ഈ ഭേദഗതിയിലൂടെ നടപ്പിലാക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ വിദ്യാലയങ്ങൾ, ശ്മശാനങ്ങൾ എസ്.സി./എസ്.റ്റി കോളനികൾ എന്നിവയുടെ സമീപത്ത് മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ദൂരം 50 മീറ്ററായി കുറയ്ക്കുകയാണ്. അതിനാൽ ഈ അമന്റ്മെന്റിനെ വളരെ ഗൗരവത്തോടെ നമ്മൾ കാണണം. കേരളത്തെ മദ്യാലയമായി മാറ്റുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, താങ്കളുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>: 29

1. ശ്രീ. പി.കെ. അബ്ദു റബ്ബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
7. ശ്രീ. വി. ടി. ബൽറാം
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എൻ. ജയരാജ്
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. മോൻസ് ജോസഫ്
14. ഡോ. എം. കെ. മുനീർ
15. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ശ്രീ. ഒ. രാജഗോപാൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. കെ. എം. ഷാജി

25. ശ്രീ. വി. എസ്. ശിവകുമാർ
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ:</u> 60

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ആന്റണി ജോൺ
3. ശ്രീ. പി. വി. അൻവർ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. ജോർജ് എം. തോമസ്
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി

23. ശ്രീ. കെ. കുഞ്ഞിരാമൻ
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീമതി യു. പ്രതിഭ ഹരി
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. പി. ടി. എ. റഹീം
38. ശ്രീ. എം. രാജഗോപാലൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. ആർ. രാമചന്ദ്രൻ
43. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. പി. കെ. ശശി
50. ശ്രീ. ഐ. ബി. സതീഷ്

51. ശ്രീ. എ. എൻ. ഷംസീർ

52. ശ്രീ. വി. ആർ. സുനിൽ കുമാർ

53. ശ്രീ. വി. എസ്. സുനിൽ കുമാർ

54. ശ്രീ. കെ. സുരേഷ് കുറുപ്പ്

55. ശ്രീ. എം. സ്വരാജ്

56. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

57. ശ്രീ. പി. തിലോത്തമൻ

58. ശ്രീ. തോമസ് ചാണ്ടി

59. ഡോ. ടി. എം. തോമസ് ഐസക്

60. ശ്രീമതി വീണാ ജോർജ്ജ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> :

ശ്രീ. പി. സി. ജോർജ്

അനുകൂലിക്കുന്നവർ : 29

പ്രതികൂലിക്കുന്നവർ : 60

നിഷ്പക്ഷത പാലിക്കുന്നവർ : 1

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1.00 p.m.]

(2) "<u>ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2017</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

In rule 2 after the word " person" , the following words shall be inserted

"and mentally retarded and physically disabled children"

2008-ലെ Kerala Payment of Pension to Members of Legislature Amendment Act പ്രകാരം, ഒരു മുൻ നിയമസഭാ സാമാജികന്റെ കുടുംബ പെൻഷന്റെ ആനുകൂല്യം മാനസിക വളർച്ചയില്ലാത്ത മകനും മകൾക്കും, അവരുടെ പ്രായം കണക്കിലെടുക്കാതെ നൽകുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. 1988-ലെ Medical

Attendance Ex-Members of the Legislative Assembly Rules പ്രകാരം ഒരു എക്സ്-എം.എൽ.എ.യുടെ ജീവിതപങ്കാളിക്ക് മെഡിക്കൽ ആനുകൂല്യം നൽകിയിരുന്നില്ല. ഇപ്പോൾ എക്സ്-എം.എൽ.എ.മാരുടെ ജീവിതപങ്കാളിക്കുകൂടി ചികിത്സാ ആനുകൂല്യം നൽകാനാണ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നത്. എക്സ്-എം.എൽ.എ.മാരുടെ ജീവിതപങ്കാളിക്ക് ചികിത്സാ ആനുകൂല്യം നൽകുന്നതിനോടൊപ്പം അവരുടെ mentally retarded and physically disabled children-നുകൂടി അതിന്റെ ആനുകൂല്യം നൽകണമെന്നതാണ് എന്റെ ഭേദഗതി. ഈ ഭേദഗതി അംഗീകരിക്കുന്നതുകൊണ്ട് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാകില്ല. Mentally retarded and physically disabled children എന്നത് വളരെ അപൂർവ്വമായിട്ടേ ഉണ്ടാകുകയുള്ളൂ, അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 'Mentally retarded and physically disabled children' എന്നത് കൂട്ടിച്ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

(3) "ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഫസ്റ്റ് അമെന്റ്മെന്റ്) റൂൾസ്, 2017

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. In Column 3 of Form No.2 the following words and symbol shall be deleted :

"Brand Name with Chemical/Pharmacological"

2. In Form No.3, the following words and symbol shall be deleted

"countersigned" , "District Medical Officer" , "(Office seal)"

3. In Form No.4 the following words and symbol shall be deleted

"countersigned" , "Director of Health Services/Indian Systems of Medicine/Homeopathy" , "(office seal)"

ഇതും എക്സ്-എം.എൽ.എ.മാരെ ബാധിക്കുന്നതാണ്, ഇതിൽ മൂന്ന് ഭേദഗതികളുണ്ട്. അതിലൊന്ന് "Brand Name with Chemical/ Pharmacological" എന്നീ വാക്കുകൾ നീക്കം ചെയ്യുക എന്നതാണ്. ഇത് പ്ലേസ് ചെയ്തിട്ടുള്ളത് ചില പ്രിസ്ക്രൈബ് ഫോമുകളിലാണ്. ഒരു എക്സ്-എം.എൽ.എ.യെ സംബന്ധിച്ചിടത്തോളം, ജീവിതത്തിന്റെ ഈ കാലയളവ് ആരോഗ്യപരമായി ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന കാലമാണ്. അപ്പോൾ സഹായത്തിന് പി.എ. മാരൊന്നും ഉണ്ടാകില്ല. എം.എൽ.എ.-മാർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കണമെങ്കിൽ മെഡിക്കൽ

ബ്രാൻഡ് എഴുതിക്കൊടുത്താൽ മതി. എന്നാൽ എക്സ്-എം.എൽ.എ. -മാർക്ക് അതിന്റെ ബ്രാൻഡ് നെയിം, കെമിക്കൽ നെയിം, ഫാർമക്കോളജിക്കൽ നെയിം ഇതൊക്കെ എഴുതണം. സാധാരണ മെഡിക്കൽ ഷോപ്പുകളിൽ നിന്നും ബില്ലുകളിൽ ഫാർമക്കോളജി നെയിം, കെമിക്കൽ നെയിം ഇവയൊന്നും കിട്ടുകയില്ല. പ്രായമായ ഒരു എക്സ്-എം.എൽ.എ.-യെ സംബന്ധിച്ചിടത്തോളം, പാരസെറ്റാമോൾ എന്നത് Paracetamol എന്ന് എഴുതാം. എന്നാൽ ഇതുപ്രകാരമാണെങ്കിൽ 'acetaminophen' എന്ന് എഴുതണം. അമാറിൽ സാധാരണ ഷുഗറിന് ഉപയോഗിക്കുന്നതാണ്. Amaryl-ന്റെ കെമിക്കൽ നെയിം എന്ന് പറയുന്നത് glimepiride, അതുപോലെ സോർബിട്രേറ്റിന്റെ കെമിക്കൽ നെയിം ഐസോസോർബൈഡ് ഡിനിട്രേറ്റ് എന്നാണ്. ഇതൊന്നും പ്രായംചെന്ന ഒരാൾക്ക് പെട്ടെന്ന് കിട്ടുകയില്ല. മെഡിക്കൽ സ്റ്റോറിലുള്ളവർക്കുപോലും ഇത് അറിയില്ല.

അടുത്ത ഭേദഗതി കൗണ്ടർസൈൻ ചെയ്യുന്നതിനെക്കുറിച്ചാണ്, ഒരു ബിൽ എക്സ്-എം.എൽ.എ.-യ്ക്ക് ലഭിക്കണമെങ്കിൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ കൗണ്ടർസൈൻ വേണം. കാസർഗോഡ് നിന്നോ, കോഴിക്കോട് നിന്നോ ഉള്ള എഴുപതോ, എൺപതോ, തൊണ്ണൂറോ വയസ്സായ ഒരു എക്സ്-എം.എൽ.എ.-യ്ക്ക് കൗണ്ടർസൈൻ വാങ്ങാൻ ഒരു ചെറിയ ബില്ലാണെങ്കിൽപ്പോലും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിനെ വന്നു കാണണം. അത് ഒഴിവാക്കണം. ഇവിടെ പ്ലേസ് ചെയ്തിട്ടുള്ളത് ചട്ടങ്ങളല്ല, ഇതിന്റെ ഫോമുകളാണ്. ചട്ടങ്ങളിൽ ഭേദഗതി വരുത്തലാണ് ആവശ്യമെങ്കിൽ അങ്ങനെ ചെയ്യാം, അല്ലെങ്കിൽ ഈ ഫോമിൽ തന്നെ ഭേദഗതി വരുത്തുകയാണെങ്കിൽ ഇത് മാറ്റാവുന്നതാണ്. എക്സ്-എം.എൽ.എ-മാരുടെ മെഡിക്കൽ ബില്ലുകൾ തയ്യാറാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിൽ ഒരു സെക്ഷൻ രൂപീകരിച്ച് ആ സെക്ഷനിൽ കൊടുത്താൽ അവർ ചെയ്തുകൊള്ളും. അല്ലാതെ ഒരു എക്സ്-എം.എൽ.എ.-യെ സംബന്ധിച്ചിടത്തോളം ബിൽ കൊടുത്തയയ്ക്കുക എന്നുപറയുന്നത് വളരെ ബുദ്ധിമുട്ടാണ്. അവരെ മാത്രമാണ് ഇത് ബാധിക്കുന്നത്, അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിൽ ആദ്യം പറഞ്ഞത് എസ്.ആർ.ഒ. 686/2017-മായി ബന്ധപ്പെട്ടുകൊണ്ട് ചട്ടത്തിലുള്ള ഭേദഗതിയാണ്. സ്പൗസിനു പുറമേ, mentally retarded ആയിട്ടുള്ള കുട്ടികൾക്കുകൂടി ആനുകൂല്യം ലഭ്യമാക്കണമെന്നതാണ് ആവശ്യം. 1958-ലെ മെഡിക്കൽ അറ്റൻഡൻസ് റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ് മുൻ നിയമസഭാ സാമാജികരുടെ ചികിത്സാ ആനുകൂല്യങ്ങൾ നിശ്ചയിച്ചത്. ആ ചട്ടപ്രകാരം മുൻ കേരള നിയമസഭാ

സാമാജികരുടെ ജീവിതപങ്കാളിക്ക് ചികിത്സാ ആനുകൂല്യത്തിന് വ്യവസ്ഥ യില്ലായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനാണ്, 23-11-2009-ൽ 953/2009 പ്രകാരം പ്രസ്തുത ചട്ടം ഭേദഗതി ചെയ്തത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശ പ്രകാരം, ഈ വിജ്ഞാപനം പിന്നീട് 1-11-2017-ലെ എസ്.ആർ.ഒ. വഴി വിജ്ഞാപനം ചെയ്ത് പിശക് പരിഹരിച്ചു. അതിന്റെ ഭാഗമായി 23-11-2009 മുതൽ പ്രാബല്യത്തോടെ പുറപ്പെടുവിച്ചു. പ്രസ്തുത ഭേദഗതി പ്രകാരം മുൻ നിയമസഭാ സാമാജികരുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവിന് മാത്രമാണ് ചികിത്സ ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുക. ജീവിതപങ്കാളിയെക്കൂടാതെ ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തണമെന്നതാണ് ബഹുമാനപ്പെട്ട എം. ഉമ്മർ ഇവിടെ സൂചിപ്പിച്ചത്. ജീവിതപങ്കാളിക്കുപുറമേ, കുടുംബാഗംങ്ങളെ ഉൾപ്പെടുത്തി ചട്ടത്തിൽ ഭേദഗതി വരുത്താൻ കഴിയുകയില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു എക്സ്പ്ലനേഷൻ കൊടുത്തിട്ടുണ്ട്, 2 (a) മെഡിക്കൽ ഫെസിലിറ്റീസ് ടു എക്സ്-മെമ്പേഴ്സ്. അതിൽ പറയുന്നത്, 'for the removal of doubts it is hear by clarified that no member of the family of a person other than his or her spouse to whom this section apply shall be entitled to any benefit under this section' അതുകൊണ്ട് ചട്ടത്തിൽ ഭേദഗതി വരുത്തി ഇത് മാറ്റാൻ സാധിക്കുകയില്ല. ആക്ടിൽ ഭേദഗതി വരുത്തിയാൽ മാത്രമേ സാധിക്കൂ, ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഈ വിഷയം ഇല്ല. ഇതാണ് എസ്.ആർ.ഒ. 686/2017-മായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഇവിടെ സൂചിപ്പിച്ച ഫോം നമ്പർ 2, 3, 4 എന്നത് 'എസ്.ആർ.ഒ.നമ്പർ 685/2017'-മായി ബന്ധപ്പെട്ടതാണ്. മുൻ നിയമസഭാ സാമാജികരുടെ ചികിത്സാ ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നത് 1988 -ലെ 'ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെംബേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി' ചട്ടങ്ങളാണ്. അത് നിലവിൽ വന്നത് 1-11-2017-ൽ ഒന്നാം ഭേദഗതിയുടെ ഭാഗമായാണ്. ഇതിലെ ചട്ടം 10 പ്രകാരം ചികിത്സാ ചെലവിന്റെ റീഇംബേഴ്സ്മെന്റിനായി നാല് ഫോറങ്ങൾ നല്കിയിട്ടുണ്ട്. ഇവയിൽ ഫോറം നമ്പർ.2, ഫോറം നമ്പർ.3, ഫോറം നമ്പർ.4 എന്നിവയിലെ ചില കോളങ്ങളിലെ എൻട്രികളിൽ ഭേദഗതി വരുത്തണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. ഉമ്മർ അഭ്യർത്ഥിച്ചിട്ടുള്ളത്. ഫോറം നമ്പർ .2-ലെ മൂന്നാം കോളത്തിൽ മരുന്നിന്റെ ബ്രാൻഡ് നെയിം, രാസനാമം, ഫാർമക്കോളജിക്കൽ വിവരണം തുടങ്ങിയവ ഒഴിവാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഔഷധത്തിന്റെ രാസനാമവും ഫാർമക്കോളജിക്കൽ വിവരണവും രേഖപ്പെടുത്തുന്നത് നിയമപരമായി ഒഴിവാക്കാൻ സാധിക്കില്ല, അതുകൊണ്ടാണ്

ഈ ഭേദഗതി നിർദ്ദേശം അംഗീകരിക്കാത്തത്. മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അപേക്ഷ നൽകുമ്പോൾ ജനറിക് നെയിം നൽകേണ്ടത് അത്യാവശ്യമാണ്. മരുന്ന് റീഇംബേഴ്സ് ചെയ്യാൻ കഴിയുമോ എന്ന് മനസ്സിലാക്കണമെങ്കിൽ ജനറിക് നെയിം കൊണ്ടുമാത്രമേ സാധിക്കൂ, ട്രേഡ് നെയിം കൊണ്ടുകഴിയില്ല. ഒരേ മരുന്ന് നിരവധി ട്രേഡ് നാമങ്ങളിൽ പല കമ്പനികൾ പുറത്തിറക്കുന്നതിനാൽ ട്രേഡ് നെയിം നോക്കി റീഇംബേഴ്സ് ചെയ്യാൻ കഴിയുന്നതാണോ അല്ലയോയെന്ന് തിരിച്ചറിയുന്നത് പ്രയാസമാണ്. ഉദാഹരണമായി, പാരസെറ്റാമോൾ മുന്നൂറോളം ട്രേഡുകളിൽ ഇറക്കുന്നുണ്ട്. ഇത് വെരിഫൈ ചെയ്യാൻ സാധിക്കില്ല, ജനറിക് നെയിം ഉണ്ടെങ്കിലേ സാധിക്കൂ. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് റാൻഡമായി നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും പോകുന്നുണ്ട്. പക്ഷേ ഇത് വന്നുകഴിഞ്ഞാലുള്ള പ്രശ്നം ഏത് വ്യാജ ട്രേഡിന്റെയും പേരിൽ ഹാജരാക്കുന്ന ബില്ലുകളെടുക്കാൻ നിർബന്ധിതമാകും എന്നതാണ്.

മി. സ്പീക്കർ: കെമിക്കൽ നെയിം എഴുതുന്നതിനനുസരിച്ചുതന്നെയാണ് ഇപ്പോൾ പാസ്സാക്കിക്കൊടുക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ട്രേഡ് നെയിമിൽ കൊടുക്കുന്നത് ശരിയല്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. നിർബന്ധമായും ജനറിക് നെയിം തന്നെ വരണം, ഇല്ലെങ്കിൽ വലിയ പ്രശ്നങ്ങളുണ്ടാകും. ഒരു ഡോക്ടർ മരുന്നിന്റെ കെമിക്കൽ നെയിം എഴുതുന്നു, ഇതുമായി ഒരു മെഡിക്കൽ ഷോപ്പിലേയ്ക്ക് നമ്മൾ പോയാൽ, അവിടെ ഏറ്റവും കൂടുതൽ കെട്ടിക്കിടക്കുന്ന മരുന്ന് മെഡിക്കൽ ഷോപ്പുകാരന് ഇഷ്ടപ്പെട്ട ട്രേഡിന്റെ പേരിൽ കൊടുക്കും, നേരെമറിച്ച് ജനറിക് നെയിമെഴുതിയാൽ ഈ പ്രശ്നമുണ്ടാകില്ല. അതുകൊണ്ട് ഒരു രൂപത്തിലും ജനറിക് നെയിം മാറ്റുന്ന പ്രശ്നമില്ല. ട്രേഡ് നെയിം ഓരോ കൊല്ലവും മാറുന്നതാണ്. അതിനനുസരിച്ച് വെരിഫൈ ചെയ്യാനുള്ള സംവിധാനവും ഇവിടെയില്ല. ഒരു രൂപത്തിലും ഇത് അംഗീകരിക്കാൻ കഴിയില്ല. ഫോറം നമ്പർ 3-ൽ സർക്കാർ ആശുപത്രിയോ സർക്കാർ അംഗീകൃത ആശുപത്രിയോ ഇല്ലാത്ത സാഹചര്യത്തിൽ രോഗിക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കാൻ പ്രവേശിപ്പിച്ച ആശുപത്രി അംഗീകൃതമാണെന്നും രോഗിയെ അനുഗമിക്കാൻ സഹായി ആവശ്യമുണ്ടെന്നും മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്യണമെന്നും ഈ ശിപാർശ ജില്ലാ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്യണമെന്നുമാണ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നത്. ജില്ലാ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്യണമെന്നും ഓഫീസ് മുദ്ര പതിച്ചിരിക്കണമെന്നുള്ള ഭാഗം നീക്കം ചെയ്യണമെന്ന മാണ് ബഹുമാനപ്പെട്ട എം. എൽ. എ. അഭ്യർത്ഥിക്കുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ മേലൊപ്പ് നിർബന്ധമാണ്. അല്ലെങ്കിൽ ഇതിലൊന്നും ഒരു നിയന്ത്രണവുമുണ്ടാകില്ല. ഫോറം നമ്പർ.4-ൽ മുൻ നിയമസഭാ സാമാജികർക്ക്

അല്ലെങ്കിൽ ജീവിതപങ്കാളിക്ക് ചികിത്സയ്ക്കായി അനുയോജ്യമായ ആശുപത്രി സമീപത്തില്ലാത്തതിനാൽ ചികിത്സ വസതിയിൽത്തന്നെ നല്ലാവുന്നതാണെന്ന് അംഗീകൃത മെഡിക്കൽ ഓഫീസർ ശിപാർശ നൽകുകയും പ്രസ്തുത ശിപാർശയിന്മേൽ ബന്ധപ്പെട്ട ചികിത്സ സമ്പ്രദായത്തിലെ ഡയറക്ടർ കൗണ്ടർസൈൻ ചെയ്യണമെന്നും പറയുന്നുണ്ട്. ഡയറക്ടറുടെ മേലൊപ്പ് വേണമെന്ന ഭാഗം വിട്ടുകളയണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഭേദഗതിയിലൂടെ ആവശ്യപ്പെട്ടത്. ഈ ഭാഗം വിട്ടുകളയുന്നത് ഉചിതമല്ല, അതുകൊണ്ട് ഈ മൂന്ന് ഫോറങ്ങളും ഒരുരൂപത്തിലും മാറ്റേണ്ടതില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങയുടെ രണ്ട് ഭേദഗതികളും പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല, പോൾ ആവശ്യപ്പെടുന്നുമില്ല. മെന്റലി റിട്ടാർഡഡ് എന്നുള്ളത് കുട്ടികൾ എന്നല്ല, മന്ത്രി തെറ്റിദ്ധരിച്ചതാണോ എന്നറിയില്ല, മെന്റലി റിട്ടാർഡഡായ കുട്ടികൾക്ക് എന്നുള്ളതാണ് ഭേദഗതി, അത് കൊടുക്കണം എന്നാണ് പറയുന്നത്.

ശ്രീ. എ. കെ. ബാലൻ: നൽകാൻ സാധിക്കില്ല എന്നുള്ളത് എക്സ്പ്ലനേഷൻ ക്ലോസ്സിൽ പറഞ്ഞിട്ടുണ്ട്, അതുകൊണ്ട് ചട്ടത്തിനകത്ത് ഭേദഗതി വരുത്താൻ സാധിക്കില്ല.

മി. സ്പീക്കർ : ശ്രീ എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .....................

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച ആരംഭിക്കുകയാണ്. സമയത്തെക്കുറിച്ച് എത്ര ഓർമ്മപ്പെടുത്തിയാലും, അതിൽ അസ്വസ്ഥത പ്രകടിപ്പിക്കുകയും വീണ്ടും ആവർത്തിക്കുകയുമാണ് പതിവ്. അതേ ആളുകൾ തന്നെ മൂന്നരമണി കഴിയുമ്പോൾ ആംഗ്യചലനങ്ങളിലൂടെ ചെയറിനെ സമ്മർദ്ദത്തിലാക്കുകയും ചെയ്യും. അവരവരുടെ പ്രസംഗത്തിന് പരമാവധി സമയം കിട്ടണമെന്നും മറ്റുള്ളവർ സംസാരിക്കുമ്പോൾ കുറയ്ക്കണമെന്നുമാണ് ഓരോ അംഗവും ചിന്തിക്കുന്നത്. ഇന്ന് നിശ്ചയിച്ച സമയത്തിനപ്പുറത്ത് ഒരു മിനിട്ടുപോലും ആർക്കും അധികം അനുവദിക്കാതിരിക്കുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നുന്നു.

# VIII. ധനകാര്യം

## 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. എം. സ്വരാജ്: സർ, ഈ ബജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഓഖി ദുരന്തത്തിന്റെ നടുക്കം വിട്ടുമാറുന്നതിനുമുമ്പാണ് ഈ സഭയിൽ ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. ഈ ബജറ്റ് ആരംഭിച്ചതുതന്നെ ആ ദുരന്തം വിതച്ച നാശനഷ്ടങ്ങളെ മറികടക്കുന്നതിനുള്ള നിർദ്ദേശങ്ങളുമായാണ്. നിരന്തരമായി ദുരന്തങ്ങൾ വേട്ടയാടിയ അനുഭവമുള്ള ഒരു ജനതയല്ല നമ്മുടേത്. വലിയ അഗ്നിപർവ്വത സ്ഫോടനങ്ങളോ ജനപഥങ്ങളെ മായ്ച്ചുകളയുന്ന ഭൂകമ്പങ്ങളോ നമ്മുടെ ഓർമ്മകളിലില്ല. ആ ഒരർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ട ഒരു ജനതയാണ് നാം, അനുഗ്രഹിക്കപ്പെട്ട ഒരു നാടാണ് കേരളം. 1924- ലെ വെള്ളപ്പൊക്കമോ, കുറച്ച് വർഷങ്ങൾക്കുമുമ്പുണ്ടായ ഒരു സുനാമിയോ മാത്രമാണ് അത്തരത്തിലുള്ള വേദനാജനകമായ ദുരന്താനുഭവങ്ങളായി നമ്മുടെ മുമ്പിലുള്ളത്. ദുരന്തങ്ങളെ അങ്ങനെ നിരന്തരം നേരിടേണ്ടിവന്നിട്ടില്ലാത്ത ഒരു ജനതയുടെ മുമ്പിൽ അപ്രതീക്ഷിതമായി ഉണ്ടായ ദുരന്തമായിരുന്നു ഓഖി. അത്തരമൊരു സാഹചര്യത്തിൽ എല്ലാവരും ഒരേ മനസ്സോടെ അതിനെ മറികടക്കുന്നതിനുള്ള സാധ്യമായ പരിശ്രമങ്ങളിൽ ഏർപ്പെടേണ്ടതായിരുന്നു. നിർഭാഗ്യവശാൽ ദുരന്തങ്ങളെ ആഘോഷമാക്കുന്ന മാനസികാവസ്ഥ പലർക്കും ഉണ്ടായിപ്പോകുന്നുണ്ടോ എന്നത് ആകുലതയോടുകൂടി നാം കാണേണ്ടതാണ്. അത് അനഭിലഷണീയമായ പ്രവണതയാണ്. എന്തായാലും നാലുനാൾ കഴിഞ്ഞപ്പോഴേയ്ക്കും ദുരന്താഘോഷങ്ങൾ കഴിഞ്ഞു, ആരവങ്ങൾ ഒഴിഞ്ഞു, ആൾക്കൂട്ടം പിരിഞ്ഞു. പക്ഷേ ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഇത്തരം ദുരന്താനുഭവത്തിന്റെ മുമ്പിൽ എന്ത് നിലപാട് സ്വീകരിക്കണമെന്നതിന്റെ നിദർശന മായി മാറാൻ ഈ ബജറ്റിന് സാധിച്ചു. ഈ ദുരന്തത്തിൽ നിന്നും നാം പാഠം പഠിക്കുകയാണ്. തീരദേശത്തെ നിരാലംബരായ ജനതയെ സമാന സ്വഭാവത്തിലുള്ള ഒരു ദുരന്തത്തിനും നാളെ വിട്ടുകൊടുക്കില്ലെന്ന നിശ്ചയദാർഢ്യത്തോടും ഇച്ഛാശക്തിയോടും കൂടിയുള്ള പ്രഖ്യാപനമായി ഈ ബഡ്ജറ്റ് മാറുന്നുണ്ട്. രണ്ടായിരം കോടി രൂപയുടെ തീരദേശ സംരക്ഷണ പാക്കേജ് ഈ സർക്കാരിന്റെ അത്തരത്തിലുള്ള മനുഷ്യത്വ പൂർണ്ണമായ കാഴ്ചപ്പാടിലേയ്ക്കാണ് വെളിച്ചം വീശുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇത്തരം ദുരന്തങ്ങളോടൊപ്പമാണ് മനുഷ്യനിർമ്മിതമായ ദുരിതങ്ങളേയും നമുക്ക് നേരിടേണ്ടിവന്നത്. ജി.എസ്.ടി.-യും നോട്ട് നിരോധനവും മനുഷ്യനിർമ്മിത ദുരന്തമായി നമ്മുടെ മുമ്പിലുണ്ട്. ദുരിത കാലങ്ങളിൽ പാട്ടുകളുണ്ടാകുമോയെന്ന് Bertolt Brecht ചോദിക്കുന്നുണ്ട്; അതിന് അദ്ദേഹം പറയുന്ന മറുപടി, തീർച്ചയായുമുണ്ടാകും. അത് ദുരിതത്തെക്കുറിച്ചുള്ള പാട്ടുകളായിരിക്കുമെന്നാണ്. എന്നാൽ ദുരിതകാലങ്ങളിൽ ദുരിതത്തെക്കുറിച്ചുള്ള

പാട്ടുകൾ മാത്രമല്ല, ആ ദുരിതങ്ങളെ അതിജീവിക്കാനും വരാനിരിക്കുന്ന പുലരികളെക്കുറിച്ചുള്ള സ്വപ്നം പ്രതിഫലിപ്പിക്കാനും കഴിയുന്ന പാട്ടും ബജറ്റും പ്രവർത്തനവും എല്ലാമുണ്ടാകുമെന്നാണ് ഈ ബജറ്റ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. നിങ്ങൾ നോക്കൂ, ഈ നശിച്ചകാലത്തിന്റെ നടുവിലും ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ, സ്ത്രീകളുടെ, ഭിന്നശേഷിക്കാരുടെ, ട്രാൻസ്ജെൻഡേഴ്സിന്റെ, അങ്ങനെ ജീവിതത്തിന്റെ സൗഭാഗ്യങ്ങളിൽ നിന്നും അകറ്റിനിർത്തപ്പെട്ട ഒരു ജനതയുടെ വിഹ്വലതകളെയും വേദനകളെയും കാണാനും അതിന് പരിഹാരമുണ്ടാക്കാൻവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കാനും കഴിഞ്ഞു വെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു നേട്ടം. ഇത് അവരുടെ ബജറ്റാണ്. നമുക്ക് ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കാനാകണം. പരമ്പരാഗതവും സാമ്പ്രദായികവുമായി വന്നുപോയ ചില കീഴ്വഴക്കങ്ങളുണ്ട്. ഭരണപക്ഷം ബജറ്റ് അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം അതിനെ എതിർക്കണമെന്നത് ഒരു നാട്ടാചാരംപോലെ പിന്തുടരുകയാണ്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും അങ്ങനെതന്നെ വേണ്ടതുണ്ടോ എന്ന് നാം പുനർവിചിന്തനം നടത്തണമെന്നാണ് എനിക്ക് വിനയപൂർവ്വം പ്രതിപക്ഷത്തെ ഓർമ്മപ്പെടുത്താനുള്ളത്.

ഈ ബജറ്റ് 'വിശപ്പുരഹിത കേരളം' എന്ന കാഴ്ചപ്പാട് മുമ്പോട്ടുവയ്ക്കുന്നു. അയൽക്കാരൻ പട്ടിണി കിടക്കുന്ന സമയത്ത് വയർനിറയെ ഭക്ഷണം കഴിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ലെന്നാണ് നബി വചനം. എന്തിനാണ് മുസ്ലീംലീഗ് ഈ ബജറ്റിനെ എതിർക്കുന്നത്? മുസ്ലീംലീഗിന്റെ സ്വീകാര്യമായ കാഴ്ചപ്പാടിനെയാണ് ഈ ബജറ്റ് ഉയർത്തിപ്പിടിക്കുന്നത്. കേരളത്തിലെ ആതുരാലയങ്ങളിൽ വിശന്നിരിക്കുന്ന ഒരാൾപോലും ഉണ്ടാകരുതെന്ന കാഴ്ചപ്പാടോടെ ഒരു വർഷത്തിലധികമായി ഡി.വൈ.എഫ്.ഐ. കേരളത്തിൽ പൊതിച്ചോർ വിതരണം ചെയ്തുകൊണ്ടിരിക്കുക യാണ്. എല്ലാ യുവജന സംഘടനകൾക്കും മാതൃകയാക്കാൻ കഴിയുന്ന ഈ പ്രവർത്തനത്തെ ബജറ്റിൽ ശ്ലാഘിക്കാൻ അങ്ങ് തയ്യാറായി. യുവജന സംഘടനയുടെ പേരുകൂടി മറുപടിയിൽ അങ്ങ് വ്യക്തമായി പറഞ്ഞാൽ ഒരുപക്ഷേ, ഏറെക്കാലം കഴിഞ്ഞ് ഈ ബഡ്ജറ്റ് പ്രസംഗം പരിശോധിക്കുന്നവർക്ക് കാര്യങ്ങൾ വ്യക്തമാകാൻ സഹായകരമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബജറ്റിനെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബജറ്റിൽ അനർഹരെ ഒഴിവാക്കി ക്ഷേമപെൻഷനുകൾ പരിമിതപ്പെടുത്തുന്ന തിനെക്കുറിച്ച് പറയുന്നുണ്ട്. അവരെ ഒഴിവാക്കേണ്ടതാണ്. പക്ഷേ ഭിന്നശേഷിക്കാരെ ഒഴിവാക്കരുതെന്ന അഭ്യർത്ഥന എനിക്കുണ്ട്. ഒരു ജീവിതകാലം മുഴുവൻ ഭിന്നശേഷിയുടെ ഭാഗമായ ബുദ്ധിമുട്ടുകൾ പേറേണ്ടിവരുന്നവരുടെ ക്ഷേമപെൻഷൻ ഒരുതരത്തിലും പരിമിതപ്പെടുത്തരുതെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. അതുപോലെ,

ട്രാൻസ്ജെൻഡേഴ്സിന് പുതുതായി ക്ഷേമപെൻഷൻ ഏർപ്പെടുത്താൻ നമുക്ക് കഴിയണം. തൊഴിലില്ലായ്മ വേതനത്തെക്കുറിച്ചും ഒരു വാക്ക് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോഴത്തെ തൊഴിലില്ലായ്മ വേതനം ഈ രീതിയിൽ തുടരുന്നത് പരിഹാസ്യമാണ്. അതിൽനിന്ന് അനർഹരെ പൂർണ്ണമായും ഒഴിവാക്കാം. പക്ഷേ കാലാനുസൃതമായി തൊഴിലില്ലായ്മ വേതനത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിക്കുന്ന ഒരു സമീപനം ബജറ്റിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന ബജറ്റ് ഈ സഭയിൽ അവതരിപ്പിക്കുമ്പോഴും അതിനെ രാഷ്ട്രീയ കാരണങ്ങളാൽ എതിർക്കേണ്ടിവരുന്ന ഒരു ദുരവസ്ഥയിലാണ് പ്രതിപക്ഷം. പ്രതിപക്ഷത്തിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, വർത്തമാനകാല ദേശീയ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ അതിന്റെ പൂർണ്ണമായ ഗൗരവത്തിൽ ഉൾക്കൊള്ളാൻ നിങ്ങൾക്ക് സാധിക്കണം. ഇന്നത്തെ ഇന്ത്യയിൽനിന്ന് പുറത്തുവരുന്ന വാർത്തകൾ എന്തൊക്കെയാണ്? അനഭിമതരെയെല്ലാം വെടിവച്ച് കൊല്ലുകയാണ്. ആ അനുഭവങ്ങൾ ഓരോന്നായി ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. സ്മാരകങ്ങൾ ഒന്നായി തകർക്കപ്പെടുമെന്ന ഭീഷണി നമ്മുടെ മുമ്പിൽ വരികയാണ്. ചരിത്ര പുസ്തകങ്ങൾ തിരുത്തിയെഴുതുകയാണ്. രാജസ്ഥാനിലെ ചരിത്ര പാഠപുസ്തകങ്ങളിൽനിന്ന് പണ്ഡിറ്റ് നെഹ്രുവിന്റെ പേരും ഗാന്ധി വധവും ഒഴിവാക്കപ്പെടുന്നു. കോൺഗ്രസ് നിശബ്ദമായിരിക്കുകയാണ്. രാഷ്ട്രപിതാവിന്റെ ഘാതകർ രാഷ്ട്രത്തെ കൊല്ലാൻ ശ്രമിക്കുകയാണ്. മതനിരപേക്ഷ രാഷ്ട്രം ചെറുതും ഏകാന്തവുമായ ഒരു ജ്വാല കണക്കെ അന്ത്യശ്വാസം വലിക്കുന്നുവോ എന്ന ആശങ്കയുണർത്തുന്ന ഈ ഘട്ടത്തിൽ എന്തുകൊണ്ടാണ് കോൺഗ്രസ് മൗനം പാലിക്കുന്നത്? ഇന്ത്യയെ മത രാഷ്ട്രമാക്കി മാറ്റാൻ, ആസൂത്രിതമായ കലാപങ്ങൾ അഴിച്ചുവിടാൻ, അനഭിമതരെ മുഴുവൻ വെടിവച്ച് കൊല്ലാൻ സംഘപരിവാർ മുന്നിട്ടിറങ്ങുമ്പോൾ എന്തേ കോൺഗ്രസ് നിശബ്ദമായിരിക്കുന്നു; പണ്ഡിറ്റ് നെഹ്രുവിന്റെ കോൺഗ്രസ് എവിടെപ്പോയി; കോൺഗ്രസ്സിന്റെ മതനിരപേക്ഷ കാഴ്ചപ്പാടുകൾ എവിടെപ്പോയി; ഗാംഭീര്യമുള്ള ഒരു ശബ്ദം കോൺഗ്രസ്സിൽനിന്ന് നാം കേൾക്കാത്തതെന്തുകൊണ്ടാണ്? ആർ.എസ്.എസ്.-നെതിരെ, സംഘപരിവാർ ഭീകരതയ്ക്കെതിരെ കേരളത്തിലെ കോൺഗ്രസ്സിന്റെ ഏതെങ്കിലും ഒരു നേതാവ് കടുത്ത ഒരു പ്രസ്താവന നടത്തിയതായി നമ്മൾ കേട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് പ്രതിപക്ഷ നേതാവിന്റെ ഒരു ശക്തമായ ആർ.എസ്.എസ്. വിരുദ്ധ പ്രഖ്യാപനം വരാത്തത്; എന്തുകൊണ്ടാണ് കോൺഗ്രസ്സിന്റെ മുതിർന്ന നേതാക്കൾ മൗനം പാലിക്കുന്നത്; അപൂർവ്വം ശബ്ദിക്കുന്ന ചിലരാകട്ടെ ആർ.എസ്.എസ്.-ന് അനുകൂലമായ ഒരു അന്തരീക്ഷം ഒരുക്കാൻ ശ്രമിക്കുന്നില്ലേ?

ഒരുകാലത്ത് ദക്ഷിണേന്ത്യൻ കോൺഗ്രസ്സിന്റെ മുഖമായിരുന്ന ജാഫർ ഷെരീഫ് പറയുന്നു, ഇന്ത്യൻ യൂണിയന്റെ പ്രസിഡന്റായി മോഹൻ ഭഗവതിനെ തെരഞ്ഞെടുക്കണം. ഇതല്ല കോൺഗ്രസ്സിന്റെ നയമെന്ന് പറയാൻ കേരളത്തിലെ കോൺഗ്രസ്സിനെങ്കിലും പ്രാപ്തിയില്ലാതെ പോകുന്നതെന്തുകൊണ്ടാണ്? ഉത്തരാഖണ്ഡിലെ മുഖ്യമന്ത്രിയായിരുന്ന കോൺഗ്രസ്സിന്റെ നേതാവ് ഹരീഷ് റാവത്ത് പറയുന്നു, ബീഫ് കഴിക്കുന്നവർ ഇന്ത്യവിട്ട് പോകണം. ഇതാണോ കോൺഗ്രസ് സ്വീകരിക്കേണ്ട സമീപനം; ഈ നിശബ്ദത, ആർ.എസ്.എസ്.-ന് അനുകൂലമായ സമീപനം നമ്മുടെ സഭയിലും പ്രതിഫലിക്കുന്നില്ലേ? കേരളം ആദരിക്കുന്ന സാഹിത്യകാരനും കവിയുമാണ് ശ്രീ. കുരീപ്പുഴ ശ്രീകുമാർ. അദ്ദേഹത്തിന്റെ നേരെ സംഘടിതമായ ഒരു ആക്രമണം വരുന്നു. പ്രതിപക്ഷത്തിന്റെ പ്രത്യേക അവകാശമായ അടിയന്തരപ്രമേയത്തിൽ അത് വരുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. നിങ്ങൾക്ക് വേണമെങ്കിൽ സർക്കാരിനെയും കുറ്റപ്പെടുത്താം. പക്ഷേ എന്തുകൊണ്ടാണ്; ആർ.എസ്.എസ്. അലോസരപ്പെടുമെന്ന് ഭയമുള്ളതുകൊണ്ടാണോ കേരളം മുഴുവൻ ഒരേ ശബ്ദത്തിൽ അപലപിച്ചിട്ടും ആ വിഷയം ഉന്നയിക്കാതെ, ഈ സഭയ്ക്ക് യാതൊരു പങ്കുമില്ലാത്ത യു.എ.ഇ. പാർലമെന്റാണോ കേരള നിയമസഭയെന്ന് ചിലർക്ക് സംശയം തോന്നുംവിധം രാഷ്ട്രീയലക്ഷ്യം മാത്രം മുൻനിർത്തിയുള്ള ദുരാരോപണങ്ങളിലേയ്ക്ക് കടക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നത്. ഇത്തരം സമീപനമാണ് നിങ്ങൾ തിരുത്തേണ്ടത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഇന്നലെ സഭയിൽ സംസാരിച്ചപ്പോൾ ബംഗാളിലെ സി.പി.ഐ.(എം)-ന്റെ സ്ഥിതിയോർത്ത് ഞങ്ങൾക്ക് ദുഃഖമുണ്ടെന്ന് പറഞ്ഞു. ബംഗാളിലെ സി.പി.ഐ.(എം) പരാജയപ്പെട്ടത് ഇന്ത്യയിലെ മതനിരപേക്ഷവാദികളെയാകെ ദുഃഖിപ്പിക്കുന്നതാണ്. ആ ദുഃഖം നിങ്ങൾക്കുമുണ്ടെങ്കിൽ ഞങ്ങൾ അതിനെ മാനിക്കുന്നു. പക്ഷേ, ആ ദുഃഖം പ്രകടിപ്പിക്കുമ്പോൾത്തന്നെ ഞാൻ ചോദിക്കട്ടെ, ഇതേ ബംഗാളിൽ റൈറ്റേഴ്സ് ബിൽഡിംഗിൽ ഭരണാധിപത്യമുണ്ടായിരുന്നവരല്ലേ നിങ്ങൾ; ഇന്ദിരാഗാന്ധിയെപ്പോലും ഉപദേശിക്കാൻ കെല്പുണ്ടെന്ന് കരുതപ്പെട്ടിരുന്ന നേതാവ്, സിദ്ധാർത്ഥ് ശങ്കർ റായിയുടെ ആധിപത്യം എങ്ങനെ തകർന്നു? 1977-ൽ കോൺഗ്രസ് അവിടെ പരാജയപ്പെട്ടു, ഇപ്പോൾ 40 സംവത്സരങ്ങൾ കഴിഞ്ഞു. 40 വർഷമായി അവിടെ പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന കോൺഗ്രസ്സിനെ ഓർത്ത് ഞങ്ങളും ദുഃഖിക്കാം. നമുക്ക് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ദുഃഖിക്കാം. പക്ഷേ ആ ദുഃഖംകൊണ്ട് —മറികടക്കാനാകുന്നതാണോ വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയ പരിതസ്ഥിതി? 50 വർഷമായി തമിഴ്നാട്ടിൽ നിങ്ങൾ തോറ്റുകൊണ്ടിരിക്കുന്നു, നമുക്ക് ദുഃഖിക്കാം. ഗാന്ധി പിറന്ന ഗുജറാത്തിനെയും, ഇന്ത്യയിലെ കോൺഗ്രസ്സിന്റെ രാഷ്ട്രീയ അശ്വമേധങ്ങൾക്കെല്ലാം ഒരുകാലത്ത് നേതൃത്വംകൊടുത്ത യു.പി.-യെയും രാജസ്ഥാനെയുമെല്ലാം ഓർത്ത് നമുക്ക് ദുഃഖിക്കാം. പക്ഷേ ഇങ്ങനെയൊരു സാഹചര്യം എങ്ങനെയുണ്ടായി എന്നാണ് കോൺഗ്രസ് ചിന്തിക്കേണ്ടത്. നിങ്ങൾ

വർഗ്ഗീയതയോട് ആർ.എസ്.എസ്-നോട് കാണിക്കുന്ന മൃദുസമീപനം, ജനവിരുദ്ധ നവലിബറൽ നയം ഇവ നിങ്ങൾ തിരുത്തുകയാണ് വേണ്ടത്. ഇന്നത്തെ ഇന്ത്യയിൽ ആർ.എസ്.എസ്.-നെതിരായ രാഷ്ട്രീയ മുന്നേറ്റമുണ്ടാകണമെങ്കിൽ കോൺഗ്രസ് നയം മാറ്റുകയാണ് വേണ്ടത്. നയംമാറ്റിയ കോൺഗ്രസ്സാണ് ജനങ്ങളെ അഭിമുഖീകരിക്കേണ്ടത്. 1969-ൽ ഇന്ത്യൻ പാർലമെന്റിൽ ബാങ്ക് ദേശസാൽക്കരണ നിയമം ഇന്ദിരാഗാന്ധി കൊണ്ടുവന്നപ്പോൾ അതിനെ പിന്തുണയ്ക്കാൻ ഞങ്ങൾക്ക് മടിയുണ്ടായിരുന്നില്ല. 'പ്രിവി പഴ്സ് ' നിർത്തലാക്കിയപ്പോൾ അതിനെ പിന്തുണയ്ക്കാൻ ഞങ്ങൾക്ക് മടിയുണ്ടായിരുന്നില്ല. ഞങ്ങൾ നയങ്ങൾക്കാണ് എപ്പോഴും മുഖ്യ പരിഗണന നൽകുന്നത്. അല്ലാതെ, തെറ്റായ നയം ഉയർത്തിപ്പിടിച്ച് 'ആർ.എസ്.എസ്.-നെതിരാണ് ഞങ്ങൾ' എന്നുപറഞ്ഞാൽ കോൺഗ്രസ്സിന് വിശ്വാസ്യത നേടാനാകില്ല. കോൺഗ്രസ് മുടിഞ്ഞുപോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. നിങ്ങൾ ശരിയായ നയം സ്വീകരിക്കണം. കോർപ്പറേറ്റുവൽക്കരണവും നവലിബറൽ നയങ്ങളും ഉപേക്ഷിക്കണം. വർഗ്ഗീയതയ്ക്കെതിരെ ശബ്ദമുയർത്തണമെന്നാണ് പറയുന്നത്. അത് കേൾക്കാൻ നിങ്ങൾക്ക് കഴിയണമെന്ന് മാത്രം അഭ്യർത്ഥിക്കുന്നു. ഈ ബജറ്റിനെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. പണ്ടുകാലത്ത് സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് വിദ്വാന്മാരായ ചില കവികൾ വർണ്ണിച്ച ഒരു കവിതയാണ് എന്റെ ഓർമ്മയിൽ വരുന്നത് -

'അന്നത്തെ പോക്കി
കുയിലത്തെ പാട്ടി
തേനൊത്ത വാക്കി
ദരിദ്ര ഇല്ലത്തെ
യഹാവുപോലെ നീണ്ടിരിക്കുന്ന
നയനം ധ്വജസി'.

ഇതിന്റെ അർത്ഥം അരയന്നത്തെപ്പോലെ നടക്കും കുയിലിനെപ്പോലെ പാടും തേനിനെപ്പോലെ മധുരമായി സംസാരിക്കും ദരിദ്ര ഇല്ലത്തെ യഹാവു. 'യഹാവു' എന്നത് സംസ്കൃത വാക്കാണ്, 'കഞ്ഞി' എന്നാണ് ഇതിനർത്ഥം. വറ്റില്ലാത്ത കഞ്ഞിവെള്ളം മാത്രമായി ഈ ബജറ്റ് മാറിയിരിക്കുകയാണ്. അങ്ങ് ഇവിടെ ഇതിനുമുമ്പ് രണ്ട് ബജറ്റുകൾ അവതരിപ്പിച്ചു. രണ്ടിലും കിഫ്ബിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. സാധാരണയായി ഒരു ബജറ്റിൽ തുക അനുവദിച്ചാൽ അടുത്ത ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പായി വർക്കുകൾ തുടങ്ങും. കിഫ്ബിയിൽ തുക അനുവദിച്ചിട്ട് ഇപ്പോൾ എന്തെങ്കിലും കാര്യം നടക്കുന്നുണ്ടോ; അങ്ങ്

ഇക്കാര്യത്തിൽ റിവ്യൂ നടത്തണ്ടേ? ആദ്യഘട്ടമായി, ആറുമാസത്തിനുള്ളിലാണ് പ്രിൻസിപ്പൽ സാങ്ഷന് സർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുന്നത്. രണ്ടാമതായി, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനായി പുറത്തുള്ള ഏജൻസിക്കുവേണ്ടി ടെണ്ടർ കൊടുക്കുകയാണ്. മൂന്നാമതായി, ഏജൻസി റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ വീണ്ടും അവർ ഒന്നരമാസക്കാലത്തെ സമയം ചോദിക്കുന്നു. നാലാമതായി, പി.ഡബ്ല്യു.ഡി. ഡി.പി.ആർ. തയ്യാറാക്കുന്നു. അഞ്ചാമതായി, ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ അത് ചീഫ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.-ക്ക് കൊടുക്കുന്നു. ആറാമതായി, കെ.ആർ.എഫ്.ബി. ഇത് കിഫ്ബിക്ക് കൊടുക്കുന്നു. ഏഴാമതായി, കിഫ്ബി ഇത് അപ്രൈസൽ റിപ്പോർട്ടിനായി സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നു. എട്ടാമതായി, ഈ റിപ്പോർട്ടിൽ അപാകതയുണ്ടെങ്കിലും ഇല്ലെങ്കിലും വീണ്ടും ഇത് ചീഫ് എഞ്ചിനീയർക്ക് കൊടുക്കുന്നു. ഒൻപതാമതായി, ചീഫ് എഞ്ചിനീയർ വീണ്ടും ഇത് കെ.ആർ.എഫ്.ബി. വഴി കിഫ്ബിക്ക് കൊടുക്കുന്നു. പത്താമതായി, കിഫ്ബി ബോർഡ് അംഗീകരിക്കുന്നു. കിഫ്ബി ബോർഡ് അംഗീകരിച്ചത് വീണ്ടും ചീഫ് എഞ്ചിനീയർക്ക് കൊടുക്കുന്നു. അത് വീണ്ടും കെ.ആർ.എഫ്. ബി.യിലേയ്ക്ക് വരുന്നു. കെ.ആർ.എഫ്.ബി. അഞ്ച് ചീഫ് എഞ്ചിനീയർമാർ അടങ്ങുന്ന ഒരു കമ്മിറ്റി കൂടി റ്റി.എസ്. കൊടുക്കുന്നു. ഇത്രയും നടപടിക്രമങ്ങളിലൂടെ ഓരോ വർക്കുകളും എന്നാണ് നടക്കുന്നത്? ബ്രഹ്മാവ് എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് 'മകനെ, നിനക്കെന്തെങ്കിലും വരം വേണമോ' എന്ന് ചോദിച്ചാൽ, ഞാൻ പറയും 'എനിക്ക് കിഫ്ബിവഴി എന്റെ നിയോജകമണ്ഡലത്തിലെ ഒരു വർക്ക് പൂർത്തീകരിച്ചിട്ട് മരിച്ചാൽ മതി' എന്ന്. അപ്പോൾ ബ്രഹ്മാവ് എനിക്ക് വരംതരുന്നത് 'ദീർഘായുഷ്മാൻ ഭവ:' എന്നായിരിക്കും. മർമ്മം പഠിച്ച മർമ്മാണി പെണ്ണുകെട്ടി ആദ്യരാത്രിക്ക് കയറിയ അനുഭവമാണ് അങ്ങേയ്ക്കെന്ന് എനിക്കറിയാം. മർമ്മാണി എവിടെ നോക്കിയാലും മർമ്മമാണ്. അതുകൊണ്ട് നേരം വെളുക്കുന്നതുവരെയും നോക്കിയിരുന്ന ഒരു ദുരവസ്ഥയാണ് അങ്ങേയ്ക്ക്. ഈ മൂന്ന് ബജറ്റിലും നോക്കി ഇരിക്കുകയല്ലാതെ ഒന്നും ചെയ്യാൻ കഴിയില്ലെന്നുള്ള വസ്തുത അങ്ങേയ്ക്കുമറിയാം. എന്തിനാണ് യച്ചൂരിയെ സപ്പോർട്ട് ചെയ്യാൻ പോയതെന്ന് മാത്രമേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ഈ അവസരത്തിൽ ചോദിക്കാനുള്ളൂ. അതിന്റെയെല്ലാം ദുരന്തങ്ങൾ ഇനി പുറകേ വരാൻ പോകുകയാണ്.

സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നെഹ്റു കുടുംബത്തിന്റെ പ്രശ്നം അന്വേഷിച്ച് നടക്കുകയാണ്. സ്വന്തം വീട്ടിൽ നടന്ന പ്രസവത്തെക്കുറിച്ചും അതിലുണ്ടായ മക്കളെക്കുറിച്ചും അന്വേഷിക്കേണ്ടതിനുപകരം നെഹ്റു കുടുംബത്തെക്കുറിച്ച് അന്വേഷിക്കേണ്ട കാര്യമുണ്ടോ? നെഹ്റു കുടുംബം ഈ രാജ്യത്ത് രക്തസാക്ഷിത്വംവരിച്ച വീരന്മാരെ സംഭാവനചെയ്ത കുടുംബമാണ്. നെഹ്റു

കുടുംബത്തിൽ ഇനിയും പ്രധാനമന്ത്രിമാരുണ്ടാകും. രാഹുൽഗാന്ധി, ഇന്ത്യയുടെ മതേതരകക്ഷികളെ കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രധാനമന്ത്രിയാകാൻ പോകുകയാണ്. തേന്മാവിൻകൊമ്പത്ത് എന്ന സിനിമയിൽ ശോഭന മോഹൻലാലിനോട് 'മുദ്ഗൗ' എന്നുപറയുന്നു. മോഹൻലാലിന് ഇത് മനസ്സിലാകാതെ അന്വേഷിച്ച് നടക്കുകയാണ്. അവസാനം ഒരു സ്ഥലത്തുപോയപ്പോൾ നാട്ടുകാരെല്ലാവരുംകൂടി അദ്ദേഹത്തെ പിടിച്ചുകെട്ടി. അപ്പോൾ ശോഭന ഇദ്ദേഹത്തെ രക്ഷിക്കാനായി ഓടിവരികയാണ്. അപ്പോൾ ചിലർ മോഹൻലാലിനെ ചൂണ്ടിക്കാണിച്ച് പറയുകയാണ്, 'നാടും വീടുമൊക്കെ ഉപേക്ഷിച്ച് ഞങ്ങൾ ഈ നാട്ടിൽ അല്ലറചില്ലറ പണികൾ ചെയ്യാനായി വന്നിരിക്കുകയാണ്, ഈ നാട്ടിൽവന്ന് പണിചെയ്യുന്ന ഞങ്ങളെക്കൂടി അപമാനിക്കരുത്'. ഇതുതന്നെയാണ് ഇപ്പോൾ ഗൾഫിലുള്ള മുഴുവൻ മലയാളികളും പറയുന്നത്. ഇപ്പോൾ ഗൾഫിലുള്ള മലയാളികളെ സംബന്ധിച്ചിടത്തോളം പുറത്തിറങ്ങി നടക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഇത്രയും കാലം മലയാളികൾ അറബികളുടെ പണം വാങ്ങാൻ അങ്ങോട്ടുപോകുകയാണ് ചെയ്തിരുന്നതെങ്കിൽ ബിനോയ് കോടിയേരിയുടെ പേരിലുള്ള 13 കോടി രൂപയുടെ തട്ടിപ്പുവന്നതിനു ശേഷം ഇപ്പോൾ അറബികൾ കേരളത്തിലേയ്ക്കാണ് പണംവാങ്ങാൻ വരുന്നത്. സഖാവ് അച്യുതാനന്ദൻ സാധാരണ തട്ടിപ്പിനും വെട്ടിപ്പിനുമെതിരെ പ്രസ്താവന ഇറക്കുന്നയാളാണ്. ഈ പ്രശ്നത്തിന് ഒരു പ്രസ്താവനയും അദ്ദേഹം ഇറക്കിയിട്ടില്ല. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകന്റെ തട്ടിപ്പ് പുറത്തുവന്നതിനുശേഷം അദ്ദേഹത്തിന് ഒരു മലയാളപത്രവും വായിക്കാൻ കൊടുത്തിട്ടില്ല. 2017-ലെ പത്രമാണ് അദ്ദേഹത്തിന് ഇപ്പോൾ കൊടുത്തുക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ഡോ. ടി. എം. തോമസ് ഐസക് ബജറ്റ് അവതരിപ്പിച്ചതിനുശേഷം, ബജറ്റിൽ എന്തെങ്കിലും ഉണ്ടോയെന്ന് അറിയാൻവേണ്ടി ശനിയാഴ്ചത്തെ പത്രം എടുത്തു നോക്കിയപ്പോൾ ബജറ്റിനെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. 2017-ലെ പത്രമാണ് കൊടുത്തിരിക്കുന്നത്. 'തോമാച്ചൻ അവതരിപ്പിച്ച ബജറ്റൊന്നും ഇതിലില്ലേ' എന്നു ചോദിച്ചപ്പോൾ കേട്ടുനിന്ന ആൾ പറഞ്ഞത്, 'ഇപ്പോൾ ഈ ബൂർഷ്വാ പത്രങ്ങളൊന്നും നമ്മുടെ ബജറ്റുപോലും പത്രത്തിൽ കൊടുക്കുന്നില്ല' എന്നാണ്. ശ്രീ. പ്രകാശ് കാരാട്ട് പറയുന്നത് 'കോൺഗ്രസ്സിനെ ഞങ്ങൾ കൂട്ടില്ല' എന്നാണ്. പണ്ട് കപ്യാർ വികാരി അച്ചനോട് പറഞ്ഞതുപോലെയാണത്, 'അച്ചന് സൗകര്യമുണ്ടെങ്കിൽ ഞങ്ങളുടെകൂടെ നിന്നാൽ മതി' എന്ന്. ഞങ്ങൾ സി.പി.ഐ.(എം)-ന്റെ പിന്തുണ ചോദിക്കുന്നില്ല. ഒരു മതേതരകക്ഷി രാജ്യത്ത് അധികാരത്തിൽ വരാൻവേണ്ടി മാത്രം ഞങ്ങൾ ചോദിക്കുന്നുവെന്നേയുള്ളൂ. എന്റെ നിയോജകമണ്ഡലമായ വടയംപാടിയിൽ ഒരു ദളിത് സമരംനടന്നു. ആ വിഷയവുമായി ബന്ധപ്പെട്ട് രണ്ട് സബ്മിഷൻ കൊടുത്തു. ആദ്യത്തെ സബ്മിഷൻ, കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുകൂട്ടി ആ പ്രശ്നം പരിഹരിക്കണമെന്നുള്ളതാണ്. ഏതായാലും

സബ്മിഷൻ കിട്ടിയില്ലെങ്കിലും കളക്ടറുടെ നേതൃത്വത്തിൽ ആ വിഷയം പരിഹരിച്ചു. അവിടെ അമ്പലത്തിനടുത്ത് കോളനിയുടെ സമീപത്ത് ഒരു മതിൽകെട്ടിയതുമായി ബന്ധപ്പെട്ടതാണ് വിഷയം. ആ മതിൽ സമരക്കാർതന്നെ പൊളിച്ചുമാറ്റി. ഇപ്പോൾ മതിലില്ല. കഴിഞ്ഞ നാലാം തീയതി 'ആത്മാഭിമാന സമ്മേളനം' എന്ന പേരിൽ ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഒരു സമരം നടന്നു. ഒരുകാരണവശാലും ഇതിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന് കളക്ടർ കർശന നിർദ്ദേശം കൊടുത്തു. പക്ഷേ, പോലീസിന്റെ ഭാഗത്തുനിന്നും മനുഷ്യത്വരഹിതമായ സമീപനമാണ് ദളിതർക്ക് നേരെയുണ്ടായത്. അവിടെ തമ്പടിച്ച ആർ.എസ്.എസ്.-കാരെ സഹായിക്കുന്ന സമീപനമാണ് പോലീസുകാർ സ്വീകരിച്ചത്. ഞാൻ ഇവിടെ സബ്മിഷൻ കൊടുത്തിട്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽനിന്ന് അറിയിച്ചത് 'മുഖ്യമന്ത്രിക്ക് മറുപടി നൽകാൻ അവിടെനിന്നും വിവരം കിട്ടിയില്ല' എന്നാണ്. ആർ.എസ്.എസ്-കാർക്കെതിരെ മറുപടി പറയണം എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ സബ്മിഷന് മറുപടിപോലും പറഞ്ഞില്ല. പാവപ്പെട്ട ദളിതർക്കെതിരെ എടുത്ത കേസ്സുകൾ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, സമത്വബോധമുള്ള ഒരു സമൂഹത്തിന് മാത്രമേ സ്ത്രീക്ക് അവൾ ആഗ്രഹിക്കുന്ന തരത്തിലുള്ള അന്തസ്സ് പ്രദാനം ചെയ്യാൻ സാധിക്കൂ. സ്ത്രീ ശക്തിപ്പെടുമ്പോഴാണ് ഒരു കുടുംബം ശക്തിപ്പെടുന്നത്. കുടുംബം ശാസ്ത്രീയമായും സാമൂഹികമായും ശക്തിപ്പെടുമ്പോഴാണ് ഒരു സമൂഹം ശക്തിപ്പെടുന്നത്. ഈ സമത്വം പ്രദാനം ചെയ്യാൻ ലോകത്തിൽ കമ്മ്യൂണിസത്തിന് മാത്രമേ സാധിക്കുവെന്ന് ഈ ബജറ്റിലൂടെ നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വീണ്ടും തെളിയിച്ചിരിക്കുകയാണ്. ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ. ഒരു സംസ്കൃത ശ്ലോകം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ഞാനും ഒരു സംസ്കൃത ശ്ലോകം പറഞ്ഞുകൊണ്ട് വിഷയത്തിലേയ്ക്ക് കടക്കുകയാണ്.

'അശ്വം നയ്വ, ഗജം നയ്വ,
വ്യാഘ്രം നയ്വച നയ്വച;
അജാപുത്രം ബലിം ദത്താത്,
ദേവൻ ദുർബല ഘാതകഃ'

അതിന്റെ അർത്ഥം ഇത്രയേയുള്ളൂ. ദൈവത്തിനെ പ്രീതിപ്പെടുത്തുന്നതിന് തപസ്വി അശ്വത്തെയും അതായത് കുതിരയെയും ആനയെയും കടുവയെയും കൊണ്ടു ചെല്ലുമ്പോൾ ദൈവം പറയുന്നത് ഇതിനെയൊന്നും എനിക്ക് ബലിയായി വേണ്ടെന്നാണ്. അവസാനം ദൈവം ബലിക്കായി കണ്ടെത്തുന്നത് ജന്തുക്കളിൽ, മൃഗങ്ങളിൽ ഏറ്റവും സാധുവും ദുർബലനുമായ അജാപുത്രനെയാണ്, ആടിനെയാണ്.

ദൈവംപോലും ദുർബലനിൽ കണ്ണ് പതിപ്പിക്കുന്ന അവസരത്തിലാണ്, ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ദുർബലർ, സമൂഹത്തിലെ സാധുക്കൾ, പാർശ്വവത്കരിക്കപ്പെട്ടവർ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, എൻഡോസൾഫാൻ ദുരിതബാധിതർ തുടങ്ങിയ വിഭാഗക്കാരുടെ സമസ്ത വികസനം, സമ്പൂർണ്ണമായ സാമൂഹ്യ സുരക്ഷിതത്വം എന്നിവ വിഭാവന ചെയ്തുകൊണ്ടാണ് ജനപക്ഷ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹം അവതരിപ്പിച്ച ഈ ബജറ്റിനെ സർവ്വാത്മനാ ഞാൻ സ്വാഗതം ചെയ്യുന്നു.

യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ധൂർത്തും ധനകെടുകാര്യസ്ഥതയും അടിച്ചേല്പിച്ച ആഘാതത്തിൽ നിന്ന് കരകയറാനുള്ള നെട്ടോട്ടത്തിലാണല്ലോ കേരളം. പ്രതിപക്ഷം പുറമേ അടിക്കുകയും അകമെ തലോടുകയും ചെയ്യുന്ന കിഫ്ബി എന്ന പുതിയ സംവിധാനം കേരളത്തിൽ നടപ്പിൽവന്നില്ലായിരുന്നെങ്കിൽ കേരളത്തിന്റെ വികസനം ഏതു തരത്തിൽ നടപ്പി ലാകുമായിരുന്നുവെന്ന് നാം ചിന്തിക്കണം. ഒരു വലിയ വികസന മുരടിപ്പിലേയ്ക്ക് കേരളം കടന്നുപോകുന്ന സാഹചര്യത്തിൽനിന്ന് വികസന കുതിപ്പിലേയ്ക്കുകൊണ്ടു വന്നത് അദ്ദേഹത്തിന്റെ ക്രാന്തദർശകമായ ഒരു മുന്നേറ്റത്തിലൂടെ ആയിരുന്നുവെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. മൂന്ന് ബജറ്റുകളാണ് പുതിയ ഇടതുപക്ഷ സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ട് ബജറ്റുകളിൽ ഭാവി കേരളം എങ്ങനെ ആയിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടോടു കൂടിയ ഒട്ടേറെ പ്രഖ്യാപനങ്ങളാണ് ഉണ്ടായിരുന്നത്. ഇവിടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏറ്റവും നല്ല രീതിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതിവിഹിത മാണ് ഈ ബജറ്റിലൂടെ നീക്കിവച്ചിരിക്കുന്നത് എന്നതാണ് മൂന്നാമത്തെ ബജറ്റ് വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. തീർച്ചയായും ഒരു മലർപ്പൊടിക്കാരന്റെ സ്വപ്നമായി ഇത് അവശേഷിക്കുകയില്ല. കാരണം, ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മുഴുവൻ പദ്ധതികളും കിഫ്ബിവഴിയും ഡിപ്പാർട്ട്മെന്റ് വഴിയുമുൾപ്പെടെ ഇവിടെ നടപ്പിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രീതിയിൽ മുന്നോട്ടുപോയാൽ നമ്മുടെ കേരളം ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമെന്ന നിലയിൽ, ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തീർച്ചയായും അതിന് മുഖ്യപങ്കുവഹിക്കുന്ന ഈ ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രിയെയും കൂടാതെ ഓരോ ഡിപ്പാർട്ട്മെന്റുകളും ഭരിക്കുന്ന ഓരോ മന്ത്രിമാരെയും അഭിനന്ദിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുകയാണ്. സംസ്ഥാനത്ത് നടപ്പാക്കിയ നാല് മിഷനുകളെപ്പറ്റി, എനിക്കുമുമ്പ് സംസാരിച്ച എം.എൽ.എ. -മാരെല്ലാവരും വളരെ നല്ല രീതിയിൽ പ്രതിപാദിച്ചു. അതുകൊണ്ട് ഞാൻ അത് വിശദമായി പറയാൻ

ആഗ്രഹിക്കുന്നില്ല. ആരോഗ്യ മേഖലയെ സംബന്ധിച്ചും പൊതു വിദ്യാഭ്യാസരംഗത്തെക്കുറിച്ചും പാർപ്പിടമെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ എം.എൽ.എ.-മാർ പലരും സൂചിപ്പിച്ചതുകൊണ്ട് വിശദമായി ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഹരിത കേരള മിഷൻ രൂപംകൊണ്ടതിലൂടെ കൃഷിക്കും മാലിന്യനിർമ്മാർജ്ജനത്തിനും ജലസംരക്ഷണത്തിനും പ്രകൃതി സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമെല്ലാം എന്തെല്ലാം കാര്യങ്ങളാണ് ഇന്ന് കേരളത്തിൽ നടപ്പിലാക്കിവരുന്നത്. ഇവിടെ എതിർത്തുപറയുന്ന പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങൾ പരിശോധിച്ചാൽ എന്തെല്ലാം വികസന കാര്യങ്ങളാണ് അവിടെയെല്ലാം നടന്നിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടും. ക്ഷീരമേഖലയെക്കുറിച്ച് എനിക്ക് വളരെ അഭിമാനത്തോടുകൂടി ഈ സഭയെ അറിയിക്കാനുള്ളത്, ക്ഷീര ഗ്രാമം പദ്ധതി ആദ്യമായി നടന്നത് എന്റെ മണ്ഡലത്തിലെ ഉദയനാപുരം പഞ്ചായത്തിലാണ്. ഈ പദ്ധതി ക്ഷീര വകുപ്പിലൂടെ നടപ്പിലാക്കിയതുകൊണ്ടാണ് പാലിന്റെ ഉല്പാദനം മൂന്നിരട്ടി വർദ്ധിപ്പിക്കാനും പാലിന്റെയും പാലുല്പന്നങ്ങളുടെയും കാര്യത്തിൽ ഈ പഞ്ചായത്തിനെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാനും സാധിച്ചത്. അതുപോലെ മറ്റ് പഞ്ചായത്തുകളിലേയ്ക്കും ക്ഷീര ഗ്രാമം പദ്ധതി വ്യാപിപ്പിക്കുന്നതായി കഴിഞ്ഞ ദിവസം ബജറ്റിലൂടെ അറിഞ്ഞു. അതിൽ വളരെ സന്തോഷമുണ്ട്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ കാർഡ് നല്കുന്ന കാര്യത്തിലുണ്ടായ പ്രശ്നങ്ങളെല്ലാം നമുക്കറിയാം. യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കേണ്ടിയിരുന്ന ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാതെയും അവർ തയ്യാറാക്കിയ ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിച്ചപ്പോൾ അർഹരായവർ ആ ലിസ്റ്റിന് വെളിയിലാകുകയും അനർഹർ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്ത സംഭവങ്ങളുണ്ടായി. ആ സന്ദർഭത്തിൽ ഗവൺമെന്റിന്റെയും ഡിപ്പാർട്ട്മെന്റുകളുടെയും ഉചിതവും കാര്യക്ഷമവുമായ ഇടപെടലിലൂടെ അർഹതയുള്ളവരെ ഉൾപ്പെടുത്തുന്നതിനുള്ള സാഹചര്യമുണ്ടായി.

ഇവിടെ ടൂറിസത്തെപ്പറ്റി ബജറ്റിൽ പറയുന്നുണ്ട്. ലോകത്തിന് മാതൃകയായി കേരളത്തിൽ പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കിയത് എന്റെ മണ്ഡലത്തിലാണ്. ഈ പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടി സ്വീകരിച്ചുവരുകയാണ്. അതിനെക്കുറിച്ച് ബജറ്റിൽ പരാമർശിച്ചാൽ വളരെ സന്തോഷമാകും. വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് ഒരു കൊല്ലം കൊണ്ട് 22 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കിയ ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ടും എന്റെ മണ്ഡലത്തിലാണ് ഇന്ന് സർവ്വീസ് നടത്തുന്നത്. അത് ഈ ബജറ്റിൽ പരാമർശിച്ചതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം നന്ദി

അറിയിക്കുന്നു. പാവങ്ങളുടെ പടത്തലവനായ എ.കെ.ജി.-ക്ക് ജന്മനാട്ടിൽ സ്മാരകം പണിയുന്നതിന് ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയതിലുള്ള സന്തോഷം പങ്കുവയ്ക്കുന്നു. എന്റെ മണ്ഡലമായ വൈക്കത്തിന് രണ്ട് ചരിത്ര പ്രധാന സംഭവങ്ങളുണ്ട്. ഒന്ന്, വൈക്കം സത്യാഗ്രഹം. മറ്റൊന്ന്, സഖാവ് പി. കൃഷ്ണപിള്ളയുടെ ജന്മംകൊണ്ട ചുവന്ന മണ്ണാണ് ഞങ്ങളുടെ വൈക്കത്തിന്റേത്. അദ്ദേഹത്തിന് കേരളത്തിൽ ഉചിതമായ ഒരു പൊതുസ്മാരകമില്ല എന്ന കുറവ് പരിഹരിക്കുന്നതിന് ഞങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ഒരു കോളേജ് ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്കറിയാം, നവോത്ഥാനത്താൽ ഉഴുതുമറിച്ച മണ്ണാണ് കേരളത്തിന്റേത്. ജാതിമത ബോധത്തെ പുറത്താക്കി മനുഷ്യമനസ്സിൽ മാനവികത നിറഞ്ഞപ്പോഴാണ് ഇവിടെ നവോത്ഥാനമുണ്ടായത്. എന്നാൽ ഒരു ദളിതന്റെ കുടിലോ ശരീരമോ, അവന്റെ ആഹാരമോ ജീവിതമോ ശവശരീരമോ ഉൾക്കൊള്ളാൻ ഇന്ന് നമുക്ക് പറ്റാതെ വരുമ്പോൾ പഴയ കാട്ടാളത്തം നമ്മുടെ ഇടയിലേയ്ക്ക് വരികയാണ്. അശാന്തന്റെ മൃതദേഹത്തോട് കാണിച്ച അനാദരവിനെതിരെ ഇവിടെ ആരും പ്രതികരിക്കുന്നില്ല. അധികാരത്തിലിരിക്കുന്ന മന്ത്രിമാരുടെ കണ്ണടയുടെയും അവരുടെ തോർത്തിന്റെയും കണക്കെടുക്കാനാണ് പ്രതിപക്ഷം തുനിയുന്നത്. ഇവരെയോർത്ത് കേരളം ശരിക്കും ലജ്ജിക്കുകയാണ്. ഈ അവസരത്തിൽ അശാന്തന്റെ മൃതദേഹത്തോട് കാണിച്ച അനാദരവും ശ്രീ. കുരീപ്പുഴ ശ്രീകുമാറിനോട് കാണിച്ച അനാദരവും ഒന്നുകൂടി പരിശോധിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഒരു കാര്യം സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ അനാഥശാലകൾ ഇന്ന് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഇരുപതിനായിരത്തോളം കുട്ടികൾ അനാഥശാലകളിലുണ്ട്. ജുവനൈൽ ജസ്റ്റീസ് ആക്ട് അടിച്ചേൽപ്പിക്കുകയാണെങ്കിൽ ഈ കുട്ടികൾ പുറത്തുപോകേണ്ടിവരും. 161 അനാഥശാലകൾ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് ഇപ്പോൾ അടച്ചുപൂട്ടി. ബാക്കിവരുന്ന അഞ്ഞൂറോളം അനാഥശാലകൾ ഈ രീതിയിൽ മുന്നോട്ടുപോകാൻ കഴിയില്ലെന്ന് പറഞ്ഞ് ഓർഫനേജ് കൺട്രോൾ ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് തവണ ചർച്ച നടത്തിയതിനാൽ അദ്ദേഹത്തിന് ഇക്കാര്യം വളരെ വ്യക്തമായി അറിയാവുന്നതാണ്. പക്ഷേ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അത്രയും ഗൗരവത്തോടെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നാണ് കരുതുന്നത്. ജുവനൈൽ ജസ്റ്റീസ് ആക്ട്, കേന്ദ്രസർക്കാർ കൊണ്ടുവന്ന ആക്ടാണ്. The Orphanage and Other Charitable Homes (Supervision and Control) Act, 1960-ന്റെ

കീഴിലാണ് കേരളത്തിലെ അനാഥശാലകൾ പ്രവർത്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വളരെ അന്തസ്സായി, നിരവധിപ്പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനങ്ങളാണ്. പക്ഷേ, ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ നടത്തികൊണ്ടുപോകുവാൻ അനാഥശാലകളെ നിർബന്ധിക്കുകയാണെങ്കിൽ എല്ലാ അനാഥശാലകളും അടച്ചുപൂട്ടേണ്ടിവരികയും ഇരുപതിനായിരത്തോളം കുട്ടികൾ വഴിയാധാരമാകുകയും ചെയ്യും. അങ്ങനെ വരികയാണെങ്കിൽ ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് ഈ ആക്ടിൽ പറയുന്നത്. സർക്കാർ ഈ ഇരുപതിനായിരത്തോളം കുട്ടികളെ ഏറ്റെടുത്ത്, അവർക്കാവശ്യമായ ഭക്ഷണം, പാർപ്പിടം, മറ്റ് സൗകര്യങ്ങളെല്ലാം നൽകണം. ഇതിനായി ഒരു വർഷം ചുരുങ്ങിയത് 500 കോടി രൂപയാണ് ചെലവുവരുന്നത്. ഒരു കുട്ടിക്ക് ആയിരം രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. അതുകൊണ്ട് സർക്കാരിനെ സംബന്ധിച്ച് സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന് മാത്രമല്ല, നല്ല രീതിയിൽ നടത്തപ്പെടുന്ന അനാഥശാലകൾ അടച്ചുപൂട്ടിയാലുണ്ടാകുന്ന ഭവിഷ്യത്ത് വളരെ ഗുരുതരമാകും. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കേരളത്തിൽ നന്നായി പ്രവർത്തിക്കുന്ന ഈ അനാഥശാലകളെ നിലനിർത്തുന്നതിന് ഈ വിഷയം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണം. കേരളത്തിലെ കുട്ടികൾ തെരുവിലൂടെ അലഞ്ഞുതിരിയുന്നവരല്ല, അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് വേണ്ടി മാത്രമാണ് അനാഥശാലകൾ നടത്തുന്നത്. ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികളല്ല കേരളത്തിൽ പഠിക്കുന്നത്. അവർക്ക് നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽനിന്ന് കേരളത്തിലെ കുട്ടികളെ മോചിപ്പിക്കണം. ഇന്ന് നിലനിൽക്കുന്ന The Orphanage and Other Charitable Homes (Supervision and Control) Act, 1960 എന്ന കേന്ദ്ര നിയമത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ അനുവദിക്കണമെന്നും ജുവൈനൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽനിന്നും ഇവയെ ഒഴിവാക്കണമെന്നും കേരളത്തിലെ അനാഥശാലകളെ സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ഇടപെടണമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ)

ശ്രീ. ഐ. ബി. സതീഷ്: സർ, 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ ബജറ്റിനെ അനല്പമായ ആഹ്ലാദത്തോടെയും തികഞ്ഞ അഭിമാനബോധത്തോടെയുമാണ് പിന്തുണയ്ക്കുന്നത്. ബജറ്റ് പ്രസംഗത്തിൽ തളിപ്പറമ്പ് മണ്ഡലത്തിലെ 'സമൃദ്ധി' പദ്ധതിയോടൊപ്പം ഞങ്ങളുടെ മണ്ഡലത്തിലെ 'ജലസമൃദ്ധി' പദ്ധതിയെയും പ്രോത്സാഹിപ്പിച്ചതിനുള്ള നന്ദി അറിയിക്കാൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ്, അനിവാര്യമായതും യാഥാർത്ഥ്യമാകാൻ പോകുന്നതുമായ ഇടതുപക്ഷ തുടർഭരണത്തിലേയ്ക്കുള്ള സുപ്രധാന ചുവടുവയ്പാണ്. സ്ഫടിക സദൃശ്യമായ തെളിമയോടെ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്റെ സാമ്പത്തിക നയസമീപനരേഖ തന്നെയാണിത്. ഒരു ചൈനീസ് പഴമൊഴിയുണ്ട്. 'വിശന്നു വലയുന്ന ഒരാൾക്ക് ഒരു മത്സ്യം കൊടുക്കുന്നതിനുപകരം ഒരു ചൂണ്ട നൽകുക' എന്ന്. ആ ദീർഘവീക്ഷണവും കരുതലുമാണ് ഈ ബജറ്റിലുടനീളം കാണാനാകുന്നത്. ബജറ്റിലെ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും സംസാരിക്കുന്നത്, വറ്റിപ്പോയിട്ടില്ലാത്ത കരുണയുടെയും ആർദ്രതയുടെയും ഭാഷയിലാണ്. സാംസ്കാരിക ദാരിദ്ര്യരേഖയ്ക്ക് കീഴിലല്ലാത്ത ഏതൊരു മലയാളിയുടെ മനസ്സിലേയ്ക്കും നേരിട്ട് കടക്കുന്ന വാക്കുകളും സ്വപ്നങ്ങളുമാണത്. എന്നാൽ രാഷ്ട്രീയവും ധാർമ്മികവുമായ അധഃപതനത്തിന്റെ പാതാളക്കുഴിയിലേയ്ക്ക് പതിക്കുന്ന പ്രതിപക്ഷം ആത്മവഞ്ചനയിൽ അഭിരമിക്കുകയാണ്. പ്രകൃതിദുരന്തങ്ങളുടെ കാലത്തുപോലും വോട്ട് രാഷ്ട്രീയ സാധ്യതകൾ തേടുന്നവർ മറന്നുപോയ ഒന്നുണ്ടല്ലോ, കേരളത്തിന്റെ കടൽത്തീരത്ത് ഇറ്റാലിയൻ നാവികർ വെടിവച്ചുകൊന്ന മത്സ്യത്തൊഴിലാളികൾ; ആ കുറ്റകൃത്യത്തിന് ഉത്തരവാദികളായ കുറ്റവാളികൾ ഇന്ന് എവിടെയാണ്? കേരളത്തിലെ നിയമത്തിന്റെ വലക്കണ്ണികൾ പൊട്ടിച്ച് അവരുടെ നാട്ടിൽ സുരക്ഷിതരായി കഴിയാൻ അരങ്ങൊരുക്കിക്കൊടുത്തത് ആരാണ്? ഇവിടത്തെ പ്രതിപക്ഷത്തിന് നേതൃത്വം നൽകുന്ന കോൺഗ്രസ് ചെന്നുപെട്ടിരിക്കുന്ന ഒരവസ്ഥയുണ്ടല്ലോ; ദ്വാരകാദീക്ഷിത് ക്ഷേത്രത്തിലും മറ്റ് 27 ക്ഷേത്രങ്ങളിലും പ്രദക്ഷിണം നടത്തിക്കൊണ്ട് തെരഞ്ഞെടുപ്പ് പ്രചരണം ആരംഭിക്കേണ്ട അവസ്ഥയിൽ, എ.ഐ.സി.സി.-യുടെ പ്രസിഡന്റ് എത്തിച്ചേർന്നുവെന്ന് പറയുന്നത് ആ പ്രസ്ഥാനം ചെന്നുപെട്ടിരിക്കുന്ന ഒരവസ്ഥയാണ്. 24 സംസ്ഥാനങ്ങളിൽ അധികാരം കയ്യാളിയിരുന്ന കോൺഗ്രസ് ഇന്ന് 3 സംസ്ഥാനങ്ങളിലായി ഒതുങ്ങിയിരിക്കുന്നു. കിട്ടിയ സീറ്റിന്റെയും വോട്ടിന്റെയും കാര്യത്തിലല്ല, ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയകാര്യം പരിശോധിച്ചാൽ കോൺഗ്രസ് ചരിത്രപരമായ ഏറ്റവും വലിയ പാതകമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. താൻ ബ്രാഹ്മണനാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന എ.ഐ.സി.സി.-യുടെ പ്രസിഡന്റ് ഒരു വാർഡ് കോൺഗ്രസ് രാഷ്ട്രീയ നേതൃത്വത്തിന്റെ നിലവാരത്തേക്കാൾ താഴ്ന്നുപോയിരിക്കുന്നു എന്നത് നാം കാണണ്ടേ; ഇന്നത്തെ കോൺഗ്രസ് നാളത്തെ ബി.ജെ.പി.-യാണെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. നാഗ്പൂരിൽ, മേഘാലയയിൽ കോൺഗ്രസ്സിന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എത്ര സീറ്റ് ലഭിച്ചു?

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇവിടെ ബഹുമാന്യനായ അംഗം പ്രസംഗമദ്ധ്യേ, എ.ഐ.സി.സി.-യുടെ പ്രസിഡന്റ്

'താൻ ബ്രാഹ്മണനാണ് എന്ന് സ്വയം അവകാശപ്പെട്ടുവെന്ന് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. ....(ബഹളം).... താൻ മതത്തേയും ജാതിയേയും വില്പനചരക്കാക്കാൻ ആഗ്രഹിക്കുന്ന ആളല്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട എ.ഐ.സി.സി. പ്രസിഡന്റ്, ശ്രീ. രാഹുൽ ഗാന്ധിയെ ഈ നിലയിൽ അപകീർത്തിപ്പെടുത്തുന്ന പരാമർശം രേഖയിൽ ഉണ്ടാകരുത്. അങ്ങ് പരിശോധിച്ച് നടപടി സ്വീകരിക്കണം.*

മി. ചെയർമാൻ: പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഐ. ബി. സതീഷ്: സർ, 1967-ൽ ഗോവധ നിരോധനത്തെക്കുറിച്ച് പഠിക്കാൻ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി നിയോഗിച്ച കമ്മീഷനിൽ ഗോൾവക്കർ അംഗമായിരുന്നുവെന്ന വസ്തുത നമ്മുടെ മുന്നിൽ ചരിത്രരേഖയായുണ്ട്. ജന്മിമാർക്കൊപ്പം നിൽക്കണമെന്ന് ആർ.എസ്.എസ്. അണികൾക്ക് സന്ദേശം നൽകിയത് ഗോൾവക്കറാണ്. നമ്മുടെ നാട്ടിൻപുറത്ത് ചരിത്രമുണ്ടല്ലോ; ഭൂനഷ്ടം വരുന്ന ജന്മിമാർ, കോൺഗ്രസ്സ് കാരണവന്മാർ, അവരുടെ തറവാട്ട് മുറ്റത്തെ ക്ഷേത്രച്ചുറ്റുപാടും ആർ.എസ്.എസ്.-ന്റെ ശാഖകൾ നടത്താൻ അനുവാദം കൊടുത്തത് നമ്മുടെ മുന്നിലുണ്ടല്ലോ? കേരളത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ തിമിരം ബാധിച്ച് ആർ.എസ്.എസ്.-നെ പ്രോത്സാഹിപ്പിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് രക്ഷപ്പെടാൻ കോൺഗ്രസ്സിനാകില്ല എന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ചില മനശാസ്ത്രജ്ഞന്മാർ പറയുന്നത് രണ്ട് രോഗാവസ്ഥകളുണ്ട് എന്നാണ്. ഒന്ന്, റിയാക്ഷൻ ഫോർമേഷൻ- മനസ്സുറയ്ക്കാത്ത കാലത്ത് എന്നോ എപ്പോഴോ കേൾക്കേണ്ടിവന്ന ദുരനുഭവം, അത് മനസ്സിലേല്പിച്ച പോറൽ രോഗാവസ്ഥയിലെത്തുന്നു. തന്റെ അനുഭവത്തെ അവർ മറ്റുള്ളവരിൽ ആരോപിക്കും. മറ്റൊരവസ്ഥയാണ് റിപ്രഷൻ. തന്റെ വൈകല്യങ്ങൾ മറച്ചുപിടിക്കാനുള്ള വെപ്രാളത്തിൽ താൻ ആ വൈകല്യത്തിനെതിരാണെന്ന് സ്ഥാപിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടേയിരിക്കും. രോഗാവസ്ഥ എന്നതിനപ്പുറം അന്തസ്സില്ലായ്മയുടെയും സംസ്കാരശൂന്യതയുടെയും ആവേശത്തിൽ അഭിരമിക്കുന്ന അവസ്ഥയിൽ ചില ആളുകൾ എത്തിനിൽക്കുന്നു. ചരിത്രബോധമോ യുക്തിബോധമോ സാമാന്യബോധമോ സാമാന്യമര്യാദയോ ഇല്ലാതെ സൈബർ ചിറകുകളിൽ പറന്നുനടന്നവർക്കൊപ്പം പരിണിതപ്രജ്ഞരായ കോൺഗ്രസ് നേതൃത്വം സഞ്ചരിക്കുന്നു എന്നതാണ് ഏറ്റവും ദയനീയമായ അവസ്ഥ. അത്തരം ചരിത്രബോധമില്ലാത്ത ആളുകൾക്ക് പിന്തുണ നൽകാൻ കോൺഗ്രസ് നേതൃത്വം

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 841/ഇ.ബി./2018/നി.സെ.) രേഖയിൽ നിലനിർത്തി.

തയ്യാറാകുന്നുവെന്നതാണ് ഇന്നത്തെ കേരളത്തിലെ കോൺഗ്രസ് ചെന്നെത്തപ്പെട്ടിരിക്കുന്ന അവസ്ഥ. 'സമൂഹത്തിന്റെ പുരോഗതിയുടെ അളവുകോൽ അറിയണമെങ്കിൽ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനമെന്തെന്ന് പരിശോധിച്ചാൽ മതി' എന്നത് മഹാനായ കാറൽ മാർക്സിന്റെ നിരീക്ഷണമാണ്. അതുതന്നെയാണ് കവി മധുസൂദനൻ നായരും പാടിയിട്ടുള്ളത്.

"നാരിയെ പൂജിപ്പതെങ്ങോ അങ്ങു ദേവതാരാമം"

ഇവിടെ സ്ത്രീകൾക്കായുള്ള സ്കീമുകളുടെ അടങ്കൽ തുക 4.5 ശതമാനമായിരുന്നത് 5.7 ശതമാനമായി വർദ്ധിച്ചിരിക്കുന്നു, 1267 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. പൊതു വികസന സ്കീമുകളിൽ ലഭിക്കുന്നത് 8.9 ശതമാനം, ആകെ 14.6 ശതമാനം, സ്ത്രീ സൗഹൃദ പഞ്ചായത്തുകൾക്ക് 10 കോടി രൂപ. സ്ത്രീ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ചരിത്രപരമായ നീക്കം ഈ ബജറ്റിലുണ്ട്. 'വിശപ്പുരഹിത കേരളം' എന്നത് മലയാളികളുടെ എക്കാലത്തെയും സ്വപ്നമാണ്. ഇഹലോകത്ത് റൊട്ടിതരാത്ത ദൈവം പരലോകത്ത് മോക്ഷം തരുന്നതെങ്ങനെയെന്ന് ചോദിച്ച സ്വാമി വിവേകാനന്ദനാണ് 'വിശക്കുന്നവന്റെ മുന്നിൽ ആഹാരത്തിന്റെ രൂപത്തിലാണ് ദൈവം അവതരിക്കുന്നത് ' എന്നുപറഞ്ഞത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഡി.വൈ.എഫ്.ഐ. എന്ന യുവജന പ്രസ്ഥാനം തുടങ്ങിവച്ച ആ യജ്ഞം പിണറായി സർക്കാർ മുന്നോട്ടുകൊണ്ടുപോവുകയാണ്. വിശന്നുവലയുന്നവന്റെ മുന്നിൽ ആഹാരത്തിന്റെ രൂപത്തിൽ പിണറായി സർക്കാർ അവതരിക്കുന്നു എന്നത് വളരെ അഭിമാനകരവും ആവേശകരവുമാണ്. ഈ ബജറ്റ് അവതരിപ്പിക്കുമ്പോഴുള്ള ഒരു പശ്ചാത്തലം നമ്മുടെ മുന്നിലുണ്ട്. പത്താം ശമ്പള കമ്മീഷന്റെ ശിപാർശകൾ വഴി കൊടുത്തുതീർക്കേണ്ടിവന്ന അധികതുക എത്രയാണെന്ന് നമുക്കറിയാം. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ദീർഘകാല കുടിശ്ശിക കൊടുത്തുതീർക്കേണ്ടിവന്നു. ചെക്പോസ്റ്റുകൾ അസാധുവായപ്പോഴുണ്ടായ നികുതി ലഭ്യത ഉറപ്പാക്കാൻ ഇ-ഡിക്ലറേഷൻ സമ്പ്രദായം സാധ്യമാകാത്ത സാഹചര്യംവന്നു. അപ്പോഴും ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട വളർച്ച ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ബജറ്റ് അവതരിപ്പിക്കുമ്പോൾ വറുതിയിൽപ്പെട്ടുപോയ ഒരമ്മയുടെ മനസ്സുകൂടി പങ്കുവയ്ക്കുന്നുണ്ട്. ഈ വറുതിയുടെ കാലം കഴിയുമ്പോൾ സമൃദ്ധിയുടെ കാലം വരും എന്നൊരു പ്രതീക്ഷ ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നു. ഭൂനികുതി ഭൂമിക്ക് ഭാരമെന്ന് ചിലർ വിലപിക്കുന്നുണ്ട്. ഭൂനികുതിയല്ല ഭൂമിക്ക് ഭാരം. പ്രായമായവരെ മാനിക്കാൻ കഴിയാത്ത മനസ്സുള്ളവരാണ് ഭൂമിക്ക് ഭാരമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേന്ദ്ര ബജറ്റ് സംസ്ഥാന ബഡ്ജറ്റിന് ഒരു ദിവസം മുമ്പാണ് വന്നത്. ആ ബഡ്ജറ്റ് ജനവിരുദ്ധതയുടെ ശബ്ദമാണ് വെളിവാക്കിയത്. തൊഴിലാളികളുടെ ശബ്ദം പൂർണ്ണമായി തിരസ്കരിച്ച ബഡ്ജറ്റാണതെന്ന് ബി.എം.എസ്-നുപോലും പറയേണ്ടിവന്ന പശ്ചാത്തലത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചരിത്രപരമായ അനിവാര്യതകളോട് നീതിപുലർത്തുന്ന സമീപനം കാഴ്ചവച്ചിരിക്കുന്നത്. ഇവിടെ ദൃഢതയുള്ള മനസ്സുകൾ ആശയങ്ങളെക്കുറിച്ച് സംസാരിക്കും. ശരാശരി മനസ്സുകൾ സംസാരിക്കുന്നത് സംഭവങ്ങളെക്കുറിച്ചാണ്. ദുർബ്ബല മനസ്സുകൾ വ്യക്തികളെക്കുറിച്ചും സംസാരിക്കുമെന്ന് പറഞ്ഞത് സോക്രട്ടീസാണ്. ജീർണ്ണതയും രാഷ്ട്രീയാന്ധതയും ഇരുൾ പടർത്തിയ മനസ്സുകൾ കുപ്രചരണങ്ങളിൽ മുഴുകുമ്പോൾ നിർഭയമായ മനസ്സും നിവർത്തിപ്പിടിച്ച ശിരസ്സുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരിന് ഈ ഗവൺമെന്റ് ഊർജ്ജം പകരും. ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

കേരളത്തിലെ വിവിധ സ്കൂളുകളിൽ പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ദൈന്യതയാർന്ന ജീവിതം പിന്തുടരുന്ന പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനുള്ള സമീപനം മറുപടി പ്രസംഗത്തിൽ സ്വീകരിക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവയ്ക്കുന്നു. അതോടൊപ്പം റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാനുള്ള തീരുമാനവും മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്ന അഭ്യർത്ഥനയോടുകൂടി തികഞ്ഞ ആത്മാഭിമാനബോധത്തോടെ ഈ ബജറ്റിനെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, സമയം വളരെ കുറവായതുകൊണ്ട് വളരെ ഹ്രസ്വമായി രണ്ടുമൂന്നു പോയിന്റുകൾ പറയാം. കേരള ഭൂനികുതി ഓർഡിനൻസ് പ്രകാരം വർദ്ധിപ്പിച്ച നികുതി നിരക്കുകൾ പുനഃസ്ഥാപിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. വർദ്ധിപ്പിക്കുന്നു എന്ന് പറയുന്നതിനുപകരം ഭൂനികുതി ഓർഡിനൻസ് പുനഃസ്ഥാപിക്കുമെന്നാണ് പറയുന്നത്. പഴയ ഗവൺമെന്റ് ചെയ്തതുപോലെ ഞാനും ചെയ്യുന്നു എന്നുവരുത്താനാണ് അങ്ങനെ പറഞ്ഞത്. പക്ഷേ ഡോ. ടി. എം. തോമസ് ഐസക്, അങ്ങ് ഒരുകാര്യം മറന്നുപോയി. പഴയ ഗവൺമെന്റ് അങ്ങനെ ചെയ്തപ്പോൾ പബ്ലിക് റിസന്റ്മെന്റ് ഉണ്ടായി. അത് മാനിച്ചുകൊണ്ട് കൂട്ടിയ നികുതി കുറച്ചു എന്നുള്ളത് താങ്കൾ മറന്നുപോയി എന്ന സങ്കടമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റുതന്നെ സബ്ജക്ട് കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അത് കുറവുചെയ്തിരുന്നു. 2014-ലെ കേരള ടാക്സേഷൻ ലാ അമന്റ്മെന്റ് ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ ഡോ. ടി. എം. തോമസ് ഐസക് അതിനെ വിമർശിച്ചിരുന്നു. അദ്ദേഹത്തിന്റെ ഡിസന്റിംഗ് നോട്ടിൽ - We also disagree with

the government in causing hardships to the farmers in the plantation sector എന്നുപറഞ്ഞുകൊണ്ട് അന്ന് എതിർത്തതാണ്. ഇന്ന് അതൊക്കെ മറന്നിരിക്കുന്നു. ഇന്ന് ചെലവുകൾ അന്നത്തെക്കാൾ എത്രയോ വർദ്ധിച്ചിരിക്കുന്നു. അന്ന് ഡോ. ഐെസക് എതിർത്തകാര്യംതന്നെ വീണ്ടും കൊണ്ടുവന്നിരിക്കുന്നു എന്നത് നിരാശാജനകമാണ്. അതുകൊണ്ട് ഭൂനികുതി വർദ്ധന അങ്ങ് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്ഥാവരവസ്തുക്കളുടെ കൈമാറ്റത്തിന് കുടുംബാംഗങ്ങൾ തമ്മിലുള്ള മുക്ത്യാറുകൾക്കുള്ള മുദ്രവില 300 രൂപയിൽനിന്നും 600 രൂപയായി വർദ്ധിപ്പിച്ചത് ശരിയല്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള കരണം ട്രാൻസാക്ഷനാണോ? അതിൽ വാങ്ങലോ വിൽക്കലോ നടക്കുന്നില്ല. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 1,000 രൂപയാണ് കുടുംബാംഗങ്ങൾ തമ്മിലുള്ള കരണങ്ങൾക്ക് വച്ചിരുന്നത്. പവർ ഓഫ് അറ്റോർണിക്ക് 300 രൂപ എന്നത് 600 രൂപ ആക്കേണ്ട കാര്യമുണ്ടോ? വരുമാനമുണ്ടാക്കാൻ വേറെ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. അതുകൊണ്ട് ഈ ചെറിയ കാര്യത്തിൽ മാറ്റം വരുത്തണമെന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന ആവശ്യമാണെന്ന് എനിക്ക് തോന്നുന്നു.

റബ്ബറിന്റെ വിലയിടിവ് ഉത്കണ്ഠാജനകമാണ്. ഇന്ന് റബ്ബറിന്റെ വില 130 രൂപയാണ്. ഉല്പാദനച്ചെലവിന് നിരക്കുന്നതല്ല വില. 150 രൂപയാണ് മിനിമം വില. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ, റബ്ബർ വില 85 രൂപ ആയപ്പോൾ ഒരു കിലോഗ്രാമിന് 65 രൂപ സബ്സിഡി നൽകിക്കൊണ്ട് 150 രൂപയ്ക്ക് റബ്ബർ വിപണനം ആരംഭിച്ചു. അതേ മാതൃകയിൽ 150 രൂപ എന്നത് 200 രൂപയാക്കി വർദ്ധിപ്പിക്കണം. അങ്ങനെ വർദ്ധിപ്പിക്കുകയാണെങ്കിൽ ഞാൻ ബജറ്റിനെ സപ്പോർട്ട് ചെയ്യാം. 200 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് റബ്ബർ സംഭരണം നടത്തണം. ഇപ്പോൾ ചിരട്ടപ്പാൽ ഇറക്കുമതി ആരംഭിക്കുകയാണ്. അത് റബ്ബറിന്റെ വില പരോക്ഷമായി കുറയ്ക്കുകയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ഇതിൽനിന്ന് കേന്ദ്ര ഗവൺമെന്റിനെ പിന്തിരിപ്പിക്കാൻ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാന സമ്പദ് വ്യവസ്ഥയെപ്പറ്റി ഇക്കണോമിക് റിവ്യൂ നൽകിയിട്ടുള്ള ചിത്രം നിരാശാജനകമാണ്. മൊത്തം ആഭ്യന്തരവളർച്ച ദേശീയ ശരാശരിക്ക് താഴേയ്ക്ക് കൂപ്പുകുത്തിയിരിക്കുന്നു. 2016-ൽ ഇന്ത്യ 7.9 ശതമാനം വളർച്ച നിരക്ക് കൈവരിച്ചിരുന്നു. ഇപ്പോൾ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഇന്ത്യയുടെ ജി.ഡി.പി. വളർച്ച 7.9 ശതമാനത്തിൽനിന്ന് 5.7 ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തി. വളർച്ചാനിരക്ക് രണ്ട് ശതമാനം കുറഞ്ഞിരിക്കുന്നു. ഇത് ഉത്കണ്ഠാജനകമായ കാര്യമാണ്. ഇതിനുപിന്നിൽ പല കാരണങ്ങളുമുണ്ട്. നോട്ട് അസാധുവാക്കൽ സൃഷ്ടിച്ച സാമ്പത്തികമുരടിപ്പ്, ജി.എസ്.ടി. നടപ്പിലാക്കിയതിലെ ക്രമക്കേട്

സൃഷ്ടിച്ച ഉല്പാദന വിപണന തകർച്ച ഇവയൊക്കെ കാരണങ്ങളിൽ ചിലതു മാത്രമാണ്. ഇതുമാത്രമായി പറഞ്ഞ് നമുക്ക് രക്ഷപ്പെടാൻ കഴിയില്ല.

2.00 p.m]

നിർഭാഗ്യവശാൽ കേരളം വളരുന്നത് പുറകിലോട്ടാണ്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സെയിൽസ് ടാക്സ് എന്നിവയുടെ വരുമാനത്തിൽ 2010-2011-ൽ 23.24 വളർച്ച ഉണ്ടായിരുന്നത് 2016-2017-ൽ 8.16 ശതമാനമായി കുറഞ്ഞിരിക്കുന്നു. വില്പന നികുതി 38,995-ൽനിന്നും 42,176 ആയി ഉയർന്നെങ്കിലും പ്രതീക്ഷിച്ചതിന്റെ പകുതിപോലും എത്തിയിട്ടില്ല. 2013-2014-ൽ ഉണ്ടായിരുന്ന നികുതിയേതര വരുമാന വളർച്ച 32.79-ൽ നിന്ന് ഇന്ന് 15.13 ശതമാനമായി കുറഞ്ഞിരിക്കുന്നു. മൊത്തം ആഭ്യന്തര ഉല്പാദന വളർച്ച നാഷണൽ ലെവലിൽ 11 ശതമാനമാണ്. അത് കേരളത്തിലേത് 7.41 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. പെർക്യാപ്പിറ്റ ഉല്പാദന സൂചിക പരിശോധിക്കുകയാണെങ്കിൽ ദേശീയരംഗത്തെ സൂചിക 9.7 ശതമാനമാണ്. കേരളത്തിൽ അത് 7.15 ശതമാനമാണ്.

വ്യവസായ മേഖലയാകെ തകർന്നു. ടെക്നോപാർക്ക് വികസിച്ചെങ്കിലും കമ്പനികളുടെ എണ്ണം 390-ൽ നിന്നും 370 ആയി കുറഞ്ഞു. ഐ.റ്റി കയറ്റുമതി 6250 കോടി രൂപയിൽ നിന്നും 5000 കോടി രൂപയായി കുറഞ്ഞു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 6.29 ശതമാനമായികുറഞ്ഞു. നെൽപ്പാട വിസ്തൃതി 196800 ഹെക്ടറിൽ നിന്നും 171400 ഹെക്ടറായി കുറഞ്ഞു. എല്ലാ രംഗങ്ങളിലും ഗവൺമെന്റ് കൈവരിച്ച പരാജയങ്ങളുടെ പട്ടികയാണിത്. ഇത് സംസ്ഥാനത്തിന് അഭികാമ്യമല്ല. രണ്ടുവർഷത്തെ അവസ്ഥ ഇതാണെങ്കിൽ ഇനി മുന്നോട്ടുപോകുമ്പോൾ വലിയ ബുദ്ധിമുട്ടുണ്ടാകും. 3 വർഷത്തിനകം 50,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുമെന്നായിരുന്നു ധനകാര്യ വകുപ്പുമന്ത്രിയുടെ വാഗ്ദാനം. അതിലേയ്ക്കായി 19,000 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പിന്നെ ഒരു പ്രോഗ്രസ്സും കണ്ടില്ല. കിഫ്ബി വഴി പദ്ധതി നടപ്പിലാക്കാൻ കടമെടുക്കേണ്ടി വരും. അതിന് സർക്കാർ ഗ്യാരന്റി നിൽക്കേണ്ടിവരും. ഗ്യാരന്റി പരിധി 21,000 കോടി രൂപയാണ്. സംസ്ഥാന വരവും ചെലവും തമ്മിലുള്ള അന്തരം മുമ്പ് സൂചിപ്പിച്ചതുപോലെ 25,756 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്ക് ഉപരിയാണിത്. അതുകൊണ്ട് അടുത്തകാലത്തൊന്നും സർക്കാരിന് കടമെടുക്കാൻ കഴിയില്ല. ഇതൊരു ദുരവസ്ഥയാണ്. തുടക്കം മുതലേ കിഫ്ബി വഴി കടമെടുത്ത് ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് ഞാൻ സൂചിപ്പിച്ചിരുന്നതാണ്. ഇന്ധനവിലവർദ്ധനവുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ, മുൻ യു.ഡി.എഫ്. ഗവൺമെന്റ് ഇന്ധനവില വർദ്ധനയിലൂടെ ലഭിക്കുന്ന അധികനികുതിവരുമാനം വേണ്ടെന്നുവച്ചു.

ഇപ്പോൾ അങ്ങും എന്തെങ്കിലും ഒരു വരുമാനം വേണ്ടെന്നുവച്ച് സാധാരണക്കാരായ ആളുകളെ സഹായിക്കാൻ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസകരമായിരുന്ന കാരുണ്യ ചികിത്സാ പദ്ധതി അട്ടിമറിക്കരുത്. ധനകാര്യ വകുപ്പുമന്ത്രി ഗൗരവത്തോടെ ഇതിനെ കാണണം. പല സ്വകാര്യ ആശുപത്രികളും അവർക്ക് ലഭിക്കേണ്ട പണം സർക്കാർ നിശ്ചിത സമയത്ത് നൽകാത്തതിനാൽ പദ്ധതിയിൽ നിന്നും പിന്മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാരുണ്യ പദ്ധതിയോട് കാരുണ്യം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അടുത്തകാലത്ത് ഏതാണ്ട് 1500 കോടി രൂപ കാരുണ്യ പദ്ധതിയിലൂടെ രോഗികൾക്ക് നൽകാൻ കഴിഞ്ഞുവെന്നുള്ളത് എത്രയോ ആശ്വാസകരമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാരുണ്യ പദ്ധതി നിലനിർത്തി ശക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അടയ്ക്കക്ക് ഓരോ വർഷവും സി.എസ്.ടി. അസസ്സ്മെന്റ് നടത്തിവരുന്നു. കേരളത്തിലെ അടയ്ക്ക കർഷകർ അസസ്സ്മെന്റ് തുക അടച്ചുവരികയാണ്. 2011-2012 മുതൽ 2016-2017 വരെയുള്ള 5 വർഷത്തെ ക്ലോസ് ചെയ്ത കണക്കുകൾ റീ-ഓപ്പൺ ചെയ്ത് ഇപ്പോൾ 3 ശതമാനം അധികനികുതി ആവശ്യപ്പെടുന്നത് പുന:പരിശോധിക്കണം. അതിന്റെ ആവശ്യമെന്താണ്? അത് അവർക്ക് വളരെ പ്രയാസകരമാണ്. ഇതുസംബന്ധിച്ച് പലരും എന്നെയും വന്നുകണ്ടിരുന്നു. എന്റെ സമയം അവസാനിക്കുന്നതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. കെ. ശശി</u>: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ബദൽ എന്താണെന്ന് സാക്ഷ്യപ്പെടുത്തുന്ന ബഡ്ജറ്റാണിത്. തലയിൽ വെളിച്ചമുള്ള ആർക്കാണ് ഈ ബജറ്റിനെ എതിർക്കാൻ കഴിയുന്നത്? ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബജറ്റിലെ എല്ലാ കാര്യങ്ങളിലേയ്ക്കും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നോട്ട് നിരോധനമാണെങ്കിലും ജി.എസ്.ടി. ആണെങ്കിലും കടുത്ത സാമ്പത്തിക പ്രതിസന്ധി വന്നപ്പോഴും സാധാരണക്കാരെ മറക്കാതെ നാടിന്റെ മനസ്സറിഞ്ഞ് പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്ന് ആവർത്തിച്ച് വ്യക്തമാക്കുന്ന ബജറ്റാണിത്. ഈ സർക്കാരിന് സർട്ടിഫിക്കറ്റ് കൊടുക്കാൻ, 42 ലക്ഷം വരുന്ന പാവപ്പെട്ടവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ അവരുടെ വീടുകളിൽ എത്തിച്ചു കൊടുത്തുവെന്ന ഒറ്റക്കാര്യംമതി. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങളുണ്ടെങ്കിലും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങളുണ്ട്.

അങ്കണവാടി ജീവനക്കാർക്ക് അനുവദിക്കുമെന്ന് പറഞ്ഞ സംഖ്യ പൂർണ്ണമായും അനുവദിക്കാൻ വകുപ്പ് തയ്യാറാകണം. അതുപോലെ ആശാവർക്കർമാരുടെ കാര്യത്തിൽ പ്രത്യേക പരിഗണനവേണം. നേരത്തെ അനുവദിച്ചുകൊടുക്കുമെന്ന് പറഞ്ഞിട്ടുള്ളതും ശിശുക്ഷേമ സമിതിയുടെ ക്രഷ് ജീവനക്കാർക്ക് കഴിഞ്ഞ 24 മാസമായി കൊടുക്കേണ്ടതുമായ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കണമെന്ന് ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുകയാണ്.

ഈ ഗവൺമെന്റിനെ എതിർക്കുന്ന യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരേ തോണിയിലാണ് സഞ്ചരിക്കുന്നത്. കേരളത്തിലെ ബി.ജെ.പി. നേതാവ് ശ്രീ. കുമ്മനം രാജശേഖരന്റെ മുഖത്ത് പൗഡറിട്ട് ചായം പൂശിയാൽ ഏതാണ്ട് കേരളത്തിന്റെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെയാകും. ഇവർ തമ്മിലൊരു ബന്ധമുണ്ട്. അത് ഇപ്പോൾ തുടങ്ങിയതല്ല, 1990 മുതൽ ഉള്ളതാണ്. 1990 മുതലാണ് രാജ്യത്ത് നവലിബറൽ പരിഷ്കാരങ്ങൾ ആരംഭിച്ചത്. നവലിബറൽ പരിഷ്കാരങ്ങൾ കൊണ്ടുവന്നത് ഇന്ത്യയിലെ സമ്പന്നവിഭാഗത്തിന് വേണ്ടിയാണ്. ആ സമ്പന്നവിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ഈ പരിഷ്കാരം ഏല്പിച്ചത് കോൺഗ്രസ്സിനെയാണ്. അതിനെതിരായി ജനങ്ങൾക്കിടയിൽ ഉയർന്നുവരുന്ന പ്രതിഷേധം ഇല്ലാതാക്കാൻ വേണ്ടിയുള്ള ചുമതല സംഘപരിവാറിനെയാണ് ഏല്പിച്ചത്. അങ്ങനെയാണ് രാജ്യത്ത് വർഗ്ഗീയവൽക്കരണം ഉണ്ടാകുന്നത്. ഒരു ഭാഗത്ത് തീവ്ര വർഗ്ഗീയവൽക്കരണവും മറുഭാഗത്ത് തീവ്ര സാമ്പത്തികവൽക്കരണവും ഉണ്ടായി. കോൺഗ്രസ്സും ബി.ജെ.പി.യും ഇരട്ടക്കുട്ടികളാണ്. അതിന് തെളിവായി പല കാരണങ്ങളും പറയാനുണ്ട്. 1990 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് എൽ.കെ. അദ്വാനിയുടെ രഥയാത്ര. 1992 ഡിസംബർ 6-ാം തീയതിയാണ് ബാബറി മസ്ജിദ് തകർക്കപ്പെടുന്നത്. അതോടെ വ്യാപകമായ വർഗ്ഗീയ കലാപമുണ്ടായി. ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല. സാമ്പത്തികതാല്പര്യങ്ങളും സാമ്പത്തികനയവും സംരക്ഷിക്കാൻ വേണ്ടി ഇന്ത്യയിലെ സമ്പന്നവർഗ്ഗം ബോധപൂർവ്വം വളർത്തിക്കൊണ്ടുവന്ന ശക്തികളാണ് സംഘപരിവാർ. കോൺഗ്രസ്സിന്റെ താല്പര്യവും അതുതന്നെയാണ്. ഈ സമീപനം കോൺഗ്രസ്സിനെ കൂടുതൽ തകർച്ചയിലേയ്ക്ക് നയിക്കുകയാണ്. സാമ്പത്തിക നയത്തിന്റെ കെടുതി കഴിഞ്ഞ കാൽനൂറ്റാണ്ടായി രാജ്യം അനുഭവിക്കുകയാണ്. ഞാൻ ബഹുമാന്യനായ പ്രതിപക്ഷ നേതാവിനോട് ഒറ്റചോദ്യം ചോദിക്കാം, കോൺഗ്രസ് കൊണ്ടുവന്ന, കാൽനൂറ്റാണ്ടായി ഈ രാജ്യത്ത് തുടരുന്ന ഈ സാമ്പത്തികനയത്തെ തള്ളിപ്പറയാൻ കോൺഗ്രസ് നേതാക്കന്മാർക്ക് ആർജ്ജവുമുണ്ടോ? നമ്മുടെ രാജ്യത്തിന്റെ വിദേശനയത്തിന് ഒരു ഹൃദയതാളമുണ്ടായിരുന്നു. ആ ഹൃദയതാളം പരിപൂർണ്ണമായും തകർത്തില്ലേ? ഇന്ന് കോൺഗ്രസ് അനങ്ങുന്നില്ല.

അവിടെയും ശക്തമായി പ്രതികരിക്കുന്നത് രാജ്യത്തെ ഇടതുപക്ഷമാണ്. വർഗ്ഗീയവത്കരണം അപകടകരമായ രൂപത്തിൽ ശക്തിപ്പെടുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പും അസംബ്ലി തെരഞ്ഞെടുപ്പും ഒരുമിച്ച് നടത്താനുള്ള തീരുമാനത്തിലേയ്ക്കുവരെ കാര്യങ്ങൾ എത്തുകയാണ്. നടക്കുമോ നടക്കില്ലയോ എന്നുള്ള കാര്യം വേറെ. അതുപോലെ പ്രസിഡൻഷ്യൽ ഭരണ സമ്പ്രദായത്തെക്കുറിച്ച് അത്യുന്നതങ്ങളിൽ നിന്നും വെളിപാടുണ്ടാകുന്നു. വലിയ അപകടത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ആർ.എസ്.എസ്.-നെതിരായി സംഘപരിവാറിന്റെ നെഞ്ചിലേയ്ക്ക് തിരിച്ചുവയ്ക്കേണ്ട കോൺഗ്രസ്സിന്റെ ആയുധമുണ്ടല്ലോ, ആ ആയുധത്തിന്റെ വായ്ത്തല മടങ്ങിപ്പോകുകയാണ്. അതിനുപകരം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർക്കാൻവേണ്ടിയാണ് കോൺഗ്രസ് അവരുടെ കഴിവ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആരാധ്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജീവിതത്തിൽ ആദ്യം മുതൽ അവസാനകാലം വരെ സെക്യുലർ ആയിരുന്നുവെന്ന് ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. ആ പണ്ഡിറ്റ് നെഹ്റുവും മൗലാനാ അബ്ദുൾകലാം ആസാദുമൊക്കെ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ, ഇന്ന് കോൺഗ്രസ്സിനെ നയിക്കുന്ന നേതാക്കന്മാരെ അവരെടുക്കുന്ന സമീപനത്തിന്റെ കാര്യത്തിൽ ചാട്ടവാറുകൊണ്ട് അടിക്കുമായിരുന്നു. ഒരു സംശയവും വേണ്ട. കോൺഗ്രസ്സുമായി യോജിച്ചിട്ട് ഞങ്ങൾക്ക് എങ്ങനെയാണ് ഈ രാജ്യത്തെ വർഗ്ഗീയതയെ നേരിടാൻ സാധിക്കുക. ആർ.എസ്.എസ്-കാരനെ കാണുമ്പോഴേയ്ക്കും കോൺഗ്രസ്സിന് മുട്ടുവിറയ്ക്കും. കേരളത്തിലെ യു.ഡി.എഫ്.-നെപ്പറ്റി ഞാൻ പറയുന്നില്ല, ഏതാണ്ട് ഒരു ചേരയുടെ രൂപമാണ്. കാഴ്ചയ്ക്ക് ഭീകരനാണ്, കൂടിവന്നാൽ കവുങ്ങിൻ തോട്ടത്തിലെ തവളയെപ്പിടിച്ച് തിന്നാനറിയാമെന്നതിൽക്കവിഞ്ഞ് ഒന്നുമില്ല. ആ കോൺഗ്രസ്സിനെക്കൂട്ടി രാജ്യത്തെ ആർ.എസ്.എസ്.-നെയും സംഘപരിവാറിനെയും നേരിടാൻ സാധിക്കുമെന്ന യാതൊരു ധാരണയും ഞങ്ങൾക്കില്ല. രാജ്യത്ത് ജനാധിപത്യ ശക്തികളെയാകെ, മതനിരപേക്ഷ ശക്തികളെയാകെ യോജിപ്പിച്ചുകൊണ്ടുള്ള പോരാട്ടമാണ് നയിക്കേണ്ടത്. ആ പോരാട്ടത്തിന്റെ രാഷ്ട്രീയമാണ് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. ആ രാഷ്ട്രീയത്തിന്റെ അർത്ഥം ഇവർക്ക് മനസ്സിലാകില്ല. ഇവർ നന്നാകാൻ പോകുന്നില്ല. എന്തിനും ഏതിനും ഇടതുപക്ഷത്തെ കുറ്റപ്പെടുത്തുകയാണ്, ഈ ഗവൺമെന്റിനെ തള്ളിപ്പറയുകയാണ്. ആ സമീപനം അളിഞ്ഞ രാഷ്ട്രീയമാണ്. ഈ അളിഞ്ഞ രാഷ്ട്രീയംകൊണ്ട് ഇവർ ഒരിക്കലും രക്ഷപ്പെടില്ല. തേക്കടി കാട്ടിൽ പിടിയാന പെറ്റാൽ പിണറായി വിജയൻ ഗവൺമെന്റിന് മോശം, സേലം തോട്ടത്തിൽ അണ്ണാൻ ചിലച്ചാൽ ഈ ഗവൺമെന്റിന്റെ കൊള്ളരുതായ്മ. ഇങ്ങനെയാണ് കേരളത്തിൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയം പോകുന്നത്; ഞാൻ വിശദീകരിക്കാൻ

ആഗ്രഹിക്കുന്നില്ല. ഇവിടെ ഒരു ബഹുമാനപ്പെട്ട അംഗം അഴിമതിക്കെതിരായി സംസാരിച്ചു. ഇന്നും ഒരാൾ ഗംഭീരമായി പറഞ്ഞു. ബോഫോഴ്സ്, ടു ജി സ്പെക്ട്രം മുതൽ അടാട്ട് ബാങ്കിലെ കൊള്ള വരെ നടത്തിയ ആളുകൾ ഞങ്ങൾക്കെതിരെ വിരൽ ചൂണ്ടണ്ട. മാലിന്യക്കൂമ്പാരത്തിൽ അടിമുടി മുങ്ങിനിൽക്കുമ്പോൾ ഇങ്ങോട്ടുനോക്കി ഞങ്ങളുടെ ഷർട്ടിൽ ഏതെങ്കിലുമൊരു കറുത്ത കുത്തുണ്ടെങ്കിൽ ആ കുത്ത് ഒരു വലിയ മാലിന്യമാണെന്ന് വിളിച്ചുപറയേണ്ട. ഞങ്ങൾ ചില കാര്യങ്ങളൊക്കെ വിളിച്ചുപറഞ്ഞാൽ ഇവിടെ ചിലർ ഇരിക്കില്ല. ഞങ്ങൾ അതിന് പഠിച്ചിട്ടില്ല. പലരുടെയും ചരിത്രവും ഭൂമിശാസ്ത്രവും ഞങ്ങളുടെ കൈയിൽ ഇല്ലാത്തതുകൊണ്ടല്ല, ഞങ്ങളുടെ രാഷ്ട്രീയം അതല്ല. ആരേയും സ്വഭാവഹത്യ നടത്തുന്നതല്ല ഞങ്ങളുടെ രാഷ്ട്രീയം. ഞങ്ങൾ അന്വേഷിക്കുന്ന രാഷ്ട്രീയം എന്നു പറയുന്നത്, ഈ സമൂഹത്തിലെ സാധാരണക്കാരനും പാവപ്പെട്ടവനുമായ മനുഷ്യന്റെ ജീവിതത്തിൽ അവന് ലഭിക്കേണ്ട നീതി ലഭിക്കുന്നുണ്ടോ എന്ന അന്വേഷണമാണ് കമ്മ്യൂണിസ്റ്റുകാരന്റെ രാഷ്ട്രീയബോധം. ആ രാഷ്ട്രീയവുമായിട്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. ആ നിലപാട് ഞങ്ങൾ സ്വീകരിക്കുമ്പോൾ അതിന് ജാതിക്കും മതത്തിനുമെല്ലാം അതീതമായി ഈ രാജ്യത്തെ സാധാരണക്കാരെയും പാവപ്പെട്ടവരെയും യോജിപ്പിച്ച് അണിനിരത്തുകയാണ്. ആ നിലപാട് ഞങ്ങൾ സ്വീകരിക്കുന്നതുകൊണ്ടാണ് ആർ.എസ്.എസ്.-കാർ ഞങ്ങൾക്കെതിരായി തിരിയുന്നത്. അതുകൊണ്ടാണ് ആർ.എസ്.എസ്.-കാരനായ കുന്ദൻ ചന്ദ്രാവത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയന്റെ തലയ്ക്ക് ഒരു കോടി രൂപ വിലയിടുന്നത്. അതിന്റെ അർത്ഥം ആർ.എസ്.എസ്. -കാർ ആ തലയെ വല്ലാതെ ഭയപ്പെടുന്നുണ്ടെന്നാണ്. സഖാവ് പിണറായി വിജയൻ ഉൾപ്പെടെയുള്ള ഞങ്ങളുടെ രാഷ്ട്രീയത്തെ ആർ.എസ്.എസ്.-കാർ ഭയപ്പെടുന്നുണ്ട്. ഈ രാജ്യത്തുള്ള കോൺഗ്രസ്സുകാരുടെയോ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള കേരളത്തിലെ ഒരു കോൺഗ്രസ് നേതാവിന്റെയോ തലയ്ക്ക് നാലണയുടെ വില കൊടുക്കാൻ ആർ.എസ്.എസ്. കാരന് കഴിയാത്തത് ഞങ്ങളുടെ കുഴപ്പം കൊണ്ടല്ല, അവരുടെ കയ്യിലിരുപ്പിന്റെ ഗുണം കൊണ്ടാണ്. ബഹുമാന്യനായ എം. കെ. മുനീർ ഇവിടെയുണ്ട്, ഇന്നുവരെ ആർ.എസ്.എസ്.കാർ അങ്ങോട്ട് വിരൽ ചൂണ്ടിയിട്ടില്ലല്ലോ. ഞങ്ങളാണ് ആർ.എസ്.എസ്. നെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്നത്. ഇവിടെ ചരിത്രമറിയാതെ ചില ആളുകൾ ചില പ്രഖ്യാപനങ്ങളൊക്കെ നടത്തുന്നുണ്ട്. അറിവില്ലായ്മ ഒരു കുറ്റമൊന്നുമല്ല, പക്ഷെ അറിവില്ലായ്മ ആഭരണമായി എടുത്ത് അണിയരുത്. ആരുടെയും പേര് പറയാൻ ആഗ്രഹിക്കുന്നില്ല. ലക്ഷക്കണക്കിന് ആളുകൾ തങ്ങളുടെ ഉള്ളിന്റെ ഉള്ളറകളിൽ ദൈവതുല്യമായി ആരാധിക്കുന്ന ആദരണീയരായ നേതാക്കന്മാരുണ്ട്. അവരൊക്കെ ഒരു ദിവസം കൊണ്ട് രാഷ്ട്രീയത്തിൽ വന്നവരല്ല. അതൊക്കെ ജനാധിപത്യ കേരളത്തിന്റെ

നിർമ്മിതിയിൽ വലിയ പങ്കുവഹിച്ചയാളുകളാണ്. അവരെയൊക്കെ തെരുവിൽ പുലഭ്യം പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം, ലക്ഷക്കണക്കിന് ആളുകളുടെ പ്രിയപ്പെട്ട നേതാക്കളാണവർ. അവരെക്കുറിച്ചൊക്കെ മോശപ്പെട്ട കാര്യങ്ങൾ പറയാതിരിക്കുന്നത് ആരോഗ്യം സംരക്ഷിക്കാൻ ച്യവനപ്രാശം കഴിക്കുന്നതു പോലെ നല്ലതായിരിക്കുമെന്ന് മാത്രം പറയാൻ ആഗ്രഹിക്കുകയാണ്. ആരോഗ്യസംരക്ഷണം ഒരു പ്രധാനപ്പെട്ട കാര്യമാണല്ലോ? ഇവിടെ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. മുസ്ലീംലീഗിന്റെ ചിലയാളുകൾ കോൺഗ്രസ്സിനു വേണ്ടി വല്ലാതെ തുള്ളുന്നു. രാജ്യത്ത് വ്യാപകമായി മതന്യൂനപക്ഷങ്ങൾ അക്രമിക്കപ്പെടുന്നു. കേരളത്തിൽ മതന്യൂനപക്ഷങ്ങൾ സംരക്ഷിക്കപ്പെടുന്നു. എന്തുകൊണ്ടെന്ന് ഒരു അര സെക്കന്റ് ആലോചിക്കാൻ ബഹുമാന്യനായ മുസ്ലീംലീഗിന്റെ എം.എൽ.എ.-മാർ തയ്യാറാകുമോ? കേരളത്തിന്റെ മണ്ണിൽ നിന്നുകൊണ്ട് ഞങ്ങൾക്ക് പറയാൻ സാധിക്കും, ഈ ജനാധിപത്യ കേരളത്തിൽ ഭക്ഷണത്തിന്റെ പേരുപറഞ്ഞ് ആരും ആരെയും ആക്രമിക്കില്ല, ഇവിടെ ആരുടെയും അടുക്കളയിൽ ക്കയറി ഒരു കൊമ്പനും ഭക്ഷണപാത്രങ്ങൾ പരിശോധിക്കില്ല. ഇവിടെ മതപരമായ ചിഹ്നം ഉപയോഗിച്ച് വസ്ത്രം ധരിച്ച് യാത്ര ചെയ്യുമ്പോൾ ആരും ആരെയും ആക്രമിക്കില്ല. എന്തുകൊണ്ടെന്നാൽ ഇത് ജനാധിപത്യ കേരളമാണ്. ഇത് മതേതര കേരളമാണ്. നല്ല അച്ഛനുപിറന്ന കമ്മ്യൂണിസ്റ്റുകാരുടെ നാടാണ് ഈ കേരളം. ഈ കേരളത്തിൽ ഒരു സുൽത്താന്റെയും തലക്കെട്ടിന്റെ പവർ കൊണ്ടല്ല മതന്യൂനപക്ഷങ്ങൾ സമാധാനത്തോടുകൂടി ജീവിക്കുന്നത്, ശക്തമായ ഇടതുപക്ഷമുള്ളതുകൊണ്ടാണെന്ന് ഇന്ന് അല്ലെങ്കിൽ നാളെയെങ്കിലും അവർ മനസ്സിലാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ശക്തമായി ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, അങ്ങ് അനുവദിച്ചിട്ടുള്ള ഒരു മിനിട്ടുകൊണ്ട് എനിക്ക് അധികം പറയാനാവില്ലെന്ന് ഞാൻ ആദ്യം വ്യക്തമാക്കട്ടെ. ഒന്നോ രണ്ടോ പോയിന്റ് മാത്രം പറഞ്ഞ് ഞാൻ എന്റെ കടമ നിർവ്വഹിക്കാം. ഇവിടെ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ യു.ഡി.എഫ്-നെ ആക്ഷേപിക്കുകയും യു.ഡി.എഫ്. ഭരിക്കുമ്പോൾ എൽ.ഡി.എഫ്-നെ ആക്ഷേപിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. പുതിയ ഒരു സംവിധാനമാണ് ഇപ്പോൾ രൂപപ്പെട്ട് വന്നിട്ടുള്ളത്. രണ്ടുപേരും ചേർന്നുകൊണ്ട് കേന്ദ്രത്തെ കുറ്റംപറയുന്ന സമ്പ്രദായമാണത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ സമീപനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയ കാഴ്ചപ്പാടിൽക്കൂടി ബജറ്റിനെ കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ് എടുത്തുപറയേണ്ട ഒരു വൈകല്യം. കഴിഞ്ഞ ബജറ്റിലെ

കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കാതെ വന്നതിന് അവർ പറഞ്ഞിട്ടുള്ളത് രണ്ട് കാരണങ്ങളാണ്. ഒന്ന്, ജി.എസ്.ടി.യും മറ്റൊന്ന്, നോട്ട് നിരോധനവും. നോട്ട് നിരോധനത്തിന്റെ കാര്യത്തിൽ, രാഷ്ട്രീയമില്ലാത്ത സാമ്പത്തിക വിദഗ്ദ്ധൻമാർ ഏകകണ്ഠമായി പറഞ്ഞിരിക്കുന്ന 'ഇത് രാജ്യത്തിന് ഗുണമാണ് ചെയ്തിട്ടുള്ളത് ' എന്ന്. രാജ്യത്ത് കള്ളപ്പണക്കാരുടെ പതിനായിരക്കണക്കിന് കേസ്സുകൾ ഇന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെമേൽ നടപടി തുടങ്ങുന്നുണ്ട്. ഈ രീതിയിൽ സമ്പദ്-വ്യവസ്ഥയെ ഗുണകരമായി ശക്തിപ്പെടുത്താനാണ് അത് സഹായിച്ചിട്ടുള്ളതെന്ന് നിഷ്പക്ഷമതികളായ ആൾക്കാർ സമ്മതിക്കുന്നുണ്ട്.

ജി.എസ്.ടി. വന്ന സമയത്ത് ബി.ജെ.പി.-യെക്കാൾ ഉത്സാഹത്തോടുകൂടി അതിനെ സ്വാഗതം ചെയ്തത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. നാലുവർഷംകൊണ്ട് കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ സാധിക്കുമെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞതാണ്. ഇപ്പോൾ നേരെമറിച്ച് സാമ്പത്തികമായി പുറകോട്ടുപോയതിന് കാരണം ജി.എസ്.ടി.-യും നോട്ട് നിരോധനവുമാണെന്ന് പറയേണ്ട സ്ഥിതി വന്നിരിക്കുന്നു. കണക്കുകൾ വിശദീകരിച്ചുപറയാൻ സമയം അനുവദിക്കുന്നില്ല. നോട്ട് നിരോധനത്തിന്റെ ഫലമായി ഇപ്പോൾ ബാങ്കുകളിലെ ഡെപ്പോസിറ്റ് വർദ്ധിച്ചിരിക്കുന്നു. നികുതിദായകരുടെ എണ്ണം 4.72 കോടിയായിരുന്നത് 6.2 കോടിയായി വർദ്ധിച്ചു. 97 ശതമാനം ടാക്സ് റിട്ടേണും ഓൺലൈനാക്കാൻ സാധിച്ചു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നതിൽ മുൻപ് ലോകത്ത് 130-ാം സ്ഥാനത്തായിരുന്നു. ഇപ്പോൾ അതിൽ മാറ്റംവന്നു. ജൻ ധൻ ബാങ്ക് അക്കൗണ്ട് പദ്ധതി വന്നതിന്റെ ഫലമായി പാവപ്പെട്ട ഒട്ടേറെപ്പേർക്ക് പണം ഡെപ്പോസിറ്റ് ചെയ്ത് അക്കൗണ്ട് തുടങ്ങാൻ സാധിച്ചിട്ടുണ്ട്. നാഷണൽ ബാങ്കുകളുടെ പടിവാതിൽ കാണാൻ സാധിക്കാത്ത പാവങ്ങളായ ഇരുപത്തിമൂന്ന് കോടിയോളംപേർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ കഴിയുകയും അറുപത്തിയാറിലേറെക്കോടി രൂപ ബാങ്കിൽ നിക്ഷേപമുണ്ടാക്കാൻ സാധിക്കുകയും ചെയ്തു. ഇത്തരത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് തന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്. അത് സത്യമായ കാര്യമാണ്. നോട്ട് നിരോധനം കൊണ്ടോ ജി.എസ്.ടി കൊണ്ടോ അല്ല എന്നത് ഇവിടെ എല്ലാവരും സമ്മതിക്കുന്നതാണ്. സാമ്പത്തികമായി കേരളം വലിയ ഞെരുക്കത്തിലായ സാഹചര്യം ഉണ്ടായതിന്റെ ഉത്തരവാദിത്വം ഇക്കാര്യങ്ങളല്ല, മറിച്ച് സർക്കാരിന്റെ പിടിപ്പുകേടും ധൂർത്തുമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആളാണ് പറഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ എനിക്ക് ഒന്നേ പറയാനുള്ളൂ, ഇവിടെ ഇടതുപക്ഷത്തിനും വലതുപക്ഷത്തിനുമല്ല പ്രസക്തിയുള്ളത്. രണ്ടുപേരും സഖ്യത്തിനുവേണ്ടിയുള്ള ചർച്ചകളിൽ

വ്യാപൃതരായിരിക്കുന്ന സമയത്ത് ഒരുകൂട്ടർ പറയുന്നു, കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും തമ്മിൽ തുറന്ന വിവാഹമാണെന്ന്; വേറൊരു കൂട്ടർ പറയുന്നു, തുറന്ന വിവാഹമല്ല സംബന്ധം മതിയെന്ന്. ഇത്ര വ്യത്യാസമേയുള്ളൂ. 1957-ൽ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിനെ പരാജയപ്പെടുത്തി അധികാരത്തിൽവന്ന സ്ഥാനത്ത് ഇന്ന് കോൺഗ്രസ്സിന്റെ കൂട്ടിനുവേണ്ടി പരിശ്രമിക്കുന്ന ഗതികേടുണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിൽ എനിക്ക് പറയാനുള്ളത്, സാമ്പത്തികമായ കാര്യങ്ങളിലെങ്കിലും നിഷ്പക്ഷമായി രാജ്യത്തെ യുവാക്കൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കാനും പാവങ്ങളുടെ പട്ടിണിയകറ്റാനും അവർക്ക് വീട് ഉറപ്പുവരുത്താനുമുള്ള പരിശ്രമമാണ് വേണ്ടത്. അതിനുപകരം പരാജയത്തിന്റെ മുഴുവൻ കാരണം കേന്ദ്രസർക്കാരാണെന്ന് പറഞ്ഞ് രക്ഷപ്പെടുന്ന മാർഗ്ഗത്തെ ഒരുനിലയ്ക്കും നീതീകരിക്കാൻ കഴിയില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സൂര്യന് പുറംതിരിഞ്ഞുനടക്കുന്ന ഒരാളിന് സൂര്യാസ്തമയത്തിന്റെ സൗന്ദര്യം ദർശിക്കാൻ കഴിയില്ല. യു.ഡി.എഫ്. അതുപോലെയാണ് ബജറ്റിനെതിരെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ബജറ്റിലെ മേന്മകളും നന്മകളും കാണാൻ അവർക്ക് സാധിക്കുന്നില്ല. ബഹുമാന്യനായ ശ്രീ. വി. പി. സജീന്ദ്രൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ മർമ്മാണിയോട് ഉപമിക്കുകയുണ്ടായി. ആ ഉപമ ശ്രീ. സജീന്ദ്രൻ നടത്തുമ്പോൾ മണവാട്ടിയെന്ന കേരള ഖജനാവ് എല്ലുംതോലുമാക്കിയാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ ഏല്പിച്ചതെന്ന നഗ്നസത്യം മറന്നുപോകുന്നത് എന്തുകൊണ്ടാണ്? അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് ഈ ഖജനാവ് കാലിയാക്കി ഇറങ്ങിപ്പോയവരാണ് നിങ്ങൾ. ആ ഖജനാവിന് മജ്ജയും മാംസവും നൽകുകയെന്ന കഠിനമായ പരിശ്രമമാണ് ഡോ. തോമസ് ഐസക് കഴിഞ്ഞ മൂന്ന് ബജറ്റുകളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നതെന്ന വസ്തുത നാം കാണാതെ പോകരുത്. ശ്രീ. ഒ. രാജഗോപാൽ തൊഴിൽ രഹിതരായ ചെറുപ്പക്കാരെക്കുറിച്ചും അതുപോലെ പാവങ്ങളിൽപാവങ്ങളെക്കുറിച്ചുമൊക്കെ മുതലക്കണ്ണീരൊഴുക്കുന്നത് കണ്ടു. കേന്ദ്ര ബജറ്റ് അവതരിപ്പിക്കപ്പെട്ടപ്പോൾ ഈ വിഭാഗങ്ങളെ പൂർണ്ണമായി അവഗണിച്ചത് ശ്രീ. രാജഗോപാൽ കാണാതെ പോകുന്നത് എന്തുകൊണ്ടാണ്? ഈ നാടിന്റെ പൊതുഅവസ്ഥ എന്താണ്? നോട്ട് നിരോധനത്തിന്റെയും ജി.എസ്.ടി.യുടെയും ഫലമായി തകർന്നടിഞ്ഞ സാമ്പത്തിക അവസ്ഥയാണ് രാജ്യത്ത് പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചുമുള്ളത്. ഈ അവസ്ഥയുടെ നടുവിലും കേരളത്തെ പരിരക്ഷിക്കുക, ദൈനംദിന കാര്യങ്ങൾ നടത്തി ക്കൊണ്ടുപോകാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, അതിനുള്ള സമ്പത്ത്

കണ്ടെത്തുക, അതിന് സാധാരണക്കാരുടെമേൽ അമിത നികുതി അടിച്ചേൽപ്പിക്കാതിരിക്കുക എന്ന ഇടതുപക്ഷ ചിന്തയിലധിഷ്ഠിതമായ ഒരു ബജറ്റാണ് ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സ്ത്രീപക്ഷ നിലപാടുകൾക്കും, കാർഷിക, ഗ്രാമീണ, പരമ്പരാഗത, തീരദേശ മേഖലകൾക്കും ഏറെ പ്രാധാന്യം നൽകിക്കൊണ്ടുള്ള സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയും സമസ്ത മേഖലകളുടെ സമഗ്ര വികസനവും സാധ്യമാക്കുന്ന തരത്തിലുള്ള ജനപക്ഷ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അഴിമതിരഹിതമായ വികസന സമീപനമെന്ന ഇടതുസർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ നേർക്കാഴ്ചയാകുന്ന ഈ ക്ഷേമ ബജറ്റ് സാമ്പത്തിക അച്ചടക്കത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഭാവി കേരളത്തിന്റെ വികസനസ്വപ്നങ്ങളെ യാഥാർത്ഥ്യത്തിലേയ്ക്ക് എത്തിക്കുമെന്നതിൽ സംശയമില്ല. വിശപ്പുരഹിത കേരളം പദ്ധതി സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന പ്രഖ്യാപനം, അതുപോലെതന്നെ ഭക്ഷ്യസുരക്ഷയ്ക്ക് പ്രധാന പരിഗണന നൽകുകയെന്ന സമീപനം, ഇതെല്ലാംതന്നെ ഈ ബഡ്ജറ്റിന്റെ പ്രത്യേകതകളാണ്. ചില കാര്യങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. മീനച്ചിൽ എൻ.എസ്.എസ്. താലൂക്ക് യൂണിയൻ, മന്നം കൾച്ചറൽ സ്റ്റഡി സെന്ററിന്റെ ഒരു വിഷയം എം.എൽ.എ.മാർ വഴി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ആയതുകൂടി ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്നതാണ് എന്റെ അഭിപ്രായം. എന്റെ മണ്ഡലത്തിൽ കായലോര ടൂറിസം വികസന പദ്ധതിയുമായി ബന്ധപ്പെടുത്തി കരുനാഗപ്പള്ളിയിലെ ടി.എസ്. കനാലും വട്ടക്കായലും കൂടി ഉൾപ്പെടുത്തണമെന്ന ഒരു അഭിപ്രായവും ഈ അവസരത്തിൽ മുന്നോട്ടുവയ്ക്കാനുണ്ട്. ഇടിവെട്ടുപോലെവന്ന നോട്ട് നിരോധനത്തിലും തിടുക്കത്തിൽ നടപ്പിലാക്കിയ ജി.എസ്.ടി. എന്ന ചുഴലിക്കാറ്റിലും ആടിയുലഞ്ഞ പാലത്തിലൂടെ കടന്നുപോകുന്ന സംസ്ഥാനത്തിനെ അതിജീവനത്തിന്റെ പാതയിലെത്തിക്കുന്നതിന് കിഫ്ബി വഴി മൂലധനനിക്ഷേപം ഉയർത്തുന്നതിനും നികുതി-നികുതിയേതര വരുമാനങ്ങൾ പരമാവധി സമാഹരിക്കുന്നതിനുമുള്ള നിരവധി പദ്ധതികളാണ് ഈ ബഡ്ജറ്റിനെ വ്യത്യസ്തമാക്കുന്നത്. സമ്പൂർണ്ണ ഭവന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തുടക്കമായി. ഇതിനായി 2,500 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. ആരോഗ്യ-സുരക്ഷാ-സേവന മേഖലകളിൽ നിന്നും പിന്നോക്കം പോകുന്ന കേന്ദ്രനയം ബോധ്യപ്പെട്ട്, ഈ മേഖലയിൽ സംസ്ഥാനതല പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉതകുന്നതരത്തിൽ സജ്ജമാകുന്ന ഉറപ്പുകളാണ് ഈ ബജറ്റിൽ കാണാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി.ക്ക് സമഗ്ര പാക്കേജും പെൻഷൻ കുടിശ്ശിക മാർച്ച് മാസത്തിനകം വിതരണം ചെയ്യുമെന്ന ഉറപ്പും നൽകി. ലാഭ കേന്ദ്രമാക്കി മാറ്റുന്നതരത്തിൽ കെ.എസ്.ആർ.ടി.സി.-യെ പുന:സംഘടിപ്പിക്കുന്നതിന് ബജറ്റ്

നൽകുന്ന പ്രാധാന്യം തികച്ചും പ്രത്യാശാപരമാണ്. നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് ആയിരം കോടിയോളം രൂപ വകയിരുത്തിക്കൊണ്ട് ഹരിതകേരളം മിഷനിലൂടെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തിലൂടെ കാർഷിക രംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്. കുടുംബശ്രീക്ക് ഇരുപതിനപരിപാടിയും 200 കോടി രൂപയുമായി സ്ത്രീ ശാക്തീകരണ കർമ്മ പദ്ധതികളുടെ തിരയിളക്കമാണ് ഈ ബജറ്റ് മുന്നോട്ടു വയ്ക്കുന്നത്. വികസനങ്ങളെ ചില മേഖലകളിൽ മാത്രമായി പരിമിതപ്പെടുത്താതെ സമഗ്ര മേഖലകളിലും ശ്രദ്ധചെലുത്തി സമ്പൂർണ്ണ വികസന സ്വപ്നമെന്ന സങ്കല്പത്തെയാണ് ഈ ബജറ്റ് യാഥാർത്ഥ്യത്തിലെത്തിക്കുന്നത്. പുത്തൻ ഉദാരവത്കരണ നയങ്ങൾക്ക് വ്യക്തതയോടെയുള്ള ബദൽ നിർദ്ദേശങ്ങളാണ് ഈ ബജറ്റിലുടനീളം നമുക്ക് കാണാൻ കഴിയുന്നത്. സാമ്പത്തിക പ്രതിസന്ധിയെ പ്രതിയാക്കി നികുതിഭാരത്തിലെത്തിക്കാതെ ആശ്വാസ പദ്ധതികളിലൂടെ സാമാന്യജനത്തിന് താങ്ങായി ഈ ബജറ്റ് മാറുകയാണ്. സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിനും സാധാരണക്കാരന്റെ പ്രതിസന്ധികൾക്ക് ഉത്തരം കണ്ടെത്തുന്നതിനും തടസ്സമാകുന്നില്ല. മറിച്ച് വിഭവ സമാഹരണത്തിന് വ്യത്യസ്ത മേഖലകൾ കണ്ടെത്തിയും കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയും പുത്തൻ സാമ്പത്തിക പ്രതിരോധ സമീപനത്തിലൂടെ വേറിട്ടൊരു സമീപനമാണ് ഈ ബഡ്ജറ്റിൽ നമുക്ക് കാണാൻ കഴിയുന്നത്. വ്യത്യസ്തനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയെ ഏവരും തിരിച്ചറിയുന്ന അനുഭവമാണ് ഈ ബജറ്റ് പ്രദാനം ചെയ്യുന്നതെന്ന് കാണാൻ കഴിയും.

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന വർഗ്ഗീയ ഫാസിസത്തെ അതിജീവിക്കുന്നതിനും അതിനെ അഡ്രസ്സ് ചെയ്യുന്നതിനും കോൺഗ്രസ് മതനിരപേക്ഷ ശക്തികളുടെ ഏകോപനത്തിന്റെ സന്ദേശം മുന്നോട്ടുവയ്ക്കുന്നുണ്ട്. അത് നല്ലതു തന്നെയാണ്. പക്ഷെ, കോൺഗ്രസ്സുകാരോടും യു.ഡി.എഫ്.-നോടും ഞാൻ ചോദിക്കുന്നത്, നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഈ ആശയം യഥാർത്ഥത്തിൽ ആത്മാർത്ഥതയോടെയാണോ എന്ന് ജനങ്ങൾക്ക് എങ്ങനെയാണ് ബോധ്യപ്പെടുന്നത്? ....(ബഹളം).... കാനം രാജേന്ദ്രന് ബോധ്യപ്പെട്ടോ ഇല്ലയോ എന്നുള്ളതല്ല വിഷയം. ജനങ്ങൾക്ക് ബോധ്യമായിട്ടും ബോധ്യമാകാത്തവരാണ് കോൺഗ്രസ്സ് നേതാക്കൾ. അതുകൊണ്ടാണ് ഗോവയിലും മണിപ്പൂരിലും ഇപ്പോൾ ബി.ജെ.പി. ഭരിക്കുന്ന തെന്നുള്ളത് മറന്നുപോകരുത്. കോൺഗ്രസ് നേതാക്കളിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിട്ട് നാളെത്രയായി. നിങ്ങൾ കോൺഗ്രസ്സിൽത്തന്നെ ഉറച്ചുനിൽക്കുമെന്നുള്ളതിന് എന്തുറപ്പാണുള്ളത്? രാത്രിരാമാനം ബി.ജെ.പി.-യിലേയ്ക്ക് കടന്നുകൂടാനും അധികാരസ്ഥാനങ്ങൾ കരസ്ഥമാക്കാനും നിങ്ങൾക്ക് മടിയുണ്ടോ? ആ

നിലപാടുകളുടെ ഫലമായി നിങ്ങളുടെ വിശ്വാസ്യത ഈ രാജ്യത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നിങ്ങളെടുക്കുന്ന നിലപാടുകൾ ജനങ്ങൾ അംഗീകരിക്കുന്നില്ല. മാത്രമല്ല, ഒരേ തൂവൽപക്ഷികളല്ലേ ബി.ജെ.പി.-യും കോൺഗ്രസ്സും? അല്ലെന്ന് എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. നേരത്തെ പരാമർശിക്കപ്പെട്ടതുപോലെ ഇന്ത്യയെ തകർച്ചയിലെത്തിച്ച ഉദാരവത്കരണ നയങ്ങൾ ഇവിടെ പ്രാവർത്തികമാക്കിയതാരാണ്? അതിനെ അന്ന് പിന്തുണച്ചത് ബി.ജെ.പി. ആയിരുന്നില്ലേ? ആ പിന്തുണ ഇപ്പോൾ നിങ്ങൾ കൊടുത്തു കൊണ്ടിരിക്കുകയല്ലേ? ഈ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾക്കെതിരായി നാവെടുക്കാൻ കഴിയാത്ത കോൺഗ്രസ്സിന് ജനങ്ങളെ എങ്ങനെയാണ് സ്വാധീനിക്കാൻ കഴിയുക; തകർച്ചയിൽനിന്ന് എങ്ങനെയാണ് ഈ രാജ്യത്തെ രക്ഷിക്കാൻ കഴിയുക; എന്ത് അടിസ്ഥാനത്തിലാണ് നിങ്ങളെ പ്രതീക്ഷയോടെ നോക്കുന്നത്? ഇവിടെ മതനിരപേക്ഷതയുടെ കാര്യം പറഞ്ഞു. ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ കോൺഗ്രസ്സും കോൺഗ്രസ്സിന്റെ ഭരണകൂടവും എവിടെ യായിരുന്നു എന്ന് ലീഗുകാർ ആലോചിക്കുന്നുണ്ടോ? ബാബറി മസ്ജിദ് തകർന്ന് നിലംപതിക്കുന്നതുവരെ പൂജാമുറിയിൽ ഒളിച്ചിരുന്ന ഒരു പ്രധാനമന്ത്രി ആയിരുന്നു അന്ന് കോൺഗ്രസ്സിനുണ്ടായിരുന്നതെന്ന നഗ്നസത്യം തിരിച്ചറിയുമ്പോഴാണ് കോൺഗ്രസ്സിന്റെ മതനിരപേക്ഷതയുടെ ഇന്നത്തെ ഉള്ളുകള്ളി പുറത്തുവരുന്നത് എന്ന കാര്യം മറന്നുപോകരുതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ബജറ്റ് അവതരിപ്പിച്ചപ്പോൾ 'പാല-മലപ്പുറം-പാണക്കാട് ബജറ്റ് എന്നായിരുന്നു അപ്പുറത്തിരിക്കുന്ന ആളുകൾ പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് എനിക്ക് നല്ല മതിപ്പാണ്. അങ്ങ് നിഷ്പക്ഷനാകുമെന്ന് ഞാൻ കരുതി. ആലപ്പുഴ നിയോജകമണ്ഡലത്തിനാണ് ഈ ബജറ്റിൽ ഏറ്റവുമധികം പണം നീക്കിവച്ചിട്ടുള്ളത്. 2018-2019-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾക്കൊള്ളിക്കുന്നതിനായി എല്ലാ എം.എൽ.എ.-മാരോടും 50 വർക്കുകളുടെ പേര് ആവശ്യപ്പെട്ടിരുന്നു. 2018-2019-ൽ കിഫ്ബിയിലേയ്ക്ക് പ്രോജക്ട് സമർപ്പിക്കേണ്ടതില്ല എന്ന മെസ്സേജ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും ലഭിച്ചു. 50 വർക്കുകളുടെ പ്രോജക്ട് തരാൻ പറഞ്ഞു. നൂറ് രൂപ ടോക്കൺ പ്രൊവിഷൻ വച്ചു. എന്നാൽ അങ്ങ് എന്താണ് ചെയ്തത്? ഞാൻ രണ്ട് ഉദാഹരണം പറയാം. അങ്ങയുടെ മണ്ഡലത്തിലെ വർക്കുകളായ, മേൽസൂചിപ്പിച്ച ബുക്കിലെ 10-ാം പേജിലെ ക്രമനമ്പർ 245- തമ്പകച്ചുവട് ഗവൺമെന്റ് യു.പി.എസ്.-ന് പുതിയ കെട്ടിടവും ചുറ്റുമതിൽ

നിർമ്മാണവും- 10 കോടി രൂപ, 20 ലക്ഷം രൂപ ടോക്കൺ, ക്രമനമ്പർ 246 – മാരാരിക്കുളം സാംസ്കാരിക നിലയം- 10 കോടി രൂപ, 20 ലക്ഷം രൂപ ടോക്കൺ അനുവദിച്ചു. ഈ പുസ്തകത്തിലെ പേജ് 21, 9, 57, 61, 77, 93, 137, 153 എന്നീ പേജുകളിലൊക്കെ തുകയുടെ 20 ശതമാനം വച്ചിട്ടുള്ളതായിക്കാണാം. ഏതെങ്കിലും ഒരു യു.ഡി.എഫ്. എം.എൽ.എ.-യുടെ മണ്ഡലത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അല്ലാതെ 20 ശതമാനം വച്ചിട്ടുണ്ടോ? എല്ലായിടത്തും 100 രൂപയാണ് വച്ചിട്ടുള്ളത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനോട് ഈ ബജറ്റിൽ 100 രൂപ വച്ചതെന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ, 20 ശതമാനമുണ്ടെങ്കിലേ അത് ധനകാര്യ വകുപ്പ് അംഗീകരിക്കുകയുള്ളൂവെന്നാണ് പറഞ്ഞത്. 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ട് ധനകാര്യ വകുപ്പിൽ തരുമ്പോൾ ടോക്കൺ പ്രൊവിഷനായി 100 രൂപമാത്രമേയുള്ളൂ, 20 ശതമാനം ബജറ്റ് പ്രൊവിഷൻ ഇല്ലെന്ന കാരണത്താൽ മടക്കുമോ അതോ അംഗീകരിക്കുമോ എന്നുള്ള കാര്യം അങ്ങയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ജി.എസ്.ടി.-യെക്കുറിച്ച് ഞങ്ങളാണോ പറഞ്ഞത്? സ്കൂൾ കുട്ടികൾക്കെന്നപോലെ ഞങ്ങൾക്ക് അങ്ങ് മാസ്റ്ററായി ക്ലാസ്സെടുത്തു. കമ്പ്യൂട്ടറിൽ ക്ലിക്ക് ചെയ്ത് അങ്ങാണ് ഞങ്ങളെ പഠിപ്പിച്ചത്. ഫെഡറൽ സ്വഭാവത്തിന് ജി.എസ്.ടി. എതിരാണെന്ന് നിങ്ങളുടെ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞപ്പോൾ നിങ്ങൾ അങ്ങനെയല്ലെന്ന് പറഞ്ഞു. നിങ്ങളുടെ വാചാലതയിൽ മുഖ്യമന്ത്രിയും വീണു. കാരണം, പോളിറ്റ് ബ്യൂറോയിൽ മുഖ്യമന്ത്രിക്കും സ്വാധീനമുണ്ടല്ലോ. അവിടെ നിങ്ങളത് തിരുത്തി. ഡൊണാൾഡ് ട്രംപിനെ സി.പി.ഐ.(എം) കേരളാഘടകം ചിലപ്പോൾ അനുകൂലിച്ചെന്നുവരും. പക്ഷെ ശ്രീ. സീതാറാം യെച്ചൂരി കേരളാഘടകത്തിന് അനഭിമതനായ കമ്മ്യൂണിസ്റ്റാണല്ലോ; ഇദ്ദേഹത്തിന്റെ പേരുതന്നെ ഒരു പുതിയകാല കമ്മ്യൂണിസ്റ്റ് നേതാവിന് ചേർന്നതല്ലെന്നാണ് കേരളാഘടകം പറയുന്നത്. 'പോരാളിയായ വിജയന്റെ വീര്യം സീതാറാമിന് എങ്ങനെ ഉണ്ടാകാനാണ് മക്കളേ'. അത് നിങ്ങളൊന്ന് ആലോചിക്കണം. കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനം കേട്ട് കോരിത്തരിച്ച ആളുകളാണ് നിങ്ങളൊക്കെ. പാവപ്പെട്ടവർക്ക് പ്രീ-ഫാബ്രിക്കേറ്റഡ് വീടുകൾ, റേഷൻ വ്യാപാരികൾക്ക് കെ.എസ്.എഫ്.ഇ.-യിൽനിന്നും പലിശരഹിത വായ്പ, പ്രവാസി ചിട്ടി തുടങ്ങി എന്തെല്ലാം പ്രഖ്യാപനങ്ങളായിരുന്നു കഴിഞ്ഞ ബജറ്റിലുണ്ടായിരുന്നത്. കേരളത്തിൽ എത്ര പാവങ്ങൾക്കാണ് പ്രീ-ഫാബ്രിക്കേറ്റഡ് വീട് കൊടുത്തിട്ടുള്ളത്. അതിനുള്ള ടെക്നോളജി ഇവിടെയുണ്ടോയെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ പഠിച്ചുവരികയാണെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. എന്നിട്ട് നിങ്ങൾ വീട് വച്ച് കൊടുത്തില്ലല്ലോ. ഏതെങ്കിലുമൊരു റേഷൻ വ്യാപാരിക്ക്

കെ.എസ്.എഫ്.ഇ. വഴി പലിശ രഹിത വായ്പ കൊടുത്തിട്ട് അദ്ദേഹം ആനന്ദനൃത്തം ചെയ്യുന്നതിന്റെ ഫോട്ടോ ഫെയ്സ്ബുക്കിൽ നിങ്ങൾ പോസ്റ്റ് ചെയ്യുമോ? നിങ്ങളൊക്കെ ഫെയ്സ്ബുക്ക് നേതാക്കളാണല്ലോ. പണ്ട് നിങ്ങളുടെ നേതാക്കളെ ജനങ്ങൾ സഖാവ് എന്ന് വിളിച്ചിരുന്നു. സഖാവ് എ.കെ.ജി., സഖാവ് കൃഷ്ണപിള്ള എന്നിങ്ങനെ പല നേതാക്കളെയും വിളിച്ചിരുന്നു. അന്ന് അവരെ സ്നേഹപൂർവ്വം അങ്ങനെ വിളിക്കാൻ കാരണം അവരൊക്കെ ജനനേതാക്കളായിരുന്നു എന്നതാണ്. ആ മൂന്ന് അക്ഷരത്തിൽ ഒരു ജനതയുടെ വിശ്വാസവും പ്രതീക്ഷയുമുണ്ടായിരുന്നു. ഇപ്പോൾ പാർട്ടി നേതാക്കളെയല്ല, ഹൈക്കോടതി ജഡ്ജിമാരെയാണ് സഖാവെന്ന് വിളിക്കുന്നത്. കാരണം, നിങ്ങളുടെ പാർട്ടി ട്രേഡ് യൂണിയനുണ്ടാക്കി. അവരുടെ അവകാശങ്ങൾക്കുവേണ്ടി, ഒരുനേരത്തെ ആഹാരത്തിന്, അവർക്ക് മരുന്നുവാങ്ങാൻ, പെൻഷൻ ലഭിക്കാൻ ഹൈക്കോടതിയിൽപ്പോയിട്ട് ഹൈക്കോടതി ജഡ്ജിമാർക്ക് ഉത്തരവിടേണ്ട ഗതികേട് വന്നത് നിങ്ങളുടെ ഈ ഭരണ കാലത്താണ്. അതുകൊണ്ടാണ് സഖാവ് ജസ്റ്റിസ് എന്നുവിളിക്കുന്നത്. ഇപ്പോൾ നിങ്ങളെ എന്തുകൊണ്ട് സഖാവ് എന്ന് വിളിക്കുന്നില്ല. ആ പേര് നിങ്ങൾ കളഞ്ഞില്ലേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ബഡ്ജറ്റിന് ഒരു ഫോക്കസുണ്ടാകണം, സംസ്ഥാനം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണം എന്നാണ്. സാമ്പത്തിക ശാസ്ത്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രി ഒരു പ്രാഥമിക പഠനം നടത്താൻ മറന്നുപോയി. സ്ഥാനം തെറ്റിനിൽക്കുന്ന ഗോൾകീപ്പറുടെ അവസ്ഥയിലാണ് അങ്ങ് നിൽക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്.

നിങ്ങൾ ഡി.വൈ.എഫ്.ഐ.-യുടെ അന്നദാനത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളുടെ പാർട്ടി എത്രകാലമായി ആശുപത്രികളിലും മറ്റും രാവിലെ ഭക്ഷണം കൊടുക്കുന്നു. അത് അർഹതപ്പെട്ടവർക്ക് കിട്ടണം. അന്നദാനം നടത്തുന്നത് ബജറ്റിൽ പ്രഖ്യാപിക്കണം, വരുംതലമുറ അത് കാണണമെന്നാണ് പറയുന്നത്. ഒരു കൈ കൊണ്ടുകൊടുക്കുന്നത് മറു കൈ അറിയാൻ പാടില്ല എന്നാണ് പറയുന്നത്. അത് ആദ്യം മനസ്സിലാക്കണം. എ.കെ.ജി.-യുടെ സ്മാരകം പണിയുന്നതിന് 10 കോടി രൂപ കൊടുക്കുന്നത് അവിടെ പാർട്ടി ഓഫീസ് നിർമ്മിക്കാനല്ലേ? ഇവിടെ അങ്ങയെപ്പോലെ പ്രഗത്ഭരല്ലാത്ത, ധനതത്വ ശാസ്ത്രത്തിൽ ഡിപ്ലോമ എടുക്കാത്ത ധാരാളം ധനകാര്യ മന്ത്രിമാരുണ്ടായിരുന്നു. ശിവദാസമേനോനും വിശ്വനാഥമേനോനും തച്ചടിപ്രഭാകരനുമൊക്കെ ഇവിടെ ധനകാര്യ വകുപ്പുമന്ത്രിമാരായിരുന്നു. അങ്ങ് ഇതിൽ എക്സ്പെർട്ട് ആയിട്ട് എന്തൊക്കെയാണ് ചെയ്തത്? അങ്ങ് വാചാലമായി, കിഫ്ബിക്ക് 40,000 കോടി രൂപ, മുമ്പ് ഇസ്ലാമിക ബാങ്കിന് 40,000 കോടി രൂപ എന്നൊക്കെ പ്രഖ്യാപിച്ചു.

നിങ്ങൾക്കുതന്നെ ഇത് താങ്ങാൻ കഴിയുന്നുണ്ടോ? നിങ്ങൾ പാർട്ടി ക്ലാസ്സെടുക്കുന്നതും നിയമം പഠിക്കുന്നതും മുഴുവൻ മറക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പാട്ടുപുസ്തകം പോലെയാണ്. അടുത്തവർഷം ഇതിന് ബജറ്റ് പാട്ടുപുസ്തകം എന്ന നിർവ്വചനം കൊടുക്കണം. ബജറ്റ് പാട്ടുപുസ്തകത്തിന്റെ പ്രകാശനത്തിനായി ബജറ്റ് എസ്റ്റിമേറ്റുകൾ ചോദിച്ച് ധനകാര്യ വകുപ്പ് പുറത്തിറക്കിയ സർക്കുലറിൽ വകുപ്പുമായി ബന്ധപ്പെട്ട കവിതാശകലങ്ങൾകൂടി ആവശ്യപ്പെട്ടാൽ അടുത്തവർഷത്തെ ബജറ്റ് കൂടുതൽ ഭംഗിയാക്കാം. ബഡ്ജറ്റ് ചർച്ചയിൽ അംഗങ്ങൾക്ക് കവിതാ നിരൂപണം വച്ച് സംസാരിക്കുകയും ചെയ്യാം. ധനകാര്യ വകുപ്പുമന്ത്രി ബജറ്റിന്റെ ഉള്ളടക്കത്തിനല്ല പുറംചട്ടയ്ക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഓരോ വർഷവും അദ്ദേഹം ഓരോ വിഷയങ്ങൾ പുറംചട്ടയിൽ ആവാഹിക്കും. 'ബജറ്റിലെ ബിംബങ്ങളും നിറങ്ങളും സൗന്ദര്യാത്മകവും' എന്ന വിഷയത്തിൽ പുതിയ ഗവേഷണ സാധ്യതകൾ തുറന്നതാണ് ഈ ബജറ്റ് എന്നാണ് പറഞ്ഞത്. അങ്ങയുടെ ഈ ബഡ്ജറ്റ് കാലിച്ചാക്കാണ്. ഈ കാലിച്ചാക്കിൽ എത്ര പണം വച്ചാലും അത് നിവർന്നി രിക്കില്ല, വളഞ്ഞേ ഇരിക്കുകയുള്ളൂ. ഞങ്ങളാണ് ന്യൂനപക്ഷ സംരക്ഷകരെന്ന് ഇവിടെ പറയുകയുണ്ടായി. രണ്ടേമുക്കാൽക്കോടി മുസ്ലീങ്ങളുള്ള ബംഗാളിൽ 36 കൊല്ലം സി.പി.ഐ. (എം) ഭരിച്ചിട്ട് എന്താണ് നിങ്ങൾ ചെയ്തത്? കോൺഗ്രസ്സിന്റെ വാലിൽക്കെട്ടാൻ നിങ്ങളുണ്ടോ? ഞങ്ങളാണ് ഇവിടെ മുസ്ലീങ്ങളുടെ സംരക്ഷക രെന്ന് ശ്രീ. പി. കെ. ശശി പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞങ്ങളുടെ പാർട്ടിയുടെ സംഘടിത ശക്തികൊണ്ടാണ് കേരളത്തിലെ മുസ്ലീങ്ങൾ അഭിമാനകരമായി ഇവിടെ നിൽക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ 1980-ൽ ഭരിച്ചപ്പോൾ അറബി ഭാഷ ഇല്ലാതാക്കാൻ ശ്രമിച്ചു. ഞങ്ങൾ അന്ന് സമരം ചെയ്തിട്ടാണ് അത് പിടിച്ചുനിർത്തിയത്. 2006-ൽ 'മതം ഇല്ലാതെ ജീവൻ' എന്ന പാഠപുസ്തകം കുട്ടികളെ നിരീശ്വരവാദം പഠിപ്പിക്കാനായി കൊണ്ടുവന്നു. നിങ്ങൾക്ക് എന്ത് ന്യൂനപക്ഷ പ്രേമമാണ്? ഞങ്ങളുടെ ആളുകളെ വികാരപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ പറയാൻ നടക്കുക എന്നല്ലാതെ നിങ്ങൾ എന്താണ് ചെയ്യുന്നത്; ഇവിടെ ആളുകളെ കൊന്നുവെന്ന് പറഞ്ഞല്ലോ; നിങ്ങൾ ഞങ്ങളുടെ ആളുകളെ കൊന്നിട്ടില്ലേ? നാദാപുരത്തെ വാര്യൻകണ്ടി കുഞ്ഞഹമ്മദ് ഹാജി, പൊയ്യിൽ മൊയ്തു ഹാജി, ജാതിയരി യൂസഫ് ഹാജി, പാറക്കവല മുഹമ്മദ് അഷറഫ്, അരിയിൽ ഷുക്കൂർ തുടങ്ങി എത്ര ആളുകളാണ് നിങ്ങളുടെ കത്തിക്ക് ഇരയായത്. നിങ്ങൾ ബംഗാളിൽ മൂന്നാം സ്ഥാനത്തായി. ഒരു സത്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും മനസ്സിലാക്കുന്നുണ്ട്. പണ്ടുള്ള തലമുറകളിൽ എല്ലാ പാർട്ടിയിലേയും 40-50 ശതമാനം ആളുകൾ പാർട്ടി നേതൃത്വം പറഞ്ഞാൽ വോട്ട് ചെയ്യുന്ന രീതിയുണ്ടായിരുന്നു. കാലംമാറി, പുതിയ കാലഘട്ടത്തിൽ ആരോടും

പ്രതിബദ്ധതയില്ലാത്ത ഒരു സമൂഹം വളർന്നുവരികയാണ്. ശ്രീ. ഷംസീറിന്റെ ജ്യേഷ്ഠനും അങ്ങും സി.പി.ഐ. (എം) ആണെങ്കിലും നിങ്ങളുടെ മക്കൾ നിങ്ങൾക്കുതന്നെ വോട്ട് ചെയ്യുമെന്ന് പറയാൻ കഴിയുമോ? അങ്ങനെയുള്ള കാലഘട്ടമല്ല. കൂടെക്കഴിയുന്ന പെണ്ണുങ്ങളും കുട്ടികളും നമ്മോടൊപ്പം നിൽക്കുമെന്ന് പറയാൻ കഴിയാത്ത കാലഘട്ടമാണ്. മുസ്ലീം ലീഗ്, കോൺഗ്രസ്, സി.പി.ഐ. (എം) ഏത് പാർട്ടി ആയാലും അങ്ങനെയൊരു സാഹചര്യമാണുള്ളത്. ഇനി പുതിയതലമുറയെ നമ്മളൊക്കെ പഠിപ്പിച്ച് കൊണ്ടുവരണം. കോൺഗ്രസ്സിന് കുറേ ദൗർബല്യങ്ങളൊക്കെയുണ്ടാകും. അത് ഇന്ത്യാ രാജ്യം ഭരിച്ച ഒരു പാർട്ടിയാണ്. റഷ്യ, ചൈന, റൊമാനിയ, പോളണ്ട് എന്നീ രാജ്യങ്ങളിലൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്നില്ലേ? ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി എവിടെയൊക്കെ യാണുള്ളത്? നിങ്ങളും ഞങ്ങളും ഇപ്പോൾ ഇവിടെ മാത്രമേയുള്ളൂ. പാർലമെന്റിൽ നിങ്ങൾക്ക് ബംഗാളിൽ നിന്ന് രണ്ട് സീറ്റ്, ഞങ്ങൾക്ക് കേരളത്തിൽ നിന്ന് രണ്ട് സീറ്റ്. തമിഴ്നാട്ടിൽ ഞങ്ങൾക്ക് ഒരു സീറ്റുണ്ട്. പക്ഷേ നിങ്ങൾക്കില്ല. നമ്മളൊരു aggressive party എന്നൊക്കെ പറഞ്ഞാലും ഇങ്ങനെയൊക്കെ അഡ്ജസ്റ്റ് ചെയ്തുപോകും. കേരളത്തിലെ ജനങ്ങൾക്ക് അത്യാവശ്യം വിവരമുള്ളതുകൊണ്ട് മാത്രമാണ് മതസൗഹാർദ്ദത്തിന്റെ പേരിൽ ഒരു പ്രശ്നവുമില്ലാതെ യോജിച്ചു പോകുന്നത്. അത് നല്ലനിലയ്ക്ക് പോകണം. അത് എല്ലാവരുടെയും നേട്ടമാണ്. നിങ്ങളുടെ പാർട്ടിയുടെ മാത്രം നേട്ടമായി ചിത്രീകരിക്കണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഏതായാലും ഞങ്ങളെ വണ്ടിയിൽക്കയറ്റി. കിഫ്ബിയിലെ ഒരു പദ്ധതി പോലും ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. കിഫ്ബി പദ്ധതി ആർക്കാണ് ലഭിച്ചത്? 40,000 കോടി രൂപയുടെ കിഫ്ബി പദ്ധതിയെപ്പറ്റി പറഞ്ഞപ്പോൾ നിങ്ങളെക്കുറിച്ച് അല്പം വിശ്വാസവും മതിപ്പുമൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ അതുമില്ല. കിഫ്ബി പദ്ധതി ഉണ്ടാകുമോ? കിഫ്ബി പദ്ധതി തരികയുമില്ല, ബജറ്റിൽ ഗവൺമെന്റ് ഫണ്ട് നീക്കിവച്ചിട്ടുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇടപെട്ട് ഞങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് പറഞ്ഞു കൊണ്ടും ഈ ബജറ്റിനെ എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ബജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ആഗോളവത്കരണ കാലഘട്ടത്തിലെ ജനകീയ പ്രതിരോധങ്ങളെ ശക്തിപ്പെടുത്തുന്നതിന് എല്ലാ അർത്ഥത്തിലും ഉതകുന്ന ബജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾകൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഒരു സംസ്ഥാന ഗവൺമെന്റിന് കഴിയില്ലെങ്കിലും ഈ ബഡ്ജറ്റിലൂടെ സംസ്ഥാനത്തെ

ജനങ്ങൾക്ക് വലിയ ആശ്വാസമാണ് ഉണ്ടായിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ രണ്ട് ദിവസങ്ങളിലും ഇന്നും ബജറ്റിന്റെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് എത്ര നിരർത്ഥകമായ വാദഗതികളാണ് പ്രതിപക്ഷ അംഗങ്ങൾ ഉന്നയിക്കുന്നതെന്നുള്ളത് ഈ ബജറ്റിന്റെ ഉള്ളടക്കത്തെ വസ്തുതാപരമായി ഖണ്ഡിക്കാൻ അവർക്ക് യാതൊന്നുമില്ലെന്നുള്ളതിന്റെ തെളിവാണ്. എന്റെ സുഹൃത്ത് ശ്രീ. പി. കെ. ബഷീർ രാവിലെ ലൈഫ് പദ്ധതിയെക്കുറിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ കണ്ട അവധാനതയോ പഠനങ്ങളോ ഒന്നും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രസംഗത്തിൽ കാണുകയുണ്ടായില്ല. ഇതുപോലെ ആരെയും അധിക്ഷേപിച്ച് പ്രസംഗിക്കാൻ വലിയ പ്രയാസമൊന്നും ഉണ്ടാകില്ല. പക്ഷെ, പ്രിയപ്പെട്ട ബഷീർ, അങ്ങയുടെ പാർട്ടിയുടെ കരുത്തുകൊണ്ടാണ് കേരളത്തിലെ മുസ്ലീം ജനസമൂഹങ്ങളാകെ സംരക്ഷിക്കപ്പെടുന്നതെന്ന് കരുതുന്നുണ്ടെങ്കിൽ അങ്ങയോട് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്, കേരളത്തിന് ഒരു ഭൂതകാലമുണ്ട്, ആ ഭൂതകാല ചരിത്രത്തിലെ ഒരു ഏട് മാത്രം ഞാൻ പറയുകയാണ്. എന്റെ ജില്ലയിലെ ഇരിട്ടിക്ക് അടുത്ത് പുന്നാട് എന്ന സ്ഥലത്ത് അശ്വനികുമാർ എന്ന ആർ.എസ്.എസ്-കാരൻ കൊലചെയ്യപ്പെട്ടതിനെ തുടർന്ന് ഒരു പ്രദേശത്തെ മുസ്ലീം കുടുംബങ്ങളാകെ അക്രമിക്കപ്പെട്ടു, നോട്ടുകെട്ടുകൾ കത്തിചാമ്പലായി, വിവാഹത്തിന് കരുതിവച്ചിരുന്ന സ്വർണ്ണം ഉരുകിപ്പോയി. ആ വീടുകൾ സന്ദർശിച്ച ഞങ്ങളോട് കരഞ്ഞുകൊണ്ട് ഉമ്മമാർ പറഞ്ഞത്, ജീവിക്കാൻ അനുവദിക്കണം എന്നാണ്. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ഒരു ലീഗുകാരനെയും ഒരു കോൺഗ്രസ്സുകാരനെയും ഞങ്ങൾ അവിടെ കണ്ടില്ല. നിങ്ങൾ ഇവിടെ താമസിക്കുന്നത് സുരക്ഷിതമല്ലെന്ന് പറഞ്ഞുകൊണ്ട് ആ പാവപ്പെട്ട മനുഷ്യരെ രണ്ട് ബസ്സുകളിലായി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കിളിയന്ത്ര ചെക്ക് പോസ്റ്റിനപ്പുറത്ത് ഇറക്കിവിട്ട ചരിത്രം നിങ്ങൾക്കറിയാമോ? പ്രിയപ്പെട്ട ബഷീർ, ആ കുടുംബങ്ങളെ സംരക്ഷിച്ചത് എന്റെ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. ആ പാർട്ടി ഒരുക്കിയ റീഹാബിലിറ്റേഷൻ ക്യാമ്പിൽ അരി കൊണ്ടുപോയികൊടുത്ത അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഇത് അത്ര വലിയ ഭൂതകാല ചരിത്രമൊന്നുമല്ല. മാറാട് കലാപത്തെക്കുറിച്ച് നിങ്ങൾക്ക് നന്നായി അറിയാമല്ലോ; എത്ര അനുഭവമുണ്ട് ശ്രീ. ബഷീർ? ഒരു ബഡ്ജറ്റിനെ എതിർത്തുകൊണ്ട് പ്രസംഗിക്കുമ്പോൾ 'എന്റെ പാർട്ടിയുടെ കരുത്തുകൊണ്ടാണ്' എന്ന് ഒറ്റ വാക്കിൽ പറയരുത്. അവിടെ കുറച്ച് കോൺഗ്രസ്സുകാർ ഇരിപ്പുണ്ടല്ലോ; അവരും വേണ്ടേ? കുറച്ചുകൂടി ആലോചിച്ച് സംസാരിക്കണം. രാവിലത്തെ വിവേകമെങ്കിലും ഇപ്പോൾ കാണിക്കേണ്ടതായിരുന്നു. ഒരു സമുദായത്തെ ആകെ സംരക്ഷിക്കാനുള്ള കരുത്ത് ഇന്ത്യൻ യൂണിയൻ

മുസ്ലീംലീഗ് എന്നുപറയുന്ന ഒറ്റ പാർട്ടിക്ക് ഉണ്ടെന്ന അഹങ്കാരം നിങ്ങൾ വച്ചുപുലർത്തുന്നുണ്ടെങ്കിൽ ഇവിടെ ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും വളരാൻ അതല്ലാതെ ഒരു വിത്തും വളവും വേണ്ടതില്ലെന്ന് നിങ്ങൾ മനസ്സിലാക്കിയാൽ മതി. അതാണ് ഇവിടത്തെ പ്രശ്നം. ശ്രീ. പി. കെ. ബഷീർ പറഞ്ഞതാണോ കോൺഗ്രസ്സിന്റെ നിലപാടെന്ന് എനിക്ക് ശേഷം സംസാരിക്കുന്ന ബഹുമാന്യനായ പ്രതിപക്ഷനേതാവ് വെളിപ്പെടുത്തിയാൽ മതി. ഈ സംസ്ഥാനത്തെ മുഴുവൻ മുസ്ലീങ്ങളെയും സംരക്ഷിക്കുന്നതിന് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന ഒരു പാർട്ടിക്ക് മാത്രമായി സാധിക്കുമോ? ഞാൻ ആ വിഷയത്തിലേയ്ക്ക് കൂടുതൽ പോകുന്നില്ല. കാരണം ബജറ്റിനെക്കുറിച്ച് പറയാനുണ്ട്. കഴിഞ്ഞ ആറ് പാദങ്ങളിലായി സാമ്പത്തിക വളർച്ചാ നിരക്ക് താഴോട്ടുപോകുന്ന രാജ്യത്തിനകത്താണ് ഈ സംസ്ഥാനം നിലനിൽക്കുന്നത്. 5.7 ശതമാനം സാമ്പത്തിക വളർച്ച ദേശീയാടിസ്ഥാനത്തിൽ രേഖപ്പെടുത്തുമ്പോൾ ജി.എസ്.ടി.യും നോട്ട് നിരോധനവും സ്വകാര്യ ഉദാരവത്കരണവുമെല്ലാം അതിന് കാരണമായിരിക്കുന്നു. എന്നിട്ടും നമ്മുടെ രാജ്യത്തെ കൊച്ചു സംസ്ഥാനത്തുണ്ടായ 7.4 ശതമാനം വളർച്ചയെക്കുറിച്ച് നിങ്ങളോട് അന്തസ്സോടുകൂടി പറഞ്ഞല്ലോ; പക്ഷെ നിങ്ങൾക്ക് അത് കേൾക്കണ്ട. നിങ്ങൾക്ക് വേറെ എന്തൊക്കെയോ ചർച്ചയാണ്. അത് രേഖ പരിശോധിച്ചാൽ മനസ്സിലാകും. പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിവസവും വർദ്ധിച്ചുവരുന്നു. ഇന്ന് രാവിലെ ഡീസൽ അടിച്ചപ്പോൾ ഇത്ര രൂപ ആയെന്ന് ബഹുമാന്യനായ ഒരംഗം ഇവിടെ സംസാരിക്കുന്നത് കേട്ടു. ഡീസൽ അടിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ മനോവേദന ഞങ്ങൾ പങ്കുവയ്ക്കുന്നു. പക്ഷേ അന്താരാഷ്ട്ര മാർക്കറ്റിൽ ദിവസവും ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ പെട്രോളിന്റെ വില വർദ്ധിപ്പിക്കും. കേന്ദ്ര ഗവൺമെന്റ് അവസാനം അവതരിപ്പിച്ച ബജറ്റിൽ 8 രൂപ കുറച്ച് അത് റോഡ് സെസ്സിൽ ഉൾപ്പെടുത്തി വിലയ്ക്ക് യാതൊരു മാറ്റവുമില്ലാതെ നിലനിർത്തിയ കേന്ദ്ര നയത്തെക്കുറിച്ച് ഒരക്ഷരം ഉരിയാടാനില്ല. ചില്ലറ കാശ് ഇവിടെ കുറച്ചുകൂടേ എന്നാണ് നിങ്ങളുടെ ചോദ്യം. ഇപ്പോൾ ഇവിടെ നികുതി വർദ്ധിപ്പിച്ചിട്ടില്ല, വർദ്ധിപ്പിക്കാനുള്ള പുതിയ സാഹചര്യവുമില്ല. ഇവിടെ നികുതി നിർദ്ദേശത്തിലൂടെ സമാഹരിക്കപ്പെടുന്ന മുഴുവൻ തുകയും പാവപ്പെട്ടവരുടെ സംരക്ഷണത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. കേന്ദ്രത്തിലാകട്ടെ കോർപ്പറേറ്റുകളുടെ സംരക്ഷണത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. അതെങ്കിലും തിരിച്ചറിയാനുള്ള മനസ്സ് നിങ്ങൾക്കുണ്ടാകണം. അതുണ്ടാകണമെങ്കിൽ നിങ്ങൾ താഴേത്തട്ടിൽ പരിശോധന നടത്തണം. അതിന് നിങ്ങൾ കുറച്ചുകൂടി പ്രയാസ പ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2017-ൽ മാത്രം 4837 കർഷക സമരം രാജ്യത്തുണ്ടായി. കോൺഗ്രസ്സുകാർ എവിടെയെങ്കിലും പങ്കാളികളാണോ? രാജസ്ഥാനിൽ അഖിലേന്ത്യ കിസാൻ സഭ ദിവസങ്ങൾ നീണ്ടുനിന്ന അതിശക്തമായ പ്രക്ഷോഭം നടത്തി. ആ പ്രക്ഷോഭത്തിന്റെ ഭാഗമായി വില കുറഞ്ഞു. പല കാർഷികോല്പന്നങ്ങളുടെയും വില വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് സന്നദ്ധമായി. പക്ഷേ നേട്ടം നിങ്ങൾക്കുണ്ടായി. അൽവാറിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങൾ വിജയിച്ചു. അൽവാറിലും അജ്മീരിലും നിങ്ങൾ വിജയിച്ചെങ്കിൽ രാജസ്ഥാനിലെ കൃഷിക്കാരുടെ സമരം നിങ്ങൾ മറക്കരുത്. 4837 സ്ഥലങ്ങളിൽ കൃഷിക്കാർ സമരം ചെയ്തപ്പോൾ 186 സ്ഥലങ്ങളിൽ വെടിവയ്പുണ്ടായി. കോൺഗ്രസ്സിന്റെ എന്ത് പങ്കാളിത്തമാണ് ഈ രാഷ്ട്രീയ സമരങ്ങളിലും പ്രക്ഷോഭങ്ങളിലും ഉണ്ടായിട്ടുള്ളതെന്ന് നിങ്ങൾ ആലോചിച്ച് നോക്കൂ. ഞങ്ങൾക്കെതിരെ പ്രസംഗിച്ചതുകൊണ്ട് കോൺഗ്രസ്സിൽ ഒരു തിരിച്ചുവരവ് സാധ്യമല്ല. നിങ്ങൾ പണിയെടുക്കണം. പണിയെടുത്തല്ലാതെ ഒന്നും സാധ്യമാകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം.

ഈ ബജറ്റിലെ തിരുത്തേണ്ട ഭാഗങ്ങളെക്കുറിച്ച് ചില ആളുകൾ പറഞ്ഞതൊക്കെ മനസ്സിലാക്കാനുള്ള വിവേകം ഈ ഗവൺമെന്റിനുണ്ടാകും. പക്ഷേ 100 രൂപയുടെ ടോക്കൺ പ്രൊവിഷനെക്കുറിച്ച് ശ്രീ. പി. കെ. ബഷീർ ഇവിടെ പറഞ്ഞു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഇവിടെ ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ പറയാമായിരുന്നു. 100 രൂപ ടോക്കൺ പ്രൊവിഷൻവച്ച നിരവധി പ്രവർത്തനങ്ങൾ കഴിഞ്ഞതവണ എന്റെ നിയോജകമണ്ഡലത്തിൽ കിട്ടിയല്ലോ? അപ്പോൾ 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചാൽ കിട്ടുകയില്ലെന്നാണോ അർത്ഥം. ആടിനെ പട്ടിയാക്കുന്ന ഇത്തരം സംസാരത്തിന്റെ ആവശ്യമുണ്ടോ?

ഈ ഗവൺമെന്റിന് ഒരു വിഷനുണ്ട്. ആ വിഷൻ ലൈഫ് മിഷനാണ്, ഹരിത കേരളമാണ്, ആർദ്രമാണ്, പൊതുവിദ്യാഭ്യാസ സംരക്ഷണമാണ്. ആ വിഷനെ അടിസ്ഥാനപ്പെടുത്തി നടന്ന പ്രവർത്തനങ്ങൾ നിങ്ങൾ എങ്ങനെയാണ് കാണാതെ പോകുന്നത്? ഇതൊക്കെ എത്ര കാലമായി പറയുന്നുവെന്നും ഒന്നും നടക്കുന്നില്ലെന്നുമൊക്കെ ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ സൂചിപ്പിക്കുന്നത് കേട്ടു. എല്ലാം നടക്കുന്നതിനുള്ള കാലയളവ് ഒരുപോലെയല്ല. ചില കാര്യങ്ങൾ നടക്കുന്നതിന് കുറച്ച് സമയമെടുക്കും. ആന പ്രസവിക്കാൻ 22 മാസം വേണം. എലി പ്രസവിക്കാൻ 22 ദിവസം മതി. നിങ്ങൾ അതിവേഗം ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ടാകും. പക്ഷേ അത് എലിയുടെ പ്രസവം പോലെയുള്ളതാണ്. ഈ

ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത് വലിയ പദ്ധതികളാണ്. അത് നടപ്പാക്കുമ്പോൾ അതിന്റേതായ കാലതാമസവും സാങ്കേതിക പ്രശ്നങ്ങളുമുണ്ടാകും. കേരളത്തിൽ ഇതിനുമുമ്പ് ഭരിച്ച നാല് ഗവൺമെന്റുകളുടെ മൂലധന നിക്ഷേപത്തിന്റെ നാല് ഇരട്ടിയാണ് കിഫ്ബിയിലെ 54,000 കോടി രൂപ. നിങ്ങൾക്കത് നിഷേധിക്കാൻ സാധിക്കുമോ? അതൊന്നും നിങ്ങളുടെ വിഷയമല്ല. ഇവിടെ നിങ്ങളുടെ അജണ്ട നിശ്ചയിക്കുന്നത് മാധ്യമങ്ങളാണ്. രാവിലെ പത്രങ്ങളിലെ എഡിറ്റേഴ്സ് പേജിൽ ചില വാർത്ത വരുന്നത് അടിയന്തരപ്രമേയമായി ഇവിടെ കൊണ്ടുവരും. വൈകുന്നേരം ചാനൽ ചർച്ചയായി. അതോടെ എല്ലാം പൂർത്തിയായി. നിങ്ങൾ ഈ അവസ്ഥയ്ക്ക് മാറ്റംവരുത്തി ഗൗരവപൂർവ്വം കാര്യങ്ങളെക്കാണണം. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന വർഷം (2015-16) വകയിരുത്തിയ തുക ചെലവഴി ക്കാത്തതിന്റെ കണക്ക് ഞാൻ വായിക്കാം. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്തത് 75 കോടി രൂപ, ബ്ലോക്ക് തലത്തിൽ വെർച്വൽ ക്ലാസ് റൂമിന് 44 കോടി രൂപ, കാർഷിക ക്ഷേമ ഫണ്ട് 25 കോടി രൂപ, സംയോജിത കാർഷിക കോംപ്ലക്സിന് 8 കോടി രൂപ, കേരളത്തിന്റെ നിങ്ങളുടെ പരിപ്രേക്ഷ്യം 20-30. വകയിരുത്തിയ നയാ പൈസ ചെലവഴിച്ചില്ല. ഇങ്ങനെ പോകുമ്പോൾ ഈ രാജ്യവും ജനങ്ങളും യഥാർത്ഥത്തിൽ അനുഭവിക്കുന്നതെന്താണെന്ന് ഒരു നിമിഷ മെങ്കിലും നിങ്ങൾ തിരിച്ചറിയണം. ഈ രാജ്യം കടുത്ത വർഗ്ഗീയതയുടെ വെല്ലുവിളികൾ നേരിടുകയാണ്. അതിനുനേരെ നിങ്ങൾ മുഖംതിരിച്ചുനിൽക്കുന്നു. അതിൽ മാറ്റംവരുത്തിയില്ലെങ്കിൽ നിങ്ങളും ഈ സംസ്ഥാനവും കനത്ത വില നൽകേണ്ടിവരും.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഞാൻ പറയുന്ന വരികൾ ഒരുപക്ഷേ ഒരിക്കലെങ്കിലും നിങ്ങളെ ചിന്തിപ്പിക്കാൻ ഇടയാകുമെങ്കിൽ ഉപകരിക്കട്ടെ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 'ഗോഡ്സെ-യ്ക്ക് പോസ്റ്റ് ആഫീസിൽ ജോലി കിട്ടി. മൂപ്പർ ആഹ്ലാദഭരിതനാണ്. ഓരോ ദിവസവും ഭാരിച്ച ലോഹമുദ്രകൊണ്ട് ഗാന്ധിയെ........' ഇതുപോലെയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവും പ്രതിപക്ഷത്തുള്ള അംഗങ്ങളും ഈ സഭയ്ക്കകത്തുവന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനും ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിക്കും എതിരെ നടത്തുന്ന ഓരോ ആഞ്ഞടികൊണ്ടും ആശ്വസിക്കുന്നത്. ഈ വരികൾ കുരീപ്പുഴ ശ്രീകുമാറിന്റേതാണ്. അദ്ദേഹം അക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധിക്കാൻ ഒരു വാക്കെങ്കിലും മിണ്ടിയോ? പക്ഷേ അതൊന്നുമല്ലല്ലോ കോൺഗ്രസ്സിന്റെ നേതൃത്വവും പ്രതിപക്ഷവും ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പാകെ പ്രകടിപ്പിക്കാറുള്ളത്. ആരെയാണ് നിങ്ങൾ ഭയപ്പെടുന്നത്? ഈ ഭയപ്പാടിൽനിന്നും നിങ്ങൾക്ക് മോചിതരാകാൻ സാധിച്ചില്ലെങ്കിൽ

രാജ്യത്തിന്റെ രാഷ്ട്രീയഭാവി വളരെയേറെ പ്രതിസന്ധിയിലാകുമെന്നതിൽ ഒരു സംശയവുമില്ല. ആ രാഷ്ട്രീയ ഭാവിയിൽ ഞങ്ങൾ നിങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്നതു കൊണ്ടല്ല, നിങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്ന കുറേ ജനങ്ങൾ രാജ്യത്തുണ്ട്. രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ കോൺഗ്രസ്സിന് സാധിക്കില്ലെന്ന് അവർ തിരിച്ചറിയണം. ജനങ്ങളെ വർഗ്ഗീയതയിലേയ്ക്ക് തള്ളിനീക്കുന്ന ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും രാഷ്ട്രീയത്തെ പിന്തുണയ്ക്കുക മാത്രമേ കോൺഗ്രസ് ചെയ്യുന്നുള്ളൂ. ആ തിരിച്ചറിവാണ് നിങ്ങളുടെ ഓരോ നിലപാടുകളിലൂടെയും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ടും ഒരിക്കൽക്കൂടി ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു. ശ്രീ. എം. മുകുന്ദന്റെ പ്രശസ്തമായ നോവലാണ് 'ദൈവത്തിന്റെ വികൃതികൾ'. ആ നോവലിൽ ജാലവിദ്യക്കാരനായ അൽഫോൺസച്ചന്റെ കഥയാണ് പറയുന്നത്. സ്വപ്നലോകത്ത് ഊളിയിട്ട് പറക്കുന്ന അൽഫോൺസച്ചൻ കാണാക്കാഴ്ചകൾ കാണുന്നതിനെ ശ്രീ. എം. മുകുന്ദൻ ഇങ്ങനെയാണ് വിവരിക്കുന്നത്. 'അയാളുടെ ബൂട്ട്സ് ഇട്ട കാലുകൾ പതുക്കെ മണ്ണിൽനിന്നും അടർന്നുയരാൻ തുടങ്ങി. ക്രമേണ അയാൾ ഉയർന്ന് പള്ളി ഗോപുരത്തിന്റെ കുരിശിനുമുകളിലെത്തി. ഒരു വലിയ വാവലിനെപ്പോലെ ആകാശത്ത് തങ്ങിനിന്ന് അയാൾ താഴെക്കാണുന്ന തന്റെ സൃഷ്ടിയായ മയ്യഴിയെ ദർശനം ചെയ്തു'. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇത്തവണ ബജറ്റ് അവതരിപ്പിക്കുന്നത് കേട്ടപ്പോൾ ശ്രീ. എം. മുകുന്ദനെയും മായാജാലക്കാരനായ അൽഫോൺസച്ചനെയുമാണ് എനിക്ക് ഓർമ്മ വന്നത്. അൽഫോൺസച്ചൻ സ്വന്തമായി ഒരു മായാലോകംതന്നെ സൃഷ്ടിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയും ഒന്നാന്തരം ഒരു മായാജാലക്കാരനെപ്പോലെയാണ് ഇവിടെ പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു സാങ്കല്പിക ലോകം പടുത്തുയർത്തിയിരിക്കുന്നത് നമ്മളെല്ലാവരും കണ്ടു. യാഥാർത്ഥ്യവുമായി ഒട്ടും പൊരുത്തപ്പെടാത്ത ഒരു വസ്തുതയാണ്.

കിഫ്ബി എന്ന സാങ്കല്പിക അടിത്തറയിലാണ് ഈ ബജറ്റ് കെട്ടിപ്പടുത്തിട്ടുള്ളത്. അഞ്ചുവർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പറയുന്നു. ഇതുവരെ 19000 കോടി രൂപയ്ക്കാണ് അനുമതി നൽകിയത്. കിഫ്ബിയിലുള്ള ആകെ തുക 4250 കോടി രൂപ. 4250 കോടി രൂപ വച്ച് 50000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ മായാജാലമാണ് നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ കിഫ്ബി ഒരു വെള്ളാനയായി മാറിയിരിക്കുന്നു. കിഫ്ബി വഴി നടപ്പിലാക്കിയ

പദ്ധതികൾക്ക് ഇതുവരെ നൽകിയത് 327 കോടി രൂപ. അതേസമയം 31-12-2017 വരെ ശമ്പളവും അനുബന്ധ ചെലവുകൾക്കുംവേണ്ടി കിഫ്ബിക്ക് ചെലവഴിച്ചത് 4.26 കോടി രൂപ. പുതുതായി നിയമിച്ച ചീഫ് പ്രോജക്ട് എക്സാമിനറുടെ മാസശമ്പളം 2.3 ലക്ഷം രൂപ. വാർഷിക ഇൻക്രിമെന്റ് മാത്രം 23,000 രൂപ. കിഫ്ബിയുടെ തുടക്കം എങ്ങനെയുണ്ട്? അതിനുള്ള പണമെല്ലാം പ്രവാസി ചിട്ടിയിലൂടെയും ബോണ്ടിലൂടെയും സംഘടിപ്പിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. അൽഫോൺസച്ചന്റേത് പോലെയുള്ള സ്വപ്നമാണിത്. ഈ സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്നില്ല. ഇതിനുമുമ്പും അദ്ദേഹം ധാരാളം സ്വപ്നങ്ങൾ കണ്ടിട്ടുണ്ട്; ഡാമുകളിൽനിന്ന് മണൽവാരുന്ന സ്വപ്നം. അതൊന്നും യാഥാർത്ഥ്യമായില്ല. കഴിഞ്ഞവർഷം വരുമാനമുണ്ടാകാതെ കടക്കെണിയിലായിട്ടും ധനകാര്യ വകുപ്പു മന്ത്രി ഇപ്പോഴും ജി.എസ്.ടി.-യിൽ പ്രതീക്ഷയർപ്പിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി അതിനെ teething problem ആയിട്ടുമാത്രമേ കാണുന്നുള്ളൂ എന്നാണ് എന്റെ വിലയിരുത്തൽ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, 'It is not a teething problem it is a disaster'.

3.00 p.m]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജി.എസ്.റ്റി. ഒരു ഡിസാസ്റ്ററായി ഇപ്പോഴും തുടരുന്നു. അടുത്ത മൂന്നുനാല് വർഷംകൂടി ഇത് തുടരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അങ്ങയുടെ ശുഭാപ്തിവിശ്വാസം അങ്ങയെ അപകടത്തിൽ എത്തിക്കുമെന്ന് മുന്നറിയിപ്പ് നൽകാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. കിഫ്ബി പ്ലാനിംഗ് ബോർഡിന് സമാന്തരമായ ഒരു അധികാര കേന്ദ്രമായാണ് സൃഷ്ടിച്ചിട്ടുള്ളത്. പ്ലാനിംഗ് കമ്മീഷനെ തകർക്കുന്ന, കേന്ദ്ര ഗവൺമെന്റിന്റെ അതേ സ്വഭാവത്തിലുള്ള നടപടിയാണിത്. ഈ ആപത്ത് ഫിനാൻസ് കമ്മീഷൻ റിസർവ് ബാങ്കിനെ ചൂണ്ടിക്കാണിക്കുന്നു. 13-ാം ധനകാര്യ കമ്മീഷൻ ഇതുപോലെയുള്ള ബജറ്റിനുപുറത്തുള്ള സ്ഥാപനങ്ങളെപ്പറ്റി പറയുന്നത്, 'Reserve Bank of India has identified risk of the State Governments providing guarantee to Special Purpose Vehicles such as KIIFB. Categorising such guarantees as contingent liabilities, the Commission noted that while contingent liabilities do not form a part of the State debt obligation, അതാണ് പ്രധാനം. But in event of the default by borrowing entities, States are required to meet the debt services obligations of defaulting entities'. ഇത് അവസാനം സംസ്ഥാനത്തിന്റെ എക്സ്ചെക്കറിലുള്ള അമിതഭാരമായി മാറുമെന്നുള്ള ആർ.ബി.ഐ.-

യുടെ കണക്ക് എത്ര ശരിയാണ്. 'In addition, RBI the Commission noted that the guarantees owes a risk to the finance of the State, if the Special Purpose Vehicle fails to generate adequate resources to service the debts' എന്ന് വീണ്ടും പറയുന്നു. ഈ പുതിയ പദ്ധതികളെല്ലാം റവന്യൂ ജനറേഷന് വഴിതെളിക്കുന്നില്ലെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തികഭാരം കൂടുതൽ വർദ്ധിക്കും. എക്സ്ചെക്കറിലേയ്ക്ക് കൂടുതൽ ഭാരം എത്തിച്ചേരുമെന്നുള്ളത് വളരെ വ്യക്തമാണ്. നിങ്ങൾ 75 ശതമാനവും അടുത്തുവരാൻ പോകുന്ന ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ പോവുകയാണ്. കേരളത്തിൽ അടുത്ത് ഒരു ഗവൺമെന്റ് വരുമ്പോൾ പിച്ചച്ചട്ടിയെടുക്കേണ്ട സ്ഥിതിയായിരിക്കും ശ്രീ. തോമസ് ഐസക്കിന്റെ ഈ സമീപനംമൂലം ഉണ്ടാകാൻ പോകുന്നത്. 50000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമ്പോൾ ഒരു ലക്ഷം കോടി രൂപ തിരിച്ചടയ്ക്കേണ്ടി വരുന്ന അവസ്ഥയാണ് കേരളത്തിലുണ്ടാകുന്നത്. വായ്പകൾക്ക് മൂന്നുവർഷത്തെ മൊറട്ടോറിയമുണ്ട്. അതിനർത്ഥം പിണറായി വിജയൻ സർക്കാരിന് ഇത് തിരിച്ചടയ്ക്കേണ്ടിവരില്ല എന്നുള്ളതുതന്നെയാണ്. ഇന്ധന സെസ്സ് ഇനത്തിലുള്ള വായ്പ തിരിച്ചടയ്ക്കുമ്പോൾ 1000 കോടി രൂപയിൽ നിന്ന് ഒരു ലക്ഷം കോടി രൂപയായി വളരുന്നത് എങ്ങനെയെന്ന് ഈ സഭയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 2015-16-ലെ റവന്യൂ കമ്മി 9656 കോടി രൂപയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം 2016-17-ലെ റവന്യൂ കമ്മി 15484 കോടി രൂപയായി കുതിച്ചുയർന്നു. അതായത്, 60 ശതമാനത്തിന്റെ വർദ്ധനവ് റവന്യൂ കമ്മിയുടെ കാര്യത്തിലുണ്ടായിരിക്കുന്നു എന്നതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 2015-16-ൽ ധനകമ്മി 17,818 കോടി രൂപയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം ധനക്കമ്മി 26,448 കോടി രൂപയായി ഉയർന്നു; അതായത്, 48 ശതമാനം വർദ്ധനവ്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ മൂലധനച്ചെലവ് സംസ്ഥാന വരുമാനത്തിന്റെ 1.50 ശതമാനമായിരുന്നു. എന്നാൽ 2018-19-ലെ ബജറ്റിൽ ഇത് 1.48 ശതമാനമായി കുറയുകയാണ് ചെയ്തത്. ധനകാര്യ വകുപ്പുമന്ത്രി ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മൂലധനച്ചെലവ് കൂട്ടുമെന്നാണ് ഈ സഭയോട് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ മൂലധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നു.

സംസ്ഥാനം കടത്തിൽ മുങ്ങിത്താഴുകയാണ്. 1-4-2016 മുതൽ 30-11-2017 വരെ 50,329 കോടി രൂപ നിങ്ങൾ കടമെടുത്തുകഴിഞ്ഞു. ഈ കഴിഞ്ഞ മാസം 2000 കോടി രൂപ വീണ്ടും കടമെടുത്തു. ഇപ്പോൾത്തന്നെ കടമെടുത്തതുകൊണ്ടാണ്

പിടിച്ചുനിൽക്കാനായത്. അല്ലെങ്കിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയുമായിരുന്നില്ല. 'Mr. Thomas Issac, is it a good Economics; Mr. Thomas Issac, is it a good Budget, is it a good economic management? ഇതിന് അങ്ങ് മറുപടി പറയേണ്ടതാണ്. കഴിഞ്ഞവർഷം അങ്ങ് എം.ടി. വാസുദേവൻ നായരെയും തകഴിയെയുമാണ് കൂട്ടുപിടിച്ചത്; ഇത്തവണ എല്ലാവരേയും പിടികൂടി. എല്ലാ സാഹിത്യകാരന്മാരുടെയും വാക്കുകൾ അങ്ങ് ഉദ്ധരിച്ചു. എം. ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്'-ലെ ചില വരികൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു നെല്ല് സംഭരണത്തെപ്പറ്റി അങ്ങ് പറഞ്ഞത്. നെല്ല് സംഭരിച്ചപ്പോൾ പാലക്കാടിലെയും കുട്ടനാട്ടിലെയും പാവപ്പെട്ട കർഷകർക്ക് സംഭരണവില കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഇത്തവണ എം.ടി.യെ വിട്ട് 'ധന്യ'യെയാണ് നിങ്ങൾ പിടികൂടിയത്. നെല്ല് അളന്നാൽ ദിവസങ്ങൾക്കകം പൈസയെന്നാണ് ധന്യ എം.ടി.-യെ സാക്ഷിനിർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞത്. അങ്ങ് എം.ടി.-യുടെ 'ഭീരു' എന്ന കഥ വർണ്ണിച്ചുകേൾപ്പിച്ചാണ് സൂപ്പർ സ്പെഷ്യാലിറ്റി ധർമ്മാശുപത്രികളെപ്പറ്റി കഴിഞ്ഞതവണ പറഞ്ഞത്. കേരളം മുഴുവൻ ധർമ്മാശുപത്രികൾ സ്ഥാപിക്കുമെന്നും പറഞ്ഞു. എന്തെങ്കിലും നടന്നോ? ജില്ലാ/താലൂക്ക് ആശുപത്രികളുടെ വികസനത്തിന് കിഫ്ബി വഴി 2000 കോടി രൂപ നീക്കിവച്ചു. ആകെ ചെയ്തത്, 80 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പെയിന്റടി ജോലി നടന്നു. അല്ലാതെ കേരളത്തിൽ എന്തെങ്കിലും നടന്നോ; അങ്ങയുടെ വാഗ്ദാനങ്ങൾ എവിടെപ്പോയി?

കഴിഞ്ഞതവണത്തെ ബജറ്റിൽ, കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ വർഷമായിരിക്കുമെന്നാണ് അങ്ങ് പറഞ്ഞത്. പാരഗ്രാഫ് 179- കെ.എസ്.ആർ.ടി.സി അടച്ചുപൂട്ടലിന്റെ വക്കിലാണ് എത്തിയിരിക്കുന്നത്. ദോഷംപറയരുതല്ലോ, ഈ ബജറ്റിലും അങ്ങ് പുനരുദ്ധാരണപ്രവർത്തനം നടത്തുമെന്നുള്ള അതേ വാചകംതന്നെ ആവർത്തിച്ചിരിക്കുകയാണ്. പാവപ്പെട്ട കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നില്ലെന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. ഇപ്പോൾ എന്താണ് നിങ്ങളുടെ പരിപാടി? സഹകരണ ബാങ്കിൽനിന്ന് കടമെടുക്കാൻ പോകുന്നുവെന്നാണ് പറഞ്ഞത്. കെ.എസ്.ആർ.ടി.സി.-യും സംസ്ഥാന സഹകരണ ബാങ്കുകളും മുങ്ങുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുകയാണ്. കിഫ്ബിക്ക് പിന്നാലെ പോയി പശ്ചാത്തല സൗകര്യങ്ങളെപ്പറ്റി നിങ്ങൾ പറയുന്നു. ഉല്പാദന മേഖലയെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ ദോഷമതാണ്. കൃഷി, ജലസേചനം, ചെറുകിട ജലസേചനം എന്നിവയെ പൂർണ്ണമായി തഴഞ്ഞിരിക്കുന്നു.

വിലക്കയറ്റം തടയാൻ എന്തെങ്കിലും നടപടിയുണ്ടോ? കേരളത്തിലെ സാധാരണക്കാരെ ബാധിക്കുന്ന രൂക്ഷമായ വിലക്കയറ്റം തടയാൻ ഒരു

നടപടിയുമില്ല. കേരളത്തിൽ നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണ്. റബ്ബറിന്റെ വിലയിടിവ് കാരണം കർഷകർ ആത്മഹത്യയുടെ വക്കിലാണ്. ഇവിടെ ബഹുമാന്യനായ ഉമ്മൻ ചാണ്ടി അടയ്ക്കാ കർഷകരുടെ പ്രശ്നം സംബന്ധിച്ച് പറഞ്ഞു. അടയ്ക്കാ കർഷകർ അടയ്ക്കാത്ത, പിരിക്കാത്ത നികുതിക്കുവേണ്ടി പണം കൊടുക്കണമെന്ന നടപടി പിൻവലിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് മാർക്കറ്റിൽ ഇടപെട്ട് വിലക്കയറ്റം തടയാൻവേണ്ടിയുള്ള നടപടികൾക്ക് 100 കോടി രൂപ ഇത്തവണ കുറച്ചുവെന്നുള്ള ആക്ഷേപം ഞങ്ങൾ നേരത്തെ ഉന്നയിച്ചതാണ്.

നിയമന നിരോധനം കേരളത്തിൽ പ്രാവർത്തികമാക്കാൻ അങ്ങ് ശ്രമിക്കുകയാണ്. ഒരു ഗുരുതരമായ പ്രശ്നംകൂടി അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. അഞ്ചുവർഷമായി കെൽട്രോണിനെ നല്ല നിലയിൽ കൈകാര്യം ചെയ്തുവന്ന ഡാറ്റാ സെന്ററിന്റെ കാര്യത്തിൽ സി.ബി.ഐ. എൻക്വയറി വരെ നടന്നതാണ്. ആ ഡാറ്റാ സെന്ററിനെ യു.ഡി.എഫ്. ഗവൺമെന്റ് റിലയൻസിന്റെ കയ്യിൽനിന്നെടുത്ത് തിരികെ കെൽട്രോണിനെ ഏല്പിച്ചു. നിങ്ങൾ ഇപ്പോൾ അത് വീണ്ടും സ്വകാര്യ സ്ഥാപനത്തിന് തിരിച്ചുകൊടുക്കാൻ പോകുന്നത് തെറ്റായ നടപടിയാണ്. അത് പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെയും ദയാവധം ചെയ്യുന്ന രീതിയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

സ്വകാര്യ ആശുപത്രികൾക്ക് കാരുണ്യ പദ്ധതിയിൽ 7,54,00,200 രൂപ കൊടുക്കാനുണ്ട്. കാരുണ്യപോലെയുള്ള പദ്ധതികൾ നിർത്തലാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം ലോട്ടറിയിൽ നിന്ന് 6679.5 കോടി രൂപ വരുമാനമുണ്ടായിട്ടാണ് ഈ കുടിശ്ശിക വന്നിട്ടുള്ളതെന്ന് നമ്മൾ ആലോചിക്കണം. ഈ സർക്കാർ സാമൂഹ്യക്ഷേമ പെൻഷനിൽ വെള്ളം ചേർക്കുകയാണ്. അനർഹരെ ഒഴിവാക്കുന്നതിന്റെ പേരിൽ പാവപ്പെട്ട പെൻഷൻകാരുടെ വയറ്റത്തടിക്കുകയാണ്. പങ്കാളിത്ത പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമ പെൻഷൻ നൽകുന്നില്ലെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നുള്ള വിഹിതമടച്ചാണ് പങ്കാളിത്ത പെൻഷൻ അവർ സ്വീകരിക്കുന്നത്. അവർക്ക് ലഭിക്കേണ്ട തുച്ഛമായ ക്ഷേമ പെൻഷൻ നൽകുന്നില്ലെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്?

വീൽച്ചെയറിൽ ജീവിതം തളയ്ക്കപ്പെട്ടുപോയ ഹതഭാഗ്യർക്ക് 1200 ചതുരശ്ര അടിക്ക് മുകളിൽ വീടുണ്ടെങ്കിൽ പെൻഷനില്ല എന്നുപറയുന്നത് അല്പം ക്രൂരമായിപ്പോയെന്നാണ് എനിക്ക് ഡോ. തോമസ് ഐസക്കിനോട് പറയാനുള്ളത്. 1200 ചതുരശ്ര അടിയുള്ള വീട് ചെറുതാണ്. അവിടെ ചെറിയൊരു എക്സ്റ്റൻഷൻ വന്നാൽ പെൻഷൻ കിട്ടുന്നില്ലെന്ന് പറയുന്നത് തെറ്റാണ്.

ഞാൻ രാഷ്ട്രീയ കാര്യങ്ങളൊക്കെ ഗവർണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട ചർച്ചയിൽ പറഞ്ഞതാണ്. ഈ ബജറ്റ് കേരള സമൂഹത്തിനും കേരളത്തിന്റെ പൊതുവളർച്ചയ്ക്കും ഗുണകരമല്ല. ബഡ്ജറ്റിന്റെ സാങ്റ്റിറ്റി നഷ്ടപ്പെടുത്തി. ബജറ്റിനുപുറത്ത് വിഭവസമാഹരണം നടത്തി നിയമസഭയ്ക്കോ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനോപോലും പരിശോധിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് ഈ ബജറ്റിന്റെ സാങ്റ്റിറ്റി നഷ്ടപ്പെടുത്തിയാണ് ഇവിടെ അവതരിപ്പിച്ചിരി ക്കുന്നത്. സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടവും ഭാരവും വരുത്തുന്ന, സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതപ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ കഴിയാത്ത ഒരു ബജറ്റ് തന്നെയാണിത്. കവിയും വിപ്ലവകാരിയുമായ ഓട്ടോറിനോ കാസ്റ്റിലോയുടെ ഒരു വാചകം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. One day intellectuals of my country will be interrogated by the simplest of our people. They will be asked what they did when their nation died out of slowly like a sweet fire and alone. രാജ്യം കത്തിയെരിയുമ്പോൾ നിങ്ങൾ എന്ത് ചെയ്യുകയായിരുന്നുവെന്ന് ബുദ്ധിജീവികളെ സാധാരണക്കാർ ചോദ്യംചെയ്യുന്ന ഒരു ദിവസത്തെക്കുറിച്ചാണ് കവി പറയുന്നത്. ഈ ബജറ്റ് അവതരിപ്പിച്ച് ആളുകളുടെ കണ്ണിൽ പൊടിയിടാമെന്നാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കരുതുന്നതെങ്കിൽ തെറ്റുപറ്റിപ്പോയി. ഈ നാട്ടിൽ പെൻഷൻ കിട്ടാത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരും വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാരും വീടിന് അപേക്ഷിച്ചിട്ട് കിട്ടാത്തവരും നിങ്ങളെ വളഞ്ഞിട്ട് ചോദ്യംചെയ്യുന്ന നാളുകൾ വിദൂരമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അവരോട് കിഫ്ബിയെന്നോ പ്രവാസി ചിട്ടിയെന്നോ ബോണ്ടെന്നോ പറഞ്ഞ് നിങ്ങൾക്ക് തലയൂരാൻ കഴിയില്ല. സംസ്ഥാനത്തെ സാധാരണക്കാർ, പാവപ്പെട്ടവർ, വിലക്കയറ്റംകൊണ്ട് ഞെരുങ്ങുന്നവർ, നിശ്ചിത വരുമാനക്കാർ തുടങ്ങിയവരുടെ ജീവിതം ദുസ്സഹമാകുന്ന ഈ കാലഘട്ടത്തിൽ അങ്ങേയ്ക്ക് ഇതിനെക്കാൾ നല്ലൊരു ബജറ്റ് അവതരിപ്പിക്കാൻ കഴിയുമായിരുന്നു. Mr. Issac, I sympathize with you. ഈ ബജറ്റ് ശ്രീ. അരുൺ ജെയ്റ്റ്ലിയുടെ ബജറ്റിനെക്കാൾ വ്യത്യസ്തമല്ലെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്ത് ധനപരമായ പ്രതിസന്ധിയുണ്ടെന്ന കാര്യം സഭയിലോ പുറത്തോ ഞാൻ മറച്ചുവച്ചിട്ടില്ല. നിങ്ങളുടെ ഭരണത്തിന്റെ അവസാന മൂന്നുവർഷം നടന്നതുപോലെയാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ ഇന്നത്തെ അവസ്ഥയിലേയ്ക്ക് എത്തിച്ചേരുമെന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറത്തിറക്കിയ ധവളപത്രത്തിൽ പറഞ്ഞത്. ആ പ്രവണത തിരുത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന ഒരു കുറവുണ്ട്. വരുമാന വർദ്ധനവിലൂടെ ധനക്കമ്മി കുറയ്ക്കണം. ദൗർഭാഗ്യവശാൽ പലകാരണങ്ങൾകൊണ്ടും വരുമാനം ആ രീതിയിൽ വർദ്ധിക്കാതെ വന്നപ്പോൾ ധനപ്രതിസന്ധിയുണ്ടായി. ആ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾക്ക് ഈ ബജറ്റിൽത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിലും സംസ്ഥാനത്തിന്റെ വികസനത്തിന് ഭംഗംവരാത്ത രീതിയിൽ 10 ശതമാനം വർദ്ധനയുള്ള പദ്ധതിയോടുകൂടിയ ബജറ്റാണ് അവതരിപ്പിച്ചത്. കിഫ്ബി ഒരു ഒബ്സഷനായി മാറിയിരിക്കുകയാണെന്നാണ് ഇവിടെ നടന്ന ചർച്ചയിൽ നിന്നും ഞാൻ മനസ്സിലാക്കിയത്. കഴിഞ്ഞ രണ്ട് വർഷത്തേതുപോലെ വലിയ പ്രഖ്യാപനങ്ങളൊന്നും കിഫ്ബിയിൽ ഇല്ലാതെ വന്നപ്പോൾ ബജറ്റേ ഇല്ലെന്ന പ്രതീതിയാണ് ഉണ്ടായത്. കഴിഞ്ഞ വർഷത്തേക്കാൾ 10 ശതമാനം വർദ്ധനയുള്ള പ്ലാനോടുകൂടിയ ഒരു ബജറ്റാണിത്. കിഫ്ബിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇപ്പോൾ ചോദിച്ച ചോദ്യങ്ങൾക്ക് എത്രയോ പ്രാവശ്യം മറുപടി പറഞ്ഞതാണ്. നിയമത്തിൽ അനുശാസിക്കുന്നതുപോലെ സഭയിൽ ഫിഡൽറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അങ്ങ് ആ റിപ്പോർട്ട് പരിശോധിച്ചിട്ട്, അല്ലെങ്കിൽ വേറെ ആരെക്കൊണ്ടെങ്കിലും പരിശോധിപ്പിച്ചിട്ട് അതിൽ തെറ്റുണ്ടെങ്കിൽ, തിരിച്ചടയ്ക്കാൻ പറ്റാത്ത വായ്പയാണ് എടുത്തുകൊണ്ടിരിക്കുന്നതെങ്കിൽ ഒരു പ്രിവിലേജ് മോഷൻ മൂവ് ചെയ്യണം. അത് സഭാസമിതി പരിശോധിച്ച്, ചെയർ റൂൾ ചെയ്ത് ഈ പ്രശ്നം അവസാനിപ്പിക്കാം. അതാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ള മറുപടി. ഞാൻ ഇപ്പോൾ എണ്ണിയെണ്ണി വീണ്ടും അതിന്റെ മറുപടികളിലേയ്ക്ക് പോകുന്നില്ല. സഭ പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തതുപോലെ ബജറ്റിൽ നിന്നും നൽകുന്ന പണം സംസ്ഥാന സർക്കാർ സമാഹരിച്ചാണ് തിരിച്ചടയ്ക്കുന്നത്. 2030 വരെ കൊടുക്കാൻ പോകുന്ന തുക എത്ര; എടുക്കുന്ന വായ്പയ്ക്ക് തിരിച്ചടയ്ക്കുന്ന തുക എത്രയെന്ന നോക്കിയാൽ സമാസമമാണെന്നാണ് എനിക്ക് ആ കണക്ക് സംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് കേരളത്തിന്റെ ഭാവിയെ ഇത് കടക്കെണിയിലോ അപകടത്തിലോ ആക്കുന്നില്ല. എങ്കിലും ഈ ധനപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, സാധാരണ ചെയ്യുന്നതുപോലെ ബജറ്റ് പ്രസംഗത്തിൽ വലിയ പ്രഖ്യാപനങ്ങളൊന്നും നടത്താൻ തയ്യാറായിട്ടില്ല. 915 കോടി രൂപയുടെ പുതിയ പദ്ധതികളിൽ

സിംഹഭാഗവും കെ.എസ്.ആർ.ടി.സി.-യുടേതാണ്. ബജറ്റിൽ തന്നെ പ്രൊവൈഡ് ചെയ്തിട്ടുള്ള 350 കോടി രൂപയും കെ.എസ്. ആർ.ടി.സി.-ക്ക് നൽകേണ്ട 1000 കോടി രൂപയും ഒ.ഇ.സി.-ക്ക് വേണ്ടിവരുന്ന 100 കോടി രൂപയും കുറച്ചാൽ വളരെ തുച്ഛമായിട്ടുള്ള, പുതിയ അഡീഷണൽ പ്രഖ്യാപനങ്ങളേയുള്ളൂ. ഞാൻ മറുപടി പറയുമ്പോഴും ആ മിതത്വം പാലിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ എഴുതിത്തന്നിട്ടുണ്ട്. അവയെക്കുറിച്ച് പ്രതികരിക്കാം. ഏതായാലും ചർച്ചയിൽ ഉന്നയിച്ച ഓരോ വിഷയവും സംബന്ധിച്ച് സാമാന്യമായി പ്രതിപാദിച്ചുപോകാം.

ഉൽപ്പാദന മേഖലയെ അവഗണിച്ചിരിക്കുകയാണെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അവിടെ നിന്നുതന്നെ ആരംഭിക്കാം. കഴിഞ്ഞ വർഷം കൃഷിക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 1593 കോടി രൂപ അനുവദിച്ചു. ഈ വർഷം 1729 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം നോൺ പ്ലാൻ അടക്കം 3557 കോടി രൂപയാണ് വകയിരുത്തിയത്. ഈ വർഷം 3978 കോടി രൂപ വകയിരുത്തിയിരിക്കുന്നു. എവിടെയാണ് കാർഷിക മേഖലയോടുള്ള അവഗണന; റബ്ബർ വിലസ്ഥിരതാ ഫണ്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒഴികെ ഇവിടെ സംസാരിച്ച ബാക്കിയെല്ലാ ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങളും ഭരണകക്ഷിയിൽപ്പെട്ട ചില ബഹുമാനപ്പെട്ട അംഗങ്ങളും ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. നിങ്ങൾ പറഞ്ഞുപറഞ്ഞ് ഇതിൽ എന്തോ പ്രശ്നം ഉണ്ടെന്നുള്ള ചിന്ത നാട്ടിൽ മുഴുവൻ ഉണ്ടായിരിക്കുകയാണ്. റബ്ബർ വിലസ്ഥിരതാ ഫണ്ടിന് 500 കോടി രൂപയാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. റബ്ബറിനുവേണ്ടി ഇത്രയും പറയുന്ന, കേഴുന്ന നിങ്ങൾ അഞ്ചുവർഷം ഭരിച്ചല്ലോ; എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; റബ്ബറിന്റെ പ്രതിസന്ധി ഈ അഞ്ചുവർഷവും നിലനിന്നിരുന്നതാണല്ലോ; അവസാന വർഷം പെട്ടെന്ന് ഉണ്ടായതല്ല. എന്തൊക്കെ ചർച്ചകളാണ് ഉണ്ടായിട്ടുള്ളത്; ഒരു രൂപ അധികം നൽകി സംഭരിക്കുകയോ മറ്റെന്തെങ്കിലും സഹായങ്ങൾ നൽകുകയോ ചെയ്തോ; എന്നിട്ട് 2015-16 വരെ കാത്തുനിന്നിട്ട് വിലസ്ഥിരതാ ഫണ്ടിൽ 271 കോടി രൂപ ചെലവഴിച്ചു. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ 411 കോടി രൂപയാണ് നൽകിയത്. ഈ വർഷം 167 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഇനി പെൻഡിംഗുള്ളത് 20 കോടി രൂപയാണ്. കാരണം അത് റബ്ബർ ബോർഡ് അപ്‌ലോഡ് ചെയ്യണം. എന്തുകൊണ്ടാണ് റബ്ബർ ബോർഡ് അപ്‌ലോഡ് ചെയ്യാത്തതെന്ന് പരിശോധിക്കുന്നതിനായി കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ രണ്ട് യോഗങ്ങൾ നടത്തിയിട്ടുണ്ട്. നിങ്ങളുടെ ദൃഷ്ടിയിൽ എവിടെയെങ്കിലും ഏതെങ്കിലും കൃഷിക്കാരന് അപ്‌ലോഡ് ചെയ്തിട്ടും തുക കിട്ടുന്നില്ലെങ്കിൽ നമ്പറും മറ്റ് കാര്യങ്ങളും

എനിക്ക് എസ്.എം.എസ്. ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് പറയാനുള്ളത്. രണ്ടുപേർ എനിക്ക് എസ്.എം.എസ്. അയച്ചിട്ടുണ്ട്. ഞാൻ അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റബ്ബറിന് ഒന്നും സംഭവിച്ചിട്ടില്ലെന്ന് മാത്രമല്ല റബ്ബറിന് സിയാൽ മോഡൽ ഫാക്ടറി, റബ്ബറിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനെ ആസ്പദമാക്കിയിട്ടുള്ള ഒരു എക്സ്പോ എന്നിവ വളരെ കൃത്യമായ പദ്ധതിയോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. എങ്ങനെയാണ് റബ്ബറിനെ അവഗണിച്ചിട്ടുള്ളത്.

നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. നെല്ല് സംഭരണത്തിന് നിങ്ങൾ എത്രയാണ് കൊടുത്തുകൊണ്ടിരുന്നത്; 2011 മുതലുള്ള നിങ്ങളുടെ അഞ്ചുവർഷം യഥാക്രമം 107, 215, 175, 215, 358 കോടി രൂപ എന്നിങ്ങനെ ശരാശരി 214 കോടി രൂപയാണ് നിങ്ങൾ കൊടുത്തത്. ഞങ്ങൾ അധികാരത്തിലേറിയ ആദ്യവർഷം 600 കോടി രൂപയും കഴിഞ്ഞ വർഷം 525 കോടി രൂപയും നൽകി. ഈ വർഷം 525 കോടി രൂപ വേണ്ടിവന്നാൽ നൽകും. കൃഷിക്കാർക്ക് കൃത്യമായി പണം നൽകുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിരിക്കുകയാണ്. നെല്ല് സംഭരണത്തിൽ ഇപ്പോൾ പാലക്കാട് ചില പ്രശ്നങ്ങൾ വന്നിരിക്കുന്നു. എന്നാൽ സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തി നെല്ല് വാങ്ങി പ്രോസസ്സ് ചെയ്ത് ബ്രാന്റ് ചെയ്ത് വിൽക്കാനുള്ള പരിപാടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. 5,500 രൂപയാണ് ഒരു ഏക്കർ നെല്ലിന് സബ്സിഡിയായിവച്ചത്. നേരത്തെ ഉണ്ടായിരുന്നത് 6,000 രൂപയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി 6,000 രൂപയിൽ കുറയ്ക്കുകയില്ല. പക്ഷെ 60 കോടി രൂപ പോരാ, അതിനെക്കാൾ കൂടുതൽ വേണ്ടിവരും. കാരണം, പാലക്കാട് ഇത് വേറെ സ്കീമിൽനിന്നും വരുമെന്ന് പറഞ്ഞിട്ട് വരില്ലെന്ന് പറഞ്ഞു. നെൽകൃഷിക്കാർക്ക് അത് അറിയില്ല. ആർ.കെ.വി.വൈ. പണം ഇതിനുവേണ്ടി ഉപയോഗിക്കാൻ പാടില്ലെന്ന് പറഞ്ഞു. അതുകൊണ്ട് പണം വെട്ടിക്കുറയ്ക്കാനാണോ പോകുന്നത്; ഇല്ല, കൊടുക്കും. ഇതാണ് നെല്ലിന്റെ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

ഹോർട്ടികോർപ്പിനെക്കുറിച്ച് പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെന്ന് പറഞ്ഞു. ഹോർട്ടികോർപ്പിന് 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. യു.ഡി.എഫ്. ഭരണത്തിന്റെ അവസാനവർഷം 21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എല്ലാ കാര്യങ്ങളും പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെന്നേയുള്ളൂ. നാളികേരത്തിന്റെ സംഭരണം നമുക്ക് ശക്തിപ്പെടുത്തേണ്ടതുണ്ട്. നാളികേരത്തിന്റെ കാര്യത്തിൽ റബ്ബറും നെല്ലും പോലെയുള്ള ഇടപെടലിലേയ്ക്ക് നമ്മൾ എത്തിയിട്ടില്ല. നാളികേരം കൃഷിഭവൻ വഴി ഏറ്റെടുക്കുന്നതിനുള്ള കാര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അവർ മാത്രമല്ല, പ്രൊഡ്യൂസർ കമ്പനികളും വരും. വളരെ ശ്രദ്ധേയമായ ഒരു പരീക്ഷണം

പേരാമ്പ്ര പ്രൊഡ്യൂസർ കമ്പനി നടത്തുന്നുണ്ട്. ഒരു ദിവസം 30000 പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റുന്നതിനുള്ള പരിപാടിയാണ്. തേങ്ങ പൊളിച്ച് കിട്ടുന്ന 30000 തൊണ്ട് ചകിരിയാക്കാനുള്ള മില്ല് ഈ മാസം 10-ാം തീയതി ഉദ്ഘാടനം ചെയ്യുകയാണ്. ചകിരിയാക്കണമെങ്കിൽ പച്ചത്തൊണ്ടുതന്നെവേണം. അതിനുവേണ്ടി അവിടത്തെ സഹകരണ സംഘങ്ങൾ ചെയ്യുന്നത്, കൃഷിക്കാരനിൽനിന്നും തേങ്ങ വാങ്ങിയാൽ അപ്പോൾ തന്നെ അയാളുടെ അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കും. അങ്ങനെയാണ് 30000 തേങ്ങ സംഭരിക്കാൻ പോകുന്നത്. അങ്ങനെ സംഭരിക്കണമെങ്കിൽ സംഘത്തിന് പ്രത്യേക തെങ്ങ് കയറ്റക്കാർ വേണം. ഇപ്പോൾ ഉപയോഗിക്കുന്ന തരത്തിലുള്ള യന്ത്രങ്ങളല്ല, കുറച്ചുകൂടി മെച്ചപ്പെട്ട മോട്ടോർ ഘടിപ്പിച്ച, ചക്രമുള്ള യന്ത്രങ്ങൾ ഉപയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാണോ തെങ്ങിൽ കയറാൻ വരുന്നത്, ആ വിവരം മൊബൈൽ ആപ്ലിക്കേഷൻ വഴി അറിയിക്കാം. ആ ആപ്ലിക്കേഷൻ വഴി തന്നെയാണ് പണവും നൽകുന്നത്. വളരെ ക്രിയാത്മകമായ ഒരു ഇടപെടലാണിത്. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ നാളികേരത്തിന്റെ കാര്യത്തിൽ നടക്കുന്നുണ്ട്. നമ്മൾ അതിലേയ്ക്ക് നീങ്ങുകയാണ്. അഗ്രോ പാർക്കുകൾ, രണ്ടുവർഷം മുമ്പ് പറഞ്ഞതാണെങ്കിലും ഇപ്പോൾ പ്രാവർത്തികമാവുകയാണ്. രണ്ടെണ്ണം ഇപ്പോൾ സമർപ്പിച്ചുകഴിഞ്ഞു. അതുപോലെ ഇൻഡസ്ട്രിയൽ ഫാമിംഗിന് അധിക തുക അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചില ഘടകങ്ങൾ വിട്ടുപോയിട്ടുണ്ടെന്നുപറഞ്ഞു. നിലവിലുള്ളത് റീ-അപ്രോപ്രിയേറ്റ് ചെയ്ത് ആ ഘടകങ്ങൾ മീറ്റ് ചെയ്യാം. വ്യവസായ മേഖലയിലും ഇതുതന്നെയാണ് പ്രശ്നം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബജറ്റിൽ നീരയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നീരയുടെ പ്രൊഡ്യൂസർ കമ്പനികൾ പലതും പ്രവർത്തനക്ഷമമല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതുസംബന്ധിച്ച് പറയാൻ ആ വിഷയത്തിൽ ഞാൻ പണ്ഡിതനല്ല. കൊക്കോകോളയ്ക്ക് പകരമായി വയ്ക്കേണ്ട ഒന്നല്ല നീര. ഒരു ഹെൽത്ത് ഡ്രിങ്ക് എന്ന രീതിയിലാണ് ഇത് വരേണ്ടത്. ആ രീതിയിലേയ്ക്ക് അതിന്റെ പ്രചരണവും മറ്റും ഉണ്ടാകണം. ഹെൽത്ത് ഡ്രിങ്ക് എന്ന നിലയിൽ വരണമെങ്കിൽ ഇന്നത്തേതുപോലെ നീരയെ വെറുതെ കുപ്പിയിലാക്കിയാൽ പോരാ, അതിന് പ്രത്യേക പ്രോസസ്സിംഗ് രീതിയുണ്ട്. അതിനെക്കുറിച്ച് ഞാൻ അഭിപ്രായം പറയുന്നില്ല. പ്രൊഡ്യൂസർ കമ്പനികളുടെ പ്രധാനപ്പെട്ട ഉത്പന്നം നീരയാണ്. അതിന്റെ പ്രശ്നം പരിശോധിച്ച് നിശ്ചയമായും പരിഹരിക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നീര ഉല്പാദിപ്പിക്കുന്ന 29 കമ്പനികൾ ഉള്ളതിൽ 16-ഓളം കമ്പനികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതിന്റെ ഉല്പാദനം കുറഞ്ഞിരിക്കുകയാണ്. അതിന്റെ മാർക്കറ്റിംഗും പ്രൊഡക്ഷനുമായും ബന്ധപ്പെട്ട് ധാരാളം പ്രതിസന്ധികളുള്ള സാഹചര്യത്തിലും കോക്കനട്ട് ഇയർ ആയി ഈ വർഷത്തെ പ്രഖ്യാപിച്ച സാഹചര്യത്തിലും കൃഷി വകുപ്പുമന്ത്രി ചെയർമാനായി ഇക്കാര്യങ്ങൾ പഠിക്കാൻ ഒരു കോക്കനട്ട് മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആ മിഷനിൽ പറയുന്ന പ്രൊഡ്യൂസർ കമ്പനികളുടെ പ്രതിനിധികൾ അടക്കമുള്ള ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്. ആ പ്രൊഡ്യൂസർ കമ്പനികളടക്കം ഇത് പ്രൊഡ്യൂസ് ചെയ്യുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനും ഇതിന്റെ ഷെൽഫ് ലൈഫ് വർദ്ധിപ്പിക്കുന്നതിനും പുതിയ ടെക്നോളജി അഡോപ്റ്റ് ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് കോക്കനട്ട് മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. കോക്കനട്ട് മിഷന് ബജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. അതുവച്ചുകൊണ്ട് നീര പ്രൊഡക്ഷന്റെ കാര്യത്തിൽ പുതിയ ഒരു കോക്കനട്ട് മിഷനും കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും, നേരത്തെ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും ഡിപ്പാർട്ട്മെന്റും തമ്മിലുള്ള കോർഡിയൽ വർക്കുണ്ടായിരുന്നില്ല. ഞങ്ങൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിനെയും കേരഫെഡ് ഉൾപ്പെടെയുള്ള എല്ലാവരെയും ഉൾപ്പെടുത്തിയാണ് ഈ മിഷൻ രൂപീകരിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റിയും ഡിപ്പാർട്ട്മെന്റും പ്രൊഡ്യൂസർ കമ്പനികളും കൃഷിക്കാരുമടങ്ങുന്ന ഒരു മിഷനാണ്. ആ മിഷന്റെ നേതൃത്വത്തിലാണ് ഈ വർഷം കോക്കനട്ടുമായി ബന്ധപ്പെട്ട എല്ലാ വാല്യൂ അഡീഷൻ പ്രോഡക്ട്സിന്റെയും പ്രവർത്തനങ്ങളുടെ ഭാഗമായി നീര ഉല്പന്നങ്ങളുടെ വിപണനവും വികസനവും വരാൻ പോകുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, വ്യവസായ മേഖലയ്ക്കുള്ള അടങ്കൽത്തുക 10 ശതമാനത്തിലേറെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചില കമ്പോണന്റ്സിന് ആ തുക അപര്യാപ്തമാണെന്ന അഭിപ്രായം വ്യവസായ വകുപ്പിനുണ്ട്. ഇപ്പോൾ അതിന് ഹെഡ്ഡുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പണം ചെലവാക്കിക്കഴിഞ്ഞാൽ പിന്നെ എങ്ങനെ തുക വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് പരിശോധിക്കാം. ഞാൻ ഇപ്പോൾ സ്വീകരിക്കുന്ന പൊതുസമീപനം, ഇത്രയും വലിയൊരു പദ്ധതി നമുക്ക് താങ്ങാവുന്നതിനുമപ്പുറമാണ്. അതുകൊണ്ട്, ഇപ്പോൾത്തന്നെ അഡീഷണലായി തുക പ്രഖ്യാപിക്കുക അസാധ്യമാണ്. എന്നാൽ ആ അടങ്കലിനുള്ളിൽ റീ-അപ്രോപ്രിയേറ്റ് ചെയ്ത് മാറ്റുന്നതിനും തടസ്സമുണ്ടാകില്ല. അത് ബന്ധപ്പെട്ട വകുപ്പുകൾ തീരുമാനമെടുത്ത്

പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് ചെയ്യാവുന്നതാണ്. പക്ഷേ എൻ.സി. ഡി.സി.-യുടെ വായ്പ എടുത്തിട്ടുള്ളത് നൽകുന്നതിന് തടസ്സം വന്നിരിക്കുന്നു. ആ തടസ്സം നീക്കാം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. സർക്കാർ വായ്പ എടുത്താണ് പൊതുമേഖലയ്ക്ക് തരുന്നത്. പക്ഷേ പൊതുമേഖലാ സ്ഥാപനം തന്നെ ഒരു എസ്.പി.വി. അല്ലേ? ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കൂടുതൽ വായ്പ എടുക്കണം, വായ്പയെ ആശ്രയിക്കണം.

ടൂറിസം സംബന്ധിച്ച്, ടൂറിസം റെഗുലേറ്ററി അതോറിറ്റി, ഇന്നവേഷൻ സ്റ്റാർട്ടപ്പ് ഫണ്ട് ഇതിനൊക്കെ ടോക്കൺ പ്രൊവിഷൻ വയ്ക്കുകയാണ്. ഇന്നുള്ള അടങ്കലിൽ നിന്നുമാറ്റി എത്ര തുക വേണമെങ്കിലും വയ്ക്കുന്നതിൽ തടസ്സമില്ല. ബഹുമാനപ്പെട്ട മെമ്പർമാർ പല ഡെസ്റ്റിനേഷൻ വികസനത്തെക്കുറിച്ചും ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് സബ്മിഷൻ തന്നെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ഇതു സംബന്ധിച്ച് പറഞ്ഞു. ഞാൻ ഓരോരുത്തരുടെയും പേരെടുത്ത് പറയുന്നില്ല. കഴിഞ്ഞ തവണ പ്രഖ്യാപിച്ച ഡെസ്റ്റിനേഷൻ ഡെവലപ്മെന്റുകൾ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തന പഥത്തിലേയ്ക്ക് വന്നിട്ടില്ല. ഡി.പി.ആർ. ആകുന്നതേയുള്ളൂ. അതായിക്കഴിഞ്ഞിട്ട് അടുത്ത ഘട്ടത്തിലേയ്ക്ക് പോകാം. തല്പരരായിട്ടുള്ള മെമ്പർമാർ ടൂറിസം വകുപ്പിന്റെ സഹായത്തോടെ അവർ ആഗ്രഹിക്കുന്ന ഡെസ്റ്റിനേഷന്റെ ഡി.പി.ആർ. തയ്യാറാക്കിക്കോളൂ. നിങ്ങൾ തയ്യാറാക്കിയാൽ അടുത്ത ബജറ്റിൽ അത് പരിശോധിക്കാം. Every thing is ready,

<u>ശ്രീമതി സി. കെ. ആശ:</u> സർ, എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്ന ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട 'പെപ്പർ' പ്രോജക്ടിനെ സംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശിക്കണം. ഇപ്പോൾ വൈക്കം ഡെസ്റ്റിനേഷനായി ബഹുമാന്യനായ മന്ത്രി വന്ന് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അത് നല്ല രീതിയിൽ പ്രവർത്തിക്കുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> ഞാൻ അതിനെക്കുറിച്ച് സംസാരിച്ചാൽ മാത്രമേ പരാമർശമാകുകയുള്ളൂ എന്ന് ധരിക്കരുത്. അതൊരു ഓൺ ഗോയിംഗ് സ്കീമാണ്. അതിന് നോർമലായ ഫണ്ടുണ്ട്. ഇപ്പോൾ വച്ചിരിക്കുന്ന ഫണ്ട് തികയില്ലെങ്കിൽ അത് ചെലവഴിച്ചതിനുശേഷം നമ്മുടെ ധനസ്ഥിതി പരിശോധിച്ച് കൂടുതൽ തുക വകയിരുത്തുന്നത് സംബന്ധിച്ച് ആലോചിക്കാം.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ബജറ്റിന്റെ 122-ാമത്തെ പേജ് വായിച്ചപ്പോൾ, ശബരിമല മാസ്റ്റർപ്ലാനിന് ഇതുവരെ 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് മനസ്സിലാകും. 2018-19-ൽ 28 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ

ഇടത്താവളങ്ങളുടെയും ബന്ധപ്പെട്ട റോഡുകളുടേയും വികസനത്തിന് കിഫ്ബിയിൽ നിന്നും പണം അനുവദിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അങ്ങ് സഭയിൽ ബജറ്റ് പ്രസംഗത്തിൽ ഇങ്ങനെയല്ല വായിച്ചത്. ഞാൻ ഒറ്റയ്ക്ക് അപ്പോൾ കയ്യടിച്ചു. അങ്ങ് വായിച്ചത്, 28 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമെ എരുമേലി ഉൾപ്പെടെയുള്ള ഇടത്താവളങ്ങളുടെയും... എന്നായിരുന്നു. എന്നാൽ ഈ ബജറ്റിൽ അത് കാണുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: ഞാൻ വായിച്ചതാണ് പ്രസംഗം, അല്ലാത്ത ഭാഗങ്ങൾ ഞാൻ വിട്ടുകളയുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

മൃഗപരിപാലനം സംബന്ധിച്ച് കഴിഞ്ഞ തവണ 10 കോടി രൂപയുടെ കടാശ്വാസം നടപ്പാക്കിയിരുന്നു. പശു ചത്ത് കടക്കെണിയിലായവർക്ക് 1,000 രൂപ വീതം കൊടുത്തു, ആ തുക എങ്ങും എത്താതെപോയി. അതുകൊണ്ട് മൃഗസംരക്ഷണ വകുപ്പ്, ഇത്തരത്തിൽ പശുക്കൾ ചത്തുപോയതിന്റെ ഫലമായി എത്ര സംഘങ്ങൾ കടക്കെണിയിലായിട്ടുണ്ടെന്ന് കണ്ടെത്തി ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകിയാൽ മൂന്നോ നാലോ വർഷംകൊണ്ട് എന്തുചെയ്യാൻ പറ്റുമെന്ന് പരിശോധിക്കാം. അത്തരത്തിൽ സമഗ്രമായ പരിപാടിയിലേയ്ക്ക് പോകണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

മത്സ്യബന്ധനം സംബന്ധിച്ച് ചോദ്യം വന്നത്, ഇതൊക്കെ ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞിട്ട് ഡി.പി.ആർ. തയ്യാറാക്കാൻ പോകുന്നത് ഇപ്പോഴാണോ; അതിന് വിദേശ ഏജൻസിക്ക് 10 കോടി രൂപ എന്തിനാണ് കൊടുക്കുന്നത്; ആഗോള ഏജൻസി നോക്കേണ്ട കാര്യമെന്ത്; എന്നൊക്കെയാണ്. കേന്ദ്രത്തിൽ എല്ലാം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ബന്ധപ്പെട്ട ഓരോ വകുപ്പുമായി ചർച്ച ചെയ്ത് അവിടെന്ന് എന്ത് കിട്ടുമെന്ന് നോക്കാം. ആ രീതിയിൽ വകുപ്പുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഒരു പാക്കേജ് എന്നുള്ള രീതിയിൽ ഒരു സഹായം കിട്ടണമെന്നുണ്ടെങ്കിൽ ആന്റി സൈക്ലോൺ മിറ്റിഗേഷൻ ഫണ്ടോ വേൾഡ് ബാങ്കിന്റെയോ സഹായത്തിന് പോകണം. അതിന് നമ്മൾ ഇങ്ങനെ പൊതു പ്രസ്താവന നടത്തിയതുകൊണ്ടാവില്ല. വളരെ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കണം. ആ ഡി.പി.ആർ.ന് അന്തർദേശീയ അംഗീകാരം ലഭിക്കണമെങ്കിൽ ഇവർ ചെയ്താൽ ശരിയാകും എന്ന് തോന്നുന്ന രീതിയിലുള്ള കമ്പനികളെക്കൊണ്ട് തയ്യാറാക്കിക്കണം. അതിനുവേണ്ടിയാണ് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല):സർ, ഡി.പി.ആർ. തയ്യാറാക്കണമെന്നുള്ള അങ്ങയുടെ വാദം ശരിയാണ്. പക്ഷേ ഇത് അനന്തമായി നീണ്ടു പോകാതെ സമയപരിധിക്കുള്ളിൽ ഈ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അപൂർവ്വമായി മാത്രമേ അധികത്തുക വകയിരുത്തിയിട്ടുള്ളൂവെന്ന്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സർ, ഇക്കാര്യത്തിൽ ബജറ്റ് അവതരിപ്പിച്ച ആ ദിവസംതന്നെ ഉച്ചകഴിഞ്ഞ് മുൻ ചീഫ് സെക്രട്ടറി, TATA ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രതിനിധികൾ തുടങ്ങി വ്യത്യസ്തങ്ങളായ ഏജൻസികളെവച്ച് ഒരു കമ്മിറ്റി രൂപീകരിച്ച് മൂന്നുമാസത്തിനുള്ളിൽ ഇതിനാവശ്യ മായ പ്രൊപ്പോസൽ നൽകാനും അതിനുശേഷം ഡി.പി.ആർ.-ന്റെ ഫൈനലൈസേഷൻ നടത്താനും തീരുമാനിച്ചത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പൊഴിയൂർ വിട്ടുപോയതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. ആൻസലൻ പറയുകയുണ്ടായി. ഹാർബർ എന്നുള്ള രീതിയിൽ പ്ലാൻ റൈറ്റ് അപ്-ൽ പൊഴിയൂരുണ്ട്. എന്റെ പ്രസംഗത്തിൽ നിന്നും വിട്ടുപോയി എന്നുമാത്രമേയുള്ളൂ. ഓഫ് ഷോർ ബ്രേക്ക് വാട്ടേഴ്സ് സ്ഥാപിക്കുന്നത് എവിടെയാണെങ്കിലും കിഫ്ബിയിൽ നിന്നുള്ള ഫണ്ട് അനുവദിച്ച് പ്രസ്തുത ടെക്നോളജി കൂടി പരിശോധിക്കാവുന്നതാണ്. പരമ്പരാഗത മേഖലയിൽ വലിയ വിമർശനങ്ങളൊന്നും വന്നില്ല.

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, തഴപ്പായ് നെയ്ത്ത് ഇന്ന് അന്യംനിന്നു കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. ആയിരക്കണക്കിന് ആളുകളുടെ ജീവിത മാർഗ്ഗമായിരുന്നു. ആ മേഖല പരിരക്ഷിക്കുന്നത് സംബന്ധിച്ച് പരിഗണിക്കുമോ?

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, കഴിഞ്ഞ മൂന്നുദിവസം ഡിസ്കഷൻ നടന്നു. എല്ലാ അംഗങ്ങളുടെ ചോദ്യത്തിനും മറുപടി പറയാൻ സമയം തികയില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പരമ്പരാഗത മേഖലയിൽ ക്രാഫ്റ്റ്സിന് മാത്രം ഒരു ഹെഡ്ഡുണ്ട്. അത് എങ്ങനെ ചെയ്യണമെന്നത് പരിശോധിച്ച് വ്യവസായ വകുപ്പുമായി ചർച്ച ചെയ്ത് പദ്ധതി തയ്യാറാക്കാം. ഖാദി ഗ്രാമോദ്യോഗ് ഭവന്റെ കീഴിലോ എവിടെയാണെങ്കിലും അത് ചെയ്യാവുന്നതാണ്.

പൊതുമരാമത്ത് സംബന്ധിച്ച് കിഫ്ബിയിൽ വച്ചിരിക്കുന്ന വലിയ പ്രോജക്ടുകൾ ഫലപ്രദമായി നടന്നിട്ടില്ല എന്നുള്ള വിമർശനങ്ങൾ വരികയുണ്ടായി. എന്റെ അഭിപ്രായത്തിൽ, അടുത്ത നിയമസഭാ സമ്മേളനം ഫെബ്രുവരി 26-ന് ആരംഭിക്കുമ്പോൾ ഏത് അംഗത്തിനും ദിവസം നിശ്ചയിച്ച് എല്ലാ ദിവസവും രണ്ട് മണിക്കൂർ വീതം അവരവരുടെ മണ്ഡലങ്ങളിലെ ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിലയെന്താണ്; എന്താണ് പ്രശ്നം എന്നിങ്ങനെയുള്ള ഏത് സംശയവും

ദുരീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും വേഗതയിലാക്കുന്നതിനുമുള്ള സന്ദർഭം നമുക്ക് ഉണ്ടാക്കാവുന്നതാണ്. 2017-18-ലെ അഡീഷണൽ വർക്കുകൾ നൽകുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും വന്നിട്ടുണ്ട്. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഭാവിയിൽ തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് അടുത്തവർഷത്തേയ്ക്കുള്ള ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്നത്. അതിനുവേണ്ടി 400 കോടി രൂപ ഒരു പ്രത്യേക ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇപ്പോൾ 20 ശതമാനം വച്ചിരിക്കുന്നതടക്കം 2000 കോടി രൂപയുടെ നിർമ്മിതികൾ പരിശോധിച്ച് എല്ലാ മെമ്പർമാരുമായി ചർച്ച ചെയ്ത് പിന്നീട് തീരുമാനമെടുക്കും. അതിൽക്കൂടുതൽ വേണമെന്ന് ഓരോരുത്തർക്കും ആഗ്രഹമുണ്ടാകും. ധനസ്ഥിതി പരിശോധിച്ചശേഷം ചെയ്യാം. ഞാൻതന്നെ മുൻഗണന നിശ്ചയിച്ച് അതിനെക്കാൾ മെച്ചം ഇതാണ് എന്ന് തെരഞ്ഞെടുക്കുന്നില്ല. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പുതന്നെ ആ രീതിയിൽ കൈകാര്യം ചെയ്യും. അതാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനുവേണ്ടി 20 ശതമാനം പ്രൊവൈഡ് ചെയ്യാനുള്ള പണവും പ്രത്യേക ഹെഡ്ഡിൽ വച്ചിട്ടുണ്ട്. മന്ത്രിമാർ അവരുടെ വകുപ്പുകൾക്ക് തുക വച്ചിട്ടുണ്ട്. അധികമൊന്നുമില്ല. ഇവിടെ പറയുന്ന തോതിൽ മാത്രമേയുള്ളൂ. അത് ബഹുമാനപ്പെട്ട മന്ത്രിയുമായി ചർച്ച ചെയ്ത് ഏതിനാണ് തുക വകയിരുത്തേണ്ടത് അതിന് തുക വകയിരുത്തണം. പ്രൊപ്പോസലുകൾ പരിശോധിച്ച് 2000 കോടി രൂപ എത്രയുംവേഗം നൽകാനുള്ള ശ്രമം നടത്താം.

കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് നമുക്കെല്ലാം ആകാംക്ഷ ഉണ്ടാകുന്നത് നല്ലതാണ്. പക്ഷേ, കെ.എസ്.ആർ.ടി.സി.-യിൽ ചെയ്ത കാര്യങ്ങൾ വിലയിരുത്തുകയും അംഗീകരിക്കുകയും വേണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന 5 വർഷം കൊടുത്ത തുക ഞാൻ വായിക്കാം. 182 കോടി രൂപ, 232 കോടി രൂപ, 454 കോടി രൂപ, 331 കോടി രൂപ, 251 കോടി രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിരുന്നത്. ഈ വർഷം 854 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ മാസത്തെ ശമ്പളത്തിനുള്ള 70 കോടി രൂപയും കൂടി ചേർത്താണ് കൊടുത്തിരിക്കുന്നത്. 1000 കോടി രൂപയുണ്ട്. അടുത്തവർഷവും 1000 കോടി രൂപ കൊടുക്കും. നിങ്ങൾ 200 കോടി രൂപവച്ചാണ് കൊടുത്തിട്ടുള്ളത്. എന്തിനാണ് ഇത്രയും പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങളും നിങ്ങളും തമ്മിൽ തർക്കിക്കേണ്ട കാര്യമാണോ? ശാന്തമായി കേൾക്കണം. ഇതിനകത്ത് പൊളിറ്റിക്സ് കാണരുത്. കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനത്തിന് സ്വന്തമായി പിടിച്ചു നിൽക്കാൻ പറ്റില്ല. അവർക്ക് സാമ്പത്തിക സഹായം കൊടുക്കണം. ഞങ്ങൾക്ക്

കൊടുക്കാവുന്നതിന്റെ മാക്സിമം കൊടുത്തു. അതിന്റെ കണക്ക് മുഴുവനും പറഞ്ഞാൽ, അത് തർക്കത്തിലേ അവസാനിക്കു. ഞാൻ തർക്കിക്കാനില്ല. ഇപ്പോഴത്തെ സ്ഥിതി വളരെ ദയനീയമാണ്. അതുകൊണ്ടാണ് പെൻഷൻ കൊടുക്കണമെന്ന് ഞങ്ങൾ പറഞ്ഞത്. പെൻഷനുവേണ്ടി ഒരു പദ്ധതി പറഞ്ഞു. പെൻഷനുവേണ്ടി പറഞ്ഞപ്പോൾ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന, സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് കൊടുക്കുന്ന 50 ശതമാനം ഇല്ലാതാക്കി. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ആ 50 ശതമാനം കൂടി ഇപ്പോൾ സഹകരണ ബാങ്കിൽ നിന്നും കടമെടുക്കണം എന്നുപറയുകയാണ്. ഈ കടത്തിന് ആരാണ് പലിശ കൊടുക്കുന്നത്; ഈ കടം ഏത് ബാങ്ക് കൊടുക്കും; റിസർവ് ബാങ്കിന്റെ പെർമിഷൻ വേണ്ടേ? ഈ നിബന്ധനകളെല്ലാം എന്നെക്കാൾ എത്രയോ നന്നായി അങ്ങേയ്ക്കറിയാം. അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ആര് ഈ കടം തിരിച്ചടയ്ക്കുമെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സംശയം. ഇവിടെയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിങ്ങൾ എടുപ്പിച്ച വായ്പയും ഇപ്പോൾ എടുക്കാൻ പോകുന്ന വായ്പയും തമ്മിലുള്ള വ്യത്യാസം. കെ.എസ്.ആർ.ടി.സി. ഇനിമുതൽ വായ്പയെടുത്ത് കടക്കെണിയിലേയ്ക്ക് നീങ്ങില്ല. ഇതാണ് കരാർ. നിലവിലുള്ള വായ്പകൾ റി-ഷെഡ്യൂൾ ചെയ്തുകഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യിൽ ഇനി വായ്പയില്ല. അതിനുപകരം സർക്കാർ കൊടുക്കണമെന്നുള്ളതാണ്. അതിനാണ് 1000 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. ആ 1000 കോടി രൂപയിൽ നിന്ന് 6 മാസത്തെ സാവകാശം ലഭിക്കാൻ വേണ്ടിയാണിത്. 6 മാസം കഴിഞ്ഞ് സർക്കാർ കൊടുത്താൽ പോരേ; 6 മാസത്തെയെങ്കിലും സാവകാശം കിട്ടുമല്ലോ; പണത്തിന് ബുദ്ധിമുട്ടുണ്ടല്ലോ; അതാണ് ചെയ്തിരിക്കുന്നത്. ബിൽ ഡിസ്കൗണ്ടിംഗ് പോലെ പെൻഷണർക്ക് പണം കൊടുത്തുകഴിഞ്ഞാൽ 6 മാസം കഴിഞ്ഞ് പലിശയും പണവും സർക്കാർ കൊടുക്കും. അത്രയേയുള്ളൂ. കെ.എസ്.ആർ.ടി.സി.-യുടെ ബാധ്യതയല്ല. കെ.എസ്.ആർടി.സി.-ക്ക് പുതിയ വായ്പാ ബാധ്യതകൾ ഒന്നും വരില്ല. സർക്കാർ നേരിട്ട് കാശ് കൊടുക്കാമെന്ന് ബാങ്കുകൾക്ക് എഴുതി ഒപ്പിട്ട് കൊടുത്തിട്ടാണ് വാങ്ങാൻ പോകുന്നത്. സർക്കാരിന്റെ ബാധ്യത വർദ്ധിച്ചു വരാതിരിക്കാൻ കെ.എസ്.ആർടി.സി.-യുടെ ഉല്പാദനക്ഷമതയും വരുമാനവും കൂടുകയും ചെലവ് കുറയുകയും വേണം. അതിനാണ് ഒരു പാക്കേജുള്ളത്. ഇതാണ് ടോട്ടൽ റീ-സ്ട്രക്ചറിംഗ് എന്നുപറയുന്നത്. അല്ലാതെ അവിടെ കുറച്ച് കൊടുക്കുക, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് തോന്നുമ്പോൾ എല്ലാ കുട്ടികൾക്കും ഫ്രീയായി ബസ് യാത്ര തീരുമാനിക്കുക. അങ്ങനെയല്ല ചെയ്യേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയുന്നു, അത് പ്രായോഗികമാണെന്ന് എനിക്ക് ഒട്ടും തോന്നുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, KWA-യെക്കുറിച്ചും ചർച്ചയിൽ പറഞ്ഞിരുന്നു. KWA-യുടെ റവന്യൂവും എക്സ്പെൻഡിച്ചറും തമ്മിൽ ചേരുന്നില്ല. അത് KWA തന്നെ മാനേജ് ചെയ്യണം. ഒന്ന്, ചോർച്ച കുറയ്ക്കണം. രണ്ട്, കുടിശ്ശിക പിരിക്കണം. മൂന്ന്, വാട്ടർ ചാർജ് സാധാരണക്കാരുടെമേൽ ഭാരംവരുത്താതെ റാഷണലൈസ് ചെയ്യാൻ സാധിക്കണം. ഇൻഡസ്ട്രിയൽ യൂസിന്റെയും റവന്യൂ വരും. ഈ രീതിയിൽ അത് അവിടെ മാനേജ് ചെയ്യേണ്ടതാണ്. അതിന് സബ്സിഡി കൊടുക്കാൻ കഴിയില്ല. സർക്കാർ ഇപ്പോൾ 335 കോടി രൂപയുടെ സബ്സിഡി നൽകുന്നുണ്ട്. അതിൽ അൽപ്പം തുക കൂട്ടാമെന്നല്ലാതെ സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. അതേസമയം നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം പോയപ്പോൾ ഏറ്റെടുത്ത 600 കോടി രൂപയുടെ പ്രോജക്ടുകൾ വായുവിൽ കിടക്കുകയാണ്. അതിനുവേണ്ടി നബാർഡിൽനിന്ന് പ്രത്യേക പാക്കേജ് വാങ്ങണം. മുന്നൂറ്റിചില്വാനം കോടി രൂപയുടെ ബില്ലിന്റെ കേസ് നിൽക്കുകയാണ്. പൊതുമരാമത്ത് സർക്കാർ വകുപ്പാണ്. KWA സ്വതന്ത്ര സ്ഥാപനമാണ്. സ്ഥാപനത്തിന് സ്തംഭനത്തിൽ പോകാൻ പറ്റുമോ; അതുകൊണ്ട് വാട്ടർ അതോറിറ്റിയിൽ ഒരു ഡിസ്കൗണ്ടിംഗ് സ്കീം സർക്കാർ മുൻകയ്യെടുത്ത് കൊണ്ടു വരുന്നു. ഇതാണ് ചർച്ച ചെയ്ത് ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ഇതാണ് ഈ ബജറ്റിൽ പറഞ്ഞിട്ടുള്ള പാക്കേജ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ഇവിടെ പ്രസംഗിച്ചുപോയപ്പോൾ ഉപസംഹാരത്തിന് തൊട്ടുമുമ്പ് ചെറിയൊരു വാചകമുണ്ട്. അത് ആരും ശ്രദ്ധിച്ചില്ല.

ബജറ്റ് ഖണ്ഡിക (273) കേരള ഭൂനികുതി ഓർഡിനൻസ് 2014 പ്രകാരം വർദ്ധിപ്പിച്ച നിരക്കുകൾ പുനഃസ്ഥാപിക്കുന്നു. ഇതാണ്.

ഡോ. ടി. എം. തോമസ് ഐസക്: ശ്രീ. പി. സി. ജോർജ്, ഇത് അൺഫെയറാണ്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്ന കാര്യത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാം. ഞാൻ ഒന്ന് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ വേറൊന്നിനെക്കുറിച്ച് ചർച്ച ചെയ്യാൻ സാധിക്കില്ല. ഞാൻ സംസാരിച്ചു കൊണ്ടിരിക്കുന്ന കാര്യത്തെക്കുറിച്ച് പാർലമെന്ററി മര്യാദവച്ച് ആര് എഴുന്നേറ്റാലും ഞാൻ മറുപടി പറയാറുണ്ട്. എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ വേണ്ടി ഇങ്ങനെ ചോദ്യം ചോദിച്ചാലോ?

മി. സ്പീക്കർ: മിനിസ്റ്റർ, അങ്ങ് ഇവിടെ നടന്ന ചർച്ചയ്ക്ക് മറുപടി പറയൂ.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എക്സൈസ് ഡിപ്പാർട്ട്മെന്റിൽ രണ്ട് ഇനങ്ങൾക്ക് മാത്രമേ അഡീഷണൽ തുക ഞാൻ പറയുന്നുള്ളൂ. വിമുക്തിക്ക് 20 കോടി രൂപയുണ്ട്. കാരണം, സർച്ചാർജ്ജിന്റെ ഉപയോഗത്തെക്കുറിച്ചുള്ള തർക്കങ്ങൾ നിലനിൽക്കുന്നു. അപ്പോൾ വിമുക്തിയുടെ പ്രവർത്തനം പരസ്യമായിത്തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ ഭാഗമായി വിമുക്തിയുടെ ഡി-അഡിക്ഷൻ സെന്റർ തുടങ്ങിയ കാര്യങ്ങളെല്ലാം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും.

സ്പോർട്സ് സംബന്ധിച്ച് ഒരു തെറ്റിദ്ധാരണയുണ്ടായിട്ടുള്ളത് പണം വകയിരുത്തിയിട്ടില്ല എന്നതാണ്. നിലവിലുള്ളത് തീർത്തിട്ട് പുതിയത് ആകാമെന്ന് പറഞ്ഞപ്പോൾ പണമില്ലെന്നുള്ള തെറ്റിദ്ധാരണയിലേയ്ക്കാണ് പോയിരിക്കുന്നത്. 2015-16-ൽ 49 കോടി രൂപയായിരുന്ന സ്പോർട്സിനുവേണ്ടി വകയിരുത്തിയിരുന്നത്. ഈ വർഷത്തെ ബജറ്റിൽ 116 കോടി രൂപ സ്പോർട്സിന് വകയിരുത്തുന്നു. 750 കോടി രൂപയുടെ കിഫ്ബി വർക്കുകൾ ഇപ്പോൾ ഓൺഗോയിംഗായിട്ടുണ്ട്. അതൊന്നും സമർപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. അത് പ്രവർത്തനത്തിലേയ്ക്ക് പോയിക്കഴിഞ്ഞപ്പോൾ അടുത്തവർഷം ഒരുപാട് ആളുകൾ സ്പോർട്സ് കോംപ്ലക്സുകളും ബാക്കിയുള്ളതുമൊക്കെ ചോദിച്ചു. അതൊക്കെ അടുത്ത വർഷം ആലോചിക്കാം. അതുകൊണ്ടാണ് പറഞ്ഞത്, ഇപ്പോഴുള്ള പ്രവൃത്തികൾ കഴിഞ്ഞതിനുശേഷം മാത്രമേ പുതിയ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നുള്ളൂ. ഓപ്പറേഷൻ ഒളിമ്പ്യയ്ക്ക് പണമില്ല, പക്ഷേ ഞാൻ അന്വേഷിച്ചപ്പോൾ പണം വകയിരുത്തിയിട്ടുണ്ട് എന്നറിയാൻ കഴിഞ്ഞു. അഡീഷണൽ ആതറൈസേഷൻ നൽകാവുന്നതാണ്. ഓൺഗോയിംഗ് സ്കീമിനുള്ള പണം ഇപ്പോൾ ആവശ്യമുണ്ട്.

യൂത്തിന് ഒരു പദ്ധതിയുമില്ലെന്ന് പറയുകയുണ്ടായി. 24 കോടി രൂപ യൂത്തിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. കായിക താരങ്ങൾക്കുള്ള ഇൻ-സോഴ്സ് പദ്ധതിയെല്ലാം റീ-അപ്രോപ്രിയേഷനിലൂടെ നടപ്പാക്കാവുന്നതാണ്. വിദ്യാഭ്യാസത്തിലെ ഹരിത വിദ്യാലയം ഫൈനൽ ലിസ്റ്റിൽ വരുന്ന എയ്ഡഡ് സ്കൂളുകൾകൂടി കിഫ്ബി സ്കൂൾ നവീകരണത്തിൽ പരിഗണിക്കാം. പാചകത്തൊഴിലാളികളുടെ ഒരു ഡിമാന്റ് വന്നിരുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, എയ്ഡഡ് സ്കൂളുകൾക്ക് ഒരു കോടി രൂപ നൽകുകയാണ്, അതിന്റെ 50 ശതമാനം ആ മാനേജ്മെന്റ് അടയ്ക്കണമെന്ന് അങ്ങയുടെ ബജറ്റ് സ്പീച്ചിൽ പറഞ്ഞിരുന്നു. എന്റെ ആസ്തിവികസന ഫണ്ടിൽനിന്നും 4.5 കോടി രൂപ ഗവൺമെന്റ്-എയ്ഡഡ് പ്രൈമറി സ്കൂളുകൾക്കായി നീക്കിവച്ചു. അതിൽ 2 കോടി രൂപ എയ്ഡഡ് സ്കൂളുകൾക്കാണ്. ഒരു കോടി രൂപ

മാനേജ്മെന്റും പി.ടി.എ.-യും ചേർന്ന നൽകും. അതിന്റെ അക്കൗണ്ടിനെ സംബന്ധിച്ച് ഞാൻ അങ്ങുമായി ബന്ധപ്പെടുകയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് സഭയിൽ ചോദ്യം ഉന്നയിക്കുകയുമുണ്ടായി. അക്കൗണ്ട് തുടങ്ങുന്നതിനുള്ള സാങ്ഷൻ ഇന്നുവരെ ധനകാര്യ വകുപ്പ് നൽകിയിട്ടില്ല. മാർച്ച് 31-ന് മുമ്പ് അത് എക്സ്പെൻഡീച്ചർ ആകേണ്ടതാണ്. ഇപ്പോഴത്തെ ഓർഡർ അനുസരിച്ച് അതത് ഗവൺമെന്റ് സ്കൂളുകളിലെ എസ്.ബി അക്കൗണ്ടിൽ തുടങ്ങാനാണ് പറഞ്ഞിരുന്നത്. എന്നാൽ ഇവിടെ മറുപടി പറഞ്ഞത് ധനകാര്യ വകുപ്പ് പ്രത്യേകമൊരു ഹെഡ്ഡ് തരുമെന്നാണ്. ഒന്നുകിൽ ജില്ലാ കളക്ടറുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങുന്നതിനുള്ള സാങ്ഷൻ തരുക. ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം ധനകാര്യവകുപ്പ് എടുക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ ആഴ്ചതന്നെ അത് സംബന്ധിച്ചുള്ള തീരുമാനമെടുത്ത് ഉത്തരവിറക്കാം. പാചകത്തൊഴിലാളികളുടെ ഇൻഷ്വറൻസ് വിദ്യാഭ്യാസ വകുപ്പിനുതന്നെ റീ-അപ്രോപ്രിയേഷനിലൂടെ ചെയ്യാവുന്നതാണ്. പാചകത്തൊഴിലാളികളുടെയും പല വിഭാഗക്കാരുടെയും ശമ്പള പരിഷ്കരണത്തെക്കുറിച്ചുമൊക്കെ ചർച്ചയിൽ വന്നിട്ടുണ്ട്. അതൊന്നും ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. അത് പ്രത്യേകം പരിശോധിക്കാം. അങ്കണവാടികളുടെ കാര്യം മാത്രമേ പറയുന്നുള്ളൂ. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വർദ്ധിപ്പിച്ച തുകയുടെ 100 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്ന് പറഞ്ഞതാണ്. അത് തിരുത്തി ഇപ്പോൾ 50 ശതമാനം മതി എന്നാക്കി. പക്ഷെ ആ 50 ശതമാനം തുക നൽകണം. അങ്കണവാടി ഹെൽപ്പേഴ്സിനും ടീച്ചേഴ്സിനും അത് സോഴ്സിൽ പിടിച്ച് നൽകുന്നതിനാണ് തീരുമാനിച്ചത്. ആരോഗ്യത്തെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. വിട്ടുപോയെന്നുപറഞ്ഞ തീരദേശത്തെ താലൂക്ക് ആശുപത്രി കളായ ചാത്തന്നൂർ, കൊയിലാണ്ടി എന്നിവ അതിൽ ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, വ്യവസായത്തിൽ കണ്ണൂരിൽ പ്രധാനപ്പെട്ട മേഖലയാണ് ബീഡി വ്യവസായം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബജറ്റ് പ്രസംഗത്തിൽ തന്നെ പിരിക്കുന്ന നികുതി തിരിച്ചു നൽകുമെന്നുണ്ട്. ഇതിനുപുറമെ സംസ്കാരത്തിനാണ് അഡീഷണലായുള്ള ഒരു അനൗൺസ്മെന്റ് നടത്തുന്നത്. തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു. കൊല്ലം പ്രസ്സ് ക്ലബ്ബിന്റെ സുവർണ്ണ ജൂബിലി, ചെമ്പൈ സംഗീതോത്സവം, മറ്റ് പല സ്മാരകങ്ങളും തുടങ്ങിയവയൊന്നും ഞാൻ പ്രഖ്യാപിക്കുന്നില്ല. ഇപ്പോൾ ഒരു ഹെഡ്ഡിൽ പ്രത്യേകം 2,90,00,000 രൂപയുണ്ട്. അതിൽ സാംസ്കാരിക വകുപ്പുമന്ത്രി

തീരുമാനമെടുത്ത് നൽകും. അവിടെ പണം തീർന്നു കഴിഞ്ഞാൽ കൂടുതലായി ആവശ്യമുള്ള പണം ചർച്ച ചെയ്ത് നൽകും.

ശ്രീ. കെ. മുരളീധരൻ: സർ, മലയാളത്തിലെ പ്രമുഖ നടനായിരുന്ന പ്രേംനസീർ. അദ്ദേഹത്തിന് ഒരു സ്മാരകം നിർമ്മിക്കണമെന്നുള്ളത് ആ പ്രദേശത്തുകാരുടെ ഒരു വികാരമായിരുന്നു. ദയവായി അതിന് സംസ്ഥാന സർക്കാർ ഫണ്ട് വകയിരുത്തണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ ഓഫ് ഹാന്റായി പറയുന്നതിനെക്കാൾ നല്ലത് പണം വകയിരുത്തിയിരിക്കുന്ന ഒരു ഹെഡ്ഡുണ്ട്. ഒരു ഹെഡ്ഡിൽ ആദ്യമായാണ് ഇത്രയും തുക വകയിരുത്തിയിരിക്കുന്നത്. അത് തികയാതെ വന്നാൽ കൂടുതൽ നൽകാം. മന്നം കൾച്ചറൽ സെന്ററടക്കം അങ്ങനെ തീരുമാനിക്കുന്നതായിരിക്കും ഉചിതം. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിനായി ഉണ്ടാക്കിയിരിക്കുന്ന 14 കോടി രൂപയുടെ എസ്റ്റിമേറ്റ് കുറച്ചുകൂടുതലാണ്. അത് റിവൈസ് ചെയ്ത് അംഗീകരിച്ചു കഴിഞ്ഞാൽ നേരത്തെ കൊടുത്തിരിക്കുന്നതിന് തുടർച്ചയായി അധിക പണം ലഭ്യമാക്കും.

വിലക്കയറ്റം നിയന്ത്രിക്കുന്നില്ല തുടങ്ങി ഒരുപാട് വിമർശനങ്ങൾ വന്നത് ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ചാണ്. ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിന് 2015-16-ൽ 834 കോടി രൂപയാണ് നൽകിയിരുന്നത്. 2016-17-ൽ 1726 കോടി രൂപയും നൽകി. അടുത്തവർഷത്തേയ്ക്കുള്ള ബജറ്റിൽ 1819 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വ്യത്യാസമുണ്ട്. വിലക്കയറ്റം ഇല്ലാതാക്കാൻ പറ്റിയിട്ടില്ല. പ്രതിപക്ഷനേതാവേ, ഇതാണ് അതിന്റെ കണക്കെന്ന് പറയുന്നത്. ഇതിൽത്തന്നെ ഒരു ശരിയായ വിമർശനം പറയുകയുണ്ടായി. കഴിഞ്ഞവർഷം ബജറ്റിൽ പറഞ്ഞതും അഡീഷണലായി കൊടുത്തതുമടക്കം 350 കോടി രൂപ കൺസ്യൂമർഫെഡും സിവിൽ സപ്ലൈസ് വകുപ്പിനും കൂടിയുണ്ടായിരുന്നു. ഈ വർഷം 250 കോടി രൂപ മാത്രമേയുള്ളൂ. 250 കോടി രൂപ തീർന്നുകഴിഞ്ഞാൽ തീർച്ചയായും കഴിഞ്ഞ വർഷത്തെപ്പോലെതന്നെ കൂടുതൽ നൽകും. ഞാൻ ഇപ്പോൾ കണക്ക് ഉദ്ധരിക്കുന്നില്ല. 30 കോടി രൂപ, 69 കോടി രൂപ, 80 കോടി രൂപ, 50 കോടി രൂപ, 60 കോടി രൂപ, 58 കോടി രൂപ എന്നിവയാണ് കൺസ്യൂമർ ഫെഡിന് കൊടുത്തുകൊണ്ടിരുന്നത്. അതാണ് ഇപ്പോൾ 150 കോടി രൂപയാക്കിയിട്ടുള്ളത്. 148 കോടി രൂപ മുതൽ 200 കോടി രൂപ വരെയാണ് നിങ്ങൾ അഞ്ചുവർഷം കൊടുത്തത്. അതാണ് 250 കോടി രൂപയായി സിവിൽ സപ്ലൈസിന് കൊടുക്കുന്നത്. 2011-12 മുതലുള്ള യു.ഡി.എഫ്.-ന്റെ

അഞ്ചുവർഷക്കാലം റേഷൻ സബ്സിഡി ഇനത്തിൽ കൊടുത്തത് 649 കോടി രൂപ, 639 കോടി രൂപ, 611 കോടി രൂപ, 741 കോടി രൂപ, 649 കോടി രൂപ എന്നിവയാണ്. അഞ്ചുവർഷത്തെ ശരാശരി തുക 658 കോടി രൂപയാണ്. ഇപ്പോൾ 2016-17 വർഷത്തിൽ 840 കോടി രൂപയും 2017-18-ൽ 900 കോടി രൂപയും കൊടുത്തു. അടുത്തവർഷത്തേയ്ക്ക് 955 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിലക്കയറ്റത്തിൽ ഒരു സർക്കാരിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഇതിനപ്പുറം എങ്ങനെയാണ് ഇടപെടുക; ഇനിയും പോരാ, നമുക്ക് നോക്കാം. മുന്നോട്ടുള്ള വലിയ കാൽവയ്പാണ് നടത്തിയിട്ടുള്ളത്. പെൻഷൻ സംബന്ധിച്ചാണ് ഉമ്മൻ ചാണ്ടി സാറിന് തർക്കം. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ഉമ്മൻ ചാണ്ടി സാർ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത്, 5030 കോടി രൂപ യു.ഡി.എഫ്. സർക്കാരിന്റെ അവസാനവർഷം കൊടുത്തുവെന്നാണ്. അത് ഈ വർഷത്തെ തുകയാണ്. അദ്ദേഹത്തിന് തെറ്റിപ്പോയതാണ്. ഞാൻ അതുകൊണ്ട് ഓരോ വർഷത്തെയും കണക്ക് പറയാം. 785 കോടി രൂപ, 1252 കോടി രൂപ, 1338 കോടി രൂപ, 2004 കോടി രൂപ, 2935 കോടി രൂപയുമാണ് യു.ഡി.എഫ്. സർക്കാരിന്റെ അഞ്ചുവർഷംകൊണ്ട് കൊടുത്തത്. അതിന്റെ ശരാശരിയായാണ് 1685 കോടി രൂപയെന്ന് പറഞ്ഞത്. ഈ വർഷം ഇതിനകം 5030 കോടി രൂപ കൊടുത്തിട്ടുണ്ട്. ഡിസംബർ കഴിഞ്ഞുള്ള 4 മാസംകൂടി ചേരുമ്പോൾ 6000 കോടി രൂപയാകും. അത് ചെറിയ തുകയല്ല. ഇപ്പോൾ ഏഴ് ലക്ഷം ആളുകൾ പെൻഷനുവേണ്ടി അപേക്ഷ നൽകിയിരിക്കുകയാണ്. എത്രയാണ് വരുന്നതെന്ന് അറിയാമോ; 1,000 കോടി രൂപ. ഈ നൂറ് രൂപ വച്ചുള്ള വർദ്ധന പറഞ്ഞതുപോലെ 1,500 ആണെങ്കിൽ 10,000 കോടി രൂപയാണ് പെൻഷൻ കൊടുക്കാൻ പോകുന്നത്. ഒരു ലക്ഷം രൂപവരെ കുടുംബവരുമാന പരിധിയുള്ളവർക്കാണ് പെൻഷന് അർഹതയുള്ളത്. വരുമാനപരിധിക്കുപുറമെ, 1,200 ചതുരശ്ര അടിയിൽ മുകളിലുള്ള വീടുള്ളവർ, 1000 സി.സി.യേക്കാൾ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത കാറുള്ളവർ എന്നിവർക്കും സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കില്ലെന്ന് പറഞ്ഞിരുന്നു. അത് വേണമെങ്കിൽ 1200 ചതുരശ്ര അടിയെന്നുള്ളത് 1500 ചതുരശ്ര അടിയെന്നും 1000 സി.സി എന്നത് 1400 സി.സി.യുടെ ഇന്നോവ വരെയാക്കാം. അതുസംബന്ധിച്ച് ഇപ്പോൾ ഞാൻ ഇവിടെനിന്ന് തർക്കിച്ചാൽ അവസാനിപ്പിക്കാൻ കഴിഞ്ഞെന്ന് വരില്ല. പെൻഷൻ കൊടുക്കുന്നതിൽ എന്തെങ്കിലും വേവലാതി ഉണ്ടായിട്ടല്ല ഈ പറയുന്നത്. അനർഹരെ ഒഴിവാക്കി അർഹരായവർക്ക് പെൻഷൻ ലഭിക്കുന്നതിനാണ് ഇത്തരം മാനദണ്ഡങ്ങൾ വയ്ക്കുന്നത്. അനർഹരുണ്ട് എന്നത് നമുക്കൊക്കെ അറിയാവുന്നതാണ്. ഇപ്പോൾ ഗിഫ്റ്റിന് ഒരു സാമ്പിൾ സർവ്വേയ്ക്കുള്ള പ്രോജക്ട് കൊടുത്തിട്ടുണ്ട്.

ആ സർവ്വേയുടെ റിസൾട്ടുകൂടി വന്നതിനുശേഷം ഈ മാനദണ്ഡങ്ങളിൽ എന്ത് ഭേദഗതി വരുത്തണമെന്നുള്ളത് കൂട്ടായി ആലോചിച്ച് തീരുമാനിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭിന്നശേഷിക്കാരുടെ കാര്യം പ്രത്യേകമായി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, സി.&എ.ജി. ഇതിന്റെ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 16 ശതമാനം അനർഹർ ഉണ്ടെന്നുള്ള നിഗമനത്തിലെത്തിച്ചേർന്നു. അർഹരായ 12 ശതമാനം പേർ പുറത്തുനിൽക്കുന്നു. അനർഹരെമാറ്റി അർഹരായ 12 ശതമാനംപേരെ ഇതിലേയ്ക്കുകൊണ്ടുവരണം. ആളുകളുടെ എണ്ണമൊന്നും കുറയില്ല. നമുക്കിത് കൊടുക്കണം എന്നല്ലാതെ ഇല്ലാതാക്കണമെന്നില്ല. ഇപ്പോൾ ഒരു സർവ്വേ നടത്തുന്നുണ്ട്. അതിന്റെ റിസൾട്ട് കൂടിവച്ച് നമുക്ക് ചർച്ച ചെയ്ത് എല്ലാ രാഷ്ട്രീയ പാർട്ടികളെയും പങ്കാളികളാക്കുന്നതിൽ എന്താണ് തടസ്സമുള്ളത്; നമുക്ക് പരിശോധിച്ച് ന്യായമായ മാനദണ്ഡം ഏതാണെന്നത് തീരുമാനിക്കാം. അതുവരെയും ഇന്നത്തെപ്പോലെ പോകും. ഭിന്നശേഷിക്കാർ, അഗതികൾ എന്നിവർക്ക് അടിയന്തരമായി അപേക്ഷിക്കാൻ സോഫ്റ്റ്‌വെയറിൽ മാറ്റംവരുത്തി അതിനുള്ള അനുവാദം കൊടുക്കാം.

നികുതി സംബന്ധിച്ചാണ് ശ്രീ. പി. സി. ജോർജ് ഉന്നയിച്ചത്. ഈ ചർച്ച നടക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ കർഷകസംഘമടക്കം കർഷക സംഘടനകളുടെ പ്രീ-ബജറ്റ് ഡിസ്കഷനിൽ ഇക്കാര്യം ഉന്നയിച്ചിരുന്നു.

മി. സ്പീക്കർ: അദ്ദേഹത്തിന് ഇപ്പോൾ പാർട്ടിയില്ല.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവരും ചിരിച്ചുകൊണ്ട് അടുത്ത നിയമസഭാ ഇലക്ഷനിൽ നിങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ ഞാൻ കണ്ടോളാം. അപ്പോൾ ഞാനുണ്ടോ എന്ന് നിങ്ങളെ കാണിച്ചുതരാം. ഏതായാലും നിങ്ങൾ എല്ലാവരും കൂടി കൂടിയിട്ടും ഒറ്റയ്ക്ക് എന്റെ ഭൂരിപക്ഷം 28000 ആയിരുന്നു എന്ന് ഞാൻ ഇനിയും പറയേണ്ടതില്ലല്ലോ; നിങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ ഇതുണ്ടാകും.

അങ്ങ് വളരെ ലൈറ്റായിട്ട് വായിച്ചുപോയി. ഇവിടെ ആരും ശ്രദ്ധിച്ചില്ല. ഞാനത് ശ്രദ്ധിച്ചു. ഈ നികുതി നിർദ്ദേശം യു.ഡി.എഫ്. കൊണ്ടുവന്നപ്പോൾ ആദ്യമായി വഴക്കുണ്ടാക്കിയ ആളായിരുന്നു ഞാൻ. ഇത് തെറ്റാണെന്ന് പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി അത് ഏറ്റെടുത്തു. നിങ്ങളുടെ സമരത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. ഈ നികുതി നിർദ്ദേശം പിൻവലിച്ചു. ആ പിൻവലിച്ച നികുതി നിർദ്ദേശമാണ് ബഹുമാന്യനായ ഡോ. ടി. എം. തോമസ്

ഐസക് ഇപ്പോൾ കൊണ്ടുവന്നത്. അത് ശരിയല്ല. അത് പിൻവലിക്കണം എന്നാണ് ഞാൻ പറഞ്ഞത്. അതിന് നിങ്ങൾ അപഹസിക്കേണ്ടതില്ല. അപഹസിക്കുന്നവരൊക്കെ അവരുടെ നിയോജകമണ്ഡലത്തിൽ അനുഭവിക്കും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ താങ്കളെ അപഹസിച്ചോ; ഞാൻ എത്രയോ ബഹുമാനപുരസ്സരമാണ് അങ്ങയുടെ പാർട്ടി എന്നുപറഞ്ഞത്. ഒരു അപഹാസ്യവും ഞാൻ നടത്തിയിട്ടില്ല.

അവരുടെ മുന്നിൽ നിർദ്ദേശംവച്ചു. കർഷകത്തൊഴിലാളി യൂണിയന് ഭൂവുടമയുടെ അംശാദായം കിട്ടുന്നില്ല. പിരിക്കാൻ പറ്റുമോ? ഇനി കർഷകക്ഷേമ ബോർഡ് ഉണ്ടാക്കുന്നുണ്ട്. അവർക്കും ഇനി അംശദായം ഉണ്ടാക്കാൻ പറ്റുമോ; ഇപ്പോൾ പിരിച്ചുകൊണ്ടിരിക്കുന്നതടക്കമുള്ള ഈ ബേസിക് ടാക്സ് കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമനിധികൾക്കായി പങ്കുവയ്ക്കാം. അത് വർദ്ധിപ്പിക്കുന്നതിന് തടസ്സമുണ്ടോ എന്ന് ചോദിച്ചപ്പോൾ എല്ലാവരും സമ്മതിച്ചു. അവരാണ് നിർദ്ദേശം വച്ചിരിക്കുന്നത്. അല്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. 252 കോടി രൂപയാണ് റിട്ടയർമെന്റ് ആനുകൂല്യമായി കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ളത്. അതുപോലെ കൃഷിക്കാരുടേതും അതിന്റെ ബില്ലും വരാൻ പോകുന്നതേയുള്ളൂ. സബ്ജക്റ്റ് കമ്മിറ്റിയിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യാം. ഇത് നമ്മൾ യാഥാർത്ഥ്യ ബോധത്തോടെ കാണണം. അന്ന് എതിർത്തിരുന്നു. ഇപ്പോൾ അഞ്ചുവർഷം കഴിഞ്ഞിരിക്കുന്നു. സെന്റിന് 40 പൈസവച്ച് കൊടുക്കുന്ന നികുതി ഓട്ടോറിക്ഷാ കാശിന് തികയുമോ; ഭൂനികുതി എന്നത് ഒരു വൈകാരിക പ്രശ്നമാണ്. കർഷകത്തൊഴിലാളിക്കും കൃഷിക്കാരനുമാണ്. 'Quid pro quo' അവർക്കാണത് നൽകേണ്ടത്; മറ്റാർക്കുമല്ല എന്ന് വരുന്നതോടുകൂടി ആ വൈകാരിക പ്രശ്നം അവസാനിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭാഗാധാരത്തിന്റെ കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നതാണ്, സ്വന്തം മക്കൾക്കോ മറ്റ് ബന്ധുക്കൾക്കോ ഭൂമി രജിസ്റ്റർചെയ്ത് കൊടുക്കുമ്പോഴുണ്ടാകുന്ന നികുതി വേണ്ടെന്നുവച്ചു. അത് മനുഷ്യത്വപരമല്ല എന്ന ഒരു അഭിപ്രായം കൂടിയുണ്ട്. നിയമസഭയ്ക്കുള്ളിലും സബ്ജക്റ്റ് കമ്മിറ്റിയിലും ശക്തമായ എതിർപ്പുണ്ടായപ്പോൾ കഴിഞ്ഞ ഗവൺമെന്റ് അത് വേണ്ടെന്നുവച്ചതാണ്. ഞാൻ എന്റെ മക്കൾക്ക് ഭൂമി കൊടുക്കുമ്പോൾ അതിന് ഫീസ് ഏർപ്പെടുത്തുന്ന നടപടിയോട് കേരളത്തിൽ എല്ലായിടത്തും പൊതുവേ വിയോജിപ്പാണുള്ളത്. അത് റീ-കൺസിഡർ ചെയ്യാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ തവണ സ്റ്റാമ്പ് ഡ്യൂട്ടിയാണ് നമ്മൾ വർദ്ധിപ്പിച്ചത്. രജിസ്ട്രേഷൻ ഫീസല്ല. അത് പിൻവലിച്ചു. മാണി സാർ ഇപ്പോൾ പറഞ്ഞതുപോലെ, 1,000 രൂപ ഉണ്ടായിരുന്നത് 300 രൂപയായി കുറച്ചു. 300 രൂപ എന്നത് ഇത്രയും നാളത്തെ വിലക്കയറ്റവും കൂടി കണക്കാക്കിയാൽ എത്രവരും; അപ്പോൾ 300 രൂപ വർദ്ധനവ് വലിയ ഭാരമല്ല. എന്താണ് വേണ്ടതെന്നുള്ളത് സബ്ജക്റ്റ് കമ്മിറ്റിയിൽ നോക്കാം. നികുതിയുടെ കാര്യങ്ങൾ ഇവിടെനിന്ന് across the board വർത്തമാനം പറയാൻ നിൽക്കുന്നില്ല.

തൊഴിൽമേഖലയിൽ തൊഴിലാളി ശ്രേഷ്ഠ അവാർഡുകൾ നിശ്ചയിച്ചിട്ടുള്ളത് വളരെ നല്ല കാര്യമാണ്. കാരണം Ease of doing business ന്റെ ഭാഗമായി നിയമനടപടികളും മറ്റും കൊണ്ടുവരുമ്പോൾ നന്നായി പ്രവർത്തിക്കുന്ന തൊഴിലാളികളെ അംഗീകരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് ഞാൻ നേരത്തെ പറയാൻ വിട്ടുപോയി.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എല്ലാ പെൻഷനും വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷേ ക്ഷേത്രസ്ഥാനികളുടെ പെൻഷൻ മാത്രം വർദ്ധിപ്പിച്ചിട്ടില്ല. അത് വർദ്ധിപ്പിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, എല്ലാ പെൻഷനും ഒരേ റേറ്റാണ്. അത് നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. എങ്കിലും ചില ക്ഷേമനിധികളുടെ പെൻഷനൊക്കെ താഴ്ന്നുകിടന്നു. അതൊക്കെ ഇപ്പോൾ ഉയർന്നുവരുന്നു. അത് പ്രശ്നമുള്ള കാര്യമല്ല.

ശ്രീ. പി. ഉബൈദുള്ള: സർ, എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചത് വർഷങ്ങൾക്കുമുമ്പാണ്. ഇപ്പോൾ ഒരു കോടി രൂപകൊണ്ട് ഒന്നും ചെയ്യാൻ പറ്റാത്ത സാഹചര്യമാണ്. അതിനാൽ എം.എൽ.എ. ഫണ്ട് രണ്ട് കോടി രൂപയാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, വേറെ കാര്യങ്ങളൊന്നും ഞാൻ ഇപ്പോൾ കൺസിഡർ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. വേറെ ഒന്നും പുതിയതായി പ്രഖ്യാപിക്കുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ പേജ് 27-ൽ തോട്ടം പുനരുജ്ജീവന പാക്കേജിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷേ ബജറ്റിന്റെ രണ്ട് സെക്ഷനിലാണ് വന്നത്. പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് 56-ലും 77-ലും. ഈ രണ്ടിലും ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങളൊന്നും

ഉണ്ടായിട്ടില്ല. അതുകൊണ്ട് തോട്ടം പുനരുജ്ജീവന പാക്കേജുമായി ബന്ധപ്പെട്ട് അതിന്റെ ഒരു പ്രൊപ്പോസൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, തോട്ടം പുനരുജ്ജീവന പാക്കേജിലെ പ്രധാനപ്പെട്ട ഇനം പ്ലാന്റേഷൻ ടാക്സാണ്. അതിനെക്കുറിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ നമുക്ക് പരിശോധിക്കാം. അതിലെ സീനിയറേജ് റേറ്റ് കുറയ്ക്കുന്നതിനെ കുറിച്ചും അവിടെവച്ച് പരിശോധിക്കാം. ബാക്കിയുള്ളതിന് ഹെഡ്ഡുണ്ട്. അത് നമുക്ക് അഡീഷണലായി പറയാം. ഇത് ഞാനിപ്പോൾ പറയുന്നത് ആ ക്ലോസുകൾ ഓപ്പൺ ചെയ്യുന്നതിനുവേണ്ടിയാണ്. സബ്ജക്റ്റ് കമ്മിറ്റിയിൽ ഫിനാൻസ് ബിൽ പരിശോധിക്കുമ്പോൾ ഈ രണ്ട് കാര്യങ്ങളും പരിശോധിക്കാം.

ഡോ. എം. കെ. മുനീർ: സർ, അടയ്ക്കാ കർഷകർ മുൻകാല പ്രാബല്യത്തോടുകൂടി നികുതി അടയ്ക്കണമെന്ന് പറഞ്ഞത് വലിയ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അത് ഒഴിവാക്കികൊടുക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് നിയമവശമടക്കം പരിശോധിക്കേണ്ടതുണ്ട്. പിഴപ്പലിശ, പലിശ, പെനാൽറ്റി ഇവയൊക്കെ ഒഴിവാക്കിയിട്ടുണ്ട്. ഇതിനപ്പുറം എന്ത് കൺസെഷൻ വേണമെന്നുള്ളത് സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിക്കാം. നികുതി കാര്യങ്ങൾ, it cannot be settled like this. ഈ വർഷത്തെ ബജറ്റിനെ സംബന്ധിച്ച് ഇങ്ങനെയൊക്കെ പലരും പറഞ്ഞെങ്കിലും, പത്രങ്ങളായാലും, മാധ്യമങ്ങളായാലും ഇതുപോലെ അക്സെപ്റ്റ് ചെയ്തിട്ടുള്ള വേറെയൊന്നും ഉണ്ടായിട്ടില്ല. അക്കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇത്രയും ശ്രമകരമായിട്ടുള്ളൊരു സാമ്പത്തിക പശ്ചാത്തലത്തിൽ ഇങ്ങനെയൊരു അംഗീകാരം നേടാൻ സാധിച്ചത് വലിയൊരു കാര്യമാണ്. ഈ ബജറ്റിന്റെ രാഷ്ട്രീയമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, കിഫ്ബിയെ സംബന്ധിച്ച് ഈ വർഷം കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട വിഹിതം രണ്ട് ഗഡുക്കളായി കിട്ടി. What is your expectation in the next year?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ ബജറ്റിന്റെ കണക്കുകൾ തയ്യാറാക്കി പ്രിന്റ് ചെയ്തത് കേന്ദ്ര ബജറ്റ് വരുന്നതിന് ഏതാനും ദിവസം മുമ്പാണ്. വിസ്മയകരമെന്നു പറയട്ടെ, കേന്ദ്രത്തിന്റെ ഗ്രാന്റ് ഇൻ എയ്ഡ്, ടാക്സ് ഇതു രണ്ടും നമ്മുടെ ബജറ്റ് എസ്റ്റിമേറ്റും കേന്ദ്രത്തിന്റേതും തമ്മിൽ ഏതാനും കോടികളുടെ വ്യത്യാസമേയുള്ളൂ. അതുകൊണ്ട് വേറെ അടിസ്ഥാനപരമായ റിവിഷൻ നമുക്ക് ആവശ്യമില്ല. പ്രഖ്യാപിക്കുന്ന സി.എസ്.എസ്. തരുമോ എന്നതിലാണ് പ്രശ്നം വരാൻ പോകുന്നത്. ഈ വർഷം അവർ പ്രഖ്യാപിച്ചതിന്റെ മൂന്നിലൊന്നേ

തന്നിട്ടുള്ളൂ, ബാക്കി തരുമെന്ന് തോന്നുന്നില്ല. Fiscal deficit പിടിച്ചുനിർത്താൻ വേണ്ടി സംസ്ഥാനങ്ങൾ വഴിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ആദ്യം കുറയ്ക്കുന്നത്. ഹാർബറിന്റെയും നാഷണൽ ഡ്രിങ്കിംഗ് വാട്ടറിന്റെയും ഫണ്ട് മുഴുവനും പോയി. എസ്.എസ്.എ.യുടെ കഥ തീർന്നമട്ടിലാണ്. എൻ.എച്ച്.എം.-ന്റെയും അവസ്ഥ ഇതുതന്നെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 13th Finance Commission-ന്റെ അവാർഡിൽ 10 ശതമാനം കൂട്ടിയതുകൊണ്ടാണെന്നാണ് പറയുന്നത്. അത് നമുക്ക് അക്സെപ്റ്റ് ചെയ്യാൻ പറ്റുന്നതല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് കൂട്ടിയപ്പോൾ ഒരു കൈകൊണ്ട് തരിക, മറ്റേ കൈകൊണ്ട് എടുക്കുക എന്നതുപോലെയായി. അപ്പോൾ സംസ്ഥാനത്തിന് എന്താണ് കൂടുതൽ കിട്ടുന്നത്? ഇത് തന്നിട്ടുള്ളത് കുറയ്ക്കാൻ വേണ്ടിയല്ല, കൂടുതൽ തരാൻ വേണ്ടിയാണ്.

ഈ ബജറ്റിന്റെ രാഷ്ട്രീയം കോൺഗ്രസ്സിന്റെയും, ബി.ജെ.പി.യുടെയും നയങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ള രാഷ്ട്രീയമാണ്. ഞങ്ങൾ രണ്ടുപേരെയും ഒരുമിച്ച് നിർത്തിയാലോ എന്ന് പ്രതിപക്ഷനേതാവ് ചിന്തിച്ചേക്കാം. നിങ്ങൾക്ക് രണ്ടുപേർക്കും എതിരായിട്ടാണ്, അപ്പുറത്ത് കൈകൊട്ടുകുന്ന ഏർപ്പാട് ഇല്ല. ഞങ്ങൾ വർഗ്ഗീയതയ്ക്ക് എതിരായിട്ടുള്ള നിലപാടല്ല സ്വീകരിക്കുന്നതെന്ന് പറഞ്ഞേക്കാം. നിങ്ങൾ എത്രമാത്രം എതിരാണെന്നതിനെക്കുറിച്ച് തർക്കവും വിതർക്കവുമുണ്ട്. എങ്കിലും അവിടെ നിന്നോട്ടെ. ബി.ജെ.പി-യുടെ ഏത് സാമ്പത്തിക നയത്തിൽ നിന്നാണ് നിങ്ങൾക്ക് വ്യത്യസ്തതയുള്ളത്? ഏതെങ്കിലും ഒരു കാര്യം പറയൂ. ഈ ബജറ്റിൽ ഏറ്റവും പ്രധാനമായി വരുന്ന എഫ്.ആർ. ബി.എം. ആക്ടാണല്ലോ പ്രശ്നം. ഫിനാൻസ് കമ്മീഷനും ആർ.ബി.ഐ.യും പറഞ്ഞതെന്താണ്? ഇവരൊക്കെ ആണയിടുന്നത് എഫ്.ആർ.ബി.എം.നെക്കുറിച്ചല്ലേ? ഇതുവരെയും പറയാത്തതുപോലെ നിങ്ങൾ കമ്മി കുറയ്ക്കു എന്നുപറഞ്ഞു തുടങ്ങിയിട്ട് നിങ്ങളും അങ്ങോട്ട് ചേരുകയാണോയെന്ന് വേണമെങ്കിൽ എന്നോട് കളിയാക്കിപ്പറയാം. എഫ്.ആർ.ബി.എം. ആക്ട്, ഒരു സംസ്ഥാന സർക്കാരിന് കീഴ്പ്പെട്ടേ പ്രവർത്തിക്കാൻ കഴിയൂ. നിയമസഭയിൽ എഫ്.ആർ.ബി.എം. ആക്ട് കൊണ്ടുവന്നപ്പോൾ രണ്ട് ശതമാനം കമ്മിയെന്നാണ് നിയമം ഉണ്ടാക്കിയത്. ശ്രീ. അരുൺ ജെയ്റ്റ്ലി പറയാതെ പറഞ്ഞു വച്ചത് സംസ്ഥാനങ്ങളുടെ കമ്മി, Fiscal deficit രണ്ട് ശതമാനമാക്കണമെന്നാണ്. എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന്റെ ഡെബ്റ്റ്-ജി.ഡി.പി. റേഷ്യോ 40 ശതമാനമായി കുറയ്ക്കുമെന്ന് പറയുമ്പോൾ സംസ്ഥാനങ്ങൾക്ക്

20 ശതമാനമായി, നമ്മുടേത് 30 ശതമാനത്തിൽ നിന്ന് 20 ശതമാനമാക്കണം. അങ്ങനെ ആക്കണമെന്നുണ്ടെങ്കിൽ fiscal deficit, കടംവാങ്ങുന്നത് കുറയ്ക്കണം. സംസ്ഥാനങ്ങൾക്കാകെ കൂച്ചുവിലങ്ങിടുന്ന ഈ ഏർപ്പാട് കൊണ്ടുവന്നത് കോൺഗ്രസ്സല്ലേ? അവർ ഇനിയും കർക്കശമാക്കാൻ പോകുന്നു. ശ്രീ. ചിദംബരമാണല്ലോ സാമ്പത്തിക കാര്യങ്ങൾ നോക്കുന്നത്, അദ്ദേഹത്തിന് ഇതിൽ നിന്നും എന്തെങ്കിലും വ്യത്യസ്തതയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഓരോ സംസ്ഥാനങ്ങളും കടമെടുക്കുന്നതിന്റെ പരിധി കൂടിവരികയും മറ്റു പല സംസ്ഥാനങ്ങളും യാതൊരു ബാധ്യതയുമില്ലാതെ, കടം വാങ്ങിക്കൂട്ടുമ്പോൾ it is the bounden duty of the Central Government to regulate it, ഫൈനാൻഷ്യൽ ഇംപ്ലിക്കേഷൻസ് പരിശോധിക്കുമ്പോൾ അത് വേണ്ടി വരില്ലേ? അങ്ങ് കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്നുവെങ്കിൽ അങ്ങും ഇത് കൊണ്ടുവരുമായിരുന്നുവെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇപ്പോൾ അതിലില്ലല്ലോ. ഞങ്ങളുടെ ബദൽ എന്താണ്? കേന്ദ്രം പറയുന്നു, നിങ്ങളൊക്കെ ഉണ്ടാക്കിയ നിയമം, നമ്മുടെ ഫെഡറൽ സംസ്ഥാനത്തിന് അംഗീകരിച്ചേ പറ്റൂ. നിങ്ങൾ ബഡ്ജറ്റിൽ വായ്പയെടുക്കാൻ അനുവദിച്ചില്ലെങ്കിലും നമ്മുടെ നാടിന്റെ വികസനത്തിന് വൻതോതിൽ നിക്ഷേപം ആവശ്യമുണ്ടെന്ന് കണ്ടിട്ട് അതിനെ മറികടക്കാനുള്ള ബദലായാണ് ഞങ്ങൾ കിഫ്ബിയെ കാണുന്നത്. അതാണ് അതിന്റെ രാഷ്ട്രീയം. ഈ ബഡ്ജറ്റിന്റെ രാഷ്ട്രീയത്തിൽ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖല പരിശോധിക്കുക, യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ പൊതുമേഖല മെച്ചപ്പെട്ടിട്ടുള്ളത് എപ്പോഴാണ്? ചൗധരി കമ്മിറ്റി റിപ്പോർട്ടൊന്നും ഞാൻ പറഞ്ഞു ബോധ്യപ്പെടുത്തുന്നില്ല. എന്നാൽ ഓരോ തവണയും ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയെ രക്ഷപ്പെടുത്തുന്നില്ലേ? മൂന്നാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ പൊതുമേഖലയുടെ മൊത്തം ലാഭം 40 കോടി രൂപയിൽ എത്തിയിരിക്കുകയാണ്. പൊതുമേഖലയിൽ നിങ്ങളും, ബി.ജെ.പി.യും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ? പൊതു ആരോഗ്യം, പൊതു വിദ്യാഭ്യാസം; പൊതു ആരോഗ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാപേർക്കും കേരളത്തിലെപ്പോലെ ആരോഗ്യ സൗകര്യമുണ്ടാക്കുന്നതിനുപകരം ഒരു ഇൻഷ്വറൻസ് മോഡലിൽ, അമേരിക്കൻ മോഡലിലേയ്ക്ക് പോകാൻ തുടക്കംകുറിച്ചത് നിങ്ങളല്ലേ? ഇപ്പോൾ ഒരു പടികൂടി കടന്ന് 5 ലക്ഷം രൂപ വച്ചിട്ട് പൊതു ആരോഗ്യ സംവിധാനത്തെയാകെ തകർക്കുന്ന ഏർപ്പാടിലേയ്ക്ക് ബി.ജെ.പി. പോകാൻ പോവുകയാണ്. അപ്പോൾ എങ്ങനെയാണ് നമ്മുടെ പൊതു ആരോഗ്യ സംവിധാനത്തെ സംരക്ഷിക്കുക? ആ ബദലാണ് ഇവിടത്തെ ആരോഗ്യം, ആർദ്രം

മിഷൻ, പൊതു വിദ്യാഭ്യാസ യജ്ഞം. ഈ ബഡ്ജറ്റ് ഈ രാഷ്ട്രീയത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. അത് നിങ്ങൾക്ക് രണ്ടുപേർക്കും എതിരായിട്ടുള്ളതാണ്. രണ്ടുപേരും ഒരുപോലെയാണോ; ഒരുപോലെയൊന്നുമല്ല. ഇന്ന് ബി.ജെ.പി. അധികാരത്തിലിരിക്കുന്നത്; വർഗ്ഗീയതയാണ്. അവരെ ഇറക്കിയേ തീരൂ. ഇറക്കുന്നതിന് 'തോട് അവിടെയുണ്ടെന്ന് പറഞ്ഞ്, ഇപ്പോഴേ മുണ്ടുംമുറുക്കി നടക്കേണ്ട' കാര്യമില്ല. ഞങ്ങൾ ഒരു പാഠം പഠിച്ചിട്ടുണ്ട്, എന്താണത്? ഈ കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്ത് വിവിധ രാഷ്ട്രീയ കക്ഷികളുമായി ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ടുകൾ പരിശോധിക്കുമ്പോൾ, ആ കൂട്ടുകെട്ടുകളുടെ ഫലമായി ഞങ്ങൾ മുന്നോട്ടല്ല, പുറകോട്ടാണ് പോയിട്ടുള്ളത്. ഇടതുപക്ഷമെന്നു പറഞ്ഞാൽ, ഈ ബജറ്റിൽ പറയുന്നതുപോലെ ഇടതുപക്ഷത്തിന്റെ വ്യത്യസ്തത ഉയർത്തി പ്പിടിക്കാൻ കഴിയണം. അത് ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇടതുപക്ഷത്തിന് പ്രസക്തിയില്ല. അത് അപ്പുറത്തും ഇപ്പുറത്തുമുള്ള ബൂർഷ്വാ പാർട്ടി കളുമായിട്ടുള്ള ശാശ്വതമായ മാറിമാറിയുള്ള കൂട്ടുകെട്ടുകൾ, യു.പി.എ. സർക്കാരിനെ പിൻതാങ്ങിയതിന്റെ ഫലമായുണ്ടായിട്ടുള്ള തിരിച്ചടികൾ, ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഞങ്ങൾ തീരുമാനിച്ചു. ഒരു ഇടതുപക്ഷ ബദൽ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന് ഇടപെടാൻ സാധിക്കുകയുള്ളൂ. അതിനുതകുന്ന ഒരു രാഷ്ട്രീയമാണ് ഞങ്ങൾ കൈകാര്യം ചെയ്യുന്നത്. ഈ ബഡ്ജറ്റ്, ഈ രാഷ്ട്രീയത്തെക്കൂടി ഉയർത്തി പ്പിടിക്കുന്നു. ഈ ബജറ്റിനുള്ള മറുപടി പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

4.00 p.m.]

മി. സ്പീക്കർ: ചർച്ച അവസാനിച്ചിരിക്കുകയാണ്.

# IX. അവകാശലംഘന പ്രശ്നങ്ങൾ

## (1) അനുമതി നിഷേധിച്ചവ

i. പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി യഥാർത്ഥ വസ്തുതകൾ മറച്ചുവയ്ക്കുന്നതും മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ മരട് മുനിസിപ്പൽ സെക്രട്ടറി, കെട്ടിടം കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാന ത്തിലാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചതെന്നും കോടതിയുടെ അന്തിമ വിധിയിൽ പ്രസ്തുത നടപടി റദ്ദുചെയ്യുകയോ പുനഃപരിശോധിക്കാൻ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലെന്നും ഈ വിഷയത്തിൽ സഭയിൽ നിന്ന് എന്തെങ്കിലും മറച്ചുവയ്ക്കുന്നതിനോ സഭയേയും അംഗങ്ങളേയും തെറ്റിദ്ധരിപ്പിക്കു ന്നതിനോ ഉദ്ദേശിച്ച് ഒന്നും ചെയ്തിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

ii സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ടയേർഡ്) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ പത്രസമ്മേളന ത്തിലൂടെ പ്രഖ്യാപിച്ചത് നിയമസഭയുടെയും നിയമസഭാംഗങ്ങളുടെയും അവകാശങ്ങളുടെ ലംഘനമാണെന്നാരോപിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് മുഖ്യമന്ത്രിക്കെതിരെ ചട്ടം 155 പ്രകാരം അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ 11-10-2017-ലെ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ ലഭിച്ച നിയമോ പദേശത്തിലെ വിവരങ്ങളും അതിന്മേൽ എടുത്ത മന്ത്രിസഭാ തീരുമാനങ്ങളും മാത്രമാണെന്നും മേശപ്പുറത്തുവയ്ക്കേണ്ട കമ്മീഷൻ റിപ്പോർട്ടോ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടോ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിന് 6 മാസം കാലാവധി ഉണ്ടെങ്കിലും റിപ്പോർട്ട് എത്രയും വേഗം നിയമസഭയുടെ മുമ്പിൽ വയ്ക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹമാണ് 2017 നവംബർ 9-ന് സഭ വിളിച്ചുചേർക്കാനുള്ള സർക്കാർ തീരുമാനത്തിന് പിന്നിലുള്ളതെന്നും സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിക്കാനുള്ള ഉദ്ദേശം സർക്കാരിനോ മുഖ്യമന്ത്രിയായ തനിക്കോ ഇല്ലായെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

### (2) പരിഗണനയിലിരിക്കുന്നവ

27-11-2017-ലെ ഉത്തരവ് മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.-മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചട്ടം 155 പ്രകാരം സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ഈ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## X. പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

ഒൻപതാം സമ്മേളനം - സംക്ഷിപ്തം

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2018-2019 വർഷത്തെ ബജറ്റ് ഫെബ്രുവരി 2-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

ഒൻപതാം സമ്മേളനം ആകെ 11 ദിവസമാണ് സമ്മേളിച്ചത്. അതിൽ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായും ബജറ്റിന്റെ പൊതുചർച്ചയ്ക്കായും മൂന്ന് ദിവസം വീതം വിനിയോഗിച്ചു. നിയമനിർമ്മാണത്തിനായി രണ്ട് ദിവസം വിനിയോഗിച്ചു കൊണ്ട് 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ഈ സമ്മേളനത്തിൽ പാസ്സാക്കുകയും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും സംബന്ധിച്ച രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

ഈ സമ്മേളനത്തിൽ എട്ട് അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 270 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 3228 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 29 ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ പ്രസ്തുത ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 251 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തു.

ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി എന്നിവർ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി (ഒരെണ്ണം), ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (രണ്ടെണ്ണം), ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (നാലെണ്ണം) എന്നിവർ നാമമാത്രമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മാത്രമേ നല്കുവാനുള്ളൂ.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മേൽ സൂചിപ്പിച്ച വകുപ്പുമന്ത്രിമാരുടെ നടപടി അനുകരണീയമാണ്, മാതൃകാപരമാണ്.

പതിനാറ് ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 101 സബ്മിഷനുകളിലൂടെയും വിവിധ ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു.

സംസ്ഥാനം നേരിട്ട ഓഖി ദുരന്തവും അതിന് സർക്കാർ സ്വീകരിച്ച ദുരിതാശ്വാസ നടപടികളും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷിക ആചരണം സംബന്ധിച്ച് ശ്രദ്ധേയമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയും ചട്ടം 300 അനുസരിച്ച് ഓരോ പ്രസ്താവനകൾ നടത്തുകയുണ്ടായി. 2017-ലെ സാമ്പത്തികാവലോകനം, ജസ്റ്റിസ് പി. എസ്. ആന്റണി കമ്മീഷൻ റിപ്പോർട്ട്, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ്, അപ്രോപ്രിയേഷൻ അക്കൗണ്ട്, സംസ്ഥാന ധനകാര്യ കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ട് എന്നിവ നടപ്പുസമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

നമ്മുടെ സഭയിലെ അംഗമായിരുന്ന കെ. കെ. രാമചന്ദ്രൻനായർ, മുൻ മന്ത്രിയും പ്രഥമ കേരള നിയമസഭ മുതൽ നിരവധി നിയമസഭകളിൽ അംഗവും സി.പി.ഐ.-യുടെ പ്രമുഖ നേതാവുമായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ എന്നീ മഹത്വ്യക്തിത്വങ്ങളുടെ നിര്യാണത്തിൽ 23-1-18-ന് സഭ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

പതിനൊന്ന് ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റ് മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.........ഓർഡർ..... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 4.16-ന്

അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## അനുബന്ധം

### കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) മേശപ്പുറത്തുവച്ച മറുപടി

കേരളത്തിൽ മഴയുടെ കുറവുമൂലം കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യതയിൽ കുറവുണ്ടായേക്കാമെന്ന അനുമാനത്തിൽ നിലവിലെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. 16-8-2017-ന് ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, KRDWSA, KWA എന്നിവയിലെ ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരെയും ഉൾപ്പെടുത്തി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി താത്കാലിക തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തി കഴിഞ്ഞവർഷം ചെയ്തതും ഈ വർഷം പുതുതായി വേണ്ടിവരുന്നതും മുൻകൂട്ടി ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞവർഷം വരൾച്ചയുടെ കാഠിന്യം ഏറ്റവും കൂടുതൽ അനുഭവപ്പെട്ട തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകി കരുതൽനടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗത്തിൽ തീരുമാനിച്ചു. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ മണലും ചെളിയും അടിഞ്ഞ് സംഭരണശേഷി കുറഞ്ഞത് കണക്കിലെടുത്ത് അവ ഒരു പരിധിവരെയെങ്കിലും നീക്കംചെയ്ത് ജലസംഭരണം പരമാവധി സാധ്യമാക്കുവാനുള്ള നടപടി ആരംഭിക്കുവാനും തീരുമാനിച്ചു. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുള്ള പദ്ധതികളിൽ പൈപ്പ് ലൈൻ നീട്ടിയും ഇന്റർ കണക്ഷൻ നൽകിയും ജല വിതരണം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.

നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി, വരുന്ന വേനൽക്കാലത്തിനുമുമ്പ് ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാനും പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നും പരമാവധി ജനങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകി കുടിവെള്ളമെത്തിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഒക്ടോബർ-നവംബർ മാസങ്ങളിൽ തെക്കൻ ജില്ലകളിൽ ലഭിച്ച മഴ വലിയൊരളവുവരെ ആശ്വാസമായിരുന്നതിനാൽ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ചാണ് നടപ്പിലാക്കിയത്.

### 1. **വരൾച്ചയെ നേരിടാനുള്ള നടപടികൾ**

കാലവർഷക്കുറവ് വിലയിരുത്തുവാൻ 16-8-2017-ൽ നടന്ന വീഡിയോ കോൺഫറൻസിനുശേഷം 10-1-2018-ന് വരൾച്ചാ മുൻകരുതലുകൾ ചർച്ച ചെയ്യാൻ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, ജലനിധി എന്നിവിട ങ്ങളിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേരുകയും വരാനിരിക്കുന്ന വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ നടപ്പാക്കുവാനും തീരുമാനിച്ചു. നിലവിലെ സാഹചര്യം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഒരു പരിധിവരെ മെച്ചമാണെങ്കിലും ഏത് പ്രതിസന്ധിയെയും അതിജീവിക്കുവാൻ സുസജ്ജമായിരി ക്കുവാനും പ്രതീക്ഷിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് മുൻകരുതൽ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു. ഡാമുകൾ, കിണറുകൾ, നദികൾ എന്നിവിട ങ്ങളിലെ ജലവിതാനം കണക്കിലെടുത്ത് വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ ജലവിഭവ വകുപ്പിനുകീഴിലെ എല്ലാ വകുപ്പുകളും ഒത്തൊരുമയോടെ പ്രവർത്തിക്കാൻ യോഗത്തിൽ തീരുമാനിക്കുക യുണ്ടായി.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്തുവാൻ ആവശ്യമായ ജലസംഭരണികൾ ഇല്ല എന്നതാണ്. മഴക്കാലത്ത് ലഭിക്കുന്ന ജലം ഭൂമിയിൽ സംഭരിക്കപ്പെടാതെ ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന അവസ്ഥ യാണുള്ളത്. അനിയന്ത്രിതമായ മണലൂറ്റ് കാരണം നദികളിൽ ലഭ്യമായ ജലം സംഭരിക്കുവാൻ കഴിയുന്നില്ല. ആവശ്യത്തിന് ജലസംഭരണികൾ നിർമ്മിക്കുക എന്നതാണ് ഇതിന് ഒരു ശാശ്വത പരിഹാരം. എന്നാൽ സ്ഥല പരിമിതിയും പാരിസ്ഥിതിക പ്രശ്നങ്ങളും വലിയ അണക്കെട്ടുകൾ ആവശ്യാനുസരണം നിർമ്മിക്കു വാനുള്ള സാധ്യത പരിമിതപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്നതാണ് സാധ്യമായ പോംവഴി. ഇതിനായി ആവശ്യമായതും സാധ്യമായതുമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റെഗുലേറ്റർ -കം-ബ്രിഡ്ജുകളും നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

മഴവെള്ള ശേഖരണത്തിനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗിനും മുൻഗണന നൽകി വിവിധ പരിപാടികൾ നടത്താനും ആലോചനയുണ്ട്. വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈപ്പ്

ലൈനുകളുടെയും പമ്പ് ഹൗസുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കി ജലച്ചോർച്ച പരമാവധി കുറയ്ക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളിലെ ചോർച്ച സമയബന്ധിതമായി പരിഹരിക്കാൻ 'ബ്ലൂ ബ്രിഗേഡ്'. സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുവാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു.

വരൾച്ചാ സാധ്യത പരിഗണിച്ച് കുടിവെള്ളക്ഷാമം നേരിടാൻ കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന നടപടികളാണ് പ്രധാനമായും സ്വീകരിക്കുന്നത്.

- സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ താൽക്കാലിക തടയണകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ
- ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുവാൻ ആവശ്യമായ പ്രവൃത്തികൾ
- പമ്പിംഗ് കാര്യക്ഷമമാക്കുവാനുള്ള അറ്റകുറ്റപ്പണികൾ
- കുടിവെള്ള വിതരണം മേഖലാടിസ്ഥാനത്തിൽ നടത്തുവാനായി പുതിയ വാൽവ് സ്ഥാപിക്കുകയും പഴയ വാൽവുകൾ നന്നാക്കലും
- അത്യാവശ്യ സ്ഥലങ്ങളിൽ ലഭ്യമായ ജലം പമ്പ് ചെയ്യുന്നതിനായി പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ
- അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധന സാമഗ്രികൾ സംഭരിച്ചു വയ്ക്കൽ
- ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ചും പരസ്പരം ബന്ധിപ്പിച്ചും ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ
- കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അധികമായി പമ്പിംഗ് സമയം ക്രമീകരിക്കൽ
- അത്യാവശ്യ സന്ദർഭങ്ങളിൽ ടാങ്കറുകൾവഴി ജലവിതരണം നടത്തുന്നതിനാവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള 30.55 കോടി രൂപ ഉപയോഗിച്ച് മേൽ പ്രവൃത്തികൾ ആവശ്യമായ സ്ഥലങ്ങളിൽ ചെയ്തുവരുന്നു.

സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുവാനായി തടയണ നിർമ്മിക്കുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക എന്നിവ പ്രാദേശിക സാഹചര്യം

പരിഗണിച്ച് ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ വിവിധ കുടിവെള്ള പദ്ധതികളിലായി ഏകദേശം 2 കോടി രൂപയുടെ 70 പ്രവൃത്തികൾ ചെയ്തുകഴിഞ്ഞു. ഇതിൽ 32 പ്രവൃത്തികൾ താത്കാലിക തടയണ കെട്ടുന്നതും ബാക്കിയുള്ള പ്രവൃത്തികൾ പ്രധാനമായും പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളുമാണ്.

നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാവുകയാണെങ്കിൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ, ഉപേക്ഷിച്ച ക്വാറികൾ തുടങ്ങിയ സ്രോതസ്സുകളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവയ്ക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ താത്കാലിക ജല ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് പരിമിതമായ അളവിലാണെങ്കിലും കുടിവെള്ള വിതരണം ഉറപ്പുവരുത്തുവാനാണ് ലക്ഷ്യമിടുന്നത്.

മേൽവിവരിച്ച ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ കുടിവെള്ള വിതരണം സുഗമമായി നടത്താനുള്ള മുന്നൊരുക്കങ്ങളാണ് നടത്തിവരുന്നത്.

## 2. ജീവനക്കാരുടെ പ്രശ്നങ്ങൾ

കേരള വാട്ടർ അതോറിറ്റി രൂപീകൃതമായ 1-4-1984-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. വാട്ടർ അതോറിറ്റിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിവുള്ള മുഴുവൻ തസ്തികകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർ അടങ്ങുന്ന തസ്തികകളിലുണ്ടായ ഒഴിവുകളും ഇതിൽപ്പെടുന്നു. 1651 പേർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകിയിട്ടുണ്ട്. പുതുതായി നിയമനം ലഭിച്ച 513 ഓപ്പറേറ്റർമാരിൽ 405 പേർ ജോലിയിൽ പ്രവേശിച്ചു. ടി ആളുകളെ പ്രധാനപ്പെട്ട പമ്പ് ഹൗസുകളിലും വലിയ പ്ലാന്റുകളിലും നിയമിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ജല അതോറിറ്റി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കേരള സേവന ചട്ടങ്ങൾ പ്രകാരമാണ്. സ്ഥിരം ജീവനക്കാർക്ക് KSR അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങളും KSR പ്രകാരമുള്ള ആനുകൂല്യങ്ങളും ഒരുമിച്ച് കൈപ്പറ്റുന്ന സാഹചര്യം ഉണ്ടായിരുന്നു. ഇതുസംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ നിരവധി ഓഡിറ്റ് പരാമർശങ്ങളുണ്ടായ സാഹചര്യത്തിലാണ് വമ്പിച്ച സാമ്പത്തിക ബാധ്യത ഉണ്ടായിരുന്ന ഓവർ ടൈം പരിമിതപ്പെടുത്തിയത്.

വാട്ടർ അതോറിറ്റിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വിഭാഗം ജീവനക്കാരുടേയും പ്രൊമോഷനുകൾ യഥാസമയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ടെക്നിക്കൽ, മിനിസ്റ്റീരിയൽ തസ്തികകളിൽ ലഭ്യമാക്കേണ്ട റേഷ്യോ പ്രൊമോഷനുകളും ഈ കാലയളവിൽ നൽകിയിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മീറ്റർ റീഡർ, മീറ്റർ ഇൻസ്പെക്ടർ തസ്തികകൾ ആവശ്യമായത് അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള അക്കൗണ്ട്സ് മെമ്പർ തസ്തികയിലേയ്ക്ക് IA&AS തലത്തിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിന് കംപ്ട്രോളർ & ആഡിറ്റർ ജനറലിന് (C&AG)കത്ത് നൽകിയിട്ടുണ്ട്.

ടെക്നിക്കൽ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി അംഗീകൃത സംഘടനകളുമായും മറ്റ് സംഘടനകളുമായും ചർച്ച ചെയ്ത് വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

നിലവിൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 133 ചെറുതും വലുതുമായ പദ്ധതികളും സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നുള്ള 27 പദ്ധതികളും നബാർഡ് ധനസഹായത്തോടെയുള്ള 39 പദ്ധതികളും നടന്നുവരുന്നു. ജല അതോറിറ്റിയുടെ പ്രതിമാസ കമ്മി ഏകദേശം 25 കോടി രൂപയാണ്. ഇക്കാരണത്താൽതന്നെ നിത്യനിദാന ചെലവുകൾ നടത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥ നിലവിലുണ്ട്. സർക്കാർ കഴിയുന്നത്ര സഹായം Non Plan Operation ഇനത്തിൽ നൽകിയാലും നിലവിലുള്ള Water Tariff-ൽ മാറ്റംവരാതെ സുഗമമായ മുന്നോട്ടുപോക്ക് അസാധ്യമാണ്. ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ സ്ഥലലഭ്യത, മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി തുടങ്ങിയവ ലഭ്യമാകുന്നതിനുള്ള കാലതാമസം നേരിടുകയാണെങ്കിൽ അവ പരിഹരിച്ച് നിർവ്വഹണം സുഗമമാക്കുന്നതിനുള്ള നടപടി യഥാസമയം സ്വീകരിക്കുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനായി വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

കേരള ജല അതോറിറ്റി ഗ്രാമീണ മേഖലയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രധാന സാമ്പത്തിക സ്രോതസ്സ് കേന്ദ്ര ധനസഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയായിരുന്നു (NRDWP). എന്നാൽ 2014-15 മുതൽ മേൽ സൂചിപ്പിച്ച പദ്ധതിക്കുള്ള കേന്ദ്ര ധനസഹായത്തിലുണ്ടായിരുന്ന കുറവ് കേരള ജല അതോറിറ്റി ഗ്രാമീണ മേഖലയിൽ ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം അവതാളത്തിലാക്കി. കേന്ദ്രസർക്കാരിന്റെ 1-11-2016-ലെ നിർദ്ദേശമനുസരിച്ച് 25 ശതമാനത്തിൽ താഴെ പുരോഗതി കൈവരിച്ച പദ്ധതികൾക്ക് തുടർന്ന്

കേന്ദ്രസഹായം ലഭിക്കാത്ത സാഹചര്യമുണ്ടായി. കൂടാതെ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കുള്ള കേന്ദ്രവിഹിതത്തിലുണ്ടായ കുറവുകാരണം, കരാറുകാർക്ക് പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നൽകാനുള്ള തുക ഭീമമായ കുടിശ്ശികയായി മാറുകയും ചെയ്തു. ഈ കാരണങ്ങൾകൊണ്ട് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏറ്റെടുത്ത പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസ മുണ്ടാവുകയും പണികൾ മുടങ്ങുന്ന സ്ഥിതിവിശേഷം സംജാതമാവുകയുമുണ്ടായി. നിലവിൽ ഇപ്രകാരം മുടങ്ങിക്കിടന്ന പദ്ധതികളിൽ നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത 55 പദ്ധതികൾ അനുയോജ്യമായ മറ്റേതെങ്കിലും സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി നടപ്പാക്കേണ്ടിയിരിക്കുന്നു. കൂടാതെ നിലവിൽ നടന്നുവരുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടന്നുവരുന്ന പദ്ധതികൾ രണ്ടുവർഷത്തി നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേയ്ക്കായി 2018-19 ബജറ്റിൽ 100 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്.

ജൈക്ക സഹായത്തോടെയുള്ള കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ ഭാഗമായ 5 പദ്ധതികളിൽ (തിരുവനന്തപുരം, കോഴിക്കോട്, മീനാട്, ചേർത്തല, പട്ടുവം) ചേർത്തല പദ്ധതിയും പട്ടുവം പദ്ധതിയും പൂർണ്ണമായി കമ്മിഷൻ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, മീനാട്, കോഴിക്കോട് എന്നീ പദ്ധതികളുടെ ബാക്കിയുള്ള വിതരണ ശൃംഖലയുടെ പണികളാണ് ഇനി പൂർത്തിയാക്കാനുള്ളത്. തിരുവനന്തപുരത്ത് പഴയ ജലശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടന്നുവരികയാണ്.

മീനാട് പദ്ധതിയിൽ വിതരണ ശൃംഖലയുടെ അവശേഷിക്കുന്ന പണികൾ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ (നഷ്ടോത്തരവാദത്തിൽ) റീ ടെണ്ടർ ചെയ്തിരിക്കുന്നു.

കോഴിക്കോട് പദ്ധതിയിൽ വിതരണ ശൃംഖലയുടെ അവശേഷിക്കുന്ന പണികൾ പുരോഗമിച്ചുവരുന്നു. 2019 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൈപ്പിടുന്നതിനായി റോഡ് കട്ടിംഗിനായുള്ള അനുവാദം ലഭ്യമാക്കുന്നതിന് പി.ഡബ്ല്യൂ.ഡി., എൻ.എച്ച്., തദ്ദേശ സ്വയംഭരണം, റെയിൽവേ മുതലായ ഏജൻസികളുടെ സമ്മതം ചില പ്രദേശങ്ങളിൽ ആവശ്യമായിവരുന്നു. ഇപ്രകാരം യഥാസമയം അനുമതി ലഭ്യമാകാത്തതുമൂലം പണികളുടെ പുരോഗതി തടസ്സ പ്പെടുന്നുണ്ട്. കോൺട്രാക്ടറുടെ സാമ്പത്തിക പ്രശ്നങ്ങളും പണികളുടെ പുരോഗതിയെ

ദോഷകരമായി ബാധിക്കാറുണ്ട്. റോഡ് കട്ടിംഗിന് അനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും മന്ത്രിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. മുൻകൂട്ടി അനുമതി ലഭ്യമാക്കി പണികൾ സമയബന്ധിതമായി തീർക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തര നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്.

### 3. മീനാട് പദ്ധതി

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജക മണ്ഡലമുൾപ്പെടെ കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 73 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, മൊത്തം 25 ദശലക്ഷം ശേഷിയുള്ള 14 ജലസംഭരണികൾ, 80.4 കിലോമീറ്റർ ദൈർഘ്യമുള്ള 1016 മില്ലീമീറ്റർ മുതൽ 200 മില്ലീമീറ്റർ വരെ വ്യാസമുള്ള വിവിധയിനം ട്രാൻസ്മിഷൻ പൈപ്പുകൾ, 963 കിലോമീറ്റർ വിതരണക്കുഴലുകൾ എന്നിവയാണ്. ഇതിൽ വിതരണക്കുഴലുകളുടെ പണികളൊഴിച്ച് ബാക്കിയെല്ലാം പൂർത്തിയായിട്ടുണ്ട്.

963 കിലോമീറ്റർ വിതരണ ശൃംഖലയിൽ ആദ്യകരാറുകാരൻ സ്ഥാപിച്ച പൈപ്പുലൈനുകളിൽ അവശേഷിക്കുന്ന ഗ്യാപ്പുകൾ ഉൾപ്പെടെ ഇനി 135 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കാനും 620 കി.മീ. വിതരണ ശൃംഖല കമ്മീഷൻ ചെയ്യുന്നതിനുമുള്ള പണികൾ അവശേഷിക്കുന്നുണ്ട്.

വിതരണ ശൃംഖലയുടെ നിർമ്മാണ പുരോഗതി രണ്ടാമത് ഏർപ്പെടുത്തിയ കരാറുകാരന്റെ സാമ്പത്തിക പ്രശ്നങ്ങളാൽ വളരെ മന്ദഗതിയിലായിരുന്നതിനാലും 12-5-2017-ഓടുകൂടി പണികൾ കരാറുകാരൻ പൂർണ്ണമായി നിർത്തിയതിനാലും 31-7-2017-ൽ കരാർ അവസാനിപ്പിക്കുകയായിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനുള്ള ദർഘാസ് 4-1-2018 അവസാന തീയതി ആയി ക്ഷണിച്ചിരുന്നു. എങ്കിലും ആരുംതന്നെ ടെണ്ടറിൽ പങ്കെടുക്കാതിരുന്ന സാഹചര്യത്തിൽ 23-1-2018-ലേയ്ക്ക് ടെണ്ടർ കാലാവധി ദീർഘിപ്പിച്ചു. വീണ്ടും ആരും കരാർ ഏറ്റെടുക്കാതിരുന്ന സാഹചര്യത്തിൽ പത്രപരസ്യം നൽകി 12-3-2018 അവസാന ദിവസമായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഉറപ്പിക്കുന്നമുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് ഏകദേശം 12 മുതൽ 18 മാസം വരെ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.14/Table-1/2018/Leg. *Dated,Thiruvananthapuram, 8th February, 2018.*

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Ninth Session of the Fourteenth Kerala Legislative Assembly with effect from February 7, 2018 at the conclusion of its sitting.

By order of the Governor

V.K. BABU PRAKASH

*Secretary*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.